Digitized by Arya Samaj Foundation Chennai and eGangotri

KRISHNA YAJURVEDA

TAITHIREEYA SAMHITA

WITH

"MALAYALAM COMMENTARY DEEPIKA"

VOL. II

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

2573

स्टाक प्रमाणीकरण १९८४-१९८५

रजिस्ट्रार कार्यालय,
गुरुकुल कांगड़ी विश्वविद्यालय
ज़िला सहारनपुर (उ० प्र०)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൃഷ്ണ യജുർവേദം

(തൈത്തിരീയ സംഹിത)

"ദീപികാ" എന്ന വ്യാഖ്യാനത്തോടുകൂടി

രണ്ടാം ഭാഗം

ഒന്നാംകാണ്ഡം 3 മുതൽ 8 വരെയുള്ള

പ്രപാഠകങ്ങൾ

— വ്യാഖ്യാതാ —

മഹോപാദ്ധ്യായ കെ. ഭഗവതീശ്വരശർമ്മ B. A., B. Ed

വില രൂപ. 20

Copies can be had from K. Bhagavatheeswara Sarma.
38 / 500, Sanyasa gramom, III Putaen Street, Trivandrum-9.
~~Phone~~ 695009.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

SANSKRIT AND MALAYALAM

KRISHNA YAJURVEDA
(TAITHIREEYA SAMHITA)

With Malayalam Commentary—Deepika"

VOLUME — II

Printed and Published by

K. BHAGAVATHEESWARA SARMA

38/500, Sanyaai Gramom 3 rd Puthen Street, Trivandrum-9

First Impression—March 1977

Copics—1000

Priyted at

JAYA PRINTERS. CHALAI, TRIVANDRUM.

Price Rs. 20/-

Righ: Reserned.

This volume is published with the financial assistance from The Ministry of Education and Social Welfare, Government of India.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ॐ

॥ श्री शृङ्गेरी श्री जगद्गुरुसंस्थानम् ॥

श्रीविद्याशंकर

श्रीमत्परमहंसपरिव्राजकाचार्य पदवाक्यप्रमाणपारावारीण यमनियमासनप्राणायामप्रत्याहारध्यानधारणासमाध्यष्टाङ्गयोगानुष्ठान निष्ठ तपश्चक्रवर्त्यनाद्यवच्छिन्न श्रीशंकराचार्य गुरुपरम्पराप्राप्तषड्दर्शनस्थापनाचार्य व्याख्यानसिंहासनाधीश्वरसकलनिगमागमसारहृदय सांख्यत्रयप्रतिपादक वैदिकमार्गप्रवर्तक सर्वतन्त्रस्वतन्त्रादिराजधानीकर्णाटकसिंहासन प्रतिष्ठापनाचार्य श्रीमद्राजाधिराजगुरु भूमण्डलाचार्य ऋष्यशृङ्गपुरवराधीश्वर तुङ्गभद्रातीरवासि श्रीमद्विद्याशंकरपादपद्माराधक श्री जगद्गुरु श्री चन्द्रशेखरभारती स्वामिगुरु करकमलसञ्जात श्री जगद्गुरु शृंगेरी श्रीमद्अभिनवविद्यातीर्थपादस्वामिभिः ॥

अस्मदत्यन्तप्रियशिष्य श्री भगवतीश्वर शर्मविषये नारायणस्मरणपूर्वकं विरचिता आशिषः समुल्लसन्तु

सर्वो हि मानवः श्रेयः प्रेप्सति। तत्साधनाय च नानाविधं प्रयतते। नहि तैरेवप्रयत्नैः आत्यन्तिकमभीप्सितमधिगच्छन्ति। ततश्च खिन्नान्तःकरणः नानाविधेषु मार्गेषु प्रवर्तमानः मानवंजन्मकदर्थयति च।

भगवान् जगतो विधाता श्रेयः प्राप्तिसाधनमवगमय्य सकलान् मानवान् उध्धर्तुं सर्गादौ सर्वार्थावद्योतिकाः श्रेयस्साधनपटिष्ठाः। ऋग्यजुःसामाथर्वाख्याः श्रुतीः ऋषिभ्योऽनुजग्राह। ते च ऋषयः श्रेयस्साधिका

P. T. O.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

श्रुतयः कदाचिदपि विपरिलोपं न प्राप्नुयुरिति परम्परया ताः शिष्यान् समध्यापयन्। तासां सर्वत्र प्रचारसद्भावेऽपि अर्थावगमस्य दुस्साध्यतामाकलय्य श्री सायणादयः निरुक्तशौनकीयार्थानुक्रमणीबृहद्देवतादिग्रन्थान् अनुरुन्धानाः भाष्यं विरचय्य लोकानां महतीमुपकृतिमतन्वन्।

अधुना संस्कृतभाषाया अपि विरलप्रचारतया देशप्रभाषामात्राभिज्ञानामपि तदर्थावबोधो भवत्विति मनीषया भवान् यजुर्वेदस्य समग्रस्य कैरल्या भाषया सायणभाष्यानुसारं अनुवादं विधाय प्रकाशयितुमुद्युङ्क्ते। तत्र च कांश्चिदंशान् अस्मान् निशमय्य अतोषयत्।

वयमिमं अनुवादग्रन्थं निशम्य प्रीतान्तरङ्गाः भवद्भिरचितस्यानुवादस्य सर्वत्रप्रचारमाकांक्षामहे। श्री शारदाशशिकलावतंसौ भवतां प्रयत्नं सफलीकुरुतमिति च आशास्महे ॥

श्रृंगगिरिः प्रमादीयफाल्गुन कृष्णद्वितीया — इति नारायणस्मरणम्

भानुवासर 10—3—1974 — श्रीमुद्रा

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഓ

ശ്രീ ശൃംഗേരി ശ്രീ ജഗദ്ഗുരു സംസ്ഥാനം

ശ്രീ വിദ്യാശങ്കര

ശ്രീമത്പരമഹംസപരിവ്രാജകാചാര്യവര്യപദവാക്യ പ്രമാണ പാരാവാരീണ യമനിയമാസനപ്രാണായാമ പ്രത്യാഹാരധ്യാനധാരണാ സമാധ്യഷ്ടാംഗ യോഗാനുഷ്ഠാന നിഷ്ഠ തപ ശ്ചക്രവർത്ത്യനാദ്യവച്ഛിന്ന ശ്രീ ശങ്കരാചാര്യഗുരുപര മ്പരാ പ്രാപ്തഷഡ്ദർശന സ്ഥാപനാചാര്യ വ്യാഖ്യാന സിംഹാസനാധീശ്വര സകല നിഗമാഗമ സാരഹൃദയ സാംഖ്യത്രയ പ്രതിപാദക വൈദികമാർഗ്ഗ പ്രവർത്തക സർവ്വതന്ത്രസ്വതന്ത്രാദി രാജധാനീ വിദ്യാനഗര മഹാരാജധാനി കർണ്ണാടക സിംഹാസന പ്രതിഷ്ഠാപനാചാര്യ ശ്രീമദ്രാജരധിരാജ ഗുരുഭൂമണ്ഡലാചാര്യ ഋഷ്യശൃംഗപുരവരാധീശ്വര തുംഗഭദ്രാതീരവാസി ശ്രീമദ്വിദ്യാശങ്കരപാദപദ്മാരാധക ശ്രീജഗദ്ഗുരു ശ്രീ ചന്ദ്രശേഖര ഭാരതീ സ്വാമി ഗുരുകരകമലസംജാത ശ്രീ ജഗദ്ഗുരു ശൃംഗേരീ ശ്രീമദഭിനവ വിദ്യാതീർത്ഥപാദ സ്വാമി കളാൽ നൽകപ്പെട്ട ശ്രീ മുഖം.

നമ്മുടെ പ്രിയശിഷ്യനായ ഭഗവതീശ്വര ശർമ്മക്കു് നാരായണ സ്മരണയോടുകൂടി നൽകപ്പെടുന്ന ആശിസ്സുകൾ സമുല്ലസിക്കട്ടെ.

എല്ലാ മനുഷ്യരും ശ്രേയസ്സ് ലഭിക്കാൻ ആഗ്രഹിക്കുന്നു. അതിനു് വേണ്ടി പല തരത്തിൽ പ്രയത്നിക്കുകയും ചെയ്യുന്നു. അപ്രകാരമുള്ള പ്രയത്നങ്ങളാൽ ഉദ്ദിഷ്ടമായ കാര്യം ലഭിക്കുന്നില്ല. തന്നിമിത്തം ഖിന്നമാനസരായി പല മാർഗ്ഗങ്ങളിൽ പ്രവർത്തിച്ച് മനുഷ്യജന്മം നിഷ്ഫലമാക്കുകയും ചെയ്യുന്നു.

ലോകത്തിൻെറ സൃഷ്ടികർത്താവായ ഈശ്വരൻ എല്ലാ മനുഷ്യരേയും ഉദ്ധരിക്കുന്നതിനു് വേണ്ടി സൃഷ്ടിയുടെ ആരംഭത്തിൽ തന്നെ സർവ്വാർത്ഥ ദ്യോതകങ്ങളും ശ്രേയസ്സ് നൽകുന്നതു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മായ ഋക്, യജുസ്സ്, സാമം, അഥർവം എന്നീ വേദങ്ങൾ മഹർഷിമാർക്കുപദേശിച്ചു. ആ മഹർഷിമാർ ശ്രേയസ്സാധകമായ വേദം ഒരിക്കലും നഷ്ടപ്പെടാതിരിക്കുന്നതിന് വേണ്ടി പരമ്പരയായി ശിഷ്യന്മാരെ അഭ്യസിപ്പിച്ചു. വേദങ്ങൾക്ക് എല്ലാ സ്ഥലത്തും പ്രചാരമുണ്ടെങ്കിലും അർത്ഥാവബോധം സുകരമല്ലാത്തതുകൊണ്ട് ശ്രീ സായണൻ മുതലായവർ നിരുക്തം, ശൌനകപ്രണീതമായ അർത്ഥാനുക്രമണിക, ബൃഹദ്-ദേവത മുതലായ ഗ്രന്ഥങ്ങളെ ആധാരമാക്കി ഭാഷ്യം രചിച്ച് ലോകത്തിന് വലിയ ഉപകാരം ചെയ്തു.

ഇപ്പോൾ സംസ്കൃതഭാഷയുടെ പ്രചാരം വിരളമായതുകൊണ്ട് പ്രദേശികഭാഷ മാത്രം അറിയാവുന്നവർക്കും വേദത്തിന്റെ അർത്ഥം മനസ്സിലാകണം എന്ന വിചാരത്തോടുകൂടി നിങ്ങൾ യജുർവേദത്തിന് സായണഭാഷ്യം ആശ്രയിച്ച് മലയാളത്തിൽ അർത്ഥം എഴുതി പ്രസിദ്ധപ്പെടുത്താൻ ഉദ്യമിക്കുന്നു. അതിൽ കുറെ ഭാഗം നമ്മെ കേൾപ്പിക്കയും ചെയ്തു.

ഈ അനുവാദ ഗ്രന്ഥം കേട്ട് സന്തുഷ്ടരായ നാം നിങ്ങൾ രചിച്ച അനുവാദ ഗ്രന്ഥത്തിന് എല്ലാ സ്ഥലത്തും പ്രചാരമുണ്ടാകണമെന്നാഗ്രഹിക്കുന്നു. ശ്രീ ശാരദാദേവിയും ചന്ദ്രമൌലീശ്വരനും നിങ്ങളുടെ പ്രയത്നം സഫലമാക്കട്ടെ എന്ന് ആശംസിക്കുന്നു.

ശൃംഗേരി
പ്രമാദിയഫൽഗുന—
കൃഷ്ണ ദ്വിതീയാ — ഇതി നാരായണസ്മരണം
ഭാനുവാസരം — ശ്രീമുദ്രാ.
10-3-1974

(ശ്രീമുഖത്തിന്റെ അനുവാദം)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

DR. P. K. NARAYANA PILLAI, M.A. P. H.D. *Jagathy, Trivandrum-14*

23—5—1977.

I have gone through the second volume of Sri. Bhagavatheeswara Sarma's translation of Black Yajurveda, comprising six Prapatakas from three to eight, in the first kanda. The translation which is done in simple malayalam conforms to the original and it is very helpful to give a correct idea of the rituals described in the concerned part of the Yajur-veda. This work undertaken by Sri. Sarma is laudable one particularly so in view of the paucity of reliable translations of vedic literature in malayalam. Sri. Sarma is doing this work with a spirit of dedication and I am sure, once completed, it will come up for due recognition in the hands of scholars and lovers of vedic lore.

P. K. NARAYANA PILLAI.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഡാക്ടർ എസ്. വെങ്കിടസുബ്രഹ്മണ്യഅയ്യർ
പ്രൊഫസർ ആൻഡ് ഹെഡ് ആഫ് ദി
ഡിപ്പാർട്ട്മെൻറ് ആഫ് സാൻസ്ക്രിററ്
ഡീൻ. ഫാക്കൽ ടി ആഫ് ഓറിയൻററൽസ്റ്റഡീസ്
യൂണിവേഴ്സിററി ആഫ് കേരള.

തിരുവനന്തപുരം
8–5–1977

മാനവരാശിക്ക് ലഭിച്ചിട്ടുള്ള ഏററവും പ്രാചീനവും അമൂല്യവുമായ ഒരു നിധിയാണ് വേദം. അതു് അനാദിയും അപൗരുഷേയവും ആണെന്നു് ആസ്തിക ജനങ്ങൾ പരമ്പരയാ വിശ്വസിച്ചു പോരുന്നു. മതപരമായും സാമൂഹ്യപരമായും അദ്ധ്യാത്മികപരമായും അത്യുന്നതസ്ഥാനമാണ് അതിനു് ഉള്ളതു്. ധർമത്തെ സംബന്ധിച്ചും ഏററവും ആധികാരികമായിട്ടുള്ളതു വേദം തന്നെയാണ്. "വേദോഽഖിലോ ധർമ്മമൂലം" എന്നു് മനസ്മൃതി പ്രത്യേകിച്ചു് പറയുന്നുമുണ്ടു്.

ഋക്, യജുസ്സ്, സാമം, അഥർവം എന്നീ നാലു വേദങ്ങളിൽ ഓരോന്നിനും അതിൻേറതായ പ്രാധാന്യമുണ്ടു്. പ്രാചീന വൈദികമതത്തിലെ ഏററവും പ്രധാനപ്പെട്ട അംഗമായ യാഗത്തിൻെറ വിവിധ ഇനങ്ങളുടേയും അവയെ സംബന്ധിച്ച പ്രയോഗങ്ങളുടേയും സവിസ്തരമായ പ്രതിപാദനമാണ് യജുസ്സിലെ മുഖ്യവിഷയം. ലൗകിക സംസ്കൃതം എന്നു് അറിയപ്പെടുന്ന സാധാരണ സംസ്കൃതത്തിൽനിന്നും ഭിന്നമായ വൈദികഭാഷ അത്രതന്നെ സുഗ്രഹമല്ലാത്തതുകൊണ്ടു് അതു് മനസ്സിലാക്കാൻ വ്യാഖ്യാനം ആവശ്യമാണ്. ഇത്തരം വ്യാഖ്യാനങ്ങളിൽ സായണാചാര്യരുടേയും ഭട്ടഭാസ്കരൻേറയും കൃതികൾ വളരെ പ്രയോജനം ഉള്ളവയാണ്.

മന്ത്രക്രമത്തിൽ പദച്ഛേദം, പ്രതിപദം അർത്ഥവിവരണം, ഓരോ മന്ത്രത്തിൻേറയും വിനിയോഗം എന്നിവയോടു കൂടിയ "ദീപിക"യെന്ന സ്വന്തം വ്യാഖ്യാനത്തോടുകൂടി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മലയാളഭാഷാഭിജ്ഞക്ക് യജ്ജുർവേദ സംഹിത പരിചയപ്പെട്ടത്തികൊടുക്കുന്നപണ്ഡിതനും പരിശ്രമിയുമായ മഹോപാദ്ധ്യായ കെ. ഗേവതീശ്വരശമ്മയുടെ കൃതിയുടെ രണ്ടാംഭാഗമാണ് ഈ ഗ്രന്ഥം. ഇതിൽതൈത്തിരീയ സംഹിതയുടെ ഒന്നാംകാണ്ഡത്തിലെമൂന്നുമുതൽ എട്ടുവരെയുള്ള ആറു് പ്രപാഠകങ്ങരം അടങ്ങിയിരിക്കുന്നു. ഒന്നാംഭാഗത്തിലെ രീതിതന്നെയാണ് ഇതിലും അവലംബിച്ചിരിക്കുന്നതെങ്കിലും മന്ത്രമെന്നും ബ്രാഹ്മണമെന്നും ഉള്ള ഭാഗങ്ങരം വേണ്ടിടത്തു് വേർതിരിച്ചു് കാണിച്ചും, കൂടുതൽ വിവരണം വേണ്ടിടത്തു് നൽകിയും വ്യാഖ്യാനം പുഷ്ടിപ്പെടുത്തിയിട്ടുണ്ടു്.

പരിഭാഷകൻെറ പ്രോത്സാഹനാർഹവും പ്രയോജനപ്രദവുമായ പരിശ്രമം മേലുള്ള ഭാഗങ്ങളിലും വിജയിക്കട്ടെ.

എന്നു് വെങ്കിടസുബ്രഹ്മണ്യയ്യർ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രസ്താവന

കൃഷ്ണയജ്ജുർവേദത്തിലെ തൈത്തിരിയ സംഹിത മന്ത്ര ബ്രാഹ്മണ മിശ്രമാണ്. ഒന്നാം കാണ്ഡത്തിൽ ആദ്യത്തെ നാല്പ് പ്രപാഠകങ്ങളും നാലാം കാണ്ഡം മുഴുവനും മന്ത്രമാണ് ആറാം കാണ്ഡം മുഴുവൻ ബ്രാഹ്മണമാണ്. മററു ഭാഗങ്ങളിൽ മന്ത്രവും ബ്രാഹ്മണവും ഉണ്ട്. ചില അനുവാകങ്ങൾ മന്ത്ര ബ്രാഹ്മണമിശ്രവുമാണ്. അതുകൊണ്ട് ഈ ഗ്രന്ഥത്തിൽ മന്ത്രവും ബ്രാഹ്മണവും ഓരോ അനുവാകങ്ങളിലും വേർതിരിച്ച് കാണിച്ചിട്ടുണ്ട്. ഒന്നാം ഭാഗത്തിലുള്ള വ്യാഖ്യാനരീതിതന്നെയാണ് ഈ ഭാഗത്തിലും സ്വീകരിച്ചിട്ടുള്ളതു്. മന്ത്രങ്ങളെപററി പ്രതിപാദിക്കുന്ന ബ്രാഹ്മണഭാഗങ്ങൾക്ക് സംഹിതയും അർത്ഥവും മാത്രമാണ് നൽകിയിട്ടുള്ളതു്.

ഈ ഗ്രന്ഥത്തിൻെറ ഒന്നാം ഭാഗം പ്രസിദ്ധികരിച്ചതിനു് സഹായ ധനം നൽകിയ ബഹുമാനപ്പെട്ട കേരള ഗവൺമെൻറിനോടും പാരിതോഷികം നൽകിയ കേരള സാഹിത്യ അക്കാഡമിയോടും. എനിക്കു് ഉള്ള കൃതജ്ഞത പ്രകാശിപ്പിച്ച് കൊള്ളുന്നു.

പുസ്തകത്തിനു് മുഖവുര എഴുതി തന്ന ഡാക്ടർഎസ് വെങ്കിട സുബ്രഹ്മണ്യഅയ്യർ എം. എ. പി എച്ച് ഡി (യൂണിവേഴ്സിററി സംസ്കൃതം പ്രൊഫസർ, ഡീൻ ആഫ് ദി ഫാക്കൽടീ ആഫ ദി ഓറിയൻറൽ സ്റ്റഡീസ്) അവർകളോടും. പുസ്തകത്തിനു് അഭിപ്രായം എഴുതി തന്ന ഡാക്ടർ പി. കെ. നാരായണപിള്ള എം. എ. പി. എച്ച് ഡി. അവർകളോടും എനിക്കുള്ള കൃതജ്ഞത പ്രകാശിപ്പിച്ച് കൊള്ളുന്നു.

ഈ പുസ്തകം ഭംഗിയായി അച്ചടിച്ചുതന്ന ജയാ പ്രിൻേറഴ്സിൻെറ ഉടമസ്ഥരോടു് എനിക്കുള്ള കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ടു് ഈഗ്രന്ഥം മഹാജനസമക്ഷം അവതരിപ്പിച്ചു കൊള്ളുന്നു.

കെ. ഭഗവതീശ്വരശർമ്മ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിഷയാനുക്രമണിക

പ്രഥമകാണ്ഡേ തൃതീയപ്രപാഠകഃ 149–224

അനുവാകം	വിഷയം	പേജ്
1	സദോമണ്ഡപനിർമാണം	149
2	ഉപരവനിർമാണം	155
3	ധിഷ്ണിയാഃ	161
4	വൈസർജനീയഹോമം	165
5	യൂപച്ഛേദനം	171
6	യൂപസ്ഥാപനം	174
7	പശോരുപാകരണം	180
8	ഉപാകൃതസ്യപശോർവിശസനം	184
9	സംജ്ഞപിതസ്യപശോർവപോത്േഖദനം	189
10	വസാഹോമം	193
11	ഗുദകാണ്ഡഹോമം	197
12	വസതീവരീസംജ്ഞകാനാം അപാം ഉപാദാനം	200
13	സോമസ്യശകടാദ്ഉപാവരോഹഃ	202
14	കാമ്യയാജ്യാപുരോഽനുവാക്യാഃ	206

ചതുർത്ഥഃ പ്രപാഠകഃ 225–310

1	സോമാഭിഷവം	225
2	ഉപാംശുഗ്രഹം	229
	അന്തർയാമഗ്രഹം	232
4	ഐന്ദ്രവായവഗ്രഹം	235
5	മൈത്രാവരുണഗ്രഹം	238
6–7	ആശ്വിനഗ്രഹം	239
8	ശുക്രഗ്രഹം	241
9	മന്ഥീഗ്രഹം	243
10	ആഗ്രയണഗ്രഹം	245
11	ഭ്രാതൃവ്യവതഃ ആഗ്രയണഗ്രഹം	247
21	ഉക്ഥ്യഗ്രഹം	249

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അനുവാകം	വിഷയം	പേജ്
13	ധ്രുവഗ്രഹം	250
14	ഋതുഗ്രഹം	252
15	ഐന്ദ്രാഗ്നഗ്രഹം	254
16	വൈശ്വദേവഗ്രഹം	255
17	പൂർവമരുത്വതീയഗ്രഹം	256
18	ഉത്തരമരുത്വതീയഗ്രഹം	257
19	തൃതീയമരുത്വതീയഗ്രഹം	258
20–21	മാഹേന്ദ്രഗ്രഹം	259
22	ആദിത്യഗ്രഹം	261
23–25	സാവിത്രഗ്രഹം	264
26	വൈശ്വദേവഗ്രഹം	267
27	പാത്നീവതഗ്രഹം	267
28	ഹാരിയോജനഗ്രഹം	268
29	ആഗ്നേയാതിഗ്രഹം	269
30	ഐന്ദ്രാതിഗ്രഹം	270
31	സൗര്യാതിഗ്രഹം	271
32	സംഗാഹനം	272
33	അവഗാഹനം	273
34	ഓഷണം	274
35	സ്രുവാഹുതി	275
36	രാജഗവീഹോമം	277
37–42	ഷോഡശിഗ്രഹം	278
43	ദക്ഷിണാ	285
44	സമിഷ്ടയജ്ജുർഹോമം	290
45	അവഭൃതം	296
46	കാമ്യയാജ്യാപുരോനുവാക്യങ്ങൾ	303
പഞ്ചമപ്രപാഠകഃ		311—376
1	പുനരാധാന വിധാനം	311
2	പുനരാധാനം	314
3	പുനരാധാന മന്ത്രം	317

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അനുവാകം	വിഷയം	പേജ
4	പുനരാധാന മന്ത്രവ്യാഖ്യാനം	324
5	ആഹവനീയോപസ്ഥാനം	327
6	ഗാർഹപത്യോപസ്ഥാനം	335
7	പഞ്ചമാനുവാക ബ്രാഹ്മണം	344
8	ഷഷ്ഠാനുവാക ബ്രാഹ്മണം	348
9	ഉപസ്ഥാനം–അഗ്നിഹോത്രാംഗം	351
10	അഗ്ന്യുപസ്ഥാനം, ആചമനം, കപാലാനുമന്ത്രണം	356
11	കാമ്യയാജ്യാപുരോഽനുവാക്യ	364
ഷഷ്ഠഃപ്രപാഠകഃ		377–450
1	ആജ്യഗ്രഹണാനു മന്ത്രണം	377
2	ഹവിർഗ്രഹണാനുമന്ത്രണം	383
3	ഇഡാഭാഗാദ്യനുമന്ത്രണം	392
4	അനുയാജാദി അനുമന്ത്രണം	397
5	ധ്രുവാപ്യായനം	406
6	സൂർയോപസ്ഥാനം	412
7	ദേവതാപരിഗ്രഹം	419
8	യജ്ഞായുധസംഭൃതി	422
9	ദ്വാദശദ്വന്ദ്വസംപത്തി	425
10	ഹവിഃസാദനം	428
11	ആശ്രാവണാദി മന്ത്രവിധാനം	432
12	കാമ്യയാജ്യാപുരോ ഽനുവാക്യങ്ങൾ	438
സപ്തമഃ പ്രപാഠകഃ		451—518
1	ഇഡാനുമന്ത്രണ ബ്രാഹ്മണം	451
2	ഇഡാപ്രശംസനം	455
3	അന്വാഹാർയം	459
4	ശേഷാഹുതിമന്ത്രവ്യാഖ്യാനം	462
5	ആപ്യായനാദി മന്ത്രവ്യാഖ്യാനം	467
6	ഉപസ്ഥാനാദി മന്ത്രവ്യാഖ്യാനം	470
7	വാജപേയരഥ സംസ്കാരം	475

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അനുവാകം	വിഷയം	പേജ്
8	രഥധാവനം	481
9	യൂപാരോഹണം	490
10	അന്നഹോമം	496
11	ഉജ്ജിതി	501
12	അതിഗ്രാഹ്യം	503
13	കാമ്യയാജ്യാപുരോ*f*നവാക്യങ്ങൾ	508
അഷ്ടമഃപ്രപാഠകഃ		519-609
1	അനുമതാദിയാഗം—നൈർഋതമന്ത്രം	519
2	ചാതുർമാസ്യവൈശ്വദേവപർവം	522
3	വരുണ പ്രഘാസ പർവം	523
4	സാകമേധ പർവം	526
5	മഹാപിതൃയജ്ഞം	528
6	ത്ര്യം ബകപുരോഡാശം	534
7	ശുനാസീര്യം—ഇന്ദ്രതുരീയം പഞ്ചേധ്മീയമന്ത്രം അപാമാർഗ്ഗ ഹോമമന്ത്രം	539
8	ദേവീകാദികർമഷ്ടകം	544
9	അഭിഷേചനീയദീക്ഷാ	546
10	ദേവ സൂഹവിസ്സ്	550
11	അഭിഷേക ജലഗ്രഹണം	555
12	അഭിഷേകജല സംസ്കാരം	558
13	ദിക്സ്ഥാപനം	565
14	അഭിഷേകം	572
15	ദിഗ്വിജയം	577
16	സേനോപചാരം	582
17	രാജസൂയയാഗത്തെ സംബന്ധിച്ച ഹവിസ്സ്	588
18	ദശപേയം	590
19	രാജസൂയ സംബന്ധിയായ ചില ഹവിസ്സുകൾ	591
20	do	593
21	സൗത്രാമണി	595
22	കാമ്യയാജ്യാപുരോ*f*നവാക്യകൾ	598

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രഥമകാണ്ഡേ തൃതീയഃ പ്രപാഠകഃ

പ്രഥമോനുവാകഃ

ഈ അനുവാകത്തിൽ സഭാ മണ്ഡപനിർമ്മാണ ത്തിനുള്ള മന്ത്രങ്ങൾ പറയുന്നു.

സംഹിതാ

ഹരിഃ ഓം

ദേവസ്യ ത്വാ സവിതുഃ പ്രസവേശ്വിനോർബാഹുഭ്യാം പൂഷ്ണോ ഹസ്താഭ്യാമാദദേഽഭ്രിരസി നാരിരസി പരിലിഖിതം രക്ഷഃ പരി ലിഖിതാ അരാതയ ഇദമഹം രക്ഷസോ ഗ്രീവാ അപികൃന്താമിയോഽസ്മാൻ ദ്വേഷ്ടി യം ച വയം ദ്വിഷ്മ ഇദമസ്യ ഗ്രീവാ അപികൃന്താമി ദിവേ ത്വാന്തരീക്ഷാ യത്വാ പൃഥിവ്യൈത്വാ ശുന്ധതാം ലോകഃ പിതൃഷദനോ യവോഽസി യവയാസ്മദ്ദ്വേഷഃ യവയാരാതീഃ പിതൃണാം സദനമസ്യുദ്ദിവം സ്തഭാനാന്തരീക്ഷം പൃണ പൃഥിവിം ദൃംഹ ദ്യുതാനസ്ത്വാ മാരുതോമിനോതു മിത്രാ വരുണയോർധ്രുവേണ ധർമണാ ബ്രഹ്മവനിം ത്വാ ക്ഷത്രവനിം സുപ്രജാവനിം രായസ്പോഷവനിം പര്യൂഹാമി ബ്രഹ്മദൃംഹ ക്ഷത്രം ദൃംഹ പ്രജാം ദൃംഹ രായസ്പോഷം ദൃംഹ ഘൃതേന ദ്യാവാ പൃഥിവി ആ പൃണേഥാമിന്ദ്രസ്യ സദോഽസി വിശ്വജനസ്യ ഛായാ പരിത്വാ ഗിർവണോ ഗിര ഇമാ ഭവന്തു വിശ്വതോ വൃദ്ധായുമനു വൃദ്ധയോ ജുഷ്ടാ ഭവന്തു ജുഷ്ടയ ഇന്ദ്രസ്യ സ്യൂരസീന്ദ്രസ്യ ധ്രുവമസ്യൈന്ദ്രമസീന്ദ്രായത്വാ ॥

പദച്ഛേദം

ദേവസ്യ ത്വാ സവിതുഃ പ്രസവേ അശ്വിനോഃ ബാഹുഭ്യാം പൂഷ്ണഃ ഹസ്താഭ്യാം ആദദേ അഭ്രിഃ അസി– നാരിഃ അസി പരിലിഖിതം രക്ഷഃ പരി– ലിഖിതാഃ അരാതയഃ ഇദം അഹം രക്ഷസഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗ്രീവാഃ അപി കൃന്താമി യഃ അസ്മാൻ ദ്വേഷ്ടി യം ച വയം ദ്വിഷ്മഃ ഇദം അസ്യ ഗ്രീവാ അപി കൃന്താമി ദിവേ ത്വാ അന്തരിക്ഷായ ത്വാ പൃഥി- വ്യൈ ത്വാ ശുന്ധതാം ലോകഃ പിതൃഷദനഃ യവഃ അസി യവയ അസ്മത് ദ്വേഷഃ യവയ അരാതീഃ പിതൃണാം സദനം അസി ഉദ് ദിവം സ്തഭാന അന്തരീക്ഷം പൃണ പൃഥിവീം ദൃംഹ ദ്യുതാനഃ ത്വാ മാരുതഃ മിനോതു മിത്രാവരുണയോഃ ധ്രുവേണ ധർമണാ ബ്രഹ്മവനിം ത്വാ ക്ഷത്രവനിം സുപ്രജാ വനിം രായസ്പോഷവനിം പരി ഊഹാമി ബ്രഹ്മ ദൃംഹ ക്ഷത്രം ദൃംഹ പ്രജാം ദൃംഹ രായസ്പോഷം ദൃംഹ ഘൃതേന ദ്യാവാപൃഥിവീ ആ പൃണേഥാം ഇന്ദ്രസ്യ സദഃ അസി വിശ്വജനസ്യ ഛായാ പരി ത്വാ ഗിർവണഃ ഗിരഃ ഇമാഃ ഭവന്തു വിശ്വതഃ വൃദ്ധായും അനു വൃദ്ധയഃ ജുഷ്ടാഃ ഭവന്തു ജുഷ്ടയഃ ഇന്ദ്രസ്യ സ്യൂഃ അസി ഇന്ദ്രസ്യ ധ്രുവം അസി ഐന്ദ്രം അസി ഇന്ദ്രായ ത്വാ ॥

മന്ത്രവും വിനിയോഗവും അർത്ഥവും

1. ദേവസ്യ ത്വാസവിതുഃ പ്രസവേ ऽ ശ്വിനോർബാഹുഭ്യാം പൂഷ്ണോഹസ്താഭ്യാമാദദേ.

സഭാമണ്ഡപ നിർമ്മാണത്തിനു് ആദ്യത്തെ കാൽനാട്ടുന്ന തിനുള്ള കുഴികുഴിക്കുന്നതിനുള്ള ഉപകരണം കയ്യിലെടുക്കു മ്പോൾ ചൊല്ലാനുള്ള മന്ത്രമാണു് ഇതു്

സവിതുഃ ദേവസ്യ = സർവ്വപ്രേരകനായ ദേവൻെറ, പ്രസവേ = പ്രേരണ കൊണ്ടു്, ത്വാ = നിന്നെ അശ്വിനോഃ ബാഹുഭ്യാം = അശ്വിനീ ദേവന്മാരുടെ കൈകൾ കൊണ്ടും, പൂഷ്ണഃ ഹസ്താഭ്യാം = പൂഷാ എന്ന ദേവൻെറ കൈകൾ കൊണ്ടും, ആദദേ = ഞാൻ എടുക്കുന്നു.

2. അഭ്രിരസി നാരിരസി.

ഈ മന്ത്രം ചൊല്ലി മണ്ണു കുഴിക്കാനുള്ള ആയുധത്തെ അഭി സംബോധന ചെയ്യുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്വം = നീ അഭ്രിഃ അസി = അഭ്രി ആകുന്നു. (ഖനനത്തിനു പകരിയ്ക്കുന്ന ഒരു ഉപകരണം.) നാരിഃ അസി = മിത്രമാകുന്നു. (നാരിഃ ശത്രുവല്ലാത്തതു്)

3. പരിലിഖിതം രക്ഷഃ പരിലിഖിതാ അരാതയഃ ഇദമഹം രക്ഷസോ ഗ്രീവാ അപികൃന്താമിയോ/സ്മാൻ ദ്വേഷ്ടിയം ചവയം ദ്വിഷ്മ ഇദമസ്യ ഗ്രീവാ അപി കൃന്താമി।

ഈ മന്ത്രം ചൊല്ലി കുഴിയ്ക്കാൻ ഉദ്ദേശിയ്ക്കുന്ന സ്ഥലം വരച്ച് അടയാളപ്പെടുത്തുന്നു.

രക്ഷഃ പരിലിഖിതം = രാക്ഷസന്മാർ കൊല്ലപ്പെട്ടു അരാതയഃ പരിലിഖിതാഃ = ശത്രുക്കൾ കൊല്ലപ്പെട്ടു. രക്ഷസഃ = രാക്ഷസന്മാരുടെ ഇദം ഗ്രിവാഃ അപി = കഴുത്തുകളേയും, അഹം കൃന്താമി = ഞാൻ മുറിക്കുന്നു. യഃ അസ്മാൻ ദ്വേഷ്ടി = യാതൊരുത്തൻ ഞങ്ങളെ വെറുക്കുന്നുവോ, യം വയം ദ്വിഷ്മഃ = യാതൊരുത്തനെ ഞങ്ങൾ വെറുക്കുന്നുവോ, അസ്യ ച = അവൻേറയും, ഇദം ഗ്രിവാ = ഈ കഴുത്ത്, കൃന്താമി = ഞാൻ മുറിക്കുന്നു.

4. ദിവേത്വാ

ഈ മന്ത്രം ചൊല്ലി അത്തിമരത്തിൻെറ കൊമ്പിൽ വെള്ളം തളിക്കുന്നു. (അഗ്രത്തിൽ

അല്ലയോ അത്തിമരത്തിൻെറ കൊമ്പേ ! ദിവേത്വാ = സ്വർഗ്ഗത്തിനു് വേണ്ടി നിന്നെ വെള്ളം തളിച്ച് ശുദ്ധമാക്കുന്നു.

5 അന്തരിക്ഷായത്വാ

ഈ മന്ത്രം ചൊല്ലി അത്തിമരത്തിൻെറ കൊമ്പിൽ മദ്ധ്യഭാഗത്തിൽ വെള്ളം തളിക്കുന്നു.

അല്ലയോ അത്തിമരത്തിൻെറ കൊമ്പേ ! അന്തരിക്ഷായത്വാ = അന്തരിക്ഷത്തിനു വേണ്ടി നിന്നെ വെള്ളം തളിച്ച് ശുദ്ധമാക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

6. പൃഥിവൈ്യത്വാ
ഈ മന്ത്രം ചൊല്ലി അത്തിമരത്തിൻെറ കൊമ്പിൻെറ ചുവട്ടിൽ വെള്ളം തളിക്കുന്നു.

പൃഥിവൈ്യ ത്വാ = ഭൂമിക്കു വേണ്ടി നിന്നെ വെള്ളം തളിച്ച് ശുദ്ധമാക്കുന്നു.

7. ശുന്ധതാം ലോക: പിതൃഷദനഃ
ഈ മന്ത്രം ചൊല്ലി കാല്യ നാട്ടുന്നതിനു് കുഴിച്ചിട്ടുള്ള കുഴിയിൽ വെള്ളം തളിക്കുന്നു.
പിതൃഷദനഃ = പിതൃക്കളുടെ വാസസ്ഥാനമായ,
ലോകഃ = ഈ സ്ഥലം,
ശുന്ധതാം = പരിശുദ്ധമാകട്ടെ.

8. യവോഽസിയവയാസ്മദ്വേഷോയവയാരാതീഃ
ഈ മന്ത്രം ചൊല്ലി കാല്യനാട്ടുന്നതിനു് ഉദ്ദേശിച്ചിരിക്കുന്ന കുഴിയിൽ കുറെ യവം ഇടുന്നു.

ഹേ ധാന്യ = അല്ലയോ ധാന്യമേ! ത്വം = നീ, യവഃ അസി = യവം ആകുന്നു. അസ്മദ് ദ്വേഷഃ = ഞങ്ങളെ ദ്വേഷിക്കുന്നവരെ, യവയ = മാററി നിറുത്തുക. അരാതീഃ യവയ = ഞങ്ങളുടെ ശത്രുക്കളെ മാററിനിറുത്തുക.

9. പിതൃണാം സദനമസി
ഈ മന്ത്രം ചൊല്ലി കാല്യ നാട്ടാനുള്ള കുഴിയിൽ ദർഭ ഇടുന്നു.
പിതൃണാം സദനം അസി = നീ പിതൃക്കളുടെ സ്ഥാനമാകുന്നു.

10. ഉദ്ദിവം സ്തഭാനാന്തരിക്ഷം പൃണ പൃഥിവീം ദൃംഹ
ഈ മന്ത്രം ചൊല്ലി കുഴിയിൽ നാട്ടാനുള്ള അത്തിമരത്തിൻെറ കമ്പു് കയ്യിൽ എടുക്കുന്നു.
അത്തിമരത്തിൻെറ കൊമ്പേ! ഉദ്ദിവം = മേൽപോട്ടുള്ള ലോകം, സ്തഭാന = പ്രാപിച്ചാലും. അന്തരീക്ഷം പൃണ = അന്തരീക്ഷത്തിനു് ചുററും നിൽക്കുക. പൃഥിവീം ദൃംഹ = ഭൂമിയെ ഉറപ്പിക്കുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

11. ദ്യുതാന സ്ത്വാ മാരുതോ മിനോതു
മിത്രാവരുണയോ ർധ്രുവേണ ധർമണാ
ഈ മന്ത്രംചൊല്ലി അത്തിമരത്തിൻെറ കൊമ്പ് കുഴിയിൽ നാട്ടുന്നു.
അത്തിമരത്തിൻെറ കൊമ്പേ! മിത്രാവരുണയോഃ = മിത്രാവരുണന്മാരുടെ, ധ്രുവേണ ധർമണാ = സ്ഥിരമായ ധർമ്മത്താൽ, മാരുതഃ = മരുത്തിൻെറ പുത്രനായ, ദ്യുതാനഃ = ദ്യുതാനൻ എന്ന ദേവൻ ത്വാ മിനോതു = നിന്നെ കുഴിയിൽ നിറുത്തട്ടെ.

12. ബ്രഹ്മവ നിം ത്വാ ക്ഷത്രവനിം സുപ്രജാ വനിം
രായ സ്പോഷവനിം പര്യൂഹാമി.
ഈ മന്ത്രം ചൊല്ലി കുഴിയിൽ നാട്ടിയിരിക്കുന്ന അത്തിമര ക്കൊമ്പിൻെറ ചുററും മണ്ണുവാരി ഇടുന്നു.
ബ്രഹ്മവനിം = ബ്രാഹ്മണരാൽ വളർത്തപ്പെടുന്ന, ത്വാ പര്യൂഹാമി = നിൻെറ ചുററും മണ്ണുവാരി ഇടുന്നു, ക്ഷത്രവനിം = ക്ഷത്രിയരാൽ വളർത്തപ്പെടുന്നു,ത്വാപര്യൂഹാമി = നിൻെറ ചുററും മണ്ണ് വാരി ഇടുന്നു. സുപ്രജാ വനീം = നല്ല ആളുകളാൽ വളർത്തപ്പെടുന്ന, ത്വാ പര്യൂഹാമി = നിൻെറ ചുററും മണ്ണുകോരി ഇടുന്നു. രായ സ്പോഷവനീം = ധനവാന്മാരാൽ വളർത്തപ്പെടുന്ന ത്വാ പര്യൂഹാമി = നിൻെറ ചുററും മണ്ണുവാരി ഇടുന്നു.

13. ബ്രഹ്മ ദൃംഹ ക്ഷത്രം ദൃംഹ പ്രജാം ദൃംഹ രായസ്പോഷം ദൃംഹ

ഈ മന്ത്രം ചൊല്ലി കാലുനാട്ടിയതു് ഉറപ്പിക്കാൻ വാരിയിട്ട മണ്ണ് നിലം തല്ലികൊണ്ടു് അടിച്ചു് ഉറപ്പിക്കുന്നു.
ബ്രഹ്മ ദൃംഹ = ബ്രാഹ്മണരെ വർദ്ധിപ്പിക്കുകം ക്ഷത്രം ദൃംഹ = രാജാക്കന്മാരെ വർദ്ധിപ്പിക്കുകം പ്രജാംദൃംഹ = പ്രജകളെ വർദ്ധിപ്പിക്കുകം രായസ്പോഷം ദൃംഹ = ധനികന്മാരെ വർദ്ധിപ്പിക്കുക. അല്ലെങ്കിൽ യജമാനൻെറ ധനം വർദ്ധിപ്പിക്കുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

14. ഘൃതേന ദ്യാവാ പൃഥിവി ആ പൃണേഥാം

ഈ മന്ത്രം ചൊല്ലി തൂണായി നാട്ടിയിരിയ്ക്കുന്ന അത്തി മരക്കൊമ്പിൻെറ മുകളിൽ ചുവട്ടുവരെ ഒഴുകിവരത്തക്ക വിധം നെയ്യൊഴിക്കുന്നു.

ഹേ ദ്യാവാ പൃഥിവീ = അത്തിമരക്കൊമ്പിൻെറ മേലും കീഴുമാകുന്ന ദ്യാവാ പൃഥിവികളെ ഘൃതേന = നെയ്യ് കൊണ്ട്, ആ പൃണേഥാം = നിങ്ങൾ തൃപ്തരായാലും.

15. ഇന്ദ്രസ്യ സദോഽസി

ഈ മന്ത്രം ചൊല്ലി ഒരു തട്ടക്ക് വടക്കുവശത്ത് മേൽപോട്ടു ഇടുന്നു.

ഇന്ദ്രസ്യ സദഃ അസി = നീ ഇന്ദ്രൻെറ സദസ്സാകുന്നു.

16. വിശ്വജന സ്യ ഛായാ

ഈ മന്ത്രം ചൊല്ലി ഒരു തട്ടക്ക് തെക്കുവശത്ത് മേല്പോട്ട് ഇടുന്നു.

വിശ്വജനസ്യ = എല്ലാ ലോകത്തിനും, ഛായാ അസി = നി തണൽ ആകുന്നു.

17. പരിത്വാ ഗിർവണോ ഗിര ഇമാഭവന്തു വിശ്വതോ

വൃദ്ധായുമനു വൃദ്ധായോജുഷ്ടാഭവന്തു ജുഷ്ടയഃ.

ഈ മന്ത്രം ചെല്ലി മുകളിൽ ഇട്ട തട്ടികൾ എല്ലാ ചേർത്ത് കെട്ടുന്നു.

ഹേ ഗിർവണ = അല്ലയോ ഇന്ദ്ര! ഇമാഃ ഗിരഃ = സ്‌തോത്ര രൂപത്തിലുള്ള ഈ വാക്കുകൾ, വൃദ്ധയഃ = അഭി വൃദ്ധി പ്രാപിച്ച്, വൃദ്ധായും ത്വാ = ദീർഘായുസ്സോട കൂടിയ അങ്ങയെ പരിഭവന്തു ചുററി നിൽക്കട്ടെ, ജുഷ്ടയഃ ജുഷ്ടാഃ ഭവന്തു = സ്നേഹിതന്മാർ സ്നേഹമുള്ളവരായ ത്തീരട്ടെ

18. ഇന്ദ്രസ്യ സ്യൂരസി

ഈ മന്ത്രം ചൊല്ലി യജമാനൻ സഭാമണ്ഡപത്തിൻെറ കിഴക്കു വാതിലിൽ തെക്കുവശത്തുള്ള തൂണിൽ ദർഭ കൊണ്ടുണ്ടാക്കിയ കയറ് ചുററുന്നു.

ഇന്ദ്രസ്യ സ്യൂഃ അസി = നി ഇന്ദ്രൻെറ കയറാകുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

19. ഇന്ദ്രസ്യ ധ്രുവമസി

ഈ മന്ത്രം ചൊല്ലി തൂണിൽ ചുററിയ ദർഭക്കയറിൻെറ രണ്ട റവും ചേർത്ത് കെട്ടുന്നു.

ഇന്ദ്രസ്യ ധ്രുവം അസി = നീ ഇന്ദ്രനെ ഉറപ്പിക്കുന്നതാകുന്നു.

20. ഐന്ദ്രമസീന്ദ്രായ ത്വാ

ഈ മന്ത്രം ചൊല്ലി യജമാനൻ സഭാ മണ്ഡപം തൊടുന്നു. ഐന്ദ്രം അസി = നീ ഇന്ദ്രനെ സംബന്ധിച്ചതാകുന്നു. ഇന്ദ്രായ ത്വാ = ഇന്ദ്രനു് വേണ്ടി നിന്നെ തൊടുന്നു.

ഇതി പ്രഥമോഽനുവാകഃ

അഥദ്വിതീയോഽനുവാകഃ

സംഹിതാ

രക്ഷോഹണോ വലഗഹനോ വൈഷ്ണവാൻ ഖനാമിദമഹം തം വലഗമുദ്വപാമിയം നഃ സമാനോ യമസമാനോ നിചഖാനേ ദമധരം കരോമിയോനഃ സമാനോയോഽസമാനോഽരാതീയതി ഗായത്രേണ ഛന്ദസാഽവബാഢോ വലഗഃ കിമത്ര ഭദ്രം തന്നൗ സഹവിരാഡസി സപത്നഹാ സമ്രാഡസിഭ്രാതൃവ്യഹാ സ്വരാഡസ്യഭിമാതിഹാ വിശ്വാരാഡസി വിശ്വാസാം രാഷ്ട്രാണാം ഹന്താ രക്ഷോഹണോ വലഗഹനഃ പ്രോക്ഷാമി വൈഷ്ണവാൻ രക്ഷോഹണോ വലഗഹനോവനയാമി ഽ വൈഷ്ണവാൻ യവോഽസിയവയാസ്മദ് ദ്വേഷോ യവയാരാതീ രക്ഷോഹണോ വലഗഹനോഽവ സ്തൃണാമി വൈഷ്ണവാൻ രക്ഷോഹണോ വലഗഹനോഽഭിജുഹോമി വൈഷ്ണവാൻ രക്ഷോഹണൗ വല ഗഹനൗ പര്യൂഹാമി വൈഷ്ണവീ രക്ഷോഹണൗ പരിസ്തൃണാമി വൈഷ്ണവീ രക്ഷോഹണൗ വലഗഹനൗ വൈഷ്ണവീ ബൃഹന്നസി ബൃഹദ് ഗ്രാവാ ബൃഹതീമിന്ദ്രായ വാചംവദ ||

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പദച്ഛേദം

രക്ഷോഹണഃ വലഗഹനഃ വൈഷ്ണവാൻ ഖനാമി ഇദം അഹം തം വലഗം ഉദ് വപാമി യം നഃ സമാനഃ യം അസമാനഃ നിചഖാന ഇദം ഏനം അധരം കരോമി യഃ നഃ സമാനഃ യഃ അസമാനഃ അരാതിയതി ഗായത്രേണ ഛന്ദസാ അവബാഢഃ വലഗഃ കിം അത്ര ഭദ്രം തത് നൗ സഹ വിരാഡ്ഢ് അസി സപത്നഹാ സമ്രാഡ്ഢ് അസി ഭ്രാതൃവ്യഹാ സ്വരാഡ്ഢ് അസി അഭിമാതിഹാ വിശ്വാരാഡ്ഢ് അസി വിശ്വാസാം രാഷ്ട്രാണാം ഹന്താ രക്ഷോഹണഃ വലഗഹനഃ പ്ര ഉക്ഷാമി വൈഷ്ണവാൻ രക്ഷോഹണഃ വലഗഹനഃ അവ നയാമി യവഃ അസി യവയ അസ്മദ് ദ്വേഷഃ യവയ അരാതീഃ രക്ഷോഹണഃ വലഗഹനഃ അവ സ്തൃണാമി വൈഷ്ണവാൻ രക്ഷോഹണഃ വലഗഹനഃ അഭി ജുഹോമി വൈഷ്ണവാൻ രക്ഷോഹണൗ വലഗഹനൗ ഉപദധാമി വൈഷ്ണവീ രക്ഷോഹണൗ വലഗഹനൗ പരിഊഹാമി വൈഷ്ണവീ രക്ഷോഹണൗ വലഗഹനൌ പരി സ്തൃണാമി വൈഷ്ണവീ രക്ഷോഹണൗ വലഗഹനൗ വൈഷ്ണവീ ബൃഹദ് അസി ബൃഹദ് ഗ്രാവാ ബൃഹതീം ഇന്ദ്രായ വാചം വദ ॥

മന്ത്രവും വിനിയോഗവും അർത്ഥവും

1\. രക്ഷോഹണോ വലഗഹനോ വൈഷ്ണവാൻ ഖനാമി യാഗോപകരണങ്ങരം വെയ്ക്കുന്നതിന് തറയിൽ നിന്ന് അല്പം പൊക്കത്തിൽ ഒരു സ്ഥലം തയാറാക്കുന്നതിന് ഈ മന്ത്രം ചൊല്ലി കുറെ മണ്ണ് എടുക്കുന്നതിന് വേണ്ടി തറ കുഴിക്കുന്നു.

രക്ഷോഹണഃ = രാക്ഷസരെ കൊല്ലുന്നവയും, വലഗഹനഃ = ശത്രുക്കരം ആഭിചാര പ്രയോഗമായി കുഴിച്ചു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വെച്ചിരിക്കുന്ന നഖരോമാദികളെ നശിപ്പിക്കുന്നവയും, വൈഷ്ണവാൻ = വിഷ്ണുവിനെ ദേവതയായി ആരാധിക്കുന്നവയും ആയ നാലുഭാഗവും, ഖനാമി = കുഴിക്കുന്നു.

2. ഇദമഹംതം വലഗമുദ്വ പാമിയംനഃ സമാനഃ
യ മസമാനോനിച ഖാനേദ മേനമധരം
കരോമിയോനസ്സമാനോ യോf സമാനോ f രാതീയതി.
ഈ മന്ത്രം ചൊല്ലിമണ്ണ് എടുക്കുന്നു.

നഃ സമാനഃ = ഞങ്ങൾക്കു തുല്യരായിട്ടുള്ളവരോ, അസമാനഃ = തുല്യരല്ലാത്തവരോ ആയ ശത്രുക്കൾ, വലഗംയം = ആഭിചാരപ്രയോഗമായി യാതൊന്ന്, നിചഖാന = കുഴിച്ച് വെച്ചിരിക്കുന്നുവോ, ഇദംതം വലഗം = ആ വസ്തുക്കളെ, ഉദ്വപാമി = ഞാൻ എടുക്കുന്നു. സമാനഃ അസമാനഃ യഃ = തുല്യനോ തുല്യനല്ലാത്തവനോ ആയ യാതൊരുത്തൻ, അരാതീയതി = ശത്രുവിനെപ്പോലെ പ്രവർത്തിക്കുന്നു, ഏനം = അവനെ, ഇദം അധരം കരോമി = ഈ യജമാനന്റെ കീഴിൽ ആക്കുന്നു.

3 ഗായത്രേണ ഛന്ദസാ അവവാഢോവലഗഃ
ഈ മന്ത്രം ചൊല്ലി മണ്ണ് വലിച്ച് കൊണ്ടു വരുന്നു. ഗായത്രേണഛന്ദസാ = ഗായത്രിഛന്ദസ്സിന്റെ ദേവതയാൽ വലഗഃ = ആഭിചാരത്തിനുള്ള നഖലോമാദികൾ, അവവാഢഃ = മാററപ്പെട്ടിരിക്കുന്നു.

4. കിമത്ര.

യജമാനൻ പുരോഹിതനോടു ചോദിക്കുന്നു.
അത്രകം = ഇവിടെ എന്തിരിക്കുന്നു

5. ഭദ്രം

ഇതു് പുരോഹിതൻ യജമാനനോടു പറയുന്നതാണ്.
ഭദ്രം = ഇപ്പോൾ അനുഷ്ഠിക്കാൻ പോകുന്ന കർമ്മങ്ങൾ കൊണ്ടു നല്ലതു വരട്ടെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

6. തന്നൗസഹ
ഇതു് യജമാനൻ പുരോഹിതനോടു പറയുന്നതാണു്.
തത് = ആനന്ദ, നൗസഹ = നമുക്കു രണ്ടു പേക്കും ഒരുമിച്ചു്
ലഭിയ്ക്കട്ടെ

7. വിരാഡസിസപത്നഹാ
തറയിൽ നിന്നും അല്പം പൊക്കത്തിൽ നാലു് ഉപരവ ങ്ങൾ ഉണ്ടാക്കിയതിൽ ഈ മന്ത്രം ചൊല്ലി തെക്കു കിഴക്കുള്ള ഉപരവം തൊടുന്നു.
അല്ലയോ ഉപരവമേ ! നീ വിരാഡു് അസി = വളരെ പ്രകാശിയ്ക്കുന്നതാകുന്നു. സപത്നഹാ അസി = ശത്രുക്കളെ നശിപ്പിയ്ക്കുന്നതും ആകുന്നു.

8. സമ്രാഡസിഭ്രാതൃവ്യഹാ
ഈ മന്ത്രം ചൊല്ലി തെക്കുപടിഞ്ഞാറുള്ള ഉപരവം സ്പർശിയ്ക്കുന്നു.

സമ്രാഡ് അസി = അല്ലയോ ഉപരവമെ! നീ ചക്രവത്തിയെപ്പോലെ ശോഭിയ്ക്കുന്നു.
ഭ്രാതൃവ്യഹാ അസി = ശത്രുക്കളെ കൊല്ലുന്നതും ആകുന്നു.

9. സ്വരാഡ സ്യഭിമാതിഹാ
ഈ മന്ത്രം ചൊല്ലി വടക്കു പടിഞ്ഞാറുള്ള ഉപരവം സ്പശിയ്ക്കുന്നു.

സ്വരാഡു് അസി = നീ സ്വയം പ്രകാശിയ്ക്കുന്നു.
അഭിമാതിഹാ = ഞങ്ങളോടു് വഴക്കിനു് വരുന്നവരെ നശിപ്പിയ്ക്കുന്നതും ആകുന്നു.

10. വിശ്വാരാഡസി വിശ്വാസാം നാഷ്ട്രാണാം ഹന്താ
ഈ മന്ത്രം ചൊല്ലി വടക്കു കിഴക്കുള്ള ഉപരവം തൊടുന്നു.
വിശ്വാരാഡ് അസി = നീ എല്ലാ സ്ഥലത്തും പ്രകാശിയ്ക്കുന്നതാകുന്നു. വിശ്വാസാം നാഷ്ട്രാണാം ഹന്താ = എല്ലാ ശത്രുസേനയേയും കൊല്ലുന്നതും ആകുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

11. രക്ഷോഹണോ വലഗഹനോ പ്രോക്ഷാമി വൈഷ്ണവാൻ

ഈ മന്ത്രം ചൊല്ലി തെക്കു കിഴക്കു മൂലയിൽ വെള്ളം തളിയ്ക്കുന്നു.

രാക്ഷോഹണഃ = അസുരന്മാരെ കൊല്ലുന്നതും, വലഗഹനഃ = ആഭിചാര ദോഷം ഇല്ലാതാക്കുന്നതും, വൈഷ്ണവാൻ = വിഷ്ണു ദേവതയെ സംബന്ധിച്ചതുമായ ഈ സ്ഥലം, പ്രോക്ഷാമി = വെള്ളം തളിച്ചു ശുദ്ധമാക്കുന്നു.

12. രക്ഷോഹണോ വലഗഹനോ അവനയാമി

ഈ മന്ത്രം ചൊല്ലി വെള്ളം തളിച്ച സ്ഥലത്തു് കുറെ വെള്ളം ഒഴിക്കുന്നു.

രക്ഷോഹണഃ = രാക്ഷസന്മാരെ കൊല്ലുന്നതും,

വലഗഹനഃ = ആഭീചാരദോഷമില്ലാതാക്കുന്നതുമായ ഈ സ്ഥലത്തു്, അവനയാമി = ഞാൻ വെള്ളം ഒഴിക്കുന്നു.

13. യവോ/സിയവയാസ്മ ദ്വേഷോ യവയാരാതി:

ഈ മന്ത്രം ചൊല്ലി മുൻപു് വെള്ളം തളിച്ച സ്ഥലത്തു് കുറെ യവം ഇടുന്നു.

യവഃ അസി = നിയവം ആകുന്നു. അസ്മദ്ദ്വേഷഃ = ഞങ്ങളെ വെറുക്കുന്നവരെ, യവയ = മാററി നിറുത്തുക. അരാതീഃ യവയ = ശത്രുക്കളെ മാററി നിറുത്തുക.

14. രക്ഷോഹണോ വലഗഹനോ/വസ്തൃണാമി വൈഷ്-ണവാൻ

ഈ മന്ത്രം ചൊല്ലി യവം ഇട്ട സ്ഥലത്തു് കുറെ ദർഭ ഇടുന്നു.

രക്ഷോഹണഃ = രാക്ഷസരെ കൊല്ലുന്നതും വലഗഹനഃ = ആഭിചാരദോഷം ഇല്ലാതാക്കുന്നതും, വൈഷ്ണവാൻ = വിഷ്ണുവിനെ സംബന്ധിച്ചതുമായ ഈ സ്ഥലത്തു്, അവസ്തൃണാമി = ഞാൻ ദർഭ ഇടുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

15. രക്ഷോഹണോ വലഗഹനോഽഭിജുഹോമി വൈഷ്ണ–
വാൻ

ഈ മന്ത്രം ചൊല്ലി യവം ഇട്ട സ്ഥലത്തു ഹോമം ചെയ്യുന്നു
രക്ഷോഹണഃ = രാക്ഷസരെ കൊല്ലുന്നതും, വലഗഹനഃ
= ആഭിചാരദോഷം ഇല്ലാതാക്കുന്നതും, വൈഷ്ണവാൻ
= വിഷ്ണുവിനെ സംബന്ധിച്ചതുമായ ഈ സ്ഥലത്തു്.
അഭി ജു ഹോമി = ഞാൻ ഹോമം ചെയ്യുന്നു.

16. രക്ഷോ ഹണൗ വല ഗഹനാ വുപദധാമി വൈഷ്ണവീ

ഈ മന്ത്രം ചൊല്ലി മദ്ധ്യഭാഗത്തു് ദ്വാരമുള്ള പലക
സോമലത ചതക്കുന്നതിനു വേണ്ടി എടുത്തുവെയ്ക്കുന്നു.
രക്ഷോ ഹണൗ = രാക്ഷസരെ കൊല്ലുന്നതും, വലഗഹനൗ
ആഭിചാരദോഷം നശിപ്പിക്കുന്നതും, വൈഷ്ണവി =
വിഷ്ണുവിനെ സംബന്ധിച്ചതുമായ പലക, ഉപദ–
ധാമി = ഞാൻ വെയ്ക്കുന്നു.

17. രക്ഷോഹണൗ വലഗഹനൗ പർയ്യൂഹാമി വൈഷ്ണവീ.
ഈ മന്ത്രം ചൊല്ലി സോമലത വെച്ചിരിക്കുന്ന പലക
ഇളകാത്തവിധം അതിനു് ചുററും മണ്ണിട്ടു് ഉറപ്പിക്കുന്നു.
രക്ഷോഹണൗ = രാക്ഷസരെ കൊല്ലുന്നതും, വലഗഹനൗ
= ആഭിചാര ദോഷം നശിപ്പിക്കുന്നതും, വൈഷ്ണവീ =
വിഷ്ണുവിനെ സംബന്ധിച്ചതും ആയ പലകയ്ക്കു്,
പർയ്യൂഹാമി = ചുററും മണ്ണു് ഇടുന്നു.

18. രക്ഷോഹണൗ വലഗഹനൗ പരിസ്തൃണാമി വൈഷ്ണവി
ഈ മന്ത്രം ചൊല്ലി സോമലതവെയ്ക്കുന്നതിനു് ഉദ്ദേശിച്ചി
ട്ടുള്ള പലകയുടെ മുകളിൽ ദർഭ വിരിയ്ക്കുന്നു

രക്ഷോഹണൗ = രാക്ഷസരെ നശിപ്പിയ്ക്കുന്നതും, വലഗ–
ഹനൗ = ആഭിചാരദോഷം നശിപ്പിക്കുന്നതും, വൈഷ്ണവീ
= വിഷ്ണുവിനെ സംബന്ധിച്ചതുമായ ഈ പലകയിൽ,
പരിസ്തൃണാമി = ഞാൻ ദർഭ വിരിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

19. രക്ഷോഹണൗ വലഗഹനൗ വൈഷ്ണവി

ഈ മന്ത്രം ചൊല്ലി സോമ ലതവയ്ക്കാനുള്ള പലക യജമാനൻ തൊടുന്നു.

രക്ഷോഹണൗ = രാക്ഷസരെ കൊല്ലുന്നതും, വലഗഹനൗ = ആഭിചാര ദോഷം നശിപ്പിക്കുന്നതും, വൈഷ്ണവി = വിഷ്ണുവിനെ സംബന്ധിച്ചതുമായ ഈ പലക ഞാൻ തൊടുന്നു.

20. ബൃഹന്നസിബൃഹദ്ഗ്രാവാ ബൃഹതീം ഇന്ദ്രായവാചം വദ.

ഈ മന്ത്രം ചൊല്ലി സോമലത ചതയ്ക്കാനുള്ള നാലു് കല്ലു് ആ പലകയുടെ മുകളിൽ വെക്കുന്നു.

അല്ലയോ കല്ലേ ! ബൃഹദ് അസി = നീ വലുതാകുന്നു. ബൃഹദ് ഗ്രാവാ = വലിയ അവയവങ്ങളോടു കൂടിയതായി, ഇന്ദ്രായ = ഇന്ദ്രൻ കേൾക്കത്തക്കവിധം ബൃഹതീം വാചം വദ = വലിയ ശബ്ദത്തോടുകൂടി ഈ യാഗം നടക്കുന്ന കാര്യം പറയുക.

ഇതിദ്വിതീയോഽനുവാകഃ

അഥ തൃതീയോഽനുവാകഃ

സംഹിതാ—

വിഭ്രരസി പ്രവാഹണോ വഹ്നിരസി ഹവ്യവാഹനഃ ശ്വാത്രോഽസി പ്രചേതാ സ്തുഥോഽസി വിശ്വവേദാ ഉശിഗസി കവിരങ്ഘാരിരസി ബംഭാരിരവസ്യുരസി ദുവസ്വാൻ ശുന്ധ്യൂരസി മാർജാലീയഃ സമ്രാഡസി കൃശാനുഃ പരിഷദ്യോഽസി പവമാനഃ പ്രതക്വാസി നഭസ്വാനസംമൃഷ്ടോഽസി ഹവ്യസൂദഃ ഋതധാമാസി സുവർജ്യോതിർബ്രഹ്മ ജ്യോതിരസി സുവർധാമാഽജോസ്യേക പാദഹിരസി ബുധ്നിയോരൗദ്രേണാനികേന പാഹിമാഗ്നേ പിപൃഹി മാമാഹിംസീഃ ॥

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പദച്ഛേദം —

വിഭൂഃ അസി പ്രവാഹണഃ വഹ്നിഃ അസി ഹവ്യ-വാഹന: ശ്വാത്രഃ അസി പ്രചേതാഃ തുഥഃ അസി വിശ്വവേദാഃ ഉശിഗ് അസി കവിഃ അംഘാരിഃ അസി ബംഭാരിഃ അസി അവസ്യു: അസി ദുവ-സ്വാൻ ശുന്ധ്യുഃ അസി മാർജാലീയഃ സമ്രാഡ് അസി കൃശാനുഃ പരിഷദ്യഃ അസി പവമാനഃ പ്രതക്ത്വാ അസി നഭസ്വാൻ അസംമൃഷ്ടഃ അസി ഹവ്യസൂദഃ ഋതധാമാ അസി സ്വ: ജ്യോതിഃ ബ്രഹ്മജ്യോതിഃ അസി സ്വഃ ധാമാ അജ; അസി ഏകപാത് അഹിഃ അസി ബുധ്നിയഃ രൗദ്രേണ അനികേന പാഹി മാ അഗ്നേ പിപൃഹി മാ മാ ഹിംസീഃ

മന്ത്രവും വിനിയോഗവും അർത്ഥവും

1. വിഭൂരസി പ്രവാഹണോ രൗദ്രേണാ നികേന|
പാഹിമാഽഗ്നേ പിപൃഹിമാ മാമാ ഹിംസീഃ |

ഈ മന്ത്രം ചൊല്ലി കുറെ മണ്ണ് കൊണ്ടുവന്നു് ആഗ്നീധ്ര മണ്ഡപത്തിൽ ഒരു വേദി ഉണ്ടാക്കുന്നു.

അല്ലയോ ആഗ്നീധ്രമണ്ഡപമേ! വിഭൂഃ അസി = നീ വിഭു ആകുന്നു. പ്രവാഹണഃ അസി = നീ ഹവിസ്സ് കൊണ്ടു പോകുന്നതാകുന്നു. ഹേ അഗ്നേ ! = അല്ലയോ അഗ്നേ ! രൗദ്രേണ അനികേന = ഉഗ്രമായ നിൻെറ സേനയാൽ, മാ പാഹി = എന്നെ രക്ഷിക്കുക. മാ വിപൃഹി = ഞാൻ ആഗ്രഹിച്ചഫലം എനിക്കു് ലഭിക്കട്ടെ മാമാഹിം സീഃ = എന്നെ ഉപദ്രവിക്കരുതു്.

2. വഹ്നിരസി ഹവ്യവാഹനഃ രൗദ്രേണാനികേന പാഹി മാഗ്നേ പിപൃഹി മാ മാ മാ ഹിം സീഃ
ഈ മന്ത്രം ചൊല്ലി "ഹോതാ" എന്ന ഋത്വക്കിനു് ഇരിക്കാൻ ഒരു വേദി തയാറാക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അല്ലയോ ഹോത്രിയ വേദി! നീ, ഹവ്യവാഹന:= ഹവിസ്സ് വഹിച്ചുകൊണ്ടു പോകുന്ന, വഹ്നിഃ അസി= അഗ്നി ആകുന്നു. ശേഷം മുൻപിലത്തെ മന്ത്രംപോലെ.

3. ശാത്രോ/സി പ്രചേതാഃ

ഈ മന്ത്രം ചൊല്ലി മിത്രാവരുണന്മാർക്കു ഒരു വേദി നിർമ്മിക്കുന്നു.
അല്ലയോ വേദി ! നീ, ശാത്രുഃ പ്രചേതാഃ അസി = മിത്രദേവതയുടേയും വരുണദേവതയുടേയും സ്ഥാനമാകുന്നു

4, തുഥോ/സി വിശ്വവേദാ:

ഈ മന്ത്രം ചൊല്ലി ബ്രാഹ്മണാശംസി എന്ന ഋത്വിക്കിന് ഒരു വേദി നിർമ്മിക്കുന്നു
അല്ലയോ വേദി! നീ ലോകം മുഴുവൻ അറിഞ്ഞ ദൂതനാകുന്നു.

5. ഉശിഗസി കവിഃ

ഈ മന്ത്രം ചൊല്ലി പോതാവിനു് ഒരു വേദി നിർമ്മിക്കുന്നു
ഹേ വേദി! നീ ഉശിഗ് = നല്ല ഉപദേശങ്ങളും തരുന്ന കവിഃ അസി = കവിയാകുന്നു.

6. അംഘാരി രസി ബംഭാരിരസി

ഈ മന്ത്രം ചൊല്ലി നേഷ്ടാവിനു് ഒരു വേദി നിർമ്മിക്കുന്നു
അല്ലയോ വേദി ! നീ, അംഘാരിഃ അസി = അംഘാരി എന്ന ദേവനാകുന്നു. ബംഭാരിഃ അസി = ബംഭാരി എന്ന ദേവനാകുന്നു. (അംഘാരിയും ബംഭാരിയും സോമത്തെ രക്ഷിക്കുന്ന ദേവന്മാരാകുന്നു)

7. അവസ്യുരസിദുവസ്വാൻ

ഈ മന്ത്രം ചൊല്ലി അച്ഛാവാകൻ എന്ന ആളിനു് ഒരു വേദി നിർമ്മിക്കുന്നു.

ഹേ വേദി ! നീ, അവസ്യുഃ അസി = അവസ്യു എന്ന വായു ആകുന്നു. ദുവസ്വാൻ അസി = ദുവസ്വാൻ എന്ന വായു ആകുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

8. ശുന്ധ്യൂരസി മാർജാലിയഃ
ഈ മന്ത്രം ചൊല്ലി കൈ കഴുകുന്നതിനും മററും ഒരു സ്ഥലം പ്രത്യേകം തയാറാക്കുന്നു.

ഹേ വേദി!നി. മാർജാലീയഃ = മാർജാലീയം എന്നു പ്രസിദ്ധവും, ശുന്ധ്യുഃ = സാധനങ്ങളെ പരിശുദ്ധമാക്കുന്നതും ആകുന്നു.

9. സമ്രാഡസികൃശാനുഃ
ഈ മന്ത്രം ചൊല്ലി അശ്വനിയാഗ്നിയെ സ്തുതിക്കുന്നു.
അല്ലയോ അശ്വനീയാഗ്നേ! അങ്ങ്, സമ്രാഡ് = സ്വയം പ്രകാശിക്കുന്ന, കൃശാനുഃ അസി = അഗ്നി ആകുന്നു.

10. പരിഷദ്യോ ƒ സിപവമാനഃ
ഈ മന്ത്രം ചൊല്ലി ഈശ്വരസ്തുതിക്കു് ഇരിക്കേണ്ട വേദിയെ സ്തുതിക്കുന്നു.
പരിഷദ്യഃ = ആളുകാംരക്ക് ഇരിക്കാൻ വേണ്ട വിസ്താരമുള്ളതും, പവമാനഃ = പരിശുദ്ധവും, അസി = ആകുന്നു

11. പ്രതക്ത്വാസിനഭസ്വാൻ
ഈ മന്ത്രം ചൊല്ലി മണ്ണെടുക്കാനുള്ള സ്ഥലത്തെ പുകഴ്ത്തുന്നു.
മണ്ണെടുക്കാനുള്ള സ്ഥലമേ ! നീ, പ്രതക്ത്വാ = മാനിന്റെ കൊമ്പിടാനുള്ളതും, നഭസ്വാൻ = ഐശ്വര്യത്തിനു് ഇരിപ്പിടവും ആകുന്നു.

12, അസംമൃഷ്ടേ ƒ സി ഹവ്യസൂദഃ
ഈ മന്ത്രം ചൊല്ലി യാഗമൃഗത്തെ കൊല്ലാനുള്ള വേദിയെ സ്തുതിക്കുന്നു.
യാഗമൃഗത്തെ കൊല്ലാനുള്ള സ്ഥലമേ ! നി അസംമൃഷ്ടഃ = രാക്ഷസരുടെ ബന്ധമില്ലാത്തതും. ഹവ്യസൂദഃ = യാഗത്തിന്റെ മാംസം പാകം ചെയ്യാനുള്ള സ്ഥലവും ആകുന്നു.

13. ഋതധാമാസി സുവർജ്യോതിഃ
ഈ മന്ത്രം ചൊല്ലി അത്തിമരത്തിന്റെ കൊമ്പിനെ സ്തുതിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഋതധാമാ അസി = നീ സാമഗാനം ചെയ്യുന്നവരുടെ ഇരിപ്പിടമാകുന്നു. സുവഃ ജ്യോതിഃ അസി = സ്വർഗ്ഗത്തെ പ്രകാശിപ്പിക്കുന്നതും ആകുന്നു.

14. ബ്രഹ്മജ്യോതിരസിസുവർധാമാ

ഈ മന്ത്രം ചൊല്ലി "ബ്രഹ്മാ" എന്ന പുരോഹിതൻ ഇരിക്കേണ്ട സ്ഥാനത്തെ സ്തുതിക്കുന്നു.

നീ ബ്രഹ്മജ്യോതിഃ = ബ്രഹ്മാ എന്ന പുരോഹിതൻെറ സ്ഥാനവും, സുവഃ ധാമാ = സ്വർഗ്ഗംപോലെ പ്രകാശിക്കുന്നതും ആകുന്നു.

15. അജോ/സ്യേ കപാത്

ഈ മന്ത്രം ചൊല്ലി ഗാർഹത്യാഗ്നിയെ സ്തുതിക്കുന്നു. ഏകപാത് അജഃ അസി = അങ്ങ് പൂരുട്ടാതി നക്ഷത്രത്തിൻെറ ഏകപാദ ദേവതയാകുന്നു.

16. അഹിരസി ബുധ്നിയഃ

ഇതും ഗാർഹപത്യാഗ്നിയെ സ്തുതിക്കാനുള്ളതാണ്.

അഹിർബുധ്നിയഃ അസി = അങ്ങ് അഹിർബുധ്നിയൻ എന്ന ദേവനാകുന്നു.

ഇതി തൃതീയോ/നുവാകഃ

അഥചതുർത്ഥോ/നുവാകഃ

സംഹിതാ—

ത്വം സോമതനുകൃദ്ഭ്യോ ദ്വേഷേഭ്യോ / ന്യകൃതേഭ്യ ഉരുയന്താസി വരൂഥം സ്വാഹാ ജുഷാണോ അപ്തുരാജ്യസ്യ വേതു സ്വാഹാ / യം നോ അഗ്നിർവരിവഃ കൃണോത്വയം മൃധഃ പുര ഏതുപ്രഭിന്ദൻ അയംശത്രൂൻ ജയതു ജർഹൃഷാണോ / യം വാജം ജയതു വാജസാതൗ । ഉരുവിഷ്ണോ വിക്രമസ്വോരു നഃ ക്ഷയായകൃധി। ഘൃതം ഘൃതയോനേപിബപ്ര പ്രയജ്ഞപതിം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തിര | സോമോജിഗാതി ഗാതുവിത് ദേവാനാമേതി നിഷ്‌കൃതമൃതസ്യ യോനിമാസദമദിത്യാഃ സദോഽസ്യദിത്യാഃ സദആസിദേഷവോ ദേവസവിതഃ സോമസ്തം രക്ഷധ്വംമാവോ ദഭേദേതത്ത്വം സോമദേവോ ദേവാനപാഗാ ഇദമഹം മനുഷ്യോ മനുഷ്യാൻ സഹപ്രജയാ സഹരായസ്പോഷേണ നമോ ദേവേഭ്യഃ സ്വധാപിതൃഭ്യ ഇദമഹം നിർവരുണസ്യ പാശാത്സ്വരഭി വിഖ്യേഷം വൈശ്വാനരം ജ്യോതിരഗ്നേ വ്രതപതേ ത്വം വ്രതാനംം വ്രതപതിരസി യാ മമ തന്ൂസ്ത്വയ്യഭൂദിയം സാമയിയാതവതന്ൂർമയ്യ ഭൂദേഷാ സാത്വയിയഥാ യഥം നൗ വ്രതപതേ വ്രതിനോ വ്രതാനി||

പദച്ഛേദം—ത്വം സോമ തനൂകൃദ്ഭ്യഃ ദ്വേഷേഭ്യഃ അന്യകൃതേഭ്യഃ ഉരു യന്താ അസി വരൂഥം സ്വാഹാജൂഷാണഃ അപ്തുഃ ആജ്യസ്യ വേതു സ്വാഹാ അയം നഃ അഗ്നിഃ വരിവഃ കൃണോതു അയം മൃധഃ പുരഃ ഏതു പ്ര ഭിന്ദൻ അയം ശത്രൂൻ ജയതു ജർഹൃഷാണഃ അയം വാജം ജയതു വാജസാതൗ ഉരു വിഷ്ണോ വിക്രമസ്വ ഉരു ക്ഷയായ നഃ കൃധി ഘൃതം ഘൃതയോനേ പിബ പ്ര പ്ര യജ്ഞപതിം തിര സ്വാഹാ സോമഃ ജിഗാതി ഗാതുവിത് ദേവാനാം ഏതി നിഷ്കൃതം ഋതസ്യ യോനിം ആസദം അദിത്യാഃ സദഃ അസി അദിത്യാഃ സദഃ ആസീദം ഏഷഃ വ: ദേവ സവിതഃ സോമഃ തം രക്ഷധ്വം ഏതത് ത്വം ദേവ സോമ ദേവഃ ദേവാൻ ഉപ അഗാഃ ഇദം അഹം മനുഷ്യഃ മനുഷ്യാൻ സഹ പ്രജയാ സഹ രായസ്പോഷേണ നമഃ ദേവേഭ്യഃ സ്വധാ പിതൃഭ്യഃ ഇദം അഹം നിഃ വരുണസ്യ പാശാത് സുവഃ അഭി വി ഖ്യേഷം വൈശ്വാനരം ജ്യോതിഃ അഗ്നേ വ്രതപതേ ത്വം വ്രതാനാം വ്രതപതിഃ അസി യാ മമ തന്ൂഃ ത്വയി അഭൂത് ഇയം സാ മയി യാ തവ തന്ൂഃ യദ് അഭൂത് ഇയം യാ സാ മയി യാ തവ തന്ൂഃ മയി അഭൂത് ഏഷാ സാ ത്വയി യഥായഥം നൗ വ്രതപതേ വ്രതിനഃ വ്രതാനി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മന്ത്രവും വിനിയോഗവും അർത്ഥവും

1. ത്വം സോമ തനൂ കൃദ്ഭ്യോ ദ്വേഷോഭ്യോ ƒ ന്യ കൃതേഭ്യഃ
ഉരുയന്താസി വരൂഥം സ്വാഹാ.

ഈ മന്ത്രം ചൊല്ലി ഗാർഹ പത്യാഗ്നായിൽ ഹോമിയ്ക്കുന്നു. ഹേ സോമ = അല്ലയോ സോമമേ! നീ, തനൂ കൃദ്ഭ്യഃ = രാക്ഷസന്മാരിൽ നിന്നും, ദ്വേഷോഭ്യഃ = ഞങ്ങളുടെ ശത്രുക്കളിൽ നിന്നും, അന്യകൃതേഭ്യഃ = മററുള്ളവരിൽ നിന്നും ഉണ്ടാകാവുന്ന പിഡയിൽ നിന്നു്, ഉരു വരൂഥം = വളരെ വലിയ, യന്താ അസി = രാക്ഷസ്ഥാനം ആകുന്നു. സ്വാഹാ = ഞാൻ ഹോമം കഴിയ്ക്കുന്നു.

2. ജുഷാണോ അപ്തു രാജ്യസ്യ വേതു സ്വാഹാ

ഈ മന്ത്രവും ചൊല്ലി ഗാർഹ പത്യാഗ്നിയിൽ ഹോമിക്കുന്നു ഹേ സോമ = ഞല്ലയോ സോമമേ! നീ, ജുഷാണഃ = ഞങ്ങളിൽ സ്നേഹമുള്ളവനായി, അപ്തുഃ = ചെറിയ ശരീരത്തോടുകൂടിയവനായി, ആജ്യസ്യ വേതു = നെയ്യ് സ്വീകരിച്ചാലും. സ്വാഹാ = ഞാൻ ഹോമം ചെയ്യുന്നു.

3. അയം നോഅഗ്നിർവരിവഃ കൃണോ ത്വയം മൃധഃ
പുരഃ ഏതു പ്രഭിന്ദൻ! അയം ശത്രൂൻ ജയതുജർ ഹൃഷാണോഃ
/ യം വാജം ജയതു വാജസാതൗ !

ഈ മന്ത്രം ചൊല്ലിക്കൊണ്ടു് യജമാനൻ പ്രധാന പുരോഹിതൻ ബ്രഹ്മാ എന്നിവർ ഗാർഹ പത്യാഗ്നിയും സോമലതയും എടുത്തു കൊണ്ടു് ആഗ്നിധ്രന്റെ അടുക്കൽ ചെല്ലുന്നു.

അയം അഗ്നിഃ = ഈ അഗ്നി, വരിവഃ കൃണോതു = ഞങ്ങൾക്കു നല്ലതു ചെയ്യട്ടെ. അയം = ഈ അഗ്നി മൃധഃ പ്രഭിന്ദൻ = ശത്രുക്കളെ പേടിപ്പിച്ചു് കൊണ്ടു്, പുരഃ ഏതു = മുന്നോട്ടു പോകട്ടെ അയം = ഈ അഗ്നി, ജർഹൃഷാണഃ = മനസ്സിനെ അപഹരിച്ചു കൊണ്ടു്, ശത്രൂൻ ജയതു = ശത്രുക്കളെ ജയിയ്ക്കട്ടെ അയം = ഈ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഗ്നി, വാജസാ തൗ = ഭക്ഷ്യധാന്യത്തിനു് വേണ്ടിയുള്ള യുദ്ധത്തിൽ, വാജം ജയതു = ജയം നേടട്ടെ.

4. ഉരുവിഷ്ണോ വിക്രമസ്വോരു ക്ഷയായ നഃ കൃധി
ഘൃതം ഘൃതയോ നേപിബ പ്ര പ്ര യജ്ഞപതിം
തിര സ്വാഹാ

ഈ മന്ത്രം ചൊല്ലി ആഹവനിയാഗ്നിയിൽ ഹോമം ചെയ്യുന്നു.

ഹേ വിഷ്ണോ = എല്ലാ സ്ഥലത്തും വ്യാപിച്ചിരിക്കുന്ന അല്ലയോ ആഹവനിയാഗ്നേ! ഉരുവിക്രമസ്വ = ശത്രുക്കളോടു വലിയ പരാക്രമം കാണിയ്ക്കുക. നഃ ക്ഷയായ കൃധി = ഞങ്ങൾക്കു് ധനം ഭൂമിമുതലായവ തന്നാലും, ഘൃതയോ- നേ = നെയ്യ് കൊണ്ടു് വർദ്ധിയ്ക്കുന്ന ജ്വാലകളോടുകൂടിയ അല്ലയോ അഗ്നേ! ഘൃതം പിബ = നെയ്യ് കുടിയ്ക്കുക. യജ്ഞപതിം പ്ര പ്രതിര = യജമാനനെ വർദ്ധിപ്പിയ്ക്കുക.

5. സോമോജിഗാതി ഗാതു വിദ്ദേവാനാമേതി
നിഷ്കൃതഃ ഘൃതസ്യയോനിമാസദം

യജമാനൻ ഈ മന്ത്രം ചൊല്ലി സോമലത എടുത്തുകൊണ്ടു് ഹവിർധാന മണ്ഡപത്തിലേക്കു് പോകുന്നു.

ഗാതു വിത് = വഴി അറിയാവുന്ന സോമലത, ജിഗാതി = ഹവിർധാനമണ്ഡപത്തിലേക്കു് പോകുന്നു. നിഷ്- കൃതം = അലങ്കരിക്കപ്പെട്ടതും, ഋതസ്യ യോനിം = യാഗത്തിനു് കാരണവും ആയ, ദേവാനാം സദനം = ദേവന്മാർ താമസിക്കുന്ന സ്ഥലത്തേക്കു് ഏതി = പോകുന്നു

6. അദിത്യാഃസദോഽസി

ഈ മന്ത്രം ചൊല്ലി ഹവിർധാനമണ്ഡപത്തിൽ മാൻ തോലു് വിരിക്കുന്നു

ഹേ കൃഷ്ണാജിനമേ ! നീ അദിത്യാഃ സദഃഅസി = ഭൂമിദേവിയുടെ ആസ്ഥാനമാകുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

7. അദിത്യാഃസദ ആസീദ

ഈ മന്ത്രം ചൊല്ലി സോമലത ഹവിർധാന മണ്ഡപത്തിൽ മാൻതോലിൻെറ മുകളിൽ വെയ്ക്കുന്നു.

അല്ലയോ സോമമേ ! നീ
അദിത്യാഃ സദഃ = ഭൂമിദേവിയുടെ ആസ്ഥാനത്തിൽ, ആസീദ = ഇരുന്നാലും

8. ഏഷവോ ദേവ സവിത സ്സോമസ്തം
രക്ഷധ്വം മാ വോദഭത്

ഈ മന്ത്രം ചൊല്ലി സോമലത രക്ഷിക്കുന്നതിനു് യജമാനൻ ദേവന്മാരോട് അപേക്ഷിക്കുന്നു.
ഹേ സവിതഃ ദേവ = സർവ്വ പ്രേരകൻമാരായ ദേവന്മാരെ! ഏഷഃ = ഇതു് (ഇതുവരെ യജമാനനാൽ സൂക്ഷിക്കപ്പെട്ടതു്) വഃ സോമഃ = നിങ്ങളുടെ സോമമാണു്. തം രക്ഷധ്വം = അതിനെ രക്ഷിച്ചാലും. വഃ മാ ദഭത് = നിങ്ങളെ ആരും ഉപദ്രവിക്കയില്ല.

9. ഏതത്ത്വം സോമദേവോ ദേവാനുപാഗാഃ

യജമാനൻ സോമലതയെ അഭിസംബോധന ചെയ്തു ചൊല്ലുന്ന മന്ത്രമാണു് ഇതു്.

ഹേ സോമ = അല്ലയോ സോമ ! ത്വം ദേവഃ = നീ ദേവനായിത്തീർന്നു. ഏതത് = ഇപ്പോൾ ദേവാൻ ഉപാഗാഃ = ദേവന്മാരെ പ്രാപിച്ചിരിക്കുന്നു.

10. ഇദമഹം മനുഷ്യോ മനുഷ്യാൻ സഹപ്രജയാ സഹരായസ്പോഷേണ

ഈ മന്ത്രം ചൊല്ലി യജമാനൻ ഹവിർധാന മണ്ഡപത്തിൽ നിന്നു് പോകുന്നു.
പ്രജയാ = സന്താനങ്ങളോടും, രായസ്പോഷേണ സഹ = ധനത്തോടും കൂടി ഇരിക്കുന്ന, മനുഷ്യഃ അഹം = മനുഷ്യനായ ഞാൻ, മനുഷ്യാൻ ഇദം = മനുഷ്യരെ പ്രാപിച്ചിരിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

11. നമോ ദേ വേഭ്യഃ

ഈ മന്ത്രം ചൊല്ലി യജമാനൻ കൈകൂപ്പികൊണ്ട് കിഴക്കോട്ട് നോക്കിനില്ക്കുന്നു.

ദേവേഭ്യഃ നമഃ = ദേവന്മാക്കു നമസ്ക്കാരം.

12. സ്വധാ പിതൃഭ്യഃ

ഈ മന്ത്രം ചൊല്ലി യജമാനൻ തെക്കോട്ടു നോക്കി നില്ക്കുന്നു.

പിതൃഭ്യഃ സ്വധാ = പിതൃക്കാംക്ക് സ്വധാ

13. ഇദമഹം നിർവരുണസ്യ പാശാത്

ഈ മന്ത്രം ചൊല്ലി യജമാനൻ ഹവിർധാന മണ്ഡപത്തിൽ നിന്ന് അല്പം മാറിയിരിക്കുന്നു.

ഇദം = ഇപ്പോൾ, വരുണസ്യ പാശാത് = വരുണന്റെ പാശത്തിൽ നിന്ന്, അഹം നിർമ്മുക്തഃ = ഞാൻ മുക്തനായിരിയ്ക്കുന്നു.

14. സുവരഭിവിഖ്യേഷം

ഈ മന്ത്രം ചൊല്ലി യജമാനൻ എല്ലാ വേദികളേയും നോക്കുന്നു.

സ്വർഗ ലാഭത്തിന് വേണ്ടിയുള്ള ഈ യാഗത്തിൽ, സുവഃ അഭി — സ്വർഗ്ഗ സദൃശമായ ഈ യാഗശാലയെ വിഖ്യേഷം = ഞാൻ നോക്കുന്നു.

15. വൈശ്വാനരം ജ്യോതിഃ

ഈ മന്ത്രം ചൊല്ലി യജമാനൻ ആഹ വനിയാഗ്നിയെ നോക്കുന്നു.

വൈശ്വാനരം ജ്യോതിഃ = സ്വർഗ്ഗത്തെ പ്രകാശിപ്പ്യ്ക്കുന്ന ആഹ വനീയാഗ്നിയെ ഞാൻ നോക്കുന്നു.

16. അഗ്നേ വ്രതപതേ ത്വം വ്രതാനാം വ്രതപതിരസി
യാ മമ തനൂ സ്ത്വയ്യ ഭൂദിയം യാസാമയിയാ
തവ തനൂ ർമയ്യ ഭൂദേഷാ സാ ത്വയി യഥായഥം നൗ
വ്രതപതേ വ്രതിനോ വ്രതാനി.

ഈ മന്ത്രം ചൊല്ലി യജമാനൻ ആഹവനിയാഗ്നി യെ സ്തുതിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹേവ്രതപതേ അഗ്നേ = വ്രതത്തിനധിപതിയായ അല്ലയോ അഗ്നേ ! അങ്ങ്, വ്രതാനാം വ്രതപതിഃ അസി = എല്ലാ വ്രതങ്ങളുടേയും അധിപതിയായിരിക്കുന്നു. മമ യാതനൂഃ = എന്റെ യാതൊരു ശരീരമുണ്ടോ, ഏഷാ സാത്വയി = അതു് അങ്ങയിൽ അർപ്പിച്ചിരിക്കുന്നു. തവയാതനൂഃ = അങ്ങയുടെ യാതൊരു ശരീരമുണ്ടോ, ഇയം സാ മയി = അതു് എന്നിൽ ആയിരിക്കുന്നു. വ്രതപതേ വ്രതങ്ങൾക്കധിപനായ അല്ലയോ അഗ്നേ! നൌ = നമ്മൾ രണ്ടുപേരുടേയും, വ്രതാനി = വ്രതം, സഹ = ഒരുമിച്ചു് നടക്കട്ടെ.

ഇതിചതുർത്ഥോഽനുവാകഃ

അഥപഞ്ചമോഽനുവാകഃ

സംഹിതാ—

അത്യ ന്യാന ഗാം നാന്യാന്ന പാഗാമർവാക് ത്വാ പരൈരവിദം പരോഽവരൈസ്തം ത്വാ ജുഷേ വൈഷ്ണവം ദേവയജ്യായൈ ദേവസ്ത്വാ സവിതാ മധ്വാനക്തോഷധേ ത്രായസ്വൈനം സ്വധിതേ മൈനം ഹിം സീർദിവ മഗ്രേണ മാലേഖീരന്തരിക്ഷം മദ്ധ്യേന മാഹിംസീഃ പൃഥി വ്യാസംഭവ വനസ്പതേ ശതവൽ ശോവിരോഹ സഹസ്രവൽശാ വിവയം രുഹേമ യംത്വായം സ്വധിതിസ്തേതിജാനഃ പ്രണിനായ മഹതേ! സൗഭഗായാച്ഛിന്നോരായഃ ॥ (60)

പദച്ഛേദം—

അതി അന്യാൻ അഗാം ന അന്യാൻ ഉപ അഗാം അർവാക് ത്വാ പരൈഃ അവിദം പരഃ അവരൈഃ തം ത്വാ ജുഷേ വൈഷ്ണവം ദേവജ്യായൈ ദേവഃ ത്വാ സവിതാ മധ്വാ അനക്തു ഓഷധേ ത്രായസ്വ ഏനം സ്വധിതേ മാ ഏനം ഹിംസീഃ ദിവം അഗ്രേണ മാ ലേഖീഃ അന്തരിക്ഷം മദ്ധ്യേന മാ ഹിംസീഃ പൃഥിവ്യാ സം ഭവ വനസ്പതേ ശതവൽ ശഃ വി രോഹ സഹസ്രവൽ ശാഃ വി. വയം രുഹേമ യം ത്വാ അയം സ്വധിതിഃ തേതിജാനഃ പ്ര നിനായ മഹതേ സൗഭഗായ അച്ഛിന്നഃ രായഃ സുവീരഃ।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മന്ത്രവും വിനിയോഗവും അർത്ഥവും

1. അത്യന്യാനഗാം നാന്യാന്മ പാഗാം അർവാക്
തവാ പരൈര രവിദം പരോഽവരൈഃ।

യജമാനൻ യൂപത്തിന് മുറിച്ചെടുക്കാൻ ഉദ്ദേശിച്ചിരിക്കുന്ന വൃക്ഷത്തിന്റെ അടുക്കൽ ചെന്ന് അതിനെ ഈ മന്ത്രം ചൊല്ലി സ്തുതിക്കുന്നു.

ഹേ വൃക്ഷ = അല്ലയോ വൃക്ഷമേ! അതി അന്യാൻ അഗാം = മററ് വൃക്ഷങ്ങളെ കടന്ന് നിന്റെ സമീപത്തിൽ വന്നിരിക്കുയാണ്. അന്യാൻ ന ഉപാഗാം = മററു വൃക്ഷങ്ങളുടെ സമീപത്തിൽ പോയില്ല. അർവാക്പരൈഃ = ഉൽകൃഷ്ട ലക്ഷണങ്ങളോടുകൂടിയതും, അവരൈഃ പരഃ = ദോഷലക്ഷണങ്ങളും ഇല്ലാത്തതുമായ, തവാ = നിന്നെ അവിദം = ഞാൻ ആശ്രയിച്ചിരിക്കുന്നു.

2. തം ത്വാ ജുഷേ വൈഷ്ണവം ദേവയജ്യായൈ
ഈ മന്ത്രം ചൊല്ലി യൂപത്തിന് ഉദ്ദേശിച്ചിരിക്കുന്ന വൃക്ഷത്തെ തൊടുന്നു.

തം = അപ്രകാരമുള്ളതും, വൈഷ്ണവം = വിഷ്ണുദൈവതവുമായ, ത്വാ = നിന്നെ, ദേവയാജ്യായൈ = ദേവയാഗത്തിനുവേണ്ടി, ജുഷേ = ഞാൻ ആശ്രയിക്കുന്നു.

3. ദേവസ്ത്വാസവിതാ മധ്വാ നക്തു
ഈ മന്ത്രം ചൊല്ലി യൂപത്തിനുള്ള വൃക്ഷത്തിന്റെ ചുവട്ടിൽ നെയ് പുരട്ടുന്നു.

സവിതാ ദേവഃ = സവിതൃദേവൻ, ത്വാ = നിന്നെ, മധ്വാ അനക്തു = നെയ്യ് കൊണ്ടു നനയ്ക്കട്ടെ.

4. ഓഷധേ ത്രായസ്വൈനം
ഈ മന്ത്രം ചൊല്ലി യൂപ വൃക്ഷത്തിന്റെ ചുവട്ടിൽ ദർഭ വെയ്ക്കുന്നു.
ഓഷധേ = അല്ലയോ ദർഭപ്പുല്ലേ! ഏനം ത്രായസ്വ = ഈ വൃക്ഷത്തെ രക്ഷിക്കുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

5. സ്വധിതേ മൈനം ഹിംസീഃ
ഈ മന്ത്രം ചൊല്ലി നെയ് പുരട്ടിയ സ്ഥലത്തുവെച്ച് ആ മരം മുറിക്കുന്നു.

സ്വധിതേ = അല്ലയോ കോടാലി! ഏനം = ഈ വൃക്ഷത്തെ, മാഹിംസീഃ = ഉപദ്രവിക്കരുത്.

6. ദിവമഗ്രേണമാലേഖിരന്തരിക്ഷം മദ്ധ്യേന
മാ ഹിം സീഃ പൃഥിവ്യാ സംഭവ
ഈ മന്ത്രം ചൊല്ലി മരം വെട്ടി വീഴ്ത്തുന്നു.

ഹേ വൃക്ഷ = അല്ലയോ വൃക്ഷമേ! അഗ്രേണ = അഗ്രഭാഗം കൊണ്ട്, ദിവം മാലേഖീഃ = സ്വർഗ്ഗത്തെ ഹിംസിക്കരുത്, മദ്ധ്യേന = മദ്ധ്യഭാഗം കൊണ്ട്, അന്തരിക്ഷം മാ ഹിംസീഃ = അന്തരീക്ഷത്തെ ഹിംസിക്കരുത്. പൃഥിവ്യാ സംഭവ = ഭൂമിയോട് ചേന്ന് കിടക്കുക.

7. വനസ്പതേ ശതവൽ ശോ വിരോഹ
ഈ മന്ത്രം ചൊല്ലി വെട്ടിയിട്ട മരത്തിന്റെ ചുവട്ടിൽ ഹോമം കഴിക്കുന്നു.

വനസ്പതേ = അല്ലയോ വൃക്ഷമേ! നീ ശതവൽശഃ വിരോഹ = നൂറു മുളകളോടുകൂടി വളന്നുവന്നാലും.

8. സഹസ്രവൽശാ വിവയം രു ഹേ മ
ഇതും മരത്തിന്റെ ചുവട്ടിൽ ഹോമത്തിനു ചൊല്ലേണ്ട മന്ത്രമാണ്.

വയം = ഞങ്ങൾ, സഹസ്രവൽശാഃ = അനേകം സന്താനങ്ങളോടുകൂടി, വിരുഹേമ = വളന്നുവരട്ടെ.

9. യം ത്വാ യം സ്വ ധിതിസ്തേതിജാനഃ പ്രണിനായ മഹതേ സൗഭഗായ
ഈ മന്ത്രം ചൊല്ലി മുറിച്ച് താഴെയിട്ട മരത്തിന്റെ കൊമ്പുകൾ മുറിച്ചുകളയുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹേ വൃക്ഷ = അല്ലയോ വൃക്ഷമേ ! തേതിജാനഃ അയം സ്വധിതിഃ = മൂർച്ചയുള്ള ഈ കോടാലി, യം ത്വാ = യാതൊരു നിന്നെ, മഹതേ സൗഭഗായ = വലിയ സൗഭഗ്യേത്തിന്ന് വേണ്ടി, പ്രണിനായ = യൂപമാക്കി ചെയ്യുന്നു

10. അച്ഛിഭന്നോ രായസ്സുവിരഃ
ഈ മന്ത്രം ചൊല്ലി യൂപത്തിനാവശ്യമുള്ള നിളത്തിൽ തടി മുറിച്ചെടുക്കുന്നു.

ഹേ യൂപ = അല്ലയോ യൂപമേ ! നീ, അച്ഛിന്നഃ = വെട്ടിയതുകൊണ്ടുള്ള വേദന ഇല്ലാത്തതായി, സുവീരഃ = നല്ല പുത്രന്മാരെയും, രായഃ = ധനവും യജമാനന്ന് കൊടുത്താലും.

ഇതി പഞ്ചമോfനുവാകഃ

അഥഷഷ്ഠോfനുവാകഃ

സംഹിതാ—

പൃഥിവൈ്യത്വാന്തരീക്ഷായത്വാ ദിവേ ത്വാ ശുന്ധതാം പിതൃഷദനോ യവോfസി യവ യാസ്മദ് ദ്വേഷോ യവയാ-രാതീഃ പിതൃണാം സദനമസി। സ്വാവേശോfസ്യഗ്രേഗാ നേതൃണാം വനസ്പതിരധി ത്വാ സ്ഥാസ്യതി തസ്യ വിത്താദ് ദേവസ്ത്വാ സവിതാ മധ്വാനക്തു സുപിപ്പലാഭ്യ-സ്തൗഷധീഭ്യഃ ഉദ്ദിവം സ്തഭാനാന്തരീക്ഷം പൃണ പൃഥിവീ-മുപരേണ ദൃംഹ തേ്തധാമാന്യ ശ്മസി ഗമധ്യേ ഗാവോയത്ര ഭൂരി ശൃംഗാ അയാസഃ। അത്രാഹ തദുരു ഗായസ്യ വിഷ്ണോ: പരമം പദമവഭാതി ഭൂരേഃ] വിഷ്ണോഃ കർമാണി പശ്യത യതോ വ്രതാനി പസ്പശേ। ഇന്ദ്രസ്യയുജ്യഃ സഖാ] തദ്വിഷ്ണേഃ പരമം പദം സദാ പശ്യന്തി സൂരയഃ] ദിവീവ ചക്ഷുരാതതം ബ്രഹ്മവനിം ത്വാ ക്ഷത്രവനിം സുപ്രജാവനിം രായ സ്പോഷ-വനിം പർയൂഹാമി ബ്രഹ്മ ദൃംഹ ക്ഷത്രം ദൃംഹ പ്രജാം ദൃംഹ രായ സ്പോഷം ദൃംഹ പരിവീരസി പരിത്വാ ദൈവിർവി-ശോ വ്യയന്താം പരിമം രായ സ്പോഷോ യജമാനം മനുഷ്യാ അന്തരിക്ഷസ്യ ത്വാ സാനാവവഗൂഹാമി ।।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പദച്ഛേദം

പൃഥിവ്യൈ ത്വാ അന്തരീക്ഷായ ത്വാ ദിവേ ത്വാ ശുന്ധതാഃ ലോകഃ പിതൃഷദനഃ യവഃ അസി യവയ അസ്മദ്ദ്വേഷഃ യവയ അരാതിഃ പിതൃണാം സദനം അസി സ്വാവേശഃ അഗ്രേഗാ നേതൃണാം വനസ്പതിഃ അധി ത്വാ സ്ഥാസ്യതി തസ്യ വിത്താത് സുപിപ്പലാഭ്യഃ ത്വാ ഓഷധീഭ്യഃ ദേവഃ ത്വാ സവിതാ മധ്വാ അനക്തു ഉദ് ദിവം സ്തഭാന ആ അന്തരീക്ഷം പൃണ പൃഥിവീം ഉപരേണ ദൃംഹ തേ തേ ധാമാനി ഉശ്മസി ഗമദ്ധ്യൈ ഗാവഃ യത്ര ഭൂരിശൃംഗാഃ അയാസഃ അത്ര അഹ തദ് ഉരുഗായസ്യ വിഷ്ണോഃ പരമം പദം അവ ഭാതി ഭൂരേഃ വിഷ്ണോഃ കർമാണി പശ്യത യതഃ വ്രതാനി പസ്പശേ ഇന്ദ്രസ്യ യുജ്യഃ സഖാ തദ് വിഷ്ണോഃ പരമം പദം സദാ പശ്യന്തി സൂരയഃ ദിവി ഇവ ചക്ഷുഃ ആതതം ബ്രഹ്മവനീം ത്വാ ക്ഷത്രവനിം സുപ്രജാവനിം രായസ്പോഷവനിം പരി ഊഹാമി ബ്രഹ്മ ദൃംഹ ക്ഷത്രം ദൃംഹ പ്രജാം ദൃംഹ രായസ്പോഷം ദൃംഹ പരിവീഃ അസി പരി ത്വാ ദൈവീഃ വിശഃ വ്യയന്താം പരി ഇമം രായസ്പോഷഃ യജമാനം മനുഷ്യാഃ അന്തരിക്ഷസ്യ ത്വാ സാനൗ അവ ഗൂഹാമി.

മന്ത്രവും വിനിയോഗവും അർത്ഥവും

1. പൃഥിവ്യൈത്വാ

ഈ മന്ത്രം ചൊല്ലി യൂപത്തിന്റെ ചുവട്ടിൽ വെള്ളം തളിക്കുന്നു.

അല്ലയോ യൂപമേ! പൃഥിവ്യൈ = ഭൂമിക്ക് വേണ്ടി, ത്വാ = നിന്നെ, വെള്ളം കൊണ്ടു് നനയ്ക്കുന്നു.

2. **അന്തരീക്ഷായ ത്വാ**

ഈ മന്ത്രം ചൊല്ലി. യൂപത്തിന്റെ മദ്ധ്യ ഭാഗത്തിൽ വെള്ളം തളിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹേ യൂപ! അന്തരിക്ഷായ = അന്തരിക്ഷത്തിനു് വേണ്ടി, ത്വാ = നിന്നെ, വെള്ളം കൊണ്ടു് നനയ്ക്കുന്നു.

3. ദിവേ ത്വാ

ഈ മന്ത്രം ചൊല്ലി യൂപത്തിന്റെ അഗ്രത്തിൽ വെള്ളം തളിക്കുന്നു.

ഹേ യൂപ! ദിവേ = സ്വർഗത്തിനു് വേണ്ടി ത്വാ = നിന്നെ വെള്ളം കൊണ്ടു് നനയ്ക്കുന്നു.

4. ശുന്ധതാം ലോകഃ പിതൃഷദനഃ

ഈ മന്ത്രം ചൊല്ലി യൂപം നാട്ടാനുള്ള കുഴിയിൽ വെള്ളം ഒഴിക്കുന്നു.

പിതൃഷദനഃ ലോക: = പിതൃലോകത്തിൽ വസിക്കുന്നവർ, ശുന്ധതാം = പരിശുദ്ധരാകട്ടെ.

5. യവോഽസിയവയാസ്മ ദ്വേഷോ യവയാരാതീ:

ഈ മന്ത്രം ചൊല്ലി യൂപം നാട്ടാനുള്ള കുഴിയിൽ കുറെ യവം ഇടുന്നു

യവഃ അസി = നീയവം ആകുന്നു. അസ്മദ്വേഷഃ യവയ = ഞങ്ങളെ വെറുക്കുന്നവരെ നശിപ്പിക്കുക അരാതീഃ യവയ = ഞങ്ങളുടെ ശത്രുക്കളെ നശിപ്പിക്കുക.

6. പിതൃണാം സദനമസി

ഈ മന്ത്രം ചൊല്ലി യൂപം നാട്ടാനുള്ള കുഴിയിൽ ദർഭ ഇടുന്നു.

പിതൃണാം സദനം അസി = നീ പിതൃക്കളുടെ വാസസ്ഥാനമാകുന്നു.

7. സ്വാവേശോഽസ്യഗ്രേഗാനേതൃണാം വനസ്പതിരധിത്വാ സ്ഥാസ്യതി തസ്യവിത്താത്

ഈ മന്ത്രം ചൊല്ലി തടിയുടെ ചെറിയ ചീളികൾ യൂപം നാട്ടാനുള്ള കുഴിയിൽ ഇടുന്നു.

തടിയുടെ ചെറിയ ശകലങ്ങളെ ! നിങ്ങൾ സ്വാവേശഃ = യൂപത്തെ നല്ലപോലെ ഉറപ്പിക്കുന്നതിനു വേണ്ടി, നേതൃണാം അഗ്രേഗാ = യൂപം താഴെ വീഴാതെ സൂക്ഷിക്കു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്നതിൽ പ്രഥമസ്ഥാനം അർഹിക്കുന്നു. വനസ്പതിഃ = യൂപം, ത്വാ അധിസ്ഥാസ്യതി = നിന്നെ ആശ്രിയച്ചിരിക്കുന്നു തസ്യ വിത്താത് = അതു് നീ അറിഞ്ഞാലും.

8. സുപിപ്പലാഭ്യ സ്ത്വൗഷ ധീഭ്യഃ

ഈ മന്ത്രം ചൊല്ലി ഒരു മരവളയം യൂപത്തിന്റെ മുകളിൽ ഇടുന്നു.

അല്ലയോ വളയമേ! സുപിപ്പലാഭ്യഃ = നല്ല ഫലം തരുന്ന, ഓഷധീഭ്യഃ = ഓഷധികൾക്ക വേണ്ടി നിന്നെ ഈ തൂണിൽ ഇടുന്നു.

9. ദേവസ്ത്വാ സവിതാമധ്വാനക്തു

ഈ മന്ത്രം ചൊലി യൂപത്തിൽ നെയ്യ് പുരട്ടുന്നു.

ഹേ യൂപമെ ! സവിതാ ദേവഃ = സവിതൃദേവൻ, ത്വാ മധ്വാ അനക്തു = നിണെ നെയ്യ് കൊണ്ടു നനയ്ക്കട്ടെ.

10. ഉദ്ദിവം സ്തഭാനാƒന്തരിക്ഷം പൃണ
പൃഥിവി മുപരേണ ദൃംഹ

ഈ മന്ത്രം ചൊല്ലി തറയിൽ കിടക്കുന്ന യൂപത്തെ തൂണു പോലെ നിറുത്തുന്നു.

ഹേ യൂപ = അല്ലയോ യൂപമെ! ഉദ്ദിവം സ്തഭാന = മുകളിലുള്ള സ്വർഗ്ഗത്തെ പ്രാപിയ്ക്കുക. അന്തരീക്ഷം ആപൃണ = അന്തരിക്ഷത്തിനു് ചുററം നിൽക്കുക. ഉപരേണ = യൂപത്തിന്റെ ചുവടു കൊണ്ടു്, പൃഥിവീം ദൃംഹ = ഭൂമിയെ വദ്ധിപ്പിയ്ക്കുക.

11. തെതെധാമാന്യ ശ്മസിഗമദ്ധ്യെ ഗാവോ യത്ര
ഭൂരി ശൃംഗാ അയാസഃ। അത്രാഹതദുരുഗായസ്യ
വിഷ്ണോഃ പരമം പദമവ ഭാതിഭൂരേഃ

ഈ മന്ത്രം ചൊല്ലി കുഴിയിൽ നിറുത്തുന്നു.

ഹേ വിഷ്ണോ ! തേ തേ ധാമാനി = അങ്ങയുടെ സ്ഥാനങ്ങളെ, ഗമദ്ധ്യൈ ഉശ്മസി = പ്രാപിക്കാൻ ഞാൻ ആഗ്ര

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹിക്കുന്നു. യത്ര = യാതൊരു സ്ഥലത്തു, ഗാവഃ = പോകുന്നവർ, ഭൂരി ശൃംഗാഃ = നല്ലപോലെ പ്രകാശിക്കുന്നവരായി, അയാസഃ = അവിടെ നിന്നു. മാറിപ്പോകാതിരിക്കുന്നുവോ അവിടെ, ഉരുഗായസ്യ = മഹാന്മാരാൽ സ്തുതിക്കപ്പെടുന്നവനും, ഭൂരേഃ = മഹാനുമായ, വിഷ്ണോഃ = വിഷ്ണുവിൻെറ, പരമം പദം = ശ്രേഷ്ഠമായ സ്ഥാനം, അവഭാതി = ശോഭിക്കുന്നുവോ, അത്ര അഹ = അവിടെത്തന്നെ, യാഗകർമ്മത്തിന് വേണ്ടി യൂപം ഉറച്ച് നിൽക്കട്ടെ.

12. വിഷ്ണോഃ കർമാണി പശ്യത യതോ വ്രതാനിപസ്പശേ ഇന്ദ്രസ്യയുജ്യഃ സഖാ

ഈ മന്ത്രം ചൊല്ലി നെയ്പുരട്ടിയ ഭാഗം അഗ്നിക്കഭിമുഖമായി വരത്തക്കവിധം യൂപം തിരിച്ചു നിറുത്തുന്നു.

യതഃ = യാതൊരു കർമ്മത്തിൽ നിന്ന്. വ്രതാനി പസ്പശേ = വ്രതങ്ങൾ ഉണ്ടായോ, ആ വിഷ്ണു, ഇന്ദ്രസ്യ = ദേവേന്ദ്രന്, യുജ്യഃസഖാ = യോജിച്ച കൂട്ടുകാരനാണ്. വിഷ്ണോഃ = അപ്രകാരമുള്ള വിഷ്ണുവിൻെറ, കർമാണി സൃഷ്ടിസ്ഥിതി സംഹാര രൂപമായ കർമങ്ങൾ, പശ്യത = കാണുവിൻ.

13. തദ്വിഷ്ണോഃ പരമം പദം സദാപശ്യന്തിസൂരയഃ ദിവീവ ചക്ഷുരാതതം

ഈ മന്ത്രം ചൊല്ലി യൂപത്തിൻെറ അഗ്രഭാഗം ആഹവനീയാഗ്നിയുടെ സമീപത്തിലാകത്തക്കവിധം അല്പം ചായ്ക്കുന്നു. സൂരയഃ = അറിവുള്ളവർ ദിവി = സ്വർഗ്ഗത്തിൽ ചക്ഷുഃ ഇവ ആതതം = കണ്ണുപോലെ വിസ്തീർണ്ണമായിരിക്കുന്ന., വിഷ്ണോഃ പരമം പദം = വിഷ്ണുവിൻെറ ശ്രേഷ്ഠമായ സ്ഥാനം, സദാപശ്യന്തി = എല്ലായ്പോഴും കാണുന്നു.

14. ബ്രഹ്മവനിം ത്വാ ക്ഷത്രവനിംസു പ്രജാവനിം രായ സ്പോഷവനിം പര്യൂഹാമി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈ മന്ത്രം ചൊല്ലി യൂപം ഉറപ്പിക്കുന്നതിന്ന് നാലു വശത്തു നിന്നും മണ്ണ് ഇടുന്നു.

ബ്രഹ്മവനിം ത്വാ പര്യൂഹാമി = ക്ഷത്രിയരാൽ വളർത്തപ്പെടുന്ന നിൻെറ ചുററും മണ്ണ് ഇടുന്നു. സുപ്രജാവനിം ത്വാ പര്യൂഹാമി നല്ല ആളുകളാൽ വളർത്തപ്പെടുന്ന നിൻെറ ചുററും മണ്ണ് ഇടുന്നു. രായ സ്പോഷവനിം ത്വാ പര്യൂഹാമി = ധനവാന്മാരാൽ വളർത്തപ്പെടുന്ന നിൻെറ ചുററും മണ്ണ് ഇടുന്നു.

15. ബ്രഹ്മ ദൃംഹ ക്ഷത്രം ദൃംഹ പ്രജാം ദൃംഹ
രായ സ്പോഷം ദൃംഹ

ഈ മന്ത്രം ചൊല്ലി കുഴിയിൽ ഇട്ട മണ്ണ് അടിച്ചുറപ്പിക്കുന്നു ബ്രഹ്മ ദൃംഹ = ബ്രഹ്മണരെ വർദ്ധിപ്പിച്ചാലും ക്ഷത്രം ദൃംഹ = രാജക്കന്മാരെ വർദ്ധിപ്പിച്ചാലും പ്രജാം ദൃംഹ = പ്രജകളെ വർദ്ധിപ്പിച്ചാലും രായസ്പോഷം ദൃംഹ = ധനികരെ വർദ്ധിപ്പിച്ചാലും.

യത് ശുചിതേജഃ = യാതൊരു ശുദ്ധമായ തേജസ്സ്, നൃപതിം = മനുഷ്യരെ രക്ഷിക്കുന്ന, നിഷിക്തം രേതഃ = വർഷജലത്തെ, ആനട് = വ്യാപിക്കുന്നുവോ, ഇഷേ = സസ്യാദിനിഷ്പത്തിക്കുവേണ്ടി, ആ അയം = യാതൊന്നിനെ പ്രാപിച്ചുവോ, സഃ അഗ്നിഃ ആ അഗ്നി, ദ്യൗഃ = പ്രകാശിക്കുന്നവനായി, അഭീകേ = സമീപകാലത്തു തന്നെ, യജമാനം = യജമാനനെ, ശർധം = ബലവാനും, അനവദ്യം = യാതൊരു കുറവും ഇല്ലാത്തവനും, യുവാനം = യൗവനാവസ്ഥയോടുകൂടിയവനും, സ്വാധിയം ജനയത് = സ്വകർമനിരതനും ആക്കിത്തീർക്കട്ടെ. സൂദയത് ച = യജമാനൻെറ വിരോധികളെ നശിപ്പിക്കു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കയും ചെയ്യട്ടെ. (മഴവെള്ളം കൊണ്ടുമാത്രം സസ്യം ഉണ്ടാകുന്നില്ല. ഭൂമിയെ സംബന്ധിച്ച അഗ്നി കൂടി സസ്യവളർച്ചയ്ക്കു കാരണമാണ്).

18. മുൻപ് പറഞ്ഞ യാഗത്തിന്റെ യാജ്യാ മന്ത്രം—

സതേജീയസാ മനസാത്തോത ഉത
ശിക്ഷ സ്വപത്യസ്യ ശിക്ഷോഃ ।
അഗ്നേരായോ നൃതമസ്യപ്രഭൂതൗ
ഭൂയാമതേ സുഷ്ടുതയശ്ച വസ്വഃ ॥

ഹേ അഗ്നേ! = അല്ലയോ അഗ്നേ! സഃ = ആ യജമാനൻ, തേജീയസാമനസാ = തേജസ്വിയായ മനസ്സോടുകൂടി, (ശ്രദ്ധയോടും സാവധാനത്തിലും) ത്തോതഃ = അങ്ങയാൽ രക്ഷിക്കപ്പെട്ടവനാണ്. ഉത = കൂടാതെ, സ്വപത്യസ്യ ശിക്ഷോഃ = നല്ല സാധനങ്ങൾ ലഭിക്കാൻ ആഗ്രഹിക്കുന്ന, നൃതമസ്യ = ഉത്തമ മനുഷ്യനായ യജമാനന്, രായഃ ശിക്ഷ = സമ്പത്തു കൊടുത്താലും. പ്രഭൂതൗ = യജമാനന് പ്രഭുത്വം കിട്ടുന്നതിന് വേണ്ടി, തേ = അങ്ങയുടെ പ്രസാദത്താൽ, വയം = ഞങ്ങൾ, സുഷ്ടുതയഃ = അങ്ങയെക്കുറിച്ച് ശോഭനമായ സ്തുതികൾ ചെയ്യുന്നവരായി, വസ്വഃ ഭൂയാമ = ധനവാന്മാരായി ഭവിക്കട്ടെ.

19. ശത്രുവിനെ നേരിടാൻ ആഗ്രഹിക്കുന്നവൻ അഗ്നിയെ ഉദ്ദേശിച്ച് എട്ടു കപാലത്തിൽ പുരോഡാശം പാകം ചെയ്തു ഹോമിക്കുന്നതിനുള്ള പുരോനുവാക്യാ

അഗ്നേ സഹന്തമാഭര ദ്യുമ്നസ്യ പ്രാസഹാരയിം ।
വിശ്വായശ്ചർഷണീരഭ്യാസാ വാജേഷുസാ സഹത് ॥

ഹേ അഗ്നേ! അല്ലയോ അഗ്നേ! സഹന്തം = പരാഭിഭവം സഹിക്കാൻ സമർത്ഥമായ, രയിം ആഭര = ധനം കൊണ്ടുവന്നു തരിക. ദ്യുമ്നസ്യ = യശസ്വികളായ ഞങ്ങളുടെ ശത്രുക്കളുടെ ധനം, പ്രാസഹാ = ബലാൽക്കാരമായി ഞങ്ങൾക്കു തരിക. യഃ = യാതൊരുത്തൻ, (അങ്ങ്) വിശ്വാഃ ചർഷണീഃ = ഞങ്ങളുടെ ശത്രുക്കളുടെ എല്ലാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri 2513

സൈന്യത്തേയും, വാജേഷു = ഞങ്ങൾക്ക് അന്നാദി പദാൎത്ഥങ്ങൾ ലഭിയ്ക്കുന്നതിൻ് വേണ്ടി, ആസാ = അങ്ങയുടെ സാന്നിദ്ധ്യം കൊണ്ടു്, അഭിസാ സഹത് = തോൽപിച്ചാലും.

20. മുൻപ്പ് പറഞ്ഞ യാഗത്തിൻെറ യാജ്യാ
തമഗ്നേ പൃതനാസഹം രയിം സഹസ്വ ആഭര।
ത്വം ഹിസത്യോ അദ്ഭുതോ ദാതാവാജസ്യ ഗോമതഃ॥
ഹേ സഹസ്വഃ അഗ്നേ! = മഹാബലവാനായ അല്ലയോ അഗ്നേ ! പൃതനാസഹം = സർവ്വ ശത്രുസൈന്യത്തേയും തോല്പിക്കാനാവശ്യമായ, രയിം ആഭര = ധനം തരിക. യസ്മാത് = എന്തു കെണ്ടെന്നാൽ, ത്വം ഹി = അങ്ങ് തന്നെയാണ്, സത്യഃ, സത്യവും = അദ്ഭുതഃ = ആശ്ചര്യഹേതുവും, വാജസ്യ = ഭക്ഷണത്തിൻേറയും, ഗോമതഃ = പശുക്കളുടേയും, ദാതാ = ദാതാവും ആകുന്നതു്.

21. ഭക്ഷണസാധനങ്ങൾ സമൃദ്ധിയായി ലഭിയ്ക്കണമെന്നു് ആഗ്രഹിയ്ക്കുന്നവൻ അഗ്നിയെ ഉദ്ദേശിച്ച് എട്ടുപാത്രത്തിൽ പുരോഡാശം പാകം ചെയ്തു സമൎപ്പിക്കുന്ന യാഗത്തിൻെറ പുരോഽനുവാക്യാ—

ഉക്ഷാന്നായവശാന്നായ സോമപൃഷ്ഠായ വേധസേ।
സ്തോമൈർവിധേമാഗ്നയേ ।

ഉക്ഷാന്നായ = കാളയെ ഹവിസ്സായി സ്വീകരിക്കുന്നവനും വശാന്നായ = മച്ചിപ്പശുവിനെ ഹവിസ്സായി സ്വീകരിയ്ക്കുന്നവനും, സോമപൃഷ്ഠായ = സോമയാഗത്തോടു കൂടിയ സ്തുതിവചനങ്ങളാൽ ആരാധിയ്ക്കപ്പെടുന്നവനും, വേധസേ = മേധാവിയും ആയ, അഗ്നയേ = അഗ്നിക്കു്, സ്തോമൈഃ വിധേമ = സ്തോത്രങ്ങൾ ചൊല്ലി പരിചരണം ചെയ്യുന്നു.

22. മുൻപ്പ് പറഞ്ഞ യാഗത്തിൻെറ യാജ്യാ മന്ത്രം—
വദ്മാഹിസൂനോ അസ്യദ്മസദ്വാചക്രേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഗ്നിർജനുഷാ ജ്മാന്നം । സത്വം ന ഊർജസന
ഊർജധാ രാജേവ ജേരവൃകേ ക്ഷേഷ്യന്ത ഃ ॥

ഹേ സൂനോ ! = പുത്രനെപ്പോലെ യജമാനൻെറ ആഗ്രഹം സാധിച്ചുകൊടുക്കുന്ന അല്ലയോ അഗ്നേ ! സഃ ത്വം = അപ്രകാരമുള്ള അങ്ങ്, വദ്മാ അസി = വാഗിന്ദ്രിയം ആകുന്നു. അദ്മസദ്വാ = ജന്തുക്കളുടെ സ്ഥിതിക്ക് ഹേതുവായി പ്രവത്തിയ്ക്കുന്നു, അഗ്നിഃ = അഗ്നി, ജനുഷാ = ജനിച്ച ഉടൻ തന്നെ, അന്നം അജ്മ = അന്നം ഉത്പാദിപ്പിച്ചു. സഃ ത്വം = അപ്രകാരമുള്ള അങ്ങ്, നഃ = ഞങ്ങാംക്ക്, ഊർജം = ബലം, ധാഃ = തന്നാലും. ഹേ ഊർജസന ! = ബലം തരുന്നവനായ അല്ലയോ അഗ്നേ ! രാജാ ഇവ = രാജാവിനെപ്പോലെ ജേഃ = ശത്രുക്കളെ ജയിച്ചാലും. അവൃകേ അന്തഃ = ഹിംസാത്മകങ്ങളായ കാമക്രോധാദികാം ഇല്ലാത്ത മനുഷ്യരുടെ ഹൃദയത്തിൽ, ക്ഷേഷി = അങ്ങ് വസിക്കുന്നു.

23. ദീർഘകാലമായിട്ടുള്ള രോഗത്തിൽ നിന്നു് മുക്തികിട്ടുന്നതിന് വേണ്ടി അഗ്നിയെ ഉദ്ദേശിച്ച് എട്ടുകപാലത്തിൽ പുരോഡാശം പാകം ചെയ്ത് സമർപ്പിക്കാനുള്ള യാഗത്തിൻെറ പുരോഽനുവാക്യാ—

അഗ്ന ആയൂംഷി പവസ ആസുവോർജമിഷം ചനഃ ।
ആരേ ബാധസ്വദുച്ഛുനാം ॥

ഹേ അഗ്നേ ! ത്വം ഖലു = അങ്ങ് തന്നെയാണല്ലോ, ആയൂംഷി = ജീവനഹേതുക്കളായ അന്നാദികളെ, പവസേ = ശോധിക്കുന്നതു്. (ക്ഷയിച്ച് പോകാതെ സൂക്ഷിയ്ക്കുന്നതു്) ഊർജം = ക്ഷീരാദിരസവും, ഇഷം = അന്നവും, നഃ ആസുവ = ഞങ്ങാംക്ക് ഉണ്ടാക്കിത്തരിക. ദുച്ഛുനാം = ഞങ്ങാംക്ക് ഉപദ്രവം ചെയ്യുന്ന ആളുകളെ, ആരേബാധസ്വ = ദൂരെയാക്കി നശിപ്പിക്കുക.

24. മുൻപ് പറഞ്ഞ യാഗത്തിൻെറ യാജ്യാ—

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഗ്നേ പവസ്വ സ്വപാഃ അസ്മേവർച്ചഃ സുവീര്യം।
ദധത് പോഷം രയിം മയി ।।

ഹേ അഗ്നേ! = അല്ലയോ അഗ്നേ! ത്വം = അങ്ങ് സ്വപാഃ = ശോഭനമായ കർമ്മങ്ങളോടു കൂടിയവൻ ആകുന്നു. അസ്മേ = ഞങ്ങളുടെ, വർച്ചഃ = തേജസ്സും. സുവീര്യം = വീര്യവും, പവസ്വ = വർദ്ധിപ്പിച്ചാലും. പോഷം = പുഷ്ടിയും, രയിം = ധനവും, മയിദധത് = എനിയ്ക്ക് തന്നാലും.

25. രോഗ ബാധയിൽ നിന്ന് മുക്തി നേടാൻ ആഗ്രഹിയ്ക്കുന്നവൻ അഗ്നിയെ ഉദ്ദേശിച്ച് ചെയ്യുന്ന മറെറാരു യാഗത്തിന്റെ പുരോഽനുവാക്യാ—

അഗ്നേ പാവകരോ ചിഷാമന്ദ്രയാ
ദേവജിഹ്വയാ। ആ ദേവാൻ വക്ഷിയക്ഷിച ।

ഹേ പാവക അഗ്നേ ദേവ! = ശോധകനായ അല്ലയോ അഗ്നിദേവ! രോചിഷാ = പ്രകാശമുള്ളതും, മന്ദ്രയാ = ശ്ലക്ഷ്ണവുമായ, ജിഹ്വയാ = അങ്ങയുടെ നാക്കു കൊണ്ടു്, ദേവാൻ ആ വക്ഷി = ദേവന്മാരെ വിളിച്ചാലും, യക്ഷിച = യാഗം നടത്തിയാലും.

26. മുൻപ് പറഞ്ഞ യാഗത്തിന്റെ യാജ്യാ—
സനഃ പാവക ദീദിവോഽഗ്നേ ദേവാൻ ഇഹാവഹ।
ഉപയജ്ഞം ഹവി ശ്ചനഃ ॥

ഹേ പാവക ദീദിവഃ അഗ്നേ! = ശോധകനും പ്രകാശിയ്ക്കുന്നവനുമായ അല്ലയോ അഗ്നേ! സഃ ത്വം = അപ്രകാരമുള്ള അങ്ങ്, നഃ = ഞങ്ങളുടെ, ഇഹ = ഈ കർമ്മത്തിൽ, ദേവാൻ ആവഹ = ദേവന്മാരെ വിളിച്ചാലും നഃ = ഞങ്ങളുടെ, യജ്ഞം = യാഗവും, ഹവിഃ = ഹവിസ്സും, ഉപ ആവഹ = ദേവന്മാരുടെ അടുക്കൽ എത്തിക്കുക.

27. രോഗമുക്തിക്കു് വേണ്ടി അഗ്നിയെ ഉദ്ദേശിച്ച് ചെയ്യുന്ന മറെറാരു യാഗത്തിന്റെ പുരോഽനുവാക്യ—

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഗ്നിഃ ശുചി വ്രതതമഃ ശുചിർവിപ്രഃ
ശുചിഃ കവിഃ ശുചീരോ ചത ആഹുതഃ ॥

ശുചിവ്രതതമഃ = പരിശുദ്ധമായ കമ്മങ്ങളോടു കൂടിയവനും, ശുചിഃ = പരിശുദ്ധനും, വിപ്രഃ = മേധാവിയും, കവിഃ = ക്രാന്തദർശിയും ആയ, അഗ്നിഃ = അഗ്നി, ആഹുതഃ = ശാസ്ത്രോക്തവിധിയനുസരിച്ച് ഹോമം ചെയ്യപ്പെട്ടതു കൊണ്ടു്, ശുചിഃ = പരിശുദ്ധനായി, രോചതേ = പ്രകാശിയ്ക്കുന്നു.

28. മുൻപ്പ് പറഞ്ഞ യാഗത്തിന്റെ യാജ്യാ
ഉദഗ്നേ ശുചയസ്തവ ശുക്രാഭ്രാജന്ത ഈരതേ ।
തവ ജ്യോതിംഷ്യർചയഃ ॥

ഹേ അഗ്നേ ! അല്ലയോ അഗ്നേ ! തവ = അങ്ങയുടെ ശുചയഃ = ശുദ്ധവും, ഭ്രാജന്തഃ = പ്രകാശമാനവുമായ, ശുക്രാഃ = തേജസ്സ്, ഉദ് ഈരതേ = ഉദ്ഗമിയ്ക്കുന്നു. ജ്യോതീംഷി = ആദിത്യൻ മുതലായ എല്ലാ ജ്യോതിസ്സുകളും, തവ അർചയഃ = അങ്ങയെ ആരാധിയ്ക്കുന്നവരാണ്.

ഇതിചതുർത്ഥോഽനുവാകഃ

പ്രഥമകാണ്ഡേ തൃതീയ പ്രപാഠകഃ സമാപ്തഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രഥമകാണ്ഡേ ചതുർത്ഥഃ പ്രപാഠകഃ

പ്രഥമോഽനുവാകഃ

ഹരിഃ ഓം

സംഹിതാ—

ആദദേഗ്രാവാസ്യധ്വരകൃദ്ദേവേഭ്യോഗംഭീരമിമമധ്വരം കൃധ്യുത്തമേന പവിനേന്ദ്രായ സോമ സുഷ്ടുതം മധുമന്തം പയസ്വന്തം വൃഷ്ടിവനിം ഇന്ദ്രായത്വാ വൃത്രഘ്ന ഇന്ദ്രായത്വാ വൃത്ര തുര ഇന്ദ്രായ. ത്വാഽഭിമാതിഘ്ന ഇന്ദ്രായത്വാദിത്യവത ഇന്ദ്രായ ത്വാ വിശ്വദേവ്യാവതേ ശ്വാത്രാസ്ഥവൃത്രതുരോ രാധോ-ഗൂർതോ അമൃതസ്യപത്നസ്താദേവീർ ദേവത്രേമം യജ്ഞം ധത്തോപഹൂതഃ ।സോമസ്യ പിബതോപഹൂതോ യുഷ്മാകം സോമഃ പിബതു ॥ യത്തേസോമദിവി ജ്യോതിർയത് പൃഥി-വ്യാം യദുരാവന്തരിക്ഷേ തേനാസ്മൈ യജമാനായോരു രായാ കൃധ്യധി ദാത്രേ വോചോ ധിഷണേ വീഡൂ സതീ വീഡയേഥാ മൂർജം മേധത്തം മാവാംഹിം സിഷം മാമാ ഹിംസിഷ്ടം പ്രാഗ-പാഗുദഗധരാക് താസ്ത്വാദിശ ആ ധാവന്തുംബനിഷ്വര യത്തേ സോമാദാഭ്യം നാമജാ ഗൃവിതസ്മൈതേ സോമസോ-മായ സ്വാഹാ ।।

പദച്ഛേദം

ആ ദദേ ഗ്രാവാ അസി അധ്വരകൃത് ദേവേഭ്യഃ ഗം-ഭീരം ഇമം അധ്വരം കൃധി ഉത്തമേന പവിനാ ഇന്ദ്രായ സോമം സുഷ്ടുതം മധുമന്തം പയസ്വന്തം വൃഷ്ടിവനിം ഇന്ദ്രായ ത്വാ വൃത്രഘ്നേ ഇന്ദ്രായ ത്വാ വൃത്രതുരേ ഇന്ദ്രായ ത്വാ അഭിമാതിഘ്നേ ഇന്ദ്രായ ത്വാ ആദിത്യവതേ വിശ്വദേവ്യാവതേ ശ്വാത്രാഃ സ്ഥ വൃത്രതുരഃ രാധോഗൂർതാ-അമൃതസ്യ പത്നീ: താ: ദേവീഃ ദേവത്രാ ഇമം യജ്ഞം ധത്ത ഉപഹൂതഃ സോമസ്യ പിബത ഉപഹൂതഃ യുഷ്മാ-കം സോമഃ പിബതു യത് തേ സോമ ദിവി ജ്യോ-തിഃ യത് പൃഥിവ്യാം യദ് ഉരൗ അന്തരിക്ഷേ തേന അസ്മൈ യജമാനായ ഉരു രായാ കൃധി അധി ദാത്രേ വോചഃ ധിഷണേ വീഡൂ സതീ വീഡയേഥാം ഊർ-ജം ദധാഥാം ഊർജം മേ ധത്തം മാ വാം ഹിംസിഷം-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാ മാ ഹിംസിഷ്ടം പ്രാക് അപാക് ഉദക് അധരാ-ക് താഃ ത്വാ ദിശഃ ആ ധാവന്തു അംബ നി സ്വര-ത്തേ സോമ അദാഭ്യം നാമ ജാഗൃവി തസ്മൈ തേ-സോമ സോമായ സ്വാഹാ ॥

തൃതീയ പ്രപാഠകത്തിൽ സോമയാഗ ദിവസത്തിന്റെ തലേദിവസം ചെയ്യേണ്ട കാര്യങ്ങൾ പ്രതിപാദിച്ചു. നാലാമത്തെ പ്രപാഠകത്തിൽ പ്രാധാന്യേന യാഗദിവസത്തിൽ അനുഷ്ഠിക്കേണ്ട കാര്യങ്ങൾ പ്രതിപാദിക്കുന്നു—

മന്ത്രവും വിനിയോഗവും അർത്ഥവും

1. ആദദേ

ഈ മന്ത്രം ചൊല്ലി സോമലത ചതയ്ക്കാനുള്ള കല്ല് കയ്യിൽ എടുക്കുന്നു.

ആദദേ = ഞാൻ (കല്ല്) എടുക്കുന്നു.

2. ഗ്രാവാസ്യധ്വരകൃദ്ദേവേഭ്യോഗംഭിര മിമധ്വരം
കൃധ്യുത്തമേന പവിനേന്ദ്രായ സോമം സുഷുതം
മധുമന്തം പയസ്വന്തം വൃഷ്ടിവനിം.

സോമലത ചതയ്ക്കാനുള്ള കല്ലിനെ ഈ മന്ത്രം ചൊല്ലി അഭിമന്ത്രണം ചെയ്യുന്നു.

ത്വം അധ്വരകൃത് ഗ്രാവാ അസി = നീ യാഗം നടത്തിത്തരുന്ന കല്ലാകുന്നു. സഃ ത്വം = അപ്രകാരമുള്ള നീ, ദേവേഭ്യഃ = ദേവന്മാൎക്കുവേണ്ടി, ഇമം അധ്വരം = ഈ യാഗം, ഗംഭീരം കൃധി = ഗംഭീരമാക്കിയാലും. ഉത്തമേന പവിനാ = ഉത്തമമായ ശോധനം കൊണ്ട് (നല്ല പോലെ ചാറ് എടുക്കുന്നതു കൊണ്ട്) ഇന്ദ്രായ = ഇന്ദ്രന് വേണ്ടി, സോമം = സോമലതയെ, സുഷുതം കൃധി = നല്ല പോലെ ചാറ് എടുത്തതാക്കി ചെയ്യുക. മധുമന്തം = മധുര രസത്തോടുകൂടിയതും, പയസ്വന്തം = ക്ഷീരത്തോടു കൂടിയതും, വൃഷ്ടിവനിം = യാഗത്തിന്റെ ഫലമായി മഴ പെയ്യിക്കുന്നതുമാണ് സോമലത.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

3. ഇന്ദ്രായ ത്വാവൃത്രഘ്ന ഇന്ദ്രായ ത്വാവൃത്രതുര–
ഇന്ദ്രായ ത്വാ ഭിമാതിഘ്ന ഇന്ദ്രായ ത്വാദിത്യവത
ഇന്ദ്രായ ത്വാ വിശ്വദേവ്യാവതേ।

സോമലത അളന്നെടുക്കുമ്പോഴം ചൊല്ലുന്ന മന്ത്രമാണ് ഇതു്

ഹേ സോമലതേ! = അല്ലയോ സോമലതേ! വൃത്രഘ്നേ ഇന്ദ്രായ = വൃത്രാസുരനെ കൊന്നതായ ഇന്ദ്രനു് വേണ്ടി, ത്വാമിമേ = നിന്നെ അളക്കുന്നു. അഭിമാതിഘ്നേ = പാപം നശിപ്പിക്കുന്ന, ഇന്ദ്രായ = ഇന്ദ്രനു് വേണ്ടി, ത്വാമിമേ = നിന്നെ അളക്കുന്നു. വിശ്വദേവ്യാവതേ = വിശ്വേദേവന്മാരോടു് കൂടിയിരിക്കുന്ന, ഇന്ദ്രായ = ഇന്ദ്രനു് വേണ്ടി, ത്വാമിമേ = നിന്നെ അളക്കുന്നു.

4. ശ്വാത്രാസ്ഥ വൃത്രതുരോ രാധോഗൂർതാ അമൃതസ്യ
പത്നീസ്താദേ വീർദേവത്രേമം യജ്ഞം ധത്തോ–
പഹൂതാഃ। സോമസ്യ പിബതോ പഹൂതോ
യുഷ്മാകം സോമ ഃ പിബതു.

ഈ മന്ത്രം ചൊല്ലി ചതച്ചു് രസം എടുക്കാൻ തയ്യാറാക്കി വെച്ചിരിക്കുന്ന സോമലതയിൽ വെള്ളം തളിക്കുന്നു.

നിങ്ങൾ, ശ്വാത്രാഃ = വേഗത്തിൽ അഭിമതം സാധിച്ചു തരുന്നവരും, വൃത്രതുരഃ = വൃത്രാസുരനെ ഉപദ്രവിച്ചവരും, രാധോഗൂർതാഃ = അന്നം സമ്പാദിച്ചുതരുന്നതിനു് പ്രയത്നിക്കുന്നവരും, അമൃതസ്യ പത്നീഃ സ്ഥ = അമൃതമാകുന്ന സോമം രക്ഷിക്കുന്നവരും ആകുന്നു. താഃ ദേവീഃ = താദൃശ ഗുണങ്ങളോടു കൂടിയതും പ്രകാശകവുമായ അല്ലയോ അപ്പുകളേ! ഇമം യജ്ഞം = ഈ യാഗം, ദേവേഷുധത്ത = ദേവന്മാരിൽ സ്ഥാപിക്കുക. ഉപഹൂതാഃ യൂയം = ആഹൂതരായ നിങ്ങൾ, സോമസ്യ പിബത = സോമരസം പാനം ചെയ്യുക. ഉപഹൂതഃ സോമഃ = വിളിക്കപ്പെടുന്ന സോമൻ, യുഷ്മാകം പിബതു = നിങ്ങളെ പാനം ചെയ്യട്ടെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

5. യത്തേ സ്സോമദിവി ജ്യോതിർയത് പൃഥിവ്യാം
യദുരാവന്തരിക്ഷേ തേനാസ്മൈ യജമാനായോരു
രായാ കൃധ്യധിദാത്രേവോചഃ ।

ഈ മന്ത്രം ചൊല്ലി സോമലതയെ സ്തുതിക്കുന്നു.
ഹേ സോമ! = അല്ലയോ സോമ ! ദിവി = ദ്യോവിൽ തേയത് ജ്യോതിഃ = നിൻെറ യാതൊരു തേജസ്സുണ്ടോ, ഉരൗ അന്തരിക്ഷേ = വിസ്തീർണ്ണമായ അന്തരിക്ഷത്തിൽ യത് = നിൻെറ യാതൊരു തേജസ്സുണ്ടോ, തേനരായാ = ആ തേജസ്സാകുന്ന ധനം കൊണ്ടു്. അസ്മൈ യജമാനായ = ഈ യജമാനനു്, ഉരുകൃധി = ധാരാളം സമ്പത്തു കൊടുത്താലും ദാത്രേ = യാഗത്തിൻെറ ഫലദാതാവായ ദേവനോടു് (ഇന്ദ്രനോടു്) അധിവോചഃ = ഈ യാഗം മററു് യാഗങ്ങളെക്കാം ശ്രേഷ്ഠമാണെന്നു് പറഞ്ഞാലും. "വോചഃ" ബ്രൂഞ് ധാതുവിൻെറ ലുങ് അഡാഗമം വന്നിട്ടില്ല.

6. ധിഷണേ വിഡൂസതീ വീഡയേഥാ മൂർജം
ദധാഥാമൂർജം മേധത്തം മാവാഹിംസിഷം
മാമാഹിസിഷ്ടം.

സോമലതയുടെ രസം എടുക്കുന്നതിനുള്ള ഉപകരണമായ പലകകളെ സംബോധന ചെയ്തുകൊണ്ടു് ചൊല്ലാനുള്ള മന്ത്രമാണു് ഇതു്.

ഹേ ധിഷണേ! = സോമലത ധരിക്കാൻ തയ്യാറായിരിക്കുന്ന പലകകളേ! യുവാം വിഡൂസതീ = നിങ്ങാം ദൃഢമാണെങ്കിലും, വീഡയേഥാം = സ്ഥിരമായിരുന്നാലും. ഊർജം ദധാഥാം = സോമരസം ധരിച്ചാലും. ഊർജം മേധത്തം = എനിക്കു് ബലം തന്നാലും. മാവാം ഹിംസിഷം = ഞാൻ നിങ്ങളെ ഉപദ്രവിക്കുന്നില്ല. മാ മാഹിംസിഷ്ടം = നിങ്ങാം എന്നെ ഉപദ്രവിക്കരുതു്.

7. പ്രാഗപാഗുദഗധരാക് താസ്ത്വാദിശ ആ
ധാവന്ത്വംബ നിഷ്വര ।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇതു് സോമലതയിൽ വെള്ളം തളിച്ചുകൊണ്ടു് ചൊല്ലുന്ന മന്ത്രമാണു്.

പ്രാക് = കിഴക്കു്, അപാക് = പടിഞ്ഞാറു, ഉദക് = വടക്കു്, അധരാക് = താഴെ മുതലായ, യാദിശഃ = യാതൊരു ദിക്കുകൾ ഉണ്ടോ, താഃ = ആ ദിക്കുകൾ എല്ലാം, ത്വാ ആ ധാവന്തു = നിന്റെ അടുക്കൽ ഓടിവരട്ടെ. ഹേ അംബ = മാതൃസ്ഥാനീയമായ അല്ലയോ സോമമേ! നിഷ്വര = രസരൂപത്തിൽ വെളിയിൽ വരിക.

8. യത്തേ സോമാദാഭ്യം നാമജാഗൃത
തസ്മൈതേ സോമ സോമായ സ്വാഹാ ।

ഈ മന്ത്രം ചൊല്ലി രസം എടുക്കാൻ വെച്ചിരിക്കുന്ന സോമ ലതയുടെ രണ്ടു് അംശു കൂടി ഇടുന്നു.

ഹേ സോമ! = അല്ലയോ സോമ! അദാഭ്യം = ഹിംസാരഹിതവും, ജാഗൃവി = പാപം ഇല്ലാതാക്കുന്ന വിഷയത്തിൽ ഉണർന്നു് ഇരിക്കുന്നതും ആയ, തേയത് നാമ = നിന്റെ യാതൊരു പേരുണ്ടോ, തസ്മൈ സോമായ സ്വാഹാ = ആ സോമ ലതയുടെ അധിഷ്ഠാതൃ ദേവതയ്ക്കു് ഞാൻ ഹോമം ചെയ്യുന്നു.

ഇതി പ്രഥമോഽനുവാകഃ

അഥ ദ്വിതീയോഽനുവാകഃ

സംഹിതാ—

വാചസ്പത യേ പവസ്വവാജിൻ വൃഷാവൃഷ്ണോ
അംശുഭ്യാം ഗഭസ്തീ പൂതോ ദേവോ ദേവാനാം
പവിത്രമസിയേഷാം ഭാഗോഽസിതേഭ്യസ്ത്വാ ।
സ്വാംകൃതോഽസിമ ധുമതീർന ഇഷുസ്കൃധി । വിശേഭ്യസ്ത്വേന്ദ്രിയേ ഭ്യോ ദിവ്യേഭ്യഃ പത്ഥിവേഭ്യഃ മനസ്ത്വാഷ്ടൂർവന്തരിക്ഷമന്വിഹി സ്വാഹാ ത്വാ സുഭവഃ സൂർയായ ദേവേഭ്യസ്ത്വാമരീചി പേഭ്യഃ ഏഷതേ യോനിഃ പ്രാണായ ത്വാ ।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പദച്ഛേദം—

വാചസ്പതയേ പവസ്വ വാജിൻ വൃഷാ വൃഷ്ണോ അംശുഭ്യാം ഗഭസ്തിപൂതഃ ദേവഃ ദേവാനാം പവിത്രം അസി യേഷാം ഭാഗഃ അസി തേഭ്യഃ ത്വാ സ്വാം- കൃതഃ അസി മധുമതീഃ നഃ ഇഷഃ കൃധി വിശേഭ്യഃ ത്വാ ഇന്ദ്രിയേഭ്യഃ ദിവ്യേഭ്യഃ പാൎത്ഥിവേഭ്യഃ മനഃ ത്വാ അഷ്ടു ഉരു അന്തരിക്ഷം അനു ഇഹി സ്വാഹാ ത്വാ സുഭവഃ സൂൎയ്യായ ദേവേഭ്യഃ ത്വാ മരീചി- പേഭ്യഃ ഏഷഃ തേ യോനിഃ പ്രാണായ ത്വാ

മന്ത്രവും വിനിയോഗവും അൎത്ഥവും

1. വാ ചസ്പതയേ പവ സ്വ വാജിൻ വൃഷാ വൃഷ്ണോ
അംശുഭ്യാം ഗഭസ്തി പൂതോ-

ഈ മന്ത്രം ചൊല്ലി ഉപാംശുഗ്രഹം സ്വീകരിക്കുന്നു.

ഹേ സോമ! = അല്ലയോ സോമമേ! വാചസ്പതയേ = വാചസ്പതിക്കു് വേണ്ടി (പ്രാണനു് വേണ്ടി) പവസ്വ = ആത്മാവിനെ ശോധിക്കുക. ഹേവാജിൻ! വേഗമുള്ളവനേ! ഹേവൃഷാ സോമ = യജമാനൻെറ അ- ഭീഷ്ടങ്ങളെ വൎഷിക്കുന്നതായ ഹേ സോമ : വൃഷ്ണഃ = വൎഷണസമൎത്ഥനായ സോമൻെറ, അംശുഭ്യാം = കിര ണങ്ങളാൽ, ഗഭസ്തിപൂത: = സൂൎയ്യരശ്മികളാൽ പൂതനാ ണെങ്കിലും, പവസ്വ = പരിശുദ്ധനാകുക.

2. ദേവോ ദേവാനാം പവിത്രമസി
യേഷാം ഭാഗോ$ഽ$സിതേഭ്യസ്ത്വാ ।
ഈ മന്ത്രവും സോമരസം എടുക്കുന്ന അവസരത്തിൽ ചൊ ല്ലാനുള്ളതാണു്.

ഹേ സോമ = അല്ലയോ സോമമേ! ദേവഃ ത്വം = ദേവ- നാദി ഗുണങ്ങളോടു കൂടിയനീ, യേഷാം ഭാഗഃ അസി = യാതൊരുത്തരുടെ ഭാഗമാകുന്നുവോ, തേഷാം ദേവാനാം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

= ആ ദേവന്മാരെ, പവിത്രം അസി = പവിത്രമാക്കുന്നതിനുള്ള കാരണമാകുന്നു. തസ്മാത് = അതുകൊണ്ട്, തേഭ്യഃ = ആ ദേവന്മാർക്കുവേണ്ടി, ത്വാഗൃഹ്ണാമി = നിന്നെ സ്വീകരിക്കുന്നു.

3. സ്വാം കൃതോഽസി

സോമരസം ഏറ്റുവാങ്ങുന്ന അവസരത്തിൽ ചൊല്ലുന്ന മന്ത്രമാണ് ഇത്—

സ്വാം കൃതഃ അസി = ഹേ സോമമേ! നീ സ്വീകരിക്കപ്പെട്ടിരിക്കുന്നു.

4. മധുമതീർന ഇഷസ്കൃധി

ഈ മന്ത്രം ചൊല്ലി സോമരസത്തെ നോക്കുന്നു.
മധുമതീഃ ഇഷഃ = മധുര രസമുള്ള അന്നം, നഃ കൃധി = ഞങ്ങൾക്ക് ഉണ്ടാക്കിത്തരിക.

5. വിശേഭ്യസ്ത്വേന്ദ്രിയേഭ്യോ ദിവ്യേഭ്യഃ പാർത്ഥിവേഭ്യഃ

സോമരസം വെച്ചിരിക്കുന്ന പാത്രം മേൽപോട്ടുപൊക്കുന്ന അവസരത്തിൽ ചൊല്ലാനുള്ള മന്ത്രമാണ് ഇത്.
ദിവ്യേഭ്യഃ =ദേവന്മാരുടേയും, പാർത്ഥിവേഭ്യഃ = മനുഷ്യരുടേയും. വിശേഭ്യഃ ഇന്ദ്രിയേഭ്യഃ = എല്ലാ ഇന്ദ്രിയങ്ങൾക്കും വേണ്ടി, ത്വാ ഉന്മാർജ്മി = നിന്നെ ഞാൻ സ്വീകരിക്കുന്നു.

6. മനസ്ത്വാഷ്ട

സോമരസം എടുത്തുകൊണ്ട് എഴുന്നേൽക്കുമ്പോൾ ചൊല്ലുന്ന മന്ത്രമാണ് ഇത്.
മനഃ ത്വാ അഷ്ട = അല്ലയോ സോമരസമേ! മനസ്സ് നിന്നെ അനുഭവിക്കട്ടെ.

7. ഉർവന്തരിക്ഷമന്വിഹി.

ഈ മന്ത്രം ചൊല്ലിക്കൊണ്ട് ആഹവനീയ സ്ഥലത്തേയ്ക്കു് പോകുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹേ സോമമേ! ഉരു അന്തരീക്ഷം = വിസ്തീർണ്ണമായ അന്തരീക്ഷത്തിലേയ്ക്ക്, അനപിഹി = പോയാലും.

8. സ്വാഹാത്വാസുഭവഃ സൂര്യായ

ഈ മന്ത്രം ചൊല്ലി ആഹവനീയാഗ്നിയിൽ ഹോമിക്കുന്നു

ഹേ സുഭവഃ! = അല്ലയോ പ്രാണാത്മകമായ സോമരസമേ! ത്വാ = നിന്നെ, സൂര്യായ സ്വാഹാ = പ്രാണങ്ങളുടെ ആത്മഭൂവായ സൂര്യനായിക്കൊണ്ട് ഹോമിക്കുന്നു.

9. ദേവേഭ്യസ്ത്വാ മരീചിപേഭ്യഃ

ഈ മന്ത്രം ചൊല്ലിക്കൊണ്ട് കയ്യിൽ പററിയിട്ടുള്ള സോമരസം മദ്ധ്യമപരിധിയിൽ തേയ്ക്കുന്നു.

മരീചിപേഭ്യഃ = മരീചിപന്മാർ എന്ന് അറിയപ്പെടുന്ന, ദേവേഭ്യഃ = ദേവന്മാർക്കായിട്ട്, ത്വാ = നിന്നെ (ലേപനം ചെയ്യുന്നു). ആദിത്യമണ്ഡലം രക്ഷിക്കുന്നവരെ മരീചിപന്മാർ എന്നു പറയുന്നു.

10. ഏഷതേ യോനിഃ പ്രാണായത്വാ

ഈ മന്ത്രം ചൊല്ലി ആഗ്രയണ സ്ഥാലിയിൽ സോമരസത്തിൻെറ സംസ്രാവം ഒഴിക്കുന്നു.

ഏഷഃ = ഈ ആ ഗ്രയണസ്ഥാലി, തേയോനിഃ = നിൻെറ സ്ഥാനമാകുന്നു. പ്രാണായത്വാ = പ്രാണന്ന് വേണ്ടി നിന്നെ ഇവിടെ സ്ഥാപിക്കുന്നു.

ഇതി ദ്വിതിയോ$\int$നുവാകഃ

അഥതൃതീയോ$\int$നുവാകഃ

സംഹിതാ—

ഉപയാമ ഗൃഹിതോ$\int$ സ്യന്തർയച്ഛമഘവൻ
പാഹി സോമ മുരുഷ്യരായഃ സമിഷോയ ജസ്വാ-
ന്തസ്തേ ദധാമിദ്യാവാ പൃഥിവീ അന്തരുർവന്തരിക്ഷം
സജോഷാ ദേവൈരവരൈഃ പരൈശ്ചാന്തർയാമേ
മഘവൻമാദയസ്വ।। സ്വാം കൃതോ$\int$സി മധുമതീ-
ർന ഇഷ സ്കൃധി വിശ്വേഭ്യ സ്ത്വേന്ദ്രിയോഭ്യോദിവ്യേഭ്യഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പാർഥിവേഭ്യോ മനസ്ത്വാഷ്ട്ട വർന്തരിക്ഷ മന്വിഹി സ്വാഹാത്വാ സുഭവഃ സൂർയായദേ വേഭ്യസ്ത്വാ മരീചി-പേഭ്യഃ ഏഷതേ യോനിരപാനായത്വാ।

പദച്ഛേദം —

ഉപയാമഗൃഹിതഃ അസി അന്തഃ യച്ഛ മഘവൻ പാഹി സോമം ഉരുഷ്വ രായഃ സം ഇഷഃ യജസ്വ അന്തഃ തേ ദധാമി ദ്യാവാപൃഥിവീ അന്തഃ ഉരു അന്തരിക്ഷം സജോഷാ ദേവൈഃ അവരൈഃ പരൈഃ ച അന്തർയാമേ മഘവൻ മാദയസ്വ സ്വാംകൃതഃ അസി മധുമതീഃ നഃ ഇഷഃ കൃധി വിശേഭ്യഃ ത്വാ ഇന്ദ്രിയേഭ്യഃ ദിവ്യേഭ്യഃ പാർത്ഥിവേഭ്യഃ മനഃ ത്വാ അഷ്ട്ട ഉരു അന്തരിക്ഷം അന്വ ഇഹി സ്വാഹാ ത്വാ സുഭവഃ സൂർയായ ദേവേഭ്യഃ ത്വാ മരീചി-പേഭ്യഃ ഏഷഃ തേ യോനിഃ അപാനായ ത്വാ.

മന്ത്രവും വിനിയോഗവും അർത്ഥവും

1. ഉപയാമ ഗൃഹിതോഽസി

ഈ മന്ത്രം ചൊല്ലി സോമ ലതയുടെ രസധാര സ്വീക-രിക്കുന്നു.

ഹേ സോമ = അല്ലയോ സോമമേ! ഉപായാമ ഗൃഹിതഃ അസി = നീ ഭൂലോക വാസികളായ ജനങ്ങളുടെ സ്ഥി-തിക്കു് വേണ്ടി സ്വീകരിക്കപ്പെട്ടിരിക്കുന്നു.

(ഉപയാമ്യതേ അസ്മിൻ ഇതി ഉപയാമഃ ഭൂമിഃ, ഉപ-യാമാർഥം ഗൃഹീതഃ)

2. അന്തർയച്ഛ മഘവൻ പാഹി സോമ മുരുഷ്വ
രായഃ സമിഷോ യജസ്വാന്ത സ്തേ ദധാമി।
ദ്യാവാപൃഥിവീ അന്തരുർവന്തരിക്ഷം സജോഷാ
ദേവൈരവരൈഃ പരൈ ശ്ചാന്തർയാമേ മഘവൻ
മാദയസ്വ।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈ മന്ത്രം ചൊല്ലി സോമലതയുടെ ദേവതയെ പ്രാൎത്ഥിക്കുന്നു. ഹേമഘവൻ! = അല്ലയോ ഇന്ദ്ര ! ഇമം സോമം പാഹി = ഈ സോമരസത്തെ പാനം ചെയ്താലും ("പാഹി" എന്നതു് കുടിക്കുക എന്നൎത്ഥത്തിലുള്ള "പാ" ധാതുവിൻെറ ലോട്ടിലെ രൂപമാണ്) പീത്വാ അന്തഃയച്ഛ = കുടിച്ചിട്ടു് അതിനെ ഉദരത്തിൽ സ്ഥാപിക്കുക. രായഃ ഉരുഷ്വ = യജമാനൻെറ ധനത്തെ രക്ഷിക്കുക ("ഉരുഷ്വ" വേദത്തിൽ മാത്രം ഉള്ള ധാതുവാണ്) ഇഷഃ സംയജസ്വ = യജമാനനു് ഭക്ഷ്യ സാധനങ്ങൾ കൊടുത്താലും. തേ = നിൻെറ പ്രസാദത്താൽ, അഹം = ഞാൻ, ദ്യാവാപൃഥിവി ഉരുച = സ്വൎഗം ഭൂമി അന്തരിക്ഷം ഇവ-അന്തഃദധാമി = അന്തൎഹിതമാക്കി ചെയ്യുന്നു. (സ്വൎഗ്ഗം ഭൂമി അന്തരിക്ഷം എന്നീ സ്ഥാനങ്ങളിൽ നിന്നു് ശത്രുക്കൾ. കാണാത്ത വിധത്തിൽ യാഗം നടത്തുന്നു എന്നു് സാരം) മഘവൻ! അല്ലയോ ഇന്ദ്ര! അവരൈഃ = തന്നെക്കാൾ ശ്രേഷ്ഠന്മാരുമായ, ദേവൈഃ = ദേവന്മാരോടുകൂടി, സജോഷാ = സന്തുഷ്ടനായി, അന്തൎയാമേ = ഹോമം നടത്തുന്ന അവസരത്തിൽ, മാദയസ്വ = സന്തൃപ്തനായാലും.

3. സ്വാം കൃതോഽസി മധുമതീൎന ഇഷസ്കൃധി വിശേഭ്യ-
സ്ത്വേ ന്ദ്രിയേഭ്യോ ദിവ്യേഭ്യഃ പാൎത്ഥിവേഭ്യോ
മനസ്ത്വാഷ്ട്ട വൎന്തരിക്ഷമന്വിഹി സ്വാഹാത്വാ സുഭവഃ
സൂൎയായ ദേവേഭ്യ സ്ത്വാ മരീചിപേഭ്യഃ ഏഷതേയോനി-
രപാനായ ത്വാ ।

സോമരസം സ്വീകരിച്ചു് കൊണ്ടു് ഈ മന്ത്രം ചൊല്ലുന്നു. സ്വാം കൃതഃ അസി = ഹേ സോമമേ ! നീ സ്വീകരിക്കപ്പെട്ടിരിക്കുന്നു. മധുമതീഃ ഇഷഃ = മധുര രസമുള്ള അന്നം, നഃ കൃധി = ഞങ്ങൾക്കു് ഉണ്ടാക്കിത്തരുക. ദിവ്യേഭ്യഃ = ദേവന്മാരുടേയും, പാൎത്ഥിവേഭ്യഃ = മനുഷ്യരുടേയും, വിശേഭ്യഃ ഇന്ദ്രയിയേഭ്യഃ = എല്ലാ ഇന്ദ്രിയങ്ങൾക്കും വേണ്ടി, ത്വാ ഉന്മാൎജ്മി = നിന്നെ ഞാൻ സ്വീകരിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മനഃ ത്വാ അഷ്ട്ട മനസ്സ് നിന്നെ അനുഭവിക്കട്ടെ. ഉരു അന്തരിക്ഷം = വിസ്തീർണ്ണമായ അന്തരിക്ഷത്തിലേയ്ക്ക് അന്വിഹി = പോയാലും, ഹേ സ്വഭുവഃ = അല്ലയോ പ്രാണാത്മകമായ സോമമേ! ത്വാ സൂർയ്യായ സ്വാഹാ = നിന്നെ പ്രാണങ്ങളുടെ ആത്മഭൂവായ സൂർയ്യന് ഹോമിക്കുന്നു. മരീചിപേഭ്യഃ = മരീചിപന്മാർ എന്നറിയപ്പെടുന്ന, ദേവേഭ്യഃ = ദേവന്മാക്കായിട്ട്, ത്വാ = നിന്നെ ലേപനം ചെയ്യുന്നു. ഏഷഃ = ഈ ആഗ്രയണ സ്ഥാലി, = തേ യോനിഃ നിൻെറ സ്ഥാനമാകുന്നു. പ്രാണായ ത്വാ പ്രാണന് = വേണ്ടി നിന്നെ ഇവിടെ സ്ഥാപിക്കുന്നു.

ഇതിതൃതീയോ*ſ*നുവാകഃ

അഥചർതുത്ഥോ*ſ*നുവാകഃ

സംഹിതാ—

ആവായോഭൂഷ ശുചിപ്വാഃ ഉപനഃ സഹസ്രം
തേനിയുതോ വിശ്വവാര । ഉപോതേ അന്ധോ
മദ്യമയായമിസ്യ ദേവ ദധിഷേ പൂർവ്വ പേയം ।
ഉപയാമ ഗൃഹിതോ/സിവായവേ ത്വ । ഇന്ദ്രവായൂ
ഇമേ സുതാഃ । ഉപ പ്രയോഭിരാഗതമിന്ദവോ
വാമുശന്തിഹി । ഉപയാമഗൃഹിതോ/സീ ഇന്ദ്രവായൂഭ്യാം
ത്വൈ ഷതേ യോനിഃ സജോഷാഭ്യാം ത്വാ ।

പദച്ഛേദം

ആ വായോ ഭൂഷ ശുചിപാഃ ഉപ നഃ സഹസ്രം. തേ നിയുതഃ വിശ്വവാര ഉപോ തേ അന്ധഃ മദ്യം അയാമി യസ്യ ദേവ ദധിഷേ പൂർവ്വപേയം ഉപയാമ—ഗൃഹീതഃ അസി വായവേ ത്വാ ഇന്ദ്രവായൂ ഇമേ സുതാഃ ഉപ പ്രയോഭിഃ ആ ഗതം ഇന്ദവഃ വാം ഉശന്തി ഹി ഉപയാമഗൃഹിതഃ അസി ഇന്ദ്രവാ—യൂഭ്യാം ത്വാ ഏഷഃ തോ യോനിഃ സജോഷാഭ്യാം ത്വാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മന്ത്രവും വിനിയോഗവും അർത്ഥവും

ആവോയോ ഭൂഷശ്ശുചിപാഃ

ഉപനഃ സഹസ്രം തേനിയുതോ വിശ്വവാര । ഉപോതേ
അന്ധോ മദ്യമയാമിയസ്യ ദേവ ദധിഷേപൂർവ പേയം

ഈ മന്ത്രം ചൊല്ലി ഐന്ദ്രവായവ ഗ്രഹം സ്വീകരിക്കുന്നു.

ഹേവായോ ! = അല്ലയോ വായോ! ശുചിപാഃ = ശുചി-തം രക്ഷിക്കുന്നവനേ ! നഃ ഉപേത്യ = ഞങ്ങളുടെ സമീപം വന്നു്, ഇമം ആഭൂഷ = ഈ യാഗത്തെ അലങ്കരിച്ചാലും. ഹേ വിശ്വവാര = തന്റെ ബലം കൊണ്ടു് എല്ലാവരേയും തടുക്കാൻ കഴിവുള്ള അല്ലയോ വായോ ! തേ = അങ്ങയുടെ, സഹസ്രം നിയുതഃ = ആയിരം കുതിരകൾ, അസ്മാൻ ഉപഗച്ഛന്തു = അങ്ങളുടെ അട്ടക്കൽ വരട്ടെ. അഹം = ഞാൻ, അന്ധഃ = ഭക്ഷണത്തിനു് അർഹമായതും, മദ്യം = സന്തോഷം ജനിപ്പിക്കുന്നതുമായ സോമം, ഉപോ അയാമി = അങ്ങയുടെ സമിപത്തിൽ എത്തിക്കുന്നു. ത്വം = അങ്ങു്, യസ്യ = നാതൊന്നു്, പൂർവ പേയം ദധിഷേ = ആദ്യമായി പാനം ചെയ്യുന്നു. (അങ്ങാണു് ആദ്യം സോമരസം പാനം ചെയ്യുന്നതു്ഃ

("ഉപോ" എന്നതു് ഉപ എന്ന അത്ഥത്തിലുള്ള ഉപസഗ്ഗമാണു്. ഉപ എന്ന ഉപ സഗ്ഗത്തിനു് യോജിച്ച ക്രിയാപദം ചേത്താണു് ഉപേത്യ എന്ന അത്ഥം കല്പിച്ചിരിക്കുന്നതു്. "ശുചിപാഃ" എന്ന പദത്തിനു് ശുദ്ധമായ സോമ രസം പാനം ചെയ്യുന്നവൻ എന്നും അത്ഥം പറയാം. വിശ്വവാര എന്നതിനു് വിശ്വവ്യാപകൻ എന്നും അത്ഥം പറയാം. "വായോരശ്വാഃ നിയുതഃ എന്നു് നിഘണ്ടു വചനം. നിയുത് = വായുവിന്റെ കുതിര.)

2. ഉപയാമഗൃഹിതോഽസിവായവേ ത്വാ

ഈ മന്ത്രം ചൊല്ലി സോമ രസം സ്വീകരിക്കുന്നു.

ഉപയാമ ഗൃഹീതഃ അസി = ഹേ സോമരസമേ ! ഭൂമിയിലുള്ള പ്രജകളുടെ ക്ഷേമത്തിനു് വേണ്ടി നീ സ്വീകരിക്കപ്പെട്ടിരിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വായവേ = വായുവിനു് വേണ്ടി, ത്വാ ഗൃഹ്ണാമി = നിന്നെ സ്വീകരിക്കുന്നു.

3. ഇന്ദ്രവായൂ ഇമേസുതാഃ । ഉപപ്രയോഭിരാഗത—
മിന്ദവോവാ മുശന്തിഹി ।

ഈ മന്ത്രം ചൊല്ലി ഐന്ദ്രവായവ്യമായ സോമം സ്വീക—രിക്കുന്നു. ഹേ ഇന്ദ്രവായൂ! = അല്ലയോ ഇന്ദ്ര! അല്ലയോ വായോ! ഇമേ സുതാഃ = ഈ സോമരസം നിങ്ങൾക്കു വേണ്ടി തയ്യാറാക്കപ്പെട്ടിരിക്കുന്നു. അതഃ = അതു കൊണ്ടു്, പ്രയോഭിഃ = ഞങ്ങൾക്കുതരാനുള്ള ധനാദികളോടുകൂടി, ഉപ ആഗതം = നിങ്ങൾ വന്നാലും, ഹി = എന്തുകൊണ്ടെന്നാൽ, ഏതേഇന്ദവഃ = ഈ സോമരസം, വാം ഉശന്തി = നിങ്ങളുടെ ആഗമനം ആഗ്രഹിക്കുന്നു.

"പ്രയോഭിഃ" എന്നതിനു് സോമരസത്തെ നിമിത്തമാക്കി എന്നും അർത്ഥം പറയാം.

4. ഉപയാമ ഗൃഹീതോഽസി ഇന്ദ്രവായുഭ്യാം ത്വാ
ഈ മന്ത്രംചൊല്ലി ഐന്ദ്രവായവ്യപാത്രം സ്വീകരിക്കുന്നു. ഹേ സോമ! = അല്ലയോ സോമരസമേ! ഉപയാമഗൃ—ഹീതഃ അസി = ഭൂമിയിലുള്ള പ്രജകൾക്കു വേണ്ടി നീ സ്വീകരിക്കപ്പെട്ടിരിക്കുന്നു. ഇന്ദ്രവായുഭ്യാം = ഇന്ദ്രനും വായുവിനും വേണ്ടി, ത്വാഗൃഹ്ണാമി = നിന്നെ സ്വീകരിക്കുന്നു.

5. ഏഷതേ യോനിഃ സജോഷാഭ്യാം ത്വാ

ഈ മന്ത്രം ചൊല്ലി ഐന്ദ്രവായവ്യ പാത്രം തറയിൽ വെയ്ക്കുന്നു.

ഏഷഃ തേ യോനിഃ = ഇതു നിന്റെ സ്ഥാനമാണു്. സജോഷാഭ്യാം = തുല്യ പ്രീതിയോടുകൂടിയ ഇന്ദ്രനും വായുവിനും വേണ്ടി, ത്വാ സാദയാമി = നിന്നെ ഇവിടെ സ്ഥാപിക്കുന്നു.

ഇതിചതുർത്ഥോഽനുവാകഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഥപഞ്ചമോഽനുവാകഃ

സംഹിതാ—

അയം വാം മിത്രാവരുണാ സുതഃ സോമ
ഋതാ വൃധാ മമേദിഹ ശ്രുതം ഹവം । ഉപയാമ-
ഗൃഹിതോഽസി മിത്രാവരുണാഭ്യാം ത്വാ ഏഷ
തേ യോനി ർഋതായുഭ്യാം ത്വാ ॥

പദച്ഛേദം

അയം വാം മിത്രാവരുണാ സുതഃ സോമഃ ഋതാവൃധാ
മമ ഇദ് ഇഹ ശ്രുതം ഹവം ഉപയാമഗൃഹിതഃ
അസി മിത്രാവരുണാഭ്യാം ത്വാ ഏഷഃ തേ യോനിഃ
ഋതായുഭ്യാം ത്വാ ॥

മന്ത്രവും വിനിയോഗവും അർത്ഥവും

1. അയം വാം മിത്രാവരുണാസുതഃ സോമഃ
ഋതാവൃധാ മമേദിഹ ശ്രുതം ഹവം ॥

ഈ മന്ത്രം ചൊല്ലി മൈത്രാവരുണന്മാർക്കുള്ള സോമ രസം എടുക്കുന്നു.

ഹേ മിത്രാവരുണാ ! = അല്ലയോ മിത്രാവരുണന്മാരെ ! ഋതാവൃധാ = യാഗത്തെ വർദ്ധിപ്പിക്കുന്നവരെ ! അയം സോമഃ = ഈ സോമരസം വാം സുതഃ = നിങ്ങൾക്ക് വേണ്ടി എടുത്തതാണ്. ഇദ് = അതു കൊണ്ടു്, ഇഹ = ഈ യാഗത്തിൽ, മമഹവം ശ്രുതം = ഞാൻ വിളിക്കുന്നതു് കേട്ടാലും.

2. ഉപയാമ ഗൃഹീതോഽസിമിത്രാവരുണഭ്യാം ത്വാ।

ഈ മന്ത്രം ചൊല്ലി മിത്രാവരുണന്മാർക്കു വേണ്ടി എടുത്ത സോമരസം സ്വീകരിക്കുന്നു.

ഉപയാമ ഗൃഹീതഃ അസി = അല്ലയോ സോമമേ! നീ ഭൂമിയിലുള്ള ആളുകൾക്ക് വേണ്ടി സ്വീകരിക്കപ്പെട്ടിരിക്കുന്നു. മിത്രാവരുണയോഃ ത്വാ = മിത്രാവരുണന്മാർക്കു വേണ്ടി നിന്നെ സ്വീകരിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

3. ഏഷതേ യോനിഃ ഋതായുഭ്യാം ത്വാ.

ഈ മന്ത്രം ചൊല്ലി മിത്രാവരുണന്മാൎക്കു തയ്യാറാക്കിയ സോമരസം ഒരു സ്ഥലത്തുവെയ്ക്കുന്നു.

ഏഷഃ തേ യോനിഃ = ഇതു് നിന്റെ സ്ഥാനമാണു് ഋതായുഭ്യാം ത്വാ = യാഗസമ്പത്തി ആഗ്രഹിക്കുന്ന മിത്രാ-വരുണന്മാൎക്കുവേണ്ടി നിന്നെ സ്ഥാപിക്കുന്നു.

ഇതിപഞ്ചമോ ഽനുവാകഃ

അഥഷഷ്ഠോ ഽനുവാകഃ

സംഹിതാ—

യാവാംകശാ മധുമത്യശ്വിനാ സൂനൃതാ വതീതയായജ്ഞം മിമിക്ഷതം । ഉപയാമ ഗൃഹീതോഽസ്യശ്വിഭ്യാം ത്വാ ഏഷതേ യോനിൎമ്മാ ധ്വീഭ്യാം ത്വാ ।

പദച്ഛേദം

യാ വാം കശാ മധുമതീ അശ്വിനാ സൂനൃതാവതീ തയാ യജ്ഞം മിമിക്ഷതം ഉപയാമഗൃഹീതഃ അസി അശ്വിഭ്യാം ത്വാ ഏഷഃ തേ യോനിഃ മാധ്വീഭ്യാം ത്വാ.

മന്ത്രവും വിനിയോഗവും അൎത്ഥവും

1. യാവാം കശാമധുമത്യ ശ്വിനാസൂനൃതാവതീ തയാ യജ്ഞം മിമിക്ഷതം ।

ഈ മന്ത്രം ചൊല്ലി അശ്വിനീ ദേവന്മാൎക്കുള്ള സോമരസം എടുക്കുന്നു.

ഹേ അശ്വിനാ = അല്ലയോ അശ്വിനീ ദേവന്മാരെ ! മധുമതീ = മധുര രസത്തോടു കൂടിയതും, സൂനൃതാവതീ = പ്രിയവചനത്തോടു കൂടിയതും ആയ, യാവാംകശാ = നിങ്ങളുടെ യാതൊരു വാക്കുകൾ ഉണ്ടോ (നിങ്ങളെക്കുറി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ച്ച് ഞങ്ങറം ചെയ്യുന്ന സ്തുതിവചനങ്ങറം ഉണ്ടോ) തയാ = അതുകേറംക്കുന്നതിന് വേണ്ടി, യജ്ഞം മിമിക്ഷതം = ഈ യാഗം നടത്തിത്തരണം,

2. ഉപയാമ ഗൃഹീതോഽസി അശ്വിഭ്യാം ത്വാ.
ഈ മന്ത്രം ചൊല്ലി അശ്വിനീ ദേവന്മാക്കുവേണ്ടി സ്വീകരിച്ച സോമരസം എടുത്തുവെയ്ക്കുന്നു.

ഉപയാമ ഗൃഹീതഃ അസി = നീ ഭൂമിയിലുള്ള ആളുകറംക്കു് വേണ്ടി സ്വീകരിക്കപ്പെട്ടിരിക്കുന്നു. അശ്വിഭ്യാം ത്വാ = അശ്വിനീ ദേവന്മാക്കുവേണ്ടി നിന്നെ സ്വീകരിക്കുന്നു.

3. ഏഷതേ യോനി ർമാധ്വിഭ്യാം ത്വാ
ഈ മന്ത്രം ചൊല്ലി അശ്വിനീ ദേവന്മാക്കുവേണ്ടി എടുത്ത സോമരസം ഒരു സ്ഥലത്തുവെയ്ക്കുന്നു

ഏഷഃ തേ യോനിഃ = ഇതു് നിൻെറ സ്ഥാനമാണ്; മധുമതീഭ്യാം = മധുമതികളായ അശ്വനീ ദേവന്മാക്കു വേണ്ടി, ത്വാസാദയാമി = നിന്നെ ഇവിടെ വെയ്ക്കുന്നു.

ഇതിഷഷ്ഠോഽനുവാകഃ

അഥസപ്തമോ ഽനുവാകഃ

സംഹിതാ—

പ്രാതർയ്യ ജാവിമുചേ്യഥാം അശ്വിനാവേഹഗച്ഛതം ।
അസ്യ സോമസ്യപീതയേ । ഉപയാമ ഗൃഹീതോഽസി
അശ്വിഭ്യാം ത്വാ । ഏഷതേ യോനിരശ്വിഭ്യാം ത്വാ।

പദച്ഛേദം —

പ്രാതർയുജാ വി മുചേ്യഥാം അശ്വിനൗ ആ ഇഹ ഗച്ഛതം അസ്യ സോമസ്യ പീതയേ ഉപയാമഗൃഹീതഃ അസി അശ്വിഭ്യാം ത്വാ ഏഷഃ തേ യോനിഃ അശ്വിഭ്യാം ത്വാ ।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മന്ത്രവും വിനിയോഗവും അർത്ഥവും

1. പ്രാതർയുജൗ വിമുചേ്യഥാം അശ്വിനാവേഹഗച്ഛതം ।
അസ്യ സോമസ്യ പീതയേ ।
ഈ മന്ത്രവും അശ്വിനീ ദേവന്മാർക്കുവേണ്ടിയുള്ള സോമരസം എടുക്കുമ്പോൾ ചൊല്ലാനുള്ളതാണ്.

ഹേ അശ്വിനൗ = അല്ലയോ അശ്വിനീ ദേവന്മാരെ! യുവാം = നിങ്ങൾ രണ്ടുപേരും, പ്രാതർയുജൗ = പ്രാതഃകാലത്തു തന്നെ, വിമുചേ്യഥാം = മററു യാഗസ്ഥലങ്ങൾ ഉപേക്ഷിച്ചിട്ട്, അസ്യസോമസ്യ പീതയേ = ഈ സോമരസം പാനം ചെയ്യുന്നതിന് വേണ്ടി, ഇഹ ആഗച്ഛതം = ഇവിടെ വന്നാലും.

2. ഉപയാമ ഗൃഹീതോഽസ്യശ്വിഭ്യാം ത്വാ
ഈ മന്ത്രം ചൊല്ലി അശ്വിനീ ദേവന്മാർക്കുള്ള സോമരസം സ്വീകരിക്കുന്നു.

ഉപയാമ ഗൃഹീതഃ അസി = നീ ഭൂമിയിലുള്ള ആളുകൾക്കുവേണ്ടി സ്വീകരിക്കപ്പെട്ടിരിക്കുന്നു. അശ്വിഭ്യാം ത്വാ = അശ്വിനീ ദേവന്മാർക്കു വേണ്ടിനിന്നെ സ്വീകരിക്കുന്നു.

3. ഏഷതേ യോനിരശ്വിഭ്യാം ത്വാ

ഈ മന്ത്രം ചൊല്ലി അശ്വിനീ ദേവന്മാർക്കുള്ള സോമരസം ഒരു സ്ഥലത്തു വെയ്ക്കുന്നു.

ഇതി സപ്തമോഽനുവാകഃ

അഥ അഷ്ടമോഽനുവാകഃ

സംഹിതാ—

അയം വേനശ്ചോദയത് പൃശ്നി ഗർഭാ
ജ്യോതി ർജരായു രജസോവിമാനേ ।
ഇമ മപാം സംഗമേ സൂർയസ്യ
ശിശും നവിപ്രാ മതിഭീരിഹന്തി ॥
ഉപയാമ ഗൃഹിതോഽസി ശണ്ഡായത്വൈഷതേ യോനിർവീരതാം പാഹി.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പദച്ഛേദം

അയം വേനഃ ചോദയത് പൃശ്നി ഗർഭാഃ ജ്യോതിഃ ജരായുഃ രജസഃ വിമാനേ ഇമം അപാം സംഗമേ സൂർയസ്യ ശിശ്രും ന വിപ്രാഃ മതിഭിഃ രിഹന്തി ഉപയാമഗൃഹീതഃ അസി ശണ്ഡായ ത്വാ ഏഷഃ തേ യോനിഃ വീരതാം പാഹി.

മന്ത്രവും വിനിയോഗവും അർത്ഥവും

1. അയം വേന ശ്ചോദയത് പൃശ്നിഗർഭാ ജ്യോതി–
ർജരായൂ രജസോ വിമാനേ। ഇമമപാം സംഗമേ
സൂർയസ്യ ശിശ്രും ന വിപ്രാമതിഭീരഹിന്തി ।।
ഈ മന്ത്രം ചൊല്ലി ശുക്രാചാര്യരുടെ പുത്രനായ ശണ്ഡനു് വേണ്ടിയുള്ള സോമരസം എടുക്കുന്നു.

ജ്യോതിർജരായുഃ = തേജസ്സു് കൊണ്ടു തന്നെ ചുററപ്പെട്ട തേജസ്സമൂഹവും, വേനഃ അയം = വേനൻ എന്നു നാമധേ–യത്താൽ അറിയപ്പെടുന്നവനും ആയ ഇന്ദ്രൻ, പൃശ്നി ഗർഭാഃ = ആദിത്യനിൽ ജലം പോലെ വർധിച്ചുവരുന്ന, ആപഃ = ജലത്തെ രജസഃ വിമാനേ = ജലത്തിൻെറ ഉത്പാദകസ്ഥാനമായ അന്തരിക്ഷത്തിൽ, ചോദയത് = വർഷിക്കാൻ പ്രേരിപ്പിക്കുന്നു. ഇമം വേനം = ഈ ഇന്ദ്രനെയാണല്ലോ, വിപ്രാഃ = ബുദ്ധിമാന്മാരായ ആളുകരം, ശിശ്രും ന = ശിശുവിനെ വളർത്തുന്നതു പോലെ, സൂര്യസ്യ അപാം ച = സൂര്യൻേറയും ജലത്തിൻേറയും, സംഗമേ = സംയോഗത്തിനു് വേണ്ടി, മതിഭിഃ = അവരുടെ ബുദ്ധിയ്ക്കനുസരിച്ചു്, രിഹന്തി = സ്തുതിക്കുന്നു.

ഭൂമിയിലുള്ള രസം സൂര്യരശ്മികരം ആദിത്യമണ്ഡലത്തിൽ സ്ഥാപിക്കുന്നു. അതു് ഗർഭത്തിൽ ശിശു വളരുന്നതു പോലെ അഭിവൃദ്ധി പ്രാപിക്കുന്നു. പ്രസവ സമയത്തു് മാതാവു് കുഞ്ഞിനെ പ്രസവിക്കുന്നതു പോലെ ആദിത്യൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വൃഷ്ടിയുടെ രൂപത്തിൽ ജലം ഭൂമിയിലേയ്ക്കയയ്ക്കുന്നു. കുഞ്ഞുങ്ങളെ പാൽ മുതലായവ കൊടുത്തു് വളർത്തുന്നതു പോലെ ഭൂമിയിലുള്ള ജനങ്ങളെ ആദിത്യൻ വർഷ ജലം കൊണ്ടു് പോഷിപ്പിക്കുന്നു.

വേനഃ = പ്രിയപ്പെട്ടവൻ (മഴ പെയ്യിച്ചു് ജനങ്ങൾക്കു് അഭീഷ്ടം സാധിച്ചുകൊടുക്കുന്നവൻ)

2. ഉപയാമ ഗൃഹിതോ/സിശണ്ഡായത്വാ।

ഈ മന്ത്രം ചൊല്ലി ശണ്ഡനു് വേണ്ടിയുള്ള സോമരസം സ്വീകരിക്കുന്നു.

ഉപയാമ ഗൃഹീതഃ അസി = നീ ഭൂമിയിലുള്ള ആളുകൾക്കു വേണ്ടി സ്വീകരിക്കപ്പെട്ടിരിക്കുന്നു. ശണ്ഡായത്വാ = ശണ്ഡൻ എന്ന അസുര പുരോഹിതനു് വേണ്ടി നിന്നെ സ്വീകരിക്കുന്നു.

3. ഏഷതേ യോനി ർവീരതാം പാഹി.

ഏഷഃ തേ യോനിഃ = ഇതു് നിൻെറ സ്ഥാനമാണു്, വീരതാം = യാഗം നടത്തുന്നതിനു് ആവശ്യമായ വീര്യത്തെ, പാഹി = രക്ഷിച്ചാലും.

ഇതി അഷ്ടമോ/നുവാകഃ

അഥനവമോ/നുവാകഃ

സംഹിതാ—

തം പ്രത്നഥാ പൂർവ്വഥാ വിശ്വഥേമഥാ ജ്യേഷ്ഠതാതിം ബർഹിഷദം സുവർവിദം। പ്രതീചിനം വൃജനം ദോഹസേ ഗിരാശും ജയന്തമനുയാ സുവർധസേ। ഉപയാമഗൃഹി-തോ/സി മക്കായത്വാ ഏഷതേ യോനിഃ പ്രജാഃ പാഹി ॥

പദച്ഛേദം—

തം പ്രത്നഥാ പൂർവഥാ വിശ്വഥാ ഇമഥാ ജ്യേഷ്ഠം-താതിം ബർഹിഷദം സുവർവിദം പ്രതീചീനം വൃജനം ദോഹസേ ഗിരാ ആശും ജയന്തം അനു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യാസു വർധസേ ഉപയാമ ഗൃഹീതഃ അസി മർകായ ത്വാ ഏഷഃ തേ യോനിഃ പ്രജാഃ പാഹി.

മന്ത്രവും വിനിയോഗവും അർത്ഥവും

1. തം പ്രത്നഥാ പൂർവ്വഥാ വിശ്വഥേമഥാ
ജ്യേഷ്ഠതാതിം ബർഹിഷദം സുവർവിദം |
പ്രതീചീനം വൃജനം ദോഹസേ
ഗിരാശ്രും ജയന്ത മനുയാസുവർധസേ.

ഈ മന്ത്രം ചൊല്ലി മന്ഥി ഗ്രഹം എടുക്കുന്നു.

പ്രത്നഥാ = മുൻകാലത്തിലുണ്ടായിരുന്നവർ, പൂർവ്വഥാ = എപ്രകാരം സ്തുതിച്ചുവോ അതു പോലെ, ത്വാം സ്തുമഃ = ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. വിശ്വഥാ = എല്ലാവരും എപ്രകാരം സ്തുതിച്ചുവോ, അതു പോലെ ഞങ്ങളും സ്തുതിക്കുന്നു. ഇമഥാ = ഇപ്പോൾ ജീവിച്ചിരിക്കുന്നവർ എപ്രകാരം സ്തുതിക്കുന്നുവോ അതു പോലെ ഞങ്ങളും സ്തുതിക്കുന്നു. ജ്യേഷ്ഠതാതിം = അധികം പ്രശംസിക്കപ്പെടേണ്ടവനും, ബർഹിഷദം = യാഗ സ്ഥലങ്ങളിൽ ഇരിക്കുന്നവനും, സുവർവിദം = സ്വർഗ്ഗത്തെ അല്ലെങ്കിൽ ആദിത്യനെ അറിയുന്നവനുമായ, യഃ = യാതൊരുത്തൻ, പ്രതീചിനം = പ്രതിചീനമായ ഗതിയോടുകൂടിയതും, വൃജനം = ബലവത്തും, ഗിരാജയന്തം = ശബ്ദം കൊണ്ട് ലോകത്തെ ജയിക്കുന്നതും, ആശ്രും = വേഗത്തിൽ എല്ലാ സ്ഥലത്തും വ്യാപിക്കുന്നതുമായ മേഘത്തെ, ദോഹസേ ദോഹനം ചെയ്യുന്നുവോ, തം = ആ ഇന്ദ്രനെ ഞങ്ങൾ സ്തുതിക്കുന്നു. യാസു അനുവർധസേ = യാതൊരു സ്തുതികളാൽ അങ്ങ് അഭിവൃദ്ധിയെ പ്രാപിക്കുന്നുവോ ആ സ്തുതികളാൽ ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

(പ്രത്നഥാ, പൂർവ്വഥാ ഇത്യാദി പദങ്ങളിൽ സാദൃശ്യാർത്ഥത്തിൽ "ഥാൽ" പ്രത്യയം ചേർത്തിരിക്കുന്നു.)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

2. ഉപയാമ ഗൃഹീതോ/സിമർകായ ത്വാ

ഈ മന്ത്രം ചൊല്ലി മർകന്ന് വേണ്ടി സോമരസം സ്വീകരിക്കുന്നു.

ഉപയാമ ഗൃഹീതഃ അസി = ഭൂമിയിലുള്ള ആളുകൾക്കു വേണ്ടി നീ സ്വീകരിക്കപ്പെട്ടിരിക്കുന്നു.

3. ഏഷതേ യോനിഃ പ്രജാഃ പാഹി

ഈ മന്ത്രം ചൊല്ലി സോമരസം ഒരു സ്ഥലത്തു വെയ്ക്കുന്നു. ഏഷതേ യോനിഃ = ഇതു് നിന്റെ സ്ഥാനമാണു, പ്രജാഃ പാഹി = യജമാനന്റെ സന്താനങ്ങളെ രക്ഷിച്ചാലും.

ഇതിനവമോ/നുവാകഃ

അഥദശമോ/നുവാകഃ

സംഹിതാ—

യേദേവാ ദിവ്യേകാദശസ്ഥ പൃഥി വ്യാമധ്യേകാദശ
സ്ഥാപ്സു ഷദോ മഹിനൈകാദ ശസ്ഥ തേ ദേവാ
യജ്ഞ മിമം ജുഷധ്വം॥ ഉപയാമ ഗൃഹീതോ/സ്യാ-
ഗ്രയണോ/സിസ്വാഗ്രയണോ ജിന്വ
യജ്ഞ പതിമഭിസവനാ പാഹി വിഷ്ണുസ്ത്വാം പാതു
വിശംത്വം പാഹീന്ദ്രിയേണ ഏഷതേ യോനി ർവിശ്വേ
ഭ്യസ്ത്വാദേവേഭ്യഃ ॥

പദച്ഛേദം

യേ ദേവാഃ ദിവി ഏകാദശ സ്ഥ പൃഥിവ്യാം അധി ഏകാദശ സ്ഥ അപ്സുഷദഃ മഹിനാ ഏകാദശ സ്ഥ തേ ദേവാഃ യജ്ഞം ഇമം ജുഷധ്വം ഉപയാമഗൃഹീതഃ അസി ആഗ്രയണഃ അസി സ്വാഗ്രയണഃ ജിന്വ യജ്ഞം ജിന്വ യജ്ഞപതിം അഭി സവനാ പാഹി വിഷ്ണുഃ ത്വാം പാതു വിശം ത്വം പാഹി ഇന്ദ്രിയേണ ഏഷഃ തേ യോനിഃ വിശ്വേഭ്യഃ! ത്വാ ദേവേഭ്യ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മന്ത്രവും വിനിയോഗവും അർത്ഥവും

1. യേ ദേവാ ദിവ്യേകാദശ സ്ഥ പൃഥി വ്യാമധ്യേകാദശ
സ്ഥാപ്സു ഷദോ മഹിനൈകാദശ സ്ഥ തേ ദേവാ

ഹേ ദേവാഃ ! = അല്ലയോ ദേവന്മാരെ ! യേ യൂയം = യാതൊരു നിങ്ങൾ, ദിവി = സ്വർഗ്ഗത്തിൽ, ഏകാദശസ്ഥ = പതിനൊന്നു പേരുണ്ടോ, യേ = യാതൊരുത്തർ, പൃഥിവ്യാം അധി = ഭൂമിയുടെ ഉപരിതലത്തിൽ, ഏകാദശ സ്ഥ = പതിനൊന്നു പേരുണ്ടോ, യേ = യാതൊരുത്തർ, അപ് സുഷദഃ = അന്തരിക്ഷത്തിൽ സ്ഥിതി ചെയ്യുന്നവരായി,(ഇവിടെ "അപ്" ശബ്ദത്തിനു് അന്തരിക്ഷം എന്നാണു് അർത്ഥം.)

മഹിനാ = മാഹാത്മ്യമുള്ള, ഏകാദശസ്ഥ = പതിനൊന്നു പേരുണ്ടോ, തേ ദേവാഃ = ആ മുപ്പത്തിമൂന്നു് ദേവന്മാരും, ഇമം യജ്ഞം ജൂഷധ്വം = ഈ യാഗത്തിനു്സന്നിഹിതരാകട്ടെ.

2. ഉപയാമ ഗൃഹീതോ/സി വിശേബ്യ സ്ത്വാ—

ഉപയാമ ഗൃഹീതഃ അസി = നീ ഭൂമിയിലുള്ള ആളുകൾക്കു വേണ്ടി സ്വീകരിക്കപ്പെട്ടിരിക്കുന്നു. വിശേബ്യഃ = എല്ലാ ദേവന്മാർക്കും വേണ്ടി, ത്വാ = നിന്നെ (സ്വീ- കരിക്കുന്നു

3. ആഗ്രയണോ/സി സ്വാഗ്രയണോ ജിന്വ യജ്ഞം
ജിന്വ യജ്ഞപതി മഭിസവനാ പാഹി വിഷ്ണുസ്ത്വാം
പാതു വിശം ത്വം പാഹീന്ദ്രിയേണ ॥

എല്ലാ ദേവന്മാർക്കും വേണ്ടി സ്വീകരിച്ച സോമരസത്തെ അഭിസംബോധന ചെയ്തു കൊണ്ടു് ചൊല്ലുന്ന മന്ത്രമാണു് ഇതു്.

ആഗ്രയണഃ അസി = നീ ആഗ്രയണം എന്നു് അറിയപ്പെടുന്നവനാണു്. സ്വാഗ്രയണഃ ത്വം = നല്ല പോലെ ശ്രേഷ്ഠത പ്രാപിച്ച നീ യജ്ഞം ജീന്വ = യാഗത്തെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രീണിപ്പിച്ചാലും. യജ്ഞപതിം ജിന്വ = യാഗം നടത്തുന്ന യജമാനനേയും പ്രീണിപ്പിക്കുക. സവനാ അഭിപാഹി = യാഗങ്ങളെ രക്ഷിച്ചാലും. വിഷ്ണുഃ ത്വാം പാതു = മഹാവിഷ്ണു (സർവ്വവ്യാപിയായ ദേവൻ) നിന്നെ രക്ഷിക്കട്ടെ. ത്വം = നീ, വിശം = യജമാനൻെറ ആളുകളെ, ഇന്ദ്രിയേണ പാഹി = അവികലമായ ഇന്ദ്രിയങ്ങളോടുകൂടിയവരാക്കി രക്ഷിച്ചാലും.

ഏഷതേ യോനി വിശേഭ്യ സ്ത്വാ ദേവേഭ്യഃ

ഈ മന്ത്രം ചൊല്ലി സ്വീകരിച്ച സോമരസം ഒരു സ്ഥലത്തു വെയ്ക്കുന്നു.

ഏഷഃ തേ യോനിഃ = ഇതു് നിൻെറ സ്ഥാനമാണ്
വിശേഭ്യഃ ദേവേഭ്യഃ = എല്ലാ ദേവന്മാർക്കും വേണ്ടി,
ത്വാ = നിന്നെ ഇവിടെ വെയ്ക്കുന്നു.

ഇതിദശമോഽനുവാകഃ

അഥഏകദശോഽനുവാകഃ

സംഹിതാ—

ത്രിം ശത്ത്രയശ്ച ഗണിനോ രുജന്തോ ദിവംരുദ്രാഃ
പൃഥിവീം ച സചന്തേ! ഏകാദശാ സോ അപ്സുഷദഃ
സുതം സോമം ജുഷന്താം സവനായ വിശ്വേ ഉപ–
യാമ ഗൃഹീതോഽസ്യാഗ്രയണോഽസിസ്വാഗ്രയണോ
ജിന്വ യജ്ഞം ജിന്വ യജ്ഞപതി മഭിസവനാ പാഹി
വിഷ്ണു സ്ത്വാം പാതു വിശംത്വം പാഹീന്ദ്രിയേണൈഷ
തേ യോനി ർവിശേഭ്യസ്ത്വാ ദേവേഭ്യഃ ||

പദച്ഛേദം—

ത്രിംശത് ത്രയഃ ച ഗണിനഃ രുജന്തഃ ദിവം രുദ്രാഃ പൃഥിവീം ച സചന്തേ ഏകാദശാസഃ അപ്സുഷദഃ സുതം സോമം ജുഷന്താം സവനായ വിശേ ഉപ–യാമഗൃഹീതഃ അസി ആഗ്രയണഃ അസി സ്വാ–ഗ്രയണഃ ജിന്വ യജ്ഞം ജിന്വ യജ്ഞപതിം അഭി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സവനാ പാഹി വിഷ്ണുഃ ത്വാം പാതു വിശം ത്വം പാഹി ഇന്ദ്രിയേണ ഏഷഃ തേ യോനിഃ വിശേഭ്യഃ ത്വാ ദേവേഭ്യഃ

മന്ത്രവും വിനിയോഗവും അർത്ഥവും

1. ത്രിംശത് ത്രയശ്ച ഗണിനോരു ജന്തോദിവം
രുദ്രാഃ പൃഥി വീം ചസചന്തേ । ഏകാദശാസോ
അപ്സുഷദഃ സുതം സോമം ജുഷന്താം സവനായ വിശേ

ഇതും ആഗ്രയണം എടുക്കുമ്പോഴും ചൊല്ലാനുള്ള മന്ത്രമാണ്. ത്രിംശത് ത്രയഃ ച ഗണിനഃ = പതിനൊന്നു വീതമുള്ള മൂന്ന് ഗണങ്ങളാൽ മുപ്പത്തിമൂന്ന് പേരുള്ളവരും, രുജന്തഃ = ശത്രുക്കളെ നശിപ്പിക്കുന്നവരും, രുദ്രാഃ = ശത്രുക്കളുടെ ബന്ധുക്കളെ കരിയിപ്പിക്കുന്നവരും, ഏകാദശാസഃ = പതിനൊന്നു പേർ വീതമുള്ള ഗണമായിരിക്കുന്നവരും ആയ യേ = യാതൊരുത്തരാണോ ദിവം സചന്തേ = ദ്യോവിൽ വർത്തിക്കുന്നതു് അവരും, യേ പൃഥിവീം സചന്തേ = ഭൂമിയിൽ വർത്തിക്കുന്നവരും. വിശേദേവാഃ = വിശേദേവന്മാരും സുതം സോമം = സോമരസത്തെ, സവനായ ജുഷന്താം = യാഗത്തിനു് വേണ്ടി സ്വീകരിക്കട്ടെ.

3. ഉപയാമ ഗൃഹീതോ/സ്യാഗ്രയണോ/സി
സ്വാഗ്രയണോ ജിന്വ യജ്ഞം ജിന്വ യജ്ഞപതി–
മഭിസവനാ പാഹി വിഷ്ണു സ്ത്വാം പാതുവിശം
ത്വം പാഹീന്ദ്രിയേണൈഷതേ യോനിർവിശേ–
ഭ്യസ്ത്വാ ദേവേഭ്യഃ ।

ഇതു് മുൻ അനുവാകത്തിലെ മൂന്നും നാലും മന്ത്രം തന്നെയാണ്. മന്ത്രങ്ങളുടെ വിനിയോഗവും അർത്ഥവും അതുപോലെ തന്നെ.

ഇതി ഏകാദശോ/നുവാകഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഥദ്വാദശോഽനുവാകഃ

സംഹിതാ—

ഉപയാമ ഗൃഹിതോഽസീന്ദ്രായത്വാ ബൃഹദ്വതേ
വയസ്വത ഉക്ഥായുവേ യത്തഇന്ദ്ര ബൃഹദ്വയ സ്തസ്മൈ
ത്വാ വിഷ്ണവേ ത്വാ ഏഷതേ യോനിരിന്ദ്രായത്വാ
ഉക്ഥായുവേ ॥

പദച്ഛേദം

ഉപയാമഗൃഹീതഃ അസി ഇന്ദ്രായ ത്വാ ബൃഹദ്വതേ വയസ്വതേ ഉക്ഥായുവേ യത് തേ ഇന്ദ്ര ബൃഹത് വയഃ തസ്മൈ ത്വാ വിഷ്ണവേ ത്വാ ഏഷഃ തേ യോനിഃ ഇന്ദ്രായ ത്വാ ഉക്ഥായുവേ–

മന്ത്രവും വിനിയോഗവും അർത്ഥവും

1. ഉപയാമ ഗൃഹീതോഽസിന്ദ്രായത്വാ

ഈ മന്ത്രം ചൊല്ലി ഇന്ദ്രന് വേണ്ടിയുള്ള സോമരസം സ്വീകരിക്കുന്നു.

ഉപയാമഗൃഹീതഃ അസി = നീ ഭൂമിയിലുള്ള ആളുകൾക്കു് വേണ്ടി സ്വീകരിക്കപ്പെട്ടിരിക്കുന്നു. ഇന്ദ്രായത്വാ = ഇന്ദ്രന് വേണ്ടി നിന്നെ സ്വീകരിക്കുന്നു.

2. ബൃഹദ്വതേ വയസ്വത ഉക്ഥായുവേയത്ത ഇന്ദ്ര
ബൃഹദ്വയ സ്തസ്മൈ ത്വാവിഷ്ണവേ ത്വാ ।

ഈ മന്ത്രം ചൊല്ലി ഇന്ദ്രന് വേണ്ടിയുള്ള സോമരസം എടുക്കുന്നു.

ബൃഹദ്വതേ = ബൃഹത്സാമ എന്നു പറയുന്ന സാമവേദത്തിൽ പ്രിയമുള്ളവനും, വയസ്വതേ = അന്നത്തോടു് കൂടിയവനും, ഉക്ഥായുവേ = ആയുധം വേണമെന്നാഗ്രഹിക്കുന്നവനുമായ, ഹേ ഇന്ദ്ര! = അല്ലയോ ഇന്ദ്ര ! തവ =

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഞ്ജസ്യൈ വേണ്ടി, പ്രഭൃതം = ധാരാളമായി തയാറാക്കിയിരിക്കുന്ന, യത്വയഃ = യാതൊരു സോമരസമുണ്ടോ, തസ്മൈ = അതു് സ്വീകരിക്കുന്നതിനു് വേണ്ടി, ത്വാ = അങ്ങയോടു് പ്രാർത്ഥിക്കുന്നു. വിഷ്ണവേ = സർവവ്യാപകനായ ഇന്ദ്രനു് വേണ്ടി, ത്വാ ഗൃഹ്ണാമി = നിന്നെ (സോമരസം) ഞാൻ സ്വീകരിക്കുന്നു.

3. ഏഷതേ യോനിരിന്ദ്രായത്വാ ഉക്ഥായുവേ

ഈ മന്ത്രം ചൊല്ലി ഇന്ദ്രനു് വേണ്ടിയുള്ള സോമരസം ഒരു സ്ഥലത്തു വെയ്ക്കുന്നു.

ഏഷഃ തേ യോനിഃ = ഇതു് നിന്റെ സ്ഥാനമാകുന്നു.
ഉക്ഥായുവേ = ആയുധം വേണമെന്നാഗ്രഹിക്കുന്ന, ഇന്ദ്രായ = ഇന്ദ്രനു് വേണ്ടി, ത്വാസാദയാമി = നിന്നെ ഇവിടെ വെയ്ക്കുന്നു.

ഇതി ദ്വാദശോऽനുവാകഃ

അഥത്രയോദശോऽനുവാകഃ

സംഹിതാ—

മൂർധാനം ദിവോ അരതിം പൃഥിവ്യാ വൈശ്വാനരമൃതായ
ജാതമഗ്നിം കവിം സമ്രാജ മതിഥിം ജനാനാമാ—
സന്നാപാത്രം ജനയന്ത ദേവാഃ। ഉപയാമ ഗൃഹിതോऽസി
അഗ്നയേ ത്വാ വൈശ്വാനരായ। ധ്രുവോऽസിധ്രുവക്ഷിതി—
ർധ്രുവാണാം ധ്രുവതമോऽച്യുതാനാമച്യുതക്ഷിത്തമഃ ।
ഏഷതേ യോനിരഗ്നയേ ത്വാ വൈശ്വാനരായ ।

പദച്ഛേദം—

മൂർധാനം ദിവഃ അരതിം പൃഥിവ്യഃ വൈശ്വാനരം ഋതായ ജാതം അഗ്നിം കവിം സമ്രാജം അതിഥിം ജനാനാം ആസൻ ആ പാത്രം ജനയന്ത ദേവാഃ ഉപയാമ ഗൃഹീതഃ അസി അഗ്നയേ ത്വാ വൈശ്വാനരായ ധ്രുവഃ അസി ധ്രുവാണാം ധ്രുവതമഃ അച്യുതാനം അച്യുതക്ഷിത്തമഃ ഏഷഃ തേ യോനിഃ അഗ്നയേ ത്വാ വൈശ്വാനരായ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മന്ത്രവും വിനിയോഗവും അർത്ഥവും

1. മൂർധാനം ദിവോ അരതിം പൃഥിവ്യാ വൈശ്വാനര-
മൃതായ ജാതമഗ്നിം ‖ കവിം സമ്രാജമതിഥിം ജനാനാ-
മാസന്നാ പാത്രം ജനയന്ത ദേവാഃ ।।

ഈ മന്ത്രം ചൊല്ലി സ്ഥാലിയിൽ ധ്രുവഗ്രഹം എടുക്കുന്നു.

ദിവഃ മൂർധാനം = സ്വർഗ്ഗത്തിൻെറ ശിരസ്സു പോലെയുള്ളതും, പൃഥിവ്യാഃ അരതിം = പ്രജകളുടെ രക്ഷണത്തിന്ന് വേണ്ടി ഭൂമിയിലേയ്ക്കു പോകുന്നതും, വൈശ്വാനരം = എല്ലാ മനുഷ്യരേയും സംബന്ധിക്കുന്നതും, ഋതായ ജാതം = യാഗത്തിന്ന് വേണ്ടി ഉണ്ടായതും, കവിം = മേധാവിയും സമ്രാജം = നല്ല പോലെ പ്രകാശിക്കുന്നവനും, ജനാനാം അതിഥിം = യാഗം നടത്തുന്ന ആളുകടെ അതിഥിയായിട്ടുള്ളവനും ആയ, അഗ്നിം = അഗ്നിയെ, ദേവാഃ = ദേവന്മാർ, ആസൻ പാത്രം = മുഖമാകുന്ന പാത്രമാക്കി, ജനയന്ത = ജനിപ്പിച്ചു.

("ആസൻ" ആസ്യ ശബ്ദത്തിൻെറ സപ്തമി ഏകവചനം ഇവിടെ ദ്വിതീയാർത്ഥത്തിൽ സപ്തമി. പിബത്യനേനേതി പാത്രം. "അഗ്നിമുഖാ വൈദേവാഃ" എന്നു് പ്രസിദ്ധമാണല്ലോ. എല്ലാ ദേവന്മാൎക്കും അഗ്നിയിലാണല്ലോ ഹോമം നടത്തുന്നതു്.) ഇപ്രകാരമുള്ള അഗ്നിയെ ഞങ്ങൾ സ്തുതിക്കുന്നു

2. ഉപയാമഗൃഹിതോഽസി അഗ്നയേത്വാ വൈശ്വാനരായ

ഈ മന്ത്രം ചൊല്ലി അഗ്നിക്കു് വേണ്ടിയുള്ള ധ്രുവം സ്വീകരിക്കുന്നു.

ഉപയാമ ഗൃഹീതഃ അസി = നീ ഭൂമിയിലുള്ള ആളുകൾക്കു വേണ്ടി സ്വീകരിക്കപ്പെട്ടിരിക്കുന്നു. വൈശ്വാനരായ അഗ്നയേ = വൈശ്വാനരൻ എന്നു പ്രസിദ്ധനായ അഗ്നിക്കു് വേണ്ടി, ത്വാ നിന്നെ (സ്വീകരിക്കുന്നു.)

3. ധ്രുവോഽസി ധ്രുവക്ഷിതി ർധ്രുവാണാം ധ്രുവതമോഽ-
ച്യുതാനാമച്യുതക്ഷിത്തമഃ ।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈ മന്ത്രം ചൊല്ലി ധ്രുവത്തെ സ്തുതിക്കുന്നു.

ത്വം ധ്രുവഃ അസി = നീ യാഗത്തിൻെറ ധ്രുവം ആകുന്നു. ധ്രുവക്ഷിതിഃ അസി = നീ ധ്രുവക്ഷിതി ആകുന്നു. ധ്രുവാണാം = ആദിത്യ സ്ഥാല്യാദികളുടെ മദ്ധ്യത്തിൽ, ധ്രുവതമഃ അസി = നീ അത്യന്തം ധ്രുവം ആകുന്നു. അച്യുതാനാം = അച്യുതമായ സ്ഥാനങ്ങളുടെ മദ്ധ്യത്തിൽ, അച്യുതക്ഷിത്തമഃ അസി = അതീവ അച്യുതമായ സ്ഥാനമാകുന്നു. (ധ്രുവം = സ്ഥിരമായ അച്യുതം = നാശമില്ലാത്തതു്.)

4. ഏഷതേ യോനി രഗ്നയേ ത്വാ വൈശ്വാനരായ

ഈ മന്ത്രം ചൊല്ലി അഗ്നിക്കു് വേണ്ടി സ്വീകരിച്ചധ്രുവം ഒരു സ്ഥലത്തു വെയ്ക്കുന്നു.

ഏഷഃ തേ യോനിഃ = ഇതു് നിൻെറ സ്ഥാനമാണു്. വൈശ്വാനരായ അഗ്നയേ = വൈശ്വാനരൻ എന്നറിയപ്പെടുന്ന അഗ്നിക്കു് വേണ്ടി, ത്വാ സാദയാമി = നിന്നെ ഇവിടെ വെയ്ക്കുന്നു.

ഇതിത്രയാദശോ ऽനുവാകഃ

അഥചതുർദശോ ऽനുവാകഃ

സംഹിതാ—

മധുശ്ച മാധവശ്ച ശുക്രശ്ച ശുചിശ്ച നഭശ്ച നഭസ്യശ്ചേ-
ഷശ്ചോ ർജശ്ചസഹശ്ച സഹ സ്യശ്ച തപശ്ചതപസ്യ-
ശ്ചോപയാമ ഗൃഹീതോ ऽസി സംസർപോ സ്യംഹസ്പ-
ത്യായത്വാ ॥

പദച്ഛേദം

മധുഃ ച മാധവഃ ച ശുക്രഃ ച ശുചിഃ ച നഭഃ ച നഭസ്യഃ ച ഇഷഃ ച ഊർജഃ ച സഹഃ ച സഹസ്യഃ ച തപഃ ച തപസ്യഃ ച ഉപയാമ-ഗൃഹീതഃ അസി സംസർപഃ അസി അംഹസ്പ-ത്യായ ത്വാ ॥

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിനിയോഗവും അർത്ഥവും

ഈ മന്ത്രം ചൊല്ലി പതിമൂന്നു് മാസങ്ങളുടെ അധിദേവതകൾക്കുവേണ്ടി സോമരസം എടുത്തു് ഒരു സ്ഥലത്തു വെയ്ക്കുന്നു.

(മധു മുതൽ തപസ്യവരെയുള്ളതു് പന്ത്രണ്ടു് മാസങ്ങളുടെ പേരാണു്. ഇവയെല്ലാം ചന്ദ്രന്റെ ഗതിയനുസരിച്ചു് വ്യവഹരിക്കപ്പെടുന്നവയാണു്. ഒരു കറുത്തവാവിന്റെ പിറേറ ദിവസം മുതൽ അടുത്ത കറുത്തവാവു് ഉൾപ്പെടെയുള്ള ദിവസങ്ങൾ ഒരു ചാന്ദ്രമാസം ആകുന്നു. ഓരോ മാസത്തിലേയും അവസാന ദിവസം കറുത്തവാവായിരിക്കും. മീനമാസത്തിലെ കറുത്തവാവിന്റെ പിറെറ ദിവസം മുതൽ മധുമാസം ആരംഭിക്കുന്നു. ക്രമേണ മററു മാസങ്ങളും. മീനം, മേടം മുതലായ സൗര മാസങ്ങളെക്കാൾ ചാന്ദ്ര മാസത്തിനു് ഒരു ദിവസം കുറവു് വരും. അതുകൊണ്ടു് ഇരുപത്തി ഒൻപതു സൗര മാസമാകുമ്പോൾ ഒരു ചാന്ദ്രമാസം കൂടുതൽവരും. ഒരു സൌരമാസത്തിൽ രണ്ടു് കറുത്തവാവുവരും അവസ്ഥ് സംസർപ്പം എന്നും അംഹസ്പത്യം എന്നും പേരുപറയുന്നു.) മധുഃച = മധു എന്ന മാസത്തിനു് വേണ്ടിയും, മാധവഃച = മാധവം എന്ന മാസത്തിനു്വേണ്ടിയും, ശുക്രഃച = ശുക്ര മാസത്തിനു് വേണ്ടിയും, ശുചിഃച = ശുചി മാസത്തിനു് വേണ്ടിയും, നഭഃച = നഭോ മാസത്തിനു്വേണ്ടിയും, നഭസ്യഃച = നഭസ്യ മാസത്തിനു് വേണ്ടിയും ഇഷഃച = ഇഷ മാസത്തിനു് വേണ്ടിയും, ഊർജഃച = ഊർജ മാസത്തിനു് വേണ്ടിയും, സഹഃച = സഹ എന്ന മാസത്തിനു് വേണ്ടിയും, തപഃച = തപ എന്ന മാസത്തിനു് വേണ്ടിയും, തപസ്യഃച = തപസ്യ മാസത്തിനു് വേണ്ടിയും, ത്വാഗൃഹ്ണമി = നിന്നെ (സോമരസം) ഞാൻ സ്വീകരിക്കുന്നു. ഉപയാമഗൃഹീതഃഅസി = നീ ഭൂമിയിലുള്ള ആളുകൾക്കു് വേണ്ടി സ്വീകരിക്കപ്പെട്ടിരിക്കുന്നു. സം സർപ്പഃഅസി = നി സംസർപം ആകുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അംഹസ്പത്യായ = അംഹസ്പത്യം എന്നറിയപ്പെട്ടന്ന മാസത്തിന് വേണ്ടി, ത്വാഗൃഹ്ണാമി = നിന്നെ സ്വീകരിക്കുന്നു.

(അംഹാംസി പാതയതീതി അംഹസ്പത്യഃ പാപങ്ങളെ നശിപ്പിക്കുന്നതു് എന്നർത്ഥം)

ഇതിചതുർദശോഽനുവാകഃ

അഥപഞ്ചദശോഽനുവാകഃ

സംഹിതാ—

ഇന്ദ്രാഗ്നീ ആഗതം സുതം ഗീർഭിർനഭോ വരേണ്യം ।
അസ്യപാതം ധിയേഷിതാ । ഉപയാമഗൃഹീതോഽസി ।
ഇന്ദ്രാഗ്നിഭ്യാം ത്വാ ഏഷതേ യോനിരിന്ദ്രാഗ്നിഭ്യാം ത്വാ ।

പദച്ഛേദം—

ഇന്ദ്രാഗ്നീ ആ ഗതം സുതം ഗീഭിഃ നഭഃ വരേണ്യി അസ്യ പാതം ധിയാ ഇഷിതാ ഉപയാമഗൃഹീതഃ അസി ഇന്ദ്രാഗ്നിഭ്യാം ത്വാ ഏഷഃ തേ യോനിഃ ഇന്ദ്രാഗ്നിഭ്യാം ത്വാ ॥

ഈ മന്ത്രം ചൊല്ലി ഇന്ദ്രനും അഗ്നിക്കും വേണ്ടിയുള്ള സോമരസം എടുത്തു്, അതു സ്വീകരിച്ചു് ഒരു സ്ഥലത്തു് വെയ്ക്കുന്നു.

ഹേ ഇന്ദ്രാഗ്നി! = ഹേഇന്ദ്ര ! ഹേ അഗ്നേ!സുതം = പിഴിഞ്ഞു്എടുത്തതും, ഗീഭിഃ വരേണ്യം = സ്തുതികളാൽ സ്തുതിക്കപ്പെടേണ്ടതും, നഭഃ = രുചി കൊണ്ടു് മനസ്സിനെ ബന്ധിക്കുന്നതും ആയ സോമരസത്തിന്നു് വേണ്ടി, ആഗതം = നിങ്ങൾ വന്നാലും. ധിയാ ഇഷിതാ = ഞങ്ങളുടെ ബുദ്ധി കൊണ്ടു് പ്രാർത്ഥിക്കപ്പെട്ട നിങ്ങൾ, അസ്യപാതം = ഈ സോമരസം പാനം ചെയ്താലും. ഉപയാമഗൃഹീതഃ = അസി = നീ ഭൂമിയിലുള്ള ആളുകൾക്കു് വേണ്ടി സ്വീകരിക്കപ്പെട്ടിരിക്കുന്നു. ഇന്ദ്രാഗ്നിഭ്യാം ത്വാ = ഇന്ദ്രാഗ്നി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കരംകള വേണ്ടി നിന്നെ സ്വീകരിക്കുന്നു. ഏഷഃ തേ യോനിഃ = ഇതു് നിൻെറ സ്ഥാനമാകുന്നു. ഇന്ദ്രാഗ്നിഭ്യാം ത്വാ = ഇന്ദ്രാഗ്നികരംകള വേണ്ടി നിന്നെ ഇവിടെ വെയ്ക്കുന്നു.

ഇതി പഞ്ചദശോ ƒനുവാകഃ

അഥഷോഡശോ ƒനുവാകഃ

സംഹിതാ—

ഓമാസശ്ചർഷണീ ധൃതോ വിശ്വേ ദേവാസ ആഗത ദാശ്വാംസോദാശുഷഃ സുതം । ഉപയാമ ഗൃഹീതോസി വിശ്വേഭ്യ സ്ത്വാ ദേവേഭ്യ ഏഷതേ യോനി ർവിശ്വേഭ്യ- സ്ത്വാ ദേവേഭ്യഃ ।

പദച്ഛേദം —

ഓമാസഃ ചർഷണീധൃതഃ വിശ്വേ ദേവാസഃ ആഗത ദാശ്വാംസഃ ദാശുഷഃ സുതം ഉപയാമഗൃഹീതഃ അസി വിശ്വേഭ്യഃ ത്വാ ദേവേഭ്യഃ ഏഷഃ തേ യോനിഃ വിശ്വേഭ്യഃ ത്വാ ദേവേഭ്യഃ ॥

ഈ മന്ത്രം ചൊല്ലി വിശ്വേദേവന്മാക്കു വേണ്ടിയുള്ള സോമരസം എടുത്തു്, സ്വീകരിച്ചു് ഒരു സ്ഥലത്തു വെയ്ക്കുന്നു. ഓമാസഃ = പ്രജകളെ രക്ഷിക്കുന്നവരും; ചർഷണീധൃതഃ = മനുഷ്യരുടെ സ്ഥിതിക്കു് കാരണമായിരിക്കുന്നവരും, ദേവാസഃ = പ്രകാശമേറിയവരും ആയ, ഹേ വിശ്വേ ദേവാഃ = അല്ലയോ വിശ്വേ ദേവന്മാരെ ! ആഗത = നിങ്ങരം വന്നാലും. ദാശ്വാംസഃ യൂയം = യാഗാദികരം നടത്തുന്ന ആളുകരംക്കു് ധനം കൊടുക്കുന്ന നിങ്ങരം, ദാശുഷഃ = ഈ യജമാനൻെറ, സുതം പ്രതി = സോമരസത്തിനു് വേണ്ടി, ആഗച്ഛത = വന്നാലും. "അവ രക്ഷണേ" എന്ന ധാതുവിൽ നിന്നു് ഉണ്ടായതാണു്. "ഓമസഃ" എന്ന പദം "ദാശ്വാംസഃ" എന്ന പദം "ദാശൃദാനേ" എന്ന ധാതുവിൽ നിന്നുണ്ടായതാണു്.) ഉപയാമ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗൃഹീത: അസി = നീ ഭൂമിയിലുള്ള ആളുകൾക്കു വേണ്ടി സ്വീകരിക്കപ്പെട്ടിരിക്കുന്നു. വിശേഭ്യഃ ദേവേഭ്യഃ = വിശേ ദേവന്മാൎക്കു വേണ്ടി, ത്വാ = നിന്നെ (സ്വീകരിക്കുന്നു.) ഏഷഃ തേ യോനിഃ = ഇതു് നിന്റെ സ്ഥാനമാണു്. വിശേഭ്യഃ ദേവേഭ്യഃ = വിശേ ദേവന്മാൎക്കു് വേണ്ടി. ത്വാ = നിന്നെ ഇവിടെ വെയ്ക്കുന്നു.

ഇതിഷോഡശോƒനുവാകഃ

അഥസപ്തദശോƒനുവാകഃ

സംഹിതാ–

മരുത്വന്തം വൃഷഭം വാവൃധാനമക വാരിംദിവ്യം ശാസമിന്ദ്രം വിശ്വാസാഹമവസേ നൂതനായോഗ്രം സഹോദാമിഹതംഹുവേമ ഉപയാമഗൃഹീതോƒസീ– ന്ദ്രായത്വാമരുത്വത ഏഷതേ യോനിരിന്ദ്രായത്വാ മരുത്വതേ ।

പദച്ഛേദം–

മരുത്വന്തം വൃഷഭം വാവൃധാനം അകവാരിം ദിവ്യം ശാസം ഇന്ദ്രം വിശ്വാസാഹം അവസേ നൂതനായ ഉഗ്രം സഹോദാം ഇഹ തം ഹുവേമ ഉപയാമഗൃ– ഹിതഃ അസി ഇന്ദ്രായ ത്വാ മരുത്വതേ ഏഷഃ തേ യോനിഃ ഇന്ദ്രായ ത്വാ മരുത്വതേ ;

വിനിയോഗവും അൎത്ഥവും

ഈ മന്ത്രം ചൊല്ലി മരുത്തുകൾ എന്നറിയപ്പെടുന്ന ദേവതകൾക്കു വേണ്ടി സോമരസം എടുത്തു് ഒരു സ്ഥലത്തു വെയ്ക്കുന്നു മരുത്വന്തം = മരുത്തുകൾ എന്നറിയപ്പെടുന്ന ദേവതകളോടുകൂടിയവനും, വൃഷഭം = യജമാനന്റെ ആഗ്രഹങ്ങൾ സാധിച്ചുകൊടുക്കുന്നവനും, അല്ലെങ്കിൽ മഴ പെയ്യിക്കുന്നവനും, വാവൃധാനം = യജമാനന്റെ ഐശ്വൎയ്യം വൎദ്ധിപ്പിക്കുന്നവനും, അകവാരിം = ശത്രുക്കൾ ഇല്ലാത്തവനും, ദിവ്യം = സ്വൎഗ്ഗം ആഗ്രഹിക്കുന്നവനും, ശാസ ശത്രുക്കളെ ശാസിക്കുന്നവനും, വിശ്വാസാഹം = എല്ലാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശത്രുക്കളേയും ജയിക്കുന്നവനും, ഉഗ്രം = ആയുധങ്ങളോടു കൂടിവനും, സഹോദാം = ബലം തരുന്നവനുമായ, തം ഇന്ദ്രം = ആ ഇന്ദ്രനെ; നൂതനായ അവസേ = വിശിഷ്ട മായ രക്ഷണത്തിനു് വേണ്ടി, ഇഹഹൂവേമ = ഞങ്ങൾ ഈ യാഗത്തിനു് വിളിക്കുന്ന ഉപയാമഗൃഹിതഃ അസി = നീ ഭൂമിയിലുള്ള ആളുകൾക്ക വേണ്ടി സ്വീകരിക്കപ്പെട്ടിരി ക്കുന്ന മരുത്വതേ ഇന്ദ്രായത്വാ = മരുത്തുകളോടു കൂടിയ ഇന്ദ്രനു് വേണ്ടി നിന്നെ സ്വീകരിക്കുന്ന ഏഷഃതേയോനിഃ = ഇതു് നിന്റെ സ്ഥാനമാണു്. മരുത്വതേ ഇന്ദ്രായ ത്വാ = മരുത്തുകളോടുകൂടിയ ഇന്ദ്രനു് വേണ്ടി നിന്നെ ഇവിടെ വെയ്ക്കുന്നു.

ഇതിസപ്ത ദശോഽനുവാകഃ

അഥഅഷ്ടാദശോഽനുവാകഃ

സംഹിതാ—

ഇന്ദ്രമരുത്വ ഇഹപാഹി സോമം യഥാ ശാർയാതേഃ
അപിബഃ സുതസ്യ। തവ പ്രണീതീതവശൂര ശർമന്നാ
വിവാസന്തികവയഃ സുയജ്ഞാഃ । ഉപയാമ–
ഗൃഹിതോഽസി
ഇന്ദ്രായത്വാ മരുത്വത ഏഷതേയോനിരിന്ദ്രായത്വാ
മരുത്വതേ ।

പദച്ഛേദം

ഇന്ദ്ര മരുത്വഃ ഇഹ പാഹി സോമം യഥാ ശാർയാതേഃ അപിബഃ സുതസ്യ തവ പ്രണീതി തവ ശൂര ശർമൻ ആ വിവാസന്തി കവയഃ സുയജ്ഞാഃ ഉപ–യാമഗൃഹീതഃ അസി ഇന്ദ്രായ ത്വാ മരുത്വതേ ഏഷഃ തേ യോനിഃ ഇന്ദ്രായ ത്വാ മരുത്വതേ ॥

വിനിയോഗവും അർത്ഥവും

ഈ മന്ത്രം ചൊല്ലി മരുത്തുകൾക്കുള്ള സോമരസം രണ്ടാമതും എടുത്തു് ഒരു സ്ഥലത്തു വെയ്ക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹേ മരുത്വഃ ഇന്ദ്ര! = മരുത്തുക്കളോട് കൂടിയ അല്ലയോ ഇന്ദ്ര! ഇഹ സോമം പാഹി = ഈ യജ്ഞത്തിൽ സോമരസം പാനം ചെയ്താലും. യഥാ ശാർയാതേഃ = ശർയാതി എന്ന രാജാവ് നടത്തിയ യാഗത്തിൽ എപ്രകാരമാണോ, സുതസ്യ അപിബഃ = സോമരസം പാനം ചെയ്തത് അതുപോലെ ഈ യാഗത്തിൽ സോമരസം പാനം ചെയ്താലും. ഹേ ശൂര! = അല്ലയോ ശൂരനായിട്ടുള്ളവനേ! തവ പ്രണീത്യാ = അങ്ങയ്ക്ക് എന്നോടുള്ള സ്നേഹം കൊണ്ട്, തവ ശർമൻ = അങ്ങ് എനിക്ക് ശരണമാകത്തക്കവിധത്തിൽ, സുയജ്ഞാഃ = നല്ലപോലെ യാഗം നടത്തുന്ന, കവയഃ = ബുദ്ധിമാന്മാർ, ത്വാം ഏവ = അങ്ങയെ തന്നെ, ആ വിവാസന്തി = പരിചരിക്കുന്നു. ഉപയാമ ഗൃഹീതഃ അസി = നീ ഭൂമിയിലുള്ളവർക്കുവേണ്ടി സ്വീകരിക്കപ്പെട്ടിരിക്കുന്നു. ഏഷഃ തേ യോനിഃ = ഇത് നിന്റെ സ്ഥാനമാകുന്നു. മരുത്വതേ ഇന്ദ്രായ = മരുത്തുകളോടുകൂടിയ ഇന്ദ്രന് വേണ്ടി, ത്വാ = നിന്നെ ഇവിടെ വെയ്ക്കുന്നു.

ഇതിഅഷ്ടാദശോഽനുവാകഃ

അഥഏകോനവിംശോഽനുവാകഃ

സംഹിതാ—

മരുത്വാം ഇന്ദ്രവൃഷഭോരണായ പിബാസോമമനുഷ്വധം മദായ । ആസിഞ്ചസ്വ ജഠരേ മധ്വ ഊർമിംത്വം രാജാസി പ്രദിവഃ സുതാനാം । ഉപയാമഗൃഹീതോഽസീന്ദ്രായ ത്വാ മരുത്വത ഏഷതേ യോനിരിന്ദ്രായ ത്വാ മരുത്വതേ

പദച്ഛേദം

മരുത്വാൻ ഇന്ദ്ര വൃഷഭഃ രണായ പിബാ സോമം അനുഷ്വധം മദായ ആ സിഞ്ചസ്വ ജഠരേ മധ്വഃ ഊർമിം ത്വം രാജാ അസി പ്രദിവഃ സുതാനാം ഉപയാമ ഗൃഹീതഃ അസി ഇന്ദ്രായ ത്വാ ഏഷഃ തേ യോനിഃ ഇന്ദ്രായ ത്വാ മരുത്വതേ ॥

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മന്ത്രവും വിനിയോഗവും അർത്ഥവും

ഈ മന്ത്രം ചൊല്ലി മൂന്നാമത്തും മരുത്തുകൾക്കു് സോമരസം എടുത്തു വെയ്ക്കുന്നു.

ഹേ ഇന്ദ്ര! = അല്ലയോ ദേവേന്ദ്ര! ത്വം = അങ്ങു്, മരുത്വാൻ = മരുത്തുകളോടു കൂടിയവനും, വൃഷഭഃ = മഴ പെയ്യിക്കുന്നവനും ആകുന്നു. രണായ = യുദ്ധത്തിനു് (യുദ്ധത്തിനാവശ്യമുള്ള ഉത്സാഹം കിട്ടുന്നതിനു്) അനുഷ്വധം = പുരോഡാശ രൂപമായ ഹവിസ്സിനെ തുടന്നു്. മദായ = ഉത്സാഹത്തിനു് വേണ്ടി, ജഠരേ ആ പിബസ്വ = വയററിൽ എത്ര മാത്രം കൊള്ളുമോ അത്രയും ഇഷ്ടം പോലെ കഴിച്ചാലും മധ്വഃ സുതാനാം ഊർമിം = മധുരരസമുള്ള ഈ സോമരസത്തിൻെറ കൂട്ടത്തിനു്, പ്രദിവഃ പുരാതന കാലം മുതൽ തന്നെ, ത്വം രാജാ അസി = അങ്ങു് രാജാവു് ആകുന്നു. (അങ്ങയുടെ സന്തോഷത്തിനു് വേണ്ടിയാണു് ആദ്യകാലം മുതൽ സോമരസം എടുക്കുന്നതു്)

ഉപയാമഗൃഹീതഃ അസി = നീ ഭൂമിയിലുള്ളവക്കു വേണ്ടി സ്വീകരിക്കപ്പെട്ടിരിക്കുന്നു. മരുത്വതേ ഇന്ദ്രായ = മരുത്തുകളോടുകൂടിയ ഇന്ദ്രനു് വേണ്ടി, ത്വാ = നിന്നെ സ്വീകരിക്കുന്നു. ഏഷഃ തേ യോനിഃ = ഇതു് നിൻെറ സ്ഥാനമാകുന്നു. മരുത്വതേ ഇന്ദ്രായ ത്വാ = മരുത്തുകളോടു കൂടിയ ഇന്ദ്രനു് വേണ്ടി നിന്നെ ഇവിടെ വെയ്ക്കുന്നു.

(30 30)

ഇതിഏകോനവിംശോ൪നുവാകഃ

അഥവിംശോ൪നുവാകഃ

സംഹിതാ–

മഹാം ഇന്ദ്രോയഓജസാപർജന്യോ വൃഷ്ടിമാം ഇവ സ്തോമൈർവത്സസ്യവാവൃധേ। ഉപായഗൃഹിതോ൪സി–മഹേന്ദ്രായത്വാ ഏഷതേയോനിർമഹേന്ദ്രായത്വാ॥

പദച്ഛേദം–

മഹാൻ ഇന്ദ്രഃ യഃ ഓജസാ പർജന്യഃ വൃഷ്ടിമാൻ ഇവ സ്തോമൈഃ വത്സസ്യ വാവൃധേ ഉപയാമഗൃഹീതഃ അസി മഹേന്ദ്രായ ത്വാ॥

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈ മന്ത്രം ചൊല്ലി ഇന്ദ്രന്ന് വേണ്ടിയുള്ള സോമരസം എടുത്തുവെയ്ക്കുന്നു.

യഃ = യാതൊരുത്തനാണോ, ഓജസാ = ബലം കൊണ്ട്, മഹാൻ ഇന്ദ്രഃ = മഹാനായ ഇന്ദ്രനായിരിക്കുന്നതു്, സഃ = ആദേവേന്ദ്രൻ, വത്സസ്യ = വത്സസ്ഥാനീയനായ് യജമാനന്റെ, സ്തോമൈഃ = സ്തുതികളാൽ, വൃഷ്ടിമാൻ പർജന്യഃഇവ = വർഷിക്കുന്ന മേഘത്തെപ്പോലെ, വാവൃധേ = വർദ്ധിയ്ക്കട്ടെ. ഉപയാമഗൃഹീതഃ അസി = നീ ഭൂമിയിലുള്ളവർക്ക് വേണ്ടി ഗ്രഹിക്കപ്പെട്ടിരിക്കുന്നു. മഹേന്ദ്രായത്വാ = മഹാനായ ഇന്ദ്രന്ന് വേണ്ടി നീ സ്വീകരിക്കപ്പെട്ടിരിക്കുന്നു. ഏഷഃ തേയോനിഃ = ഇതു് നിന്റെ സ്ഥാനമാണ്. മഹേന്ദ്രായത്വാ = മഹേന്ദ്രന്ന് വേണ്ടി നിന്നെ ഇവിടെ വെയ്ക്കുന്നു.

ഇതിവിംശോ ഽനുവാകഃ

അഥഏകവിം ശോ ഽനുവാകഃ

സംഹിതാ—

മഹാം ഇന്ദ്രോനൃവദാചർഷണി പ്രാഉതദ്വിബർഹാ അമി—
നഃസഹോഭിഃ । അസ്മദ്രിയഗ്വാവൃധേ വീർയായോരുഃ
പൃഥുഃസുകൃതഃകർതൃഭിർഭൂത് । ഉപയാമഗൃഹീതോഽസി
മഹേന്ദ്രായത്വാ । ഏഷതേയോനിർ മഹേന്ദ്രായത്വാ ॥

പദച്ഛേദം—

മഹാൻ ഇന്ദ്രഃ നൃവത് ആ ചർഷണി പ്രാഃ ഉത ദ്വിബർഹാഃ അമിനഃ സഹോ ഭിഃ അസ്മദ്രിയഗ് വാവൃധേ വീർയായ ഉരുഃ പൃഥുഃ സുകൃതഃ കർതൃഭിഃ ഭൂത് ഉപയാമ ഗൃഹീതഃ അസി മഹേന്ദ്രായ ത്വാ ഏഷഃ തേ യോനിഃ മഹേന്ദ്രായ ത്വാ।

വിനിയോഗവും അർത്ഥവും

ഈ മന്ത്രവും ഇന്ദ്രന്ന് വേണ്ടി സോമരസം എടുത്തു വെയ്ക്കുന്ന അവസരത്തിൽ ചൊല്ലാനുള്ളതാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അയം മഹാൻ ഇന്ദ്രഃ = ഈ മഹേന്ദ്രൻ, നൃവത് = മനുഷ്യരെപ്പോലെ, ചർഷണി പ്രാഉത = മനുഷ്യരുടെ ആഗ്രഹങ്ങളെ പൂരിപ്പിക്കുന്നവനും, ദ്വിബർഹാഃ = സ്വതേജസ്സുകൊണ്ട് ഈ ലോകത്തിലും സ്വർഗ്ഗലോകത്തിലും അഭിവൃദ്ധിപ്രാപിച്ചിരിക്കുന്നവനും, സഹോഭിഃ = ബലംകൊണ്ട്, അമിനഃ = അപരിച്ഛേദ്യനമായ ഇന്ദ്രൻ, വീര്യായ = വീര്യത്തിന് വേണ്ടി, അസ്മദ്രിയക് = ഞങ്ങളാൽ നൽകപ്പെടുന്ന ഹവിസ്സ് സ്വീകരിച്ചുകൊണ്ട്, വാവൃധേ = വർദ്ധിച്ചാലും കർതൃഭിഃ = യാഗാദികരം നടത്തുന്ന ആളുകളാൽ, ഉരുഃ = മഹാനും പൃഥുഃ = പ്രസിദ്ധനും, സുകൃതഃ = ഞങ്ങളാൽ വശീകരിക്കപ്പെട്ടവനും ആയിത്തീരട്ടെ.

(ശേഷം മുൻപിലത്തെ അനുവാകത്തിലെ പോലെ)

ഇതി ഏകവിംശോ ഽനുവാകഃ

അഥദ്വാവിംശോഽനുവാകഃ

സംഹിതാ—

കദാ ചനസ്തരീരസിനേന്ദ്രസശ്ചസി ദാശുഷേ ഉപോ-
പേന്നമഘവൻ ഭൂയ ഇന്നുതേ ദാനം ദേവസ്യപൃച്യതേ ।
ഉപയാമ ഗൃഹീതോ.സ്യാദിത്യേഭ്യസ്ത്വാ കദാചനപ്ര
യ ച്ഛസ്യുഭേനി പാസിജന്മനീ തുരീയാദിത്യസവനം
ത ഇന്ദ്രിയ മാതസ്ഥാവമൃതം ദിവി। യജ്ഞോ ദേവാനാം
പ്രത്യേതി സുമ്നമാദിത്യാസോഭവതാമൃഡയന്തഃ।
ആവോഽർവാചീസുമതിർവവൃത്യാദംഹോശ്ചിദ്യാവരിവോ
വിത്തരാസത് । വിവസ്വ ആദിത്യൈഷതേ സോമ-
പീഥസ്തേനമന്ദസ്വ തേന തൃപ്യ । തൃപ്യാസ്മതേ
വയം തർപയിതാരോ യാദിവ്യാവൃഷ്ടിസ്തയാത്വാ
ശ്രീണാമി

പദച്ഛേദം

കദാ ചന സ്തരീഃ അസി ന ഇന്ദ്ര സശ്ചസി
ദാശുഷേ ഉപോപ ഇത് നു മഘവൻ ഭൂയഃ ഇത്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന തേ ദാനം ദേവസ്യ പൃച്യതേ ഉപയാമ ഗൃഹീതഃ അസി ആദിത്യേഭ്യഃ ത്വാ കദാ ചന പ്ര യുച്ഛസി ഉഭേ നിപാസി ജന്മനീ തുരീയാ ആദിത്യ, സവനം തേ ഇന്ദ്രിയം ആ തസ്ഥൗ അമൃതം ദിവി യജ്ഞഃ ദേവാനാം പ്രതി ഏതി സുമ്നം ആദിത്യാസഃ ഭവത മൃഡയന്തഃ ആ വഃ അർവാചി സുമതിഃ വ വൃത്യാത് അംഹോഃ ചിത് യാ വരിവോവിത്തരാ അസത് വിവസ്വഃ ആദിത്യ ഏഷഃ തേ സോമ– പീഥഃ തേന മന്ദസ്വ തേന തൃപ്യ തൃപ്യാസ്മ തേ വയം തർപയിതാരഃ യാ ദിവ്യാ വൃഷ്ടിഃ തയാ ത്വാ ശ്രീണാമി ॥

വിനിയോഗവും അർത്ഥവും

ഈ മന്ത്രം ചൊല്ലി ആദിത്യനു് വേണ്ടിയുള്ള സോമരസം ഗ്രഹിച്ച് ഒരു സ്ഥലത്തു വെയ്ക്കുന്നു.

ഹേ ഇന്ദ്ര! = അല്ലയോ ഇന്ദ്ര! ത്വം = അങ്ങു്, കദാചന = ഒരിക്കലും, സ്ത്തരീഃ അസി = ധനം നശിപ്പീക്കുന്നില്ല. ദാശുഷേ = ഹവിസ്സ് ദാനം ചെയ്യുന്ന യജമാനനു്, സശ്ചസി = ധനം രകാടുക്കാൻ സ്വയം പോകുന്നു. ഹേ മഘവൻഃ = അല്ലയോ ഇന്ദ്ര ! തേ ദേവസ്യ = ദേവനായ അങ്ങയുടെ, ദാനം = ദാനം, ഭൂയഃ അപി = വീണ്ടും, വീണ്ടും, ഉപ പൃച്യതേ = ഉണ്ടാകുന്നു. ഇപ്രകാരം വിശിഷ്ടനായ അങ്ങു് ഞങ്ങളെ അനുഗ്രഹിച്ചാലും. "ന" ശബ്ദം പ്രസിദ്ധിയെ കാണിക്കുന്നു. "ഇത്" സമുച്ച യാർത്ഥം ഉപയാമ ഗൃഹീതഃ അസി = നീ ഭൂമിയിലുള്ള ആളുകൾക്കു വേണ്ടി സ്വീകരിക്കപ്പെട്ടിരിക്കുന്നു. ആദി ത്യേഭ്യഃത്വാ = ആദിത്യന്മാർക്കുവേണ്ടി നിന്നെ സ്വീകരി ക്കുന്നു. ഹേ ആദിത്യഗ്രഹ! = ആദിത്യനു് വേണ്ടി എടുക്കുന്ന സോമരസമേ! കദാചന പ്രയുച്ഛസി = നീ ഒരിക്കലും പ്രമാദം കാണിക്കുന്നില്ല. ഉഭേ ജന്മനീ = യജമാനന്റെ ഈ ജന്മത്തേയുംഭാവി ജന്മത്തേയും, നിപാ– സി = നീ നിയമേന രക്ഷിക്കുന്നു. (ഐഹികവും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആമുഷ്മികവുമായ അനർത്ഥങ്ങളിൽ നിന്നു് യജമാനനെ രക്ഷിക്കുന്നു.) തുരീയ = ഹേ ആദിത്യ! ഇന്ദ്രിയം = ഇന്ദ്രനു് പ്രിയപ്പെട്ട തേ സവനം നിന്റെ സവനം, ദിവി = ആദിത്യനിൽ, അമൃതം ആതസ്ഥൗ = അമൃതമായി സ്ഥിതി ചെയ്തു.

(മരിയ്ക്കാതിരിക്കുന്നതിനു് കാരണമായിട്ടുള്ളതു് അമൃതം) അയം യജ്ഞഃ = ഈ യാഗം, ദേവാനാം = ദേവന്മാൎക്കു് സുമ്നം പ്രതി ഏതി = സുഖം സമ്പാദിക്കട്ടെ. ഹേആദിത്യാസഃ = അല്ലയോ ആദിത്യന്മാരെ ! അസ്മാൻ = ഞങ്ങളെ മൃഡയന്തഃഭവത = സുഖമുള്ളവരാക്കുക. വഃസുമതിഃ = നിങ്ങളുടെ നല്ലബുദ്ധി (ഞങ്ങളെ അനുഗ്രഹിക്കണമെന്നുള്ള വിചാരം) അർവാചീ = ഞങ്ങൾക്കു് അഭിമുഖമായി, ആവവൃതാത് = വരട്ടെ. യുഷ്മാകം = നിങ്ങളുടെ, യാസുമതിഃ = ഞങ്ങളെക്കുറിച്ചുള്ള നല്ല വിചാരം, അംഹോഃ = ഹനനശീലനായ ദുഷ്ടനെ, ഛിദ് = ഛേദിക്കുന്നതായും, വരിവോവിത്തരാ = ഞങ്ങൾക്കു് ധനം ഉണ്ടാക്കിത്തരുന്നതും, അസത് = ആയിത്തീരട്ടെ.

ഹേവിവസ്വഃ ആദിത്യ = രശ്മികളാകുന്ന ധനത്തോടുകൂടിയ അല്ലയോ ആദിത്യ ! ഏഷഃ = ഇതു്, തേസോമപീഥഃ = അങ്ങയ്ക്കുള്ള സോമപാനമാണു്. തേനമന്ദസ്വ = അതുകൊണ്ടു് സന്തോഷിക്കുക. തേനതൃപ്യ = അതു കൊണ്ടു് സംതൃപ്തനാവുക. തേതർപയിതാരഃ = അങ്ങയെ സംതൃപ്തരാക്കുന്ന, വയം = ഞങ്ങളും, തൃപ്യാസ്മ = സന്തുഷ്ടരായിത്തീരട്ടെ. യാദിവ്യാവൃഷ്ടിഃ = യാതൊരു ദിവ്യമായ വൃഷ്ടിയുണ്ടോ, തയാ = അതിനു് വേണ്ടി, ത്വാ ശ്രീണാമി = നിന്നെ യോജിപ്പിക്കുന്നു (സോമരസവും തൈരും കൂട്ടിച്ചേർക്കുന്നു)

'മദി" ധാതുവിനു് സ്തുതി, മോദ, മദ, സ്വപ്ന, ഗതി, എന്നീ അർത്ഥങ്ങൾ ഉണ്ടു്.

ഇതിദ്വാവിംശോഽനുവാകഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഥത്രയോവിംശോ/നുവാകഃ

സംഹിതാ–

വാമമദ്യസവിതർവാമമുശ്വോദിവേദിവേവാമ-
മസ്മഭ്യം സാവീഃ। വാമസ്യഹി ക്ഷയസ്യദേവഭൂരേ-
രയാധിയാവാമഭാജഃസ്യാമ। ഉപയാമഗൃഹിതോസി
ദേവായത്വാസവിത്രേ।

പദച്ഛേദം

വാമം അദ്യ സവിതഃ വാമം ഉ ശ്വഃ ദിവേദിവേ
വാമം അസ്മഭ്യം സാവീഃ വാമസ്യ ഹി ക്ഷയസ്യ
ദേവ ഭൂരേഃ അയാ ധിയാ വാമഭാജഃ സ്യാമ ഉപ-
യാമഗൃഹിതഃ അസി ദേവായ ത്വാ സവിത്രേ॥

വിനിയോഗവും അർത്ഥവും

ഈ മന്ത്രം ചൊല്ലി സവിതൃ ദേവനുള്ള സോമസം എടുത്ത് ഒരു സ്ഥലത്തു വെയ്ക്കുന്നു.

ഹേ സവിതഃ = അല്ലയോ സവിതൃ ദേവ! യദ്വാമം = യാതൊന്നു് മംഗളമാകുന്നുവോ, തദ്സാവീഃ = അതു് ഞങ്ങൾക്ക തന്നാലും ശ്വഃ ഉ = നാളെയും (ഭാവിയിലും) യദ്വാമം = യാതൊന്നു് മംഗളകരമായിരിക്കുമോ, തദ് സാവിഃ = അതു് ഞങ്ങൾക്കു് തന്നാലും. ദിവേദിവേ = എല്ലാ ദിവസവും, അസ്മഭ്യം = ഞങ്ങൾക്കു്, യദ്വാമം = യാതൊന്നു് മംഗളകരമായിരിക്കുമോ, തദ്സാവീഃ = അതു ഞങ്ങൾക്കു് തന്നാലും അയാധിയാ = ഈ വിചാരം കൊണ്ടു് (മംഗളം ആശംസിക്കുന്നതു കൊണ്ടു്) വയം = ഞങ്ങൾ, വാമസ്യ = മംഗളത്തിന്റെ, ഭൂരേഃ ക്ഷയസ്യ = അനല്പമായ നിവാസത്തിനു്, വാമഭാജഃ സ്യാമ = മംഗളം ഉള്ളവരായി ഭവിക്കട്ടെ.

(''സാവീഃ'' ഷൂ ഞ് പ്രേരണേ എന്ന ധാതുവിന്റെ രൂപം) ഉപയാമ ഗൃഹീതഃ അസി = നീ ഭൂമിയിലുള്ള ആളുകൾക്ക

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വേണ്ടി സ്വീകരിക്കപ്പെട്ടിരിക്കുന്നു. ദേവായസവിത്രേ = സവിതൃ ദേവന്ന് വേണ്ടി, ത്വാ = നിന്നെ സ്വീകരിക്കുന്നു.

ഇതിത്രയോവിംശോ//നുവാകഃ

അഥചതുർവിംശോ//നുവാകഃ

സംഹിതാ—

അദബ്ധേഭിഃ സവിതഃ പായുഭിഷ്ട്വം ശിവേഭിരദ്യ
പരിപാഹിനോ ഗയം। ഹിരണ്യ ജിഹ്വഃ സുവിതായ
നവ്യസേ രക്ഷാമാകിർനോ അഘശംസ ഈശത॥
ഉപയാമ ഗൃഹീതോ//സി ദേവായ ത്വാ സവിത്രേ ॥

പദച്ഛേദം—

അദബ്ധേഭിഃ, സവിതഃ, പായുഭിഃ, ത്വം, ശിവേഭിഃ, അദ്യ. പരി, പാഹി, നഃ, ഗയം, ഹിരണ്യ ജിഹ്വഃ, സുവിതായ, നവ്യസേ രക്ഷ മാകിഃ നഃ അഘശംസഃ ഈശത ഉപയാമ ഗൃഹീതഃ അസി ദേവായ ത്വാ സവിത്രേ

വിനിയോഗവും അർത്ഥവും

ഈ മന്ത്രവും സവിതൃ ദേവനുള്ള സോമരസം എടുക്കുമ്പോൾ ചൊല്ലാനുള്ളതാണ്.

ഹേ സവിതഃ = അല്ലയോ സവിതൃ ദേവ! ത്വം = അങ്ങ്, അദ്യ = ഇന്ന്, നഃ ഗയം = ഞങ്ങളുടെ ഗൃഹത്തെ, പരി പാഹി = രക്ഷിച്ചാലും. അദബ്ധേഭിഃ = ആരാലും ഉപദ്രവിക്കപ്പെടാത്തതും, പായുഭിഃ = രക്ഷിക്കുന്നതും, ശിവേഭിഃ = ശാന്തങ്ങളുമായ രശ്മികളാൽ രക്ഷിച്ചാലും സുവിതായ = സുകൃതം കൊണ്ട് ലഭിച്ച, നവ്യസേ = സദാ പുതിയതായി തന്നെ ഇരിക്കുന്ന സ്വർഗ്ഗത്തെ രക്ഷിച്ചാലും ഹിരണ്യ ജിഹ്വഃ = ഹിരണ്യ വർണ്ണത്തലുള്ള ജിഹ്വകളോടുകൂടിയ അങ്ങ് ഞങ്ങളെ രക്ഷിച്ചാലും. നഃ അഘശംസഃ = ഞങ്ങൾക്ക ദോഷം ചെയ്യാൻ ആഗ്രഹി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കുന്നവർ, മാകിഃ ഈ ശത = അതിന്ന് ശക്തരാകരുത്. ആദിത്യൻ രശ്മികളാൽ ഭൂമിയിൽ നിന്നു് ജലം എടുക്കുന്നതു് കൊണ്ടു് രശ്മികളെ ജിഹ്വയായി വർണ്ണിച്ചിരിക്കുന്നു. ("മാകിഃ" വേദത്തിലുള്ള ഒരു നിപാതമാണ്.)

ഉപയാമ ഗൃഹീതഃ അസി = നീ ഭൂമിയിലുള്ള ആളുകൾക്ക വേണ്ടി സ്വീകരിക്കപ്പെട്ടിരിക്കുന്നു. ദേവായ സവിത്രേ ത്വാ = സവിതൃ ദേവന് വേണ്ടി നിന്നെ സ്വീകരിച്ച് ഇവിടെ വെയ്ക്കുന്നു.

ഇതിചതുർവിംശോഽനുവാകഃ

അഥപഞ്ചവിംശോഽനുവാകഃ

സംഹിതാ—

ഹിരണ്യപാണി മൂതയേ സവിതാര മുപഹ്വയേ
സചേത്താ ദേവതാ പദം। ഉപയാമ ഗൃഹീതോഽസി
ദേവായ ത്വാ സവിത്രേ ॥

പദച്ഛേദം—

ഹിരണ്യപാണിം ഊതയേ സവിതാരം ഉപ ഹ്വയേ
സഃ ചേത്താ ദേവതാ പദം ഉപപായാമ ഗൃഹീതഃ
അസി ദേവായ ത്വാ സവിത്രേ ॥

വിനിയോഗവും അർത്ഥവും

ഈ മന്ത്രവും സവിതൃ ദേവനുള്ള സോമരസം എടുത്തു വെയ്ക്കുന്ന അവസരത്തിൽ ചൊല്ലാനുള്ളതാണ്. അഹം = ഞാൻ, ഹിരണ്യപാണിം = കയ്യിൽ സ്വർണ്ണാഭരണം ധരിച്ചിരിക്കുന്ന, സവിതാരം = സവിതൃദേവനെ, ഊതയേ = രക്ഷണത്തിന്, ഉപഹ്വയേ = വിളിയ്ക്കുന്നു. സഃ പദം ചേത്താ = ആസവിതൃദേവൻ ഞങ്ങളുടെ സ്ഥാനം അറിയുന്നവനാണ്. ദേവതാ = ആസവി താവു് ഞങ്ങളുടെ ദേവതയും ആണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉപയാമഗൃഹീതഃഅസി = നീ ഭൂമിയിലുള്ള ആളുകൾക്ക് വേണ്ടി സ്വീകരിക്കപ്പെട്ടിരിക്കുന്നു. ദേവായ സവിത്രേ = സവിതൃദേവന് വേണ്ടി, ത്വാ = നിന്നെ സ്വീകരിക്കുന്നു.

ഇതിപഞ്ചവിംശോ *f* നുവാകഃ

അഥഷഡ്വിംശോ *f* നുവാകഃ

സംഹിതാ—

സുശർമാ *f* സിസുപ്രതിഷ്ഠാനോ ബൃഹദുക്ഷേ നമ ।
ഏഷതേയോനിർവിശേഭ്യസ്ത്വാദേവേഭ്യഃ ।

പദച്ഛേദം—

സുശർമാ അസി സുപ്രതിഷ്ഠാനഃ ബൃഹദ് ഉക്ഷേ നമഃ ഏഷഃ തേ യോനിഃ വിശേഭ്യഃ ത്വാ ദേവേഭ്യ:।

വിനിയോഗവും അർത്ഥവും

ഈ മന്ത്രം ചൊല്ലി വിശേദേവന്മാർക്കുള്ള സോമരസം എടുത്ത് ഒരു സ്ഥലത്തു വെയ്ക്കുന്നു.

ത്വം = നീ, സുശർമാ = നല്ല സുഖത്തോടു കൂടിയതും, സുപ്രതിഷ്ഠാനഃ സുപ്രതിഷ്ഠനൽകുന്നതും,. അസി ആകുന്നു. ഉക്ഷേ = മഴയ്ക്ക്വേണ്ടി, തുഭ്യം = അങ്ങയ്ക്ക്, ബൃഹദ്നമഃ = മഹത്തായ നമസ്കാരം.

ഏഷഃ തേയോനിഃ = ഇത്ു് നിൻെറ സ്ഥാനമാണ്, വിശേഭ്യഃ ദേവേഭ്യഃ = വിശേ ദേവന്മാർക്കുവേണ്ടി, ത്വാ = നിന്നെ ഇവിടെ വെയ്ക്കുന്നു.

ഇതിഷഡ്വിംശോ *f* നുവാക ഃ

അഥ സപ്തവിംശോfനുവാകഃ

സംഹിതാ

ബൃഹസ്പതി സുത സ്യത ഇന്ദോ ഇന്ദ്രിയാവത ।
പത്നീവന്തം ഗ്രഹം ഗൃഹ്ണാമ്യഗ്നാ ഇപത്നീവാഃ
സജൂർദേവേന ത്വഷ്ട്രാ സോമം പിബ സ്വാഹാ॥

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പദച്ഛേദം—

ബൃഹസ്പതി സുതസ്യ തേ ഇന്ദോ ഇന്ദ്രിയാവതഃ പത്നീവന്തം ഗ്രഹം ഗൃഹ്ണാമി അഗ്നാ ഇ പത്നീവാഃ സജൂഃ ദേവേന ത്വഷ്ട്രാ സോമം പിബ സ്വാഹാ

വിനിയോഗവും അർത്ഥവം

ഈ മന്ത്രം ചൊല്ലി പാത്നിവതമായ സോമരസം എടുക്കുന്നു. ബൃഹസ്പതി സുതസ്യ = ബൃഹസ്പതിയുടെ പുത്രനായ, ഇന്ദോ = അല്ലയോ ചന്ദ്ര! ഇന്ദ്രിയാവതഃ തേ = വീർയത്തോടുകൂടിയ അങ്ങേയ്ക്കു, പത്നിവന്തം ഗ്രഹം = പത്നിവത് എന്നറിയപ്പെടുന്ന ഗ്രഹ; ഗൃഹ്ണാമി = ഞാൻ എടുക്കുന്നു. ഹേപത്നിവൻ അഗ്നേ । = പത്നിയോടുകൂടിയ അല്ലയോ അഗ്നേ। ദേവേനത്വഷ്ട്രാ = ത്വഷ്ടാ എന്നറിയപ്പെടുന്ന ദേവനു്, സജൂഃ = സമാനമായ പ്രിതിയോടുകൂടി, സോമംപിബ = സോമരസം പാനം ചെയ്യുക. സ്വാഹാ = അഗ്നിയിൽ ഹോമിക്കുന്നു.

ഇതിസപ്തവിംശോ ƒ നുവാകഃ

അഥഅഷ്ടാ വിംശോ ƒ നുവാകഃ

സംഹിതാ—

ഹരിരസിഹാരിയോജനോഹർയോഃ സ്ഥാതാവജ്രസ്യ— ഭർത്താ പൃശ്നേഃ പ്രേതാതസ്യതേദേവ സോമേഷ്ടയജുഷഃ സ്തുതസോമസ്യശസ്തോക്ഥസ്യഹരിവന്തം ഗ്രഹം ഗൃഹ്ണാമി ഹരീഃ സ്ഥഹർയോർധാനാഃ സഹസോമാ ഇന്ദ്രായ സ്വാഹാ!

പദച്ഛേദം—

ഹരിഃ അസി ഹാരിയോജനഃ ഹർയോഃ സ്ഥാതാ വജ്രസ്യ ഭർത്താ പൃശ്നേഃ പ്രേതാ തസ്യ തേ ദേവ സോമ ഇഷ്ടയജുഷഃ സ്തുതസോമസ്യ ശസ്തോ ക്ഥസ്യ ഹരിവന്തം ഗ്രഹം ഗൃഹ്ണാമി ഹരിഃ സ്ഥ ഹർയോഃ ധാനാഃ സഹസോമാഃ ഇന്ദ്രായ സ്വാഹാ। ।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിനിയോഗവും അർത്ഥവും

ഈ മന്ത്രം ചൊല്ലി ഹാരിയോജനമായ സോമരസം എടുക്കുന്നു. ഹേസോമ, = അല്ലയോ സോമരസമെ, ത്വം ഹരിഃ അസി = നീ ഇന്ദ്രൻ ആകുന്നു. (അഭിമതമായ ശ്രേയസ്സ് തരുന്നവനാകുന്നു) ഹാരിയോജനഃ = ഇന്ദ്രനെ സംബന്ധിച്ചതും, ഹർയോഃ സ്ഥാതാ = രണ്ടു കുതിര കെട്ടിയ രഥത്തിൽ സഞ്ചരിക്കുന്നവനും, വജ്രസ്യ ഭർതാ = വജ്രായുധം ധരിച്ചിരിക്കുന്നവനും, പൃശ്നേഃ പ്രേത = യാഗോപകരണമായ സാധനം അയച്ചു തരുന്നവനും ആയ, ഹേസോമദേവ = അല്ലയോ സോമ ! തേ = നിന്റെ ; ഇഷ്ടയജുഷഃ = യജുർവേദ മന്ത്രങ്ങളെ കൊണ്ടു് സംസ്കരിക്കപ്പെട്ടതായ, സ്തുതസോമസ്യ = സ്തോത്രങ്ങളാൽ സ്തുതിക്കപ്പെട്ട ശസ്തോക്ഥസ്യ = ആയുധങ്ങൾ പ്രയോഗിക്കപ്പെട്ടതും ആയ നിനക്കു്, ഹരിവന്തംഗ്രഹം = ഇന്ദ്രനോടുകൂടിയ ഗ്രഹം ഗൃഹ്ണാമി = ഞാൻ എടുക്കുന്നു.

ഹേധാനാഃ = അല്ലയോ ധാന്യങ്ങളെ ! യൂയം ഹരിഃ സ്ഥ = നിങ്ങൾ ഇന്ദ്രൻ ആകുന്നു. ഹർയോഃ ധാനാഃ സ്ഥ = കുതിരകൾക്കുള്ള ധാന്യമാകുന്നു; സഹസോമാഃ = സോമരസത്തോടുകൂടിയ ധാന്യങ്ങളെ ! ഇന്ദ്രായ സ്വാഹാ = ഇന്ദ്രപ്രീതിക്കുവേണ്ടി ഹോമിച്ചതായിതീരട്ടെ.

ഇതി അഷ്ടാവിംശോഽനുവാകഃ

അഥഏകോനത്രിംശോഽനുവാകഃ

സംഹിതാ—

അഗ്നആയൂംഷിപവ സ ആസുവോർജ മിഷം ചനഃ ആരേബാധ സ്വദുച്ഛൂനാം । ഉപയാമഗൃഹീതോഽസ്യഗ്നയേസ്ത്വാ തേജസ്വത ഏഷതേയോനിരഗ്നയേ ത്വാതേജസ്വതേ ।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പദച്ഛേദം -

അഗ്നേ – ആയൂംഷി – പവസേ – ആ സുവ – ഊർജം – ഇഷം ച നഃ ആരേ ബാധസ്വ ദുച്ഛൂനാം ഉപയാമ-ഗൃഹീതഃ അസി അഗ്നയേ ത്വാ തേജസ്വതേ ഏഷഃ തേ യോനിഃ അഗ്നയേ ത്വാ തേജസ്വതേ।

വിനിയോഗവും അത്ഥവും

ഈ മന്ത്രം ചൊല്ലി അഗ്നിക്കു് വേണ്ടിയുള്ള അതിഗ്രാഹ്യ മായ സോമരസം എടുത്തു് ഒരു സ്ഥലത്തു വെയ്ക്കുന്നു.

ഹേ അഗ്നേ ! ആയൂംഷിപവസേ = ഞങ്ങളുടെ ആയുസ്സു് വദ്ധിപ്പിച്ചാലും. ഊർജം ഇഷംച = ബലവും ഭക്ഷണ പദാത്ഥങ്ങളും, നഃ ആസുവ = ഞങ്ങൾക്കുണ്ടാക്കിത്തരിക. ദുച്ഛൂനാം = ഞങ്ങളുടെ ദൗർഭാഗ്യത്തെ ആരേബാധസ്വ = ദൂരെയാക്കുക.

ഉപയാമഗൃഹീതഃ അസി = നീ ഭൂമിയിലുള്ള ആളുകൾക്കു് വേണ്ടി സ്വീകരിക്കപ്പെട്ടിരിക്കുന്നു. തേജസ്വതേ അഗ്നയേ = തേജസ്സോടുകൂടിയ അഗ്നിയ്ക്കു് വേണ്ടി, ത്വാ = നിന്നെ സ്വീകരിക്കുന്നു.

ഇതിഏകോന ത്രിംശോഽനുവാകഃ

അഥ ത്രിംശോഽനുവാകഃ

സംഹിതാ–

ഉത്തിഷ്ഠന്നോജസാ സഹപീത്വാ ശിപ്രേ അവേപയഃ സോമമിന്ദ്രച മൂസുതം। ഉപയാമഗൃഹീതോഽസീ-ന്ദ്രായത്വൌജ സ്വതേ। ഏഷതേ യോനിരിന്ദ്രായത്വൌ-ജസ്വതേ।

പദച്ഛേദം–

ഉത്തിഷ്ഠൻ ഓജസാ സഹ പീത്വാ ശിപ്രേ അവേ-പയഃ സോമം ഇന്ദ്ര ചമൂ സുതം ഉപയാമഗൃഹീതഃ അസി ഇന്ദ്രായ ത്വാ ഓജസ്വതേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിനിയോഗവും അർത്ഥവും

ഈ മന്ത്രം ചൊല്ലി ഇന്ദ്രന് വേണ്ടിയുള്ള അതിഗ്രാഹ്യ സോമരസം എടുക്കുന്നു.

ഹേഇന്ദ്ര ! = അല്ലയോ ഇന്ദ്ര ! സുതം പീത്വാ = സോമരസം കുടിച്ചിട്ട്, ഓജസാ = മഹത്തായ ബലത്തോടുകൂടി, ഉത്തിഷ്ഠൻ = എഴുന്നേററ്, ചമൂ = ഭക്ഷണകരണമായിരിക്കുന്ന, ശിപ്രേ = കവിളുകളെ, അവേപയഃ = തൃപ്തി സൂചകമായി ചലിപ്പിച്ചാലും. ഉപയാമ ഗൃഹീതഃ അസി = നീ ഭൂമിയിലുള്ളവൎക്ക് വേണ്ടി ഗ്രഹിക്കപ്പെട്ടിരിക്കുന്നു. ഓജസ്വതേ = ഓജസ്സോടുകൂടിയ, ഇന്ദ്രായ ഇന്ദ്രന് വേണ്ടി; ത്വാ = നിന്നെ ഗ്രഹിക്കുന്നു. ഏഷഃ തേ യോനിഃ = ഇതു നിൻെറ സ്ഥാനമാണ്. ഓജസ്വതേ ഇന്ദ്രായ = ഓജസ്വിയായ ഇന്ദ്രന് വേണ്ടി, ത്വാ = നിന്നെ ഇവിടെ വെയ്ക്കുന്നു.

ഇതി ത്രിംശോ / നുവാകഃ

അഥ ഏകത്രിംശോ / നുവാകഃ

സംഹിതാ—

തരണി വിശ്വദർശതോ ജ്യോതിഷ്കൃദസി സൂർയവിശ്വമാഭാസി രോചനം। ഉപയാമ ഗൃഹീതോ / സിസൂർയായ ത്വാ ഭ്രാജസ്വതേ। ഏഷതേ യോനിസ്സൂർയായ ത്വാ ഭ്രാജസ്വതേ।

പദച്ഛേദം—

തരണിഃ വിശ്വദർശതഃ ജ്യോതിഷ്കൃത് അസി സൂർയ വിശ്വം ആ ഭാസി രോചനം ഉപയാമഗൃഹിതഃ അസി സൂർയായ ത്വാ ഭ്രാജസ്വതേ ഏഷഃ തേ യോനിഃ സൂർയായ ത്വാ ഭ്രാജസ്വതേ.

വിനിയോഗവും അർത്ഥവും

ഈ മന്ത്രം ചൊല്ലി സൂൎയ്യനുവേണ്ടിയുള്ള അതിഗ്രാഹ്യ സോമരസം എടുക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹേ സൂർയ്യ ! ഭവാൻ, തരണിഃ = വേഗത്തിൽ സഞ്ചരിക്കുന്നവനും, വിശ്വദർശതഃ = ലോകം മുഴുവൻ കാണുന്നവനും, ജ്യോതിഷ്കൃത് അസി = പ്രകാശം ഉണ്ടാക്കുന്നവനും ആകുന്നു. സഃ ത്വം = അപ്രകാരമുള്ള അങ്ങ്, വിശ്വം രോചനം = പ്രകാശമുള്ള എല്ലാ ഗ്രഹനക്ഷത്രാദികളേയും, ആഭാസി = പ്രകാശിപ്പിക്കുന്നു. (ആദിത്യൻഗ്രഹ നക്ഷത്രാദികൾക്കും പ്രകാശം നൽകുന്നു.) ഉപയാമഗൃഹീതഃ അസി = നീ ഭൂമിയിലുള്ള ആളുകൾക്കു വേണ്ടി ഗ്രഹിക്കപ്പെട്ടിരിക്കുന്നു. ഭ്രാജസ്വതേ സൂര്യായ = പ്രകാശത്തോടുകൂടിയ സൂര്യനായിക്കൊണ്ടു്, ത്വാ = നിന്നെ സ്വീകരിക്കുന്നു. ഏഷഃ തേയോനിഃ = ഇതു നിൻെറ സ്ഥാനമാണ്. ഭ്രാജസ്വതേ സൂര്യായ = പ്രകാശത്തോടുകൂടിയ സൂർയനായിക്കൊണ്ടു്, ത്വാ = നിന്നെ ഇവിടെ സ്ഥാപിക്കുന്നു.

[തരണീർവിശ്വദശ്തഃ എന്ന മന്ത്രം മുതൽ ആറ് അനുവാകത്തിലുള്ള മന്ത്രഭാഗം തൈത്തിരീയാരണ്യകത്തിൽ മൂന്നാംകാണ്ഡത്തിൽ പതിനാറു മുതൽ ഇരുപത്തിയൊന്നു വരെയുള്ള മന്ത്രഭാഗത്തിലും കാണുന്നു.]

ഇതിഏകത്രിംശാऽനുവാകഃ

അഥദ്വാത്രിംശോऽനുവാകഃ

സംഹിതാ—

ആപ്യായ സ്വമദിന്തമ സോമ വിശ്വാഭിരൂതിഭിഃ ।
ഭവാനഃ സപ്രഥസ്തമഃ ।

പദച്ഛേദം

ആ പ്യായസ്വ മദിന്തമ സോമ വിശ്വാഭിഃ ഊതിഭിഃ
ഭവ നഃ സപ്രഥസ്തമഃ ।

വിനിയോഗവും അത്ഥവും

പ്രേതദാഹ സ്ഥലത്തിനു് സമീപം ഒരു കുഴി കുഴിച്ച് അതിൽ വെള്ളമൊഴിച്ച് ആ വെള്ളത്തിൽ സോമലത നനയ്ക്കുന്ന അവസരത്തിൽ ചൊല്ലുന്ന മന്ത്രമാണ് ഇതു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹേമദിന്തമ സോമ! = അതീവ സന്തുഷ്ടനായ അല്ലയോ സോമ ! വിശ്വാഭിഃ ഊതിഭിഃ = ഞങ്ങളാൽ ചെയ്യപ്പെടുന്ന എല്ലാ തർപ്പണങ്ങളാലും, ആപ്യായസ്വ = നീ വർദ്ധിച്ചാലും. നഃ സപ്രഥസ്തമഃ ഭവ = ഞങ്ങളെ സംബന്ധിച്ച വലിയ യശസ്സോടുകൂടിയവനായിരിക്കുക.

ഇതിദ്വാത്രിംശോƒനുവാകഃ

അഥത്രയസ്ത്രിംശോƒനുവാകഃ

സംഹിതാ-

ഈയുഷ്ടേയേ പൂർവ്വതരാമപശ്യൻ വ്യുച്ഛന്തീ-
മുഷസംമർത്ത്യാസഃ , അസ്മാഭിരുനു പ്രതിചക്ഷ്യാ-
ഭൂദോതേ യന്തിയേ അപരീഷു പശ്യാൻ ।

പദച്ഛേദം

ഈയുഃ, തേ, യേ, പൂർവ്വതരാം, അപശ്യൻ, വ്യുച്ഛന്തീം, ഉഷസം മർത്ത്യാസഃ അസ്മാഭിഃ ഉ നു പ്രതിചക്ഷ്യാ അഭൂത് ഓ തേ യന്തി യേ അപരീഷു പശ്യാൻ ॥

വിനിയോഗവും അർത്ഥവും

യാഗം കഴിഞ്ഞു് സ്നാനം ചെയ്യുന്ന അവസരത്തിൽ ചൊല്ലേണ്ട മന്ത്രമാണു് ഇതു്

യേ മർത്ത്യാസഃ = യാതൊരു മനുഷ്യർ, വ്യുച്ഛന്തീം = പ്രഭാതത്തെ ഉണ്ടാക്കുന്ന, ഉഷസം = ഉഷസ്സ് എന്ന ദേവതയെ, പൂർവ്വതരാം അപശ്യൻ = ആദ്യമായി കണ്ടുവോ, തേ ഈയുഃ = അവർ ആ ദേവതയെ പ്രാപിക്കുന്നു. അസ്മാഭിഃ ഉനു = ഞങ്ങളാലും ആ ദേവത കാണപ്പെട്ടതായി ഭവിച്ചു. യേ = യാതൊരുത്തർ, അപരീഷു പശ്യാൻ = വരാൻ പോകുന്ന ദിവസങ്ങളിലും ആ ഉഷസ്സിനെ കാണുന്നുവോ, തേ ഓയന്തി = അവരും ആ ദേവതയെ പ്രാപിക്കും.

ഇതിത്രയസ്ത്രിംശോƒനുവാകഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഥചതുസ്ത്രിംശോഽനുവാകഃ

സംഹിതാ—

ജ്യോതിഷ്മതീം ത്വാ സാദയാമി ജ്യോതിഷ്കൃതം ത്വാ സാദയാമി ജ്യോതിർവിദം ത്വാ സാദയാമി ഭാസ്വതീം ത്വാ സാദയാമി ജ്വലന്തീം ത്വാ സാദയാമി മൽമലാഭവന്തീം ത്വാ സാദയാമി ദീപ്യമാനാം ത്വാ സാദയാമി രോചമാനാം ത്വാ സാദയാമി അജസ്രാം ത്വാ സാദയാമി ബൃഹദ്ജ്യോതിഷം ത്വാ സാദയാമി ബോധയന്തീഃ ത്വാ സാദയാമി ജാഗ്രതീം ത്വാ സാദയാമി ||

പദച്ഛേദം —

ജ്യോതിഷ്മതീം ത്വാ സാദയാമി ജ്യോതിഷ്കൃതം ത്വാ സാദയാമി ജ്യോതിർവിദം ത്വാ സാദയാമി ഭാസ്വതീം ത്വാ സാദയാമി ജ്വലന്തീം ത്വാ സാദ-യാമി മൽമലാഭവന്തീം ത്വാ സാദയാമി ദീപ്യ-മാനാം ത്വാ സാദയാമി രോചമാനാം ത്വാ സാദ-യാമി അജസ്രാം ത്വാ സാദയാമി ബൃഹദ്ജ്യോതിഷം ത്വാ സാദയാമി ബോധയന്തീം ത്വാ സാദയാമി ജാഗ്രതീം ത്വാ സാദയാമി ||

വിനിയോഗവും അർത്ഥവും

ദാഹാവസരത്തിൽ സമിത്തു വെയ്ക്കുമ്പൊഴും ഇഷ്ടകോപധാനത്തിലും ചൊല്ലേണ്ട മന്ത്രമാണ് ഇതു് സായണാ ചാർയരുടെ ഭാഷ്യത്തിൽ ജ്യോതിഷ്മതി മുതലായ പന്ത്രണ്ടു് പദങ്ങൾ, അഗ്നികത്തിത്തുടങ്ങുമ്പോൾ ക്രമേണ പ്രകാശം വർദ്ധിച്ചു വരുന്ന പന്ത്രണ്ടു് അവസ്ഥാ ഭേദങ്ങളാണെന്നു് പറഞ്ഞു കാണുന്നു. മൽമലാ എന്നതു് അഗ്നിയിൽ പദാർത്ഥങ്ങൾ ദഹിക്കുമ്പോൾ ഉണ്ടാകുന്ന ശബ്ദമാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജ്യോതിഷ്മതീം = പ്രശസ്തമായ പ്രകാശത്തോടുകൂടിയ, ത്വാ = നിന്നെ, സാദയാമി = സ്ഥാപിക്കുന്നു. ജ്യോതിഷ്മതീം = മറെറാരു ജ്യോതിസ്സിനെ ഉണ്ടാക്കുന്ന, ത്വാ സാദയാമി = നിന്നെ സ്ഥാപിക്കുന്നു. ഭാസ്വതിം = വലിയ പ്രകാശത്തോടുകൂടിയ, ത്വാസാദയാമി = നിന്നെ സ്ഥാപിക്കുന്നു. മൽമലാവതീം = വലിയ ശബ്ദത്തോടുകൂടിയ, ത്വാ സാദയാമി = നിന്നെ സ്ഥാപിക്കുന്നു, ദീപ്യമാനാം = ഹൃദയത്തിൽ പ്രകാശിക്കുന്ന, ത്വാ സാദയാമി = നിന്നെ സ്ഥാപിക്കുന്നു. രോചമാനാം = ആകാശത്തിൽ ആവിർഭവിക്കുന്ന, ത്വാ സാദയാമി = നിന്നെ സ്ഥാപിക്കുന്നു. അജസ്രാം = മററുള്ളവരാൽ ഹിംസിക്കപ്പെടാത്ത, ത്വാസാദയാമി = നിന്നെ സ്ഥാപിക്കുന്നു. ബൃഹദ് ജ്യോതിഷം = വദ്ധിച്ച പ്രകാശത്തോടുകൂടിയ, ത്വാ സാദയാമി = നിന്നെ സ്ഥാപിക്കുന്നു. ബോധയന്തീം = കാണേണ്ട പദാത്ഥങ്ങളെ കാണിച്ചു തരുന്ന, ത്വാ സാദയാമി = നിന്നെ സ്ഥാപിക്കുന്നു. ജാഗ്രതീം ത്വാ സാദയാമി = സ്വയം പ്രകാശിക്കുന്ന നിന്നെ സ്ഥാപിക്കുന്നു.

ഇതിചതുസ്ത്രിംശോഽനുവാകഃ

അഥപഞ്ചത്രിംശോഽനുവാകഃ

സംഹിതാ—

പ്രയാസായ സ്വാഹായാസായസ്വാഹാ വിയാസായ
സ്വാഹാ സംയാസായ സ്വാഹോദ്യാസായ സ്വാഹാഽ
വയാസായ സ്വാഹാ ശുചേ സ്വാഹാ ശോകായ സ്വാഹാ
തപ്യ ത്വൈ സ്വാഹാ തപതേ സ്വാഹാ ബ്രഹ്മ ഹത്യായൈ
സ്വാഹാ സർവ്വസ്മൈസ്വാഹാ

പദച്ഛേദം—

പ്രയാസായ സ്വാഹാ ആയാസായ സ്വാഹാ വിയാസായ സ്വാഹാ സംയാസായ സ്വാഹാ ഉദ്യാസായ സ്വാഹാ അവയാസായ സ്വാഹാ ശുചേ സ്വാഹാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശോകായ സ്വാഹാ തപ്യത്യൈ സ്വാഹാ തപതേ സ്വാഹാ ബ്രഹ്മഹത്യായൈ സ്വാഹാ സർവ്വസ്മൈ സ്വാഹാ

വിനിയോഗവും അർത്ഥവും

അശ്വമേധയാഗത്തിൽ രാത്രി ഹോമത്തിൽ ചൊല്ലേണ്ട മന്ത്രമാണ് ഇതു്.

ആയാസാദികൾ പരമാത്മാവിൻെറ പരിസ്പന്ദഭേദങ്ങളാണ് മരിച്ചവരെ യമലോകത്തിൽ ബാധിക്കുന്ന ദേവതകളാണ് ആയാസാദികൾ പ്രയാസായ = പ്രകൃഷ്ട കർമ്മങ്ങൾക്കായിക്കൊണ്ട് (യാഗാദികൾക്കായി കൊണ്ട്) സ്വാഹാ = ഞാൻ ഹോമിക്കുന്നു. ആയാസായ = ധനാർജനാദി വ്യാപാരങ്ങൾക്കായിട്ട്, സ്വാഹാ = ഞാൻ ഹോമിക്കുന്നു. വിയാസായ സ്വാഹാ = വിവിധതരത്തിലുള്ള പ്രവൃത്തികൾക്കായിട്ട് ഞാൻ ഹോമിക്കുന്നു. സംയാസായ സ്വാഹാ = നല്ല കാര്യങ്ങൾക്ക വേണ്ടി ഞാൻ ഹോമിക്കുന്നു. ഉദ്യാസായ സ്വാഹാ = യദൃച്ഛയാ ഉണ്ടാകാവുന്ന ഭൂതാദി വികാരങ്ങൾക്കായിട്ട് ഞാൻ ഹോമിക്കുന്നു. അവയാസായ സ്വാഹാ = നികൃഷ്ടവ്യാപാരാദികൾക്ക് ഞാൻ ഹോമിക്കുന്നു. ശുചേ സ്വാഹാ = ദുഃഖാത്മകമായ കർമ്മാദികൾക്ക് ഞാൻ ഹോമിക്കുന്നു. ശോകായ സ്വാഹാ = ദുഃഖത്തിനായി കൊണ്ട് ഞാൻ ഹോമിക്കുന്നു. തപത്യൈ സ്വാഹാ = താപഹേതുവായ അനിഷ്ടാചരണത്തിനായിക്കൊണ്ട് ഞാൻ ഹോമിക്കുന്നു. തപതേ സ്വാഹാ = തപസ്സിനായിക്കൊണ്ട് ഞാൻ ഹോമിക്കുന്നു. ബ്രഹ്മഹത്യായൈ സ്വാഹാ = ബ്രഹ്മഹത്യക്കായിക്കൊണ്ട് ഞാൻ ഹോമിക്കുന്നു. സർവ്വസ്മൈ സ്വാഹാ = എല്ലാ കർമ്മങ്ങൾക്കായിക്കൊണ്ടും ഞാൻ ഹോമിക്കുന്നു.

ഇതിപഞ്ചത്രിംശോƒനുവാകഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഥഷട്ത്രിംശോഽനുവാകഃ

സംഹിതാ—

ചിത്തം സന്താനേന ഭവം യക്നാരുദ്രം തനിമ്നാ
പശുപതിംസ്ഥൂല ഹൃദയേനാഗ്നിം ഹൃദയേന
രുദ്രം ലോഹിതേന ശർവം മതസ്നാഭ്യാം,
മഹാദേവമന്തഃ പാർശ്വേനൗഷിഷ്ഠഹനം
ശിങ്ഗിനികോശാഭ്യാം

പദച്ഛേദം —

ചിത്തം സന്താനേന ഭവം യക്നാ രുദ്രം തനിമ്നാ പശുപതിം സ്ഥൂലഹൃദയേന അഗ്നിം ഹൃദയേന രുദ്രം ലോഹിതേന ശർവം മതസ്നാഭ്യാം മഹാദേവം അന്തഃ— പാർശ്വേന ഓഷിഷ്ഠഹനം ശിങ്ഗിനികോശാഭ്യാം

വിനിയോഗവും അർത്ഥവും

രാജ ഗവീഹവിസ്സ് ഹോമിക്കാനുള്ള മന്ത്രമാണ് ഇതു്. സന്താനേന = "പുരീതത്" എന്നു പറയുന്ന നാഡി കൊണ്ടു് ചിത്തം യജാമി = മനസ്സിന്റെ അധിഷ്ഠാതൃ ദേവതയെ ഞാൻ യജിക്കുന്നു. യക്നാ = "യകൃത്ത്", എന്ന മാംസം കൊണ്ടു്, ഭവം യജാമി = ജലത്തിന്റെ അധിഷ്ഠാതൃ ദേവതയായ ഭവൻ എന്ന ദേവനെ ഞാൻ യജിക്കുന്നു തനിമ്നാ = ഘനം കുറഞ്ഞ മാംസ ഭാഗം കൊണ്ടു്, രുദ്രം യജാമി = ആദിത്യന്റെ അധിഷ്ഠാതൃ ദേവതയായ രുദ്രനെ ഞാൻ യജിക്കുന്നു. സ്ഥൂല ഹൃദയേന = ഹൃദയത്തിലുള്ള മാംസം കൊണ്ടു്, പശുപതിം യജാമി = പൃഥിവിയുടെ അധിഷ്ഠാതൃ ദേവതയായ പശുപതിയെ ഞാൻ യജിക്കുന്നു. ഹൃദയേന = ഹൃദയം കൊണ്ടു്, അഗ്നിം യജാമി = അഗ്നിയുടെ അധിഷ്ഠാതൃ ദേവതയെ ഞാൻ യജിക്കുന്നു. ലോഹിതേന = രക്തം കൊണ്ടു്, രുദ്രം യജാമി = രുദ്രൻ എന്ന ദേവതയെ ഞാൻ യജിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മതസ്നാഭ്യാം = "മതസ്നാ" എന്നറിയപ്പെടുന്ന സിരകളാൽ, ശർവംയജാമി = ആകാശത്തിൻെറ അധിഷ്ഠാതൃ ദേവതയായ ശർവനെ ഞാൻ ജയിക്കുന്നു. അന്തഃപാശ്യേന = പാശ്വങ്ങളുടെ അന്തർഭാഗം കൊണ്ടു്, മഹാദേവം യജാമി = പ്രാണവായുവിൻെറ അധിഷ്ഠാതൃ ദേവതയായ മഹാദേവനെ ഞാൻ യജിക്കുന്നു. ശിങ്ഗീനീ കോശാഭ്യാം = ശബ്ദം പുറത്തു വിടാൻ ഉപകരിക്കുന്ന അവയവഭാഗങ്ങൾ കൊണ്ടു്, ഔഷിഷ്ഠഹനം യജാമി = ചന്ദ്രനെ ഞാൻ യജിക്കുന്നു.

("ഔഷിഷ്ഠഹൻ" എന്ന രൂപം ഓഷിതൃ ശബ്ദത്തിൽ നിന്നു് ഇഷ്ഠൻ പ്രത്യയം വന്ന രൂപമാണു്. ഓഷധികളുടെ വശത്തു നിൽക്കുന്നവൻ എന്നു് അവയവാർത്ഥം)

ഇതി ഷട്ത്രിംശോഽനുവാകഃ

അഥസപ്തത്രിംശോഽനുവാകഃ

സംഹിതാ—

ആതിഷ്ഠവൃത്രഹൻ രഥം യുക്താതേ ബ്രഹ്മണാഹരീ
അർവാചീനം സുതേ മനോഗ്രാവാകൃണോതുവഗ്നുനാ।
ഉപയാമഗൃഹിതോഽസീന്ദ്രായത്വാഷോഡശിനേ।
ഏഷതേ യോനിരിന്ദ്രായത്വാ ഷോഡശിനേ ॥

പദച്ഛേദം—

ആ തിഷ്ഠ വൃത്രഹൻ രഥം യുക്താ തേ ബ്രഹ്മണാ ഹരീ അർവാചിനം സു തേ മനഃ ഗ്രാവാ കൃണോതു വഗ്നുനാ ഉപയാമഗൃഹീതഃ അസി ഇന്ദ്രായ ത്വാ ഷോഡശിനേ ഏഷഃ തേ യോനിഃ ഇന്ദ്രായ ത്വാ ഷോഡശിനേ

ഈ മന്ത്രം ചൊല്ലി ഇന്ദ്രനു് വേണ്ടിയുള്ള ഷോഡശിഗ്രഹം എടുത്തു് ഒരു സ്ഥലത്തു വെയ്ക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹേ വൃത്രഹൻ ! = അല്ലയോ ഇന്ദ്ര ! രഥം ആതിഷ്ഠ = രഥത്തിൽ കയറിയാലും. യസ്മാത് = എന്തുകൊണ്ടെന്നാൽ, തേ ഹരീ = അങ്ങയുടെ അശ്വങ്ങൾ, ബ്രഹ്മണായുക്താ = മന്ത്രങ്ങളോടുകൂടിയവയാണ്. തേമനഃ = അങ്ങയുടെ മനസ്സ്, വഗ്നനാ = ഞങ്ങളുടെ വാക്കുകളാൽ, അർവാചീനം = ഞങ്ങളുടെ യാഗത്തിൽ ആഗ്രഹമുള്ളതും, ഗ്രാവാ = സോമരസത്തിൽ ആഗ്രഹമുള്ളതും, സുകൃണോതു = ആയിത്തീരട്ടെ.

ഉപയാമഗൃഹീതഃ അസി = നീ ഭൂമിയിലുള്ള ആളുകൾക്ക് വേണ്ടി സ്വീകരിക്കപ്പെട്ടിരിക്കുന്നു. ഷോഡശിനേ ഇന്ദ്രായ = ഷോഡശിഗ്രഹത്തോടുകൂടിയ ഇന്ദ്രന് വേണ്ടി. ത്വാ = നിന്നെ സ്വീകരിക്കുന്നു.

ഏഷഃ തേ യോനിഃ = ഇതു് നിന്റെ സ്ഥാനമാണ്, ഷോഡശിനേ ഇന്ദ്രായത്വാ = ഷോഡശിഗ്രഹത്തോടുകൂടിയ ഇന്ദ്രന് വേണ്ടി നിന്നെ ഇവിടെ വെയ്ക്കുന്നു.

ഇതിസപ്തത്രിംശോഽനുവാകഃ

അഥഅഷ്ടാത്രിംശോ ഽനുവാകഃ

സംഹിതാ—

ഇന്ദ്രമിദ്ധരീവഹതോ ഽ പ്രതിധൃഷ്ട ശവസമൃഷീണാം
ചസ്തുതിരുപയജ്ഞം ചമാനുഷാണാം ।
ഉപയാമഗൃഹീതോ ഽ സീന്ദ്രായ ത്വാഷോഡശിനേ ഽ ഏഷ
തേയോനിരിന്ദ്രായ ത്വാ ഷോഡശിനേ ।

പദച്ഛേദം—

ഇന്ദ്രം ഇത് ഹരീ വഹതഃ അപ്രതി ധൃഷ്ട ശവസം. ഋഷീണാം ച സ്തുതിഃ ഉപ യജ്ഞം ച മാനുഷാണാം. ഉപയാമഗൃഹീതഃ അസി ഇന്ദ്രായ ത്വാ ഷോഡശിനേ. ഏഷഃ തേ യോനിഃ ഇന്ദ്രായ ത്വാ ഷോഡശിനേ.

വിനിയോഗവും അർത്ഥവും

ഈ മന്ത്രവും ഇന്ദ്രന് വേണ്ടിയുള്ള ഷോഡശിഗ്രഹം എടുത്തു വെയ്ക്കുന്ന അവസരത്തിൽ ചൊല്ലാനുള്ളതാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഋഷീണാം സ്തുതിഃ = മഹർഷിമാരുടെ സ്തുതികളും, മനുഷ്യാണാം യജ്ഞഃ ച = മനുഷ്യർ നടത്തുന്ന യാഗവും ആകുന്ന, ഹരി = രണ്ടു കുതിരകളും, അപ്രതിധൃഷ്ട ശവസം = ആരാലും ജയിക്കപ്പെടാൻ സാദ്ധ്യമല്ലാത്ത ബലത്തോടുകൂടിയ, ഇന്ദ്രം ഇത് = ഇന്ദ്രനെത്തന്നെ, യജ്ഞം ഉപവഹതഃ = യാഗസ്ഥലത്തേക്ക് കൊണ്ടു പോകുന്നു. (എവിടെയെല്ലാം മഹർഷിമാർ സ്തുതിക്കുന്നുവോ എവിടെയെല്ലാം മനുഷ്യർയാഗം നടത്തുന്നുവോ അവിടെയെല്ലാം ഇന്ദ്രൻ വന്നു ചേരുന്നു.) ഉപയാമഗൃഹീതഃ അസി = നീ മനുഷ്യർക്കുവേണ്ടി സ്വീകരിക്കപ്പെട്ടിരിക്കുന്നു. ഷോഡശിനേ ഇന്ദ്രായ ത്വാ = ഷോഡശിഗ്രഹത്തോടുകൂടിയ ഇന്ദ്രന് വേണ്ടി നിന്നെ ഗ്രഹിക്കുന്നു. ഏഷഃ തേയോനിഃ = ഇത് നിന്റെ സ്ഥാനമാണ് ഷോഡശിനേ ഇന്ദ്രായ = ഷോഡശിഗ്രഹത്തോടുകൂടിയ ഇന്ദ്രന് വേണ്ടി ത്വാ = നിന്നെ ഇവിടെ വെയ്ക്കുന്നു.

ഇതിഅഷ്ടാത്രിം ശോ ഽനുവാകഃ

അഥഏകോനചത്വാരിംശോ ഽനുവാകഃ

സംഹിതാ–

അസാവിസോമ ഇന്ദ്രതേശവിഷ്ഠ ധൃഷ്ണ വാഗഹി
ആത്വാ പൃണക്ത്വിന്ദ്രിയം രജഃ സൂർയം നരശ്മിഭിഃ।
ഉപയാമഗൃഹീ തോ ഽസീന്ദ്രായ ത്വാ ഷോഡശിനേ।
ഏഷതേ യോനിരിന്ദ്രായ ത്വാ ഷോഡശിനേ॥

പദച്ഛേദം

അസാവി സോമ ഇന്ദ്ര തേ ശവിഷ്ഠ ധൃഷ്ണോ ആ ഗഹി ആ ത്വാ പൃണക്തു ഇന്ദ്രിയം രജഃ സൂർയം ന രശ്മിഭിഃ ഉപയാമഗൃഹീതഃ അസി ഇന്ദ്രായ ത്വാ ഷോഡശിനേ ഏഷഃ തേ യോനിഃ ഇന്ദ്രായ ത്വാ ഷോഡശിനേ।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിനിയോഗവും അർത്ഥവും

ഈ മന്ത്രവും ഇന്ദ്രന് വേണ്ടി ഷോഡശിഗ്രഹം എടുക്കു മ്പോഴും ചൊല്ലാനുള്ളതാണ്.

ഹേ ശവിഷ്ഠ ഇന്ദ്ര ! = അത്യന്തം ബലവാനായ അല്ല യോ ഇന്ദ്ര! ഹേ ധൃഷ്ണോ ! = ശത്രുക്കളെ നശിപ്പിക്കുന്ന– വനേ! ആഗഹി = ഞങ്ങളുടെ യാഗത്തിന് വരിക. തേ = അങ്ങയ്ക്ക് വേണ്ടി, സോമഃ = സോമരസം, അസാവി = എടുത്തു വെച്ചിട്ടുണ്ട്. രജഃ = വെള്ളം, രശ്മിഭിഃ = രശ്മികളാൽ. സൂർയംന = സൂര്യനെ എന്ന പോലെ, ഇന്ദ്രിയം = സോമപാനം കൊണ്ട് വർദ്ധിച്ച വീർയം, ത്വാ = അങ്ങയെ ആ പൃണക്തു = ആ പൂരണം ചെയ്യട്ടെ. (സോമപാനം നിമിത്തം അങ്ങയുടെ ബലം വർദ്ധിക്കട്ടെ.)

ഉപയാമഗൃഹീതഃ അസി = നീ ഭൂമിയിലുള്ളവർക്കു വേണ്ടി സ്വീകരിക്കപ്പെട്ടിരിക്കുന്നു. ഷോഡശിനേ ഇന്ദ്രായ = ഷോ ഡശിഗ്രഹത്തോടുകൂടിയ ഇന്ദ്രന് വേണ്ടി, ത്വാ = നിന്നെ സ്വീകരിക്കുന്നു. ഏഷഃ തേ യോനിഃ = ഇതു് നിൻെറ സ്ഥാനമാണ്. ഷോഡശിനേ ഇന്ദ്രായ = ഷോഡശിഗ്ര ഹത്തോടുകൂടിയ ഇന്ദ്രന് വേണ്ടി, ത്വാ = നിന്നെ ഇവിടെ വെയ്ക്കുന്നു.

ഇതിഏകോനചത്വാരിംശോഽനുവാകഃ

അഥചത്വാരിംശോഽനുവാകഃ

സംഹിതാ–

സർവ്വസ്യ പ്രതി ശീവരീ ഭൂമിസ്ത്വോപ സ്ഥ ആധിത സ്യോനാസ്മൈ സുഷ ദാഭവയച്ഛാസ്മൈ ശർമസ– പ്രഥാഃ । ഉപയാമഗൃഹീതോഽസീന്ദ്രായ ത്വാ ഷോഡശിനേ ഏഷതേ യോനിരിന്ദ്രായത്വാ ഷോഡശിനേ ।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പദച്ഛേദം—

സർവ്വസ്യ പ്രതിശീവരി ഭൂമിഃ ത്വാ ഉപസ്ഥേ ആ അധിത സ്യോനാ അസ്മൈ സുഷദാ ഭവ യച്ഛ അസ്മൈ ശർമ സപ്രഥാഃ ഉപയാമഗൃഹീതഃ അസി ഇന്ദ്രായ ത്വാ ഷോഡശിനേ ഏഷഃ തേ യോനിഃ ഇന്ദ്രായ ത്വാ ഷോഡശിനേ.

വിനിയോഗവും അർത്ഥവും

ഈ മന്ത്രവും ഇന്ദ്രന് വേണ്ടി സോമ രസം എടുത്തു വെയ്ക്കുന്ന അവസരത്തിൽ ചൊല്ലാനുള്ളതാണ്.

ഹേ ഇന്ദ്ര! = അല്ലയോ ഇന്ദ്ര! സർവ്വസ്യ = എല്ലാവർക്കും പ്രതിശീവരി = പ്രത്യേകം സുഖമായി ശയിക്കുന്നതിനാധാരമായിട്ടുള്ള, ഭൂമിഃ = ഭൂമി, ത്വാം ഉപസ്ഥേ = അങ്ങയുടെ ഉത്സംഗത്തിൽ, ആ അധിത = ഇരുത്തട്ടെ. ഹേ ഭൂമേ != അല്ലയോ ഭൂമി ! സപ്രഥാഃ ത്വം = സർവ്വത്ര പ്രഥിതയായ നീ, അസ്മൈ = ഈ യജമാനന്, സ്യോനാ = സുഖ പ്രദയും, സുഷദാ = സുഖമായ ഇരിപ്പടം നൽകുന്നവളും, ഭവ = ആയിത്തീരുക. ഉപയാമഗൃഹീതഃ അസി = നീ ഭൂമിയിലുള്ളവർക്ക് വേണ്ടി സ്വീകരിക്കപ്പെട്ടിരിക്കുന്നു. ഷോഡശിനേ ഇന്ദ്രായ = ഷോഡശിഗ്രഹത്തോട് കൂടിയ ഇന്ദ്രന് വേണ്ടി നിന്നെ ഗ്രഹിക്കുന്നു. ഏഷഃ തേ യോനിഃ = ഇത് നിന്റെ സ്ഥാനമാണ്. ഷോഡശിനേ ഇന്ദ്രായ = ഷോഡശിഗ്രഹത്തോട് കൂടിയ ഇന്ദ്രന് വേണ്ടി, ത്വാ = നിന്നെ ഇവിടെ വെയ്ക്കുന്നു.

ഇതി ചത്വാരിംശോ ഽനുവാകഃ

അഥ ഏകചത്വാരിംശോ ഽനുവാകഃ

സംഹിതാ—

മഹാം ഇന്ദ്രോ വജ്രബാഹുഃ ഷോഡശീ ശർമ യച്ഛതു
സ്വസ്തി നോ മഘവാ കരോതു ഹന്തു പാപ്മാനം യോഽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്മാൻ ദ്വേഷ്ടി । ഉപയാമഗൃഹീതോഽസീന്ദ്രായത്വാ ഷോഡശിനേ । ഏഷതേ യോനിരിന്ദ്രായത്വാ ഷോഡശിനേ ।

പദച്ഛേദം—

മഹാൻ ഇന്ദ്രഃ വജ്രബാഹുഃ ഷോഡശീ ശർമ്മ യച്ഛതു സ്വസ്തി നഃ മഘവാ കരോതു ഹന്തു പാപ്മാനം യഃ അസ്മാൻ ദ്വേഷ്ടി ഉപയാമ-ഗൃഹീതഃ അസി ഇന്ദ്രായ ത്വാ ഷോഡശിനേ ഏഷഃ തേ യോനിഃ ഇന്ദ്രായ ത്വാ ഷോഡശിനേ॥

വിനിയോഗവും അർത്ഥവും

ഈ മന്ത്രവും ഇന്ദ്രന് വേണ്ടിയുള്ള സോമരസം എടുത്തു വെയ്ക്കുന്ന അവസരത്തിൽ ചൊല്ലാനുള്ളതാണ്.

വജ്രബാഹുഃ = വജ്രായുധം കയ്യിൽ ധരിച്ചിരിക്കുന്നവനും, ഷോഡശീ = പതിനാറ് ആയുധം ധരിച്ചിരിക്കുന്നവനും ആയ, മഹാൻ ഇന്ദ്രഃ = മഹാനായ ഇന്ദ്രൻ, ശർമയച്ഛതു = ഞങ്ങൾക്കു സുഖം തരട്ടെ മഘവാ = ദേവേന്ദ്രൻ, നഃ = ഞങ്ങൾക്ക്, സ്വസ്തികരോതു = മംഗളം ചെയ്യട്ടെ. പാപ്മാനം ഹന്തു = ഞങ്ങളുടെ പാപം നശിപ്പിക്കട്ടെ. യഃ അസ്മാൻ ദ്വേഷ്ടി = യാതൊരുത്തനാണോ ഞങ്ങളെ ദ്വേഷിക്കുന്നത്, തംഹന്തു = അവനേയും നശിപ്പിക്കട്ടെ.

ഉപയാമ ഗൃഹീതഃ അസി = നീ ഭൂമിയിലുള്ളവർക്കു വേണ്ടി സ്വീകരിക്കപ്പെട്ടിരിക്കുന്നു. ഷോഡശിനേ ഇന്ദ്രായ = പതിനാറ് ആയുധങ്ങളോടുകൂടിയിരിക്കുന്ന ഇന്ദ്രന്വേണ്ടി, ത്വാ = നിന്നെ സ്വീകരിക്കുന്നു.
ഏഷഃ തേ യോനിഃ = ഇത് നിന്റെ സ്ഥാനമാണ്. ഷോഡശിനേ ഇന്ദ്രായ = പതിനാറ് ആയുധമുള്ള ഇന്ദ്രന്വേണ്ടി, ത്വാ = നിന്നെ ഇവിടെ വെയ്ക്കുന്നു.

ഇതിഏക ചത്വാരിം ശോഽനുവാകഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഥദ്വിചത്വാരിംശോ ऽനുവാകഃ

സംഹിതാ

സജോഷാ ഇന്ദ്ര സഗണോ മരുദ്ഭിസ്സോമംപിബ
വൃത്രഹൻ ശ്ശൂരവിദ്വാൻ। ജഹിശത്രൂം രപമൃധോ
നുദസ്വാഥാഭയം കൃണുഹി വിശ്വതോനഃ।
ഉപയാമ ഗൃഹീതോ ऽസീന്ദ്രായ ത്വാ ഷോഡശിനേ
ഏഷതേയോനിരിന്ദ്രായ ത്വാ ഷോഡശിനേ॥

പദച്ഛേദം—

സജോഷാഃ ഇന്ദ്ര സഗണഃ മരുദ്ഭിഃ സോമം പിബ
വൃത്രഹൻ ശ്ശൂര വിദ്വാൻ ജഹി ശത്രൂൻ അപ മൃധഃ
നുദസ്വ അഥ അഭയം കൃണുഹി വിശ്വതഃ നഃ
ഉപയാമഗൃഹീതഃ അസി ഇന്ദ്രായ ത്വാ ഷോഡശിനേ
ഏഷഃ തേ യോനിഃ ഇന്ദ്രായ ത്വാ ഷോഡശിനേ

വിനിയോഗവും അർത്ഥവും

ഇതും ഇന്ദ്രനു് വേണ്ടിയുള്ള സോമരസം എടുത്തു വെയ്ക്കുന്ന അവസരത്തിൽ ചൊല്ലാനുള്ളതാണു്.

വൃത്രഹൻ = വൃത്രാസുരനെ കൊന്നവനും, ശ്ശൂരം = ശ്ശൂരനും, വിദ്വാൻ = വിദ്വാനുമായ, ഹേ ഇന്ദ്ര ! = അല്ലയോ ഇന്ദ്ര! സഗണഃ ത്വം = സർവ്വ ദേവഗണങ്ങളോടും കൂടിയ അങ്ങു്, മരുദ്ഭിഃ സജോഷാഃ = മരുത്തുക്കളോടു സമാന പ്രീതിയോടുകൂടി, സോമം പിബ = സോമരസം പാനം ചെയ്യാലും. ശത്രൂൻ ജഹി = ഞങ്ങളുടെ ശത്രുക്കളെ കൊന്നാലും. മൃധഃ അപനുദസ്വ = യുദ്ധം ഇല്ലാതെയാക്കുക. അഥ = അനന്തരം, നഃ = ഞങ്ങൾക്കു്, വിശ്വതഃ = എല്ലാവരിൽ നിന്നും, അഭയം കൃണുഹി = അഭയം തന്നാലും. ഉപയാമഗൃഹീതഃ അസി = നീ ഭൂമിയിലുള്ളവർക്കു വേണ്ടി സ്വീകരിക്കപ്പെട്ടിരിക്കുന്നു. ഷോഡശിനേ ഇന്ദ്രായ = പതിനാറു് ആയുധങ്ങളുള്ള ഇന്ദ്രനു് വേണ്ടി, ത്വാ = നിന്നെ സ്വീകരിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏഷഃ തേ യോനിഃ = ഇതു് നിൻെറ സ്ഥാനമാണു്. ഷോഡശിനേ ഇന്ദ്രായ = പതിനാറ് ആയുധമുള്ള ഇന്ദ്രനു് വേണ്ടി നിന്നെ ഇവിടെ വെയ്ക്കുന്നു.

ഇതിദ്വിചത്വാരിംശോfനുവാകഃ

അഥത്രിചത്വാരിംശോfനുവാകഃ

സംഹിത—

ഉദ്ദുത്യം ജാതവേദസം ദേവം വഹന്തികേതവഃ।
ദൃശേവിശ്വായസൂർയം ।ചിത്രം ദേവാനാമുദഗാദനീകം
ചക്ഷുർമിത്രസ്യവരുന്നസ്യാഗ്നേഃ ആപ്രാദ്യാവാപൃഥിവീ
അന്തരീക്ഷം സൂർയആത്മാജഗതസ്തസ്ഥ,ഷശ്ച।
അഗ്നേനയസുപഥാ രായേ അസ്മാൻ വിശ്വാനിദേവ
വയുനാനി വിദ്വാൻ। യുയോ ധ്യസ്മജ്ജുഹുരാണമേനോ
ഭൂയിഷ്ഠാം തേനമ ഉക്തിം വിധേമ। ദിവംഗച്ഛസുവഃ
പത ।രൂപേണവോ രൂപ മഭ്യൈമി വയസാ വയഃ।
തുഥോവോ വിശ്വവേദാ വിഭജതു വർഷിഷ്ഠേ അധി
നാകേ ।ഏതത്തേ അഗ്നേ രാധ ഐതിസോമച്യുതം
തന്മിത്രസ്യപഥാനയർതസ്യപഥാ പ്രേത ചന്ദ്ര-
ദക്ഷിണായജ്ഞസ്യപഥാസുവിതാനയന്തീഃ॥
ബ്രാഹ്മണമദ്യരാധ്യാസമൃഷിമാർഷേയം പിതൃമതം
പൈതൃമത്യം സുധാതു ദക്ഷിണം। വിസുവഃപശ്യ
വ്യന്തരീക്ഷം। യതസ്വസദസ്യൈഃ। അസ്മദ്ദാത്രാ
ദേവത്രാഗച്ഛത മധുമതീഃ പ്രദാതാരമാവിശതാ-
നവഹായാസ്മാൻ ദേവയാനേനപഥേതസുകൃതാം
ലോകേസിദത തന്നഃ സംസ്കൃതം॥

പദച്ഛേദം—

ഉദ് ഉ ത്യം ജാതവേദസം ദേവം വഹന്തി കേതവഃ ദൃശേ വിശ്വായ സൂർയം ചിത്രം ദേവാനാം ഉദ് അഗാത് അനികം ചക്ഷുഃ മിത്രസ്യ വരുണസ്യ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഗ്നേഃ ആ പ്രാ ദ്യാവാപൃഥിവീ അന്തരീക്ഷം സൂർയഃ ആത്മാ ജഗതഃ തസ്ഥുഷഃ ച അഗ്നേ നയ സുപഥാ രായേ അസ്മാൻ വിശ്വാനി ദേവ വയുനാനി വിദ്വാൻ യുയോധി അസ്മജ്ജുഹു- രാണം ഏനഃ ഭൂയിഷ്ഠാം തേ നമഉക്തിം വിധേമ ദിവം ഗച്ഛ സുവഃ പത, രൂപേണ വഃ രൂപം അഭി ആ ഏമി വയസാ വയഃ തുഥഃ വഃ വിശ്വവേദാഃ വി ഭജതു വർഷിഷ്ഠേ അധി നാകേ ഏതത് തേ അഗ്നേ രാധഃ ആ ഏതി സോമച്യുതം തത് മിത്രസ്യ പഥാ പ്ര ഇത ചന്ദ്രദക്ഷിണാഃ യജ്ഞസ്യ പഥാ സുവിതാ നയന്തീഃ ബ്രാഹ്മണം അദ്യ രാധ്യാസം ഋഷിം ആർഷേയം പിതൃമന്തം പൈതൃമത്യം സുധാതു ദക്ഷിണം വിസുവഃ പശ്യ വി അന്തരീക്ഷം യതസ്വ സദസ്യൈഃ അസ്മദ്ദാത്രാഃ ദേവത്രാ ഗച്ഛത മധുമതീഃ പ്രദാതാരം ആവിശത അനവഹായ അസ്മാൻ ദേവയാനേന പഥാ ഇത സുകൃതാം ലോകേ സീദത തത് നഃ സംസ്കൃതം.

മന്ത്രവും വിനിയോഗവും അർത്ഥവും

1 ഉദുത്യം ജാതവേദസം ദേവംവഹന്തികേതവഃ ദൃശേവിശ്വായസൂർയം।

സൂര്യദേവതാകമായ ഈ മന്ത്രം ചൊല്ലി ഗാർഹപത്യാ- ഗ്നിയിൽ ഹോമിക്കുന്നു.

വിശ്വായദൃശേ = എല്ലാവരും കാണുന്നതിന്ന്വേണ്ടി, ഇമം ജാതവേദസം സൂർയം = പ്രജ്ഞാശക്തിയുള്ള ഈ സൂർയനെ (ലോകത്തിൽ ജനിച്ചിട്ടുള്ള എല്ലാവരേയും അ റിയുന്ന ഈ സൂർയനെ) കേതവഃ = രശ്മികൾ, ഉദ്വഹന്തി = ഊർധ്വ ദേശത്തെ പ്രാപിപ്പിക്കുന്നു.

2 ചിത്രം ദേവാനാമുദഗാദനീകം ചക്ഷുർമിത്രസ്യ വരുണസ്യാഗ്നേഃ। ആപ്രാദ്യാവാപൃഥിവീ അന്ത- രിക്ഷം സൂർയആത്മാജഗതസ്തസ്ഥുഷശ്ച।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈ മന്ത്രവും ഗാർഹപത്യാഗ്നായിൽ ഹോമം ചെയ്യുന്ന അവസരത്തിൽ ചൊല്ലാനുള്ളതാണ്

ചിത്രം = നാനാവർണ്ണങ്ങളോടുകൂടിയ, ദേവാനാം അനീകം = ദേവന്മാരുടെ അല്ലെങ്കിൽ രശ്മികളുടെ സമൂഹം, മിത്രസ്യ വരുണസ്യ അഗ്നേഃ ചക്ഷുഃ = മിത്രൻ വരുണൻ അഗ്നി എന്നിവരുടെ നേത്രവും ആയ സൂർയൻ, ഉദ് അഗാത് = ഉദിക്കുന്നു ജഗതഃ = ജംഗമങ്ങളുടേയും, തസ്ഥുഷഃ ച = സ്ഥാവരങ്ങളുടേയും ആത്മാ സൂർയഃ = ആത്മാവായ സൂർയൻ, ദ്യാവാപൃഥി വി = ദ്യോവിനേയും പൃഥിവിയേയും, അന്തരീക്ഷം = അന്തരീക്ഷത്തേയും, ആ അപ്രാഃ = തൻെറ രശ്മികളാൽ നിറയ്ക്കുന്നു. ("അപ്രഃ" പ്രാപൂരണേ എന്ന ധാതുവിൻെറ രൂപം).

3. അഗ്നേ നയ സുപഥാരായേ അസ്മാൻ വിശ്വാനിദേവ
വയുനാനി വിദ്വാൻ, യുയോധ്യ സ്മജ്ജുഹുരാണമേനോ
ഭൂയിഷ്ഠാം തേനമ ഉക്തിം വിധേമ ॥

ഈ മന്ത്രത്തിൻെറ അർത്ഥം 1-1-14 ൽ വ്യാഖ്യാനിച്ചു.

4. ദിവം ഗച്ഛ സുവഃ പത

ഈ മന്ത്രം ചൊല്ലി നെയ്യിൽ ഇട്ടിരുന്ന സ്വർണ്ണം ഹോമാനന്തരം അഗ്നിയിൽ നിന്ന് എടുക്കുന്നു.

ഹേ ഹിരണ്യ ! = അല്ലയോ സ്വർണ്ണമേ! നീ, ദിവംഗച്ഛ = ദീപ്തിയെ പ്രാപിച്ചാലും. സുവഃ പത = അനന്തരം ആദിത്യനിലേക്ക് പോയാലും.

5. രൂപേണ വോ രൂപമഭ്യൈമി വയസാവയഃ

ദക്ഷിണയായി നൽകേണ്ട സ്വർണത്തെ സംബോധന ചെയ്ത് ഈ മന്ത്രം ചൊല്ലുന്നു.

ഹേ ദക്ഷിണാഃ ! = അല്ലയോ ദക്ഷിണകളെ ! വഃ രൂപം നിങ്ങളുടെ രൂപം രൂപേണ = എൻെറ രൂപവുമായി, അഭിത്ത ഏമി = ആഭിമുഖ്യത്തെ പ്രാപിക്കുന്നു. വയസാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

= വയസ്സുകൊണ്ടു്, വയഃ അഭി ആ എമി = നിങ്ങളുടെ വയസ്സിനെ ഞാൻ പ്രാപിക്കുന്നു.

6. ത്ഥോവോ വിശ്വവേദാ വിഭജതു വർഷിഷ്ഠേ
അധിനാകേ।

ഇതു് ദക്ഷിണാവിഭാഗാവസരത്തിൽ ചൊല്ലുന്ന മന്ത്രമാണു്. ത്ഥഃ = ത്ഥൻ എന്നു പ്രസിദ്ധനായ അഗ്നി, വിശ്വവേദാഃ എല്ലാം അറിയുന്നവനാണു്. സഃ ഏവ = ആ അഗ്നി തന്നെ, വഃ വിഭജതു = നിങ്ങൾക്കു ദക്ഷിണ ഭാഗിച്ചു തരട്ടെ. വിർഷിഷ്ഠേ = ശ്രേഷ്ഠമായ, അധിനാകേ = സ്വർഗ്ഗത്തിൽ വിഭജിക്കട്ടെ.

7. ഏതത്തേ അഗ്നേ രാധ ഐതി സോമച്യുതം
തന്മിത്ര സ്യപഥാ നയർതസ്യ പഥാ പ്രേതചന്ദ്ര-
ദക്ഷിണാ യജ്ഞസ്യ പഥാ സുവിതാനയന്തീഃ ।

ഈ മന്ത്രം ചൊല്ലി ദക്ഷിണ നൽകുന്നു.

ഹേ അഗ്നേ ! ഏതദ് രാധഃ = ദക്ഷിണാരൂപത്തിലുള്ള ഈ ധനം, തേ ആ ഏതി = അങ്ങയുടെ സമീപത്തു വരുന്നു. സോമച്യുതം തത് = സോമയാഗത്തിനു് വേണ്ടി കൊണ്ടുവരപ്പെട്ട ആ ധനം, മിത്രസ്യപഥാ നയ = ആദിത്യന്റെ മാർഗ്ഗത്തിൽ കൂടി കൊണ്ടു പോയാലും ഋതസ്യപഥാ = യജ്ഞത്തിന്റെ അങ്ഗഭാവം പ്രാപിച്ചിരിക്കുന്ന സദസ്സിലേക്കു്, പ്രഇത = പോയാലും, ചന്ദ്ര-ദക്ഷിണാഃ ഗച്ഛത = സ്വർണ്ണം പ്രധാന ദക്ഷിണയായിത്തീരട്ടെ. യജ്ഞസ്യ = യാഗത്തിന്റെ, സുവിതാപഥാ = സുഗമമായ മാർഗ്ഗത്തിൽ കൂടി, നയന്തീഃ = നയിക്കപ്പെട്ടവരായി, ഗച്ഛത = പോവുക.

8. ബ്രാഹ്മണമദ്യരാധ്യാസമൃഷിമാർഷേയം
പിതൃമന്തം പൈതൃമത്യം സുധാതു ദക്ഷിണം ।

ഈ മന്ത്രം ചൊല്ലി "ആത്രേയനു്" സ്വർണ്ണം ദക്ഷിണയായി നൽകുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്യ = ഇന്നു്, ഋഷിം = വേദത്തിൻെറ അർത്ഥം അറി-യുന്നവനും, ആർഷേയം വേദാർത്ഥം അറിയുന്നവൻെറ പുത്രനും, പിതൃമന്തം = പിതാവിനാൽ നല്ലപോലെ ഉപദേശിക്കപ്പെട്ടവനും, പൈതൃമത്യം = നല്ല പിതാവുള്ള പിതാവിൻെറ പുത്രനും, (നല്ല പിതാമഹനോടു കൂടിയവനും) സുധാതു ദക്ഷിണം = സ്വർണ്ണം ദക്ഷിണയായി സ്വീകരിക്കാനർഹനുമായ, ബ്രാഹ്മണം = ബ്രാഹ്മണനെ, രാധ്യാസം = എനിക്കു് ലഭിക്കട്ടെ.

9. വിസുവഃ പശ്യ വ്യന്തരിക്ഷം

ഈ മന്ത്രം ചൊല്ലി യജമാനനോട്ടു് ആദിത്യനെ നോക്കാൻ പറയുന്നു.

സുവഃ വിപശ്യ = ആദിത്യനെ നല്ലപോലെ നോക്കുക, അന്തരീക്ഷം വിപശ്യ = അന്തരീക്ഷത്തേയും നല്ലപോലെ നോക്കുക.

10. യതസ്വ സദസ്യൈഃ

ഈ മന്ത്രം ചൊല്ലി യജമാനനെ പുരോഹിതന്മാരുടെ കൂട്ടത്തിൽ ഇരുത്തുന്നു.

സദസ്യൈഃ = സദസ്യരോടുകൂടി, യതസ്വ = കർമ്മങ്ങളിൽ വ്യാപൃതനാവുക.

11 അസ്മദ്ദാത്രാ ദേവത്രാഗച്ഛത മധുമതീഃ പ്രദാതാര-മാവിശതാനവഹായാസ്മാൻ ദേവയാനേനപഥേത സുകൃതാം ലോകേസീദത തന്നഃ സംസ്കൃതം।

ഈ മന്ത്രം ചൊല്ലി യജമാനൻ ദക്ഷിണനൽകുന്നു.

അസ്മദ്ദാത്രാഃ = ഞങ്ങളാൽ ദക്ഷിണ നൽകപ്പെട്ട നിങ്ങൾ, ദേവത്രാഗച്ഛത = ദേവന്മാരുടെ സമീപത്തിലേയ്ക്കു് ചെല്ലുക മധുമതീഃ = നല്ല ഗുണങ്ങളോടുകൂടിയ നിങ്ങൾ, പ്രദാതാരം ആവിശത = ദാതാവായ എൻെറ സമീപത്തിൽ വന്നാലും, അസ്മാൻ അനവഹായ = ഞങ്ങളോടുകൂടിത്തന്നെ, ദേവയാനേന പഥാ = ദേവ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്മാർ പോകുന്ന മാർഗ്ഗത്തിൽക്കൂടി, ഇത = പോവുക. സുകൃതാം ലോകേ = പുണ്യം ചെയ്തവർക്കുള്ള ലോകത്തിൽ, സീദത = ഞങ്ങളോടു കൂടിയിരിക്കുക. തത് നഃ സംസ്കൃതം = ആസ്ഥാനം നമുക്കുവേണ്ടി നിർമ്മിക്കപ്പെട്ടതാണ്.

ഇതിത്രിചത്വാരിംശോഽനുവാകഃ

അഥചതുശ്ചത്വാരിംശോഽനുവാകഃ

സംഹിതാ

ധാതാരാതിഃ സവിതേദംജുഷന്താം പ്രജാപതിർ-
നിധിപതിർനോ അഗ്നിഃ। ത്വഷ്ടാവിഷ്ണുഃ പ്രജയാ
സംരരാണോ യജമാനായ ദ്രവിണം ദധാതു।
സമിന്ദ്രണോ മനസാനേഷിഗോഭിഃ സംസൂരിഭിർ-
മഘവൻ സംസ്വസ്ത്യാസം ബ്രഹ്മണാ ദേവകൃതം യദസ്തി
സംദേവാനാം സുമത്യായജ്ഞിയാനാം। സംവർചസാ
പയസാസം തന്വഭിരഗന്മഹിമനസാസംശിവേന।
ത്വഷ്ടാനോ അത്രവരിവഃ കൃണോത്വനുമാർഷ്ടുതന്വോ
യദ്വിലിഷ്ടം। യദദ്യത്വാ പ്രയതിയജ്ഞേ അസ്മിന്നഗ്നേ
ഹോതാരമവൃണീമഹീഹ। ഋധഗയാഡൃധഗുതാശമിഷ്ഠാഃ
പ്രജാനൻ യജ്ഞ മുപയാഹി വിദ്വാൻ സ്വഗാവോ
ദേവാ സദനമ കർമ യ ആ ജഗ്മസവനേദം ജുഷാണാഃ।
ജക്ഷിവാം സഃ പപിവാം സശ്ചവിശ്വേഽസ്മേ ധത്ത
വസവോ വസൂനി। യാനാവഹ ഉശതോ ദേവദേവാൻ താൻ
പ്രേരയ സ്വേ അഗ്നേ സധസ്ഥേ। വഹമാനാ ഭരമാണാ
ഹവീംഷി വസും ഘർമ ദിവമാതിഷ്ഠതാനു। യജ്ഞ
യജ്ഞം ഗച്ഛ യജ്ഞപതിം ഗച്ഛ സ്വാം യോനിം ഗച്ഛ
സ്വാഹാ॥ ഏഷതേ യജ്ഞോ യജ്ഞ പതേ സഹ സൂക്ത-
വാകഃ സുവീരഃ സ്വാഹാ। ദേവാഗാതു വിദോ ഗാതും
വിത്വാഗാതു മിത മനസസ്പത ഇമം നോ ദേവ ദേവഷു
യജ്ഞം സ്വാഹാ വാചിസ്വാഹാ വാതേ ധാഃ।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പദച്ഛേദം —

ധാതാ രാതിഃ സവിതാ ഇദം ജുഷന്താം പ്രജാപതിഃ നിധിപതിഃ നഃ അഗ്നിഃ ത്വഷ്ടാ വിഷ്ണുഃ പ്രജയാ സംരരാണഃ നഃ യജമാനായ ദ്രവിണം ദധാതു സം ഇന്ദ്രഃ നഃ മനസാ നേഷി ഗോഭിഃ സം സൂരിഭിഃ മഘവൻ സം സ്വസ്ത്യാ സം ബ്രഹ്മണാ ദേവകൃതം യദ് അസ്തി സം ദേവാനാം സുമത്യാ യജ്ഞിയാനം സം വർചസാ പയസാ സം തനൂഭിഃ അഗന്മഹി മനസാ സം ശിവേന ത്വഷ്ടാ നഃ അത്ര വരിവഃ കൃണോതു അനു മാർഷ്ടു തന്വഃ യത് വിലിഷ്ടം യദ് അദ്യ ത്വാ പ്രയതി യജ്ഞേ അസ്മിൻ അഗ്നേ ഹോതാരം അവൃണീമഹി ഇഹ ശ്രുധക് അയാട് ശ്രുധക് ഉത അശമിഷ്ഠാഃ പ്രജാനൻ യജ്ഞം ഉപ യാഹി വിദ്വാൻ സ്വഗാ വഃ ദേവാഃ സദനം അകർമ യേ ആജഗ്മ സവനാ ഇദം ജുഷാണാഃ ജക്ഷിവാംസഃ പപിവാംസഃ ച വിശ്വേ അസ്മേ ധത്ത വസവഃ വസൂനി യാൻ ആ അവഹഃ ഉശതഃ ദേവ ദേവാൻ താൻ പ്ര ഈരയ സ്വേ അഗ്നേ സധസ്ഥേ വഹമാനാഃ ഭരമാണാഃ ഹവീംഷി വസും ഘർമം ദിവം ആ തിഷ്ഠത അനു യജ്ഞ യജ്ഞം ഗച്ഛ യജ്ഞപതിം ഗച്ഛ സ്വാം യോനിം ഗച്ഛ സ്വാഹാ ഏഷഃ തേ യജ്ഞഃ യജ്ഞപതേ സഹസൂക്തവാകഃ സുവീരഃ സ്വാഹാ ദേവഃ ഗാതുവിദഃ ഗാതും വിത്വാ ഗാതും ഇത മനസഃ പതേ ഇമം നഃ ദേവ ദേവേഷു യജ്ഞം സ്വാഹാ വാചി സ്വാഹാ വാതേ ധാഃ॥

മന്ത്രവും വിനിയോഗവും അർത്ഥവും

1 ധാതാരാതിഃ സവിതേദംജുഷന്താം
പ്രജാപതിർനിധിപതിർനോ അഗ്നിഃ।
ത്വഷ്ടാവിഷ്ണുഃ പ്രജയാസംരരാണോ
യജമാനായ ദ്രവിണം ദധാതു ॥

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈ അനുവാകത്തിലുള്ള ഒൻപതു് മന്ത്രവും ഓരോന്നായി ചൊല്ലി ഹോമം നടത്തുന്നു.

രാതിഃ ധാതാ = എല്ലാശ്രേയസ്സുകളുടേയും ദാതാവായ ബ്രഹ്മാവും, സവിതാ പ്രജാപതിഃ = സർവ്വ പ്രേരകനായ പ്രജാപതിയും, നിധിപതിഃ = നിധികളുടെ അധിപതിയായ അല്ലെങ്കിൽ ധമ്മാത്ഥകാമ മോക്ഷങ്ങളാകുന്ന പുരുഷാത്ഥങ്ങളെ രക്ഷിക്കുന്ന, ത്വഷ്ടാ വിഷ്ണുഃ അഗ്നിഃ = ത്വഷ്ടാവും വിഷ്ണുവും അഗ്നിയും, ഇദംഹവിഃ = ഈ ഹവിസ്സു്, ജുഷന്താം = ആസ്വദിക്കട്ടെ. ഏതേ ദേവാഃ = ഈ ദേവന്മാർ എല്ലാവരും, പ്രജയാ സംരരാണാഃ = സന്താനാദികളെക്കൊണ്ടു് നല്ല പോലെ രക്ഷിക്കുന്നവരായി, യജമാനായ = യാഗം നടത്തുന്ന യജമാനനു്, ദ്രവിണംദധാതു = ധനംനൽകട്ടെ.

2 സമിന്ദ്രണോമനസാനേഷിഗോഭിഃ സംസൂരിഭിഃ

മഘവൻ സംസ്വസ്ത്യാ സംബ്രഹ്മണാ ദേവകൃതം യദസ്തി സംദേവാനാം സുമത്യായജ്ഞിയാനാം ||

ഹേ ഇന്ദ്ര ! നഃ = ഞങ്ങളെ, മനസാ = നല്ലമനസ്സോടും, ഗോഭിഃ ച = സ്തുതിവചനങ്ങളോടും, സംനേഷി = സംയോജിപ്പിക്കുക. (അങ്ങയെ സ്തുതിക്കാൻ മനസ്സുള്ളവരും അതിനു് വേണ്ടവാക് സാമത്ഥ്യമുള്ളവരുമാക്കുക) സൂരിഭിഃ = വിദ്വാന്മാരോടുകൂടി, നഃ സംനേഷി = ഞങ്ങളെ യോജിപ്പിക്കുക. മഘവൻ = അല്ലയോ ഇന്ദ്ര ! സ്വസ്ത്യാ = മംഗളത്തോടുകൂടി, നഃ സംനേഷി = ബ്രഹ്മണാനഃ സംനേഷി = വേദത്തോടുകൂടി, വേദാത്ഥജ്ഞാനത്തോടുകൂടി, വേദോക്തകമ്മാനുഷ്ഠാനങ്ങളോടുകൂടി ഞങ്ങളെ യോജിപ്പിക്കുക യദ് ദേവകൃതം അസ്തി = ദേവന്മാക്കുവേണ്ടി ചെയ്തിട്ടുള്ള യാതൊരു യാഗാദികമ്മങ്ങളും ഉണ്ടോ, തേന = ആ കമ്മങ്ങളുമായി നഃ സംനേഷി = ഞങ്ങളെ യോജിപ്പിക്കുക. യജ്ഞി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യാനാം = യാഗത്തിനർഹരായ, ദേവാനാം = അഗ്നി മുതലായ ദേവന്മാരുടെ, സുമത്യാ = അനുഗ്രഹ ബുദ്ധി യോടുകൂടി, നഃ സംനേഷി = ഞങ്ങളെ യോജിപ്പി ക്കുക. (ഞങ്ങളിൽ യാഗാർഹരായ ദേവന്മാരുടെ അനു ഗ്രഹം ഉണ്ടാകട്ടെ)

3 സംവർചസാപയസാസംതനൂഭിരഗന്മഹി
മനസാസംശിവേന । ത്വഷ്ടാനോ അത്രവരിവഃ
കൃണോത്വനുമാർഷ്ടു, തനുവോയദ്വിലിഷ്ടം ।

വർചസാ = ബലത്തോടും, പയസാ = രക്ഷകനോടും, വയം സംഅഗന്മഹി = ഞങ്ങൾ യോജിക്കട്ടെ. തനൂഭിഃ സംഅഗന്മഹി = നല്ല ശരീരത്തോടുകൂടി യോജിക്കട്ടെ ശിവേന മനസാ = നല്ലമനസ്സോടുകൂടി, സംഅഗന്മഹി = ഞങ്ങൾ യോജിക്കട്ടെ. അത്ര = ഈ യാഗത്തിൽ ത്വഷ്ടാ = ത്വഷ്ടാ എന്ന ദേവൻ, നഃ = ഞങ്ങൾക്ക്, വരിവഃ കൃണോതു = ധാരാളം ധനം നൽകട്ടെ. വിലി-ഷ്ടംയത് = ഞങ്ങളുടെ ശരീരത്തിൽ പററിച്ചേർന്നി ട്ടുള്ള യാതൊരു പാപമുണ്ടോ അതു്, തനുവഃ = ഞങ്ങളുടെ ശരീരത്തിൽനിന്നു്, അനുമാർഷ്ടു = മാററട്ടെ

4 യദദ്യത്വാ പ്രയതിയജ്ഞേ അസ്മിന്നഗ്നേ ഹോതാര-
മവൃണീമഹീഹ । ഋധഗയാഡൃധഗുതാശമിഷ്ഠാ
പ്രജാനൻ യജ്ഞമുപയാഹി വിദ്വാൻ।

അദ്യപ്രയതി = ഇന്നു നടക്കുന്ന, അസ്മിൻയജ്ഞേ = ഈയാഗത്തിൽ, ഹേ അഗ്നേ ! = അല്ലയോ അഗ്നേ ! യദ് = യാതൊന്നിനു്വേണ്ടി. ത്വാം = അങ്ങയെ, ഹോതാരം അവൃണീമഹി = ഹോതാവായി ഞങ്ങൾ വരിച്ചുവോ, ഇഹ = ഈ യാഗത്തിൽ, ഋധക് = സമൃദ്ധമായിതന്നെ, അയാട് = ഞങ്ങളെക്കൊണ്ടു് യാഗം കഴിപ്പിച്ചു. ഉത = കൂടാതെ, ഋധക് പ്രജാനൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

= നല്ലപോലെ അറിഞ്ഞ്, അശമിഷ്ഠാഃ = യാഗത്തിന് ഉണ്ടാകാവുന്ന വിഘ്നങ്ങളെയെല്ലാം നശിപ്പിച്ച വിദ്വാൻ = വിദ്വാനായ അങ്ങ്, യജ്ഞം ഉപയാഹി = ഞങ്ങൾ നടത്തുന്ന യാഗത്തിന് വന്നാലും.

5. സ്വഗാവോ ദേവാ സദന കർമയ ആജഗ്മ
സവനേദം ജുഷാണാഃ । ജക്ഷിവാം സഃ
പപിവാം സശ്ചവിശ്വേ$\mathcal{f}$സ്മേ ധത്ത വസവോ വസൂനി॥

ഹേ ദേവാഃ! = അല്ലയോ ദേവന്മാരെ! വഃ സദനം = നിങ്ങൾക്കുള്ള സ്ഥാനം, സ്വഗാ അകർമ = ഞങ്ങൾ വേണ്ട പോലെ തയാറാക്കിയിട്ടുണ്ട്, യേ യൂയം = നിങ്ങൾ, ഇദം സവനം = ഈ യാഗത്തിന്, ജുഷാണാഃ = പ്രീതിയോടുകൂടി, അജഗന്മ = വന്നിട്ടുള്ളവരാകുന്നു. തേ വിശ്വേ = അപ്രകാരമുള്ള നിങ്ങൾ എല്ലാവരും, ജക്ഷിവാം സഃ = യാഗത്തിന് തയാറാക്കിയിട്ടുള്ള പുരോഡാശം മുതലായവ ഭക്ഷിക്കുന്നവരായും, പപിവാം സഃ = സോമരസം പാനം ചെയ്യുന്നവരായും, വസവഃ = വാസസ്ഥാനം നൽകുന്നവരും ആയി, അസ്മേ = ഈ യജമാനന്, വസൂനിധത്ത = ധനം നൽകിയാലും.

6. യാനാവഹ ഉശതോ ദേവ ദേവാൻ
പ്രേരയ സ്വേ അഗ്നേ സധസ്ഥേ ।
വഹമാനാ ഭരമാണാ ഹവീംഷി
വസും ഘർമ ദിവമാതിഷ്ഠതാനു॥

ഹേ ദേവ അഗ്നേ! ഉശതഃ = യാഗത്തിൽ ഹവിസ്സാഗ്രഹിക്കുന്ന, യാൻ ദേവൻ = യാതൊരു ദേവന്മാരെയാണോ, ആ അവഹഃ = വിളിച്ചു വരുത്തിയത്, താൻ = ആ ദേവന്മാരെ, സ്വേ = അവരവരുടെ, സധസ്ഥേ = സ്ഥാനങ്ങളിലേക്ക്, പ്ര ഈരയ = അയച്ചാലും. ഹേ ദേവാഃ! അല്ലയോ ദേവന്മാരെ! യൂയം = നിങ്ങൾ, ഹവീംഷി = ഹവിസ്സ്, വഹമാനാഃ = വഹിച്ചുകൊണ്ടും, ഭരമാണാഃ =

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വർധിപ്പിച്ചുകൊണ്ടും, വസും = ജഗത്തിന് നിവാസ ഹേതു വായ, ഘർമം = ആദിത്യനെ, ആതിഷ്ഠത = പ്രാപി ച്ചാലും. അനു = അനന്തരം, ദിവം ആ ഗച്ഛത = സ്വർഗ്ഗ ത്തിലേക്ക് പോയാലും.

7 യജ്ഞയജ്ഞം ഗച്ഛയജ്ഞപതിംഗച്ഛ
സ്വാം യോനിം ഗച്ഛസ്വാഹാ ।

ഹേയജ്ഞ ! = അല്ലയോ യാഗമേ ! യജ്ഞം ഗച്ഛ = യജ്ഞ രൂപിയായ മഹാവിഷ്ണുവിനെ പ്രാപിക്കുക. യജ്ഞപതിം ഗച്ഛ = യാഗം നടത്തിയ യജമാനനെ പ്രാപിക്കുക. സ്വാം യോനിം ഗച്ഛ = അനന്തരം നിൻെറ ഉത്പത്തിക്ക് നിദാനമായസ്ഥാനം പ്രാപി ക്കുക പരമേശ്വരൻെറ ക്രിയാശക്തിയാണ് യാഗത്തി ൻെറ പ്രഭവസ്ഥാനം ; സ്വാഹാ = അഗ്നിയിൽ ഹോമി ക്കുന്നു.

8 എഷതേയജ്ഞോയജ്ഞപതേ
സഹസൂക്തവാകഃ സുവീരഃ സ്വാഹാ ।

എഷഃ യജ്ഞഃ = ഈ യാഗം, സഹസൂക്തവാകഃ = വിവിധ സ്തോത്രങ്ങളോടുകൂടിയതും സുവീരഃ = നല്ല പുത്രപൗത്രാദികളും ഉണ്ടാകുന്നതിന് ഹേതുവും ആയി- ത്തീരട്ടെ.

9 ദേവാഗാതു വിദോഗാതും വിത്വാഗാതുമിത
മനസസ്പത ഇമംനോ । ദേവദേവേഷുയജ്ഞം
സ്വാഹാവാചി സ്വാഹാവാതേധാഃ ।

ഗാതുവിദഃ ദേവാഃ = പോകേണ്ടസ്ഥലം അറിയാവുന്ന ദേവന്മാർ, ഗാതും വിത്വാ = വഴി മനസ്സിലാക്കിയിട്ട് ഗാതും ഇത = ആ മാർഗ്ഗത്തെ തന്നെ ഭജിക്കുക. ഹേമനസഃ പതേ = സർവ്വഭൂതങ്ങളുടേയും അന്തരാത്മാ വായി മനസ്സിന് അധിപതിയായിട്ടുള്ള ദേവ, ഇമം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യജ്ഞം = ഈ യാഗത്തെ ദേവേഷുധാഃ = ദേവ-ന്മാരിൽ സ്ഥാപിക്കുക വാചിധാഃ = അനന്തരം ശബ്ദബ്രഹ്മത്തിൽ സ്ഥാപിക്കുക. വാതേധാഃ = അനന്തരം സർവ്വക്രിയാധാരമായ വായുവിൽ സ്ഥാപിക്കുക. സ്വാഹാ = ഞാൻ അഗ്നിയിൽ ഹോമിക്കുന്നു.

ഇതിചതുശ്ചത്വാരിം ശോഽനുവാകഃ

അഥപഞ്ചചത്വാരിംശോഽനുവാകഃ

സംഹിത

ഉരുംഹിരാജാ വരുണശ്ചകാര സൂർയായ പന്ഥാ-
മന്വേതവാ ഉ ।അപദേ പാദാ പ്രതിധാതവേഽ-
കരുതാ പവക്താ ഹൃദയാ വിധശ്ചിത് ശതം ।
തേരാജൻ ഭിഷജഃ സഹസ്രം ഉർവീഗംഭീരാ
സുമതിഷ്ടേ അസ്തു । ബാധസ്വ ദ്വേഷോനിർഋതിം
പരാചൈഃ കൃതം ചിദേനഃ പ്രമുമുഗ് ധ്യസ്മത് ।
അഭിഷ്ഠിതോ വരുണസ്യപാശഃ। അഗ്നേ രനീകമപ
ആ വിവേശ അപാം നപാത് പ്രതിരക്ഷന്ന സൂർയം
ദമേദമേ സമിധം യക്ഷ്യഗ്നേ। പ്രതിതേ ജിഹ്വാ
ഘൃത മുച്ചരേണ്യത് സമുദ്രേതേ ഹൃദയമപ്സ്വന്തഃ ।
സം ത്വാ വിശന്ത്വോഷ ധീരുതാപോ യജ്ഞ സ്യത്വാ
യജ്ഞപതേ ഹവിർഭിഃ സൂക്തവാകേ നമോ വാകേ
വിധേമ। അവഭൃഥ നിചങ്കുണ നിചേരുരസി
നിചങ്കുണാവ ദേവൈർദേവകൃത മേനോഽയാഡവ
മർത്യൈർമർത്യകൃത മുരോരാനോ ദേവരിഷസ്പാഹി
സുമിത്രാ ന ആപ ഓഷധയഃ സന്തു ദുർമിത്രാ-
സ്തസ്മൈ ഭൂയാസുർയോഽസ്മാൻ ദ്വേഷ്ടിയം ചവയം-
ദ്വിഷ്മോ ദേവീരാപ ഏഷവോ ഗർഭസ്തംവഃ സു പ്രീതം
സുഭൃതമകർമ ദേവേഷുനഃ സുകൃതോ ബ്രൂതാത്॥
പ്രതിയുതോ വരുണസ്യ പാശഃ। പ്രത്യ സ്തോ വരുണസ്യ
പാശഃ॥ ഏധോഽസ്യേധിഷീമഹി സമിദസിതേ ജോഽസി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തേജോ മയിധേഹി। അപോ അന്വചാരിഷം രസേന സമസൃക്ഷ്മഹിപയസ്വാം അഗ്ന ആഗമം തം മാസം സൃജവർചസാ ॥

പദച്ഛേദം—

ഉരും ഹി രാജാ വരുണഃ ചകാര സൂർയായ പന്ഥാം അന്വേതവൈ ഉ അപദേ പാദാ പ്രതിധാതവേ അകഃ ഉത അപവക്താ ഹൃദയവിധഃ ചിത് ശതം തേ രാജൻ ഭിഷജഃ സഹസ്രം ഉർവീ ഗംഭീരാ സുമതിഃ തേ അസ്തു ബാധസ്വ ദ്വേഷഃ നിർഋതിം പരാചൈഃ കൃതം ചിദ് ഏനഃ പ്ര മുമഗ്ധി അസ്മത് അഭിഷ്ഠിതഃ വരുണസ്യ പാശഃ അഗ്നേഃ അനീകം അപഃ ആ വിവേശ അപാം നപാത് പ്രതിരക്ഷൻ അസുർയം ദമേദമേ സവിധം യക്ഷി അഗ്നേ പ്രതി തേ ജിഹ്വാ ഘൃതം ഉത് ചരേണ്യത് സമുദ്രേ തേ ഹൃദയം അപ്സു അന്തഃ സം ത്വാ വിശന്തു ഓഷധീഃ ഉത ആപഃ യജ്ഞസ്യ ത്വാ യജ്ഞപതേ ഹവിർഭിഃ സൂക്തവാകേ നമോവാകേ വിധേമ അവഭൃഥ നിചങ്കുണ നിചേരുഃ അസി നിചങ്കുണ അവ ദേവൈഃ ദേവകൃതം ഏനഃ അയാഡ് അവ മർത്യൈഃ മർത്യകൃതം ഉരോഃ ആ നഃ ദേവരിഷഃ പാഹി സുമിത്രാഃ നഃ ആപഃ ഓഷധയഃ സന്തു ദുർമിത്രാഃ തസ്മൈ ഭൂയാസുഃ യഃ അസ്മാൻ ദ്വേഷ്ടി യം ച വയം ദ്വിഷ്മഃ ദേവീഃ ആപഃ ഏഷഃ വഃ ഗർഭഃ തം വഃ സുപ്രീതം സുഭൃതം അകർമ ദേവേഷു നഃ സുകൃതഃ ബ്രൂതാത് പ്രതിയുതഃ വരുണസ്യ പാശഃ പ്രത്യസ്തഃ വരുണസ്യ പാശഃ ഏധഃ അസി ഏധിഷീമഹി സമിദ് അസി തേജഃ അസി തേജഃ മയി ധേഹി അപഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്ന അചാരിഷം രസേന സം അസൃക്ഷ്മഹി പയ-
സ്വാൻ അഗ്നേ ആ അഗമം തം മാ സം സൃജ
വർചസാ ॥

മന്ത്രവും വിനിയോഗവും അർത്ഥവും

1 ഉരുംഹിരാജാവരുണശ്ചകാര
സൂർയായ പന്ഥാമന്വേതവാഉ ।
അപദേപാദാപ്രതിധാതവേ / കരുതാ-
പവക്താഹൃദയാവിധശ്ചിത് ॥

അവഭൃഥസ്നാനത്തിന്ന് വേണ്ടി വേദിയിൽനിന്ന് പോകു
മ്പോൾ ചൊല്ലാനുള്ള മന്ത്രമാണ് ഇത്–
വരുണഃ രാജാന = രാജാവായ വരുണൻ തന്നെയാണ്,
സൂർയായ അന്വേതവൈ = സൂർയനെ അനുഗമിക്കുന്ന
തിന്ന്, ഉരു – വിസ്തീർണ്ണമായ, പന്ഥാം = മാർഗ്ഗം,
ചകാര = നിർമ്മിച്ചതു്. സഃ ഏവ = ആ വരുണൻ
തന്നെയാണ്, അപദേപാദാ = അസാധുവായ മാർഗ്ഗ
ത്തിൽകൂടി സഞ്ചരിക്കുന്നതിൽനിന്ന്, (തെററായ കർമ്മ
ങ്ങൾ അനുഷ്ഠിക്കുന്നതിൽനിന്ന്,) പ്രതിഘാതവേ =
തടയുന്നതിന്, അകഃ = ആളുകളെ പ്രവർത്തിപ്പിക്കുന്നതു്.
ഉത = കൂടാതെ, അപവക്താ = അപവാദം പറയു
ന്നവനും, ഹൃദയവിധഃ ച = നമ്മുടെ മനസ്സിനെ വേദ
നിപ്പിക്കുന്നവനും ആയ, യഃ യാതൊരുത്തർ ഉണ്ടോ,
സഃ = അവർ ഞങ്ങൾക്കു പ്രതിബന്ധം ഉണ്ടാക്കരുതു്

2 ശതംതേ രാജൻ ഭിഷജഃ സഹസ്രം
ഉർവി ഗംഭീരാ സുമതിഷ്ടേ അസ്തു ।
ബാധ സ്വദ്വേഷോനിർഋതിം പരാചൈഃ
കൃതം ചിദേനഃ പ്രമുമുഗ്ധ്യസ്മത് ॥

സ്നാനത്തിനുള്ള ജലാശയത്തിലെ ജലം കണ്ടിട്ട് യജമാ
നനെകൊണ്ട് ചൊല്ലിക്കുന്ന മന്ത്രമാണ് ഇതു്–

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹേരാജൻ ! = അല്ലയോ രാജാവായ വരുണ ! തേ = അങ്ങേക്ക്, ശതം സഹസ്രം = വളരെയധികം ആളുകൾ, ഭിഷജഃ സന്തി = പാപം ശമിപ്പിക്കുന്നവരായിട്ടുണ്ട്. ഉർവീ = മഹത്തും, ഗംഭീരാ = അത്യഗാധവും ആയ, സുമതിഃ = നല്ലവിചാരം, തേഅസ്തു = അങ്ങേയ്ക്കുണ്ടാകട്ടെ. ദ്വേഷഃ = ഞങ്ങളുടെ ശത്രുക്കളെ, ബാധസ്വ = നശിപ്പിക്കുക. നിർഋതിം = യാഗം നശിപ്പിക്കുന്ന രക്ഷസ്സിനെ, പരാചഃകൃധി = തിരസ്കരിച്ചാലും കൃതം = ഞങ്ങളാൽ ചെയ്യപ്പെട്ട, ഏനഃ ചിത് = പാപത്തേയും, അസ്മത് = ഞങ്ങളിൽനിന്ന്, പ്രമുമുഗ്ധി = മാററിയാലും.

3 അഭിഷ്ഠിതോ വരുണസ്യപാശഃ

ഈ മന്ത്രം കുളിക്കാനായി വെള്ളത്തിൽ ഇറങ്ങിനിന്ന് ചൊല്ലാനുള്ളതാണ്.

വരുണസ്യപാശഃ = വരുണൻെറ പാശം, അഭിഷ്ഠിതഃ = ഞങ്ങളാൽ ആക്രമിച്ച് കടക്കപ്പെട്ടിരിക്കുന്നു. സൂക്ഷ്മമായ നൂലിൻെറ രൂപത്തിൽ ഉള്ളതും ജലാശയത്തിൽ ഇറങ്ങുന്നവരെ ബന്ധിക്കാൻ കഴിവുള്ളതും ആയ ഒരു ജീവിയാണ് വരുണ പാശം എന്ന് സായണാചാർയ്യർ വർണ്ണിക്കുന്നു.

4 അഗ്നേരനീകമപആവിവേശ അപാം നപാത്।
പ്രതിരക്ഷന്നസുർയം ദമേദമേ സമിധം യക്ഷ്യഗ്നേ ॥

ഈ മന്ത്രം ചൊല്ലി വെള്ളത്തിൽ ദർഭ ഇടുന്നു.

ഹേ അപാംനപാത് ! = അപാംനപാത് എന്ന് പ്രസിദ്ധനായ അല്ലയോ അഗ്നേ ! തവ അഗ്നേഃഅനീകം = അങ്ങയുടെ മുഖം, അപഃ ആവിവേശ = ജലത്തിൽ പ്രവേശിച്ചു. തസ്മാത് = അതുകൊണ്ട്, അസുർയം = അസുരന്മാരാൽ ചെയ്യപ്പെടുന്ന യജ്ഞവിഘാതം, പ്രതിരക്ഷൻ = തടുത്തുകൊണ്ട്, ദമേദമേ = ഓരോ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യാഗത്തിലും, സമിധം = സമിത്തിൻെറ സ്ഥാനത്തിലുള്ള ഈ ദർഭ, ഹേ അഗ്നേ ! ചക്ഷി = അങ്ങ് സ്വീകരിച്ചാലും.

5 പ്രതിതേജിഹ്വാഘൃത മുച്ചരേണ്യത്.

ഈ മന്ത്രം ചൊല്ലി വെള്ളത്തിൽ നെയ്യ് ഒഴിക്കുന്നു. ഹേ അഗ്നേ ! തവജിഹ്വാ = അങ്ങയുടെ ജ്വാലാരൂപത്തിലുള്ള നാക്ക്, ഘൃതംപ്രതി = നെയ്യ്, ഉത്ചരേണ്യത് = മേൽപോട്ടുവന്ന് ഭക്ഷിക്കട്ടെ.

6 സമുദ്രേതേ ഹൃദയമ പ്സ്വന്തഃ

ഈ മന്ത്രം ചൊല്ലി "സ്രുവം" ജലാശയത്തിൽ ഇടുന്നു. ഹേ അഗ്നേ ! തേ ഹൃദയം = ജുഹൂരൂപത്തിലുള്ള അങ്ങയുടെ ഹൃദയം, സമുദ്രേ അപ്സു അന്തഃ = സമുദ്രതുല്യമായ ജലാശയത്തിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു.

7 സന്ത്വാവിശന്ത്വോഷധീരുതാപോ

ഈ മന്ത്രം ചൊല്ലി ധ്രുവത്തിൽ വെള്ളം നിറയ്ക്കുന്നു. ഹേജ്ജൂഹു ! ത്വാം = നിന്നെ, ഓഷധീഃ ഉതആപഃ = ഓഷധികളും ജലവും, സംവിശന്തു = പ്രാപിക്കട്ടെ.

8 യജ്ഞസ്യത്വായജ്ഞപതേഹവിർഭിഃ
സൂക്തവാകേനമോവാകേവിധേമ ॥

ഈ മന്ത്രം ചൊല്ലി ജുഹുവിൽ നിറച്ചവെള്ളം ജലാശയത്തിൽതന്നെ ഒഴിക്കുന്നു–

ഹേയജ്ഞപതേ ! = അല്ലയോ യജമാന ! ത്വാ = നിന്നെ, ഹവിർഭിഃ = ജലത്തിൽ ഹോമിക്കുന്ന ജലരൂപമായ ഈ ഹവിസ്സ്കൊണ്ട്, യജ്ഞസ്യ = യാഗത്തിൻെറ സൂക്തവാകേ = സൂക്തങ്ങളാൽ പറയപ്പെട്ട ഫലത്തോടും, നമോവാകേ = നമസ്കാരങ്ങളും ചെയ്തുകൊണ്ടുണ്ടാകാവുന്ന ഫലത്തോടും, വിധേമ = കൂടിയവനാക്കിച്ചെയ്യുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

9 അവഭൃഥനിചങ്കുണനിചേരുരസി
നിചങ്കുണാവദേവൈർദേവകൃതമേനോ
യാഡവമർത്യൈർമർത്യകൃതമുരോരാനോ
ദേവരിഷസ്പാഹി ।

അവഭൃഥസ്നാനത്തിൻെറ പ്രാരംഭമായി ജലാശയത്തിൽ ചില പദാത്ഥങ്ങരം ഇടുന്ന അവസരത്തിൽ ചൊല്ലേണ്ട മന്ത്രമാണ് ഇതു്-

ഹേ അവഭൃഥ ! = അല്ലയോ അവഭൃഥം എന്നറിയപ്പെടുന്ന കർമമേ ! അല്ലെങ്കിൽ അവഭൃഥകമ്മത്തിൻെറ അധിപനായ അല്ലയോ വരുണ ! നിചങ്കുണ ! = മന്ദമായ ശബ്ദത്തോടുകൂടിയവനെ ! നിചേരുഃ അസി = നീ സദാ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. ഹേ നിചങ്കുണ ! അല്ലയോ മന്ദമായ ശബ്ദത്തോടുകൂടിയവനെ ! ദേവ-കൃതം ഏനഃ = ഞങ്ങളാൽ ദേവന്മാരോടു് ചെയ്യപ്പെട്ട പാപം, ദേവൈഃ സഹ = ദേവന്മാരുമായി യോജിച്ചു്, അവ അയാട് = ഇല്ലാതെയാക്കുക. മർത്യകൃതം = മനുഷ്യരോടു ചെയ്തിട്ടുള്ള പാപം, മർത്യൈഃ സഹ = മനുഷ്യരോടുകൂടിച്ചേർന്നു്, അവഅയാട് = നശിപ്പിച്ചാലും. ഹേദേവ । അല്ലയോ ദേവ ! ഉരോഃ = വലുതായ, രിഷഃ = ഹിംസകളിൽനിന്നു്, നഃആപാഹി = ഞങ്ങളെ രക്ഷിച്ചാലും.

10 സുമിത്രാന ആപഓഷധയഃസന്തു

ഈ മന്ത്രം ചൊല്ലി രണ്ടുകയ്യുംകൂട്ടി വെള്ളം എടുക്കുന്നു. ആപഃ ഓഷധയഃ ച = വെള്ളവും ഓഷധികളും, നഃ = ഞങ്ങരംക്കു്, സുമിത്രാഃ സന്തു = നല്ലമിത്രങ്ങരം ആകട്ടെ.

11 ദുർമിത്രാസ്തസ്മൈ ഭൂയാസുർയോ സ്മാൻ
ദ്വേഷ്ടിയം ചവയം ദ്വിഷ്മോ !

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈ മന്ത്രം ചൊല്ലി കയ്യിൽ എടുത്തവെള്ളം വെള്ളത്തിൽ തന്നെ ഒഴിക്കുന്നു.

ആപഃ ഓഷധയഃ ച = വെള്ളവും ഓഷധികളും, യഃ = യാതൊരുത്തൻ, അസ്മാൻ = ഞങ്ങളെ, ദ്വേഷ്ടി = ദ്വേഷിക്കുന്നുവോ അവനും, യം = യാതൊരുത്തനെ, വയം = ഞങ്ങൾ, ദ്വിഷ്മഃ = ദ്വേഷിക്കുന്നുവോ, തസ്മൈ = അവനും, ദുർമിത്രാഃ സന്തു = ശത്രുക്കളായിത്തീരട്ടെ.

12 ദേവീരാപ ഏഷവോഗർഭസ്തംവഃ സുപ്രീതം
സുഭൃതമകർമ ദേവേഷുനഃ സുകൃതോ ബ്രൂതാത്॥

ഈ മന്ത്രം ചൊല്ലി "ഋജീഷം" വെള്ളത്തിൽ ഇടുന്നു ഹേ ദേവീഃ ആപഃ = പ്രകാശമുള്ള അല്ലയോ അപ്പുകളെ ! ഏഷഃ = ഋജീഷം എന്നപേരുള്ള ഈ വസ്തു, യുഷ്മാകം ഗർഭഃ = നിങ്ങളിൽനിന്നുണ്ടായതാണ്. തം = അതിനെ, വഃ = നിങ്ങൾക്ക്, സുപ്രീതം = പ്രീതിയുണ്ടാകത്തക്ക വിധത്തിലും. സുഭൃതം = നല്ലപോലെ സൂക്ഷിക്കപ്പെട്ടതും ആക്കിച്ചെയ്തു. ദേവേഷു = ദേവന്മാരോട്, നഃ = ഞങ്ങൾ സുകൃതഃബ്രൂതാത് = യാഗാദികൾ ശരിയായി അനുഷ്ഠിച്ചവരാണ് എന്നു് പറയുക.

13 പ്രതിയുതോവരുണസ്യപാശഃ
പ്രത്യസ്തോ വരുണസ്യപാശഃ ।

ഈ മന്ത്രം ചൊല്ലി വെള്ളത്തിൽ മുങ്ങിയിട്ട് മേൽപോട്ട് ഉയരുന്നു.

വരുണസ്യപാശഃ = വരുണപാശം, പ്രതിയുതഃ = പ്രത്യേകം പ്രത്യേകം ആക്കപ്പെട്ടു. വരുണസ്യപാശഃ = വരുണപാശം, പ്രത്യസ്തഃ = നശിപ്പിക്കപ്പെട്ടു.

13 ഏധോഽസ്യേധിഷീമഹിസമിദസി
തേജോഽസി തേജോമയിധേഹി ।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈ മന്ത്രം ചൊല്ലി ആഹവനീയാഗ്നിയിൽ സമിത്തുകരം ഇടുന്നു.

ഹേ സമിത്! = അല്ലയോ സമിത്തേ! ത്വം ഏധഃ അസി = നീ അഗ്നിയെ വർദ്ധിപ്പിക്കുന്നതാകുന്നു. ഏധിഷീമഹി ഞങ്ങളും അഭിവൃദ്ധി പ്രാപിക്കട്ടെ സമിദ് അസി = നീ അഗ്നിയെ നല്ല പോലെ പ്രകാശിപ്പിക്കുന്നതാകുന്നു തേജഃ അസി = നീ അഗ്നിയുടെ തേജസ്സിന്ന് കാരണം ആകുന്നു. മയിതേജഃ ധേഹി = എന്നിൽ തേജസ്സ് സ്ഥാപിക്കുക.

15. അപോ അനപചാരിഷം രസേന സമസൃക്ഷ്മഹി
പയസ്വാം അഗ്ന ആഗമംതം മാസം സൃജവർചസാ ॥

ഈ മന്ത്രം ചൊല്ലി എണീററ് നിന്ന് അഗ്നിയെ വണങ്ങുന്നു.

അപഃ = അവഭൃഥം എന്ന് പേരുള്ള കർമം, അനു അചാരിഷം = ഞാൻ ചെയ്തു കഴിഞ്ഞിരിക്കുന്നു. വയം = ഞങ്ങൾ, രസേനസം അസൃക്ഷ്മഹി = അതിൻെറ ഫലം അനുഭവിക്കുന്നവരാകട്ടെ. ഹേ അഗ്നേ! = അല്ലയോ അഗ്നേ! പയസ്വാൻ = യാഗാർഹമായ ഹവിസ്സോടുകൂടിയവനായി, ആ അഗമം = അങ്ങയുടെ സമീപത്തിൽ വന്നിരിക്കുന്നു. തം മാം = അപ്രകാരമുള്ള എന്നെ, വർചസാസംസൃജ = തേജസ്സോടുകൂടിയവനാക്കുക.

ഇതിപഞ്ചചത്വാരിംശോ ऽനുവാകഃ

അഥഷട്ചത്വാരിംശോऽനുവാകഃ

സംഹിതാ—

യസ്ത്വാ ഹൃദാകീരിണാമന്യമാനോऽമർത്യം മർത്യോ ജോഹവീമി । ജാതവേദോയശോ അസ്മാസുധേഹി പ്രജാഭിരഗ്നേ അമൃതത്വമശ്യാം । യസ്മൈത്വം സുകൃതേ ജാതവേദ ഉലോകമഗ്നേ കൃണവഃ സ്യോനം । അശ്വിനം സപുത്രിണം വീരവന്തം ഗോമന്തം രയിം നശതേ സ്വസ്തി ത്വേസുപുത്ര ശവസോऽവൃത്രൻ കാമ—

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാതയഃ । ന ത്വാ മിന്ദ്രാതിരി ച്യതേ । ഉക്ഥ ഉക്ഥേ സോമ ഇന്ദ്രം മമാദ നീഥേനീഥേ മഘവാനം സുതാസഃ । യദീം സബാധഃ പിതരം ന പുത്രാഃ സാമാന ദക്ഷാ അവസേഹ വന്തേ । അഗ്നേരസേന തേജസാ ജാതവേ ദോ വിരോചസേ। രക്ഷോഹാ f- മീവ ചാതനഃ। അപോ അന്വ ചാരിഷം രസേന സമസൃക്ഷ്മഹി । പയസ്വാം അഗ്നആഗമം തംമാ സസൃജ വർചസാ। വസുർവസുപതിർഹികമസ്യഗ്നേ വിഭാവസുഃ സ്യാമതേസുമതാവപി। ത്വാമഗ്നേ വസുപതിം വസൂനാമഭി പ്രമന്ദേ അധ്വരേഷു രാജൻ। ത്വയാവാജംവാജയന്തോജയേമാഭീഷ്യാമ പൃത്സുതീർ- മർത്യാനാം। ത്വാമഗ്നേവാജസാതമം വിപ്രാവർധന്തി സുഷ്ടുതം സനോരാസ്വ സുവീർയം। അയംനോ അഗ്നിർവരിവഃ കൃണോത്വയം മൃധഃ പുരഏതു പ്രഭിന്ദൻ; അയം ശത്രൂൻ ജയതുജർഹൃഷാണോ f യം വാജം ജയതുവാജസാതൗ। അഗ്നിനാഗ്നിഃ സമിധ്യതേ കവിർഗൃഹപതിർയുവാഹവ്യവാട്ജുഹ്വാസ്യഃ। ത്വംഹ്യഗ്നേ അഗ്നിനാവിപ്രോവിപ്രേണ സൻസതാ സഖാസഖ്യാ സമിദ്ധ്യസേ ! ഉദഗ്നേശുചയസ്തവ വിജ്യോതിഷാ ;

പദച്ഛേദം —

യഃ ത്വാ ഹൃദാ കീരിണാ മന്യമാനഃ അമർത്യം മർത്യഃ ജോഹവീമി ജാതവേദഃ യശഃ അസ്മാസു ധേഹി പ്രജാഭിഃ അഗ്നേ അമൃതത്വം അശ്യാം യസ്മൈ ത്വം സുകൃതേ ജാതവേദഃ ഉ ലോകം അഗ്നേ കൃണവഃ സ്യോനം അശ്വിനം സഃ പുത്രിണം വീരവന്തം ഗോമന്തം രയിം നശതേ സ്വസ്തി തേ സു പുത്ര ശവസഃ അ വൃത്രൻ കാമകാതയഃ ന ത്വാം ഇന്ദ്ര അതിരിച്യതേ ഉക്- ഥഉക്ഥേ സോമഃ ഇന്ദ്രം മമാദ നീഥേനീഥേ മഘവാനം സുതാസഃ യദ് ഈം സബാധഃ പിതരം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്ന പുത്രാഃ സമാനദക്ഷാഃ അവസേ ഹവന്തേ അഗ്നേ രസേന തേജസാ ജാതവേദഃ വി രോചസേ രക്ഷോഹാ അമീവചാതനഃ അപഃ അനു അചാരിഷം രസേന സം അസൃക്ഷ്മഹി പയസ്വാൻ അഗ്നേ ആ ഗമം തം മാ സം സൃജ വർചസാ വസുഃ വസുപതിഃ ഹികം അസി അഗ്നേ വിഭാവസുഃ സ്യാമ തേ സുമതൗ അപി ത്വാം അഗ്നേ വസുപതിം വസൂനാം അഭി പ്രമന്ദേ അധ്വരേഷു രാജൻ ത്വയാ വാജം വാജയന്തഃ ജയേമ അഭി സ്യാമ പൃത്സുതീഃ മർത്യാനാം ത്വാം അഗ്നേ വാജസാതമം വിപ്രാഃ വർധന്തി സുഷ്ടുതം സഃ നഃ രാസ്വ സുവീർയം അയം തേ അഗ്നിഃ വരിവഃ കൃണോതു അയം മൃധഃ പുരഃ ഏതു പ്രഭിന്ദൻ അയം ശത്രൂൻ ജയതു ജർഹൃഷാണഃ അയം വാജം ജയതു വാജസാതൗ അഗ്നിനാ അഗ്നിഃ സം ഇധ്യതേ കവിഃ ഗൃഹപതിഃ യുവാ ഹവ്യവാട് ജുഹ്വാസ്യഃ ത്വം ഹി അഗ്നേ അഗ്നിനാ വിപ്രഃ വിപ്രേണ സൽ സതാ സഖാ സഖ്യാ സം ഇധ്യസേ ഉദ് അഗ്നേ ശുചയഃ തവ വി ജ്യോതിഷാ ॥

മന്ത്രവും വിനിയോഗവും അർത്ഥവും

1 യസ്ത്വാ ഹൃദാ കീരിണാ മന്യ മാനോ ऽമർത്യം മർത്യോ ജോഹവീമി । ജാതവേദോയശോ ऽസ്മാസുധേഹി പ്രജാഭിരഗ്നേ അമൃതത്വമശ്യാം ।

സന്താനമുണ്ടാകണമെന്നു് ആഗ്രഹിക്കുന്നവൻ അഗ്നിയെ ഉദ്ദേശിച്ചു് എട്ടുകപാലത്തിൽ പുരോഡാശം പാകംചെയ്തു് ഹോമിക്കുന്നതിനുള്ള യാഗത്തിന്റെ പുരോऽനുവാക്യയാണു് ഈ മന്ത്രം.

ഹേ ജാതവേദഃ അഗ്നേ = എല്ലാം അറിയാവുന്ന അല്ലയോ അഗ്നേ ! യഃ മർത്യഃ അഹം = യാതൊരു മർത്യനായ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഞാൻ, അമർത്ത്യം ത്വാ = മരണമില്ലാത്ത അങ്ങയെ, ഹൃദാ = മനസ്സ് കൊണ്ട്, കീരിണാ = കീർത്തനം ചെയ്യുന്നതുകൊണ്ട്, ത്വാം = അങ്ങയെ, മന്യമാനഃ = മനസ്സിലാക്കി, ജോഹവീമി = വീണ്ടും വീണ്ടും വിളിക്കുന്നു. അസ്മാസു = ഞങ്ങളിൽ (യാഗം നടത്തുന്ന പുത്രപൗത്രാദികളോടു കൂടിയ എന്നിൽ) യശഃ ധേഹി = യശസ്സ് സ്ഥാപിക്കുക. അഗ്നേ! = അല്ലയോ അഗ്നേ! പ്രജാഭിഃ = പുത്ര പൗത്രാദികളോടുകൂടി, അഹം = ഞാൻ അമൃതത്വം അശ്യാം = ദീർഘായുസ്സ് പ്രാപിക്കട്ടെ.

2. യസ്മൈ ത്വം സുകൃതേ ജാത വേദ ഉലോകമഗ്നേ
കൃണവഃ സ്യോനം। അശ്വിനം സ പുത്രിണം
വീരവന്തം ഗോമന്തം രയിം നശതേ സ്വസ്തി।

ഇതിനു മുൻപ് പറഞ്ഞ യാഗത്തിൻെറ യാജ്യാ മന്ത്രമാണ് ഇതു് ഹേ ജാത വേദഃ അഗ്നേ! ജാത വേദസ്സായ അല്ലയോ അഗ്നേ! സുകൃതേ = മംഗള കർമ്മങ്ങൾ ആചരിക്കുന്ന, യസ്മൈ ഉ = ആളിനു് മാത്രം, സ്യോനം ലോകം = സുഖമായ സ്ഥാനം, കൃണവഃ = അങ്ങ് നൽകിയാലും സഃ ഉ = അപ്രകാരമുള്ളവൻ തന്നെ, അശ്വിനം രയിം = അശ്വാദികളോടുകൂടിയ ധനം, സ്വസ്തിനശതേ = വിച്ഛേദം കൂടാതെ പ്രാപിക്കുന്നു. പുത്രിണം = പുത്ര പൌത്രാദികളോടുകൂടിയതും, വീരവന്തം = വീരപുരുഷന്മാരോടുകൂടിയതും, ഗോമന്തം = പശുക്കളോടുകൂടിയതുമായ ധനം, പ്രാപിക്കുന്നു.

[കൃണവഃ "കൃവി ഹിംസാകരണയോഃ" എന്ന ധാതുവിൻെറ ലേട്.]

3. ത്വേ സുപുത്ര ശവസോഽവൃത്രൻ കാമകാതയഃ।
ന ത്വാമിന്ദ്രാ തിരിച്യതേ।

സന്താനമുണ്ടാകണമെന്നാഗ്രഹിക്കുന്നവൻ ഇന്ദ്രനെ ഉദ്ദേശിച്ചു് നടത്തുന്ന യാഗത്തിൻെറ പുരോഽനുവാക്യയാണ് ഇതു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹേ ശവസഃ പുത്ര ഇന്ദ്ര ! = മഹാബലവാനായഅല്ല യോ ഇന്ദ്ര! കാമ കാതയഃ = സ്തുതികരം, ത്വേസു = അങ്ങ യിൽ തന്നെയാണ്, അ വൃത്രൻ = നല്ല പോലെ ശോഭി ക്കുന്നേതു്. ഒരു സ്തുതിയും, ത്വാം ന അതിരിച്യതേ = അങ്ങയെ വിട്ടു് മറെറാരു തരത്തിൽ പ്രവർത്തിക്കുകയില്ല.

4. ഉക്ഥേ ഉക്ഥേ സോമ ഇന്ദ്രം മമാദ
നീഥേ നീഥേ മഘവാനം സുതാസഃ ।
യദീം സബാധഃ പിതരം ന പുത്രാഃ
സമാന ദക്ഷാ അവ സേഹ വന്തേ ॥

ഇതിനു് മുൻപു് പറഞ്ഞയാഗത്തിൻെറ യാജ്യാ മന്ത്രമാണ് ഇതു്

ഉക്ഥേ ഉക്ഥേ = ഓരോ യാഗോപകരണത്തിലും, സോമഃ = സോമരസം, ഇന്ദ്രം മമാദ = ഇന്ദ്രനെ സന്തോഷിപ്പിച്ചു. നീഥേ നീഥേ = ഓരോ സ്തോത്രത്തിലും, സുതാസഃ = സോമരസം, മഘവാനം മാദയതു = ഇന്ദ്രനെ സന്തോഷിപ്പിക്കട്ടെ. യത്സബാധഃ = ശത്രുക്കളിൽ നിന്നു് ഉപദ്രവം ഉണ്ടാകുന്ന ആളുകരം, പുത്രാഃ = പുത്രന്മാർ, പിതരം ന = പിതാവിനെ എന്നപോലെ അവസേ = രക്ഷയ്ക്കു വേണ്ടി, ഇന്ദ്രം ഏവ = ഇന്ദ്രനെ ത്തന്നെ, സമാനദക്ഷാഃ = ഒന്നുപോലെ, ഹവന്തേ = വിളിക്കുന്നു.

5. അഗ്നേരസേന തേജസാ ജാതവേദോ
വിരോചസേ രക്ഷോഹാമീവ ചാതനഃ

തനിക്കു് ക്ഷീരാദിപദാർത്ഥങ്ങരം സുലഭമായി കിട്ടണമെന്നു് ആഗ്രഹിക്കുന്നവൻ അഗ്നിയെ ഉദ്ദേശിച്ചു. ആട്ടിൻ പാലിൽ ഹവിസ്സു് പാകം ചെയ്തു സമർപ്പിക്കുന്നതിനുള്ള യാഗത്തിൻെറ പുരോഽനുവാക്യ

ഹേ ജാതവേദഃ അഗ്നേ ! = ജാതവേദസ്സായ അല്ലയോ അഗ്നേ ! രസേന തേജസാ = രസപദാർത്ഥങ്ങരം കൊണ്ടുണ്ടായ തേജസ്സുകൊണ്ടു്, വിരോചസേ = അങ്ങു് പ്രകാശി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്കന്നു. രക്ഷോ ഹാ = ഞങ്ങൾക്ക് ഉപദ്രവം ഉണ്ടാക്കുന്ന രക്ഷസ്സുകളെ കൊല്ലുന്നവനായും, അമീവ ചാതനഃ = ഉദര രോഗങ്ങളെ നശിപ്പിക്കുന്നവനും ആയിത്തീരുക.

6 അപോ അന്വചാരിഷം രസേന സമ സൃക്ഷ്മഹി !
പയസ്വാം അഗ്നആഗമം തംമാ സസൃംസൃജവർചസാ !
ഇതു് ഇതിനു് മുൻപു് പറഞ്ഞ യാഗത്തിന്റെ യാജ്യാ മന്ത്രമാണു്.

1–4–45–ൽ ഈ മന്ത്രം വ്യാഖ്യാനിച്ചു

7. വസുർവസുപതിർഹികമസ്യഗ്നേവിഭാവസുഃ
സ്യാമതേസുമതാവപി ।

ധനവാനായി തീരണമെന്നു് വിചാരിക്കുന്നവൻ അഗ്നിയെ ഉദ്ദേശിച്ചു് എട്ടു് കപാലത്തിൽ പുരോഡാശം പാകം ചെയ്തു ഹോമിക്കുന്നതിനുള്ള പുരോƒനുവാക്യാ മന്ത്രമാണു് ഇതു്–

ഹേ അഗ്നേ ! ത്വം = അങ്ങു്, വസുഃ – എല്ലാ ആളുകൾക്കും വാസസ്ഥാനം നൽകുന്നവനും, വസുപതിഃ = ധനത്തിന്റെ അധിപതിയും, വിഭാവസുഃ = തേജസ്സുകളുടെ നിധിയും, അസി = ആകുന്നു ഹികം = അതുകൊണ്ടു്, വയം = ഞങ്ങൾ, തേ = അങ്ങയുടെ, സുമതൗ അപി = അനുഗ്രഹ ബുദ്ധിയിലും, സ്യാമ = ഭവിക്കട്ടെ. ഇവിടെ “അപി” ശബ്ദം കൊണ്ടു് ഞങ്ങൾ ധനവാന്മാരും ആയിത്തീരട്ടെ എന്നു സാരം.

8 ത്വാമഗ്നേവസുപതിം വസൂനാമഭി
പ്രമന്ദേ അധ്വരേഷുരാജൻ ! ത്വയാ
വാജം വാജയന്തോജയേമാഭീഷ്യാമ
പൃത്സുതിർമർത്യാനാം !

ഇതു് മുൻപു് പറഞ്ഞ യാഗത്തിന്റെ യാജ്യാമന്ത്രം–
ഹേ അഗ്നേ ! അധ്വരേഷു = യാഗങ്ങളിൽ, രാജൻ = ചരു പുരോഡാശം മുതലായവയാൽ പ്രകാശിക്കുന്ന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വനും, വസൂനാം = എല്ലാ പദാൎത്ഥങ്ങളുടേയും, വസുപതിം = നിധിപതിയുമായ, ത്വാം = അങ്ങയെ, അഭിപ്രമന്ദേ = സന്തോഷിപ്പിക്കുന്നു. വാജയന്തഃ വയം = ഭക്ഷണം ധാരാളം കിട്ടണമെന്നാഗ്രഹിക്കുന്ന ഞങ്ങൾ, ത്വയാ = അങ്ങയാൽ, വാജം ജയേമ = ഭക്ഷണം ലഭിക്കുന്നവരാകട്ടെ. മൎത്യാനാം = മനുഷ്യരിൽ, പൃത്സുതീഃ = ഞങ്ങളെ എതിൎക്കാൻ ആഗ്രഹിക്കുന്ന സൈന്യങ്ങളെ, അഭിസ്യാമ — ഞങ്ങൾ തോൽപിക്കട്ടെ.

9 ത്വാമഗ്നേവാജസാതമം വിപ്രാവൎധന്തിസുഷ്ടുതം!
സനോരാസ്വസുവീൎയം !

യുദ്ധത്തിൽ ഏൎപ്പെട്ടിരിക്കുമ്പോൾ വിജയംകിട്ടുന്നതിന് വേണ്ടി അഗ്നിയെ ഉദ്ദേശിച്ച് എട്ടു കപാലത്തിൽ പുരോഡാശംപാകം ചെയ്തു ഹോമിക്കുന്നതിനുള്ള യാഗത്തിൻെറ പുരോ നുവാക്യയാണ് ഈ മന്ത്രം

ഹേഅഗ്നേ! വാജസാതമം = അന്നം ധാരാളമായി തരുന്നവനും സുഷ്ടുതം = സ്തോത്രങ്ങളാൽനല്ലപോലെസ്തുതിക്കപ്പെടുന്നവനുമായ, ത്വാം = അങ്ങയെ, വിപ്രാഃ = ബുദ്ധിമാന്മാരായ ആളുകൾ,വൎദ്ധന്തി = സ്തുതികളാൽ വൎദ്ധിപ്പിക്കുന്നു സഃ ത്വം = അപ്രകാരമുള്ള അങ്ങ്. നഃ = ഞങ്ങൾക്ക്. സുവീൎയം രാസ്വ = നല്ല വീൎയവും ധനവും തന്നാലും,

10 അയം നോ അഗ്നിൎവരിവഃ കൃണോത്വയം മൃധഃ
പുര ഏതു പ്രഭിന്ദൻ അയം ശത്രുൻ ജയതു
ജൎഹൃഷാണോऽയം വാജം ജയതു വാജ സാതൗ
ഇതിന് മുൻപ് പറഞ്ഞ യാഗത്തിൻെറ യാജ്യാ മന്ത്രം 1–3–4 ൽവ്യാഖ്യാനിച്ചു

11. അഗ്നിനാഗ്നി ഃ സമിദ്ധ്യതേ കവിൎഗൃഹപതിൎയുവാ
ഹവ്യവാട് ജുഹ്വാ സ്യഃ
അഗ്നിയെ ഉദ്ദേശിച്ച് എട്ട് കപാലത്തിൽ പുരോഡാശം പാകം ചെയ്തു ഹോമിക്കുന്നയാഗത്തിൻെറ പുരോऽനുവാക്യയാണ്. ഈ മന്ത്രം

അഗ്നിഃ = ആദ്യം ഉണ്ടായിരുന്ന അഗ്നി, അഗ്നിനാ —

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രണ്ടാമത്തു യോജിപ്പിച്ച അഗ്നിയോടുകൂടി, സമിധ്യതേ = നല്ല പോലെ പ്രകാശിക്കുന്നു. ആ അഗ്നി, കവിഃ = ബുദ്ധിമാനും, ഗൃഹപതിഃ = ഗൃഹത്തിന്റെ അധിപനും, യുവാ = നിത്യതരുണനും, ഹവ്യവാഡ് = ഹവിസ്സ് വഹിക്കുന്നവനും, ജുഹ്വാസ്യഃ = ജുഹൂ ആകുന്ന മുഖത്തോടുകൂടിയവനും ആകുന്നു.

12. ത്വം ഹ്യഗ്നേ അഗ്നിനാവി പ്രോവിപ്രേണ
സൻസതാ സഖാസഖ്യാ സമിദ്ധ്യസേ

ഇതു് ഇതിനു് മുൻപ് പറഞ്ഞ യാഗത്തിന്റെ യാജ്യാമന്ത്രമാണു് —

ഹേ അഗ്നേ വിപ്രഃ = മേധാവിയായ ഒരുത്തൻ വിപ്രേണ = മേധാവിയായ ഒരാളിന്റേ സംസർഗ്ഗത്താൽ എപ്രകാരം ശോഭിക്കുന്നുവോ, സൻസതാ = ഒരു നല്ല മനുഷ്യൻ മാററരു നല്ല മനുഷ്യന്റെ സംസർഗ്ഗത്താൽ എപ്രകാരം ശോഭിക്കുന്നുവേ, സഖാസഖ്യാ = ഒരു സ്നേഹിതൻ തന്റെ സ്നേഹിതനുമായുള്ള സംസർഗ്ഗം കൊണ്ടു് ശോഭിക്കുന്നുവോ അതു പോലെ, ത്വം = അങ്ങു്, അഗ്നിനാ = പ്രക്ഷിപ്തമായ അഗ്നിയോടുകൂടി, സമിദ്ധ്യസേ = നല്ല പോലെ പ്രകാശിക്കുന്നു.

13. ഉദഗ്നേ ശുചയസ്തവ

ഈ മന്ത്രം അഗ്നിയെ ഉദ്ദേശിച്ചു് എട്ടുകപാലത്തിൽ പുരോഡാശം പാകം ചെയ്തു് ഹോമിക്കേണ്ട യാഗത്തിന്റെ പുരോഽനുവാക്യയാണു്. ഹേ അഗ്നേ! തവ ശുചയഃ = അങ്ങയുടെ തേജസ്സ് ശുദ്ധമാണു്, ഉദ്ഗച്ഛന്തി = ആ തേജസ്സ് മേൽപോട്ടു പോകുന്നു.

14 വിജ്യോതിഷാ

ഇതിനു് മുൻപു് പറഞ്ഞ യാഗത്തിന്റെ യാജ്യാ മന്ത്രമാണു് ഇതു് അയം അഗ്നിഃ = ഈ അഗ്നി, ജ്യോതിഷാ ജ്യോതിസ്സു് കൊണ്ടു്, വിഭാതി = ശോഭിക്കുന്നു.

ഇതിഷട്ചത്വാരിംശോഽനുവാകഃ
പ്രഥമകാണ്ഡേ ചതുർത്ഥപ്രപാഠകഃ സമാപ്തഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രഥമകാണ്ഡേ പഞ്ചമഃപ്രപാഠകഃ

പ്രഥമോ ഽനുവാകഃ (ബ്രഹ്മണം)

സംഹിതാ—

ദേവാസുരാ സംയത്താ ആസന്തേദേവാ വിജയമുപയന്തോ ഽഗ്നൗവാമംവസു സംന്യദധതേദമുനോഭവിഷ്യതിയദിനോജേഷ്യന്തീതി തദഗ്നിർന്യകാമയത തേനാപക്രാമത്തദ്ദേവാ വിജിത്യാവരുരുത്സമാനാ അന്വായന്തദസ്യ സഹസാദിത്സന്തസോ ഽരോദീദ്യദരോദീത്തദ്രുദ്രസ്യരുദ്രത്വം യദശ്രുവശീയത തദ്രജതം ഹിരണ്യമഭവത്തസ്മാത്തദ്രജതം ഹിരണ്യമദക്ഷിണ്യമശ്രുജംഹിയോ ബർഹിഷിദദാതിപുരാ ഽസ്യ സംവത്സരാദ് ഗൃഹേരുദന്തി തസ്മാദ്ബർഹിഷിനദേയം സോ ഽഗ്നിരബ്രവിദ് ഭാഗ്യസാന്യഥവ ഇദമിതി പുനരാധേയംതേ കംബലമിത്യബ്രുവൻ ഋധ്നവത്ഖലുസ ഇത്യബ്രവീദ്യോ മദ്ദേവത്യമഗ്നിമാദധാതാ ഇതിതം പൂഷാ ഽധത്തതേന പൂഷാ ഽഽർധ്നോത്തസ്മാത് പൗഷ്ണാഃ പശവഉച്യന്തേതം ത്വഷ്ടാ ഽധത്തതേന ത്വഷ്ടാ ഽഽർധ്നോത് തസ്മാത്ത്വാഷ്ട്രാഃ പശവ ഉച്യന്തേതം മനുരാധത്തതേന മനുരാർധ്നോത്തസ്മാന്മാനവ്യഃ പ്രജാഉച്യന്തേതം ധാതാ ഽധത്തതേനധാതാർധ്നോത്സംവത്സരോ വൈധാതാ തസ്മാത്സംവത്സരം പ്രജാഃപശവോ ഽനു പ്രജായന്തേയ ഏവം പുനരാധേയസ്യർധിംവേദ ഋധ്നോത്യേവയോ ഽസ്യൈവം ബന്ധുതാംവേദ ബന്ധുമാൻ ഭവതി ഭാഗധേയംവാ അഗ്നിരാഹിത ഇച്ഛമാനഃ പ്രജാംപശൂൻയജമാനസ്യോപദോദ്രാവോദ്വാസ്യ പുനരാദധിത ഭാഗധേയേനൈവൈനം സമർധയത്യഥോ ശാന്തിരേവാസ്യൈഷാ പുനർവസ്വോരാദധീതൈതദ്വൈ പുനരാധേയസ്യ നക്ഷത്രം യത്പുനർവസൂസ്വായാമേവൈനം ദേവതായാമാധായ ബ്രഹ്മവർചസീഭവതി ദർഭൈരാദധാത്യയാതയാമത്വായ ദർഭൈരാദധാത്യ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദ്ഭ്യ ഏവൈനമോഷധീഭ്യാ ƒവരുധ്യാ ƒƒ ധത്തേപഞ്ചകപാലഃ പുരോഡാശോഭവതി പഞ്ചവാഋതവഃ ഋതുഭ്യഏവൈനമവരുധ്യാ ƒ ധത്തേ ॥

അത്ഥം

ദേവന്മാരും അസുരന്മാരും തമ്മിൽ യുദ്ധം ചെയ്തു. ജയം ലഭിച്ച ദേവന്മാർ അസുരന്മാരിൽ നിന്നു് കയ്യടക്കിയ രത്നം സ്വർണം മുതലായവ സൂക്ഷിക്കുന്നതിനു് അഗ്നിയെ ഏൽപിച്ചു. അസുരന്മാർ നമ്മെ ജയിക്കുകയാണെങ്കിൽ അഗ്നിയെ ഏൽപിച്ച ദ്രവ്യം നമുക്കു ലഭിക്കും എന്നു് വിചാരിച്ചാണു് അവർ ദ്രവ്യം സൂക്ഷിക്കാൻ അഗ്നിയെ എൽപിച്ചതു്. അഗ്നി ആ ദ്രവ്യം ആഗ്രഹിച്ചു. അതു കൊണ്ടു് അഗ്നി അവിടെ നിന്നു് മറഞ്ഞു ദേവന്മാർ അസുരന്മാരെ ജയിച്ചതിനു് ശേഷം അവരുടെ ദ്രവ്യം തിരിയെ വാങ്ങാൻ അഗ്നിയെ സമീപിച്ചു അഗ്നി ദ്രവ്യം കൊടുക്കാൻ ഇഷ്ടപ്പെടാത്തതു കൊണ്ടു് സങ്കടത്തോടു് കൂടി കരഞ്ഞു. ഇപ്രകാരം കരഞ്ഞതു കൊണ്ടു് അഗ്നിക്കു് "രുദ്രൻ" എന്ന നാമം സിദ്ധിച്ചു. അഗ്നി ദേവൻ കരഞ്ഞപ്പോൾ താഴെ വീണ കണ്ണുനീർ വെള്ളി ചേന്ന സ്വർണമായിത്തീന്നു അതു കൊണ്ടു് വെള്ളി ചേന്ന സ്വർണം ദക്ഷിണയായി നൽകരുതു്. യാഗാവസരത്തിൽ വെള്ളി ചേന്ന സ്വർണം ദക്ഷിണയായി നൽകുന്നവന്റെ വീട്ടിൽ ഒരു വർഷത്തിനകം ആളുകൾ കരയും. (ദുഃഖിക്കത്തക്ക സംഭവങ്ങൾ ഉണ്ടാകും) അതു കൊണ്ടു് വെള്ളി ചേന്ന സ്വണ്ണം യാഗാവസരത്തിൽ ദക്ഷിണയായി നൽകരുതു്.

എനിക്കും ഒരു ഭാഗം കിട്ടിയതിനു് ശേഷം ഇതു് നിങ്ങൾക്കു് തരാം എന്നു് അഗ്നി പറഞ്ഞു. നിങ്ങൾക്കു് പുനരാധേയം" മാത്രം തരാമെന്നു് ദേവന്മാർ പറഞ്ഞു അഗ്നി ദേവതയെ ആരാധിക്കുന്നവൻ ധനവാനായിത്തീരും എന്നു് അഗ്നി പറഞ്ഞു.

പൂഷാ എന്ന ദേവൻ അഗ്നി ദൈവതമായ പുനരാധാനം നടത്തി. അതു കൊണ്ടു് പൂഷാധനവാനായിത്തീന്നു. മൃഗങ്ങൾ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പൂഷാ എന്ന ദേവനെ സംബന്ധിച്ചതാണെന്നു് പറയുന്നു. ത്വഷ്ടാ എന്ന ദേവൻ പുനരാധാനം നടത്തി ധനവാനായിത്തീൎന്നു. അതു കൊണ്ടു് മൃഗങ്ങൾ ത്വാഷ്ട്ര ദൈവതങ്ങളാണെന്നു് പറയപ്പെടുന്നു. മനുപുനരാധാനം നടത്തി ധനവാനായിത്തീൎന്നു. അതു കൊണ്ടു് ജനങ്ങൾ "മാനവർ" എന്നു് അറിയപ്പെടുന്നു. ബ്രഹ്മാവു് പുനരാധാനം നടത്തി അദ്ദേഹം വർഷാഭിമാനിയായ ദേവതയാണു്. തന്നിമിത്തം പ്രജകൾ സംവത്സരം പശു എന്നിവ ഉണ്ടാകുന്നു

പുനരാധേയത്തിന്റെ ഐശ്വര്യം അറിയുന്നവൻ ഐശ്വര്യമുള്ളവനായി തന്നെ ഭവിക്കുന്നു. അഗ്നിയുടെ ബന്ധുക്കളെ മനസ്സിലാക്കുന്നവൻ ബന്ധുക്കളോടു് കൂടിയവനായി ഭവിക്കും (എതെങ്കിലും കാരണം കൊണ്ടു് അഗ്നി നഷ്ടപ്പെട്ടു പോയാൽ വീണ്ടും മന്ത്രം ചൊല്ലി അഗ്നി ഉണ്ടാക്കുന്നതിനാണു് പുനരാധാനം എന്നു് പറയുന്നതു്;

ആധാനം ചെയ്യപ്പെട്ട അഗ്നി ശ്രേഷ്ഠമായ ഒരു ഭാഗം യജമാനനിൽ നിന്നു് ആഗ്രഹിച്ചു് യജമാനന്റെ സന്താനങ്ങളേയും പശുക്കളേയും ഉപദ്രവിക്കും അതു കൊണ്ടു് അഗ്നി നഷ്ടപ്പെട്ടാൽ പുനരാധനം നടത്തണം പുനരാധനം നിമിത്തം യജമാനനു് ഭാഗ്യം വദ്ധിക്കുന്നു. പുനരാധാന യാഗം അഗ്നിയുടെ കോപം ശമിപ്പിക്കാൻ ഉള്ളതാണു്.

പുണർത നക്ഷത്രത്തിൽ അഗ്നി പുനരാധാനം ചെയ്യേണ്ടതാണു്. അഗ്നി പുനരാധാനം ചെയ്യാനുള്ള നക്ഷത്രമാണു് പുണർതം പുണർത നക്ഷത്രത്തിൽ അഗ്നിയെ ആരാധിക്കുന്നവൻ ബ്രഹ്മതേജസ്സോടു് കൂടിയവനായിത്തീരും. വീണ്ടും അഗ്നി നഷ്ടപ്പെടാതെ ഇരിക്കുന്നതിനു് വേണ്ടി ദൎഭ കത്തിച്ചു് അഗ്നി ഉണ്ടാക്കുന്നു. ദൎഭ ജലത്തിൽ നിന്നു് തന്നെ ഉണ്ടാകുന്നു എന്നുള്ളതു കൊണ്ടും ഓഷധികളിൽ നിന്നു് എടുക്കപ്പെടുന്നതു കൊണ്ടുമാണു് ദൎഭ കത്തിച്ചു് അഗ്നിപുനരാധാനം ചെയ്യുന്നതു്.

അഞ്ചു് പാത്രത്തിൽ പാകംചെയ്ത പുരോഡാശം പുനരാധാനത്തിനു് ഹോമിക്കേണ്ടതാണു്. ഋതുക്കൾ അഞ്ചാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ണ്ട് ഹേമന്തശിശിരങ്ങൾ ഒരു ഋതുവായി കണക്കാക്കി യിരിക്കുന്നു, ഈ അഗ്ന്യാധാനം ഋതുക്കളിൽനിന്നു് തന്നെ ലഭിക്കുന്ന പദാൎത്ഥങ്ങളാൽ നടത്തപ്പെടുന്നു.

ഇതി പ്രഥമോഽനുവാകഃ

അഥ ദ്വിതീയോഽനുവാകഃ (ബ്രാഹ്മണം)

സംഹിതാ—

പരാവാ ഏഷയജ്ഞം പശൂൻവപതിയോഽഗ്നിമുദ്വാ-
സയതേ। പഞ്ചകപാലഃ പുരോഡാശോഭവതി പാങ്-
ക്തോയജ്ഞഃ പാങ്ക്താപശവോയജ്ഞമേവ പശൂനവ-
രുന്ധേ। വീരഹാവാഏഷ ദേവാനാം യോഽഗ്നിമുദ്വാ-
സയതേ। നവാഏതസ്യബ്രാഹ്മണാ ഋതായവഃ പുരാന്ന-
മക്ഷൻ। പങ്ക്ത്യായാജ്യാനുവാക്യാഭവന്തി। പാങ്
ക്തോയജ്ഞഃപാങ്ക്തഃ പുരുഷോദേവാനേവവീരം നി-
രവദായ അഗ്നിംപുനരാധത്തേ। ശതാക്ഷരാഭവന്തിശതായുഃ
പുരുഷഃ ശതേന്ദ്രിയ ആയുഷ്യേവേന്ദ്രിയേ പ്രതിതി
ഷ്ഠതിയദ്വാ അഗ്നിരാഹിതോ നർധ്യതേജ്യായോ
ഭാഗധേയം നികാമയമാനോയദാഗ്നേയം സർവ്വംഭവതി
സൈവാസ്യർധിഃ സംവാഏതസ്യ ഗൃഹേവാക്സൃജ്യ
തേയോഽഗ്നിമുദ്വാസയതേ സവാചം സംസൃഷ്ടാം
യജമാന ഈശ്വരോഽനുപരാഭവിതോർവിഭക്തയോ
ഭവന്തി വാചോവിധൃത്യൈ യജമാനസ്യാപരാഭാ-
വായ വിഭക്തിംകരോതി ബ്രഹ്മൈവതദകരുപാംശുയജ-
തിയഥാവാമം വസുവിവിദാനോഗൂഹതിതാദൃഗേവതദ-
ഗ്നിംപ്രതിസ്വിഷ്ടകൃതം നിരാഹയഥാവാമം വസുവിവി-
ദാനഃ പ്രകാശം ജിഗമിഷതിതാദൃഗേവതദ്വിഭക്തിമുക്ത്വാ-
പ്രയാജേനവഷട്കരോത്യായതനാദേവനൈതി യജമാ-
നോവൈപുരോഡാശഃ പശവഏതേ ആഹുതീയദഭിതഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പുരോഡാശമേതേ ആഹൂതിജ്ജുഹോതി യജമാനമേവോഭ-
യതഃ പശുഭിഃ പരിഗൃഹ്ണാതി കൃതയജ്ജുഃ സംഭൃത
സംഭാര ഇത്യാഹുർന സംഭൃത്യാഃ സംഭാരാനയജ്ജുഃ കർത-
വ്യമിത്യഥോഖലുസംഭൃത്യാഏവ സംഭാരാഃ കർതവ്യം
യജുർയജ്ഞസ്യസമൃദ്ധ്യൈ പുനർനിഷ്കൃതോരഥോദ-
ക്ഷിണാ പുനരുത്സ്യൂതംവാസഃ പുനരുത്സൃഷ്ടോ ഽനഡ്വാൻ
പുനരാധേയസ്യസമൃദ്ധ്യൈസപ്തതേ അഗ്നേ സമിധഃസപ്ത-
ജിഹ്വാ ഇത്യഗ്നിഹോത്രംജുഹോതി യത്രയത്രൈവാസ്യ-
ന്യക്തംതതഃ ഏവൈനമവരുന്ധേ വീരഹാവാഏഷദേ-
വാനാം യോ ഽഗ്നിമുദ്വാസയതേ തസ്യവരുണ ഏവർണ-
യാദാഗ്നിവാരുണമേകാദശകപാലമനുനിർവപേദ്യംചൈ-
വം ഹന്തിയശ്ചാസ്യർണയാത്തൗഭാഗധേയേന പ്രീണാ-
തിനാർതിമാർച്ഛതിയജമാനഃ ||

അർത്ഥം

അഗ്നി നഷ്ടപ്പെട്ടു പോയാൽ പുനരാധാനം ചെയ്തില്ലെങ്കിൽ യാഗത്തേയും പശുക്കളേയും ഹിംസിച്ച ദോഷം ഉണ്ടാകും. അഞ്ചു പാത്രത്തിൽ പാകം ചെയ്ത പുരോഡാശമാണ് പുനരാധാനത്തിന് വേണ്ടതു് യജ്ഞം പരിശുദ്ധമാണ് പശുക്കളും പരിശുദ്ധമാണ് യാഗം തന്നെയാണ് പശുക്കളെ അടക്കി വെച്ചിരിക്കുന്നതു്.

അഗ്നി കാര്യം ചെയ്യാത്തവൻ ദേവന്മാരിൽ വീരനായ അഗ്നിയെ നശിപ്പിച്ചവനാണ്. വേദാദ്ധ്യയനം ചെയ്ത ബ്രാഹ്മണൻ അഗ്ന്യാധാനം ചെയ്യാത്തവന്റെ അന്നം ഭക്ഷിക്കുക ആണെങ്കിൽ ഭ്രഷ്ടനായിത്തീരുന്ന മന്ത്രങ്ങൾ ജപിച്ചാൽ ഭ്രഷ്ട് ഇല്ലാത്തവനായി ഭവിക്കും. യജ്ഞം പരിശുദ്ധമാണ്. പുരുഷ്യൻ പരിശുദ്ധനാണ് അഗ്നി നഷ്ടപ്പെടുമ്പോൾ വീണ്ടും അഗ്നിസന്ധാനം ചെയ്യുന്നവന് ദോഷം സംഭവിക്കുന്നില്ല. അഗ്ന്യാധനം ചെയ്യാത്തവന്റെ അന്നം ഭക്ഷിച്ചാൽ ഉണ്ടാകാവുന്ന ദോഷം മാറുന്നതിനു് "ശതാക്ഷരാ" മന്ത്രം ജപിക്കണം. പുരുഷന്റെ പൂർണ്ണായുസ്സ് നൂറ് സംവത്സരം ആണ്. പുരുഷൻ നൂറ് ഇന്ദ്രിയങ്ങളോടു് കൂടിയവനാണ്. ആയുസ്സിൽ തന്നെയാണ് ഇന്ദ്രിയം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉറച്ചിരിക്കുന്നതു്. അഗ്ന്യാധാനം ചെയ്യുന്നവൻ ധനം ആഗ്രഹിക്കാത്തവനോ ശ്രേഷ്ഠമായ മററു് കാര്യങ്ങൾ ആഗ്രഹിക്കാത്തവനോ ആണെങ്കിൽ അഗ്നിയെ സംബന്ധിച്ചു് എന്തെല്ലാം ഉണ്ടോ അതു് മുഴുവനും അവന്റെ (യാതൊന്നും ആഗ്രഹിക്കാതെ അഗ്ന്യാധാനം ചെയ്യുന്നവന്റെ) ഐശ്വര്യം തന്നെ ആണു്.

അഗ്നിനഷ്ടപ്പെട്ടാൽ പുനരാധാനം അനുഷ്ഠിക്കാത്തവൻ സ്വന്തം ഗൃഹത്തിൽ ഭൃത്യന്മാർക്കു് തുല്യനായിത്തീരുന്നു. അവനെ ഭൃത്യന്മാർ അനുസരിക്കുകയില്ല സമർത്ഥനായിരുന്ന യജമാനൻ പരാജിതനായിത്തീരുന്നു. പുനരാധേയത്തിനു് ചൊല്ലേണ്ട മന്ത്രങ്ങൾ ചൊല്ലുന്നതുനിമിത്തം യജമാനനു് മററുള്ളവരിൽനിന്നു് വൈശിഷ്ട്യം ഉണ്ടാകുന്നു. പരാജയം സംഭവിക്കുകയും ഇല്ല. മന്ത്രപൂർവകം ചെയ്യുന്ന പുനരാധാനം യജമാനനെ ബ്രഹ്മാവിനു് തുല്യംആക്കുന്നു വലിയധനികൻ വിലയേറിയ തന്റെ ധനം എങ്ങനെ രക്ഷിക്കുന്നുവോ അതു പോലെ തന്നെയാണു് പുനരാധേയമന്ത്രം ആരും കേൾക്കാത്തവിധത്തിൽ ചൊല്ലി യാഗംചെയ്യുന്നതു് സ്വിഷ്ടകൃത് എന്ന അഗ്നിയെ ഉദ്ദേശിച്ചു് ചെയ്യുന്നയാഗത്തിൽ മന്ത്രം ഉച്ചത്തിൽ ചൊല്ലേണ്ടതാണു് വലിയ ധനികൻ വിലയേറിയ തന്റെ വസ്തുക്കളെ പ്രദർശിപ്പിക്കുന്നതുപോലെയാണു് അതു്

പുനരാധാനമന്ത്രങ്ങൾ ചൊല്ലിയതിനു് ശേഷം പ്രയാജാമന്ത്രംചൊല്ലി ''വഷട്'' കാരത്തോടുകൂടി ഹോമം ചെയ്യണം. അപ്രകാരം ചെയ്താൽ യജമാനൻ സ്വഗൃഹത്തിൽ തന്നെ സ്ഥിരമായി താമസിക്കും

യജമാനൻ പുരോഡാശത്തിനു് തുല്യം ആകുന്നു. പശുക്കൾ ആഹുതിക്കു് തുല്യം ആകുന്നു. പുരോഡാശം ഹോമിക്കുന്നതിനു് മുൻപും പിൻപും നെയ്യു് ഹോമിക്കുന്നതു നിമിത്തം യജമാനനു് ചുററും പശുക്കൾ ഉണ്ടായിരിക്കും (യജമാനനു് അനേകം പശുക്കൾ ഉണ്ടായിരിക്കും)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഗ്ന്യാധാനമന്ത്രം ജപിക്കുകയും ഏഴ് തരത്തിലുള്ള മണ്ണ് ശേഖരിക്കുകയും ചെയ്യുന്നം എന്ന് ചിലർ പറയുന്നു. അഗ്ന്യാധാനത്തിൽ ഏഴ തരത്തിലുള്ള മണ്ണ് ശേഖരിച്ചതു കൊണ്ടു് പുനരാധേയത്തിനു് മന്ത്രോച്ചാരണത്തോടുകൂടി മണ്ണ് ശേഖരിക്കേണ്ടതില്ല എന്നു് മറ്റൊരു പക്ഷം. യാഗത്തിന്റെ സമൃദ്ധിക്കു് വേണ്ടി സംഭാരങ്ങൾ വീണ്ടും ശേഖരിക്കേണ്ടതു തന്നെ അതിനുള്ള മന്ത്രം ജപിക്കുകയും വേണം. പുനരാധേയത്തിൻ സമൃദ്ധിക്കു് വേണ്ടി കേടു് വന്നു് നന്നാക്കിയ രഥവും കീറിയതു് തച്ചു് ശരിപ്പെടുത്തിയ വസ്ത്രവും ശക്തി ക്ഷയിച്ചു് വീണ്ടും ശക്തി ലഭിച്ച കാളയും ദക്ഷിണയായി നൽകണം. ''സപ്തതേ അഗ്നേ'' ഇത്യാദി മന്ത്രം ചൊല്ലി പുനരാധേയത്തിനു് ഹോമിക്കണം. ഏതെല്ലാം ഭാഗത്തിലാണോ അഗ്നി നഷ്ടപ്പെട്ടു് പോയതു് ആ ഭാഗത്തിലെല്ലാം അഗ്നി സന്ധാനം ചെയ്യുന്നു.

അഗ്നി നശിപ്പിക്കുന്നതു് ദേവന്മാരിൽ വീരനായിട്ടുള്ളവനെ കൊല്ലുന്നതു പോലെയാണു് അവനെ വരുണൻ കടക്കാരെ പീഡിപ്പിക്കുന്നതുപോലെ പീഡിപ്പിക്കുന്നു. അത്തരത്തിലുള്ള പീഡ ഉണ്ടാകാതിരിക്കുന്നതിനു് വേണ്ടി അഗ്നിയേയും വരുണനേയും ഉദ്ദേശിച്ചു് പതിനൊന്നു് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സ് പുനരാധാനത്തെ തുടന്നു് സമർപിക്കണം. യാതൊരുത്തനാണോ അഗ്നിയെ നശിപ്പിക്കുന്നതു് യാതൊരുത്തനാണോ യജമാനനെ കടക്കാരെനെപ്പോലെ പീഡിപ്പിക്കുന്നതു് അവരെ രണ്ടു പേരെയും സന്തോഷിപ്പിക്കുന്നു. യജമാനനു് ഉപദ്രവം ഉണ്ടാകുന്നില്ല.

ഇതിദ്വിതീയോഽനുവാകഃ

അഥതൃതീയോഽനുവാകഃ (മന്ത്രം)

സംഹിതാ–

ഭൂമിർഭൂമ്നാദ്യൌർവരിണാന്തരിക്ഷം മഹിത്വാ–
ഉപസ്ഥേതേ ദേവ്യദിതേഽഗ്നിമന്നാദമന്നാദ്യായാഽഽദധേ।
ആയം ഗൗഃ പൃശ്നിര ക്രമീദസനൻ മാതരം പുനഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പിതരം ച പ്രയൻത്സുവഃ। ത്രിം ശദ്ധാമ വിരാജതി വാക് പതം ഗായശിശ്രിയേ പ്രത്യസ്യ വഹദ്യുഭിഃ । അസ്യ പ്രാണാദ പാനത്യന്ത ശ്ചരതിരോചനാ

വ്യഖ്യന്മഹിഷഃസുവഃ । യത്ത്വാക്രൂ ദ്ധഃ പരോവപമന്യുനായദവത്ത്യാസുകല്പമഗ്നേതത്തവ പുനസ്ത്വോദ്ദീപയാമസി । യത്തേമന്യുപരോപ്തസ്യ പൃഥിവീമനുദധ്യസേ । ആദിത്യാവിശ്വേതദ്ദേവാവസവശ്ച സമാഭരൻ । മനോജ്യോതിർജ്ജുഷതാമാജ്യം വിച്ഛിന്നം യജ്ഞംസമിമം ദധാതു । ബൃഹസ്പതിസ്തനുതാമിമംനോ വിശ്വേദേവാ ഇഹമാദയന്താം । സപ്തതേ അഗ്നേസമിധഃ സപ്തജിഹ്വാഃ സപ്തർഷയഃ സപ്തധാമപ്രിയാണി । സപ്തഹോത്രാഃ സപ്തധാത്വായജന്തി സപ്തയോനീരാ-പൃണസ്വാഘൃതേന । പുനരൂർജാനിവർതസ്വപുനരഗ്ന-ഇഷായുഷാ । പുനർനഃ പാഹിവിശ്വതഃ ॥ സഹരയ്യാ നിവർതസ്വാഗ്നേപിന്യസ്വധാരയാ വിശ്വപ്സിയാവി-ശ്വതഃപരി। ലേകഃസലേക സുലേകസ്തേനആദിത്യാആജ്യം ജുഷാണാവിയന്തു കേതഃസകേതഃസുകേതസ്-തേനആദിത്യാ ആജ്യം ജുഷാണാവിയന്തുവിവസ്വാംഅദി-തിർദേവജൂതിസ്തേന ആദിത്യാ ആജ്യം ജുഷാണാവിയന്തു।

പദച്ഛേദം—

ഭൂമിഃ ഭൂമ്നാ ദ്യൗഃ വരിണാ അന്തരിക്ഷം മഹിത്വാ ഉപസ്ഥേ തേ ദേവി അദിതേ അഗ്നിം അന്നാദം അന്നാദ്യായ ആ ദധേ ആ അയം ഗൗഃ പൃശ്നിഃ അക്രമീത് അസനദ് മാതരം പുനഃ പിതരം ച പ്രയത് സുവഃ ത്രിംശത് ധാമ വി രാജതി വാക് പതംഗായ ശിശ്രിയേ പ്രതി അസ്യ വഹ ദ്യുഭിഃ അസ്യ പ്രാണാദ് അപാനതീ അന്തഃ ചരതി രോചനാ വി അഖ്യത് മഹിഷഃ സുവഃ യത് ത്വാ ക്രുദ്ധഃ പരോവപ മന്യുനാ യദ് അവർത്യാ സുകല്പം അഗ്നേ തത് തവ പുനഃ ത്വാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉദ്ദീപയാമസി യത് തേ മന്യുപരോപ്തസ്യ പൃഥിവീം അനു ദധ്യസേ ആദിത്യാഃ വിശേ തദ് ദേവാഃ വസവഃ ച സം ആഭരൻ മനഃ ജ്യോതിഃ ജുഷതാം ആജ്യം വിച്ഛിന്നം യജ്ഞം സം ഇമം ദധാതു ബൃഹസ്പതിഃ തനുതാം ഇമം നഃ വിശേ ദേവാഃ ഇഹ മാദയന്താം സപ്ത തേ അഗ്നേ സമിധഃ സപ്ത ജിഹ്വാഃ സപ്ത ഋഷയഃ സപ്ത ധാമ പ്രിയാണി സപ്ത ഹോത്രാഃ സപ്തധാ ത്വാം യജന്തി സപ്ത യോനിഃആ പൃണഃ ത്വാ ഘൃതേന പുനഃ ഊർജാ നി വർതസ്വ പുനഃ അഗ്നേ ഇഷാ ആയുഷാ പുനഃ നഃ പാഹി വിശ്വതഃ സഹ രയ്യാ നി വർതസ്വ അഗ്നേ പിന്വസ്വ ധാരയാ വിശ്വപ്സിയാ വിശ്വതഃ പരി ലേകഃ സലേകഃ സുലേകഃ തേ നഃ ആദിത്യാഃ ആജ്യം ജുഷാണാഃ വിയന്തു കേതഃ സകേതഃ സുകേതഃ തേ നഃ ആദിത്യാഃ ആജ്യം ജുഷാണാഃ വിയന്തു വിവസ്വാൻ അദിതിഃ ദേവജൂതിഃ തേ നഃ ആദിത്യാഃ ആജ്യം ജുഷാണാഃ വിയന്തു॥

മന്ത്രവും വിനിയോഗവും അർത്ഥവും

ഒന്നു മുതൽ ആറു് വരെയുള്ള മന്ത്രങ്ങൾ ചൊല്ലി അഗ്നി ആധാനം ചെയ്യുന്നു.

1 ഭൂമിർ ഭൂമ്നാ ദ്യൌർവരിണാ ഽന്തരിക്ഷംമഹിത്വാ ।
ഉപസ്ഥേതേദേവ്യദിതേ ഽഗ്നേഗ്നിമന്നാദ-
മന്നാദ്യായാദധേ ।

ഹേഗാർഹപത്യാഗ്നേ ! ത്വാ = അങ്ങ്, ഭൂമ്നാ = ഭൂരിഭാഗവും, ഭൂമിഃ അസി = ഭൂമിആകുന്നു. വാരിണാ = ശ്രേഷ്ഠതകൊണ്ടു്, ദ്യൗഃഅസി = ദ്യോവു് ആകുന്നു. മഹിത്വാ = മഹത്വംകൊണ്ടു്, അന്തരിക്ഷം അസി = അന്തരിക്ഷം ആകുന്നു. ഹേഅദിതേ ദേവി ! = അല്ലയോ അദിതിയായ ഭൂമിദേവി ! തേഉപസ്ഥേ = നിന്റെ മടിയിൽ, അന്നാദം = അന്നംഭക്ഷിക്കുന്ന, അഗ്നിം =

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗാർഹപത്യാഗ്നിയെ, അന്നാദ്യായ = യജമാനന്ന് അന്നം ലഭിക്കുന്നതിനുവേണ്ടി, ആദധേ = ഞാൻ ആധാനം ചെയ്യുന്നു.

2 ആയം ഗൗഃ പൃശ്നിരക്രമീദസനന്മാതരംപുനഃ । പിതരം ച പ്രയത്സുവഃ ।

അയം = ഈ ഗാർഹപത്യാഗ്നി, ഗൗഃ = ശമനശീലനായും, പൃശ്നിഃ = ശ്വേതവർണത്തോടുകൂടിയവനായും അക്രമീത് = ആദിത്യ രൂപത്തിൽ ലോകത്തെ ആക്രമിച്ചു. പുനഃ = പിന്നീട്, മാതരം അസനത് = മാതാവായ പൃഥിവിയെ പ്രാപിച്ചു. സുവഃ പിതരം ച = സ്വർഗ്ഗരൂപത്തിലുള്ള പിതാവിനേയും, പ്രയത് = പ്രാപിച്ചു. (ദ്യോവ് അഗ്നിയുടെ പിതാവാണെന്നും ഭൂമി മാതാവാണെന്നും ശ്രുത്യന്തരത്തിൽ പ്രതിപാദിച്ചിട്ടുണ്ട്)

3. ത്രിം ശദ്ധാമ വിരാജതി വാക്പതം ഗായ
ശിശ്രിയേ പ്രത്യസ്യ വഹ ദ്യുഭിഃ ॥

ത്രിംശദ് ധാമ = ആദിത്യരൂപത്തിലുള്ള ഗാർഹ പത്യാഗ്നിയെ സംബന്ധിച്ച മുപ്പതു തേജസ്സുകരം, വിരാജതേ = വിശേഷേണ ശോഭിക്കുന്നു. വാക് = സ്തുതി രൂപത്തിലുള്ള വാക്കുകരം, പതംഗായ = പക്ഷിയെപ്പോലെ ആകാശത്തിൽ സഞ്ചരിക്കുന്ന ആദിത്യനെ, ശിശ്രിയേ = ആശ്രയിച്ചു. ത്വാം പ്രതിയത്കൃതം = ഉദ്വാസന രൂപത്തിലുള്ള യാതൊരു പ്രാതികൂല്യം ഞങ്ങരയോട് ആചരിച്ചുവോ, അസ്യ പ്രതിക്ഷമ = അതു ക്ഷമിച്ചാലും. ദ്യുഭിഃ വഹ = ജ്വാലകളാൽ ഞങ്ങരം സമർപ്പിക്കുന്ന ഹവിസ്സ്. ദേവന്മാരുടെ അടുക്കൽ എത്തിച്ചാലും.

4 അസ്യ പ്രാണാദപാനത്യന്ത ശ്ചരതി രോചനാ
വ്യഖ്യന്മഹിഷഃ സുവഃ ।

അസ്യ രോചനാ = ഈ ആദിത്യന്റെ പ്രകാശം, പ്രാണാദ് = ഉച്ഛ്വാസ സദൃശമായ ഉദയത്തിൽ നിന്നു്, അപാനതി =

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിശ്വാസതുല്യമായ അസ്തമയത്തെ പ്രാപിച്ച്, അന്തഃ ചരതി = ദ്യാവാഭൂമികളുടെ മദ്ധ്യത്തിൽ സഞ്ചരിക്കുന്നു. മഹിഷഃ = ആദിത്യൻ, സുവഃ വ്യഖ്യത് = സ്വർഗ്ഗത്തെ പ്രകാശിപ്പിച്ചു.

[മഹതി മണ്ഡലേ സ്ഥിതതീതി മഹിഷഃ]

5. യത്ത്വാക്രുദ്ധഃ പരോ വപ മന്യുനായദവർത്യാ
സുകല്പ മഗ്നേ തത്തവ പുനസ്ത്വോദ്ദീപയാമസി॥
ഹേ ദക്ഷിണാഗ്നേ ! ക്രുദ്ധഃ = ക്രുദ്ധനായ ഞാൻ

മന്യുനാ = കോപം നിമിത്തം, ത്വാ = അങ്ങയെ, പരോ–വപ = ഉദ്വാസനം ചെയ്തു. യദ് അവർത്യാതത് = ധന സമൃദ്ധി ഇല്ലാത്തതു നിമിത്തം അഗ്നി കാര്യം ചെയ്തില്ല ഇവ രണ്ടും, ഹേ അഗ്നേ തവ സുകല്പം അസ്തു = അങ്ങയുടെ പ്രസാദം കൊണ്ട് ശരിയായി നടത്തിയതു പോലെ ആകട്ടെ. പുനഃ = വീണ്ടും, ത്വാ = അങ്ങയെ, ഉദ്ദീപ–യാമസി = ഞങ്ങൾ ഉദ്ദീപിപ്പിക്കുന്നു

5. യത്തേ മന്യുപരോപ്തസ്യ പൃഥിവീമനുദധ്വസേ॥
ആദിത്യാവിശ്വേതദ്ദേവാ വസവ ശ്ച സമാഭരൻ ॥

ഹേ ആഹവനീയ ! = അല്ലയോ ആഹവനീയാഗ്നേ! മന്യുപരോപ്തസ്യ = എൻെറ കോപം കൊണ്ട് ഉദ്വാസിത–നായ, തേ = അങ്ങയുടെ യത് തേജഃ = യാതൊരു തേജസ്സ്, പൃഥിവീം അനു = ഭൂമിയിൽ പ്രവേശിച്ച്, ദധ്വസേ = നഷ്ടപ്പെട്ടു, തത് തേജഃ = ആ തേജസ്സ്, ആദിത്യാഃ വിശ്വേദേവാഃ = ആദിത്യന്മാരും വിശ്വേദേവന്മാരും, വസവഃ ച = വസുക്കളും, സം ആഭരൻ = സമാഹരിക്കട്ടെ

7. മനോ ജ്യോതിർ ജുഷതാമാജ്യം വിച്ഛിന്നം
യജ്ഞം സമിമംദ ധാതു । ബൃഹസ്പതിസ്തനുതാ–
മിമം നോ വിശ്വേദേവാ ഇഹ മാദയന്താം ॥

ഈ മന്ത്രം ചൊല്ലി ഉപസ്ഥാനം ചെയ്യുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മനഃ ജ്യോതിഃ = ബഹുമാനിക്കപ്പെടേണ്ട അഗ്നിയുടെ ജ്യോതിസ്സ്, ആജ്യം ജുഷതാം = ഹോമിക്കപ്പെട്ട നെയ്യ് സ്വീകരിക്കട്ടെ. വിച്ഛിന്നം = വിച്ഛിന്നമായ, ഇമം യജ്ഞം = ഈ യാഗത്തെ, സം ദധാതു = സന്ധാനം ചെയ്യട്ടെ. വിശ്വേദേവാഃ = എല്ലാ ദേവന്മാരും, ഇഹ = ഈ കർമ്മത്തിൽ, മാദയന്താം = സന്തുഷ്ടരായിത്തീരട്ടെ.

8. സപ്തതേ അഗ്നേ സമിധഃ സപ്ത ജിഹ്വാഃ
സപ്തർഷയഃ സപ്തധാമ പ്രിയാണി।
സപ്തഹോത്രാഃ സപ്തധാത്വാം യജിന്ത
സപ്തയോനീരാ പൃണസ്വാ ഘൃതേന ॥
ഈ മന്ത്രം ചൊല്ലി നെയ്യ് ഹോമിക്കുന്നു.

ഹേ അഗ്നേ ! തേ സമിധഃ സപ്ത = അങ്ങയെ സംബന്ധിച്ച സമിത്തുകൾ ഏഴെണ്ണമാണ്. ജിഹ്വാഃ സപ്ത = നാക്കുകൾ (ജ്വാല) ഏഴെണ്ണമാണ് = ഋഷയഃസപ്ത = മന്ത്രങ്ങളും ഏഴാണ്. പ്രിയാണിധാമ = അങ്ങയ്ക്കിഷ്ടപ്പെട്ടസ്ഥാനങ്ങൾ, സപ്ത = ഏഴാണ്. ഹോത്രാഃ സപ്ത = ഹോമംചെയ്യുന്നവരും ഏഴുപേരാണ് സപ്തധാ = ഏഴുതരത്തിൽ യാഗംചെയ്ത്, ത്വാം യജന്തി. = അങ്ങയെ ആരാധിക്കുന്നു. താദൃശഃ ത്വം = അപ്രകാരമുള്ള അങ്ങ്, സപ്തയോനീഃ = ആഹവനീയം മുതലായ ഏഴുസ്ഥാനങ്ങൾ, ഘൃതേനആപൃണഃ = നെയ്യ് കൊണ്ട് പൂരിപ്പിച്ചാലും.

(അശ്വത്ഥ, ഉദുംബര പലാശ ശമീ വികങ്കതാ അശനിഹതം പുഷ്കര പർണം ഇവയാണ് അഗ്ന്യാരാധനയ്ക്കുള്ള ഏഴ് സമിത്തുകൾ. "കാളി, കരാളീ, ച മനോജവാ ച സുലോഹിതാ, യാചസുധൂമ്രവർണാ,। സ്ഫുലിങ്ഗിനി, വിശ്വരുചീച, ദേവി ലോലായമാനേതിച സപ്ത ജിഹ്വാഃ"। ഇവയാണ് അഗ്നിയുടെ ഏഴ്ജിഹ്വകൾ. ഇവിടെ സൂചിപ്പിച്ചിരിക്കുന്ന ഏഴുമന്ത്രങ്ങൾ സമിത്തു ശേഖരിക്കുന്ന അവസരത്തിൽ ചൊല്ലാനുള്ളതാണ് അഗ്നി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്കു് പ്രിയപ്പെട്ട സപ്തധാമങ്ങഠം ആഹവനീയ, ഗാർഹ-പത്യ ദക്ഷിണാഗ്നി സദ്യാവസഥ്യ പ്രാജഹിത ആ-ഗ്നീധ്രാഖ്യാനി സോമയാഗത്തിൽ ഹോമാദിക്രിയകഠം നടത്തുന്ന പുരോഹിതന്മാർ ഏഴപേരാണു് അവർ ഹോതാ പ്രശാസ്താ ബ്രാഹ്മണാച്ഛംസീ പോതാ നേഷ്ടാ ആഗ്നീധ്രഃ അച്ഛാവകഃ എന്നിവരാണു്. യാഗത്തിനുള്ള ഏഴപ്രകാരങ്ങഠം അഗ്നിഷ്ടോമഃ അത്യ-ഗ്നിഷ്ടോമഃ ഉക്ഥ്യഃ ഷോഡശീ അതിരാത്രഃ ആ-പ്തോർയാമഃ വാജപേയഃ അഗ്നിയുടെ ഏഴയോനികഠം ആഹവനീയാദികഠം)

9 പുനരൂർജാനിവർതസ്വപുനരഗ്നഇഷായുഷാ
പുനർനഃപാഹിവിശ്വതഃ ॥

പുരോഡാശം ഹോമിച്ചതിനു്ശേഷം ഈ മന്ത്രം ചൊല്ലി നെയ്യു് ഹോമിക്കുന്നു.

ഹേ അഗ്നേ ! ത്വം = അങ്ങു്, ഊർജാ = ബലത്തോടു കൂടി, പുനഃ നിവർതസ്വ = വീണ്ടും വന്നാലും ഇഷാ ആയുഷാ = അന്നത്തോടും ആയുസ്സോടും കൂടി, പുനഃ ആഗച്ഛ = വീണ്ടും വന്നാലും നഃ = ഞങ്ങളെ, വിശ്വതഃ = എല്ലാ അപരാധത്തിൽ നിന്നും, പുനഃ പാഹി = വീണ്ടും വീണ്ടും രക്ഷിച്ചാലും

10. സഹരയ്യാ നിവർത സ്വാഗ്നേ പിന്വ സ്വധാരയാ ।
വിശ്വപ്സിയാ വിശ്വത സ്പരി ।

പുരോഡാശം ഹോമിച്ചതിനു് ശേഷം ഈ മന്ത്രം ചൊല്ലി ആജ്യാഹുതി ചെയ്യുന്നു.

ഹേ അഗ്നേ ! രയ്യാനിവർതസ്വ = ധനത്തോടുകൂടി മടങ്ങി വന്നാലും വിശ്വപ്സിയാ ധാരയാ = എല്ലാവരാലും ഭക്ഷിക്കപ്പെടുന്ന ആജ്യധാരയാൽ, വിശ്വതഃ പരി = എല്ലാ പദാർത്ഥങ്ങളുടേയും മുകളിൽ, പിന്വസ്വ = നനസ്സുക. ("പ്സാ ഭക്ഷണേ" എന്ന ധാതു വിശ്വേനപ്സായതേ ഇതിവിശ്വപ്സി. തയാ വിശ്വപ്സിയാ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

11 ലേക: സലേക: സുലേകസ്തേന ആദിത്യാ ആജ്യം
ജുഷാണാ വിയന്തു കേതഃ സകേതഃ സുകേതഃ
തേന ആദിത്യാ ആജ്യം ജുഷാണാ വിയന്തു
വിവസ്വാം അദിതിർദേവ ജൂതിസ്തേന ആദിത്യാ
ആജ്യം ജുഷാണാ വിയന്തു ॥

ഇത്തും ആജ്യഹോമത്തിനുള്ള മന്ത്രമാണ്—
ലേകഃ സലേകഃ സുലേകഃ തേ ആദിത്യാഃ = ലേകൻ സലേകൻ സുലേകൻ എന്നീ ആദിത്യന്മാർ, നഃ ആജ്യം = ഞങ്ങൾ സമർപ്പിക്കുന്ന നെയ്യ്. ജുഷാണാഃ വിയന്തു = പ്രീതിയോടുകൂടി സ്വീകരിക്കട്ടെ കേതഃ സകേതഃ സുകേതഃ തേ ആദിത്യാഃ = കേതൻ സകേതൻ സുകേതൻ എന്നീ ആദിത്യന്മാർ, നഃ ആജ്യം = ഞങ്ങൾ സമർപ്പിക്കുന്ന നെയ്യ്, ജുഷാണാഃ വിയന്തു = പ്രീതിയോടുകൂടി സ്വീകരിക്കട്ടെ വിവസ്വാൻ അദിതിഃ ദേവ ജൂതിഃ തേ ആദിത്യാഃ = വിവസ്വാൻ അദിതി ദേവജൂതി എന്നീ ആദിത്യന്മാർ, നഃ ആജ്യം = ഞങ്ങൾ സമർപ്പിക്കുന്ന നെയ്യ് ജുഷാണാഃ വിയന്തു = പ്രീതിയോടുകൂടി സ്വീകരിക്കട്ടെ.

ഇതിതൃതീയോ ഽനുവാകഃ

അഥചതുർത്ഥോ ഽനുവാകഃ (ബ്രാഹ്മണം)

(ഒന്നാം കാണ്ഡം അഞ്ചാം പ്രപാഠകം മൂന്നാം അനുവാകത്തിലെ മന്ത്രങ്ങളുടെ ബ്രാഹ്മണം)

സംഹിതാ—

ഭൂമിർ ഭൂമ്നാദ്യൗർവരിണേത്യാഹാശിഷൈവൈനമാധത്തേ। സർപാവൈജീർയന്തോ ഽമന്യന്തസഏതം കസർണീരഃ കാദ്രവേയോമന്ത്രമപശ്യത്തതോവൈതേജീർണാസ്തനൂരപാഘ്നതസർപ രാജ്ഞിയാ ഋഗ്ഭിർഗാർഹപത്യമാദധാതി പുനർനവമേവൈന മജരം കൃത്വാധത്തേ ഽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഘോപൂതമേവ । പൃഥിവീമന്നാദ്യം നോപാനമദൈതം
മന്ത്രമപശ്യത്തതോ വൈതാമന്നാദ്യമുപാനമദ്യ
തസർപരാജ്ഞിയാല്ലഗ്ഭി ർഗാർഹപത്യമാദധാത്യ–
ന്നാദ്യസ്യാവരുദ്ധ്യാഅഥോഅസ്യാമേവൈനംപ്രതിഷ്ഠിത–
മാധത്തേ। യത്ത്വാക്രുദ്ധഃ പരോവപേത്യാഹാപഹ്നുത
ഏവാസ്മൈതത് । പുനസ്ത്വോദ്ദീപയാമസീത്യാഹസമി–
ന്ധഏവൈനം।യത്തേമന്യുപരോപ്തസ്യേത്യാഹദേവതാഭി–
രേവൈനം സംഭരതി। വിവാഏതസ്യയജ്ഞച്ഛിദ്യതേ–
യോ fഗ്നിമുദ്വാസയതേ ബൃഹസ്പതിവത്യർചോ–
പതിഷ്ഠതേ। ബ്രഹ്മവൈദേവാ നാം ബൃഹസ്പതിർ
ബ്രഹ്മണൈ വയജ്ഞം സംധധാതി വിച്ഛിന്നം യജ്ഞം
സമിമം ദധാത്വി ത്യാഹസംതത്യൈ । വിശ്വേദേവാ–
ഇഹമാദയന്താമിത്യാഹ സന്തത്യൈവയജ്ഞം ദേവേഭ്യോ f
നുദിശതി ।സപ്തതേ അഗ്നേ സമിധഃ സപ്തജിഹ്വാഃ
ഇത്യാഹസപ്തസപ്തവൈ സപ്തധാഗ്നേഃ പ്രിയാസ്തനവസ്താ
ഏവാവരുന്ധേ। പുനരൂർജാസഹരയ്യേത്യഭിതഃ പുരോഡാ–
ശമാഹുതീർ ജുഹോതിയജമാനമേവോർജാചരയ്യാചോ–
ഭയതഃപരിഗൃഹ്ണാതി । ആദിത്യാവാ അസ്മാല്ലോകാ_
ദമും ലോകമായന്തോ fമുഷ് മില്ലോകേവ്യതൃഷ്യന്ത
ഇമം ലോകം പുനരഭ്യവേത്ത്യാഗ്നിമാധായൈതാൻ
ഹോമാനജുഹവുസ്ത ആർധ്നുവന്തേസുവർഗം ലോക–
മായന്യഃപരാചീനം പുനരാധേയാദഗ്നിമാദധീതസ
ഏതാൻ ഹോമാൻജുഹുയാദ്യാമേവാദിത്യാഃ ഋദ്ധിമാർ–
ധ്നുവന്താ മേവർധ്നോതി।

അത്ഥം

''ഭൂമിർഭൂമ്നാ'' ഇത്യാദി മന്ത്രം ചൊല്ലുന്നതുകൊണ്ട് ആ
മന്ത്രത്തിൽ പറയുന്ന ആഗ്രഹം യജമാനനു് സാധിക്കുന്നു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജരാബാധിതരായ സർപങ്ങരം ജരയ്ക്കു് പ്രതിവിധി ചെയ്യാനുള്ള മാഗ്ഗം ആലോചിച്ചു. കദ്രുവിൻെറ പുത്രനായ കസർണിരൻ ഈ മന്ത്രം (ഭ്രമിർഭ്രമ്നാ എന്നുതുടങ്ങുന്ന മന്ത്രം) മനസ്സിലാക്കി. ആ മന്ത്രത്തിൻെറ ശക്തികൊണ്ടു് ആ സർപ്പങ്ങരം അവയുടെ ജീർണ്ണിച്ച ശരീരം ഉപേക്ഷിച്ചു. "ഭ്രമിർ ഭ്രമ്നാ" എന്നാരംഭിക്കുന്ന മന്ത്രം ചൊല്ലി ഗാർഹപത്യാഗ്നി ആധാനംചെയ്യുന്നു. പുനരാധാനം ചെയ്യപ്പെട്ട അഗ്നിയെ ജരയില്ലാത്തവനാക്കി പുനർാധാനം ചെയ്യുന്നു. അനന്തരം യജമാനൻ പരിശുദ്ധനാകുന്നു

ഭ്രമി അന്ന സമൃദ്ധിയുള്ളതായി കാണപ്പെട്ടില്ല. ആഭ്രമി "ഭ്രമിർഭ്രമ്നാ" എന്നു തുടങ്ങുന്ന മന്ത്രം മനസ്സിലാക്കി ജപിച്ചു അനന്തരം ഭ്രമി അന്നസമൃദ്ധിയുള്ളതായി കാണപ്പെട്ടുപോലും അതുകൊണ്ടു് യാതൊരുത്തനാണോ "ഭ്രമിർ ഭ്രമ്നാ" ഇത്യാദി മന്ത്രംചൊല്ലി ഗാർഹപത്യാഗ്നിയെ ആരാധിക്കുന്നതു്. അവനു് സമൃദ്ധിയായി ഭക്ഷണസാധനങ്ങരം ലഭിക്കുന്നു. കൂടാതെ യജമാനനു് ഈ ഭ്രമിയിൽതന്നെ സ്ഥിര പ്രതിഷ്ഠലഭിക്കുന്നു.

"യത്ത്വാക്രുദ്ധഃ പരോവപ" ഇത്യാദി മന്ത്രം ചൊല്ലുന്നതു് അഗ്ന്യാധാനം ചെയ്യാതിരുന്നതിനു് പറയുന്ന സമാധാനമാണു്.

"പുനസ്ത്വോദ്ദീപയാമസി" എന്ന മന്ത്രം ചൊല്ലുന്നതുകൊണ്ടു് യജമാനൻ സമ്പന്നനായിത്തീരുന്നു.

"യത്തേമന്യുപരോപ്തസ്യ" എന്ന മന്ത്രം ചൊല്ലുന്നതുകൊണ്ടു് യജമാനനു് ദേവതകളിൽനിന്നു് തേജസ്സു് ലഭിക്കുന്നു.

അഗ്നിയെ ആരാധിക്കാത്തവൻെറ യാഗം (യാഗഫലം) നഷ്ടപ്പെട്ടുപോകുന്നു അതിനു് പരിഹാരമായി ബൃഹസ്പതി എന്ന പദം ഉരംക്കൊള്ളുന്ന മന്ത്രം ("മനോജ്യോതിഃ" ഇത്യാദി മന്ത്രം) ചൊല്ലി അഗ്നിയെസ്തുതിക്കുന്നു. ദേവന്മാരുടെ ബൃഹസ്പതി ബ്രഹ്മാവുതന്നെയാണു് ബ്രഹ്മാവിനാൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തന്നെയാണ് യാഗം നടത്തപ്പെടുന്നതു് യജമാനന്ന് സന്താനലാഭത്തിന്ന് വേണ്ടി "വിച്ഛിന്നംയജ്ഞം" ഇത്യാദിമന്ത്രം ചൊല്ലുന്നു. യാഗം നടത്തുന്നു എന്ന വിവരം ദേവന്മാരോട്ട് പറയുന്നതിനാണ് "വിശേദേവാ " ഇത്യാദി മന്ത്രം ചൊല്ലുന്നതു്

"സപ്തതേ അഗ്നേസമിധ" ഇത്യാദി മന്ത്രത്തിൽ അഗ്നിയിൽ സമർപ്പിക്കുന്ന പദാത്ഥങ്ങരം ഏഴാണെന്നും അഗ്നിക്കു് പ്രിയപ്പെട്ട ഏഴ ശരീരം ഉണ്ടെന്നും പറഞ്ഞിരിക്കുന്നു.

ഈ മന്ത്രം ചൊല്ലുന്നതുകൊണ്ടു് അഗ്നിയുടെ ശരീരങ്ങളെ പ്രീണിപ്പിക്കുന്നു. "പുനരൂർജാസഹരയ്യാ,, എന്ന മന്ത്രം ചൊല്ലി പുരോഡാശം ഹോമിക്കുന്നതിന്ന് മുൻപും പിൻപും നെയ്യ് ഹോമിക്കുന്നതുകൊണ്ടു് യജമാനൻ ബലവാനും ധനവാനും ആയിത്തീരുന്നു.

ആദിത്യന്മാർ ആധാന പുനരാധാനങ്ങരം അനുഷ്ഠിച്ചിട്ടു് ഈ ലോകത്തിൽനിന്നു് സ്വൎഗ്ഗലോകത്തിലേക്കു് പോയി. അവർ സ്വൎഗ്ഗലോകത്തിൽ ആഗ്രഹമുള്ളവരായിത്തീൎന്നു. അവർ ഈ ലോകത്തിൽ വീണ്ടുംവന്നു് അഗ്ന്യാധാനം ചെയ്തിട്ടു് "ലേകഃ സലേകഃ,, ഇത്യാദി മന്ത്രം ചൊല്ലി ഹോമംനടത്തി അവർ വലിയ സമൃദ്ധിയുള്ളവരായി സ്വൎഗ്ഗലോകത്തിലേയ്ക്കു് പോയി. പുനരാധേയത്തിന്ന് ശേഷം അഗ്നികാൎയ്യം ചെയ്യുന്നവൻ ഈ മന്ത്രങ്ങരം ചൊല്ലി ഹോമം ചെയ്യണം അപ്രകാരം ചെയ്താൽ ആദിത്യന്മാൎക്കു് ലഭിച്ചതു പോലെയുള്ള ഐശ്വൎയ്യം യജമാനന്ന് ലഭിക്കുന്നു അതുകൊണ്ടു് പുനരാധേയത്തിന്ന് ശേഷം ലേകാദി മന്ത്രങ്ങരം ചൊല്ലി ഹോമിക്കണം.

ഇതിചതുൎത്ഥോ ƒ നുവാകഃ

അഥപഞ്ചമോ നുവാകഃ (മന്ത്രം)

സംഹിതാ_

ഉപപ്രയന്തോ അധ്വരം മന്ത്രംവോചേമാഗ്നയേ
ആരേ അസ്മേചശൃണ്വതേ । അസ്യപ്രത്നാമനുദ്യുതം
ശുക്രംദുദുഹ്രേ അഹ്രയഃ പയഃ സഹസ്രസാമൃഷിം ।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഗ്നിർമൂർധാദിവഃകകുത്പതിഃപൃഥിവ്യാഅയംഅപാം
രേതാംസി ജിന്വതി | അയമിഹ പ്രഥമോധായിധാതൃഭിർ–
ഹോതായജിഷ്ഠോ അധ്വരേഷ്വീഡ്യഃ ‖ യമപ്നവാനോ
ഭൃഗവോവിരുരുചുർവനേഷുചിത്രം വിഭ്വം വിശേവിശേ
ഉഭാവാമിന്ദ്രാഗ്നീ ആഹുവധ്യൈ ഉഭാരാധസഃ സഹ
മാദയധ്യൈ ‖ ഉഭാദാതാരാവിഷാം രയീണാം ഉഭാ
വാജസ്യസാതയേഹുവേവാം | അയംതേയോനിർ
ഋത്വിയോയതോജാതോ അരോചഥാഃ | തംജാന–
ന്നഗ്നആരോഹാഥാ നോവർധയാരയിം | അഗ്നആയൂംഷി
പവസ ആ സുവോർജമിഷഞ്ചനഃ | ആരേ ബാധ സ്വദു–
ച്ഛുനാം | അഗ്നേ പവസ്വ സ്വപാ അസ്മേ വർചഃ
സുവീർയം ദധാത്പോഷം രയിം മയി ‖ അഗ്നേ പാവക
രോചിഷാ മന്ദ്രയാ ദേവ ജിഹ്വയാ ആ ദേവാൻ വക്ഷി
യക്ഷി ച | സനഃ പാവക ദീദിവോഽഗ്നേ ദേവാം
ഇഹാവഹ ഉപയജ്ഞം ഹവിശ്ചനഃ | അഗ്നിഃ ശുചി–
വ്രത തമ ഃശുചിർവി പ്രഃ ശുപിഃ കവിഃ | ശുചീരോ–
ചത ആ ഹുതഃ | ഉദഗ്നേ ശുചയസ്തവ ശുക്രാഭ്രാജന്ത
ഈരതേ തവ ജ്യോതീംഷ്യർ ചയഃ | ആയുർദാ അഗ്നേഽ
സ്യായുർമേ ദേഹിർവചോർദാ അഗ്നേഽ സിവർചോമേ
ദേഹി | തനൂപാ അഗ്നേ അസി തനുവംമേ പാഹ്യഗ്നേ
യന്മേതനുവാ ഊനം തന്മആപൃണ | ചിത്രാവസോസ്വ–
സ്തിതേപാരമശീയ ‖ ഇന്ധാനാസ്ത്വാശതം ഹിമാദ്യുമന്തഃ
സമിധീമഹിവയസ്വന്തോവയസ്കൃതം യശസ്വന്തോയ
ശസ്കൃതം സുവീരാസോഅദാഭ്യം | അഗ്നേ സപത്നദം–
ഭനം വർഷിഷ്ഠോ അധിനാകേ | സന്ത്വമഗ്നേ സൂർയസ്യ
വർചസാഽഗഥാഃ സമൃഷീണാം സ്തുതേനസംപ്രിയേണ
ധാമ്നാത്വമഗ്നേ സൂർയവർചാഅസി സംമാമായുഷാവർ
ചസാപ്രജയാസൃജ.

പദച്ഛേദം —

ഉപ പ്രയന്തഃ അധ്വരം മന്ത്രം വോചേമ അഗ്നയേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആരേ അസ്മേ ച ശൃണ്വതേ അസ്യ പ്രത്നാം
അനുദ്യൂതം ശുക്രം ദുദുഹ്രേ അഹ്രയഃ പയഃ സഹ–
സ്രസാം ഋഷിം അഗ്നിഃ മൂർധാ ദിവഃ കകത്പതിഃ
പൃഥിവ്യാഃ അയം അപാം രേതാംസി ജിന്വതി
അയം ഇഹ പ്രഥമഃ ധായി ധാതൃഭിഃ ഹോതാ
യജിഷ്ഠഃ അധ്വരേഷ്വ് ഈഡ്യഃ യം അപ്നവാനഃ
ഭൃഗവഃ വി രുരുചുഃ വനേഷു ചിത്രം വിഭ്വം
വിശേ വിശേ ഉഭാ വാം ഇന്ദ്രാഗ്നീ ആഹുവധ്യൈ
ഉഭാ രാധസഃ സഹ മാദയധ്യൈ ഉഭാ ദാതാരൗ
ഇഷാം രയീണാം ഉഭാ വാജസ്യ സാതയേ ഹുവേ
വാം അയം തേ യോനിഃ ഋത്വിയഃ യതഃ ജാതഃ
അരോചഥാഃ തം ജാനൻ അഗ്നേ ആ രോഹഥാഃ
നഃ വർധയാ രയിം അഗ്നേ ആയൂംഷി പവസേ
ആസുവ ഊർജം ഇഷം ച നഃ ആരേ ബാധസ്വ
ദുച്ഛുനാം അഗ്നേ പവസ്വ സ്വപാ അസ്മേ
വർചഃ സുവീര്യം ദധത് പോഷം രയിം മയി അഗ്നേ
പാവക രോചിഷാ മന്ദ്രയാ ദേവ ജിഹ്വയാ ആ
ദേവാൻ വക്ഷി യക്ഷി ച സഃ നഃ പാവക!
ദീദിവഃ അഗ്നേ ദേവാൻ ഇഹ ആ വഹ
ഉപയജ്ഞം ഹവിഃ ച നഃ അഗ്നിഃ ശുചിവ്രതതമഃ
ശുചിഃ വിപ്രഃ ശുചിഃ കവിഃ ശുചീ രോചതേ
ആഹുതഃ ഉദ് അഗ്നേ ശുചയഃ തവ ശുക്രാഃ
ഭ്രാജന്തേ ഈരതേ തവ ജ്യോതീംഷി അർചയഃ
ആയുർദാഃ അഗ്നേ അസി ആയുഃ മേ ദേഹി
വർചോദാഃ അഗ്നേ അസി വർചഃ മേ ദേഹി
തനൂപാഃ അഗ്നേ അസി തനുവം മേ പാഹി അഗ്നേ
യദ് മേ തനുവാ ഊനം തദ് മേ ആ പൃണ
ചിത്രാവസോ സ്വസ്തി തേ പാരം അശീയ
ഇന്ധാനാഃ ത്വാ ശതം ഹിമാഃ ദ്യുമന്തഃ സമിധീ–
മഹി വയസ്വന്തഃ വയസ്കൃതം യശസ്വന്തഃ
യശസ്കൃതം സുവീരാസഃ അദാഭ്യം അഗ്നേ സപ–
ത്നദംഭനം വർഷിഷ്ഠേ അധി നാകേ സം ത്വം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഗ്നേ സൂർയസ്യ വർചസാ അഗഥാഃ സം-ഋഷീണാം സ്തുതേന സം പ്രിയേണ ധാമ്നാ-ത്വം അഗ്നേ സൂർയവർചസാ അസി സം മാം-ആയുഷാ വർചസാ പ്രജയാ സൃജ ।

മന്ത്രവും വിനിയോഗവും അർത്ഥവും

1 ഉപപ്രയന്തോഅധ്വരം മന്ത്രം വോചേമാഗ്നയേ ആരേ-അസ്മേചശൃണ്വതേ !

ഈ അനുവാകം മുതൽ പത്താമത്തെ അനുവാകത്തിൽ-ആദ്യത്തെ പകുതിവരെ അഗ്ന്യുപസ്ഥാനം വർണ്ണിക്ക-പ്പെടുന്നു

അധ്വരംഉപ പ്രയന്തഃവയം = യാഗത്തെപ്രാപിച്ചവരായഞ-ങ്ങൾ,ആരേ = ദൂരെനിന്നു്, അസ്മേ = ഞങ്ങൾ പറയുന്ന-തായ, ശൃണ്വതേ = സ്തോത്രാദികൾ കേൾക്കുന്ന, അഗ്ന-യേ = അഗ്നിയെ സന്തോഷിപ്പിക്കുന്നതിനു്, മന്ത്രം വോ-ചേമ = മന്ത്രങ്ങൾ പറയുന്നു.

2. അസ്യ പ്രത്നാമനുദ്യുതം ശുക്രം ദുദൃഹ്രേ
അഹ്രയഃ സഹസ്രസാ മൃഷിം ।

അസ്യ = അഗ്നിയുടെ, പ്രത്നാം = പുരാതനമായ, അനു-ദ്യുതിം = പ്രകാശത്തെ, അഹ്രയഃ = ലജ്ജിപ്പിക്കുന്ന ഋത്വിക്കുകൾ, പയഃ = ക്ഷീരസ്ഥാനീയവും, സഹ-സ്രസാം = പല പ്രകാരത്തിൽ ധനംതരുന്നതും, ഋഷിം = കർമ്മങ്ങളിൽ പ്രവർത്തിപ്പിക്കുന്നതും ആയ, ശുക്രം = പ്രകാ-ശത്തെ, ദു ദൃ ഹ്രേ = ദോഹനം ചെയ്യുന്നു.

3. അഗ്നി ർമൂർധാ ദിവഃ കകുത്പതിഃ പൃഥിവ്യാ അയം-അപാം രേതാം സി ജിന്വതി ।

അഗ്നിഃ = അഗ്നി, ദിവഃ = സ്വർഗ്ഗത്തിൻെറ, കകുത് മൂർധാ-= ഉയർന്നു നിൽക്കുന്ന ശിരസ്സു പോലെയാണു്. അയ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പൃഥിവ്യാഃ പതിഃ = ഈ അഗ്നി ഭൂമിയുടെ പാലകനു മാണ്. അപാംരേതാംസി = സ്ഥാവരങ്ങളും ജംഗമങ്ങളും ആയ ശരീരങ്ങളെ, ജിന്വതി = പ്രീണിപ്പിക്കുന്നു.

4. അയമിഹ പ്രഥമോധായി ധാതൃഭിർഹോതാ
യജിഷ്ഠോ അധ്വരേഷ്വീഡ്യഃ । യമപ്നവാനോ
ഭൃഗവോ വിരുരുചുർവനേഷു ചിത്രം വിഭ്വം വിശേ-
വിശേ ॥

ഇഹ = ഈ കർമത്തിൽ, അയം അഗ്നിഃ പ്രഥമഃ = പ്രധാന ഭൂതനായി, ധാതൃഭിഃ ധായി = ഞങ്ങളാൽ ധരിക്കപ്പെടുന്നു. ഹോതാ = ദേവന്മാരെ വിളിക്കുന്നവനും, യജിഷ്ഠഃ = അതിശയേന യാഗം അനുഷ്ഠിക്കുന്നവനും, അധ്വരേഷു ഈഡ്യഃ = യാഗങ്ങളിൽ സ്തുതിക്കപ്പെടുന്നവനും, അപ്നവാനഃ ഭൃഗവഃ = അപ്നവാനൻ എന്നും ഭൃഗു എന്നും പേരുള്ള മഹർഷിമാർ, വിശേ വിശേ = അതാതു സന്ദർഭങ്ങളിൽ, (പ്രജാഭ്യുദയത്തിനു് വേണ്ടി) യം = യാതൊരു അഗ്നിയെ, ചിത്രം = വിശേഷ രൂപത്തിലും, വിഭ്വം = എല്ലാ സ്ഥലത്തും വ്യാപിക്കത്തക്ക വിധത്തിലും, വിരുരുചുഃ = വിശേഷേണ പ്രകാശിപ്പിച്ചുവോ ആ ആഗ്നിയെ ഞങ്ങൾ പ്രധാനമായി ആരാധിക്കുന്നു.

5. ഉഭാവാമിന്ദ്രാഗ്നി ആ ഹുവധ്യൈ ഉഭാരാധസഃ
സഹമാദയധ്യൈ। ഉഭാദാതാരാവിഷാം രയീണാം
ഉഭാവാജസ്യ സാതയേ ഹുവേവാം ॥

(ഒന്നാം കാണ്ഡം ഒന്നാം പ്രപാഠകം പതിന്നാലാമത്തെ അനുവാകത്തിൽ ആദ്യത്തെ മന്ത്രമായി ഈ മന്ത്രം വ്യാഖ്യാനിച്ചിട്ടുണ്ടു്)

അല്ലയോ ഇന്ദ്ര! അല്ലയോ അഗ്നേ നിങ്ങളെ രണ്ടുപേരെയും പ്രസാദിപ്പിക്കുന്നതിനു് ഞാൻ ഹോമം കഴിക്കാൻ ആഗ്രഹിക്കുന്നു. നിങ്ങൾ രണ്ടുപേരെയും അന്നം കൊണ്ടു സന്തോഷിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എന്തു കൊണ്ടെന്നാൽ നിങ്ങൾ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രണ്ടു പേരും ധനവും ഭക്ഷണ പദാൎത്ഥങ്ങളും തരുന്നവരാണ്. അതു കൊണ്ടു് ഞങ്ങൾക്കു് അന്നം ലഭിക്കുന്നതിനായി നിങ്ങളെ വിളിക്കുന്നു.

6. അയം തേ യോനി ർഋത്വിയോ യതോ ജാതോ
അരോ ചഥാഃ । തം ജാനന്നഗ്ന ആരോ ഹാഥാ
നോവർധയാ രയിം ।

ഹേ അഗ്നേ, അയം = ഈ ആഹവനീയ പ്രദേശം, തേ യോനിഃ = അങ്ങയുടെ സ്ഥാനമാകുന്നു് ഋത്വിയഃ = എല്ലാ ഋതുക്കളിലും ഒന്നുപോലെ ഉപയോഗപ്പെടുന്ന പ്രദേശമാണ്. യതഃ ജാതഃ = യാതൊരു ആഹവനീയ പ്രദേശത്തു നിന്നു് ഉദ്ഭൂതനായ അങ്ങു്, അരോചഥാഃ = പ്രകാശിക്കുന്നു. തം ജാനൻ = ആ ആഹവനീയ പ്രദേശം തന്റെ സ്ഥാനമാണെന്നു് മനസ്സിലാക്കി, ആരോഹാഥ = ആസ്ഥാനത്തിൽ ആരോഹണം ചെയ്താലും. നഃ = ഞങ്ങളുടെ, രയിം = സമ്പത്തു്, വർധയാ = വർദ്ധിപ്പിച്ചാലും.

7 അഗ്ന ആയൂംഷിപവ സആസുവോർജമിഷഞ്ചന
ആരേബാധസ്വദുച്ഛൂനാം.
ഈ മന്ത്രം ത്വമഗ്നേരുദ്ര എന്ന സ്ഥലത്തു് വ്യാഖ്യാനിച്ചിട്ടുണ്ടു്

ഹേ അഗ്നേ! അങ്ങു് ഞങ്ങളുടെ ആയുസ്സു് നിർദ്ദോഷമാക്കിചെയ്യുന്ന ഞങ്ങൾക്കു് ബലവും അന്നവുംകൊണ്ടു വരിക. ശത്രുക്കളെ ദൂരെവച്ചുതന്നെ ഉപദ്രവിക്കുക.

8 അഗ്നേ പവസ്വസ്വപാ അസ്മേവർചഃ സുവീൎയം
ദധത്പോഷംരയിംമയി ।
ഹേ അഗ്നേ! സ്വപാഃ = ശോഭന കൎമ്മങ്ങളോടുകൂടിയ അങ്ങു്, അസ്മേ = ഞങ്ങളിൽ, വർചഃ = ബ്രാഹ്മ വർചസ്സും, സുവീൎയം = സമീചീനമായ സാമൎത്ഥ്യവും, പവസ്വ = ശോധിക്കുക. മയി = ഞങ്ങൾക്കു്. പോഷം = പുഷ്ടിയും, രയിം = ധനവും, ദധത് = തരിക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

9 അഗ്നേപാവകരോചിഷാ മന്ദ്രയാദേവ
ജിഹ്വയാ ആ ദേവാൻ വക്ഷിയക്ഷിച ॥

ഹേദേവ അഗ്നേ ! രോചിഷാ = പ്രകാശിക്കുന്നതും മന്ദ്രയാ =. സന്തോഷത്തോടുകൂടിയതുമായ, ജിഹ്വയാ = അങ്ങയുടെ നാക്കുകൊണ്ടു്, ദേവാൻ = ദേവന്മാരെ ആയക്ഷി വക്ഷിച = വിളിക്കുക.

10 സനഃ പാവക ദീദിവോ ƒ ഗ്നേ ദേവാം ഇഹാവഹ ഉപ യജ്ഞംഹവിശ്ചനഃ ।

പാവക ദീദിവ അഗ്നേ ! പ്രകാശിക്കുന്നവനും പാവകനമായ അല്ലയോ അഗ്നേ ! സഃ ത്വം = അപ്രകാരമുള്ള അങ്ങു് നഃ = ഞങ്ങളുടെ, ഇഹ = ഈയാഗത്തിനു്, ദേവാൻ = ദേവന്മാരെ, ആവഹ = വിളിച്ചുകൊണ്ടു വരിക, ഉപയജ്ഞം = യാഗത്തിൽ, നഃ ഹവിഃ = ഞങ്ങരം സമർപ്പിക്കുന്ന ഹവിസ്സു് സ്വീകരിക്കുക

11. അഗ്നിഃ ശുചി വ്രത തമഃ ശുചിർവിപ്രഃ ശുചിഃ
കവിഃ ശുചീരോ ചത ആ ഹുതഃ ।

അഗ്നിഃ = അഗ്നി, ശുചിവ്രതതമഃ = ശുദ്ധമായ വ്രതത്തോടുകൂടിയവനാണു്. വിപ്രഃ ശുചിഃ = വിപ്രനെക്കാളും ശുദ്ധനാണു്. ആഹുതഃ = ഞങ്ങളാൽ ക്ഷണിക്കപ്പെട്ട അഗ്നി, ശുചിഃ = പരിശുദ്ധനായി, രോചതേ = പ്രകാശിക്കുന്നു.

12. ഉദഗ്നേ ശുചയസ്തവ ശുക്രാഭ്രാജന്ത
ഈരതേ തവജ്യോതീംഷ്യ ർചയഃ ॥

ഹേ അഗ്നേ!തവ = അങ്ങയുടെ, ശുചയഃശുക്രാഃ = ശുദ്ധമായ രശ്മികരം, ഭ്രാജന്തഃ = പ്രകാശിച്ചുകൊണ്ടു്, ഉദ്ഈരതേ = മേൽപോട്ടു് പൊങ്ങുന്നു. അർചയഃ = അങ്ങയെപൂജിക്കുന്നവർ, തവ = അങ്ങയുടെ, ജ്യോതീംഷി = ജ്യോതിസ്സിനെ (പ്രാപിക്കുന്നു)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

13. ആയുർദാ അഗ്നേ/സ്യായുർമ്മേ ദേഹിവർചോദാ
അഗ്നേ/സിവർചോമേ ദേഹി। തനൂപാ അഗ്നേ
അസി തനുവം മേ പാഹ്യഗ്നേയ'ന്മേ
തനുവാ ഊനം തന്മ ആ പൃണ।

ഹേ അഗ്നേ! ആയുർദാ അസി =അങ്ങു് ആയുസ്സു് തരുന്നവനാകുന്നു. മേ = എനിക്കു്, ആയുഃ ദേഹി = ആയുസ്സു് തന്നാലും. ഹേ അഗ്നേ ! വർചോദാ അസി = അങ്ങു് തേജസ്സു് നൽകുന്നവൻ ആകുന്നു. മേ =എനിക്കു്, വർചഃ ദേഹി = തേജസ്സു് തന്നാലും. ഹേ അഗ്നേ ! തനൂപാഅസി = അങ്ങു് ശരീരം രക്ഷിക്കുന്നവനാകുന്നു. മേ = എൻെറ തനുവം പാഹി = ശരീരം രക്ഷിച്ചാലും. അഗ്നേ ! മേയദ് തനുവാ ഊനം = എൻെറ ശരീരത്തിനുള്ള കുറവുകളെല്ലാം, ആപൃണ = മാററിത്തന്നാലും.

14. ചിത്രാ വസോസ്വസ്തിതേ പാരമശീയ।

ഹേ ചിത്രാവസോ! = അല്ലയോ രാത്രി ! തവപാരം = സ്വസ്തി അശീയ = ഞങ്ങൾ ക്ഷേമത്തോടുകൂടി പ്രഭാതം പ്രാപിക്കട്ടെ. (ഞങ്ങൾക്കു സുപ്രഭാതം കാണാൻ ഇട വരട്ടെ.)

15 ഇന്ധാനാസ്ത്വാശതം ഹിമാദ്യുമന്തഃ
സമിധീമഹിവയസ്വന്തോവയസ്കൃതംയശസ്വന്തോ
യശസ്കൃതം സുവീരാസോ അദാഭ്യം । അഗ്നേ
സപത്നദംഭനം വർഷിഷ്ഠേ അധിനാകേ

ഹേ അഗ്നേ ! വയസ്കൃതം = ഭക്ഷ്യം ഉണ്ടാക്കിത്തരുന്നവനും, യശസ്കൃതം = കീർത്തി പ്രദനും, അദാഭ്യം = ആരാലും തിരസ്കരിക്കപ്പെടാത്തവനും, വർഷിഷ്ഠേ = അതിപ്രൗഢമായ, അധിനാകേ = സ്വർഗ്ഗത്തിൽ, സപത്നദംഭനം = ശത്രുക്കളെ നശിപ്പിക്കുന്നവനുമായ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്വാം = അങ്ങയെ, സമിദ്ഭിഃ = സമിത്തുകളാൽ, ഇന്ധാനാഃ = വർദ്ധിപ്പിക്കുന്ന, വയം = ഞങ്ങൾ, വയസ്വന്തഃ = ഭക്ഷണം ലഭിക്കുന്നവരും, യശസ്വന്തഃ = കീർത്തിയോടുകൂടിയവരും, സുവീരാസഃ = ശോഭനമായ പുത്രപൗത്രാദികളോടുകൂടിയവരും, ദ്യുമന്തഃ = പ്രകാശത്തോടുകൂടിയവരുമായി, ശതംഹിമാഃ = നൂറ് ഹേമന്തഋതുക്കാം (100 വർഷം) സമിധീമഹി = ലോകത്തിൽ പ്രഖ്യാതരായിത്തീരട്ടെ.

16 സംത്വമഗ്നേ സൂർയസ്യവർചസാ ƒ ഗഥാഃ സമൃഷീണാം സ്തുതേന സംപ്രിയേണധാമ്നാത്വമഗ്നേ സൂർയവർചാ അസിസംമാമായുഷാ വർചസാപ്രജയാ സൃജ ।

ഹേ അഗ്നേ! ത്വം = അങ്ങ്, സൂർയസ്യവർചസാ = സൂർയ്യന്റെ തേജസ്സോടുകൂടി, സമഗഥാഃ = സംഗതനായിരിക്കുന്നു. ഋഷീണാം = മഹർഷിമാരുടെ, സ്തുതേന സമഗഥാഃ = സ്തോത്രങ്ങളോട് സംഗതനായിരിക്കുന്നു. പ്രിയേണധാമ്നാ = പ്രിയപ്പെട്ടസ്ഥാനങ്ങളോട്, സമഗഥാഃ = കൂടിയവനായിരിക്കുന്നു. ഹേ അഗ്നേ! ത്വം അങ്ങ്, സൂര്യർവർചാ അസി = സൂർയ്യന് തുല്യമായ തേജസ്സോട്കൂടിയവനായിരിക്കുന്നു, മാം = എന്നെ ആയുഷാ = ആയുസ്സോട്കൂടിയവനും, വർചസാ = തേജസ്സോടുകൂടിയവനും, പ്രജയാ = സന്താനങ്ങളോടു കൂടിയവനും, സംസൃജ = ആക്കിത്തീർക്കുക.

ഇതിപഞ്ചമോ ƒ നുവാകഃ

ഷഷ്ഠോƒനുവാകഃ (മന്ത്രം)

സംഹിതാ—

സംപശ്യാമി പ്രജാ അഹമിഡ പ്രജസോ മാനവീഃ സർവ്വാഭവന്തുനോ ഗൃഹേ ॥ അംഭഃ സ്ഥാം ഭോ വോഭക്ഷീയ മഹഃ സ്ഥ മഹോവോ ഭക്ഷീയ സഹഃ സ്ഥ സഹോവോ ഭക്ഷീ യോർജഃ സ്ഥോർജം വോ ഭക്ഷീയ। രേവതീര മധ്വ—

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മസ്മിൻ ലോകേഽസ്മിൻ ഗോഷ്ഠേഽസ്മിൻ ക്ഷയേഽസ്മിൻ യോനാവിഹൈവ സ്തോ മാ പഗാത ബഹ്വീർമേ ഭൂയാസ്ത സംഹിതാസി വിശ്വരൂപീരാ മോർജാവിശാഽഽഗൌപത്യേനഽഽരായ സ്പോഷേണ സഹസ്രപോഷം വഃ പുഷ്യാസം മയിവോ രായഃ ശ്രയന്താം। ഉപത്വാഗ്നേ ദിവേ ദിവേ ദോഷാവസ്ത ർധിയാ വയം നമോ ഭരന്ത ഏമസി ॥ രാജന്ത മധ്വരാണാം ഗോപാമൃതസ്യദീദിവിം വദ്ധമാനം സ്വേദമേ ॥ സനഃ പിതേവ സൂനവേഽഗ്നേ സൂപായനോഭവ സചസ്വാനഃ സ്വസ്തയേ। അഗ്നേ ത്വം നോ അന്തമഃ ഉതത്രാതാ ശിവോഭവ വരൂഥ്യഃ। തം ത്വാ ശോചിഷ്ഠ ദീദിവഃ। സുമ്നായ നൂനമീമഹേ സഖിഭ്യഃ। വസുരഗ്നിർവസുശ്രവാഃ। അച്ഛാനക്ഷി ദ്യുമത്തമോ രയിം ദാഃ। ഊർജം വഃ പശ്യാമ്യൂർജാമാം പശ്യതരായസ്പോഷേണ വഃ പശ്യാമി രായസ്പോഷേണ മാപശ്യ തേഡാഃ സ്ഥ മധുകൃതഃ സ്യോനാ മാവിശതേ രാമദഃ സഹസ്രപോഷം വഃ പുഷ്യാസം മയിവോരായഃ ശ്രയന്താം। തത്സവിതുർവരേണ്യം ഭർഗോ ദേവസ്യ ധീമഹി ധിയോ യോനഃ പ്രചോദയാത്। സോമാനാം സ്വരണം കൃണുഹി ബ്രഹ്മണ സ്പതേ കക്ഷീവന്തം യ ഔശിജം ॥ കദാചന സ്തരീരസി നേന്ദ്ര സശ്ചസി ദാശുഷേ। ഉപോപേന്നു മഘവൻ ഭൂയ ഇന്നുതേ ദാനം ദേവസ്യ പൃച്യതേ। പരിത്വാഗ്നേ പുരംവയം വിപ്രം സഹസ്യ ധീമഹി! ധൃഷദ്വർണം ദിവേ ദിവേ ഭേത്താരം ഭംഗുരാവതഃ। അഗ്നേ ഗൃഹപതേ സുഗൃഹപതിരഹം ത്വയാഗൃഹപതിനാഭൂയാസം। സുഗൃഹപതിർമയാത്വം ഗൃഹപതിനാഭൂയാഃ। ശതംഹിമാസ്തമാശിഷമാശാസേ തന്തവേജ്യോതിഷ്മതീം താമാശിഷമാശാസേഽമുഷ്മൈ ജ്യോതിഷ്മതീം ॥

പദച്ഛേദം—

സം പശ്യാമി പ്രജാഃ അഹം ഇഡപ്രജസഃ മാനവീഃ സർവ്വാഃ ഭവന്തു നഃ ഗൃഹേ അംഭഃ സ്ഥ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അംഭഃ വഃ ഭക്ഷീയ മഹഃ സ്ഥ മഹഃ വഃ ഭക്ഷീയ സഹഃ സ്ഥ സഹഃ വഃ ഭക്ഷീയ ഊർജഃ സ്ഥ ഊർജഃ വഃ ഭക്ഷീയ രേവതീഃ രമധ്വം അസ്മിൻ ലോകേ അസ്മിൻ ഗോഷ്ഠേ അസ്മിൻ ക്ഷയേ അസ്മിൻ യോനൗ ഇഹ ഏവ സ്തഃ ഇതഃ മാ അപ ഗാത ബഹ്വീഃ മേ ഭൂയാസ്ത സംഹിതാ അസി വിശ്വരൂപീഃ ആ മാ ഊർജാ വിശാ ആ ഗൗപത്യേന ആ രായസ്പോഷേണ സഹസ്രപോഷം വഃ പുഷ്യാസം മയി വഃ രായഃ ശ്രയന്താം ഉപ ത്വാ അഗ്നേ ദിവേദിവേ ദോഷാവസ്തഃ ധിയാ വയം നമഃ ഭരന്തഃ ആ ഇമസി രാജന്തം അധ്വരാണാം ഗോപാം ഋതസ്യ ദീദിവിം വർധമാനം സ്വേ ദമേ സഃ നഃ പിതാ ഇവ സൂനവേ അഗ്നേ സൂപായനഃ ഭവ സചസ്വ നഃ സ്വസ്തയേ അഗ്നേ ത്വം നഃ അന്തമഃ ഉത ത്രാതാ ശിവഃ ഭവ വരൂഥ്യഃ തം ത്വാ ശോചിഷ്ഠ ദീദിവഃ സുമ്നായ നൂനം ഈമഹേ സഖിഭ്യഃ വസുഃ അഗ്നിഃ വസുശ്രവാഃ അച്ഛ നക്ഷി ദ്യുമത്തമഃ രയിം ദാഃ ഊർജാ വഃ പശ്യാമി ഊർജാ മാ പശ്യത രായസ്പോഷേണ വഃ പശ്യാമി രായസ്പോഷേണ മാ പശ്യത ഇഡാഃ സ്ഥ മധുകൃതഃ സ്യോനാ മാ ആ, വിശത ഇരാ മദഃ സഹസ്രപോഷം വഃ പുഷ്യാസം മയി വഃ രായഃ ശ്രയന്താം തത് സവിതുഃ വരേണ്യം ഭർഗഃ ദേവസ്യ ധീമഹി ധിയഃ യഃ നഃ പ്രചോദയാത് സോമാനം സ്വരണം കൃണുഹി ബ്രഹ്മണസ്പതേ കക്ഷീവന്തം യഃ ഔശിജം കദാചന സ്തരീഃ അസി ന ഇന്ദ്രം സശ്ചസി ദാശുഷേ ഉപ ഉപ ഇത് നു മഘവൻ ഭൂയഃ ഇത് നു തേ ദാനം ദേവസ്യ പൃച്യതേ പരി ത്വാ അഗ്നേ പുരം വയം വിപ്രം സഹസ്യ ധീമഹി ധൃഷദ്വർണം ദിവേദിവേ ഭേത്താരം ഭംഗുരാവതഃ അഗ്നേ ഗൃഹപതേ സുഗൃഹപതിഃ അഹം ത്വയാ ഗൃഹപതിനാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭൂയാസം സുഗൃഹപതിഃ മയാ ത്വം ഗൃഹപതിനാ ഭൂയാഃ ശതം ഹിമാഃ താം ആശിഷം ആ ശാസേ തന്തവേ ജ്യോതിഷ്മതീം താം ആശിഷം ആ ശാസേ അമുഷ്മൈ ജ്യോതിഷ്മതീം.

മന്ത്രവും വിനിയോഗവും അർത്ഥവും

1. സം പശ്യാമി പ്രജാ അഹമിഡ പ്രജസോ
മാനവീഃ സർവ്വാ ഭവന്തു നോ ഗൃഹേ ।

ഈ മന്ത്രം ചൊല്ലി യജമാനൻ തൻെറ ഗൃഹത്തെ നോക്കുന്നു.

അഹം = ഞാൻ, പ്രജാഃ = സന്താനങ്ങളെ, സം പശ്യാമി = നല്ല പോലെ കാണുന്നു. ഇഡപ്രജസഃ = പശുക്കളുടെ കുട്ടികളേയും, സംപശ്യാമി = നല്ലപോലെ കാണുന്നു. നഃ ഗൃഹേ = ഞങ്ങളുടെ ഗൃഹത്തിൽ, മാനവീഃ = മനുഷ്യരും സർവ്വാഃ = പശു മുതലായ എല്ലാ മൃഗങ്ങളും, ഭവന്തു = എല്ലായ പോഴും ഉണ്ടായിരിക്കട്ടെ.

2. അംഭഃ സ്ഥാം ഭോവോ ഭക്ഷീയ മഹഃസ്ഥ
മഹോവോഭക്ഷീയ സഹഃസ്ഥസഹോവോഭക്ഷീയോർ
ജഃ സ്ഥോർജോവോഭക്ഷീയ.

ഈ മന്ത്രം ചൊല്ലി പശുക്കളെ കെട്ടിയിരിക്കുന്ന തൊഴുത്തിനു് സമീപം ചെല്ലുന്നു.

അല്ലയോ പശുക്കളെ ! നിങ്ങൾ, അംഭഃസ്ഥ = കുടിക്കുന്ന വെള്ളത്തിൻെറ സാരാംശം ആകുന്നു. വഃ അംഭഃ നിങ്ങളുടെ ജലം, ഭക്ഷീയ = ഞങ്ങൾക്കു ലഭിക്കുമാറാകട്ടെ. മഹഃസ്ഥ = നിങ്ങൾ എല്ലാവരാലും ആദരിക്കപ്പെടുന്നവരാകുന്നു. വഃ = നിങ്ങളുടെ, മഹഃ = ബഹുമാനം, ഭക്ഷീയ = ഞങ്ങൾ അനുഭവിക്കട്ടെ, സഹഃ സ്ഥ = നിങ്ങൾ ബലം ഉണ്ടാക്കുന്നവരാകുന്നു. വഃ = നിങ്ങളുടെ, സഹഃ = ബലം, ഭക്ഷീയ = ഞങ്ങൾക്കു ലഭിക്കട്ടെ. ഊർജഃ സ്ഥ = നിങ്ങൾ ബലം ആകുന്നു. വഃ! = നിങ്ങളുടെ, ഊർജം = ബലപ്രദമായ ക്ഷീരം, ഭക്ഷീയ = ഞങ്ങൾ ഭക്ഷിക്കട്ടെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

3 രേവതീരമധ്വമസ്മിൻ ലോകേ *f* സ്മിൻഗോഷ്ഠേ*f* സ്മിൻ ക്ഷയേ *f* സ്മിൻയോനാ വിഹൈവസ്തോമാ പഗാത ബഹ്വീർമേഭൂയാസ്ത.

ഗാർഹപത്യാഗ്നിക്കും ആഹവനീയാഗ്നിമക്കും മധ്യെനിന്നു് ഈ മന്ത്രം ജപിക്കുന്നു.
ഹേ രേവതീഃ ! = അല്ലയോ പശുക്കളെ! അസ്മിൻ ലോക = ഈ ഭൂലോകത്തിൽ, അസ്മിൻ ഗോഷ്ഠേ = ഈ ഗോകുലത്തിൽ, അസ്മിൻ ക്ഷയേ = ഈ ഗൃഹ–ത്തിൽ, അസ്മീൻ യോനൗ = ഈ സ്ഥാനത്തിൽ, രമധ്വം = നിങ്ങൾ രമിച്ചാലും. ഇഹഏവസ്ഥ = നിങ്ങൾ ഇവിടെത്തന്നെ സർവ്വദാ ഇരുന്നാലും. ഇതഃ മാ അപഗാത = ഇവിടെ നിന്നു് പോകരുതു്, മേ = എനിക്കു്, ബഹ്വീഃ ഭൂയാസ്ത = ധാരാളം പശുക്കൾ ഉണ്ടാകട്ടെ.

4. സംഹിതാ സിവിശവരൂപീരാമോ ർജാവിശാ*ff*ഗൗപ–ത്യേന*ff*രായ സ്പോഷേണ സഹസ്രപോഷം വഃ പുഷ്യാസം മയിവോരായഃ ശ്രയന്താം ।

ഈ മന്ത്രം ചൊല്ലി കിടാവുകളെ തലോടുന്നു.

ഹേ വത്സ ! അല്ലയോ വത്സ ! ത്വം = നീ, സംഹിതാ അസി = എല്ലാ സ്ഥലത്തും കാണപ്പെടുന്നവനാകുന്നു. താദൃക് ത്വം = അപ്രകാരമുള്ള നീ, ഊർജാ = ക്ഷീരാദി വസ്തുക്കളോടുകൂടി, മാ ആവിശ = എന്റെ സമീപത്തു വരിക. ഗൗപത്യേന = അനേകം പശുക്കളുടെ ഉടമസ്ഥൻ എന്ന നിലയ്ക്കു്, മാം ആവിശ = എന്റെ സമീപത്തു വരിക. രായസ്പോഷേണ = ധനപുഷ്ടിയോടുകൂടി, മാം ആവിശ = എന്റെ സമീപത്തു വരിക. വഃ സഹ–സ്രപോഷം = നിങ്ങൾ ആയിരം എണ്ണം ആകത്തക്ക വിധത്തിൽ, പുഷ്യാസം = ഞാൻ നിങ്ങളെ വദ്ധിപ്പിക്കട്ടെ. മയി = എന്നിൽ, വഃ = നിങ്ങളുടെ, രായഃ = ക്ഷീരാദി സമ്പത്തു്, ശ്രയന്താം = ആശ്രയിക്കട്ടെ.

5. ഉപത്വാഗ്നേ ദിവേ ദിവേ ദോഷാ വസ്തർധിയാ വയം നമോ ഭരന്ത ഏമസി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇതു മുതൽ ആറ് മന്ത്രം ചൊല്ലി ഗാർഹപത്യാഗ്നിയെ സ്തുതിക്കുന്നു.

ഹേ അഗ്നേ ! ദിവേ ദിവേ = പ്രതിദിനം, ദോഷാവസ്തഃ സായം കാലത്തിലും പ്രഭാതത്തിലും, ധിയാ = മനസ്സു കൊണ്ടു്, നമഃ ഭരന്തഃ = അങ്ങയ്ക്കു് നമസ്കാരം പറഞ്ഞു കൊണ്ടു്, വയം = ഞങ്ങൾ, ത്വാം ഉപ ഇമസി = അങ്ങയുടെ അടുക്കൽ വരുന്നു.

6. രാജന്ത മധ്വരാണാം ഗോപാമൃതസ്യ ദീദിവിം
വർദ്ധമാനം സ്വേദമേ ॥

ഹേ അഗ്നേ ! അധ്വരാണാം രാജന്തം = യാഗങ്ങളുടെ രാജാവും, ഗോപാം = ഗോക്കളെ രക്ഷിക്കുന്നവനും, ഋതസ്യ ദീദിവിം = സത്യത്താൽ പ്രകാശിക്കുന്നവനും, സ്വേദമേ = സ്വന്തം സ്ഥാനത്തിൽ, വർധമാനം = വർധിക്കുന്നവനുമായ, ത്വാം ഉപഇമസി = അങ്ങയുടെ സമീപത്തിൽ ഞങ്ങൾ വരുന്നു.

7. സനഃ പിതേവ സൂനവേ അഗ്നേ സൂപായനോഭവ
സ ച സ്വാനഃ സ്വസ്തയേ ।

ഹേ അഗ്നേ ! സഃ ത്വം = അപ്രകാരമുള്ള അങ്ങു്, നഃ = ഞങ്ങൾക്കു്, സൂപായനഃ ഭവ = സുപ്രാപ്യനായിത്തീരുക. പിതാസൂനവേ ഇവ = പിതാവു് പുത്രനു് എന്ന പോലെ, നഃ = ഞങ്ങൾക്കു്, സ്വസ്തയേ = മംഗളം ഉണ്ടാകാനായി സ ചസ്വ = പ്രവർത്തിച്ചാലും.

8. അഗ്നേ ത്വന്നോ അന്തമഃ ഉതത്രാതാ
ശിവോ ഭവ വരൂഥ്യഃ ।

ഹേ അഗ്നേ ! ത്വം = അങ്ങു്, നഃ = ഞങ്ങളുടെ, അന്തമഃ ഭവ = സമീപത്തിരിക്കുക. ഉത = കൂടാതെ, ത്രാതാ = രക്ഷിതാവും, ശിവഃ = മംഗളകരനും, വരൂഥ്യഃ = ഗൃഹത്തിൽ സന്നിഹിതനായും, ഭവ = ഭവിക്കുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

9. തം ത്വാശോചിഷ്ഠ ദീദിവഃ । സുമ്നായ നൂനമീമഹേ
സഖിഭ്യഃ ।

ഹേ ശോചിഷ്ഠ അഗ്നേ! = പരിശുദ്ധനായ അല്ലയോ അഗ്നേ! ദീദിവഃ = പ്രകാശിക്കുന്നവനെ! സഖിഭ്യഃ = അങ്ങയുടെ സുഹൃത്തുക്കളായ, നഃ = ഞങ്ങളുടെ, സുമ്നായ = സുഖത്തിന് വേണ്ടി, നൂനം = നിശ്ചയമായും, തം = അപ്രകാരമുള്ള, ത്വാം = അങ്ങയെ, ഈമഹേ = ഞങ്ങൾ പ്രാപിക്കുന്നു.

10. വ സുരഗ്നിർവ സുശ്രവാഃ ॥ അച്ഛാനക്ഷിദ്യുമത്ത–
മോരയിംദാഃ ।

വസുഃ അഗ്നിഃ = ധനവാനായ അഗ്നി, വസുശ്രവാഃ = വസുരുദ്രാദി ദേവന്മാരാൽ ആദരവോടുകൂടി കേൾക്കപ്പെടുന്നവനാണ്. ഹേ അഗ്നേ! = അപ്രകാരമുള്ള അല്ലയോ അഗ്നേ! അച്ഛാ = ഞങ്ങൾക്കഭിമുഖനായി, നക്ഷി = വന്നാലും. ദ്യുമത്തമഃ ത്വം = അതിശയേന പ്രകാശിക്കുന്ന അങ്ങ്, രയിം ദാഃ = ഞങ്ങൾക്ക് ധനം തന്നാലും.

11. ഊർജം വഃ പശ്യാ മ്യൂർജാ മാം പശ്യതരായ സ്പോഷേണ
വഃ പശ്യാമിരായ സ്പോ ഷേണ മാപശ്യതേ ഡ്ാഃ
സ്ഥ മധുകൃതഃ സ്യോനാ മാവിശതേ രാമദഃ സഹസ്ര–
പോഷം വഃ പുഷ്യാസം മയി വോ രായഃ ശ്രയന്താം।

ഈ മന്ത്രം ചൊല്ലി യജമാനൻ തന്റെ ഗൃഹത്തേയും പശുക്കളേയും നോക്കുന്നു.

ഹേ ധേനവഃ! അല്ലയോ പശുക്കളെ! ഊർജാഃ = ക്ഷീരാദി പുഷ്ടിയുള്ള, വഃ = നിങ്ങളെ, പശ്യാമി = ഞാൻ നോക്കുന്നു. ഊർജാഃ = ക്ഷീരാദി പുഷ്ടിയോടുകൂടി, മാ = എന്നെ, പശ്യത = നിങ്ങൾ നോക്കുവിൻ. രായസ്പോഷേണ = ധനപുഷ്ടിയോടുകൂടി, വഃ = നിങ്ങളെ, പശ്യാമി ഞാൻ നോക്കുന്നു. രായസ്പോഷേണ = ധന പുഷ്ടിയോ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ടുകൂടി, മാ = എന്നെ. പശ്യത = നിങ്ങൾ നോക്കുവിൻ. ഇഡാഃ ! = അല്ലയോ പശുക്കളെ ! മധുകൃതഃ സ്ഥ = നിങ്ങൾ മധുരമുള്ള നെയ്യ് തരുന്നവരാകുന്നു. സ്യോനാഃ വിശത = എനിക്കു് സുഖം ഉണ്ടാക്കിത്തരുന്നവരാവുക. ഇരാഃ = ഭക്ഷണപദാർത്ഥങ്ങൾ തരുന്നവരായും, മദഃ = സന്തോഷം ഉണ്ടാക്കിത്തരുന്നവരായും, മാ ആ വിശത = എന്നെ പ്രാപിക്കുവിൻ. വഃ = നിങ്ങളെ, സഹസ്ര പോഷം = ആയിരക്കണക്കിനു്, പുഷ്യാസം = ഞാൻ വർദ്ധിപ്പിക്കുമാറാകട്ടെ. വഃ നിങ്ങളുടെ, രായഃ = ക്ഷീരാദീവസ്തുക്കൾ, മയിശ്രയന്താം = എന്നെ ആശ്രയിക്കട്ടെ.

12. തത്സവിതുർവ രേണ്യം ഭർഗോ ദേവസ്യ ധീമഹി
ധിയോ യോനഃ പ്രചോദയാത്।

ഇതു മുതൽ നാലുമന്ത്രം ആഹവധീയാഗ്നിയെ ഉപസ്ഥാനം ചെയ്യാനുള്ളതാണു്,

യഃ = യാതൊരു സൂർയ്യൻ, നഃ = ഞങ്ങളുടെ ധിയഃ = ബുദ്ധിയെ, പ്രചോദയാത് = പ്രേരിപ്പിക്കുന്നുവോ, സവിതുഃ ദേവസ്യ = ആ സൂർയ്യദേവന്റെ, തത് വരേണ്യം = ഭർഗഃ = ആ ശ്രേഷ്ഠമായ തേജസ്സിനെ, ധീമഹി = ഞങ്ങൾ ധ്യാനിക്കുന്നു.

13. സോമാനാം സ്വരണം കൃണുഹി ബ്രഹ്മണ സ്പതേ
കക്ഷിവന്തം യ ഔശിജം.

ബ്രഹ്മണ സ്പതേ ! = യാഗാദി കർമ്മങ്ങളുടെ അധിപതിയായ അല്ലയോ അഗ്നേ! യം ത്വം = യാതൊരു അങ്ങു്, ഔശിജം = ഉശിജന്റെ പുത്രനായ, കക്ഷിവന്തം = കക്ഷിവാൻ എന്ന മഹർഷിയെ (കർമ്മ പ്രവർത്തകനാക്കിച്ചെയ്തു) സഃ ത്വം = അപ്രകാരമുള്ള അങ്ങു്, (മാം അപി = എന്നെയും) സോമാനാം = സോമയാഗങ്ങളുടെ, സ്വരണം കൃണുവി = ഉപദേഷ്ടാവാക്കിച്ചെയ്താലും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

14 കദാചനസ്തരീരസിനേന്ദ്രം സശ്ചസിദാശുഷേ
ഉപോപേന്നമഘവൻ ഭൂയഇന്നുതേ
ദാനംദേവസ്യപൃച്യതേ ।

ഹേ ഇന്ദ്ര । = വലിയ ഐശ്വർയ്യത്തോടുകൂടിയ അല്ല യോ അഗ്നേ ! കദാചന = ഒരിക്കലും, സ്തരീഃ നഅസി = അങ്ങ് ഹിംസകൻ അല്ല. ദാശുഷേ = ഹവിസ്സ് സമർപ്പിക്കുന്നയജമാനന്, ഉപോപേന്ന = വളരെ സമീപത്തിൽതന്നെ, സശ്ചസി = സമവേതനായിഭവിക്കുന്നു ഹേമഘവൻ = അല്ലയോ ഇന്ദ്ര തുല്യനായ അഗ്നേ ! ഭൂയഃ ഇന്നു = വീണ്ടും, ദേവസ്യതേ = ദേവനായ അങ്ങയുടെ, ദാനം = ദാനം ലഭിക്കുന്നതിന് വേണ്ടി, പൃച്യതേ = ഞങ്ങളാൽ അങ്ങ് ആരാധിക്കപ്പെടുന്നു.

15 പരിത്വാഗ്നേപുരംവയം വി പ്രംസഹസ്യധീമഹി
ധൃഷദ്വർണംദിവേദിവേഭേത്താരംഭംഗുരാവതഃ।

ഹേസഹസ്യഅഗ്നേ ! = അല്ലയോ ബലവാനായഅഗ്നേ ! വയം = ഞങ്ങൾ, പുരം = അഭിമതം സാധിച്ചുതരുന്നവനും, വിപ്രം = ബ്രാഹ്മണരോട് അഭിമാനമുള്ളവനും, ധൃഷദ്വർണം = എല്ലാററിനേയും ജയിക്കത്തക്ക ആകാരത്തോടുകൂടിയവനും, ഭംഗുരാവതഃ = എല്ലാവരേയും ഹിംസിക്കുന്ന രാക്ഷസരെ, ഭേത്താരം = നശിപ്പിച്ചവനുമായ, ത്വാം = അങ്ങയെ, ദിവേദിവേ = പ്രതിദിനം, പരിധീമഹി = ചുററും ധരിക്കുന്നു.

16 അഗ്നേഗൃഹപതേ സുഗൃഹപതിരഹംത്വയാ
ഗൃഹപതിനാഭൂയാസം । സുഗൃഹപതിർമയാത്വം
ഗൃഹപതിനാഭൂയാഃ । ശതംഹിമാസ്തമാശിഷ–
മാശാസേതന്തവേജ്യോതിഷ്മതീം താമാശിഷ-
മാശാസേ *f* മുഷ്മൈജ്യോതിഷ്മതീം ।

ഈ മന്ത്രം ചൊല്ലി ഗാർഹപത്യാഗ്നിയെ ഉപസ്ഥാനം ചെയ്യുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹേ ഗൃഹപതേ അഗ്നേ ! ഗൃഹപാലകനായ അല്ലയോ അഗ്നേ! ഗൃഹപതിനാത്വയാ = ഗൃഹപതിയായ അങ്ങയാൽ അനുഗൃഹിതനായ, അഹം = ഞാൻ, സുഗൃഹപതിഃ = നല്ല ഗൃഹനായകനായി, ഭൂയാസം = ഭവിക്കട്ടെ. ഗൃഹ പതിനാ = ഗൃഹപതിയായ എന്നാൽ പൂജിതനായ, ത്വം അങ്ങ്, സുഗൃഹപതിഃ ഭൂയാഃ = നല്ല ഗൃഹപതിയായി ഭവിച്ചാലും. ശതം ഹിമാഃ = നൂറ് ഹേമന്ത ഋതുക്കൾ (നൂറ് വർഷം) തന്തവേ = സന്താന പരമ്പരയ്ക്ക് വേണ്ടി ജ്യോതിഷ്മതീം = ബ്രഹ്മർചസ്സോടുകൂടിയ, താം ആശിഷം = ആ ആശിസ്സുകൾ (ആയുരാ രോഗ്യൈശ്വര്യങ്ങൾ) ആശാസേ = ഞാൻ ആഗ്രഹിക്കുന്നു. അമുഷ്മൈ = ആ സന്താനത്തിന്, ജ്യോതിഷ്മതീം = ബ്രഹ്മ വർച സ്സോടുകൂടിയ ആയുരാരോഗ്യൈശ്വര്യങ്ങൾ, ആശാസേ = ഞാൻ ആഗ്രഹിക്കുന്നു.

ഇതിഷഷ്ഠോ ഽനുവാകഃ

അഥസപ്തമോ ഽനുവാകഃ (ബ്രാഹ്മണം)

(ഈ പ്രപാഠകത്തിൽ അഞ്ചാമത്തെ അനുവാകത്തിൽ പറഞ്ഞ മന്ത്രങ്ങളുടെ ബ്രാഹ്മണം)

സംഹിതാ–

അയജ്ഞോവാ ഏഷയോ ഽസാമോപ പ്രയന്തോ
അധ്വരമി ത്യാഹ സ്തോമ മേവാസ്മൈ യുനക്തി ।
ഉപേത്യാഹ പ്രജാവൈ പശവഃ ഉപേമം ലോകം
പ്രജാ മേവ പശൂനിമം ലോക മുപൈതി ।
അസ്യ പ്രത്നാ മനുദ്യുത മിത്യാഹ സുവർഗോ വൈ ലോകഃ
പ്രത്നഃ സുവ ഗർമേവ ലോകം സമാ രോഹതി ।
അഗ്നി ർമൂർധാ ദിവഃ കകുദിത്യാഹ മൂർധാന മേ വൈനം
സമാനാനാം കരോത്യഥോ ദേവലോകാ ദേവ
മനുഷ്യ ലോകേ പ്രതിതിഷ്ഠതി । അയമിഹ പ്രഥമോ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധായിധാതൃഭിരിത്യാഹമുഖ്യമേവൈനം കരോതി ।
ഉഭാവാമിന്ദ്രാഗ്നി ആഹുവധ്യാഇത്യാഹൗജോബല–
മേവാവരുന്ധേ । അയം തേയോനിർഋത്വിയ ഇത്യാഹ
പശവോവൈരയിഃ പശൂനേവാവരുന്ധേ । ഷഡ്–
ഭിരുപതിഷ്ഠതേഷഡ്വൈഋതവഃ ഋതുഷ്വേവ
പ്രതിതിഷ്ഠതി । ഷഡ്ഭിരു ത്തരാഭിരുപതിഷ്ഠതേ
ദ്വാദശസമ്പദ്യന്തേ ദ്വാദശമാസാഃ സംവത്സരഃ ।
സംവത്സരഏവ പ്രതിതിഷ്ഠതി । യഥാവൈപുരുഷോ f–
ശ്വോഗൗർജീർയത്യേവമഗ്നിരാഹിതോജീർയതിസം–
വത്സരസ്യപുരസ്താദാഗ്നി പാവമാനീഭിരുപതിഷ്ഠതേ
പുനർനവമേവൈനമജരം കരോതി അഥോപുനാത്യേ–
വോപതിഷ്ഠതേ । യോഗഏവാ സ്യൈഷ ഉപതിഷ്ഠതേ
ദമഏവാസ്യൈഷ ഉപതിഷ്ഠതേ । യാച്ഞൈവാ–
സ്യൈഷോപതിഷ്ഠതേ യഥാപാപീയാൻ ശ്രേയസ
ആഹൃത്യനമസ്യന്തിതാദൃഗേവതദായുർദാ അഗ്നേ-
അസ്യായുമേർദേഹീത്യാഹ ആയുർദാഹ്യേഷവർചോദാ
അഗ്നേ അസിവർചോമേദേഹീത്യാഹവർചോദാഹ്യേഷ–
തനൂപാ അഗ്നേ f സിതനുവംമേപാഹീത്യാഹതനൂപാ–
ഹ്യേഷോ അഗ്നേ യന്മേതനുവാഊനം തന്മആപൃണേത്യാ
ഹയന്മേ പ്രജായൈ പശൂനാമൂനം തന്മആപൂരയേതിവാ
വൈതദാഹ । ചിത്രാവസോസ്വസ്തിതേപാരമശീ-
യേത്യാഹ । രാത്രിർവൈചിത്രാവസുരവ്യുഷ്ട്യൈവാ
ഏതസ്യൈപുരാബ്രാഹ്മണാ അഭൈഷുർവ്യുഷ്ടിമേവാ–
വരുന്ധേ । ഇന്ധാനാസ്ത്വാശതം ഹിമാഇത്യാഹശതായുഃ
പുരുഷഃ ശതേന്ദ്രിയ ആയുഷ്യേവേന്ദ്രിയേ പ്രതിതിഷ്ഠതി ।
ഏഷാവൈസൂർമികർണികാവത്യേതയാഹസ്മവൈ
ദേവാ അസുരാണം ശതതർഹാഃ സ്തൃംഹന്തിയദേതയാ
സമിധമാദധാതിവജ്രമേവൈതത് ശതഘ്നീംയജമാനോ
ഭ്രാതൃവ്യായപ്രഹരതി സ്തൃത്യാഅച്ഛംബട്കാരം ।
സംത്വമഗ്നേസൂർയസ്യവർചസാഗഥാഇത്യാഹൈത–
ത്ത്വമസീദമഹം ഭൂയാസമിതിവാവൈതദാഹത്വമഗ്നേ
സൂർയവർചാ അസീത്യാഹാശിഷമേവൈതാമാശാസ്തേ ।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അത്ഥം

സാമഗാനം ഇല്ലാതെ നടത്തുന്ന യാഗം യാഗമാകുന്നില്ല. “ഉപപ്രയന്ത അധ്വരം” ഇത്യാദി മന്ത്രം ചൊല്ലിയാൽ യജമാനനു് സാമഗാനം ചെയ്താലുണ്ടാകാവുന്ന ഫലം ലഭിക്കുന്നു. “ഉപപ്രയന്ത” ഇത്യാദി മന്ത്രത്തിൽ ഉള്ള “ഉപ” എന്ന പദം ചൊല്ലുന്നതു കൊണ്ടു് പ്രജകളും പശുക്കളും ഈ ഭൂലോകത്തെ പ്രാപിക്കുന്നു. യജമാനനും സന്താനങ്ങളോടും പശുക്കളോടും ഈ ലോകത്തെ പ്രാപിക്കുന്നു “അസ്യ പ്രത്നാമനുദ്യുതം” എന്ന മന്ത്രത്തിലുള്ള “പ്രത്നാ”പദത്തിനു് സ്വർഗ്ഗലോകം എന്നു് അത്ഥം ആണു്. ആ മന്ത്രം ചൊല്ലുന്നതു കൊണ്ടു് യജമാനൻ സ്വർഗ്ഗലോകത്തിൽ ആരോഹണം ചെയ്യുന്നു “അഗ്നിർമൂർധാ ദിവഃ കകുത് എന്ന മന്ത്രം ചൊല്ലുന്നതു കൊണ്ടു് യജമാനെ തുല്യരായ ആളുകളിൽ ശ്രേഷ്ഠനാക്കുന്നു. അനന്തരം ദേവ ലോകത്തിൽ നിന്നു് മനുഷ്യ ലോകത്തിൽ പ്രതിഷ്ഠയുള്ളവരായിത്തീരുന്നു. “അയമിഹ പ്രഥമോധായി ധാതൃഭിഃ” എന്ന മന്ത്രം ചൊല്ലുന്നതു നിമിത്തം യജമാനൻ എല്ലാസ്ഥലത്തും പ്രധാനി ആയിത്തീരുന്നു. “ഉഭാവാമിന്ദ്രാഗ്നീ ആഹുവധ്യൈ” എന്ന മന്ത്രം ചൊല്ലുന്നതു കൊണ്ടു് യജമാനനു് ഓജസ്സും ബലവും ലഭിക്കുന്നു. “അയം തേ യോനി ര്ഋത്വിയഃ” എന്ന മന്ത്രം ചൊല്ലുന്നതു കൊണ്ടു് യജമാനനു് പശുക്കൾ ലഭിക്കുന്നു. പശുക്കൾ ധനമാണല്ലോ. ‘ഉപ പ്രയന്തം ഇത്യാദി ആറു് മന്ത്രംചൊല്ലി അഗ്നിയെ ഉപസ്ഥാനം ചെയ്യുന്നതു കൊണ്ടു് യജമാനനു് ആറു ഋതുക്കളിലും പ്രതിഷ്ഠ ലഭിക്കുന്നു. ഋതുക്കൾ ആറാണു്. “അഗ്ന ആയൂംഷി” ഇത്യാദി ആറു മന്ത്രം ചൊല്ലി അഗ്നിയെ ഉപസ്ഥാനം ചെയ്യുന്നതു കൊണ്ടു് പന്ത്രണ്ടു മാസത്തിലും അഗ്നിയെ ഉപസ്ഥാനം ചെയ്താലുള്ള ഫലം ലഭിക്കുന്നു. പന്ത്രണ്ടു് മാസമാണു് ഒരു സംവത്സരം യജമാനനു് സംവത്സരം മുഴവനും പ്രതിഷ്ഠ ലഭിക്കുന്നു. മനുഷ്യനും കുതിരയും പശുവും ജര പ്രാപിക്കുന്നതു പോലെ അഗ്നിയും ജീർണ്ണിക്കുന്നു. ഒരു വർഷം കഴിയുമ്പോൾ അഗ്നി ദേവതയേയും പാവമാന ദേവതയേയും സംബന്ധിച്ച മന്ത്രങ്ങൾ ചൊല്ലി അഗ്നിയെ ആരാധിക്കുന്നു. അനന്തരം അഗ്നിയെ പുതിയതാക്കുന്നു. ഇതു് യജമാനനും അഗ്നിയുമായുള്ള ബന്ധം ഉണ്ടാക്കുന്നു. യജമായനു് ദാഹാദി ദോഷനിവാരണം ഉണ്ടാക്കുന്നു. ഇതു് യജമാനന്റെ അപേക്ഷ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യായി തന്നെ സംഭവിക്കുന്നു. ദരിദ്രനായ ഒരുത്തൻ തനിക്കു് എന്തെങ്കിലും കിട്ടുന്നതിനു് വേണ്ടി കാഴ്ച വെയ്ക്കാനുള്ള ദ്രവ്യവുമായി പ്രഭുവിൻെറ അടുക്കൽ ചെല്ലുന്നതു പോലെയാണു്. യജമാനൻ ചെയ്യുന്ന അഗ്ന്യാധാനം. "അയമിഹ പ്രഥമോധായി ധാതൃഭിഃ" എന്നു് അനിഷ്ട നിവാരണം. "അഥാനോ വർധയാ രായിം" എന്നു് യാച്ഞ "മന്ത്രം വോ ചേമാഗ്നയേ" എന്നു് ഉപായനം. പാപം ചെയ്തു കൊണ്ടു് ദരിദ്രനായിത്തീന്ന ഒരുത്തൻ വലിയ പ്രഭുവിനെ സമീപിച്ചു് നമസ്കരിക്കുന്നതു പോലെയാണു് യജമാനൻ ചെയ്യുന്ന അഗ്ന്യാധാനം. "ആയുർദാ അഗ്നേ ആയുർമേ ദേഹി" എന്ന മന്ത്രം ചൊല്ലുന്നതു കൊണ്ടു് യജമാനനു് ആയുസ്സു് ലഭിക്കുന്നു. "വർചോദാ അഗ്നേ വർചോ മേ ദേഹി" എന്ന മന്ത്രം ചൊല്ലുന്നതു കൊണ്ടു് അഗ്നി യജമാനനു് വർചസ്സു് നൽകുന്നു. "തനുപാ അഗ്നേ അസി തനുവം മേ പാഹി" എന്ന മന്ത്രം ചൊല്ലുന്നതു കൊണ്ടു് അഗ്നി യജമാനൻെറ ശരീരം രക്ഷിക്കുന്നു. യജമാനൻെറ സന്താനങ്ങളേയും പശുക്കളേയും രക്ഷിക്കുന്നു. "അഗ്നേ യദ്മേ തനുവാ ഊനം തദ്മേ ആ പൃണ യദ് മേ പ്രജായൈ പശൂനാം തദ്മേ ആ പൂരയ", എന്ന മന്ത്രം ചൊല്ലുന്നതു നിമിത്തം യജമാനൻെറ സന്താനങ്ങൾക്കും പശുക്കൾക്കും നന്മഉണ്ടാകുന്നു. "ചിത്രാവസോ"ഇത്യാദി മന്ത്രത്തിൽ "ചിത്രാവസു" എന്ന പദത്തിനു് രാത്രി എന്നാണർത്ഥം. പണ്ടു് ബ്രാഹ്മണർ രാത്രി കഴിഞ്ഞു് പ്രഭാതം ഉണ്ടാകാതെ വരുമോ എന്നു് വിചാരിച്ചു് പേടിച്ചു. "ചിത്രാവസോ പാരമശീയ" എന്ന മന്ത്രം ചൊല്ലിയതു കൊണ്ടു് പ്രഭാതം ഉണ്ടായി. "ഇന്ധാനാ സ്ത്വാ ശതം ഹിമാഃ" എന്ന മന്ത്രം ചൊല്ലുന്നതു കൊണ്ടു് യജമാനൻ ഇന്ദ്രിയ ശക്തിയോടുകൂടി നൂറു് സംവത്സരം ജീവിച്ചിരിക്കുന്നു. "ഇന്ധാനാസ്ത്വാ" ഇത്യാദി മന്ത്രം. ജ്വലിച്ചുകൊണ്ടിരിക്കുന്നതുംസുഷിരങ്ങളോടുകൂടിയതുമായ ആയുധത്തിനു് തുല്യമാണു്. ഈ മന്ത്രം ജപിച്ചതു കൊണ്ടു് ദേവന്മാർ ഒരു പ്രഹരം കൊണ്ടു് നൂറു് അസുരന്മാരെ കൊല്ലാൻ ശക്തിയുള്ളവരായി എന്നു് പ്രസിദ്ധമാണു്. അതു കൊണ്ടു് "ഇന്ധാനാസ്ത്വാ" ഇത്യാദി മന്ത്രം ചൊല്ലി അഗ്നിയിൽ സമിത്തു് സമ്പ്പിക്കുന്നതു കൊണ്ടു് യജ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാനൻ നൂറു് പേരെ കൊല്ലുന്ന മന്ത്രമാകുന്ന വജ്രായുധത്താൽ തൻെറ ശത്രുവിനെ പ്രഹരിക്കുന്നതു നിമിത്തം യജമാനനു് യാതൊരു പീഡയും ഉണ്ടാകുന്നില്ല. "സത്വം അഗ്നേ സൂർയസ്യ" എന്ന മന്ത്രവും "ഏതത് ത്വമസി" എന്നമന്ത്രവും ത്വമഗ്നേ സൂർയവർച്ചാ അസി" എന്ന മന്ത്രവും ചൊല്ലുന്നതു കൊണ്ടു് ആ മന്ത്രങ്ങളിൽ പറയുന്ന എല്ലാം ആശിസ്സുകളും യജമാനനു് ലഭിക്കുന്നു.

ഇതിസപ്തമോ ƒനുവാകഃ

അഥ അഷ്ടമോƒനുവാകഃ (ബ്രാഹ്മണം)

(ഈ പ്രപാഠകത്തിൽ ആറാമത്തെ അനുവാകത്തിലുള്ള മന്ത്രങ്ങളുടെ ബ്രാഹ്മണം)

സംഹിതാ–

സം പശ്യാമി പ്രജാ അഹമിത്യാഹ യാവന്ത ഏവ ഗ്രാമ്യാ പശവ സ്താ വാ നേവാ വരുന്ധേ । അംഭഃ സ്ഥാം ഭോവോ ഭക്ഷീയേ ത്യാഹാം ഭോഹ്യേതാ മഹഃ സ്ഥ മഹോ വോഭക്ഷീ യേത്യാഹ മഹോ ഹ്യേതാഃ സഹഃ സ്ഥ സഹോവോ ഭക്ഷീയേത്യാഹ സഹോഹ്യേതാ ഊർജഃ സ്ഥോർജംവോ ഭക്ഷീയേത്യാഹഊർജാഹ്യേതാഃ രേവതിരമധ്വമിത്യാഹപശവോ വൈരേവതീഃ പശൂനേവാത്മൻരമയതേ । ഇഹൈവസ്തേതോ മാപഗാതേത്യാഹധ്രുവാ ഏവൈനാ അനുപഗാഃ കുരുത ഇഷ്ടകചിദ്വാ അന്യോƒഗ്നിഃ പശുചിദന്യഃ സംഹിതാസിവിശ്വരൂപീരിതിവത്സമഭിമൃശത്യുപൈവേനം ധത്തേപശുചിതമേനംകുരുതേ । പ്രവാഏഷോƒസ്മാല്ലോകാച്ച്യവതേയആഹവനീയമുപതിഷ്ഠതേഗാർഹപത്യമുപതിഷ്ഠതേƒസ്മിന്നേവ ലോകേ പ്രതിതിഷ്ഠത്യഥോഗാർഹപത്യായൈവനിഹ്നുതേ । ഗായത്രീഭിരുപതിഷ്ഠതേ തേജോവൈഗായത്രി തേജഏവാത്മൻധത്തേ ƒഥോയദേതംതൃചമന്വാഹ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സന്തത്യൈ ॥ ഗാർഹപത്യംവാ അനുദ്വിപാദോവീരാഃ പ്രജായന്തേയഏവം വിദ്വാൻ ദ്വിപദാഭി ർഗാർഹപത്യ- മുപതിഷ്ഠതേ അസ്യവീരോജായതേ । ഊർജാവഃ പശ്യാമ്യൂർജാമാപശ്യതേത്യാഹാശിഷമേവൈതാ- മാശാസ്തേ । തത്സവിതുർവരേണ്യമിത്യാഹപ്രസൂത്യൈ । സോമാനം സ്വരണമിത്യാഹ സോമപീ- ഥമേവാവരുന്ധേകൃണുഹി ബ്രഹ്മണസ്പതഇത്യാഹ ബ്രഹ്മവർചസമേവാവരുന്ധേ । കദാചനസ്തരീ- രസീത്യാഹനസ്തരീം രാത്രിം വസതിയഏവം വിദ്വാനഗ്നിമുപതിഷ്ഠതേ ॥ പരിത്വാഗ്നേപുരം വയമിത്യാഹപരിധിമേവൈതം പരിദധാത്യസ്കന്ദായ ॥ അഗ്നേഗൃഹപതേ ഇത്യാഹയഥായജുരേവൈതത് । ശതംഹിമാഇത്യാഹശതംത്വാഹേമന്താനിന്ധീഷീയേതി വാവൈതദാഹ। പുത്രസ്യനാമഗൃഹ്ണാത്യന്നാദമേവൈനം കരോതി। താമാശിഷമാശാസേതന്തവേജ്യോതിഷ്മതീ- മിതി ബ്രൂയാദ്യസ്യപുത്രോ ƒ ജാതഃ സ്യാത്തേജസ്യേ- വാസ്യബ്രഹ്മ വർചസ്വീപുത്രോജായതേതാമാശിഷമാശാ സേഅമുഷ്മൈ ജ്യോതിഷ്മതീമിതി ബ്രൂയാദ്യസ്യപു- ത്രോജാതഃ സ്യാത്തേജഃ ഏവാസ്മിൻബ്രഹ്മവർചസംദ- ധാതി ॥

അർത്ഥം

"സംപശ്യാമി പ്രജാഅഹം" എന്ന മന്ത്രം ചൊല്ലുന്നതു കൊണ്ടു് ഗ്രാമങ്ങളിൽ വളർത്തുന്ന മൃഗങ്ങൾ ഏതെല്ലാ മുണ്ടോ അവയെല്ലാം യജമാനനു് ലഭിക്കുന്നു. പശുക്കൾ അംഭസ്സു് ആയതുകൊണ്ടു് "അംഭഃസ്ഥ അംഭോവോ ഭക്ഷിയ" എന്ന മന്ത്രം ചൊല്ലുന്നു. പശുക്കൾ മഹസ്സു് ആയതുകൊണ്ടു് "മഹഃ സ്ഥമഹോവോ ഭക്ഷിയ" എന്ന മന്ത്രംചൊല്ലുന്നു. പശു ക്കൾ സഹം ആയതുകൊണ്ടു് "സഹഃസ്ഥസഹോവോഭക്ഷിയ" എന്ന മന്ത്രംചൊല്ലുന്നു. പശുക്കൾ ഊർജമായതുകൊണ്ടു് "ഊർജഃസ്ഥഊർജോവോ ഭക്ഷിയ" എന്ന മന്ത്രം ചൊല്ലുന്നു. "രേവതീ" എന്നു പറയുന്നതു് പശുക്കൾ ആകുന്നു. "രേവതീ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രമധ്വം'' എന്നു് മന്ത്രം ചൊല്ലുന്നതുകൊണ്ടു് യജമാനൻ സ്വഗൃഹത്തിൽ പശുക്കളുടെ സമൃദ്ധികൊണ്ടു് സന്തോഷിക്കുന്നു. ''ഇഹൈവസ്ഥേതോമാപഗാത'' എന്ന മന്ത്രം ചൊല്ലുന്നതുകൊണ്ടു് പശുക്കൾ യജമാനന്റെ ഗൃഹത്തിൽ സ്ഥിരമായിരിക്കുന്നു. യജമാനന്റെ ഗൃഹത്തിൽനിന്നു് മററൊരു സ്ഥലത്തേയ്ക്കു് പോകുന്നില്ല. ചിലർ പുരോഡാശം ഹവിസ്സു് മുതലായവ കൊണ്ടു് അഗ്നിയെ ആരാധിക്കുന്നു. വേറെചിലർ മൃഗങ്ങളുടെ അവയവങ്ങൾ ഹോമംചെയ്തു് അഗ്നിയെ ആരാധിക്കുന്നു അവക്കു രണ്ടുപേക്കും ഫലം തുല്യമാണു്. ''സംഹിതാസിവിശ്വരൂപീഃ'' എന്ന മന്ത്രം ചൊല്ലി പശുവിന്റെ കുട്ടിയെതലോടുന്നു. അപ്രകാരം ചെയ്യുന്നതുകൊണ്ടു് അഗ്ന്യാരാധന ചെയ്തഫലം ലഭിക്കുന്നു. ആ യജമാനനു് പശുമേധം ചെയ്തു് യാഗം കഴിച്ചഫലം ലഭിക്കുന്നു. ആഹവനീയാഗ്നിയെ ആരാധിക്കുന്നവൻ ഈ ലോകത്തിൽനിന്നു് പ്രച്യുതനാകുന്നു. ഗാർഹപത്യാഗ്നിയെ ആരാധിക്കുന്നവൻ ഈ ലോകത്തിൽ ഉറച്ചിരിക്കുന്നു അതുകൊണ്ടു് ഗാർഹപത്യാഗ്നിയെ ആരാധിക്കുന്നു ''ഉപതാഗ്നേ'' ഇത്യാദിഗായത്രിഛന്ദസ്സിൽ രചിച്ച മന്ത്രങ്ങളാൽ അഗ്നിയെ ആരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ ഗായത്രിഛന്ദസ്സിൽ രചിച്ചമന്ത്രം തേജസ്സാകുന്നു. അതുകൊണ്ടു് ആ മന്ത്രം ചൊല്ലുന്നവനു് തേജസ്സു് തീർച്ചയായുംലഭിക്കും. സന്താനങ്ങൾ ഉണ്ടാകാനും അവക്കുമംഗളത്തിനും വേണ്ടി ''ഉപതാഗ്നേ'' ഇത്യാദിഗായത്രിഛന്ദസ്സിലുള്ള മന്ത്രം ചൊല്ലുന്നു. ശാർഹപത്യാഗ്നിയെ ആരാധിക്കുന്നതിനെത്തുടന്നു വീരന്മാരായ പുത്രന്മാർ ജനിക്കുന്നു. ''അഗ്നേതപം'' ഇത്യാദി മന്ത്രങ്ങൾ ചൊല്ലി ഗാർഹപത്യാഗ്നിയെ ആരാധിക്കുന്നു ആ യജമാനനു് വീരനായ പുത്രൻ ജനിക്കുന്നു. ഊർജാവഃ പശ്യാമൂർജാമാപശ്യത,, എന്ന മന്ത്രം ചൊല്ലുന്നതുകൊണ്ടു് ആ മന്ത്രത്തിൽ പറഞ്ഞിരിക്കുന്ന ആശിസ്സു് യജമാനനു് ആശംസിക്കുന്നു. ''തത്സവിതുർവരേണ്യം'' എന്ന മന്ത്രംചൊല്ലുന്നതു് സന്താന ലാഭത്തിനു്വേണ്ടിയാണു്. ''സോമാനംസ്വരണം'' ഇത്യാദി മന്ത്രം ചൊല്ലുന്നതുകൊണ്ടു് സോമയാഗം കഴിച്ച ഫലം ലഭിക്കുന്നു. കൃണഹിബ്രഹ്മണസ്പതേ'' എന്ന മന്ത്രം ചൊ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ല്ലുന്നതുകൊണ്ടു് ബ്രഹ്മവർച്ചസ്സ് ഉണ്ടാകുന്നു. "കദാചനസ്തരീരസി" ഇത്യാദിമന്ത്രം ചൊല്ലി അഗ്നിയെ ആരാധിക്കുന്നവനു് രാത്രിയിൽ യാതൊരു വിധത്തിലുള്ള പീഡയും ഉണ്ടാകുന്നില്ല, "പരിത്വാഗ്നേപുരംവയം" എന്ന മന്ത്രം ചൊല്ലുന്നതു് അഗ്നി ഉദ്ദേശിച്ച സ്ഥലത്തുനിന്നു് മാറാതിരിക്കുന്നതിനു്വേണ്ടിയാണു്, ഈ മന്ത്രം അഗ്നിയുടെ പരിധിയായി തീരുന്നു. "അഗ്നേഗൃഹപതേ" എന്ന മന്ത്രം ചൊല്ലുന്നു. അതിനു് വിശേഷ വിധിയായി ഒന്നും പറയാനില്ല. "ശതം ഹിമാ" എന്നോ "ശതം ഹേമന്താൻ" എന്നോ മന്ത്രം ചൊല്ലണമെന്നു് പറഞ്ഞിരിക്കുന്നതുകൊണ്ടു് ഈ പ്രകരണത്തിൽ ഹിമപദത്തിനു് "ഹേമന്തഋതു" എന്നാണു് അർത്ഥം എന്നു പറയുന്നു. "തന്തവേ" എന്നു തുടങ്ങുന്ന മന്ത്രത്തോടുകൂടി യജമാനൻ തൻെറ പുത്രൻെറ പേരുകൂടി ചേർത്തു് ചൊല്ലണം. അപ്രകാരം ചെയ്താൽ യജമാനൻെറ പുത്രനു് സുഭിക്ഷതലഭിക്കും. ജനിക്കാൻ പോകുന്ന സന്താനങ്ങൾക്കും ആശിസ്സുകൾ ആശംസിക്കുന്നു. പുത്രനോടുകൂടിയിരിക്കുന്ന യജമാനൻ "ജ്യോതിഷ്മതീം" എന്നുതുടങ്ങുന്ന മന്ത്രം ചൊല്ലണം. അപ്രകാരം മന്ത്രം ചൊല്ലുന്നവൻെറ പുത്രൻ തേജസ്സോടും ബ്രഹ്മവർചസ്സോടുംകൂടിയവനായിത്തീരുന്നു. ആ പുത്രനു് മന്ത്രത്തിൽ പറഞ്ഞിരിക്കുന്ന ആശിസ്സുകൾ എല്ലാം ലഭിക്കുന്നു. "ജ്യോതിഷ്മതീം" ഇത്യാദിമന്ത്രം ചൊല്ലുന്നതുകൊണ്ടു് യജമാനൻെറ സന്താനങ്ങൾക്കെല്ലം തേജസ്സും ബ്രഹ്മവർചസ്സും ഉണ്ടാകുന്നു.

ഇതിഅഷ്ടമോ ƒ നുവാകഃ

അഥനവമോ ƒ നുവാകഃ (ബ്രാഹ്മണം)

(ഈ അനുവാകത്തിൽ ഉപസ്ഥാന മന്ത്രങ്ങൾ അഗ്നിഹോത്രത്തിൻെറ അംഗമാണെന്നു് വിവരിക്കുന്നു)

സംഹിതാ—

അഗ്നി ഹോത്രം ജുഹോതി യദേവകിഞ്ച യജമാനസ്യ
സ്വം തസ്യൈവ തത്, രേതഃ സിഞ്ചതി പ്രജനനേ
പ്രജനനം ഹിവാ അഗ്നി രഥൌഷധീരന്ത ഗതാദഹതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

താസ്തതോ ഭൂയസീഃ പ്രജായന്തേ । യത്സായം ജുഹോതി
രേത ഏവ തത്സിഞ്ചതി പ്രൈവ പ്രാതസ്തനേന ജനയതി
തത്, രേതഃ സിക്തം നത്വഷ്ട്രാഽവികൃതം പ്രജായതേ
യാവച്ഛോവൈ രേത സഃ സിക്തസ്യ ത്വഷ്ടാ രൂപാണി
വികരോതി താവച്ഛോവൈ തത് പ്രജായതേ । ഏഷ
വൈ ദൈവ്യസ്ത്വഷ്ടായോ യജതേ ബഹ്വീഭിരുപതിഷ്ഠതേ
രേതസ ഏവ സിക്തസ്യ ബഹുശോരൂപാണി
വികരോതി। സപ്രൈവജായതേ ശ്വഃ ശ്വോ ഭൂയാൻഭവതി
ഏവം വിദ്വാനഗ്നിമുപതിഷ്ഠതേ । അഹർ ദേവാനാമാസീ-
ദ്രാത്രിരസുരണാം തേഽസുരായ ദ്ദേവാനം വിത്തം വേദ്യ-
മാസീത്തേന സഹരാത്രിം പ്രാവിശന്തേ ദേവാ ഹീനാ
അമന്യന്ത തേഽപശ്യന്നാഗ്നേയീരാത്രിരാഗ്നേയാഃ
പശവഃ ഇമമേവാഗ്നിം സ്തവാമ സനഃ സ്തുതഃപശൂൻ
പുനർദാസ്യതീതി തേഽഗ്നിമസ്തുവൻ സ ഏഭ്യഃസ്തുതോ
രാത്രിയാഅധ്യഹരഭിപശൂൻനിരാർജത്തേദേവാഃ
പശൂൻവിത്വാകാമാം അകുർവതയഏവം വിദ്വാനഗ്നിമുപ-
തിഷ്ഠതേപശുമാൻഭവതി । ആദിത്യോവാഅസ്മാല്ലോകാ
ദമും ലോകമൈത് । സോഽമുംലോകംഗത്വാപുനരിമം-
ലോകമധ്യായത്സഇമം ലോകമാഗത്യമൃത്യോരബിഭേത് ।
മൃത്യുസംയുത ഇവഹ്യയം ലോകഃ സോമന്യതേമമേവാഗ്നിം
സ്തവാനിസമാസ്തുതഃ സുവർഗം ലോകം ഗമയിഷ്യതീതി।
സോഽഗ്നിമസ്തൗത്സ ഏനംസ്തുതഃ സുവർഗം ലോകമഗമ-
യദ്യ ഏവംവിദ്വാനഗ്നിമുപതിഷ്ഠതേസുവർഗമേവ ലോക-
മേതി സർവ്വമായുരേതി. ॥ അഭിവാ ഏഷോഽഗ്നീആരോ
ഹതിയഏനാവുപതിഷ്ഠതേ യഥാഖലുവൈശ്രേയാനഭ്യാ-
രൂഢഃകാമയതേതഥാകരോതി। നക്തമുപതിഷ്ഠതേനപ്രാതഃ
സംഹിനക്തംവ്രതാനി സൃജ്യന്തേസഹശ്രേയാംശ്ചപാ-
പീയാംശ്ചാസാതേ ജ്യോതിർവാ അഗ്നിസ്തമോരാത്രിർ-
യന്നക്തമുപതിഷ്ഠതേജ്യോതിഷൈ വതമസ്തരതി ।
ഉപസ്ഥേയോഽഗ്നീ. നോപസ്ഥേയഇത്യാഹുർമനുഷ്യാ
യേനൈവയോഽഹരഹരാഹൃത്യാഥൈനം യാചതി
സഇനൈവതമുപാർച്ഛത്യഥകോദേവാനഹ-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രഹർയാചിഷ്യതീതിതസ്മാന്നോപസ്ഥേയഃ ।
അഥോഖലവാഹുരാശിഷേ വൈകം യജമാനോയജത
ഇത്യേഷാഖല്വൈ ആഹിതാഗ്നേരാശീർയദഗ്നിമുപ-
തിഷ്ഠതേതസ്മാദുപസ്ഥേയഃ । പ്രജാപതിഃപശൂന-
സൃജതതേസൃഷ്ടാഅഹോരാത്രേപ്രാവിശന്താഞ്-
ഛന്ദോഭിരന്വവിന്ദദ്യച്ഛന്ദോഭിരുപതിഷ്ഠതേ
സ്വമേവതദന്വിച്ഛതി । നതത്രജാമ്യസ്തീത്യാഹുർ
യോ f ഹരഹരുപതിഷ്ഠതേ । യോവാഅഗ്നിം
പ്രത്യങ് ഉപതിഷ്ഠതേ പ്രത്യേനമോഷ തിയഃപരാങ്
വിഷ്വങ് പ്രജയാപശുഭിരേതി കവാതിർയങ്ങിവോ
പതിഷ്ഠതേനൈനം പ്രത്യോഷതിനവിഷ്വങ്
പ്രജയാപശുഭിരേതി ।

അർത്ഥം

അഗ്നിയിൽ ഹോമിക്കുന്ന ദ്രവ്യങ്ങൾ യജമാനനു് തിരി യെ കിട്ടുന്നു. രേതസ്സേചനം നിമിത്തം സന്താനം ഉണ്ടാകുന്നതു പോലെ അഗ്നിയിൽ ഹോമിക്കുന്ന ദ്രവ്യം പ്രകാരാന്തരേണ യജമാനനു് ലഭിക്കുന്നു, അല്ലെങ്കിൽ അഗ്നി സന്താനോത്പാദ നത്തിനു് നിമിത്തമാണു്. അഗ്നി വേനൽ കാലത്തിൽ ഓഷ ധികളെ ദഹിപ്പിക്കുന്നു. അനന്തരം ആ ഓഷധികൾ ധാരാള മായി മുളച്ചു വരുന്നു. വേനൽക്കാലത്തു കാട്ടുതീയിൽ ദഹിച്ചു പാകുന്ന ഓഷധികൾ മഴക്കാലത്തു മുളച്ചു വരുന്നതു പോലെ. അഗ്നിയിൽ ഹോമിച്ച ദ്രവ്യങ്ങൾ യജമാനനു് മറെറാരു പ്രകാര ത്തിൽ ലഭിക്കുന്നു. സായങ്കാലത്തിൽ അഗ്നിയിൽ ഹോമം ചെയ്യുന്നതു് രേതഃ സേചനം പോലെയാണു്. അടുത്ത ദിവസം പ്രാതഃ കാലത്തിൽ ഹോമം ചെയ്യുന്നതു് സന്താനം ജനിക്കുന്നതു പോലെയാണു്. (സായങ്കാല ഹോമം രേതസ്സേചനം പോലെ യും പ്രാതഃ കാലഹോമം സന്താനത്തിൻെറ ജനനം പോലെയും യജമാനനു് ലാഭം ഉണ്ടാക്കിക്കൊടുക്കുന്നു.) സേചനം ചെയ്യപ്പെട്ട രേതസ്സു് ത്വഷ്ടാ എന്ന ദേവ ശില്പിയാൽ രൂപഭേദങ്ങൾ ഉണ്ടാ ക്കപ്പെടുന്നില്ലെങ്കിൽ പ്രജാരൂപത്തിൽ ജനിക്കുന്നില്ല. സേ ചനം ചെയ്യപ്പെട്ട രേതസ്സിൻെറ എത്ര രൂപങ്ങൾ ത്വഷ്ടാവു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിർമ്മിക്കുന്നുവോ അത്ര എണ്ണം ജനനം ഉണ്ടാകുന്നു. യാഗം ചെയ്യുകയും അനേകം മന്ത്രങ്ങളാൽ അഗ്നിയെ ആരാധിക്കുകയും ചെയ്യുന്ന യജമാനൻ ദേവന്മാരാൽ അനുഗ്രഹിക്കപ്പെട്ട ത്വഷ്ടാവാണ്. ആ യജമാനൻ സേചനം ചെയ്യപ്പെട്ട രേതസ്സിന്റെ അനേക രൂപങ്ങൾ നിർമ്മിക്കുന്നു. വിദ്വാനായ യാതൊരുത്തൻ ഇപ്രകാരം മന്ത്രങ്ങൾ ചൊല്ലി അഗ്നിയെ സ്തുതിച്ച് ആരാധിക്കുന്നു. ആ യജമാനൻ ഓരോ ദിവസം കഴിയുന്തോറും സന്താനം സമ്പത്ത് എന്നിവയിൽ തീർച്ചയായും അഭിവൃദ്ധി പ്രാപിക്കും. ദേവന്മാരുടെ പകൽ സമയം അസുരന്മാർക്ക് രാത്രിയായി ഭവിച്ചു. ആ അസുരന്മാർ ദേവന്മാക്ക് ലഭിച്ചതും ലഭിക്കാവുന്നതുമായ ധനം എടുത്തു കൊണ്ട് ഇരുട്ടിൽ മറഞ്ഞു. ആ ദേവന്മാർ ദ്രവ്യം നഷ്ടപ്പെട്ടതിനെപ്പററി ചിന്തിച്ചു. അവർ മനസ്സിലാക്കി. രാത്രി അഗ്നിയെ സംബന്ധിച്ചതാണ്. പശുക്കളും അഗ്നിയെ സംബന്ധിച്ചതാണ്. ഈ അഗ്നിയെത്തന്നെ സ്തുതിക്കാം. സ്തുതിക്കപ്പെട്ട അഗ്നി പശുക്കളെ ഞങ്ങൾക്ക വീണ്ടും നൽകും എന്ന് വിചാരിച്ച് അവർ അഗ്നിയെ സ്തുതിച്ചു. സ്തുതിക്കപ്പെട്ട അഗ്നി പശുക്കളെ രാത്രിയിൽ നിന്ന് വീണ്ടെടുത്ത് അവക്ക് നൽകി. ദേവന്മാർ പശുക്കളെ ലഭിച്ചതു കൊണ്ട് സുഖം അനുഭവിച്ചു. യാതൊരുത്തൻ ഇതു മനസ്സിലാക്കി അഗ്നിയെ ആരാധിക്കുന്നുവോ അവൻ പശുക്കളോടുകൂടിയവനായിത്തീരും. ആദിത്യൻ ഈ ലോകത്തിൽ നിന്ന് മറെറാരു ലോകത്തിലേക്ക് പോയി ഈ ലോകത്തെപ്പററി വിചാരിച്ചു. ആ ആദിത്യൻ ഈ ലോകത്തിലേയ്ക്ക് വന്ന് മൃത്യുവിനെ പേടിച്ചു. ഈ ലോകം മരണത്തോടുകൂടിയതാണല്ലോ! ഈ അഗ്നിയെത്തന്നെ ഞാൻ സ്തുതിക്കാം എന്ന് ആദിത്യൻ വിചാരിച്ചു. സ്തുതനായ അഗ്നി എന്നെ സ്വർഗ്ഗലോകത്തിലേയ്ക്ക് കൊണ്ടു പോകും. ആദിത്യൻ അഗ്നിയെ സ്തുതിച്ചു. സ്തുതിക്കപ്പെട്ട അഗ്നി ആദിത്യനെ സ്വർഗ്ഗലോകത്തിലേക്കയച്ചു. വിദ്വാനായ യാതൊരുത്തൻ ഈ ഉപസ്ഥാന മന്ത്രങ്ങൾ ചൊല്ലി അഗ്നിയെ ആരാധിക്കുന്നുവോ അവൻ സ്വർഗ്ഗലോകത്തിലേക്ക് തന്നെ പോകും. അവന് പൂർണ്ണമായ ആയുസ്സും ലഭിക്കും. ആ ഹവനീയാഗ്നിയേയും ഗാർഹപത്യാഗ്നിയേയും ആരാധിക്കുന്നവൻ അവയെ സ്വാധീനമാ-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്കുന്നു. ദരിദ്രനായിരുന്നു് ക്രമേണ ഉയൎന്നു് സമ്പന്നനായി ത്തീരുന്ന ഒരുത്തൻ തന്റെ ആഗ്രഹം അനുസരിച്ചു് പ്രവൎത്തിക്കു ന്നതുപോലെ അഗ്നിയെ ആരാധിക്കുന്നവനു് അവന്റെ ഇഷ്ടാനു സരണം കാര്യങ്ങൾ നടക്കുന്നു. രാത്രിയിൽ അഗ്നിയെ ആരാ ധിക്കുന്നു. രാവിലെ ആരാധിക്കുന്നില്ല. രാത്രിയിൽ വ്രത ങ്ങൾ സങ്കീൎണ്ണങ്ങളായി തീരുന്നു. അതു കൊണ്ടു് ശ്രേയസ്സോടു കൂടിയവനും പാപത്തോടുകൂടിയവനും ആയിത്തീരുന്നു. അല്ലെ ങ്കിൽ അഗ്നിജ്യോതിസ്സാണു്. രാത്രി ഇരുട്ടാണു്. രാത്രിയിൽ ആരാധിക്കുന്നതു നിമിത്തം അഗ്നിയുടെ പ്രകാശം കൊണ്ടു തന്നെ ദോഷങ്ങൾ ഇല്ലാതെയാകുന്നു. (ഈ പ്രകരണം കൊണ്ടു് രാത്രിയിൽ അഗ്നിയെ ആരാധിക്കാമോ എന്നു് ചിന്തിച്ചിരി ക്കുന്നു. ആരാധിക്കരുതു് എന്നുള്ള പൂൎവ്വ പക്ഷം കാണിച്ചു് അതിനു് സമാധാധവും പറഞ്ഞിരിക്കുന്നു. രാത്രിയിലും അഗ്നി യെ ആരാധിക്കാം എന്നാണു സിദ്ധാന്തം)

അഗ്നി ആരാധിക്കപ്പെടേണ്ടവൻ ആണെന്നു് ചിലരും അല്ലെന്നു് ചിലരും പറയുന്നു. എല്ലാദിവസവും ഉപായന ങ്ങൾ സമൎപ്പിച്ചു് പ്രഭുവിനോടു് തനിക്കു് എന്തെങ്കിലും തരണം എന്നു് അപേക്ഷിക്കുന്നതു് പ്രഭുവിനെ പീഡിപ്പി ക്കുകയാണു്. ആരാണു് എല്ലാ ദിവസവും എന്തെങ്കിലും സമൎ പ്പിച്ചു് ധനാദികൾ യാചിക്കുന്നതു് ? അതുകൊണ്ടു് അഗ്നി ആരാധിക്കപ്പെടേണ്ടവനല്ല (എന്നാണു് ചിലരുടെ അഭിപ്രാ യം) എന്നാൽ പരമാൎത്ഥം ഇപ്രകാരമാണെന്നു് പറയുന്നു. യജ മാനൻ തന്റെ ആഗ്രഹങ്ങൾ സാധിക്കുന്നതിനു് വേണ്ടിയാണ ല്ലോ പ്രജാപതിക്കു് തുല്യനായ അഗ്നിയെ പ്രീതിപ്പെടു ത്താൻ യാഗാദികൾ നടത്തുന്നതു്. അഗ്നികാൎയ്യം ചെയ്യുന്ന ആളിന്റെ വിചാരം ഇതാണു്. അതു കൊണ്ടു് അഗ്നി ആ രാധിക്കപ്പെടേണ്ടവനാണു്.

പ്രജാപതി പശുക്കളെ സൃഷ്ടിച്ചു. സൃഷ്ടിക്കു് ശേഷം അവ അഹൎദേവതയാലും രാത്രി ദേവതയാലും മറയ്ക്കപ്പെട്ടു. അപ്ര കാരം നഷ്ടപ്പെട്ടപശുക്കൾ ഛന്ദസ്സുകളുടെ സഹായത്താൽ ലബ്ധമായി. യാതൊരുത്തൻ ഛന്ദസ്സുകളാൽ അഗ്നിയെ ആ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാധിക്കുന്നുവോ അവന് നഷ്ടപ്പെട്ട ധനം വീണ്ടും ലഭിക്കും. എല്ലാദിവസവും അഗ്നിയെ ആരാധിക്കുന്നവന് ഒരു കാർയ്യത്തിലും ആലസ്യം ഉണ്ടാവുകയില്ല. പ്രത്യങ്മുഖമായി അഗ്നിയെ ഉപസ്ഥാനം ചെയ്യുന്നവനെ അഗ്നിപ്രതികൂലമായി ബാധിക്കുന്നു. യാതൊരുത്തനാണോ പരാങ്മുഖനായി അഗ്നിയെഉപസ്ഥാനം ചെയ്യുന്നത് അവൻെറ സന്താനങ്ങൾക്കും പശുക്കൾക്കും നാശമുണ്ടാകുന്നു. യാതൊരുത്തൻ അല്പം തിർയങ്മുഖനായി ഉപസ്ഥാനം ചെയ്യുന്നു അവനെ അഗ്നിപീഡിപ്പിക്കുന്നില്ല. അവൻെറ സന്താനങ്ങൾക്കും പശുക്കൾക്കും നാശം ഉണ്ടാകുന്നില്ല

ഇതിനവമോ ƒ നുവാകഃ

അഥദശമോƒനുവാകഃ (മന്ത്രം)

സംഹിതാ-

മമനാമ പ്രഥമംജാതവേദഃ പിതാമാതാച
ദധതുർയദഗ്രേ। തത്ത്വം ബിഭൃഹിപുനരാ-
മദൈതോസ്തവാഹംനാമ ബിഭരാണ്യഗ്നേ।
മമനാമതവചജാതവേദോവാസസീഇവ
വിവസാനൗയേചരാവഃ। ആയുഷേത്വം
ജീവസേവയംയഥായഥം വിപരിദധാ-
വഹൈപുനസ്തേ। നമോ ƒ ഗ്നയേ ƒ പ്രതി-
ഷിദ്ധായ നമോ ƒ നാധൃഷ്ടായനമഃ സമ്രാജേ।
അഷാഢഃഅഗ്നിർബൃഹദ്വയാവിശ്വജിത്സ-
ഹന്ത്യഃ ശ്രേഷ്ഠോഗന്ധർവഃ। ത്വത്പിതാരോ
അഗ്നേദേവാസ്ത്വാമാഹുതയസ്ത്വദ്വിവാചനാഃ
സംമാമായുഷാസംഗൗപത്യേനസുഹിതേ
മാധാഃ। അയമഗ്നിഃ ശ്രേഷ്ഠതമോ ƒ യംഭഗ
വത്തമോ ƒ യംസഹസ്രസാതമഃ। അസ്മാഅസ്തു
സുവീർയം। മനോജ്യോതിർജുഷതാമാജ്യം
വിച്ഛിന്നംയജ്ഞം സമിമംദധാതു। യാഇഷ്ടാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉഷസോ നിമ്രുച ശ്ചതാഃ സംദധാമിഹവിഷാ
ഘൃതേന । പയസ്വതീരോഷധയഃ പയസ്വദ്വീരുധാം
പയഃ അപാം പയസോയത്പയസ്തേന മാമിന്ദ്രസംസൃജ।
അഗ്നേ വ്രതപതേ വ്രതം ചരിഷ്യാമിതച്ഛകേയം തന്മേ–
രാധ്യതാം । അഗ്നിം ഹോതാരമിഹതം ഹുവേ ദേവാൻ
യജ്ഞിയാൻ ഇഹയാൻ ഹവാമഹേ । ആയന്തു
ദേവാഃ സുമന സ്യമാനാഃ വിയന്തു ദേവാ
ഹവിഷോമേ അസ്യ । കുസ്ത്വായുനക്തി സത്വാ യുനക്തു।
യാനി ഘർമേ കപാലാന്യുപ ചിന്വന്തിവേ ധസഃ ।
പൂഷ്ണസ്താന്യപിവ്രത ഇന്ദ്രവായൂ വിമുഞ്ചതാം । അഭിന്നോ–
ഘർമോ ജീരദാനർയത ആത്തസ്തദഗൻ പുനഃ। ഇധ്മോ
വേദിഃ പരിധയശ്ച സർവ്വേ യജ്ഞ സ്യായുരനു സംച
രന്തി। ത്രയ സ്ത്രീം ശത്തന്തവോ യേവിതത്നിരേ
യ ഇമം യജ്ഞം സ്വധയാ ദദന്തേ । തേഷാം ഛിന്നം
പ്രത്യേതദ്ദധാമി സ്വാഹാഘർമോ ദേവാം അപ്യേതു ॥

പദച്ഛേദം

മമ നാമ പ്രഥമം ജാതവേദഃ പിതാ മാതാ ച ദധതുഃ യദ് അഗ്രേ തത് ത്വം ബിഭൃഹി പുനഃ ആ മദൈതഃ തവ അഹം നാമ ബിഭരാണി അഗ്നേ മമ നാമ തവ ച ജാതവേദഃ വാസസീ ഇവ വിവസാനൗ യേ ചരാവഃ ആയുഷേ ത്വം ജിവസേ വയം വി പരി ദധാവഹൈ പുനഃ തേ നമഃ അഗ്നയേ ,അപ്രതിഷിദ്ധായ നമഃ അനാധൃഷ്ടായ നമഃ സമ്രാജേ അഷാഢഃ അഗ്നിഃ ബൃഹദ്വയാഃ വിശ്വജിത് സഹന്ത്യഃ ശ്രേഷ്ഠഃ ഗന്ധർവഃ ത്വത്പിതാരഃ അഗ്നേ ദേവാഃ ത്വാം ആഹുതയഃ ത്വദ്വിവാചനാഃ സം മാം ആയുഷാ സം ഗൗപത്യേന സുഹിതേ മാ ധാഃ അയം അഗ്നിഃ ശ്രേഷ്ഠതമഃ അയം ഭഗവത്തമഃ അയം സഹസ്രസാതഃ അസ്മൈ അസ്തു സുവീർയം മനഃ ജ്യോതിഃ ജുഷതാം ആജ്യം വിച്ഛിന്നം യജ്ഞം സം ഇമം ദധാതു യ ഇഷ്ടാ ഉഷസഃ നിം രുചഃ ച താഃ സം ദധാമി ഹവിഷാ ഘൃതേന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പയസ്വതീഃ ഓഷധയഃ പയസ്വദ് വീരുധാം പയഃ അപാം പയസഃ യത് പയഃ തേന മാം ഇന്ദ്ര സം സൃജ അഗ്നേ വ്രതപതേ വ്രതം ചരിഷ്യാമി തത് ശകേയം തദ് മേ രാധ്യതാം അഗ്നിം ഹോതാരം ഇഹ തം ഹുവേ ദേവാൻ യജ്ഞിയാൻ ഇഹ യാൻ ഹവാമഹേ ആ യന്തു ദേവാഃ സുമനസ്യമാനാഃ വിയന്തു ദേവാഃ ഹവിഷഃ മേ അസ്യ കഃ ത്വാ യുനക്തി സഃ ത്വാ യുനക്തു യാനി ഘർമ്മേ കപാലാനി ഉപ ചിന്വന്തി വേധസഃ പൂഷ്ണഃ താനി അപി വ്രതേ ഇന്ദ്രവായൂ വി മുഞ്ചതാം അഭിന്നഃ ഘർമഃ ജീരദാനുഃ യതഃ ആത്തഃ തദ് അഗൻ പുനഃ ഇധ്മഃ വേദിഃ പരിധയഃ ച സർവ്വേ യജ്ഞസ്യ ആയുഃ അനു സം ചരന്തി ത്രയസ്ത്രിംശത് തന്തവഃ യേ വിതത്നിരേ യഃ ഇമം യജ്ഞം സ്വധയാ ദദന്തേ തേഷാം ഛിന്നം പ്രതി ഏതദ് ദധാമി സ്വാഹാ ഘർമഃ ദേവാൻ അപി ഏതു ॥

മന്ത്രവും വിനിയോഗവും അർത്ഥവും

1 മമനാമപ്രഥമംജാതവേദഃ
പിതാമാതാചദധതുർയദഗ്രേ ।
തത്ത്വം ബിഭൃഹിപുനരാമദൈതോ-
സ്തവാഹംനാമബിഭരാണ്യഗ്നേ ॥

ഇതു മുതൽ അഞ്ചു് മന്ത്രം ചൊല്ലി അഗ്നിയെ ഉപസ്ഥാനം ചെയ്യുന്നു.

ഹേജാതവേദഃ അഗ്നേ ! = എല്ലാം അറിയുന്ന അല്ലയോ അഗ്നേ ! പിതാമാതാച = അച്ഛനും അമ്മയും, മമ = എനിക്കു്, പ്രഥമം = ആദ്യമായി, യദ്നാമ ദധതുഃ = യാതൊരുപേരാണോനൽകിയതു്, തത് = ആനാമധേയം, പുനഃ ആ മദൈതഃ = വീണ്ടും ഞാൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മടങ്ങിവരുന്നതുവരെ, ത്വംബിഭൃഹി = അങ്ങ് ധരിച്ചാലും അഹം = ഞാൻ, തവനാമ = അങ്ങയുടെ പേര് ബിഭരാണി = ധരിച്ചുകൊള്ളാം. (അല്ലയോ അഗ്നിഭഗവാനേ ! അങ്ങ് യാതൊരു വൈകല്യവുംകൂടാതെ എൻെറ ഗൃഹത്തിൽ ഇരുന്നാലും ഞാൻ അങ്ങയുടെ പേരോടുകൂടി വിദേശത്തിൽ സഞ്ചരിക്കാം. അങ്ങയുടെ നാമത്തിൻെറ ശക്തി കൊണ്ട് എനിക്കു ദേശാന്തരത്തിൽ യാതൊരു പീഡയും ഉണ്ടാകുന്നതല്ല)

2 മമനാമതവചജാതവേദോ
വാസസീഇവ വിവസാനൗയേചരാവഃ ।
ആയുഷേത്വം ജീവസേവയം
യഥായഥം വിപരിദധാവഹൈപുനസ്ത്വേ ॥

ഹേജാതവേദഃ ! = അല്ലയോ അഗ്നിദേവ ! തവമമച നാമ = അങ്ങയുടെയും എൻേറയും പേരുകൾ, വാസസീഇവ = വസ്ത്രങ്ങളെപ്പോലെ, വിവസാനൗ = മാറി ഉടുത്തുകൊണ്ട്, യേചരാവഃ = നമുക്കു സഞ്ചരിക്കാം. ഇപ്രകാരം ചെയ്യുന്നതുകൊണ്ട്, ആയുഷേജീവസേ = ആയുസ്സും ധനവും വദ്ധിക്കുന്നതിന്, ത്വാം = അങ്ങ് (സഹായിക്കുന്നു) പുനഃ = വീണ്ടും മടങ്ങിവന്നതിനുശേഷം, വയം = നാം, വിപരിദധാവഹൈ = പഴയപോലെ എൻെറ പേര് എനിക്കും അങ്ങയുടെ പേര് അങ്ങക്കും സ്വീകരിക്കാം.

3 നമോ ƒ ഗ്നയേ ƒ പ്രതിഷിദ്ധായ
നമോ ƒ നാധൃഷ്ടായനമഃ സമ്രാജേ ।
അഷാഢഃ അഗ്നിർബൃഹദ്വയാ
വിശ്വജിത്സഹന്ത്യഃ ശ്രേഷ്ഠോഗന്ധർവഃ ॥

അഗ്നയേനമഃ = അഗ്നിക്കു നമസ്ക്കാരം. അപ്രതിഷിദ്ധായനമഃ = ആരാലും ഉപദ്രവിക്കപ്പെടാത്ത അഗ്നിക്കു നമസ്ക്കാരം. അനാധൃഷ്ടായനമഃ = ആരാലും തിരസ്ക്കരിക്കപ്പെടാത്ത അഗ്നിക്കു നമസ്ക്കാരം. സമ്രാജേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നമഃ = നല്ലപോലെ പ്രകാശിക്കുന്ന അഗ്നിക്കു് നമസ്ക്കാരം. അഗ്നിഃ = അഗ്നിദേവൻ, അഷാഢഃ_ ശത്രുക്കളാൽ ഉപദ്രവിക്കപ്പെടാത്തവനും, ബൃഹദ്വയാഃ = അപരിമിതമായ ഭക്ഷ്യപദാർത്ഥങ്ങളും ഉള്ളവനും വിശ്വജിത് = എല്ലാവരേയും ജയിക്കുന്നവനും, സഹന്ത്യഃ = സഹനശീലനും, ശ്രേഷ്ഠഃ = ശ്രേഷ്ഠനും. ഗന്ധർവഃ = സംഗീതാദികലാവിദ്യകളിൽ സമർത്ഥനും ആകുന്നു.

4 ത്വത്പിതാരോഅഗ്നേദേവാ-
സ്ത്വാമാഹുതയസ്ത്വദ്വിവാചനാഃ ।
സംമാമായുഷാസം ഗൗപത്യേന
സുഹിതേമാധാഃ ।।

ഹേഅഗ്നേ ! ദേവാഃ = ദേവന്മാർ, ത്വത്പിതാരഃ = അങ്ങയുടെ സംരക്ഷണയിൽ കഴിയുന്നവരാണ്. ത്വാമാഹുതയഃ = അങ്ങയിൽക്കൂടി ആഹുതികൾ ലഭിക്കുന്നവരാണ്. ത്വദ്വിവാചനാഃ = അങ്ങയാൽ പ്രസിദ്ധരായിത്തീർന്നവരാണ് സഃ = അപ്രകാരമുള്ള അങ്ങ്, മാം = എന്നെ, ആയുഷാസംധാഃ = ആയുസ്സോടുകൂടിയവനാക്കണം ഗൗപത്യേന സംധാഃ = ഗോക്കളുടെ ഉടമസ്ഥനാക്കിത്തീർക്കണം സുഹിതേ സംധാഃ = നല്ല പുരുഷാർത്ഥങ്ങളോട്കൂടിയവനാക്കിത്തീർക്കണം.

5 അയമഗ്നിഃശ്രേഷ്ഠതമോ ƒ യം
ഭഗവത്തമോ ƒ യം സഹസ്രസാതഃ ।
അസ്മാസന്തുസുവീർയം ।

അയം അഗ്നിഃ = ഈ അഗ്നി, ശ്രേഷ്ഠതമഃ = എല്ലാവരെക്കാളും ശ്രേഷ്ഠനാണ്, അയം = ഈ അഗ്നി, ഭഗവത്തമഃ = ശ്രേഷ്ഠനായഭഗവാനാണ്. അയം = ഈ അഗ്നി, സഹസ്രസാതഃ = അനേക പ്രകാരത്തിലുള്ള ധനം വിശേഷമായിദാനം ചെയ്യുന്നവനാണ്. (ഇപ്രകാരം വിശിഷ്ടനായ അഗ്നിയുടെ പ്രസാദത്താൽ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അസ്മൈ = ഈ യജമാനന്ന്, സുവീർയം അസ്തു = ശോഭനമായ വീർയം ഉണ്ടാകട്ടെ.

6. മനോ ജ്യോതി ർജ്ജുഷതാ മാജ്യം
വിച്ഛിന്നം യജ്ഞം സമിമം ദധാതു ।
യാ ഇഷ്ടാ ഉഷ സോനിം രു ചശ്ചതാഃ
സം ദധാമി ഹവിഷാ ഘൃതേന ॥

ഈ മന്ത്രം ചൊല്ലി അഗ്നിയിൽ ഹോമിക്കുന്നു. ഒൻപതു ദിവസത്തിൽ കൂടുതൽ അന്യദിക്കിൽ താമസിക്കാനുദ്ദേശിക്കുന്നെങ്കിൽ മാത്രമാണ് ഈ മന്ത്രം ചൊല്ലി ഹോമിക്കേണ്ടതു്.

മനഃ ജ്യോതിഃ = ബഹുമാനിക്കപ്പെടേണ്ട അഗ്നിയുടെ ജ്യോതിസ്സ്, ഹവിഃ ജുഷതാം = സമർപ്പിക്കപ്പെടുന്ന ഹവിസ്സ് സ്വീകരിക്കട്ടെ. വിച്ഛിന്നം = വിച്ഛിന്നമായ, ഇമം യജ്ഞം = ഈ യാഗത്തെ, സംദധാതു = സന്ധാനം ചെയ്യട്ടെ. ഉഷസഃ യാഃ ഇഷ്ടാഃ = പ്രാതഃ കാലത്തു സമർപ്പിക്കപ്പെട്ടവയും, നിംരുചഃ = സായങ്കാലത്തു സമർപ്പിക്കപ്പെട്ടവയും ആ യഹവിസ്സ് ഘൃതേന ഹവിഷാ = നെയ്യാകുന്ന ഹവിസ്സ് കൊണ്ടു്, സംദധാമി = കൂട്ടിച്ചേർക്കുന്നു.

7. പയസ്വതീ രോഷധയഃ പയ സ്വദ്വീരുധാം പയഃ ।
അപാം പയ സോയത്പയ സ്തേന മാമിന്ദ്ര സംസൃജ ॥

ഈ മന്ത്രം ചൊല്ലി ആചമനം ചെയ്യുന്നു.

ഹേ ഇന്ദ്ര ! ഓഷധീഃ = ഓഷധികളും, പയസ്വതീഃ = സാരാംശത്തോടുകൂടിയവാണ്. വീരുധാം പയഃ = ഓഷധികളിൽ നിന്നു് നിർഗമിക്കുന്ന രസം, പയസ്വദ് = സാരാംശത്തോടുകൂടിയതാണ്. അപാം = ജലത്തിൻേറയും, പയസഃ = പാലിൻേറയും, യത്പയഃ = യാതൊരു സാരാംശം ഉണ്ടോ, തേന = അവയോടുകൂടി, മാം സംസൃജ = എന്നെ യോജിപ്പിക്കുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

8 അഗ്നേ വ്രതപതേ വ്രത- ചരിഷ്യാമി
തച്ഛകേയം തന്മേ രാധ്യതാം ।

ആഹവനീയാഗ്നിയുടെ വലതു വശത്തു് നിന്നു കൊണ്ടു് ഈ മന്ത്രം ജപിക്കുന്നു.

വ്രതപതേ അഗ്നേ ! = വ്രതങ്ങൾക്കധിപനായ അല്ലയോ അഗ്നേ ! വ്രതംചരിഷ്യാമി = ഞാൻ വ്രതം അനുഷ്ഠിക്കാൻ പോകുന്നു തത്ശകേയം = ഞാൻ അതിനു് ശക്തനാകട്ടെ. തത്മേരാധ്യതാം = അതു് എനിക്കു് സമൃദ്ധമായിത്തീരട്ടെ.

9 അഗ്നിംഹോതാരമിഹതംഹുവേ
ദേവാൻയജ്ഞിയാൻ ഇഹയാൻ ഹവാമഹേ ।
ആയന്തുദേവാ സുമനസ്യമാനാഃ
വിയന്തു ദേവാഃഹവിഷോമേ അസ്യ ॥

ഈ മന്ത്രം ചൊല്ലിഹവിസ്സു് ഹോമിക്കുന്നു-അല്ലെങ്കിൽ ഹവിസ്സു് തൊട്ടുകൊണ്ടു ഈ മന്ത്രം ചൊല്ലുന്നു.

ഇഹ = ഈ കർമത്തിൽ, ഹോതാരം = ദേവന്മാരെക്ഷണിച്ചു വരുത്തുന്ന, തംഅഗ്നിം = ആ അഗ്നിയെ, ഹുവേ = ഞാൻ വിളിക്കുന്നു. ഇഹ = ഈ കർമത്തിൽ, യജ്ഞിയാൻ = യാഗാർഹരായ, യാൻ = യാതൊരുദേവന്മാരുണ്ടോ, താൻ ദേവാൻ = ആദേവന്മാരെ, ഹവാമഹേ = ഞാൻ വിളിക്കുന്നു. തേദേവാഃ = ആദേവന്മാർ, സുമനസ്യമാനാഃ = നല്ല മനസ്സോടുകൂടി, ആയന്തു = ഇവിടെവന്നു ചേരട്ടെ, തേ ദേവാഃ = ആ ദേവന്മാർ, മേ = ഞാൻ സമർപ്പിക്കുന്ന, അസ്യഹവിഷഃ = ഈ ഹവിസ്സു്, വിയന്തു = ഭക്ഷിക്കട്ടെ.

10 കസ്ത്വായുനക്തി സത്വായുനക്തു
യജമാനൻ ഈ മന്ത്രം ചൊല്ലി യജ്ഞശാലയിൽ എല്ലാ ഭാഗവും നോക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹേയജ്ഞ! = അല്ലയോ യാഗമെ ! കഃ = ബ്രഹ്മാവ് ത്വാ = നിന്നെ, യുനക്തി = യോഗ്യനാക്കുന്നും സഃ = ആബ്രഹ്മാവ്, ത്വാ = നിന്നെ, യുനക്തു = ഇവിടെയും യോഗ്യനാക്കട്ടെ.

11 യാനിഘർമേകപാലാനി ഉപചിന്വന്തിവേധസഃ ।।
പൂഷ്ണസ്താന്യപിവ്രത ഇന്ദ്രവായൂവിമുഞ്ചതാം ॥

യജമാനനും അധ്വർയുവും ഈ മന്ത്രം ചൊല്ലുന്നു.

യാനികപാലാനി = യാതൊരു കപാലങ്ങളും, ഘർമേ = അംഗാരത്തിൽ, വേധസ: = വേധസ്സിനായി, ഉപചിന്വന്തി = വെച്ചിരിക്കുന്നുവോ, താനി = അവ, പൂഷ്ണഃ = പോഷകനായ അഗ്നിയുടെ, വ്രതേ = ഹവിർലക്ഷണമായവ്രതത്തിൽ, ഇന്ദ്രവായൂ = ഇന്ദ്രനും വായുവും, വിമുഞ്ചതാം = വിമോചനം ചെയ്യട്ടെ.

12 അഭിന്നോഘർമോജിരദാനുർയത
ആത്തസ്തദഗൻ പുനഃ ।
ഇധ്മോവേദിഃ പരിധയശ്ചസർവ്വേ
യജ്ഞസ്യായുരനുസഞ്ചരന്തി ।।

അഗ്നിസൂക്ഷിച്ചിരിക്കുന്ന മൺകലത്തിന് കേടുവരികയാണെങ്കിൽ തദ്ദോഷനിവൃത്തിക്കായി ചൊല്ലാനുള്ള മന്ത്രമാണ് ഇതു്.

ഘർമഃ അഭിന്നഃ = ചൂടുപിടിച്ചിരിക്കുന്ന ഈ കപാലം (അഗ്നി സൂക്ഷിച്ചിരിക്കുന്ന മൺ പാത്രം) ഉടഞ്ഞതാണെന്നു് തോന്നുമെങ്കിലും ഉടഞ്ഞിട്ടില്ല. യതഃ = എന്തുകൊണ്ടെന്നാൽ, അയം = ഈ പാത്രം, ജീരദാനുഃ — യാഗത്തിനു് ജീവൻ നൽകുന്നതാണു്. യതഃ ആത്തഃ = കാരണമായ യാതൊരു മണ്ണു കൊണ്ടാണോ ഉണ്ടാക്കപ്പെട്ടതു്, തദ് പുനഃ = ആ മണ്ണുമാത്രമാണു്, അഗൻ = നഷ്ടപ്പെട്ടതു്. ഇധ്മഃ ഹോമത്തിനുള്ളവിറകും വേദിഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

= സ്ഥലവും, പരിധയഃ ചസർവ്വേ = പരിധികളും എല്ലാം യജ്ഞസ്യ = യാഗത്തിന്, ആയുഃ അനുസഞ്ചരന്തി = ആയുസ്സ് നൽകികൊണ്ട് സഞ്ചരിക്കുന്നു.

ത്രയസ്ത്രിംശത്തന്തവോയേവിതത്നിരേ
യഇമംയജ്ഞം സ്വധയാദദന്തേ ।
തേഷാം ഛിന്നം പ്രത്യേതദ്ദധാമി
സ്വാഹാ ഘർമോ ദേവാം അപ്യേതു ॥

ഉടഞ്ഞു പോയ മൺ പാത്രത്തിൽ നിന്നു് പുതിയ പാത്രത്തിലേക്ക് അഗ്നി മാററിയിട്ട് ചൊല്ലേണ്ട മന്ത്രമാണിതു്. ത്രയ സ്ത്രിം ശത്തന്തവഃ = മുപ്പത്തിമൂന്നു് മന്ത്രങ്ങളും, യേ വിതത്നിരേ = യാഗം നിർവഹിക്കുന്ന പുരോഹിതന്മാരും, യഃ = യാതൊരുത്തർ, ഇമം = ഈ യാഗം, സ്വധയാ = ഹവിർദാനം ചെയ്ത്, ദദന്തേ = സ്വീകരിക്കുന്നു, തേഷാം = അവരുടെ സാന്നിധ്യത്തിൽ, ഛിന്നം = നഷ്ടപ്പെട്ടുപോയ, ഏതദ് = ഈ കപാലം, പ്രതിസംദധാമി = വീണ്ടും യോജിപ്പിക്കുന്നു. സ്വാഹാ = ഞാൻ അഗ്നിയിൽ ഹോമിക്കുന്നു. ഘർമഃ = പ്രകാശിക്കുന്ന അഗ്നി, ദേവാൻ അപ്യേതു = ദേവന്മാരെ പ്രാപിക്കട്ടെ
[നാലാം കാണ്ഡത്തിൽ "പ്രജാപതിർമനസാ" എന്നു തുടങ്ങുന്ന അനുവാകത്തിൽ പറഞ്ഞിട്ടുള്ള മുപ്പത്തിമൂന്നു മന്ത്രങ്ങളാണു് ഇവിടെ സൂചിപ്പിച്ചിരിക്കുന്നതു്.]

ഇതിദശമോ ƒനുവാകഃ

അഥഏകാദശോƒനുവാകഃ (മന്ത്രം)

സംഹിതാ–

വൈശ്വാനരോന ഊത്യാ പ്രയാതു പരാവതഃ ।
അഗ്നി രുക്ഥേന വാഹസാ। ഋതാവാനം
വൈശ്വാ നരമൃതസ്യ ജ്യോതിഷ സ്പതിം ।
അജസ്രംഘ ർമമീമഹേ । വൈശ്വാനരസ്യ
ദംസനാഭ്യോ ബൃഹദരിണാദേകഃ സ്വപസ്യയാകവിഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉഭാപിതരാമഹയന്നജായതാഗ്നിർദ്യാവാ–
പൃഥിവീഭ്രരിരേതസാ। പൃഷ്ടോദിവിപൃഷ്ടോ
അഗ്നിഃ പൃഥിവ്യാം । പൃഷ്ടോ വിശ്വാ ഓഷധിരാവിവേശ
വൈശ്വാനരഃ സഹസാപൃഷ്ടോ അഗ്നിഃ। സനോദിവാ
സരിഷഃ പാതുനക്തം । ജാതോയദഗ്നേ ഭുവനാവ്യഖ്യഃ
പശൂം നഗോപാ ഇർയഃ പരിജ്മാ । വൈശ്വാനര ബ്രഹ്മ–
ണേ വിന്ദഗാതും യൂയം പാതസ്വസ്തിഭിസ്സദാനഃ। ത്വമഗ്നേ
ശോചിഷാശോശുചാന ആരോദസീ:ആപൃണാ
ജായ മാനഃ । ത്വം ദേവാം അഭിശസ്തേ രമുഞ്ചോ
വൈശ്വനരജാത വേദോ മഹിത്വാ । അസ്മാകമഗ്നേ
മഘവത്സുധാരയാ നാമിക്ഷത്രമജരം സുവീർയം। വയം
ജയേമശതിനം സഹസ്രിണം വൈശ്വാനര വാജമഗ്നേ
തവോതിഭിഃ। വൈശ്വാനരസ്യ സുമതൗ സ്യാമരാജാഹികം
ഭുവനാനാമഭിശ്രീഃ । ഇതോ ജാതോ വിശ്വമിദം
വിചഷ്ടേ വൈശ്വാനരോയതതേ സൂർയേണ ।
അവതേ ഹേഡോ വരുണ നമോഭിരവയജ്ഞേഭി–
രീമഹേ ഹവിർഭിഃ । ക്ഷയ ന്നസ്മഭ്യമസുര പ്രചേതോ
രാജന്നേനാംസി ശിശ്രഥഃ കൃതാനി । ഉദുത്തമം വരുണ
പാശം അസ്മ ദവാധമം വിമദ്ധ്യമം ശ്രഥായ ।
അഥാവയമാദിത്യ വ്രതേ തവാനാഗസോ അദിതയേ
സ്യാമ। ദധിക്രാവ്ണോ അകാരിഷം ജിഷ്ണോരശ്വസ്യ
വാജിനഃ । സുരഭിനോ മുഖാകര ത്പ്രണ ആയൂംഷി–
താരിഷത് । ആ ദധിക്രാഃ ശവസാ പഞ്ചകൃഷ്ടീസ്സൂർയ
ഇവ ജ്യോതിഷാ/പസ്തതാന । സഹസ്രസാഃ ശതസാ
വാജ്യർവാ പൃണക്തു മധ്വാസമിമാ വചാംസി। ।
അഗ്നിർമൂർധാ ഭുവഃ മരുതോയദ്ധവോ ദിവഃ
സുമ്നായന്തോ ഹവാമഹേ ആതുനഃ ഉപഗന്തന ।
യാവഃ ശർമശശമാനായ സന്തി ത്രി ധാതുനി
ദാശുഷേ യച്ഛതാധി । അസ്മഭ്യം താനി
മരുതോ വിയന്ത രയിം നോ ധത്ത വൃഷണഃ
സുവീരം । അദിതിർന ഉരുഷ്യത്വദിതിഃ ശർമയച്ഛതു ।
അദിതിഃ പാത്വം ഹസഃ । മഹീ മൂഷുമാതരം സുവ്രതാനാ–

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മൃതസ്യ പത്നീമവസേ ഹുവേമ । തുവിക്ഷത്രാമജരന്തീ-
മുരുചീം സുശമാർണമദിതിം സുപ്രണീതിം । സുത്രാമാണം
പൃഥിവീം ദ്യാമനേഹസം സുശമാർണമദിതിം സുപ്ര-
ണീതിം । ദൈവീം നാവം സ്വരിത്രാമനാഗസം അസ്രവ-
ന്തീമാരു ഹേമാസ്വസ്തയേ । ഇമാം സുനാവമാരുഹം
ശതാരിത്രാം ശതസ്ഫ്യാം അച്ഛിദ്രാം പാരയിഷ്ണും ॥

പദച്ഛേദം

വൈശ്വാനരഃ നഃ ഊത്യാ ആ പ്രയാതു പരാവതഃ അഗ്നിഃ ഉക്ഥേന വാഹസാ ഋതാവാനം വൈശ്വാ-നരം ഋതസ്യ ജ്യോതിഷഃ പതിം അജസ്രം ഘർമം ഈമഹേ വൈശ്വാനരസ്യ ദംസനാഭ്യഃ ബൃഹദ് അരി-ണാദ് ഏകഃ സ്വപസ്യയാ കവിഃ ഉഭാ പിതരാ മഹയൻ അജായത അഗ്നിഃ ദ്യാവാപൃഥിവീ ഭൂരി രേതസാ പൃഷ്ടഃ ദിവി പൃഷ്ടഃ അഗ്നിഃ പൃഥിവ്യാം പൃഷ്ടഃ വിശ്വാ ഓഷധീഃ ആ വിവേശ വൈശ്വാ-നരഃ സഹസാ പൃഷ്ടഃ അഗ്നിഃ സഃ നഃ ദിവാ സഃ രിഷഃ പാതു നക്തം ജാതഃ യദ് അഗ്നേ ഭുവനാ വ്യഖ്യഃ പശൂം ന ഗോപാഃ ഇർയഃ പരിജ്മാ വൈ-ശ്വാനര ബ്രഹ്മണേ വിന്ദ ഗാതും യൂയം പാത സ്വസ്തിഭിഃ സദാ നഃ ത്വം അഗ്നേ ശോചിഷാ ശോശുചാനഃ ആ രോദസീ ആപൃണാ ജായമാനഃ ത്വം ദേവാൻ അഭിശസ്തേഃ അമുഞ്ചഃ വൈശ്വാനരഃ ജാതവേദഃ മഹിത്വാ അസ്മാകം അഗ്നേ മഘവത്സു ധാരയ അനാമി ക്ഷത്രം അജരം സുവീര്യം വയം ജയേമ ശതിനം സഹസ്രിണം വൈശ്വാനര വാജം അഗ്നേ തവ ഊതിഭിഃ വൈശ്വാനരസ്യ സുമതൗ സ്യാമ രാജാ ഹികം ഭുവനാനാം അഭിശ്രീഃ ഇതഃ ജാതഃ വിശ്വം ഇദം വി ചഷ്ടേ വൈശ്വാനരഃ യതതേ സൂര്യേണ അവ തേ ഹേഡഃ വരുണ നമോഭിഃ അവ യജ്ഞേഭിഃ ഈമഹേ ഹവിർഭിഃ ക്ഷയൻ അസ്മഭ്യം അസുര പ്രചേതഃ രാജൻ ഏനാംസി ശിശ്രഥഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൃതാനി ഉദ് ഉത്തമം വരുണ പാശം അസ്മദ് അവ അധമം വി മദ്ധ്യമം ശ്രഥായ അഥാ വയം ആദിത്യ വ്രതേ തവ അനാഗസഃ അദിതയേ സ്യാമ ദധിക്രാവ്ണഃ അകാരിഷം ജിഷ്ണോഃ അശ്വസ്യ വാജിനഃ സുരഭി നഃ മുഖാ അകരത് പ്ര നഃ ആയൂംഷി താരിഷത് ആ ദധിക്രാഃ ശവസാ പഞ്ച കൃഷ്ടീഃ സൂർയഃ ഇവ ജ്യോതിഷാ ആപഃ തതാന സഹസ്രസാഃ ശതസാ വാജീ അർവാ പൃണക്തു മധ്വാ സം ഇമം വചാംസി അഗ്നിഃ മൂർധാ ഭുവഃ മരുതഃ യദ് ഹ വഃ ദിവഃ സുമ്നായന്തഃ ഹവാമഹേ ആ തു നഃ ഉപഗന്തന യാ വഃ ശർമ ശശമാനായ സന്തി ത്രിധാതൂനി ദാശുഷേ യച്ഛത അധി അസ്മഭ്യം താനി മരുതഃ വി, യന്ത രയിം നഃ ധത്ത വൃഷണഃ സുവീരം അദിതിഃ നഃ ഉരുഷ്യതു അദിതിഃ ശർമ യച്ഛതു അദിതിഃ പാതു അംഹസഃ മഹീം ഉ സുമാതരം സുവ്രതാനാം ഋതസ്യ പത്നീം ഹവസേ ഹുവേമ തുവിക്ഷത്രം അജരന്തീം ഉരുചിം സുശർമാണം അദിതിം സുപ്രണീതിം സുത്രാമാണം പൃഥിവിം ദ്യാം അനേഹസം സുശർമാണം അദിതിം സുപ്രണീതിം ദേവീം നാവം സു അരിത്രാം അനാഗസം അസ്രവന്തീം ആ രുഹേമ ആ സ്വസ്തയേ ഇമാം സുനാവം ആരുഹം ശതാരിത്രാം ശതസ്ഫ്യാം അച്ഛിദ്രാം പാരയിഷ്ണും—

മന്ത്രവും വിനിയോഗവും അർത്ഥവും

1 വൈശ്വാനരോന ഊത്യാ *ƒƒ* പ്രയാതുപരാവതഃ ।
അഗ്നിരുക്ഥേനവാഹസാ ।

പാതകം ആരോപിച്ച് മററുള്ളവരാൽ ദൂഷിക്കപ്പെട്ടവൻ അപവാദത്തിൽനിന്ന് മുക്തനാകുന്നതിന് വേണ്ടി നടത്തുന്നയാഗത്തിന്റെ പുരോ *ƒ* നുവാക്യാ മന്ത്രമാണ് ഇത്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വൈശ്വാനരഃ = എല്ലാ ആളുകൾക്കും ഉപകാരം ചെയ്യുന്ന അഗ്നി, ഊത്യാ = ഞങ്ങളെ രക്ഷിക്കുന്നതിന്ന് വേണ്ടി, പരാവതഃ = വളരെ ദൂരെ നിന്നാണെങ്കിലും, വാഹസാ = പ്രാപണസമർത്ഥമായ, ഉക്ഥേന = ഉത്ഥാനത്താൽ, നഃ ഞങ്ങളുടെ, പ്രത്യായാതു = സമീപത്തുവരട്ടെ.

2 ഋതാവാനം വൈശ്വാനരമൃതസ്യ
ജ്യോതിഷസ്പതിം। അജസ്രംഘർമമീമഹേ।

മുൻപിലത്തെയാഗത്തിൻെറ യാജ്യാമന്ത്രമാണ് ഇതു്— ഋതാവാനം = സത്യവാനും, ഋതസ്യ = യാഗത്തിൻേറയും, ജ്യോതിഷഃ = അഭീഷ്ട ഫലങ്ങളുടേയും, പതിം = പാലകനും, അജസ്രഘർമം = നിരന്തരം പ്രകാശിക്കുന്നവനുമായ, വൈശ്വാനരം = അഗ്നിയെ, ഈമഹേ = ഞങ്ങൾ പ്രാപിക്കുന്നു.

3. വൈശ്വാനരസ്യദംസനാഭ്യോ ബൃഹദ-
രിണാ ദേകഃ സ്വപസ്യയാ കവിഃ।
ഉഭാപിതരാ മഹയന്ന ജായതാ-
ഗ്നിർദ്യാവാ പൃഥി വീഭൂരി രേതസാ ॥

ഇതും അപവാദത്തിൻ നിന്നു് മോചനം കിട്ടുന്നതിന്നു് വേണ്ടി നടത്തുന്ന യാഗത്തിൻെറ പുരോഽനുവാക്യയാണു്.

കവിഃ ഏകഃ = ബുദ്ധിമാനായ ഒരുത്തൻ (യജമാനൻ) വൈശ്വാനരസ്യ = അഗ്നി സംബന്ധിയായ, ദംസനാഭ്യഃ = ക്രിയകളിൽ നിന്നു്, സ്വപസ്യയാ = ശോഭനമായ പ്രവൃത്തികളാൽ, ബൃഹത് = മഹത്തായ ഫലം, അരിണദ് = പ്രാപിച്ചു. അയം അഗ്നിഃ = ഈ അഗ്നി, ദ്യാവാപൃഥിവീ = ദ്യോവിൻേറയും ഭൂമിയുടേയും രൂപത്തിലുള്ളവനും, ഭൂരിരേതസാ = പ്രഭൂതമായ രേതസ്സോടു് കൂടിയവനും, പിതരാ ഉഭാ = തൻെറ മാതാപിതാക്കന്മാർ രണ്ടു പേരെയും, മഹയൻ = പൂജനീയരാക്കി കൊണ്ടു്,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അജായത = ജനിച്ചു.
(അപഃ എന്ന പദത്തിനു് കർമ്മം എന്നർത്ഥം. ശോഭനം അപഃ സ്വപഃസ്വപ സോഭാവഃ സ്വപസ്യഃ വേദത്തിൽ സ്ത്രീലിംഗം)

4. പൃഷ്ഠോ ദിവിപൃഷ്ഠോ അഗ്നിഃ പൃഥിവ്യാം
പൃഷ്ഠോ വിശ്വാ ഓഷധീരാ വിവേശ ।
വൈശ്വാനരഃ സഹസാ പൃഷ്ഠോ അഗ്നിഃ
സനോ ദിവാ സരിഷഃ പാതു നക്തം ॥

ഇതു് മുൻപിലത്തെ യാഗത്തിന്റെ യാജ്യാ മന്ത്രമാണു്. അയം അഗ്നിഃ = ഈ അഗ്നി, ദിവി = ദ്യുലോക-ത്തിൽ, പൃഷ്ടഃ = ആദിത്യ രൂപത്തിൽ സ്ഥിതിചെ-യ്യുന്നു. ഭുവി = ഭൂമിയിൽ, പൃഷ്ടഃ = പ്രത്യക്ഷമായ ജ്വാലകളോടു കൂടിസ്ഥിതിചെയ്യുന്നു. വിശ്വാഓഷധീഃ = എല്ലാ ഓഷധികളിലും, പൃഷ്ടഃ ആവിവേശ = ഫല ങ്ങളുടെ കർത്താവായി പ്രവേശിച്ചു. വൈശ്വാനരഃ = വൈശ്വാനരൻ എന്ന അഗ്നി, സഹസാപൃഷ്ടഃ = ബല ത്തോടുകൂടിയിരിക്കുന്നു, സഃ = അപ്രകാരമുള്ള അഗ്നി, ദിവാ = പകലും, നക്തം = രാത്രിയും, രിഷഃ പാതു = പാപത്തിൽനിന്നു് രക്ഷിക്കട്ടെ.
''സ്പൃഷ്ടഃ'' എന്ന പദമാണു് സകാരംലോപിച്ചു് ''പൃഷ്ടഃ'' എന്നായിരിക്കുന്നതു്.

5 ജാതോയദഗ്നേഭുവനാവ്യഖ്യഃ
പശൂംനഗോപാഇർയഃ പരിജ്മാ,
വൈശ്വാനരബ്രഹ്മണേവിന്ദഗാതും
യൂയംപാതസ്വസ്തിഭിസ്സദാനഃ ॥

ഇതും മുൻപിലത്തെ യാഗത്തിന്റെ പുരോ f നവാക്യാ മന്ത്രമാണു്.

ഹേഅഗ്നേ! ഇർയഃ = ഭക്ഷണം അർഹിക്കുന്നവനും, പരിജ്മാ = ചുററുമുള്ള പ്രദേശങ്ങളിൽ വ്യാപിക്കുന്നവ നമായ അങ്ങു്, ജാതഃ = ജനിച്ചുടൻതന്നെ, ഗോപാഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

= ഗോപന്മാർ, പശൂംന = പശുക്കളെ എന്ന പോലെ, ഭുവനാനി = ലോകത്തിലെല്ലാം, വ്യഖ്യഃ = പ്രസിദ്ധനായി. യദ്ഏവംവിധഃത്വം = ഇപ്രകാരം വിശിഷ്ടനായഅങ്ങ് ബ്രഹ്മണേ = ഈയാഗകമ്മത്തിന്ന്, ഗാതുംവിദ = മാർഗം ഉണ്ടാക്കിത്തരിക. യൂയം = നിങ്ങരം, നഃ = ഞങ്ങളെ, സദാ = എല്ലായോപ്പഴം, സ്വസ്തിഭിഃ പാത = ശ്രേയസ്സ് നൽകി രക്ഷിച്ചാലും.

("യൂയം" എന്ന് പൂജക ബഹുവചനം)

6. ത്വ മഗ്നേ ശോചിഷാ ശോശുചാന
ആരോദസീ ആ പൃണാജായ മാനഃ ।
ത്വം ദേവാം അഭിശസ്തേ രമുഞ്ചോ
വൈശ്വാനര ജാത വേദോ മഹിത്വാ ॥

ഇതു് മുൻപു് പറഞ്ഞ യാഗത്തിൻെറ യാജ്യാ മന്ത്രമാണ് ഹേ അഗ്നേ! ശോശുചാനഃ ത്വം അധികം പ്രകാശിക്കുന്ന അങ്ങ്, ജായമാനഃ = ജനിച്ച ഉടൻ തന്നെ, ശോചിഷാ = തേജസ്സുകൊണ്ട്, രോദസീ = ദ്യാവാപൃഥിവികളെ, ആ പൃണാഃ = പൂരിപ്പിച്ചു. ഹേ ജാതവേദഃ വൈശ്വാനര! = അല്ലയോ ജാത വേദസ്സായ വൈശ്വാനര ! ത്വം = അങ്ങ്, മഹിത്വാ = സ്വന്തം മാഹാത്മ്യം കൊണ്ട്, ദേവാൻ = ദേവന്മാരായ ഋത്വിക്കുകളെ, അഭിശസ്തേഃ = പാപത്തിൽ നിന്നു്, അമുഞ്ചഃ = മോചാപ്പിച്ചു.

അസ്മാകമഗ്നേ മഘവത്സു ധാരയാ-
നാമിക്ഷത്രിമജരം സുവീർയം।
വയം ജയേമ ശതിനം സഹസ്രിണം
വൈശ്വാനര ജാതമഗ്നേ തവോതിഭിഃ॥

ഹേ അഗ്നേ ! = അസ്മാകം = ഞങ്ങളുടെ, ക്ഷത്രം = രാജാവിനെ, അനാമി = ആരെയും വണങ്ങാത്തവനും, അജരം = ജരാവർജിതനു; സുവീർയം = നല്ല പരാക്രമത്തോടുകൂടിയവനും, മഘവത്സു- = ഇന്ദ്രതുല്യനും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധാരയ = ആക്കിത്തീക്കക. ഹേവൈശ്വാനര അഗ്നേ! തവ = അങ്ങയുടെ, ഊതി ഭിഃ = സംരക്ഷണയിൽ, വയം = ഞങ്ങരം, ശതിനംസഹസ്രിണം = പല വിധത്തിലുള്ള (ആയിരക്കണക്കിലുള്ള) വാജം = ഭക്ഷണപദാത്ഥം, ജയേമ = ലഭിക്കുന്നവരാകട്ടെ.

8 വൈശ്വാനരസ്യസുമതൗസ്യാമരാജാ
ഹികംഭുവനാനാമഭിശ്രീഃ ।
ഇതോജാതോവിശ്വമിദംവിചഷ്ടേ
വൈശ്വാനരോ യതതേ സൂർയേണ ॥

ഇതു് മുൻപു് പറഞ്ഞയാഗത്തിന്റെ യാജ്യാ മന്ത്രമാണു് വയം = ഞങ്ങരം, വൈശ്വാനരസ്യ = അഗ്നിദേവന്റെ, സുമതൗസ്യാമ = അനുഗ്രഹ ബുദ്ധിയിൽ ആയിത്തീരട്ടെ. അഭിശ്രീഃ = ലബ്ധശ്രീയായ ഈ വൈശ്വാനരൻ, ഭുവനാനാം = എല്ലാലോകങ്ങളുടേയും, രാജാ = പ്രകാശകൻ. ഹികം = ആണല്ലോ ? ഇതഃ = ഈ കാരണംകൊണ്ടു തന്നെ, ജാതഃ = ജനിച്ച ഉടൻതന്നെ, ഇദം വിശ്വം = ഈ ലോകംമുഴവൻ, വിചഷ്ടേ = വിശേഷേണവ്യാപിച്ചു. വൈശ്വാനരഃ = വൈശ്വാനരൻ എന്ന അഗ്നി, സൂർയേണ = സൂര്യ്യ രൂപത്തിൽ യതതേ = പ്രകാശിക്കുന്നു. (ഇവിടെ ഇതുവരെ പറഞ്ഞ യജ്യാമന്ത്രങ്ങളും പുരോഽനുവാക്യമന്ത്രങ്ങളും വൈശ്വാനരയാഗങ്ങളിൽ യഥേച്ഛം ചൊല്ലാവുന്നതാണു്).

9. അവതേ ഹേഡോ വരുണ നമോഭി-
രവയജ്ഞേഭിരീ മഹേ ഹവിർഭിഃ ।
ക്ഷയന്നസ്മഭ്യമസുര പ്രചേതോ
രാജന്നേനാംസി ശിശ്രഥഃ കൃതാനി ॥

ഇതു് രണ്ടാമത്തെ ഹവിസ്സിന്റെ പുരോഽനുവാക്യാ മന്ത്രമാണു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹേ വരുണ! തേ = അങ്ങയുടെ, ഹേഡഃ = കോപം, നമോഭിഃ = നമസ്കാരങ്ങളാലും, യജ്ഞേഭിഃ = ഹവിസ്സ് ഹോമം ചെയ്തും. അവ ഈമഹേ = ഞങ്ങൾ ശമിപ്പിക്കുന്നു. ഹേ അസുര ! = ശത്രുക്കളെ നശിപ്പിക്കാൻ ശക്തിയുള്ള വനും, പ്രചേതഃ = പ്രശസ്തമായ മനസ്സോടുകൂടിയവനും, രാജൻ = പ്രകാശിക്കുന്നവനുമായ അല്ലയോ വരുണ ! അസ്മഭ്യം = ഞങ്ങളെ അനുഗ്രഹിക്കുന്നതിന് വേണ്ടി, ക്ഷയൻ = ഇവിടെ വസിച്ചു. കൊണ്ട്, കൃതാനി ഏനാം- സി = ഞങ്ങളാൽ ചെയ്യപ്പെട്ട പാവങ്ങളെ, ശിശ്രഥഃ = അങ്ങ് നശിപ്പിച്ചാലും.

10 ഉദുത്തമം വരുണപാശ-
മസ്മദവാധമം വിമദ്ധ്യമംശ്രഥായ ।
അഥാവയമാദിത്യവ്രതേ
തവാനാഗസോ അദിതയേസ്യാമ ॥

ഹേവരുണ ! ഉത്തമം = ശിരസ്സിൽ സ്ഥാപിച്ചിട്ടുള്ളതും അവഅധമം = പാദങ്ങളിൽസ്ഥാപിച്ചിട്ടുള്ളതും, വി- മദ്ധ്യമം = ശരീരത്തിൻെറ മദ്ധ്യഭാഗത്തിൽ സ്ഥാപി ച്ചിട്ടുള്ളതുമായ, പാശം = അങ്ങയുടെ പാശം, ശ്രഥയ = എടുത്തു നശിപ്പിച്ചാലും. അഥാ = അനന്തരം ഹേ ആദിത്യ ! = സൂര്യസദൃശനായ അല്ലയോവരുണ ! വയം = ഞങ്ങൾ, അനാഗസഃ = പാപംഇല്ലാത്തവരായി ത്തീന്ന്, തവവ്രതേ = അങ്ങയുടെ വ്രതം അനുഷ്ഠിക്കു ന്നതിൽ, അദിതയേസ്യാമ = യോഗ്യന്മാരായിത്തീരട്ടെ.

11 ദധിക്രാവ്ണോഅകാരിഷം
ജിഷ്ണോരശ്വസ്യവാജിനഃ ।
സുരഭിനോമുഖാകരത്പ്രണ
ആയൂംഷിതാരിഷത് ।

മൂന്നാമത്തെഹവിസ്സിൽെറ പുരോ f നുവാക്യാമന്ത്രമാണ് ഇതു്-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജിഷ്ണോഃ = ജയശീലനും, അശ്വസ്യ = എല്ലാ സ്ഥലത്തും വ്യാപിക്കുന്നവനും, വാജിനഃ = അന്നത്തോട് കൂടിയവനുമായ, ദധിക്രാവ്ണഃ = ദധിക്രാവാ എന്ന ദേവന് വേണ്ടി, അകാരിഷം = ഞങ്ങൾ കർമ്മങ്ങൾ അനുഷ്ഠിച്ചു. സഃ ദേവഃ = ആ ദേവൻ, നഃ മുഖാ = ഞങ്ങളുടെ മുഖം, സുരഭികരത് = സൗരഭ്യമുള്ളതാക്കട്ടെ. നഃ ആയൂംഷി = ഞങ്ങളുടെ ആയുസ്സിനെ, പ്രതാരിഷത് = വർദ്ധിപ്പിക്കയും ചെയ്യട്ടെ. (ദധിപ്രിയനായ ഒരു ദേവനാണ് ദധിക്രാവാ എന്നും അഗ്നിതന്നെയാണ് ദധിക്രാവാ എന്നും പക്ഷാന്തരം)

12. ആ ദധിക്രാഃ ശവസാപഞ്ചകൃഷ്ടീഃ
സൂര്യഇവജ്യോതിഷാ/പസ്തതാന ।
സഹസ്രസാശതസാവാജ്യർവാ
പൃണക്തുമധ്വാസമിമാവചാംസി ॥

ഇതിനു മുൻപ് പറഞ്ഞ യാഗത്തിന്റെ യാജ്യാമന്ത്രമാണ് ഇതു്.

സഹസ്രസാഃ = ആയിരക്കണക്കിന് ധനം തരുന്നവനും, ശതസാഃ = നൂറ് കണക്കിനു ധനം തരുന്നവനും (വളരെ അധികം ധനം തരുന്നവനും) വാജീ = അന്നവാനും, അർവാ = കർമഭൂമിയിൽ ഗമിക്കുന്നവനുമായ, ദധിക്രാഃ = ദധിക്രാവാ എന്ന ദേവൻ, പഞ്ചകൃഷ്ടീഃ = അഞ്ചുതരത്തിലുള്ള ആളുകളെ, സൂര്യഃ = സൂര്യൻ, ജ്യോതിഷാ = തന്റെ രശ്മികൊണ്ട്, ആപഃ ഇവ = ഭൂമിയിൽനിന്നു് ജലം ഗ്രഹിച്ച് വർഷിക്കുന്നതുപോലെ, ആതതാന = വർദ്ധിപ്പിച്ചു. സഃ = അപ്രകാരമുള്ള ആ ദേവൻ, മധ്വാ = മധുരങ്ങളായ, ഇമാ വചാംസി = സ്തുതിരൂപത്തിലുള്ള എന്റെ വാക്കുകൾ, സംപൃണക്തു = അംഗീകരിക്കട്ടെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

13-14. അഗ്നിർമൂർധാഭുവഃ

"അഗ്നിർമൂർധാ" എന്നു തുടങ്ങുന്ന മന്ത്രം ഈ യാഗത്തിൻെറ തന്നെ ചുരോഽനുവാക്യയും "ഭുവഃ" എന്നു തുടങ്ങുന്ന മന്ത്രം യാജ്യയുമാണ്.

15. മരുതോയദ്ധവോദിവഃ
സുമ്നായന്തോ ഹവാമഹേ ।
ആതൂനഃ ഉപഗന്തന ।

ഇതു് മാരുതയാഗത്തിനുള്ള പുരോഽനുവാക്യാ മന്ത്രമാണ്

ഹേ മരുതഃ ! = അല്ലയോ മരുത്തുകളേ, യദ് = യാതൊതൊന്നിനു് വേണ്ടി, സുമ്നായന്തഃ വയം = സുഖം ആഗ്രഹിക്കുന്ന ഞങ്ങൾ, ദിവഃ = സ്വർഗ്ഗലോകത്തിൽ നിന്നു്, വഃ = നിങ്ങളെ, ഹവാമഹേ = വിളിക്കുന്നു. ആഹൂതാഃ = ഥിളിക്കപ്പെട്ടവരായ, യൂയം = നിങ്ങൾ, നഃ ഉപഗന്തന = ഞങ്ങളുടെ സമീപത്തു വന്നാലും.

16. യാവഃ ശർമശശമാനായസന്തി
ത്രിധാതൂനിദാശുഷേയച്ഛതാധി ।
അസ്മഭ്യം താനിമരുതോവിയന്ത
രയിംനോധത്തവൃഷണഃസുവീരം

ഇതു് മാരുത യാഗത്തിനുള്ള യാജ്യാമന്ത്രമാണ്.
ഹേ മരുതഃ ! = അല്ലയോ മരുത്തുകളെ ! വഃ = നിങ്ങളെ, ശശമാനായ = ഭജിക്കുന്നവക്കു്, ദാതും = കൊടുക്കുന്നതിനു്, ത്രിധാതൂനി = മൂന്നു് ലോകത്തിലും ഉള്ള, യാഃ = യാതൊരു, ശർമ = സുഖം, സന്തി = ഉണ്ടോ, ആ സുഖങ്ങൾ, ദാശുഷേ = ഹവിസ്സ് ഹോമിക്കുന്ന യജമാനനു്, അധിയച്ഛ = നിങ്ങൾ കൊടുക്കുന്നു. താനി = ആസുഖങ്ങളെല്ലാം, അസ്മഭ്യം = ഞങ്ങൾക്കു്; വിയന്ത = തന്നാലും വൃഷണഃ = അഭിമതഫലം തരുന്ന അല്ലയോ മരുത്തുകളെ! നഃ = ഞങ്ങൾക്കു., രയിം ധത്ത = ധനം തന്നാലും. സുവീരം ധത്ത = നല്ല പുത്രന്മാരെയും തരിക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

17. അദിതിർന ഉരുഷ്യത്വദിതിഃ ശർമയച്ഛതു ।
അദിതിഃപാത്വം ഹസഃ ॥

ഇതും പുരോ്നുവാക്യാ മന്ത്രമാണ്.

അദിതിഃ = അദിതി, നഃ = ഞങ്ങളെ, ഉരുഷ്യതു = ശത്രുക്കളിൽ നിന്നു് രക്ഷിക്കട്ടെ. അദിതിഃ = അദിതി, ശർമ = സുഖം, യച്ഛതു = തരട്ടെ. അദിതിഃ = അദിതി, അംഹസഃ = പാപത്തിൽനിന്നു്, പാതു = രക്ഷിക്കട്ടെ.

18. മഹീമൂഷുമാതരം സുവ്രതാനാ–
മൃതസ്യപത്നീമവസേഹുവേമ ।
തുവിക്ഷത്രാമജരന്തീമുരുചീം
സുശർമാണമദിതിംസുപ്രണീതിം ॥

ഇതു് മുൻപിലത്തെ യാഗത്തിൻെറ യാജ്യാമന്ത്രമാണ്.

മഹീം = പൂജനീയയും, സുവ്രതാനാം = ശോഭനമായ കർമ്മങ്ങരം അനുഷ്ഠിക്കുന്നവക്കു്, മാതരം = മാതാവിനെപ്പോലെ ഹിതം അനുഷ്ഠിക്കുന്നവളും, ഋതസ്യപത്നീം = സത്യത്തെ രക്ഷിക്കുന്നവളും, തുവിക്ഷത്രം = അനേകരാജാക്കന്മാരാൽ രക്ഷിക്കപ്പെടുന്നവളും, അജരന്തീം = ജരാരഹിതയും, ഉരുചീം = വിസ്തീർണ്ണമായ ഗതിയോടുകൂടിയവളും, സുപ്രണീതിം = കർമ്മങ്ങളെ ശരിയായി നടത്തിക്കുന്നവളും ആയ, അദിതിംഉ = അദിതിയെ തന്നെ, സുഹുവേമ = ഞങ്ങരം വിളിക്കുന്നു.

19. സുത്രാമാണം പൃഥിവീം ദ്യാമനേഹസം
സുശർമാണമദിതിം സുപ്രണീതിം ।
ദൈവിം നാവം സ്വരിത്രാമനാഗസം
അസ്രവന്തീമാരുഹേമാസ്വസ്തയേ ॥

ഇതു് മുൻപു് ചറഞ്ഞ യാഗത്തിൻെറ പുരോ്നുവാക്യയാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സുത്രാമാണം = നല്ലപോലെ രക്ഷിക്കുന്നവളും, പൃഥിവീ, = വിസ്തീർണ്ണയും, ദ്യാം = പ്രകാശിക്കുന്നവളും, അനേഹസം = ചിരകാലം സ്ഥിതിചെയ്യുന്നവളും, ദൈവീം = ദേവനിർമ്മിതമായ, (നാവം = നൗകപോലെ ഉപകാരപ്രദയും, സ്വരിത്രാം = ശത്രുക്കളിൽ നിന്നു് നല്ലപോലെ രക്ഷിക്കുന്നവളും, അനാഗസം = പാപരഹിതയും, അസ്രവന്തീം = ഛിദ്രമില്ലാത്തവളും, ആയ അദിതിം = അദിതി ദേവതയെ, സ്വസ്തയേ = ക്ഷേമത്തിനു് വേണ്ടി, ആരുഹേമ = ഞങ്ങൾ പ്രാപിക്കുന്നു.

20. ഇമാം സുനാവമാരുഹം ശതാരിത്രാം
ശതസ്ഫ്യാമച്ഛിദ്രാംപാരയിഷ്ണും ।

ഇതു് മുൻപു് പറഞ്ഞ യാഗത്തിന്റെ യാജ്യാമന്ത്രമാണു്.

ശതാരിത്രാം = ശത്രുക്കളിൽ നിന്നു് രക്ഷിക്കാൻ ശക്തിയുള്ള നൂറു് ആയുധങ്ങളോടു കൂടിയതും. ശതസ്ഫ്യാം = നൂറു് ഇഴകളോടു കൂടിയതും, അച്ഛിദ്രാം = ഛിദ്രങ്ങൾ ഇല്ലാത്തതും, പാരയിഷ്ണും = ഉദ്ദേശിച്ച ഫലം തരുന്നതുമായ, ഇമാം സുനാവം = ഭൂമിയാകുന്ന ഈ നൗകയിൽ, സ്വാരുഹം = ഞാൻ സുഖമായി കയറിയിരിക്കുന്നു.

ഇതി ഏകാദശോ ഽനുവാകഃ

പ്രഥമകാണ്ഡേ പഞ്ചമപ്രപാഠകഃ സമാപ്തഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രഥമാകാണ്ഡേഷഷ്ഠ പ്രപാഠകഃ

പ്രഥമോഽനുവാകഃ

[ഈ പ്രപാഠകത്തിൽ ആദ്യത്തെ ആറ് അനുവാകങ്ങളിൽ മന്ത്രവും അടുത്ത അഞ്ച് അനുവാകങ്ങളിൽ അവയുടെ ബ്രാഹ്മണവും പന്ത്രണ്ടാമത്തെ അനുവാകത്തിൽ യാജ്യാ പുരോഽനുവാക്യാ മന്ത്രങ്ങളും പറഞ്ഞിരിക്കുന്നു. ഒന്നാമത്തെ അനുവാകത്തിൽ പ്രായേണ ആജ്യ ഗ്രഹണാനുമന്ത്രണത്തിനുള്ള മന്ത്രങ്ങളാം പറഞ്ഞിരിക്കുന്നു.]

സംഹിതാ-

സംത്വാ സിഞ്ചാമി യജുഷാ പ്രജാമായുർധനം ച। ബൃഹ-
സ്പതി പ്രസൂതോ യജമാന ഇഹ മാരിഷത്। ആജ്യ
മസിസത്യമസി സത്യസ്യാധ്യക്ഷ മസിഹവിരസി
വൈശ്വാനരം ദേവശ്വദേവ മുത്പൂത ശുഷ്മം । സത്യൗ-
ജാഃ സഹോഽസി സഹമാന മസി സഹസ്വാരാതീഃ
സഹ സ്വാരാതീ യതഃ സഹസ്വ പൃത ന്യതഃ।
സഹസ്രവീർയ മസി തന്മാജിന്വാജ്യസ്യാജ്യമസി
സത്യസ്യ സത്യമസി സത്യായുരസി സത്യശുഷ്മമസി
സത്യേന ത്വാഭി ഘാരയാമി തസ്യ തേ ഭക്ഷീയ !
പഞ്ചാനാം ത്വാ വാതാനാം യന്ത്രായ ധർത്രായ ഗൃഹ്-
ണാമി । പഞ്ചാനാം ത്വ ർതൂനാം യന്ത്രായ ധർത്രായ
ഗൃഹ്ണാമി । പഞ്ചാനാം ത്വാദിശാം യന്ത്രായ
ധർത്രായ ഗൃഹ്ണാമി പഞ്ചാനാം ത്വാ പഞ്ചജനാനാം
യന്ത്രായ ധർത്രായ ഗൃഹ്ണാമി ചരോ സ്ത്വാ പഞ്ച-
ബിലസ്യ യന്ത്രായ ധർത്രായ ഗൃഹ്ണാമി ബ്രഹ്മണ-
സ്ത്വാ തേജസേ യന്ത്രായ ധർത്രായ ഗൃഹ്ണാമി।
ക്ഷത്രസ്യ ത്വൗ ജസേ യന്ത്രായ ധർത്രായ ഗൃഹ്ണാമി।
വിശേത്വാ യന്ത്രായ ധർത്രായ ഗൃഹ്ണാമി। സുവീർ-
യായ ത്വാ ഗൃഹ്ണാമി സുപ്രജാസ്ത്വായ ത്വാ ഗൃഹ്ണാമി
രായസ്പോഷയത്വാ ഗൃഹ്ണാമി। ബ്രഹ്മവർചസായ
ത്വാ ഗൃഹ്ണാമി। ഭൂരസ്മാകം ഹവിർ ദേവാനാ-
മാശിഷോ യജമാനസ്യ ദേവാനാം ത്വാ ദേവതാഭ്യോ
ഗൃഹ്ണാമി। കാമായ ത്വാ ഗൃഹ്ണാമി ।।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പദം

സം ത്വാ സിഞ്ചാമി യജുഷാ പ്രജാം ആയുഃ ധനം ച ബൃഹസ്പതി പ്രസൂതഃ യജമാനഃ ഇഹ മാരിഷത് ആജ്യം അസി സത്യം അസി സത്യസ്യ അധ്യക്ഷം അസി ഹവിഃ അസി വൈശ്വാനരം ഉത്പൂതശുഷ്മം സത്യൗജാഃ സഹഃ അസി സഹമാനം അസി സഹസ്വ അരാതീഃ സഹസ്വ അരാതീയതഃ സഹസ്വ പൃതനാഃ സഹസ്വ പൃതന്യതഃ സഹസ്രവീര്യം അസി തദ് മാ ജിന്വ ആജ്യസ്യ ആജ്യം അസി സത്യസ്യ സത്യം അസി സത്യായുഃ അസി സത്യശുഷ്മം അസി സത്യേന ത്വാ അഭിഘാരയാമി തസ്യ തേ ഭക്ഷീയ പഞ്ചാനാം ത്വാ വാതാനാം യന്ത്രായ ധർത്രായ ഗൃഹ്ണാമി പഞ്ചാനാം ത്വാ ദിശാം യന്ത്രായ ധർത്രായ ഗൃഹ്ണാമി പഞ്ചാനാം ത്വാ പഞ്ചജനാനാം യന്ത്രായ ധർത്രായ ഗൃഹ്ണാമി ക്ഷത്രസ്യ ത്വാ ഓജസേ യന്ത്രായ ധർത്രായ ഗൃഹ്ണാമി സുവീര്യായ ത്വാ ഗൃഹ്ണാമി സുപ്രജാസ്ത്വായ ത്വാ ഗൃഹ്ണാമി രായസ്പോഷായ ത്വാ ഗൃഹ്ണാമി ബ്രഹ്മവർചസായ ത്വാ ഗൃഹ്ണാമി ഭൂഃ അസ്മാകം ഹവിഃ ദേവാനാം ആശിഷഃ യജമാനസ്യ ദേവാനാം ത്വാ ദേവതാഭ്യഃ ഗൃഹ്ണാമി കാമായ ത്വാ ഗൃഹ്ണാമി॥

മന്ത്രവും വിനിയോഗവും അർത്ഥവും

1 സംത്വാസിഞ്ചാമിയജുഷാ പ്രജാമായുർധനംച

ബൃഹസ്പതിപ്രസൂതോയ ജമാനഇഹമാരിഷത് ।

പാത്രത്തിൽനിന്നു് ഹോമത്തിനു്വെച്ചിരിക്കുന്ന നെയ് താഴെവീഴുകയാണെങ്കിൽ ചൊല്ലേണ്ട മന്ത്രമാണു് ഇതു്. ശുദ്ധമായ സ്ഥലത്താണെങ്കിൽ നെയ്യ് വീണ്ടും എടുത്തു് പാത്രത്തിൽ വെയ്ക്കാം. അശുചി പ്രദേശത്താണെങ്കിൽ മന്ത്രംമാത്രം ചൊല്ലണം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹേസ്കന്നആജ്യ ! = താഴെവീണുപോയ ആജ്യമെ ! ബൃഹസ്പതി പ്രസൂതഃ = ബൃഹസ്പതിയാൽ പ്രേരിതനായ എനിക്കു്, പ്രജാം = സന്താനവും, ആയുഃ = ആയുസ്സും, ധനംച = ധനവും ലഭിക്കട്ടെ. ത്വാം = നിന്നെ, യജുഷാ = മന്ത്രം ചൊല്ലികൊണ്ടു്, സംസിഞ്ചാമി = പാത്രത്തിൽ ഒഴിക്കുന്നു. യജമാനഃ = യജമാനൻ, ഇഹ = ഈ കാർയ്യത്തിൽ, മാരിഷത് = ഹിംസിക്കപ്പെടരുതു്.

2 ആജ്യമസിസത്യമസിസത്യസ്യാധ്യക്ഷമസി
ഹവിരസിവൈശ്വാനരം വൈശ്വദേവമുത്പൂത-
ശുഷ്മം സത്യൗജാഃ സഹോ ƒ സിസഹമാനമസി
സഹസ്വാരാതീഃ സഹസ്വാരാതീയതഃ സഹസ്വ
പൃതനാഃ സഹസ്വപൃതന്യതഃ । സഹസ്ര-
വീർയമസീതന്മാജിന്വാജ്യസ്യാജ്യമസി
സത്യസ്യസത്യമസി സത്യായുരസിസത്യശുഷ്മ-
മസിസത്യേനത്വാഭിഘാരയാമിതസ്യമേഭക്ഷീയ ।

ഈ മന്ത്രം ചൊല്ലി അധ്വർയ്യുവും യജമാനനും ഹോമത്തിനു് എടുത്തുവെച്ചിരിക്കുന്ന നെയ്യു് നോക്കുന്നു.

ആജ്യം അസി = നീ ആജ്യം ആകുന്നു. സത്യം അസി = നി സത്യം ആകുന്നു. സത്യസ്യ അധ്യക്ഷം അസി = നീ സത്യത്തിന്റെ അധ്യക്ഷൻ ആകുന്നു. ഹവിഃ അസി = നീ ഹവിസ്സാകുന്നു. വൈശ്വാനരം അസി = നീ എല്ലാ ആളുകളേയും സംബന്ധിച്ചവൻ ആകുന്നു. വൈശ്വദേവം അസി = എല്ലാ ദേവന്മാരേയും സംബന്ധിച്ചതാകുന്നു. ഉത്പൂതശുഷ്മം അസി = നീ ബലം വദ്ധിപ്പിക്കുന്നതു് ആകുന്നു. സത്യൗജാഃ അസി = സത്യമായ ബലത്തോടുകൂടിയതാകുന്നു. സഹഃ അസി = ശത്രുക്കളെ തോൽപിക്കാനുള്ള ശക്തിയോടുകൂടിയതാകുന്നു. സഹമാനഃ അസി = ശത്രുക്കളിൽനിന്നുണ്ടാകുന്ന പീഡസഹിക്കുന്നവനാകുന്നു. അരാതീഃ സഹസ്വ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

= നിൻെറ ശത്രുക്കളെ തോൽപിക്കുക. അരാതി-യതഃ സഹസ്വ = ശത്രുക്കളുടെ പക്ഷത്തിൽഉള്ളവരേയും തോൽപിക്കുക. പൃതനാഃ സഹസ്വ = ശത്രുസൈന്യങ്ങളെ തോൽപ്പിക്കുക. പൃതന്യതഃ സഹസ്വ = സൈന്യ ശേഖരം ചെയ്യുന്ന ശത്രുക്കളേയും തോൽപിക്കുക. സഹസ്രവീർയം അസി = ശത്രുക്കളെ തോൽപിക്കാൻ പല തരത്തിലുള്ള സാമർത്ഥ്യത്തോടുകൂടിയതു് ആകുന്നു. തദ്മാ ജിന്വ = അപ്രകാരമുള്ള നീ എന്നെ സന്തോഷിപ്പിക്കുക. ആജ്യസ്യ ആജ്യം അസി = നീ ആജ്യത്തിൻെറ ആജ്യം ആകുന്നു. (സാധാരണ നെയ്യെക്കാൾ വിശിഷ്ടമാണു്) സത്യസ്യ സത്യം അസി = സത്യത്തിൻെറ സത്യം ആകുന്നു. നീ പ്രധാനപ്പെട്ട സത്യം ആകുന്നു. ലോകത്തിൽ കൃഷി മുതലായ കർമ്മങ്ങൾക്കു് ചിലപ്പോൾ ഉദ്ദിഷ്ടഫലം ലഭിച്ചില്ലെന്നു് വരാം എന്നാൽ അഗ്നിയിൽ നെയ്യ് ഹോമിച്ചാൽ അതിനു് തീച്ചയായും ഫലം ലഭിക്കും) സത്യായുഃ അസി = സത്യമായ ആയുസ്സോടുകൂടിയതാകുന്നു. (യാഗം നിമിത്തം യജമാനനു് നിശ്ചമായും ദീർഘായുസ്സ് ലഭിക്കുന്നു) സത്യശുഷ്മം അസി = സത്യമായ ബലത്തോടുകൂടിയതാകുന്നു. ത്വാ = അപ്രകാരമുള്ള നിന്നെ, സത്യേന അഭിഘാരയാമി = കണ്ണു കൊണ്ടു് നോക്കുന്നു. തസ്യതേ ഭക്ഷീയ = അപ്രകാരമുള്ള നിന്നെ ഞാൻ ഭജിക്കുന്നു.

3. പഞ്ചാനാം ത്വാ വാതാനാം യന്ത്രായ ധർത്രായ ഗൃഹ്ണാമി.

ഇതു മുതൽ പതിന്നാലു് മന്ത്രം ഹോമത്തിനുള്ള നെയ്യു് എടുത്തുകൊണ്ടു് ചൊല്ലാനുള്ളതാണു്.

പഞ്ചാനാം വാതാനാം = അഞ്ചു വായുക്കളുടെ (നാലു ദിക്കിലും ഊർദ്ധ്വ ഭാഗത്തിലും ഉള്ള വായു അല്ലെങ്കിൽ ശരീരാന്തർഗതമായ പ്രാണാദി വായുക്കൾ) യന്ത്രായ = അതതു് വ്യാപാരങ്ങളിൽപ്രവർത്തനത്തിനു് വേണ്ടിയും, ധർത്രായ = ലോകധാരണത്തിനു് വേണ്ടിയും, ത്വാ = നിന്നെ, ഗൃഹ്ണാമി = എടുക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

4. പഞ്ചാനാം ഋതൂനാം യന്ത്രായ ധർത്രായ ഗൃഹ്ണാമി ।
പഞ്ചാനാം ഋതൂനാം = അഞ്ചു ഋതുക്കളുടെ,

യന്ത്രായ = പ്രവൎത്തനത്തിനും, ധർത്രായ = സ്ഥിതിക്കും. ത്വാഗൃഹ്ണാമി = നിന്നെ ഞാൻ എടുക്കുന്നു.
(ഇവിടെ ഹേമന്ത ഋതുവും ശിശിര ഋതുവും ഒരു ഋതുവായി കണക്കാക്കിയിരിക്കുന്നു.)

5. പഞ്ചാനാം ത്വാ ദിശാം യന്ത്രായ ധർത്രായ ഗൃഹ്ണാമി।
പഞ്ചാനാം ദിശാം = അഞ്ചു ദിക്കുകളുടെ, യന്ത്രായ = പ്രവൎത്തനത്തിനും, ധർത്രായ = സ്ഥിതിക്കും വേണ്ടി, ത്വാ ഗൃഹ്ണാമി = നിന്നെ ഞാൻ എടുക്കുന്നു.

6. പഞ്ചാനാം ത്വാ പഞ്ചജനാനാം യന്ത്രായ
ധർത്രായ ഗൃഹ്ണാമി ।

പഞ്ചാനാം പഞ്ച ജനാനാം = അഞ്ചു പഞ്ചജനങ്ങളുടേയും യന്ത്രായ = പ്രവൎത്തനത്തിനും, ധർത്രായ = സ്ഥിതിക്കും വേണ്ടി, ത്വാ ഗൃഹ്ണാമി = നിന്നെ ഞാൻ എടുക്കുന്നു.
(ദേവ മനുഷ്യ അസുര രക്ഷോ ഗന്ധർവന്മാർ ആണ്, പഞ്ചജനങ്ങൾ)

7. ചരോ സ്ത്വാ പഞ്ച ബിലസ്യ യന്ത്രായ ധർത്രായ
ഗൃഹ്ണാമി।

പ്രീതിയുണ്ടാകും. കാട്ടിൽ ഉണ്ടാകുന്നധാന്യം ഭക്ഷിക്കുന്നു. ആരണ്യത്തിൽ ഉണ്ടാകുന്ന ധാന്യം ഇന്ദ്രിയമാണല്ലോ. അരണ്യധാന്യം ഭക്ഷിക്കുന്നയജമാനന്ന് ഇന്ദ്രിയശക്തി വർധിക്കുന്നു. ആഹാരം ഒന്നും കഴിക്കാതെ ഉപവസിക്കുകയാണെങ്കിൽ വിശപ്പ് കൊണ്ടുവിഷമിക്കും ഭക്ഷണം കഴിക്കുകയാണെങ്കിൽ രുദ്രൻ യജമാനന്റെ പശുക്കളെകൊല്ലും. അതു കൊണ്ടു് ഉപവാസാവസരത്തിൽ വെള്ളംമാത്രം കുടിക്കുന്നു വെള്ളം കുടിക്കുന്നതു് ഭക്ഷണം കഴിക്കുകയല്ല. ഭക്ഷണം കഴിക്കാത്തതും അല്ല. വിശപ്പ്കൊണ്ടു് ക്ഷീണിക്കുകയില്ല ആ യജമാനന്റെ പശുക്കളെ രുദ്രൻ കൊല്ലുകയുംഇല്ല. യാഗത്തിന്ന്വേണ്ടി അനുഷ്ഠിക്കുന്ന ഉപവാസം വജ്രായുധത്തിന്ന് തുല്യമാണ്. വിശപ്പ് മനുഷ്യന്റെ ശത്രുവാണ്. ഭക്ഷണം കഴിക്കാതെ ഉപവാസം അനുഷ്ഠിക്കുന്നതുകൊണ്ടു് ശത്രുവായ വിശപ്പിനെ വജ്രായുധംകൊണ്ടുതന്നെനശിപ്പിക്കുന്നു

ഇതിസപ്തമോ ऽ നുവാകഃ

അഥഅഷ്ടമോ ऽ നുവാകഃ (ബ്രാഹ്മണം)

സംഹിതാഃ—

യോവൈശ്രദ്ധാമനാരഭ്യയജ്ഞേനയജതേ
നാസ്യേഷ്ടായശ്രദ്ദധതേ ऽ പഃപ്രണയതിശ്രദ്ധാ
വാ ആപഃ ശ്രദ്ധാമേവാ ऽ ऽ രഭ്യയജ്ഞേനയജത
ഉഭയേ ऽ സ്യദേവമനുഷ്യാ ഇഷ്ടായശ്രദ്ദധതേ
തദാഹുരതിവാ ഏതാവത്രം നേദന്ത്യതിവാചം
മനോവാവൈതാ നാതിനേദന്തീതി മനസാ
പ്രണയതീയം വൈമനഃ അനയൈവേനാഃ
പ്രണയത്യസ്കന്നഹവിർഭവതിയ ഏവം വേദ
യജ്ഞായുധാനിസം ഭരതിയജ്ഞോവൈയജ്ഞാ
യുധാനി യജ്ഞമേവതത്സംഭരതിയദേകമേകം
സംഭരേത്പിതൃദേവത്യാനിസ്യുർയത്സഹസർവാണി
മാനുഷാണി ദ്വേദ്വേസംഭരതിയാജ്യാനുവാക്യ-
യോരേവരൂപംകരോത്യഥോമിഥുനമേവയോ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വൈദശയജ്ഞായുധാനിവേദമുഖതോ f സ്യ
യജ്ഞഃകൽപതേ സ്ഫ്യശ്ചകപാലാനിചാഗ്നി-
ഹോത്രഹവണീചശ്ശൂർപംചകൃഷ്ണാജിനംച
ശമ്യാചോലൂഖലംചമുസലംചദൃഷച്ചോ-
പലാചൈതാനി വൈദശയജ്ഞായുധാനി
യഏവം വേദമുഖതോ f സ്യയജ്ഞഃകൽപതേ
യോവൈദേവേഭ്യഃ പ്രതിപ്രോച്യയജ്ഞേനയജ-
തേജുഷന്തേ f സ്യദേവാഹവ്യംഹവിർനിരുപ്യ-
മാണമഭിമന്ത്രയേതാഗ്നിംഹോതാരമിഹതം
ഹുവഇതിദേവേഭ്യഏവ പ്രതിപ്രോച്യയജ്ഞേന
യജതേജുഷന്തേ / സ്യദേവാഹവ്യമേഷവൈയജ്ഞസ്യ
ഗ്രഹോഗൃഹീതൈവയജ്ഞേനയജതേ തദ്ദിതവാ
വാചംയച്ഛതിയജ്ഞസ്യധൃത്യാ അഥോമനസാ
വൈപ്രജാപതിർയജ്ഞമതനുത മനസൈവതദ്യ-
ജ്ഞംതനുതേ രക്ഷസാമനന്വവചാരായഃയോ
വൈയജ്ഞംയോഗആഗതേയുനക്തിയുങ്ക്തേ
യുഞ്ജാനേഷുകസ്ത്വായുനക്തിസത്വായുന-
ക്തിത്യാഹപ്രജാപതിർവൈകഃ പ്രജാപതിമേ-
വൈനംയുനക്തിയുങ്ക്തേയുഞ്ജാനേഷു ॥

അർത്ഥം

ശ്രദ്ധയില്ലാതെ നടത്തുന്ന യാഗത്തിൽ ദേവന്മാരും പുരോഹിതന്മാരും ശ്രദ്ധിക്കുന്നില്ല. യാഗത്തിനു് വേണ്ടജലംകൊണ്ടുവരുന്നു. ജലം ശ്രദ്ധയുടെ രൂപമാണു്. ശ്രദ്ധയോടുകൂടിത്തന്നെ യാഗംചെയ്യുന്നുവെങ്കിൽ ദേവന്മാരും പുരോഹിതനും മററുള്ളവരും യാഗത്തിൽ ശ്രദ്ധിക്കും. ആദ്യം ജലംകൊണ്ടുവരുന്നതിന്റെ പ്രയോജനം ഇപ്രകാരം പറയുന്നു— ഈ ജലം ശരീരത്തിന്റെ പ്രവൃത്തിയെ അതിക്രമിക്കുന്നു. വാക്കിനേയും അതിക്രമിക്കുന്നു മനസ്സിനെമാത്രം അതിക്രമിക്കുന്നില്ല. (നദികളുടെ പ്രവാഹം ശരീരംകൊണ്ടോ വാക്കുകൊണ്ടോ നിയന്ത്രിക്കാൻ സാദ്ധ്യമല്ല. മനസ്സുകൊണ്ടു് നിയന്ത്രിക്കാൻ കഴിയും.) മനസ്സിൽ പൃഥിവിയെ ധ്യാനിച്ചുകൊണ്ടു് ജലം കൊണ്ടുവരുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മനസ്സ് ഭൂമി തരന്നയാണ്. ഈ ഭൂമിയിൽ തന്നെ ജലം കൊണ്ടുവരുന്ന യാതൊരുത്തനാണോ ഇതറിയുന്നത് അവൻെറ ഹവിസ്സ് നഷ്ടപ്പെടുന്നില്ല. (അവൻ നടത്തുന്ന യാഗാദി കാംകൾ ഉദ്ദിഷ്ടഫലം ലഭിക്കുന്നു.)

യാഗത്തിന് വേണ്ട ഉപകരണങ്ങൾ ശേഖരിക്കുന്നു. യാഗത്തിനുള്ള ഉപകരണങ്ങൾ യാഗം തന്നെയാണ്. അതുകൊണ്ട് യജ്ഞത്തിന് വേണ്ട ഉപകരണങ്ങൾ ശേഖരിക്കുന്നത് യജ്ഞം നടത്തുന്നത് തന്നെയാണ്. യജ്ഞോപകരണങ്ങൾ ഓരോന്നായി ശേഖരിക്കുകയാണെങ്കിൽ പിതൃക്കളെ ഉദ്ദേശിച്ചതായിത്തീരും. എല്ലാം ഒന്നിച്ച് ശേഖരിക്കുകയാണെങ്കിൽ അത് മനുഷ്യരെ ഉദ്ദേശിച്ചതായിത്തീരും. ഈരണ്ടായി ഉപകരണം ശേഖരിക്കുന്നു. അപ്രകാരം ശേഖരിക്കുന്നത് യാജ്യാനുവാക്യങ്ങളുടെ രൂപത്തിൽ ആയിത്തീരുന്നു. അതുകൊണ്ട് ഈരണ്ടായി സംഭരിക്കുന്നു. യാതൊരുത്തൻ യാഗാരംഭത്തിൽതന്നെ യാഗത്തിന് വേണ്ട പത്ത് ഉപകരണങ്ങളും അറിയുന്നുവോ ആ യജമാനൻെറ യാഗം നിർവിഘ്നം നടക്കുന്നു. യാഗത്തിന് വേണ്ട പത്ത് ഉപകരണങ്ങൾ— (1) സ്ഫ്യം (2) കപാലങ്ങൾ (3) അഗ്നിഹോത്രം നടത്തുന്നതിനുള്ള പാത്രം (4) മുറം (5) കൃഷ്ണമൃഗത്തിൻെറ തോല് (6) ഗദയുടെ രൂപത്തിൽ തടി കൊണ്ടുണ്ടാക്കിയ "ശമ്യാ" എന്ന ഉപകരണം. (7) ഉരൽ (8) ഉലക്ക (9) അരകല്ല് (10) കുഴവി ഇവയാണ് യജ്ഞായുധങ്ങൾ യാതൊരുത്തൻ യാഗാരംഭത്തിൽ തന്നെ ഈ യജ്ഞായുധങ്ങൾ സംഭരിക്കേണ്ടതാണെന്ന് അറിയുന്നുവോ ആ യജമാനൻെറ യാഗം നിർവിഘ്നം നടക്കുന്നു. ("സ്ഫ്യം" രണ്ടു മുഴംനീളത്തിൽ ഖഡ്ഗാകൃതിയിൽ തടി കൊണ്ടുണ്ടാക്കിയ ഉപകരണം ദർഭപ്പുല്ല് മുതലായവ മുറിക്കാൻ ഉപയോഗിക്കുന്നു.)

യാതൊരുത്തൻ "ഞാൻ യാഗം നടത്താൻ പോകുന്നു എന്നു" സങ്കൽപിച്ചിട്ട്. ദേവന്മാരെ ഉദ്ദേശിച്ച് യാഗം നടത്തുന്നുവോ ആ യജമാനൻ സമർപ്പിക്കുന്ന ഹവ്യം ദേവന്മാർ സ്വീകരിക്കുന്നു ഹോമം ചെയ്യുന്ന ഹവിസ്സ് സ്വീകരിക്കുന്നതിൽ "അഗ്നിം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹോതാരംഇഹതംഹ്വേ'' എന്ന മന്ത്രംചൊല്ലിഅഗ്നിയെക്ഷണി ച്ചുവരുത്തണം. അതിനു് ശേഷം യാഗം ചെയ്യാൻ പോകുന്നു എന്നു് പ്രതിജ്ഞ ചെയ്തിട്ടു് ദേവന്മാരെ ഉദ്ദേശിച്ചു് യാഗം ചെ യ്യുന്നു. ആ യജമാനൻ സമപ്പിക്കുന്ന ഹവ്യം ദേവന്മാർ സ്വീകരി ക്കുന്നു. ഇപ്രകാരം ചെയ്യുന്നതു് യജ്ഞത്തെ സ്വീകരിക്കുക യാണു.് യജ്ഞത്തെ സ്വീകരിച്ചതിനു് ശേഷംയാഗംനടത്തുന്നു. ''അഗ്നിം ഹോതരം ഇഹതംഹ്വേ'' എന്ന മന്ത്രം ചൊല്ലിയിട്ടു് യാഗം ശരിയായ വിധത്തിൽ നിർവഹിക്കുന്നതിനു് വേണ്ടി അല്പ സമയം മൗനം ആചരിക്കുന്നു. ബ്രഹ്മാവു് രക്ഷസ്സുകളുടെ സഞ്ചാരംയാഗസ്ഥലത്തിൽ ഉണ്ടാകാതിരിക്കുന്നതിനു്വേണ്ടി മൗനമാചരിച്ചുകൊണ്ടുതന്നെയാഗം നടത്തുന്നു. യാതൊരുത്തൻ യാഗത്തിനർഹമായകാലത്തിൽ യാഗം നടത്തുന്നുവോ ആയജ മാനൻ ''യാഗം നടത്തിയവൻ'' എന്ന പേരിനു് അർഹനായി ത്തീരുന്നു. (വിധിച്ചകാലത്തിൽ അനുഷ്ഠിക്കുന്നയാഗത്തിനു് മാത്രമാണു് ഫലസിദ്ധിയുള്ളതു്)

''കസ്ത്വായുനക്തിസത്വായുനക്തു'' എന്ന മന്ത്രംചൊല്ലുന്നു. ''കഃ'' എന്നു പറയുന്നതു് പ്രജാപതിയാണു്. പ്രജാപതി യാൽ തന്നെയാണു് യാഗം പ്രവത്തിക്കുന്നതു്. ആ പ്രജാപതി എൻെറ യാഗം നടത്തിത്തരട്ടെ എന്നു് പ്രാത്ഥിക്കുന്നു.

ഇതിഅഷ്ടമോ ƒ നുവാകഃ

അഥനവമോ ƒ നുവാകഃ (ബ്രാഹ്മണം)

സംഹിതാഃ—

പ്രജാപതിർയജ്ഞാനസൃജതാഗ്നിഹോത്രം
ചാഗ്നിഷ്ടോമംചപൗർണമാസിംചോക്ഥ്യം
ചാമാവാസ്യം ചാതിരാത്രം ചതാനുദമിമീത
യാവദഗ്നിഹോത്രമാസീത്താവാനഗ്നിഷ്ടോമോ
യാവതീപൗർണമാസീതാവാനുക്ഥ്യോയാവത്യ—
മാവാസ്യാതാവാനതിരാത്രോയഏവം വിദ്വാന-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗ്നിഹോത്രം ജ്ജുഹോതിയാവദഗ്നിഷ്ടോമേനോപാപ്നോതി
താവദ്ദപാപ്നോതിയ ഏവംവിദ്വാൻപൗർണമാസീം
യജതേ യാവദ്ദക് ഥ്യേനോപാ പ്നോതി താവദ്ദ—
പാപ്നോതി യ ഏവം വിദ്വാന മാവാസ്യാം യജതേ
യാവദതിരാ ത്രേണോ പാപ്നോതി താവദ്ദപാപ്നോതി:
പരമേഷ്ഠിനോ വാ ഏഷ യജ്ഞോƒഗ്ര ആസിത്തേന
സ പരമാം കാഷ്ഠാമഗച്ഛത്തേന പ്രജാപതിം
നിരവാസായയത്തേന പ്രജാപതിഃ പരമാം
കാഷ്ഠാമ ഗച്ഛത്തേ നേന്ദ്രം നിരവാസായയത്തേനേന്ദ്രഃ
പരമാം കാഷ്ഠാമഗച്ഛത്തേനാഗ്നീഷോമൗ നിരവാസായ-
യത്തേനാഗ്നീഷോമൗ പരമാം കാഷ്ഠാമഗച്ഛതാം
യ ഏവം വിദ്വാൻ ദശ് പൂർണ മാസൗയജതേ പരമാ
മേവ കാഷ്ഠാം ഗച്ഛതി യോവൈ പ്രജാതേന യജ്ഞേന
യജതേ പ്രപ്രജയാ പശുഭിർമിഥുനൈർജാ—
യതേ ദ്വാദശമാസാഃ സംവത്സരോ ദ്വാദശ
ദ്വംദ്വാനി ദശ്പൂർണ മാസയോ സ്താനി സം—
പാദ്യാ നീത്യാഹ്ഹ ർവത്സം ചോപാവസൃജത്യു—
ഖാം ചാധിശ്രയത്യ വച ഹന്തി ദൃഷദൗച
സമാഹന്ത്യധി ച വപതേ കപാലാനി
ചോപദധാതി പുരോഡാശം ച അധിശ്രയത്യാജ്യം
ച സ്തം ബയജ്ജ ശ്ച ഹരത്യഭിച ഗൃഹ്ണാതി വേദിം
ച പരിഗൃഹ്ണാതി പത്നീം ച സം നഹ്യതി
പ്രോക്ഷണീ ശ്ചാസ ദായത്യാജ്യം ചൈതാനി
വൈ ദ്വാദശ ദ്വന്ദ്വാനി ദശ് പൂർണ മാസയോ—
സ്താനി യ ഏവം സം പാദ്യ യജതേ പ്രജാതേ—
നൈവ യജ്ഞേന യജതേ പ്ര പ്രജയാ പശു—
ഭിർമിഥുനൈ ർജായതേ ॥

അത്ഥം

ബ്രഹ്മാവ് അഗ്നിഹോത്രം അഗ്നിഷ്ടോമം–പൗർണമാസി
ഉക്ഥ്യം–അമാവാസ്യ- അതിരാത്രം എന്നിപേരുകളുള്ള യാഗ
ങ്ങളെ സൃഷ്ടിച്ചു. അതിനുശേഷം അവയുടെ പ്രാധാന്യം നിശ്ച

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യിച്ചു. അഗ്നിഹോത്രം എത്രമാത്രം ശ്രേഷ്ഠമാണോ അത്രമാത്രം ശ്രേഷ്ഠമാണ് അഗ്നിഷ്ടോമം പൗർണമാസിപോലെ ശ്രേഷ്ഠമാണ് ഉക്ഥ്യം അമാവാസ്യപോലെ ശ്രേഷ്ഠമാണ് അതിരാത്രം. (അഗ്നിഷ്ടോമം ഉക്ഥ്യം അതിരാത്രം എന്നിവ ശ്രമസാദ്ധ്യവും അഗ്നിഹോത്രം പൗർണമാസി അമാവാസ്യ എന്നിവ താരതമ്യേനലഘുവായി ചെയ്യാവുന്നതും ആണ്) ഇതറിയുന്ന യാതൊരുത്തൻ അഗ്നിഹോത്രം നടത്തുന്നുവോ അവന് അഗ്നിഷ്ടോമം കഴിച്ചാൽ കിട്ടാവുന്നഫലം ലഭിക്കുന്നു. പൗർണമാസിയാഗം നടത്തുന്നവന് ഉക്ഥ്യം എന്ന യാഗം നടത്തിയാൽ ലഭിക്കാവുന്നഫലം ലഭിക്കുന്നു. അമാവാസ്യായാഗം അനുഷ്ഠിക്കുന്നവന് അതിരാത്രയജ്ഞം നടത്തിയാൽ ലഭിക്കാവുന്ന ഫലം ലഭിക്കുന്നു.

ആദ്യകാലത്തിൽ (ബ്രഹ്മാവിന് പരമേഷ്ഠിസ്ഥാനം ലഭിക്കുന്നതിന് മുൻപ്) ബ്രഹ്മാവ് ഈ ദർശപൂർണമാസയാഗം അനുഷ്ഠിച്ചു. അതുകൊണ്ട് അദ്ദേഹം അത്യുന്നതമായ സ്ഥാനം പ്രാപിച്ചു. അത് ദക്ഷൻ മുതലായ പ്രജാപതികളെ ഈ ദർശപൂർണ മാസയാഗം നടത്താൻ പ്രേരിപ്പിച്ചു. തന്നിമിത്തം പ്രജാപതി അത്യുന്നതമായ സ്ഥാനം പ്രാപിച്ചു. അത് ഇന്ദ്രനെ ഈ യാഗം കഴിക്കാൻ പ്രേരിപ്പിച്ചു തന്നിമിത്തം ഇന്ദ്രൻ അത്യുന്നതമായ സ്ഥാനം പ്രാപിച്ചു. അഗ്നിയേയും സോമനേയുംഈ യാഗം കഴിക്കാൻ പ്രേരിപ്പിച്ചു. യാഗത്തിൻെറ ഫലമമായി അഗ്നിയും സോമനും അത്യുന്നതമായ സ്ഥാനം പ്രാപിച്ചു. ഇതറിയുന്ന യാതൊരുത്തൻ ദർശപൂർണമാസ യാഗങ്ങൾ നടത്തുന്നു അവൻ അത്യുന്നതമായ സ്ഥാനം പ്രാപിക്കുകതന്നെ ചെയ്യും. എല്ലാ സ്ഥലത്തും പ്രസിദ്ധമായ ദർശപൂർണമാസ യാഗങ്ങൾ നടത്തുന്നവൻ സന്താനങ്ങളോടും പശുക്കളോടുംകൂടിയവനായിത്തീരുന്നു.

പാൽ കറന്നതിന് ശേഷം കുട്ടിയെ പശുവിൻെറ അടുക്കൽ നിന്നും മാററുന്നു. പാൽ കാച്ചാനുള്ള പാത്രം അഗ്നിയിൽ വെയ്ക്കുന്നു. നെല്ലുകുത്തി ഉമി കളയുന്നു. അരയ്ക്കാനായി അരകല്ലും അതിൻെറ പുറത്ത് കുഴവിയും എടുത്തു വെയ്ക്കുന്നു. അരകല്ലിൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അരയ്ക്കാനുള്ള അരി എടുത്തു വെയ്ക്കുന്നു. പുരോഡാശം പാകം ചെയ്യാനുള്ള പാത്രം അഗ്നിയിൽ വെയ്ക്കുന്നു. പുരോഡാശം വേവിക്കുന്നു. നെയ്യ് ഉരുക്കുന്നു. സ്തംബയജുസ്സ് കൊണ്ടു വരുന്ന പുല്ലോടുകൂടിയ മണ്ണ് എടുക്കുന്നു. യാഗവേദി സ്വീകരിക്കുന്നു. യജമാനന്റെ ഭാര്യയെ കലപ്പയിൽ കെട്ടുന്നു. പ്രോക്ഷണത്തിനുള്ള പാത്രം അതിനുള്ള സ്ഥാനത്തിൽ വെയ്ക്കുന്നു. നെയ് പാത്രം അതിന്റെ സ്ഥാനത്തിൽ വെയ്ക്കുന്നു. ഇവയാണ് ദർശപൂർണമാസങ്ങൾക്കുള്ള ഇരുപത്തിനാല് കർമ്മങ്ങൾ (ഇവ ദർശപൂർണമാസത്തിൽ ഹോമം ആരംഭിക്കുന്നതിന് മുൻപ് അനുക്രമമായി ചെയ്യേണ്ട കർമ്മങ്ങൾ ആണ്.) ഈ കർമങ്ങളെല്ലാം അനുക്രമമായി ചെയ്തതിന് ശേഷം ഹോമം നടത്തുന്നവന് ദർശപൂർണമാസ യാഗം ശരിയായി അനുഷ്ഠിച്ച ഫലം ലഭിക്കുന്നു. അവന് സന്താനങ്ങളും പശുക്കളും കാളകളും ലഭിക്കുന്നു.

ഇതിനവമോ ƒനുവാകഃ

അഥ ദശമോ(നുവാകഃ (ബ്രാഹ്മണം)

സംഹിതാ

ധ്രുവോ ƒസി ധ്രുവോ ƒഹം സ ജാതേഷു
ഭൂയാസ മിത്യാഹ ധ്രുവാ നേവൈനാൻ കുരുത ഉഗ്രോ ƒ-
സ്യു ഗ്രോ ƒഹം സജാതേഷു ഭൂയാസ മിത്യാഹാ പ്രതി-
വാദിന ഏു വൈനാൻ കുരുതേ ƒഭി ഭൂരസ്യഭിഭൂര-
ഹം സജാതേഷു ഭൂയാസ മിത്യാഹ യ ഏു വൈനം
പ്രത്യുത്പി പീതേ തമുപാസ്യതേ യുനജ്മി ത്വാ
ബ്രഹ്മണാ ദൈവ്യേനേത്യാ ഹൈഷവാ അഗ്നേർയോഗ
സ്തേന ഏവൈനം യുനക്തി യജ്ഞസ്യ വൈ സമൃദ്ധേന
ദേവാഃ സുവർഗം ലോകമായൻ യജ്ഞസ്യ വ്യൃദ്ധേ-
നാസുരാൻ പരാഭാവയൻ യന്മേ അഗ്നേ അസ്യ
യജ്ഞസ്യ രിഷ്യാദിത്യാഹ യജ്ഞ സ്യൈവ തത്സമൃ-
ദ്ധേന യജമാനഃ സുവർഗം ലോകമേതി യജ്ഞസ്യ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വ്യൃദ്ധേന ഭ്രാതൃവ്യാൻ പരാഭാവയത്യഗ്നിഹോത്ര-
മേ താഭിർവ്യാ ഹൃതീഭിരുപ സാദയേദ്യ ജ്ഞമുഖം
വാ അഗ്നി ഹോത്രം ബ്രഹ്മൈതാ വ്യാഹൃതയോ യജ്ഞ-
മുഖ ഏവ ബ്രഹ്മ കുരുതേ സംവത്സരേ പർയാഗത

ഏതാഭി രേവോ പസാദയേദ് ബ്രഹ്മണൈ വോ ഭയത:
സം വത്സരം പരിഗൃഹ്ണാതി ദശ്പൂർണ മാസൗ ചാതു-
ർമാ സ്യാന്യാലഭമാന ഏതാഭിർവ്യാഹൃതീഭി ർഹവിം-
ഷ്യാ സാദയേദ്യജ്ഞ മുഖം വൈ ദശ്പൂർണ മാസൗ
ചാതുർമാസ്യാനി ബ്രഹ്മൈതാ വ്യാഹൃതയോ യജ്ഞ
മുഖ ഏ വ ബ്രഹ്മ കുരുതേ സംവത്സരേ പർയാഗത ഏതാ-
ഭിരേവാഽഽസാദയേദ്ദ് ബ്രഹ്മണൈ വോഭയത: സം-
വത്സരം പരി ഗൃഹ്ണാതി യദ്വൈ യജ്ഞസ്യ സാമ്നാ
ക്രിയതേ രാഷ്ട്രം യജ്ഞ സ്യാശിർഗച്ഛതിയ ദൃചാ
വിശം യജ്ഞസ്യാശീ ർശച്ഛത്യഥ ബ്രാഹ്മണോഽനാ-
ശീർകേണ യജ്ഞേന യജതേ സാമിധേനീരനു-
വക്ഷ്യന്നേതാവ്യാഹൃതീ: പുരസ്താദ്ദധ്യാദ് ബ്രഹ്മൈവ
പ്രതിപദം കുരുതേ തഥാ ബ്രാഹ്മണ:
സാശിർകേണയജ്ഞേനയജതേയംകാമയേത
യജമാനം ഭ്രാതൃവ്യമസ്യയജ്ഞസ്യാശീർഗച്ഛേദിതി
തസ്യൈതാ:വ്യാഹൃതീ: പുരോ ഽനുവാക്യായാം
ദധ്യാത് ഭ്രാതൃവ്യദേവത്യാവൈപുരോ ഽനുവാക്യാ
ഭ്രാതൃവ്യമേ പാസ്യയജ്ഞസ്യാശീർഗച്ഛതിയാൻ
കാമയേതയജമാനാൻ ത്സമാവത്യേനാൻയജ്ഞ-
സ്യാശീർഗച്ഛേദിതിതേഷാമേതാവ്യാഹൃതീ:
പുരോ ഽനുവാക്യായാ: അർധർചഏകാംദധ്യാത്
യാജ്യായൈപുരസ്താദേകാം യാജ്യായാ അർധർച
ഏകാം തഥൈനാൻത്സമാവതീയജ്ഞസ്യാശീർ-
ഗച്ഛതിയഥാവൈപർജന്യ: സുവൃഷ്ടംവർഷ-
ത്യേവം യജ്ഞോ യജമാനായ വർഷതി സ്ഥല-
യോദകം പരിഗൃഹ്ണന്ത്യാശിഷായജ്ഞംയജ-
മാന: പരിഗൃഹ്ണാതി മനോ ഽസിപ്രാജാപത്യം
മനസാമാഭൂതേനാ ഽഽവിശേത്യാഹമനോവൈ
പ്രാജാപത്യം പ്രാജാപത്യോയജ്ഞോമന: ഏവ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യജ്ഞമാത്മൻധത്തേവാഗസ്യൈന്ദ്രീസപത്ന-
ക്ഷയണീ വാചാമേന്ദ്രിയേണാ ff വിശേത്യാ-
ഹൈന്ദ്രീമൈവവാഗവാചമേവൈന്ദ്രീമാത്മൻധത്തേ ॥

അർത്ഥം

(ഈ പ്രപാഠകത്തിൽ രണ്ടാമത്തെ അനുവാകത്തിലുള്ള ആദ്യത്തെ പതിമൂന്ന് മന്ത്രങ്ങളുടെ ബ്രാഹ്മണം ആണ് ഈ അനുവാകത്തിൽ പറയുന്നതു്) "ധ്രുവോ f സിധ്രുവോ f ഹം സജാതേഷുഭൂയാസം" എന്ന മന്ത്രം ചൊല്ലുന്നു. ഈ മന്ത്രം ചൊല്ലുന്നതുകൊണ്ടു് യജമാനനേയും യജമാനൻെറ ബന്ധുക്കളേയും സ്ഥിരപ്രതിഷ്ഠ ഉള്ളവരാക്കുന്നു. "ഉഗ്രോ f സ്യുഗ്രോഹം സജാതേഷുഭൂയാസം" എന്ന മന്ത്രം ചൊല്ലുന്നു. ഈ മന്ത്രം ചൊല്ലുന്നതുകൊണ്ടു് യജമാനൻെറ ബന്ധുക്കൾ യജമാനനോടു് പ്രതികൂലം പറയാത്തവരായിത്തീരുന്നു." അഭിഭൂരസ്യഭി ഭൂര-ഹം സജാതേഷുഭൂയാസം" എന്ന മന്ത്രം ചൊല്ലുന്നു. ഈ മന്ത്രം ചൊല്ലുന്നതുകൊണ്ടു് യജമാനനെ ഉപദ്രവിക്കാൻ ആഗ്രഹിച്ചവർ പോലും യജമാനനെ ആരാധിക്കുന്നു. "യുനജ്മിത്വാബ്രഹ്മണാ ദൈവ്യേന" എന്ന മന്ത്രം ചൊല്ലുന്നു. ഇതു് അഗ്നി സന്ധാനത്തിനുള്ള മന്ത്രമാണ്. ഈ മന്ത്രം ചൊല്ലിക്കൊണ്ടു വേണം അഗ്നിസന്ധാനം ചെയ്യേണ്ടതു്.

യാഗംയഥാശാസ്ത്രം അനുഷ്ഠിച്ചതുകൊണ്ടു് ദേവന്മാർ സ്വർഗ്ഗലോകത്തിലേക്കു്പോയി. യഥാശാസ്ത്രം യാഗം അനുഷ്ഠിക്കാത്ത അസുരന്മാരെ തോൽപിച്ചു. "അഗ്നേ അസ്യയജ്ഞസ്യരിഷ്യാത്" ഇത്യാദിമന്ത്രം ചൊല്ലുന്നതുതൊണ്ടു് യാഗം യഥാശാസ്ത്രം അനുഷ്ഠിച്ചതായിഭവിക്കുന്നു. തന്നിമിത്തം യഥാശാസ്ത്രംയാഗം അനുഷ്ഠിക്കാത്ത ശത്രുക്കളെ തോൽപിക്കുന്നു.

ഭൂഃ ഭുവഃ സുവഃ എന്നീവ്യാഹൃതി മന്ത്രങ്ങൾ ചൊല്ലിക്കൊണ്ടു് അഗ്നിഹോത്രത്തിനുള്ള ഹവിസ്സ് സമർപ്പിക്കണം. അഗ്നിഹോത്രം പ്രതിവായി നടത്തേണ്ട അഗ്ന്യാരാധനയാഗത്തിൻെറ പ്രാരംഭമാണ് അഗ്നിഹോത്രം നടത്തിയതിനു് ശേഷമാണ് മററുയാഗാദികൾ നടത്താറുള്ളതു്. ഭൂഃ ഭുവഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സുവഃ എന്നീവ്യാഹൃതി മന്ത്രങ്ങൾ പരമാത്മാവാണ്. അതു കൊണ്ട് യാഗത്തിൻെറ പ്രാരംഭത്തിൽ ബ്രഹ്മസ്വരൂപമായ വ്യാഹൃതിമന്ത്രം ചൊല്ലുന്നു. അഗ്നിഹോത്രം ആരംഭിച്ച് ഓരോ വർഷവും കഴിഞ്ഞു് അടുത്ത വർഷത്തിൻെറ പ്രാരംഭ ദിനത്തിൽ ഭൂഃഭുവഃസുവഃ എന്നീമന്ത്രങ്ങൾചൊല്ലിത്തന്നെഹവിസ്സ് അഗ്നിയിൽഹോമിക്കണം. ഓരോ വർഷവും അനുഷ്ഠിക്കുന്ന മററ്കർമ്മങ്ങളിലും ഭൂഃഭുവഃസുവഃ എന്നീമന്ത്രങ്ങൾചൊല്ലിഹവിസ്സ്സമർപ്പിക്കുന്നു. ദർശപൂർണ മാസവും ചാതുർമാസ്യവുംനടത്തുന്ന യജമാനൻ ഈ വ്യാഹൃതി മന്ത്രങ്ങൾ ചൊല്ലി അഗ്നിയിൽ ഹവിസ്സ് ഹോമിക്കണം. ദർശപൂണമാസവും ചാതുർമാസ്യവും യജ്ഞത്തിൻെറ പ്രാരംഭമാണ്. അഗ്നിഷ്ടോമാദി യാഗങ്ങൾ നടത്തുന്നവർ അവ നടത്തുന്നതിന് മുൻപ് ദർശപൂണ മാസവും ചാതുർമാസ്യവും നടത്തിയിരിക്കണം അതിനെ തുടൎന്നുവേണം മററ് യാഗങ്ങൾ നടത്തേണ്ടതു്. ഈ വ്യാഹൃതി മന്ത്രങ്ങൾ ബ്രഹ്മ സ്വരൂപമാകുന്നു. യാഗത്തിൻെറ പ്രാരംഭത്തിൽ തന്നെ പരമാത്മാവിൻെറ പ്രതീകമായ വ്യാഹൃതി മന്ത്രങ്ങൾ ചൊല്ലുന്നു. ഓരോ വർഷവും കഴിഞ്ഞു് അടുത്ത വർഷത്തിൻെറ ആരംഭത്തിൽ ഈ വ്യാഹൃതിമന്ത്രങ്ങൾ ചൊല്ലി ഹവിസ്സ് ഹോമിക്കണം. ഓരോ വർഷവും അനുഷ്ഠിക്കുന്ന മററ് കർമ്മങ്ങളിലും വ്യാഹൃതി മന്ത്രം ചൊല്ലി ഹവിസ്സ് സമർപ്പിക്കുന്നു.

സാമ വേദ മന്ത്രങ്ങൾ ചൊല്ലി അനുഷ്ഠിക്കുന്ന യാഗത്തിൻെറ ഫലം ആ ദേശത്തിന് ലഭിക്കുന്നു. (രാജ്യത്തിൽ ധനധാന്യ സമൃദ്ധി ഉണ്ടാകുന്നു.) ഋഗ്വേദ മന്ത്രങ്ങൾ ചൊല്ലി അനുഷ്ഠിക്കുന്ന യാഗത്തിൻെറ ഫലം പ്രജകൾക്കു ലഭിക്കുന്നു. തന്നിമിത്തം യാഗം നടത്തുന്ന യജമാനന് യാഗഫലം ലഭിക്കുന്നില്ല. അതുകൊണ്ട്ഹോമത്തിനുള്ള മന്ത്രങ്ങൾ ചൊല്ലുമ്പോൾ ആമന്ത്രങ്ങൾക്കുമുൻപിൽ ഈ വ്യാഹൃതികൾ കൂട്ടിച്ചേർത്ത് ചൊല്ലണം. അപ്പോൾഓരോമന്ത്രത്തിനും ബ്രഹ്മസ്വരൂപം കൂടികൂട്ടിച്ചേർക്കുന്നു. അപ്രകാരം ചെയ്യുമ്പോൾ യജമാനന് യാഗത്തിൻെറ പൂർണ ഫലം ലഭിക്കുന്നു. യാഗത്തിൻെറ ഫലം യജമാനൻെറ ശത്രുവിന് ലഭിക്കണമെന്ന് പുരോഹിതൻ ആഗ്രഹിക്കുകയാണെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ങ്കിൽ ഈ വ്യാഹൃതി മന്ത്രങ്ങളം പുരോ ƒ നുവാക്യാ മന്ത്രത്തി ൻെറ മുൻപിൽ കൂട്ടിച്ചേർക്കുന്നു. പുരോ ƒ നുവാക്യാ മന്ത്രം ശത്രു ദേവതയോടുകൂടിയതാണ്. ആ യാഗത്തിൻെറ ഫലം യജമാ നൻെറ ശത്രുവിനു് ലഭിക്കുന്നു. അനേകം യജമാനന്മാരുള്ള യാഗത്തിൽ എല്ലാ യജമാനന്മാർക്കും തുല്യഫലം ലഭിക്കണ മെന്നാഗ്രഹിക്കുന്നു എങ്കിൽ പുരോ ƒ നുവാക്യാ മന്ത്രത്തിൻെറ പകുതി പറഞ്ഞ ഉടൻ ആദ്യത്തെ വ്യാഹൃതി മന്ത്രവും യാജ്യാ മന്ത്രത്തിൻെറ ആദ്യം രണ്ടാമത്തെ വ്യാഹൃതിയും യാജ്യാമന്ത്ര ത്തിൻെറ പകുതി പറഞ്ഞ ഉടൻ മൂന്നാമത്തെ വ്യാഹൃതിയും കൂട്ടിച്ചേർത്തു ചൊല്ലണം. അപ്രകാരം ചെയ്താൽ യാഗം നട ത്തിക്കുന്ന എല്ലാ യജമാനന്മാർക്കും തുല്യമായ ഫലം ലഭിക്കുന്നു.

മേഘം വർഷിക്കുന്നതുപോലെ യാഗം യജമാനനു് ഇഷ്ട ഫലം നൽകുന്നു. നദിയിൽ നിന്നു് വെള്ളം എടുക്കുന്നതു പോലെ യജമാനൻ യാഗത്തിൽനിന്നു് അഭീഷ്ടഫലം സ്വീക രിക്കുന്നു.

''മനോ ƒ സിപ്രാജാപത്യം മനസാമാ ഭൂതേനാവിശ'' എന്ന മന്ത്രം ചൊല്ലുന്നു. മനസ്സ് പ്രജാപതിയെ സാംബന്ധി ച്ചതാണ്. യജ്ഞവും പ്രജാപതിയെ സംബന്ധിച്ചതാണ്. ഈ മന്ത്രം ചൊല്ലുന്നതുകൊണ്ടു് യജമാനൻ മനസ്സിനേയും യജ്ഞത്തേയും തന്നിൽ ഉറപ്പിക്കുന്നു. ''വാഗസ്യൈന്ദ്രീ സപ ത്നക്ഷയണീ വാചാമേന്ദ്രിയേണാ ƒ വിശ'' എന്ന മന്ത്രം ചൊ ല്ലുന്നു. വാക്കു് ഇന്ദ്രനെ സംബന്ധിച്ചതാണ്. അപ്രകാരം ചൊല്ലുന്നതു കൊണ്ടു് യജമാനൻ ഇന്ദ്ര സംബന്ധിയായ വാക്കി നെ തന്നിൽ ധരിക്കുന്നു.

ഇതിദശമോ ƒ നുവാകഃ

അഥഏകാദശോ ƒ നുവാകഃ (ബ്രാഹ്മണം)

സംഹിതാ

യോവൈ സപ്തദശം പ്രജാപതിം യജ്ഞ മന്വായത്തം
വേദ പ്രതിയജ്ഞേന തിഷ്ഠതി ന യജ്ഞാദ്
ഭ്രംശത ആ ശ്രാവയേതി ചതുരക്ഷര മസ്തു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രൗഷഡിതി ചതുരക്ഷരം യജേതി ദ്വ്യക്ഷരം
യേ യജാമഹേ ഇതിപഞ്ചാക്ഷരം ദ്വ്യക്ഷരോ
വഷട്കാര ഏഷവൈ സപ്ത ദശഃ പ്രജാ-
പതിർയജ്ഞ മന്വായത്തോ യ ഏവം വേദ
പ്രതിയജ്ഞേന തിഷ്ഠതി ന യജ്ഞാദ് ഭ്രംശതേ
യോ വൈ യജ്ഞസ്യ പ്രായണാം പ്രതിഷ്ഠാം
ഉദയനം വേദ പ്രതിഷ്ഠിതേനാരിഷ്ടേന
യജ്ഞേന സംസ്ഥാം ഗച്ഛത്യാ ശ്രാവയാസ്തു
ശ്രൗഷ ഡ്യജയേയജാ മഹേ വഷട്കാര ഏത ദ്വൈ
യജ്ഞസ്യ പ്രായണ മേഷാ പ്രതിഷ്ഠൈതദു-
ദയനം യ ഏവം വേദ പ്രതിഷ്ഠിതേനാരി-
ഷ്ടേന യജ്ഞേ ന സംസ്ഥാം ഗച്ഛതി യോവൈ
സൂ നൃതായൈ ദോഹം വേദ ദുഹ ഏവൈനാം
യജ്ഞോ വൈ സൂ നൃതാ*ff* ശ്രാവയേ ത്യേവൈനാ-
മഹ്വവദസ്തു ശ്രൗഷഡിത്യുപാവാസ്രാഗ്യജേ-
ത്യുദ നൈഷീ ദ്യേയ ജാമഹ ഇത്യുപാസദദ്
വഷട്കാരേണദോഗ്ധ്യേഷവൈസൂനൃതായൈ
ദോഹോയ ഏവംവേദദുഹ ഏവൈനാം ।
ദേവാവൈസത്രമാസത തേഷാം ദിശോ *f* ദസ്യൻത
ഏതാമാർദ്രാം പങ്ക്തിമപശ്യന്നാശ്രാവയേതി
പുരോവാതമജനയന്നസ്തു ശ്രൗഷഡിത്യഭ്രം
സമപ്ലാപയൻ യജേതിവിദ്യുതം അജനയൻ
യേയജാമഹ ഇതി പ്രാവർഷയന്നഭ്യസ്തനയൻ
വഷട്കാരേണ തതോവൈതേഭ്യോദിശഃ
പ്രാപ്യായന്തയ ഏവം വേദ പ്രാസ്മൈദിശഃ
പ്യായന്തേപ്രജാപതിംതോവേദപ്രജാ-
തിസ്ഥ്വംവേദയം പ്രജാപതിർവേദസപുണ്യോ
ഭവത്യേഷവൈഛന്ദസ്യഃ പ്രജാപതിരാശ്രാ-
വയാസ്തുശ്രൗഷഡ്യജയേയജാമഹേവഷട്
കാരോയ ഏവംവേദപുണ്യോഭവതി । വസന്ത-
മൃതൂനാം പ്രീണാമീത്യാഹർതവോവൈ പ്രയാജാ
ഋതൂനേവ പ്രീണാതിതേ *f* സ്മൈ പ്രീതായഥാ-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പൂർവ്വം കൽപന്തേ കൽപന്തേ f സ്മാല്ലതവോയ
ഏവം വേദാഗ്നീഷോമയോരഹം ദേവയജ്യയാ
ചക്ഷുഷ്മാൻഭ്രയാസമിത്യാഹാഗ്നീഷോമാഭ്യാം
വൈയജ്ഞശ്ചക്ഷുഷ്മാന്താഭ്യാമേവചക്ഷുരാത്മൻ
ധത്തേ f ഗ്നേരഹം ദേവയജ്യയാന്നാദോഭ്രയാസ-
മിത്യാഹാഗ്നിർവൈദേവാനാമന്നാദസ്ലേനൈവ
അന്നാദ്യമാത്മൻധത്തേദബ്ധിരസ്യദബ്ധോ
ഭ്രയാസമമും ദഭേയമിത്യാഹൈതയാവൈ
ദബ്ധ്യാദേവാ അസുരാനദഭ്നുവന്തയൈവ
ഭ്രാതൃവ്യംദഭ്നോത്യഗ്നീഷോമയോരഹംദേവ-
യജ്യയാ വൃത്രഹാ ഭ്രയാസമിത്യാ ഹാഗ്നീ-
ഷോമാഭ്യാം വാ ഇന്ദ്രോ വൃത്രമഹന്താഭ്യാമേവ
ഭ്രാതൃവ്യം സ്തൃണത ഇന്ദ്രാഗ്നി യോരഹം ദേവ-
യജ്യയേ ന്ദ്രിയാവ്യന്നാദോ ഭ്രയാസമിത്യഹേന്ദ്രിയാ-
വ്യേവാന്നാദോ ഭവതീന്ദ്ര സ്യാഹം ദേവ
യജ്യയേ ന്ദ്രിയാവീ ഭ്രയാസമിത്യാഹേ-
ന്ദ്രിയാ വ്യേവ ഭവതി മഹേന്ദ്രസ്യാഹം ദേവയജ്യയാ
ജേമാനം മഹിമാനം ഗമേയമിത്യാഹ ജേമാ-
ന മേവ മഹിമാനം ഗച്ഛത്യഗ്നേഃ സ്വിഷ്ട-
കൃതോ f ഹം ദേവയജ്യയാ ff യുഷ്മാൻ യജ്ഞേന
പ്രതിഷ്ഠാംഗമേയ മിത്യാഹാ ff യുരേവാ ff ത്മൻ
ധത്തേ പ്രതിയജ്ഞേനതിഷ്ഠതി ॥

അർത്ഥം

യാതൊരുത്തൻ പതിനേഴ് അക്ഷരങ്ങളോടുകൂടിയതും പ്രജാപതിയാൽ നിർമ്മിതവും എല്ലാ യാഗങ്ങളിലും ചൊല്ലുന്നതുമായ മന്ത്രം അറിയുന്ന അവൻ യാഗത്താൽ പ്രതിഷ്ഠിതനായി ഭവിക്കുന്നു. യാഗം ശരിയായി അനുഷ്ഠിക്കുന്നു. ''ആശ്രാവയ'' എന്നു് നാലക്ഷരവും, ''അസ്തുശ്രൗഷഡ്'' എന്നു് നാലക്ഷരവും, ''യജ'' എന്നു് രണ്ടക്ഷരവും ''യേയജാമഹേ'' എന്നു് അഞ്ചു് അക്ഷരവും രണ്ടക്ഷരമുള്ള ''വഷട്ട്'' എന്നതും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചേർന്നതാണ് എല്ലായാഗങ്ങൾക്കും ചൊല്ലുന്നതും പതിനേഴക്ഷരമുള്ളതും പ്രജാപതിസൃഷ്ടവുമായ മന്ത്രം. ഇതറിയുന്നവന് യാഗത്താൽ പ്രതിഷ്ഠ ലഭിക്കുന്നു. യാഗത്തിൽ നിന്ന് ഭ്രംശിക്കുന്നില്ല. യാഗത്തിന്റെ പ്രാരംഭവും മദ്ധ്യകാലത്തിൽ ചെയ്യേണ്ട അനുഷ്ഠാനവും സമാപ്തിയും അറിയുന്ന യജമാനന് സാംഗോപാംഗങ്ങളോടുകൂടിയതും വൈകല്യരഹിതവുമായ യാഗത്താൽ ഫലപ്രാപ്തി ഉണ്ടാകുന്നു.

ആശ്രാവയ എന്നു തുടങ്ങുന്നമന്ത്രം അസ്തുശ്രൗഷഡ് എന്നു തുടങ്ങുന്ന മന്ത്രം യജ എന്ന് തുടങ്ങുന്നമന്ത്രം യേയജാമഹേ എന്നു തുടങ്ങുന്ന മന്ത്രം ഇവയാണ് യാഗാരംഭത്തിലും യാഗത്തിന്റെ മദ്ധ്യകാലത്തിലും യാഗസമാപ്തിയിലും ചൊല്ലേണ്ടതു്. ഇതറിയുന്ന യജമാനന് സാംഗോപാംഗങ്ങളോടുകൂടിയതും വൈകല്യമില്ലാത്തതുമായ യാഗത്താൽ ഫലപ്രാപ്തിസിദ്ധിക്കുന്നു. (''ആശ്രാവയ'' എന്നു തുടങ്ങുന്നമന്ത്രം യാഗാരംഭത്തിലും ''അസ്തുശ്രൗഷഡ്'' ''യജ'' ''യേയജാമഹേ'' എന്നു തുടങ്ങുന്നമന്ത്രങ്ങൾ യാഗത്തിന്റെ മദ്ധ്യകാലത്തിലും ''വഷട്'' എന്നു തുടങ്ങുന്ന മന്ത്രം യാഗാവസാനത്തിലും ചൊല്ലിയാൽ യാഗത്തിന്റെ പൂർണ്ണമായ ഫലം ലഭിക്കും) സൂനൃതയാകുന്ന പശുവിനെ ദോഹനം ചെയ്യാൻ അറിയുന്നവൻ യാഗത്തിന്റെ ഫലം സമ്പാദിക്കുന്നു. യാഗമാണ് ''സൂനൃത'' ''ആശ്രാവയ'' എന്ന മന്ത്രം യാഗമാകുന്ന പശുവിനെ വിളിച്ചുവരുത്തുന്നതാണ്. ''അസ്തുശ്രൗഷഡ്'' എന്ന മന്ത്രം. കുട്ടിയെ പാൽ കുടിപ്പിക്കാൻ പശുവിന്റെ അടുക്കൽകൊണ്ടു വരുന്നതാണ്. ''യജ'' എന്നാരംഭിക്കുന്ന മന്ത്രം പാൽകറക്കാനുള്ള പാത്രം പൊക്കിപ്പിടിക്കുന്നതാണ്. ''യേയജാമഹേ'' എന്ന മന്ത്രം പാൽകറക്കാൻ പശുവിന്റെ അടുക്കൽ നീങ്ങിയിരിക്കുന്നതാണ്. ''വഷട്'' എന്ന മന്ത്രം പാൽകറക്കുന്നതാണ്. ഇതാണ് ''സൂനൃതയുടെ'' (യാഗത്തിന്റെ) ദോഹനപ്രകാരം. ഇതറിയുന്നവൻയാഗമാകുന്നപശുവിന്റെപാൽകറന്ന്എടുക്കുന്നു. (ഇതു് രൂപകാലംകാരത്തിൽ പറഞ്ഞിരിയ്ക്കുകയാണ്. പശുവിനെകറന്ന് പാൽ എടുക്കുന്നതു പോലെ ''ആശ്രാവയ'' ഇത്യാദി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മന്ത്രങ്ങൾ ചൊല്ലി യജമാനൻ യാഗത്തിന്റെ പൂർണഫലം സ്വായത്തമാക്കുന്നു യാഗം പശു, യാഗഫലം പാൽ, മന്ത്രം ചൊല്ലുന്നതു് പാൽ കറന്നെടുക്കാൻ ചെയ്യേണ്ട കർമങ്ങൾ)

ദേവന്മാർ യാഗം നടത്തി അവരുടെ യാഗത്തിനുണ്ടായ വൈകല്യം നിമിത്തം നാനാദിക്കുകളിലുള്ള സസ്യാദികൾ മഴയില്ലാതെ നശിച്ചു. മഴയുണ്ടാക്കാൻ ശക്തിയുള്ള "ആശ്രാവയ" ഇത്യാദി അഞ്ചുമന്ത്രം അവർ മനസ്സിലാക്കി. "ആശ്രാവയ" എന്നാരംഭിക്കുന്ന മന്ത്രം ചൊല്ലിയതു കൊണ്ടു് മഴയ്ക്കു മുൻപുള്ള കാററ് ഉണ്ടായി. "അസ്തു ശ്രൗഷഡ്'" എന്നാരംഭിക്കുന്ന മന്ത്രം ചൊല്ലിയതു കൊണ്ടു് മേഘം വ്യാപിച്ചു. യജ എന്നാരംഭിക്കുന്ന മന്ത്രം ചൊല്ലിയതു കൊണ്ടു് മിന്നൽ ഉണ്ടായി. യേയജാമഹേ എന്നാരംഭിക്കുന്ന മന്ത്രം ചൊല്ലിയതു കൊണ്ടു് മഴ പെയ്തു. വഷട്കാരമുള്ള മന്ത്രം ചൊല്ലിയതുകൊണ്ടു് സുഭിക്ഷം ഉണ്ടായി അതിനു് ശേഷം അവക്കു് എല്ലാദിക്കിലും സസ്യ ധാന്യാദി സമൃദ്ധിയുണ്ടായി. യാതൊരുത്തനാണോ ഇതറിയുന്നതു് അവനു് ചുററുമുള്ള ദിക്കുകൾ സസ്യാദികളാൽ സമൃദ്ധമായിരിക്കും.

ഒരുത്തൻ (ഒരു യജമാനൻ) പ്രജാപതിയെ സംബന്ധിച്ച മന്ത്രം മനസ്സിലാക്കി, ആ യജമാനനെ പ്രജാപതി മനസ്സിലാക്കി യാതൊരുത്തനെ പ്രജാപതി അറിയുന്നു അവൻ പുണ്യവാനാണു്. ആശ്രാവയ, അസ്തുശ്രൗഷട് യജ, യേയജാമഹേ എന്നാരംഭിക്കുന്ന മന്ത്രങ്ങളും വഷട് എന്ന പദം വരുന്ന മന്ത്രവുമാണു്. മന്ത്രരൂപത്തിലുള്ള പ്രജാപതി. ഇതറിയുന്നവൻ പുണ്യവാൻ ആണു്.

(ഇനി ഒന്നാം കാണ്ഡം ആറാം പ്രപാഠകത്തിൽ രണ്ടാമത്തെ അനുവാകത്തിൽ പതിന്നാലു മുതൽ ഇരുപത്തിയാറുവരെയുള്ള മന്ത്രങ്ങളുടെ ബ്രാഹ്മണം പറയുന്നു)

"വസന്തമൃതൂനാം പ്രീണാമി" ഇത്യദി മന്ത്രങ്ങൾ ചൊല്ലുന്നു. ഋതുക്കൾ പ്രയാജങ്ങളാണു്. ഈ മന്ത്രങ്ങൾ ചൊല്ലുന്നതുകൊണ്ടു് ഋതുക്കളുടെ ദേവതകൾ സന്തോഷിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യജമാനനോട് പ്രീതിയുള്ള ഋതുദേവതകൾ മഴ വേനൽ പുഷ്പഫലങ്ങൾ മുതലായവ സമൃദ്ധിയായി നൽകുന്നു. ആ യജമാനന് ഗ്രീഷ്മ വസന്താദി ഋതുക്കൾ യഥാവസരം ലഭിക്കുന്നു. യാതൊരുത്തൻ ഇതറിയുന്നുവോ അവനിലും ഋതുദേവതകൾക്ക് പ്രീതിയുണ്ടാകും. "അഗ്നീഷോമയോരഹം ദേവയജ്യയാചക്ഷുഷ്മാൻ ഭൂയാസം" എന്ന മന്ത്രം ചൊല്ലുന്നു. അഗ്നിയാലും സോമനാലും ആണ് യാഗം ചക്ഷുസ്സോട് കൂടിയതായിത്തീരുന്നത്. അഗ്നിയുടേയും സോമൻറേയും പ്രീതിയാൽ യജമാനന് നേത്രങ്ങൾക്ക് നല്ല കാഴ്ച ലഭിക്കുന്നു "അഗ്നേരഹം ദേവയജ്യയാ അന്നാദോഭൂയാസം" എന്ന മന്ത്രം ചൊല്ലുന്നു. അഗ്നി ദേവന്മാരിൽ അന്നാദനാണ് (അന്നംഭക്ഷിക്കുന്നവൻ) അപ്രകാരം ചൊല്ലുന്നതുകൊണ്ട് യജമാനന് ധാരാളം ഭക്ഷണ സാധനങ്ങൾ ലഭിക്കുന്നു. "ദബ്ധിരസ്യദബ്ധോഭൂയാസമമും ദഭേയം" എന്ന മന്ത്രം ചൊല്ലുന്നു. ഈ മന്ത്രമാകുന്ന ആയുധം കൊണ്ട് ദേവന്മാർ അസുരന്മാരെ ഹിംസിച്ചു. ഈ മന്ത്രമാകുന്ന ആയുധം കൊണ്ട് യജമാനനും ശത്രുവിനെ ഹിംസിക്കുന്നു. "അഗ്നീഷോമ യോരഹം ദേവയജ്യയാ വൃത്രഹാഭൂയാസം" എന്ന മന്ത്രം ചൊല്ലുന്നു. അഗ്നിയാലും സോമനാലും ആണ് ഇന്ദ്രൻ വൃത്രാസുരനെകൊന്നത്. ഈ മന്ത്രം ചൊല്ലുന്നതുകൊണ്ട് അവരുടെ സഹായത്തോടു കൂടി യജമാനൻ തൻെറ ശത്രുവിനെകൊല്ലുന്നു. "ഇന്ദ്രാഗ്നിയോരഹം ദേവയജ്യയാ ഇന്ദ്രിയാവീ അന്നാദോഭൂയാസം എന്ന മന്ത്രം ചൊല്ലുന്നു" അപ്രകാരം ചൊല്ലുന്നതുകൊണ്ട് യജമാനൻ ഇന്ദ്രിയ ശക്തിയുള്ളവനും ഭക്ഷണപദാൎത്ഥങ്ങളോടുകൂടിയവനും ആയിത്തീരുന്നു. ഇന്ദ്രസ്യാഹം ദേവയജ്യയേന്ദ്രിയാവീ ഭൂയാസം" എന്ന മന്ത്രം ചൊല്ലുന്നു. അപ്രകാരം മന്ത്രം ചൊല്ലുന്നതുകൊണ്ട് യജമാനൻ ഇന്ദ്രിയശക്തിയുള്ളവനായിത്തീരുന്നു. "മഹേന്ദ്രസ്യാഹം ദേവയജ്യയാജേമാനം മഹിമാനം ഗമേയം" എന്ന മന്ത്രം ചൊല്ലുന്നു അപ്രകാരം ചൊല്ലുന്നതുകൊണ്ട് യജമാനന് ജയവും മഹത്വവും തീർച്ചയായും ലഭിക്കുന്നു. അഗ്നേഃസ്വിഷ്ടകൃതോ ƒ ഹം ദേവയജ്യയാ ആയുഷ്മാൻ യജ്ഞേനപ്രതിഷ്ഠാം ഗമേയം" എന്ന മന്ത്ര

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചൊല്ലുന്നു. അങ്ങനെ ചൊല്ലുന്നതുകൊണ്ട് യജമാനന്ന് ദീർഘായുസ്സും യാഗം നിമിത്തം പ്രതിഷ്ഠയും ലഭിക്കുന്നു.

ഇതിഏകാദശോ ƒ നുവാകഃ

അഥദ്വാദശോ$\int$നുവാകഃ

സംഹിതാ:

ഇന്ദ്രംവോ വിശ്വതസ്പരി ഹവാമഹേ
ജനേഭ്യഃ । അസ്മാക മസ്തു കേവലഃ । ഇന്ദ്രം
നരോനേ മധിതാ ഹവന്തേ യത്പാർയാ യുനജതേ
ധിയസ്താഃ । ശൂരോ നൃഷാതാ ശവസശ്ചകാന
ആ ഗോമതി വ്രജേ ഭജാ ത്വം നഃ । ഇന്ദ്രിയാണി
ശതക്രതോ യാതേജനേഷുപഞ്ചസു । ഇന്ദ്ര
താനിത ആ വൃണേ । അനുതേദായി മഹ
ഇന്ദ്രിയായ സത്രാതേ വിശ്വമനു വൃത്രഹത്യേ ।
അനുക്ഷത്രമനുസഹോ യജതേന്ദ്ര ദേവഭി-
രനുതേ നൃഷഹ്യേ । ആയസ്മിൻ സപ്തവാസവാ
സ്തി ഷ്ഠന്തി സ്വാരുഹോ യഥാ। ഋഷിർഹ
ദീർഘ ശ്രുത്തമ ഇന്ദ്രസ്യ ഘർമോ അതിഥിഃ ।
ആ മാസു പക്വ മൈരയ ആസൂർയം രോഹയോ
ദിവി । ഘർമം നസാമം തപതാ സുവൃക്തിഭിർജ്ജുഷ്ടം
ഗിർവണസേഗിരഃ । ഇന്ദ്രമിദ്ഗാഥിനോബൃഹ-
ദിന്ദ്രമർകേഭിരർകിണഃ । ഇന്ദ്രംവാണീരനൂഷത ।
ഗായന്തിത്വാഗായത്രിണഃ അർചന്ത്യർകമർകിണഃ ।
ബ്രഹ്മാണസ്ത്വാശതക്രതവുദ്വംശമിവയേമിരേ ।
അംഹോമുചേപ്രഭരേമാമനീഷാമോഷിഷ്ഠ-
ദാവ്നേസുമതിംഗൃണാനാഃ । ഇദമിന്ദ്രപ്രതി
ഹവ്യം ഗൃഭായസത്യാഃ സന്തുയജമാനസ്യകാമാഃ ।
വിവേഷയന്മാധിഷണാജജാനസ്തവൈപുരാ
പാർയാദിന്ദ്രമഹ്നഃ । അംഹസോയത്രപീപരദ്യഥാ
നോനാവേവയാന്തമുഭയേഹവന്തേ । പ്രസമ്രാജം
പ്രഥമമധ്വരാണാം അംഹോമുചംവൃഷഭം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യജ്ഞിയാനാം । അപാംനപാതമശ്വിനാ
ഹയന്തമസ്മിന്നര ഇന്ദ്രിയം ധത്തമോജഃ ।
വിനഇന്ദ്രമൃധോജഹിനീചായച്ഛപൃതന്യതഃ ।
അധസ്പദം തമീംകൃധിയോ അസ്മാം അഭിദാസതി ।
ഇന്ദ്രക്ഷത്രമഭിവാമമോജോ ऽ ജായഥാ
വൃഷഭചർഷണീനാം । അപാനുദോജനമമിത്ര-
യന്തമുരും ദേവേഭ്യോഅകൃണോരുലോകം ।
മൃഗോനഭീമഃകുചരോഗിരിഷ്ഠാഃ പരാവതഃ
ആജഗാമാപരസ്യാഃ । സൃകംസംശായപവിമിന്ദ്ര
തിഗ്മംവിശത്രൂൻതാഢിവിമൃധോനുദസ്വ ।
വിശത്രൂൻവിമൃധോനുദവിവൃത്രസ്യഹനൂ
രുജ । വിമന്യുമിന്ദ്രഭാമിതോ ऽ മിത്രസ്യാ-
ഭിദാസതഃ । ത്രാതാരമിന്ദ്രമവിതാര-
മിന്ദ്രംഹവേഹവേസുഹവം ശൂരമിന്ദ്രം ।
ഹ്വയേനുശക്രം പുരുഹൂതമിന്ദ്രംസ്വസ്തി
നോമഘവാധാത്വിന്ദ്രഃ । മാതേഅസ്യാം
സഹസാവൻപരിഷ്ഠാവഘായഭൂമഹരിവഃ
പരാദൈ । ത്രായസ്വനോ ऽ വൃകേഭിർവരൂഥൈ-
സ്തവപ്രിയാസഃ സൂരിഷുസ്യാമ । അനവസ്തേ
രഥമശ്വായതക്ഷൻത്വഷ്ടാവജ്രംപുരുഹൂത
ദ്യുമന്തം । ബ്രഹ്മാണഇന്ദ്രം മഹയന്തോഅർകൈ-
രവർധയന്നഹയഹന്തവാഉ । വൃഷ്ണേയത്തേ
വൃഷണോ അർകമർചാനിന്ദ്ര ഗ്രാവാണോ
അദിതിഃ സജോഷാഃ । അനശ്വാസോയേ
പവയോ ऽ രഥാഃ ഇന്ദ്രേഷിതാ അഭ്യവർന്ത ദസ്യൂൻ ॥

പദം

ഇന്ദ്രം വഃ വിശ്വതഃ പരി ഹവാമഹേ ജനേഭ്യഃ
അസ്മാകം അസ്തു കേവലഃ ഇന്ദ്രം നരഃ നേമധിതാ
ഹവന്തേ യത് പാർയാ യുനജതേ ധിയഃ താഃ
ശൂരഃ നൃഷാതാ ശവസഃ ചകാന ആ ഗോമതി
വ്രജേ ഭജ ത്വം നഃ ഇന്ദ്രിയാണി ശതക്രതോ യാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തേ ജനേഷു പഞ്ചസു ഇന്ദ്ര താനി തേ ആ വൃണേ
അനു തേ ദായി മഹ ഇന്ദ്രിയായ സത്രാ തേ വിശ്വം
അനു വൃത്രഹത്യേ അനു ക്ഷത്രം അനു സഹഃ യജതേ
ഇന്ദ്ര ദേവേഭിഃ അനു തേ നൃഷഹ്യേ ആ യസ്മിൻ
സപ്ത വാസവാഃ തിഷ്ഠന്തി സ്വാരുഹഃ യഥാ ഋഷിഃ
ഹ ദീർഘശ്രുത്തമഃ ഇന്ദ്രസ്യ ഘർമഃ അതിഥിഃ
ആമാസു പക്വം ഐരയഃ ആ സൂർയം രോഹയഃ
ദിവി ഘർമം ന സാമം തപതാ സുവൃക്തിഭിഃ
ജുഷ്ടം ഗിർവണസേ ഗിരഃ ഇന്ദ്രം ഇദ് ഗാഥിനഃ
ബൃഹദ് ഉരും അർകേഭിഃ അർകിണഃ ഇന്ദ്രം വാണീഃ
അനൂഷത ഗായന്തി ത്വാ ഗായത്രിണഃ അർചന്തി
അർകം അർകിണഃ ബ്രഹ്മാണഃ ത്വാ ശതക്രതോ ഉദ്
വംശം ഇവ യേമിരേ അംഹോമുചേ പ്ര ഭരേമ
മനീഷാം ഓഷിഷ്ഠദാവ്നേ സുമതിം ഗൃണാനഃ
ഇദം ഇന്ദ്ര പ്രതി ഹവ്യം ഗൃഭായ സത്യാഃ സന്തു
യജമാനസ്യ കാമാഃ വിവേഷ യദ് മാ ധിഷണാ
ജജാന സ്തവൈഃ പുരാ പാർയാദ് ഇന്ദ്രം അഹ്നഃ
അംഹസഃ യത്ര പീപരദ് യഥാ നഃ നാവാ ഇവ
യാന്തം ഉഭയേ ഹവന്തേ പ്ര സമ്രാജം പ്രഥമം
അധ്വരാണാം അംഹോമുചം വൃഷഭം യജ്ഞിയാനാം
അപാം നപാതം അശ്വിനൗ ഹയന്തം അസ്മിൻ
നരഃ ഇന്ദ്രിയം ധത്തം ഓജഃ വി നഃ ഇന്ദ്ര മൃധഃ
ജഹി നീചാ യച്ഛ പൃതന്യതഃ അധസ്പദം തം
ഈം കൃധി യഃ അസ്മാൻ അഭി ദാസതി ഇന്ദ്ര
ക്ഷത്രം അഭി വാമം ഓജഃ അജായഥാഃ വൃഷഭ
ചർഷണിനാം അപാനുദഃ ജനം അമിത്രയന്തം ഉരും
ദേവേഭ്യഃ അകൃണോരു ലോകം മൃഗഃ ന ഭീമഃ
കുചരഃ ഗിരിഷ്ഠാഃ പരാവതഃ ആ ജഗാമാ പരസ്യാഃ
സൃകം സംശായ പവിം ഇന്ദ്ര തിഗ്മം വി ശത്രൂൻ താഢി
വി മൃധഃ നുദസ്വ വി ശത്രൂൻ വി മൃധഃ നുദ വി
വൃത്രസ്യ ഹനൂ രുജ വിമന്യും ഇന്ദ്ര ഭാവിതഃ അമിത്രസ്യ
അഭിദാസതഃത്രാതാരംഇന്ദ്രംഅവിതാരംഇന്ദ്രം ഹവേ ഹവേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്ശൂരം ഇന്ദ്രം ഹ്ഷ്വേ ന ശക്രം പുരുഹൂതം ഇന്ദ്രം സ്വഹവം സ്വസ്തി നഃ മഘവാ ധാതു ഇന്ദ്രഃ മാ തേ അസ്യാം സഹസാവൻ പരിഷ്ടൗ അഘായ ഭൂമ ഹരിവഃ പരാദൈ ത്രായസ്വ നഃ അവൃകേഭിഃ വരൂഥൈഃ തവ പ്രിയാസഃ സൂരിഷു സ്യാമ അനവഃ തേ രഥം അശ്വായ തക്ഷൻ ത്വഷ്ടാ വജ്രം പുരുഹൂത ദ്യുമന്തം ബ്രഹ്മാണഃ ഇന്ദ്രം മഹയന്തഃ അർകൈഃ അവർധയൻ അഹയേ ഹന്തവാ ഉ വൃഷ്ണേ യത് തേ വൃഷണഃ അർകം അർയാൻ ഇന്ദ്ര ഗ്രാവാണഃ അദിതിഃ സജോഷാഃ അനശ്വാസഃ യേ പവയഃ അരഥാഃ ഇന്ദ്രേക്ഷിതാഃ അഭി അവർതന്ത ദസ്യൂൻ ॥

മന്ത്രവും വിനിയോഗവും അർത്ഥവും

1 ഇന്ദ്രം വോവിശ്വത സ്പരിഹവാ മഹേ ജനേഭ്യഃ ।
അസ്മാകമസ്തു കേവലഃ।

പശുക്കരം ധാരാളം കിട്ടണമെന്നു് ആഗ്രഹിക്കുന്നവൻ ഇന്ദ്ര നെ ഉദ്ദേശിച്ചു് ഹവിസ്സു് പാകം ചെയ്തു സമപ്പിക്കുന്ന യാഗത്തിൻെറ പുരോഽനുവാക്യയാണു് ഇതു് അടുത്ത മന്ത്രം യാജ്യാ.

ഹേഋത്വിക്കുകളെ ! ഹേയജമാന ! വഃജനേഭ്യഃ = നിങ്ങരംക്കു് പുത്രഭൃത്യാദികരം ഉണ്ടാകുന്നതിനു് വേണ്ടി, വിശ്വതഃ പരി = എല്ലാ ലോകങ്ങളുടേയും മുകളിൽ സ്ഥിതിചെയ്യുന്ന (എല്ലാവരെക്കാളും ശ്രേഷ്ഠനായ) ഇന്ദ്രം = ഇന്ദ്രനെ, ഹവാമഹേ = ഞങ്ങരം ക്ഷണിക്കുന്നു. സഃ = ആ ഇന്ദ്രൻ, അസ്മാകം = ഞങ്ങളെ, കേവലഃ അസ്തു = അസാധാരണമായ വിധത്തിൽ അനുഗ്രഹിക്കട്ടെ.

2 ഇന്ദ്രംനരോനേമധിതാഹവന്തേയത്പാർയാ
യുനജതേധിയസ്താഃ । ശൂരോനൃഷാതാശവസ-
ശ്ചകാന ആഗോമതി വ്രജേഭജാത്വംനഃ ॥

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നരഃ = അഗ്നികാർയം അനുഷ്ഠിക്കുന്ന പുരുഷൻ, നേമധിതാ = അഗ്നി മുതലായ ദേവന്മാരോടുകൂടി ഹവിസ്സിൻെറ അർദ്ധഭാഗം സ്വീകരിക്കാൻ, ഇന്ദ്രം = ഇന്ദ്രനെ, ഹവന്തേ = വിളിക്കുന്നു. യദ് = എന്തുകൊണ്ടെന്നാൽ, പാർയാഃ = അഗ്നിഷ്ടോമാദി യാഗങ്ങളം നിർവിഘ്നം നടത്താനാഗ്രഹിക്കുന്ന യജമാനന്മാർ, താധിയഃ യുനജതേ = അവ അനുഷ്ഠിക്കുന്നു. ഹേ ഇന്ദ്ര! ത്വം = അങ്ങ്, ശൂരഃ = ശൂരനും, നൃഷാതാ = മനുഷ്യക്കു ധനം കൊടുക്കുന്നവനും, ശവസഃ ചകാനഃ = ബലത്തെ സംതൃപ്തനാക്കുന്നവനുമായി, നഃ = ഞങ്ങളെ, ഗോമതി = പശുക്കളോടുകൂടിയ, വ്രജേ = സ്ഥലത്തിൽ, ആ ഭജ = താത്പർയമുള്ളവരാക്കിത്തീർക്കുക.

3. ഇന്ദ്രിയാണി ശതക്രതോ യാതേ ജനേഷു
പഞ്ചസു। ഇന്ദ്രതാനിത ആ വൃണേ ।

തനിക്കു ധരാരാളം പശുക്കളും വേണമെന്ന് ആഗ്രഹിക്കുന്നവൻ ഇന്ദ്രനെ ഉദ്ദേശിച്ച് പതിനൊന്ന് പാത്രങ്ങളിൽ ഹവിസ്സ് തയാറാക്കി നടത്തുന്ന യാഗത്തിൻെറ പുരോനുവാക്യാ മന്ത്രമാണ്. ഇതു്. അടുത്ത മന്ത്രം ഈ യാഗത്തിൻെറ യാജ്യയും.

ഹേ ശതക്രതോ ! = അല്ലയോ ഇന്ദ്ര! പഞ്ചസു ജനേഷു = ബ്രാഹ്മണാദി ചതുർവർണങ്ങളിൽ ഉള്ളവരും അതിൽ ഉൾപ്പെടാത്തവരുമായ ആളുകളിൽ, തേ = അങ്ങയുടെ അനുഗ്രഹത്താൽ, യാ ഇന്ദ്രിയാണി = സമർത്ഥമായ യാതൊരു ഇന്ദ്രിയങ്ങളും ഉണ്ടോ, താനി = അവയെ, തേ = അങ്ങയുടെ അനുഗ്രഹത്താൽ, ആ വൃണേ = സ്വീകരിക്കുന്നു.

4 അനുതേദായി മഹ ഇന്ദ്രിയായ സത്രാതേ
വിശ്വമനു വൃത്രഹത്യേ। അനുക്ഷത്രമനു
സഹോ യജത്രേന്ദ്ര ദേവേഭിരനു തേനൃഷഹ്യേ ।

ഹേ ഇന്ദ്ര ! മഹതേ = എല്ലാ ദേവന്മാരെക്കാളും ശ്രേഷ്ഠനായ അങ്ങേയ്ക്കു്, സത്രാ = യാഗങ്ങളിൽ, ദേവേഭിഃ =

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദേവന്മാരാൽ, വിശ്വം = എല്ലാ ഹവിസ്സും, അനുദായി = സമപ്പിക്കപ്പെട്ട. വൃത്രഹത്യേ അനു = വൃത്രാസുരനെ വധിച്ചതിനു ശേഷം, തേ ഇന്ദ്രിയായ = അങ്ങേയ്ക്കു ബലം കിട്ടുന്നതിനു വേണ്ടിയും, തേക്ഷത്രം അനു = അങ്ങയുടെ ക്ഷത്രിയത്വത്തെ കരുതിയും, തേ സഹഃ അനു = അങ്ങയുടെ ബലത്തെ കരുതിയും, തേനൃഷഹ്യേ അനു = ശത്രുക്കളെ തിരസ്കരിക്കാനുള്ള അങ്ങയുടെ സാമത്ഥ്യത്തെ കരുതിയും, യജതേ = അങ്ങയെ ഉദ്ദേശിച്ച് ആളുകൾ യാഗം കഴിക്കുന്നു.

5 ആയസ്മിൻ സപ്തവാസവാസ്തിഷ്ഠന്തി
സ്വാരുഹോയഥാ । ഋഷിർഹദീർഘശ്രുത്തമ
ഇന്ദ്രസ്യഘർമോ അതിഥിഃ ॥

ബ്രഹ്മവർചസ്സ് ആഗ്രഹിക്കുന്നവൻ ഇന്ദ്രനെ ഉദ്ദേശിച്ച് പതിനൊന്നു പാത്രത്തിൽ പാകം ചെയ്ത ഹവിസ്സ് ഹോമിക്കുന്നതിനുള്ള യാഗത്തിന്റെ പുരോ *f* നുവാക്യാ മന്ത്രമാണ് ഇതു് അടുത്ത മന്ത്രം ഈ യാഗത്തിന്റെ യാജ്യയും.

യസ്മിൻ = യാതൊരു രഥത്തിൽ, സപ്തവാസവാഃ = ഏഴ കുതിരകൾ, സ്വാരുഹഃ യഥാ = സ്വയംനിയന്ത്രിക്കപ്പെട്ടതുപോലെ, ആതിഷ്ഠതി = അഭിവർത്തനം ചെയ്യുന്നുവോ, സഃ = അപ്രകാരമുള്ളവനും, ഋഷിഃ = അതീന്ദ്രിയജ്ഞാനിയും, ദീർഘശ്രുത്തമഃ = വലിയ കീർത്തിയോടുകൂടിയവനും, ഘർമഃ = ദീപ്തിയോടുകൂടിയവനുമായ ആദിത്യൻ, ഇന്ദ്രസ്യ അതിഥിഃ = ഇന്ദ്രന്റെ അതിഥിയായി ഭവിക്കുന്നു. (അപ്രകാരമുള്ള ഇന്ദ്രന്റെ മാഹാത്മ്യം അവർണ്ണനീയമാണ്).

6 ആമാസു പക്വ മൈരയ ആസൂർയം രോഹ–
യോദിവി ഘർമം നസാമം തപതാസു വൃക്തി–
ഭിർജുഷ്ടം ഗിർവണസേ ഗിരഃ ।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹേ ഇന്ദ്ര ! ത്വം = അങ്ങ്, ആമാസു = പാകമാകാത്ത കായ്കളോടുകൂടിയ ഓഷധികളിൽ, പക്വം ഐരയഃ = മഴ പെയ്യിച്ച് പാകപ്പെടുത്തി. സൂർയം = സൂർയനെ ദിവം ആരോഹയഃ = സ്വർഗത്തിൽ ആരോഹണം ചെയ്യിച്ചു. അല്ലയോ യജമാനന്മാരെ ! ജുഷ്ടം = ഇന്ദ്രന് പ്രിയപ്പെട്ട ഹവിസ്സ്, ഘർമം ന തപത = പ്രവർഗ്യം പോലെ ശരിയായി ഹോമം കഴിക്കുവിൻ. സുവൃക്തിഭിഃ = ശോഭനമായ ഉക്തികളോടും, സാമം = സാമഗാനത്തോടും കൂടി, ഗിർവണസേ = സ്തുത്യർഹനായ ഇന്ദ്രന്, ഗിരഃ സ്തുതികൾ പറയുവിൻ.

7 ഇന്ദ്രമിദ്ഗാഥിനോ ബൃഹദിന്ദ്ര മർകേഭിരർകിണഃ
ഇന്ദ്രം വാണീര നൂഷത ।

ഭക്ഷണ സാധനം സുഭിക്ഷമായി കിട്ടണമെന്നാഗ്രഹിക്കുന്നവർ ആദിത്യനോട് കൂടിയ ഇന്ദ്രന് പതിനൊന്ന് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സ് സമർപ്പിക്കുന്ന യാഗത്തിന്റെ പുരോഽനുവാക്യമന്ത്രമാണ് ഇത് അടുത്ത മന്ത്രം ഈ യാഗത്തിന്റെ യാജ്യ.

ഗാഥിനഃ = സാമഗാനം ചെയ്യുന്നവർ, ഇന്ദ്രം ഇദ് = ഇന്ദ്രനെത്തന്നെ, അനൂഷത = സ്തുതിച്ചു. അർകിണഃ = ഋഗ്വേദമന്ത്രം പഠിച്ചവർ, അർകേഭിഃ = ഋഗ്വേദ മന്ത്രങ്ങളാൽ, ഇന്ദ്രംഇദ് = ഇന്ദ്രനെത്തന്നെ അനൂഷത = സ്തുതിച്ചു വാണീഃ = അന്യവചനങ്ങളും (യജുർവേദ മന്ത്രങ്ങളും) ഇന്ദ്രം ഇദ് = ഇന്ദ്രനെത്തന്നെ അനൂഷത = സ്തുതിച്ചു.

8 ഗായന്തിത്വാഗായത്രിണഃ അർചന്ത്യർകമർകിണഃ ।
ബ്രഹ്മാണസ്ത്വാശതക്രത ഉദ്വംശമിവയേമിരേ ।

ഹേശതക്രതോ ! = അല്ലയോഇന്ദ്ര ! ഗായത്രിണഃ = ഗായത്രസാമം ഗാനം ചെയ്യുന്നവർ, ത്വാം ഗായന്തി = അങ്ങയെ സ്തുതിച്ച് ഗാനം ചെയ്യുന്നു. ബ്രഹ്മാണഃ =

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യജുർവേദം പഠിച്ച ബ്രഹ്മാ എന്നറിയപ്പെടുന്ന പുരോഹിതന്മാർ, വംശം ഇവ = അവരുടെ കുലാചാരം എന്നപോലെ, ത്വാം ഇദ് = അങ്ങയെത്തന്നെ, യേമിരേ = ആശിസ്സുകൾകൊണ്ടു് വർദ്ധിപ്പിച്ചു.

9 അംഹോമുചേപ്രഭരേമാമനീഷാമോഷിഷ്ഠ-
ദാവ്നേസുമതിംഗൃണാനഃ । ഇദമിന്ദ്രപ്രതി
ഹവ്യംഗൃഭായസത്യാഃസന്തുയജമാനസ്യകാമാഃ ।

നരകഹേതുവായ പാപം പരിഹരിക്കുന്നതിനു് ഇന്ദ്രനെ ഉദ്ദേശിച്ചു് പതിനൊന്നു് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സു് സമർപ്പിക്കുന്ന യാഗത്തിൻെറ പുരോ f നു വാക്യാ മന്ത്രമാണു് ഇതു്. അടുത്ത മന്ത്രം ഇതിൻെറ യാജ്യയും.

ഗൃണാനഃ വയം = സ്തുതിക്കുന്ന ഞങ്ങൾ, ഓഷിഷ്ഠദാ- വ്നേ = മഴപെയ്യിക്കുന്നവനും, അംഹോമുചേ = പാപം ഇല്ലാതെയാക്കുന്നവനും ആയ ഇന്ദ്രനെ, സുമതിം മനീഷാം = സന്തോഷിപ്പിക്കണമെന്ന നിശ്ചയം, പ്രഭരേമ = സ്വീകരിക്കുന്നു. ഹേ ഇന്ദ്ര ! = അല്ലയോ ഇന്ദ്ര ! ഇദംഹവ്യം = ഞാൻ സമർപ്പിക്കുന്ന ഈ ഹവിസ്സു്, പ്രതിഗൃഭായ = സ്വീകരിച്ചാലും. യജമാനസ്യകാമാഃ = യജമാനൻെറ ആഗ്രഹങ്ങൾ, സത്യാഃ സന്തു = സഫലമാകട്ടെ.

10 വിവേഷയന്മാധിഷണാജജാനസ്തവൈഃ
പുരാപർയാദിന്ദ്രമഹ്നഃ । അംഹസോയത്ര
പീപരദ്യഥാനോനാവേവയാന്തമുഭയേഹവന്തേ ।

ഇന്ദ്രഃ = ഇന്ദ്രൻ, അംഹസഃ = പാപത്തിൽനിന്നു്, പീപരദ് = ഞങ്ങളെ കരകയററി, സാധിഷണാ = എന്നുള്ള വിചാരം. യദ്മാംവിവേഷ = എനിക്കു് ഉണ്ടായതുകൊണ്ടു്, ജജാന = ഞാൻ നല്ല അറിവു് ഉള്ളവനായിത്തീർന്നു. പാർയാദ് അഹ്നഃ പുരാ = മരണ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദിവസംവരെ, ത്വാം = അങ്ങയെ, സ്തവൈ = ഞാൻ സ്തുതിക്കും. നാവാ യാന്തം = വള്ളത്തിൽ പോകുന്ന നാവികനെ, യഥാഉഭയേഹവന്തേ = ഇരുകരയിലും ഉള്ള ആളുകരം വിളിക്കുന്നതുപോലെ, നഃ = ഞങ്ങളെ രക്ഷി ക്കാൻ ഞങ്ങരം അങ്ങയെ വിളിക്കുന്നു.

11 പ്രസമ്രാജം പ്രഥമമധ്വരാണാ-
മംഹോമുചംവൃഷഭം യജ്ഞിയാനാം ।
അപാം നപാതമശ്വിനാഹയന്തമസ്മിന്നര
ഇന്ദ്രിയം ധത്തമോജഃ ।

ഇതും ഇതിനു മുൻപു പറഞ്ഞയാഗത്തിൻെറ മററൊരു യാജ്യാമന്ത്രമാണു്.

ഹേനര ! = അല്ലയോ സ്തുതിക്കുകളെ ! സമ്രാജം = നല്ലപോലെ പ്രകാശിക്കുന്നവനും, അധ്വരാണാം = അ-ഗ്നിഷ്ടോമാദിയാഗങ്ങളുടെ, പ്രഥമം = മുഖ്യ ദേവനും, അംഹോ മുചം = പാപത്തിൽ നിന്നു മോചിപ്പിക്കുന്ന വനും, യജ്ഞിയാനാം വൃഷഭം = യാഗസംബന്ധിയായ ഫലം തരുന്നവനും, അപാം നപാതം = ജലം രക്ഷിക്കുന്ന വനും, ഹയന്തം = ഐശ്വര്യം ഉണ്ടാക്കിത്തരുന്നവനുമായ, ഇന്ദ്രം = ഇന്ദ്രനെ ഭജിക്കുവിൻ. ഹേ അശ്വിനൗ = അല്ല യോ അശ്വി നീ ദേവന്മാരെ ! അസ്മിൻ = ഈ യജമാന നിൽ, ഇന്ദ്രിയം = ചക്ഷുരാദി ഇന്ദ്രിയങ്ങരംക്കു സാമ ർത്ഥ്യവും, ഓജഃ = ബലവും, ധത്തം = നൽകിയാലും.

12 വിന ഇന്ദ്രമൃധോ ജഹിനീചായച്ഛ പൃതന്യതഃ ।
അധസ്പദം തമീംകൃധിയോഽസ്മാനഭിദാസതി ।

ശത്രുക്കളുടെ പീഡയിൽ നിന്നു മോചനം കിട്ടുന്നതിനു വേണ്ടി പതിനൊന്നു പാത്രത്തിൽ പാകം ചെയ്ത ഹവി സ്സു ഇന്ദ്രനു സമപ്പിക്കുന്നു. ആ യാഗത്തിൻെറ പുരോഽനു വാക്യാ മന്ത്രമാണു് ഇതു്. അടുത്ത മന്ത്രം അതിൻെറ യാജ്യയും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹേ ഇന്ദ്ര ! നഃ = ഞങ്ങളുടെ, മൃധഃ = ശത്രുക്കളെ, വിജഹി = വിശേഷണ നശിപ്പിച്ചാലും. പൃതന്യതഃ = ഞങ്ങളെ നശിപ്പിക്കാൻ സേനാസന്നാഹം ചെയ്യുന്നവരേയും, നീചാ യച്ഛ = തരം താഴ്ത്തിയാലും യഃ = ആരാണോ, അഭി ദാസതി = ഞങ്ങളെ ഉപദ്രവിക്കുന്നതു്, ഈം = അവ നെയും, അധസ്പദം കൃധി = താഴ്ത്തുക (ഞങ്ങളെ നമ സ്കരിക്കത്തക്ക വിധത്തിൽ ആക്കുക.

13 ഇന്ദ്രക്ഷത്രമഭിവാമമോ ജോƒജായഥാ
വൃഷഭ ചർഷണീനാം । അപാനുദോജന–
മമിത്രയന്തമുരുംദേവഭ്യോ ƒ കൃണോരുലോകം

ഹേ ഇന്ദ്ര ! വാമം = സ്തുത്യവും, ക്ഷത്രം = അന്യരെ പീഡയിൽനിന്നു് രക്ഷിക്കാൻ കഴിവുള്ളതും ആയ, ഓജഃ = ബലം, അഭി = സമ്പാദിക്കാനാണു്, അജായഥാഃ = അങ്ങ് ജനിച്ചിരിക്കുന്നതു്, ചർഷണീനാം വൃഷഭ ! ഞങ്ങളുടെ ആഗ്രഹങ്ങൾ സാധിച്ചുതരുന്ന അല്ലയോ ഇന്ദ്ര! അമിത്രയന്തം = ഞങ്ങളുടെ ശത്രു ആകാൻ ആഗ്രഹി ക്കുന്ന, ജനം = ആളുകളെ, അപാനുദഃ = അങ്ങ് തിര സ്കരിച്ചിരിക്കുന്നു. ദേവഭ്യഃ = ഹവിസ്സ്ദാനം ചെ യ്യുന്ന യജമാനന്മാർക്കു്, ഉരും ലോകം = ഐശ്വര്യ സമൃദ്ധമായസ്ഥാനം, അകൃണോരു = അങ്ങ് നൽകി.

14 മൃഗോനഭീമഃകുചരോഗിരിഷ്ഠാഃപരാവതഃ
അജഗാമാപരസ്യാഃ । സൃകംസംശായപവി–
മിന്ദ്രതിഗ്മം വിശത്രൂൻതാഢിവിമൃധോനുദസ്വ ।

ഇതും ശത്രുക്കളുടെ പിഡയിൽ നിന്നു് മോചനം കിട്ടു ന്നതിനു് വേണ്ടി ഇന്ദ്രനെ ഉദ്ദേശിച്ചു് ചെയ്യുന്ന യാഗ ത്തിന്റെ മറെറാരു പുരോƒനുവാക്യാ മന്ത്രമാണു്. ഹേ ഇന്ദ്ര ! ത്വം = അങ്ങു്, ഭീമഃ = ഭയങ്കരനും, കുചരഃ = പ്രാണിഹിംസ മുതലായ കുത്സിത കർമ്മ ങ്ങൾ ചെയ്യുന്നവനും, ഗിരിഷ്ഠഃ = പർവ്വതത്തിൽവസി ക്കുന്നവനും ആയ, മൃഗഃന = മൃഗത്തെപോലെ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പരസ്യാഃ പരാവതഃ = വളരെ ദൂരെനിന്നു്, ആജഗാമ = ഞങ്ങളുടെ ശത്രുക്കളെ കൊല്ലാൻവന്നും സുകം = പരശരീരങ്ങളിൽ പ്രവേശിക്കാൻ ശക്തിയുള്ളതും, തിഗ്മം = മൂർച്ചയുള്ളതുമായ, പവിം = വജ്രായുധം, സംശായ = മൂർച്ചയുള്ളതാക്കി, ശത്രൂൻ = ശത്രുക്കളെ, വിതാഢി = വിശേഷേണതാഡിക്കുക. മൃധഃ = യുദ്ധം ചെയ്യുന്ന ശത്രുക്കളെ, വിനുദസ്വ = വിശേഷണ നിരാകരിക്കുക.

15 വിശത്രൂൻ വിമൃധോനുദ വിവൃത്രസ്യ ഹനൂരുജ ।
വിമന്യുമിന്ദ്രഭാമിതോऽമിത്രസ്യാഭിദാസതഃ ।

ശത്രു പീഡയിൽ നിന്നു് മോചനം കിട്ടുന്നതിനു് വേണ്ടി ഇന്ദ്രനെ ഉദ്ദേശിച്ചു് ചെയ്യുന്ന യാഗത്തിന്റെ മറെറാരു യാജ്യാ മന്ത്രമാണു് ഇതു്.

ഹേ ഇന്ദ്ര ! ശത്രൂൻ = ശത്രുക്കളെ, വിനുദ = വിശേഷേണ നിരാകരിക്കുക. മൃധഃ വിനുദ = യുദ്ധം ചെയ്യുന്ന ശത്രുക്കളേയുംവിശേഷണനശിപ്പിക്കുക. വൃത്രസ്യ = വൃത്രന്റെ(ശത്രുക്കളുടെ) ഹനൂ = ഹനുക്കളെ,വിരുജ = ഭഗ്നമാക്കുക. ത്വം = അങ്ങു്, ഭാമിതഃ = ക്രുദ്ധനായി, അഭിദാസതഃ = ഞങ്ങളെ നശിപ്പിക്കാൻ ആഗ്രഹിക്കുന്ന, അമിത്രസ്യ = ശത്രുവിന്റെ, മന്യും = കോപം, വിനുദ = നശിപ്പിക്കുക.

16 ത്രാതാരമിന്ദ്രമവിതാരമിന്ദ്രം
ഹവേ ഹവേ സുഹവം ശൂരമിന്ദ്രം ।
ഹ്വയാമി ശക്രം പുരുഹൂതമിന്ദ്രം
സ്വസ്തിനോമഘവാധാത്വിന്ദ്രഃ ।

കാരാഗൃഹത്തിൽ ബന്ധനസ്ഥനോ സൈന്യങ്ങളാൽ ചുററപ്പെട്ടവനോ ആയിട്ടുള്ളവൻ അതിൽ നിന്നു് മോചനം കിട്ടുന്നതിനു് വേണ്ടി പതിനൊന്നു് പാത്രത്തിൽ പാകം ചെയ്ത പുരോഡാശം ഇന്ദ്രനു് സമർപ്പിക്കുന്നു. അതിനുള്ള പുരോऽനുവാക്യാമന്ത്രമാണു് ഇതു്. അടുത്ത മന്ത്രം ഈ യാഗത്തിനുള്ള യാജ്യയും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്രാതാരം = ശൃംഖലാ ബന്ധത്തിൽ നിന്നു് രക്ഷിക്കുന്ന വനും, അവിതാരം = സൈന്യങ്ങളുടെ ഉപരോധത്തിൽ നിന്നു് രക്ഷിക്കുന്നവനും ശൂരം = അവരോധാദികൾ നടത്തുന്നഭടന്മാരെ തിരസ്കരിക്കാൻ സമർത്ഥനും, ഹവേ ഹവേ = എല്ലാഹോമത്തിലും, സുഹവം = സുഖമായി ക്ഷണിക്കപ്പെടുന്നവനും, ശക്രം = എല്ലാക്കാർയ്യത്തിനും ശക്തനും, പുരുഹൂതം = അനേകം ആളുകളാൽ ക്ഷണി ക്കപ്പെടുന്നവനുമായ, ഇന്ദ്രം = ഇന്ദ്രനെ, ഹ്വേ = ഞങ്ങൾ വിളിക്കുന്നു. മഘവാ ഇന്ദ്രഃ = ധനവാനായ ഇന്ദ്രൻ, നഃ = ഞങ്ങൾക്കു്, സ്വസ്തി = മംഗളം, ധാതു = ഉണ്ടാക്കട്ടെ.

17 മാതേ അസ്യാം സഹസാവൻ പരിഷ്ടാവഘായ
ഭൂമഹരിവഃ പരാദൈ। ത്രായസ്വനോ ƒ വൃകേഭി-
ർവരൂഥൈസ്തവ പ്രിയാസഃ സൂരിഷുസ്യാമ।

ഹേസഹസാവൻ ഇന്ദ്ര! = അല്ലയോ ബലവാനായ ഇന്ദ്ര! അസ്യാം പരിഷ്ടൗ = ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി ചെയ്യുന്ന യാഗത്തിൽ, വയം = ഞങ്ങൾ, അഘായ മാഭൂമ = യാതൊരു വൈകല്യവും ഉണ്ടാക്കാതിരിക്കട്ടെ ഹേ ഹരിവഃ! = അശ്വങ്ങളോടുകൂടിയ അല്ലയോ ഇന്ദ്ര! പരാദൈമാഭൂമ = ഞങ്ങൾ അങ്ങയോടു ബഹുമാനക്കു റവു് കാണിക്കാതിരിക്കട്ടെ. ത്വം = അങ്ങു്, നഃ = ഞങ്ങളെ, അവൃകേഭിഃ = ഹിംസയില്ലാത്ത, വരൂഥൈഃ = ഗൃഹങ്ങളാൽ, ത്രായസ്വ = രക്ഷിച്ചാലും (ഞങ്ങൾ ക്കുനല്ല ഗൃഹങ്ങൾ നൽകിയാലും) സൂരിഷു = വിദ്വാ ന്മാരായ യജമാനന്മാരിൽ, വയം = ഞങ്ങൾ, തവ = അങ്ങേയ്ക്കു്, പ്രിയാസഃ ഭവേമ = പ്രിയപ്പെട്ടവർ ആ യിത്തീരട്ടെ.

18 അനവസ്തേരഥമശ്വായതക്ഷൻ ത്വഷ്ടാ
വജ്രം പുരുഹൂതദ്യുമന്തം। ബ്രഹ്മാണ
ഇന്ദ്രം മഹയന്തോ അർക്കൈരവർധയന്ന-
ഹയ ഹന്തവാ ഉ।

അശ്വമേധയാഗം നിർവിഘ്നം നടത്താൻ ആഗ്രഹിക്കു ന്നവൻ പതിനൊന്നു് പാത്രത്തിൽ ഹവിസ്സു് പാകം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചെയ്യു് ഇന്ദ്രന്ന് സമപ്പിക്കുന്നു. അതിനുള്ള പുരോƒനു വാക്യയാണു് ഈ മന്ത്രം. അടുത്ത മന്ത്രം യാജ്യയും.

ഹേ പുരുഹൂത ഇന്ദ്ര ! = അനേകം ആളുകളാൽ ക്ഷണിക്കപ്പെടുന്ന അല്ലയോ ഇന്ദ്ര ! തേ രഥം = അങ്ങയുടെ രഥം, അനുവഃ = = മനുഷ്യൻ, അശ്വായ രക്ഷതു ഃ = കുതിരകളെ കെട്ടത്തക്കവിധത്തിൽ ശരിയാക്കട്ടെ. ത്വഷ്ടാ = ത്വഷ്ടാ എന്ന ദേവൻ, ദ്യുമന്തം = പ്രകാശമേറിയ, വജ്രം = വജ്രായുധം, തക്ഷതു = നിർമ്മിക്കട്ടെ. ബ്രഹ്മാണഃ = സ്തുതിക്കുകാര്, അർകൈഃ = മന്ത്രങ്ങളാൽ, മഹയന്തഃ = പൂജിച്ചു് ഇന്ദ്രം = ഇന്ദ്രനെ, അവർധയൻ = ആശിസ്സുകളാൽ വർദ്ധിപ്പിക്കട്ടെ. അഹയേ = മഹായജ്ഞത്തിനു് പ്രതിബന്ധമായിരിക്കുന്ന പാപം, ഹന്തവാ ഉ = ഇല്ലാതെയാക്കിയാലും.

19 വൃഷ്ണേയത്തേവൃഷണോ അർകമർയാ–
നിന്ദ്രഗ്രാവാണോ അദിതിഃ സജോഷാഃ ।
അനശ്വാ സോ യേപവയോ അരഥാ
ഇന്ദ്രേക്ഷിതാ അഭ്യവർതന്തദസ്യൂൻ।

ഹേ ഇന്ദ്ര ! = അല്ലയോ ഇന്ദ്ര ! യദ് = ഏതവസരത്തിലാണോ, വൃഷ്ണേ = ആഗ്രഹങ്ങരം സാധിച്ചുതരുന്ന തേ = അങ്ങയുടെ, അർകം = പൂജനീയവും, വൃഷണഃ = ഫലാഭിവർഷകവുമായ യാഗത്തിനു്, ഗ്രാവാണഃ = ദൃഷദുപലാദിപദാർത്ഥങ്ങരം, അർയാൻ = അലംകരിക്കുന്നതു്, അപ്പോരം, അദിതിഃ = വേദി രൂപത്തിലിരിക്കുന്ന ഭൂമി, സജോഷാഃ = അങ്ങയ്ക്കു് തുല്യമായ പ്രീതിയോടുകൂടിയതായിത്തീരട്ടെ. ഇന്ദ്രേഷിതാഃ = ഇന്ദ്രപ്രേരിതമായ, യേപവയഃ = യാതൊരു വജ്രായുധം ഉണ്ടോ അതു്, അരഥാഃ = രഥാപേക്ഷ കൂടാതെയും, അനശ്വാസഃ = അശ്വാപേക്ഷ കൂടാതെയും, ദസ്യൂൻ മഹായജ്ഞത്തിനു് പ്രതിബന്ധമായിരിക്കുന്ന ആളുകളെ അഭിഅവർതന്ത = എതിർത്തു നശിപ്പിക്കട്ടെ.

ഇതിദ്വാദശോƒനുവാകഃ

പ്രഥമകാണ്ഡേഷഷ്ഠഃ പ്രപാഠകഃ സമാപ്തഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രഥമാകാണ്ഡേ സപ്തമഃ പ്രപാഠകഃ

പ്രഥ മോഽനുവാകഃ (ബ്രാഹ്മണം)

സംഹിതാ—

പാകയജ്ഞം വാ അന്വാഹിതാഗ്നേഃ പശവ
ഉപതിഷ്ഠന്ത ഇഡാഖലുവൈ പാകയജ്ഞഃ
സൈഷാന്തരാ പ്രയാ ജാനുയാജാൻ യജമാനസ്യ
ലോകേഽവഹിതാ താമാഹ്രിയമാണാമഭി
മന്ത്രയേത സുരൂപ വർഷവർണ ഏഹീതി പശവോ
വാ ഇഡാ പശൂനേവോ പഹ്വയതേ യജ്ഞം വൈ
ദേവാ അദുഹ്രൻ യജ്ഞോഽസുരാം അദുഹ-
ന്തേഽസുരാ യജ്ഞ ദുഗ്ധാഃ പരാഭവന്യോവൈ
യജ്ഞസ്യ ദോഹം വിദ്വാൻ യജതേഽപ്യന്യം യജ-
മാനം ദുഹേ സാമേ സത്യാശീരസ്യ യജ്ഞസ്യ
ഭൂയാദിത്യാഹൈ ഷവൈ യജ്ഞസ്യ ദോഹ സ്തേ-
നൈവേനം ദുഹേ പ്രത്താ വൈ ഗൗർദുഹേ
പ്രത്തേഡായജ മാനായദുഹ ഏതേ വാ ഇഡായൈ
സ്തനാ ഇഡോപ ഹൂതേതിവായുർവത്സോ യർഹി
ഹോ തേഡാ മുപഹ്വയേത തർഹിയജ മാനോ
ഹോ താര മീക്ഷമാണോ വായും മനസാ ധ്യായേത്
മാത്രേ വത്സമുപാവ സൃജതി സർവ്വേണ വൈ യജ്ഞേന
ദേവാഃ സുവർഗം ലോകമായൻ പാക യജ്ഞേന
മനു രശ്രാമ്യ ത്സേഡാ മനുമുപാവർതത താം
ദേവാസുരാ വ്യഹ്വയന്ത പ്രതീചീം ദേവാ പരാചീ-
മസുരാ സാ ദേവാനുപാവർതത പശവോ വൈ തദ്ദേ
വാന വൃണത പശ വോഽസുരാനജ ഹുർയം കാമയേതാ-
പശുഃ സ്യാദിതി പരാചീം തസ്യേഡാ മുപഹ്വയേ-
താപശു രേവ ഭവതി യം കാമയേത പശുമാൻ
സ്യാദിതി പ്രതിചീം തസ്യേഡാ മുപഹ്വയേത
പശുമാനേവ ഭവതി ബ്രഹ്മവാദിനോ വദന്തി
സത്വാ ഇഡാ മുപ ഹ്വയേത യ ഇഡാ മുപഹൂയാഽഽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്മാന മിഡാ മുപ ഹ്വയേതേതി സാനഃ പ്രിയാ സുപ്രതൂ-
ർതി ർമഘോനീ ത്യാ ഹേഡാ മേവോപ ഹ്വയാത്മാന-
മുപ ഹ്വയതേ വ്യസ്തമിവാ വാ ഏത ദ്യജ്ഞസ്യ
യദിഡാ സാമി പ്രാശ്നന്തി സാമി മാർജയന്ത
ഏത ത്പ്രതി വാ അസുരാണാം യജ്ഞോ വ്യച്ഛിദ്യത
ബ്രഹ്മണാ ദേവാ സമ ദധുർബൃ ഹസ്പതി സ്തനനുതാ-
മിമം ന ഇത്യാഹ ബ്രഹ്മ വൈ ദേവാനാം ബൃഹ-
സ്പതി ബ്രഹ്മണൈവ യജ്ഞം സംദധാതി വിച്ഛിന്നം
യജ്ഞം സമിമം ദധാത്വി ത്യാഹ സംതത്യൈ വിശേ
ദേവാ ഇഹ മാദയന്താ മിത്യാഹ സന്തത്യൈവ യജ്ഞം
ദേവോ ഭ്യോഽനുദിശതി യാം വൈ യജ്ഞേ ദക്ഷിണാം
ദദാതി താമസ്യ പശവോഽനു സം ക്രാമന്തി സഏഷ
ഈ ജാനോ പശുർഭാവുകോ യജമാനേന ഖലു വൈ
തത്കാർയ മിത്യാ ഹുർയഥാ ദേവത്രാദത്തം കുർവിതാഽഽ-
ത്മൻ പശൂൻ രമ യേതേതി ബ്രധ്ന പിന്വസ്വേ ത്യാഹ
യജ്ഞോ വൈ ബ്രധ്നോ യജ്ഞമേ വ തന്മഹയത്യഥോ
ദേവ ത്രൈവ ദത്തം കുരുത ആത്മൻ പശൂർ രമയതേ ദദതോ
മേ മാക്ഷായീ ത്യാഹാക്ഷിത മേവോ പൈതി കുർവതോ
മേ മോപദസ ദിത്യാഹ ഭൂമാന മേവോ പൈതി ॥

(ഒന്നാം കാണ്ഡം ആറാം പ്രപാഠകത്തിൽ മൂന്നാം അനുവാ
ക്യത്തിൽ "സുരൂപ വർഷവർണ ഏഹി" എന്നതു മുതൽ
ഉള്ള മന്ത്രങ്ങളുടെ ബ്രാഹ്മണം ഈ അനുവാകത്തിൽ
പറയുന്നു)

അർത്ഥം

അഗ്നികാര്യം ശരിയായി അനുഷ്ഠിക്കുന്ന യജമാനന് പാക
യജ്ഞത്തിൻെറ ഫലമായി (ഔപാസനഹോമം വൈശ്വദേവം
പാർവ്വണം അഷ്ടകാശ്രാദ്ധം മാസിശ്രാദ്ധം സർപ്പബലി ഈ
ശാനബലി എന്നിവയാണ് പാകയജ്ഞങ്ങൾ) പശുക്കൾ ലഭി
ക്കുന്നു. യാഗത്തിൽ അനുഷ്ഠിക്കുന്ന ഇഡാഭക്ഷണം പാക യജ്ഞ
ത്തിന് തുല്യമായ ഫലമുള്ളതാണ്. ആ ഇഡ യജമാനൻെറ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യാഗഫലസാധനമായ ലോകത്തിൽ പ്രയാജാനുയാജങ്ങളുടെ ഇടയ്ക്കു് സ്ഥിതി ചെയ്യുകയാണു്. ഹോതാവിൻെറ സമീപത്തിൽ കൊണ്ടുവരുന്ന ഇഡയെ ‘‘സുരൂപ വർഷവർണേ ഏഹി’’ എന്നു് അഭിമന്ത്രണം ചെയ്യണം ഇഡപശുക്കളും തന്നെയാണു് ഇഡയെ അഭിമന്ത്രണം ചെയ്യുന്നതു പശുക്കളെ വിളിക്കുകതന്നെയാണു്.

ദേവന്മാർ യാഗത്തിൻെറ സാരാംശം മുഴുവൻ സ്വായത്തമാക്കി യജ്ഞം അസുരന്മാരുടെ സാരമായ അംശം സ്വാധീനമാക്കി. യാഗത്താൽ ദോഹനം ചെയ്യപ്പെട്ട അസുരന്മാർ പരാജയം പ്രാപിച്ചു യാതൊരു യജമാനനാണോ ദേവന്മാർ യജ്ഞത്തെ ദോഹനം ചെയ്തതും യജ്ഞം അസുരന്മാരെ ദോഹനം ചെയ്തതും മനസ്സിലാക്കി യാഗം നടത്തുന്നതു് അവൻ മററുള്ളയജമാനന്മാരിൽനിന്നും സാരമായ കാർയ്യങ്ങളും മനസ്സിലാക്കുന്നു.

‘‘സാമേസത്യാശീരസ്യയജ്ഞാസ്യഭ്രയാത്’’ എന്ന മന്ത്രം ചൊല്ലുന്നതാണു് യജ്ഞത്തെ ദോഹനം ചെയ്യുന്നതു്. അപ്രകാരം ചൊല്ലുന്നതുകൊണ്ടുതന്നെ മററുള്ളവരുടേയും യാഗഫലങ്ങളും യജമാനനു് ലഭിക്കുന്നു.

പശു അതിൻെറ കുട്ടിയെ പാൽ കുടിപ്പിക്കാനാണു് പാൽ ചുരത്തുന്നതു്. ഇഡ കുട്ടിയെ കുടിപ്പിക്കാൻ പാൽ ചുരത്തുന്ന പശുവിനെപ്പോലെ യജമാനനു് അഭീഷ്ട കാർയ്യം സാധിച്ചുകൊടുക്കുന്നു. ഇഡയെ അഭിമന്ത്രണം ചെയ്യുന്ന മന്ത്രങ്ങളും പശുവിൻെറ അകിടിനു് തുല്യമാണു്. വായു കിടാവിനു് തുല്യമാണു്.

ഹോതാവു് ഇഡയെ അഭിമന്ത്രണം ചെയ്യുന്ന അവസരത്തിൽ യജമാനൻ ഹോതാവിനെ നോക്കിക്കൊണ്ടു് വായുവിനെ മനസ്സുകൊണ്ടു് ധ്യാനിക്കണം. അപ്പോൾ പശുവിൻെറ അടുക്കൽ അതിൻെറ കുട്ടിയെ കൊണ്ടുവിടുന്നതുപോലെ ആകുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദേവന്മാർ ദശ്പൂർണമാസയാഗം അനുഷ്ഠിച്ചതുകൊണ്ടു് സ്വർഗ്ഗലോകം പ്രാപിച്ചു. മനുപാകയജ്ഞം അനുഷ്ഠിച്ച് ശ്രാന്തനായി. ഇഡാദേവത മനുവിൻെറ സമീപത്തിൽ എത്തി. അതു കണ്ടിട്ടു് ദേവന്മാരും അസുരന്മാരും ഇഡയെ അനുമന്ത്രണം ചെയ്തു. ദേവന്മാർ പടിഞ്ഞാറു് നോക്കി ഇഡയെ ആഹ്വാനം ചെയ്തു. അസുരന്മാർ പരാങ്മുഖമായി നിന്നു് ഇഡയെ ആഹ്വാനം ചെയ്തു. ആ ഇഡ ദേവന്മാരെ സമീപിച്ചു. അപ്പോൾ പശുക്കളും ദേവന്മാരെ പ്രാപിച്ചു. പശുക്കൾ അസുരന്മാരെ ഉപേക്ഷിച്ചു.

യജമാനനു് പശുക്കൾ ഇല്ലാതെയാകണമെന്നു് ആഗ്രഹിക്കുകയാണെങ്കിൽ പരാങ്മുഖമായി നിന്നു് ഇഡയെ അനുമന്ത്രണം ചെയ്യുന്നു, അപ്പോൾ യജമാനൻ പശുക്കൾ ഇല്ലാത്തവനായിത്തീരുന്നു. യജമാനനു് ധാരാളം പശുക്കൾ ഉണ്ടാകണമെന്നു് ആഗ്രഹിക്കുകയാണെങ്കിൽ ഇഡയെ പടിഞ്ഞാറു് നോക്കി അനുമന്ത്രണം ചെയ്യണം. ആ യജമാനൻ പശുക്കളോടു് കൂടിയവനായിത്തിരുന്നു. ഇഡയെ മന്ത്രപൂർവകം അഭിമന്ത്രണം ചെയ്യുന്നവൻ തന്നെ ഇഡയുമായി യോജിപ്പിക്കുന്നു എന്നു് വേദാർത്ഥ വിചാരം ചെയ്യുന്നവർ പറയുന്നു. "സാനഃ പ്രിയാ സുപ്രതൂർതിർ മഘോനീ" എന്ന മന്ത്രം ചൊല്ലി ഇഡയെ അഭിമന്ത്രണം ചെയ്യുന്നതുകൊണ്ടു് യജമാനൻ ഇഡയുമായി യോജിക്കുന്നു.

യാഗത്തിൻെറ മദ്ധ്യത്തിൽ ഇഡയുടെ അംശം ഭക്ഷിക്കുന്നു എന്നതും ശിരസ്സിൽ ജലം ഒഴിച്ചു് യജമാനനെ പരിശുദ്ധനാക്കുന്നു എന്നുള്ളതും യാഗക്രിയയ്ക്കു് ഒരു വിച്ഛേദം പോലെയാണു്. ഇതു നിമിത്തം അസുരന്മാരുടെ യാഗം വിച്ഛേദിക്കപ്പെട്ടു ദേവന്മാർ ബ്രഹ്മാവിനെകൊണ്ടു ഇഡാഭക്ഷണത്തിനു് മുൻപും പിൻപുമുള്ള ഭാഗങ്ങൾ യോജിപ്പിച്ചു.

"ബൃഹസ്പതി സ്തനുതാ മിമംനഃ" എന്ന മന്ത്രം ചൊല്ലുന്നു. ദേവന്മാരുടെ ബൃഹസ്പതി ബ്രഹ്മാവാണു്. ബ്രഹ്മാവിനാൽ തന്നെ യാഗം കൂട്ടിച്ചേർക്കപ്പെടുന്നു. യാഗത്തിനു് വിച്ഛേദം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉണ്ടാകാതെയിരിക്കുന്നതിന്ന് വേണ്ടിയാണ് "വിച്ഛിന്നം യജ്ഞം സമിമം ദധാതു" എന്ന മന്ത്രം ചൊല്ലുന്നതു്. "വിശ്വേ ദേവാ ഇഹ മാദയന്താം" എന്ന മന്ത്രം ചൊല്ലുന്നതു കൊണ്ടു് അവിച്ഛിന്നമായ യാഗം ദേവന്മാർക്കു് സമർപ്പിക്കുന്നു.

യാഗത്തിൽ യജമാനൻ ഒരു പശുവിനെ ദക്ഷിണയായി നൽകുമ്പോൾ യജമാനൻെറ മററു പശുക്കളും അതിനെ അനുഗമിക്കുന്നു. ആ യജമാനൻ പശുക്കൾ ഇല്ലാത്തവനായിത്തീരുന്നു ദക്ഷിണയായി നൽകിയ പശു ഋത്വിക്കുകൾക്കു് സ്ഥിരമായിരിക്കാനും യജമാനൻ പശുക്കളോടു് കൂടിയ വനായ് തന്നെ ഇരിക്കാനും സാധിക്കത്തക്ക വിധത്തിൽ വേണം യജമാനൻ പ്രവർത്തിക്കേണ്ടതു് എന്നു് പറയുന്നു. "ബ്രധ്ന പിന്വസ്വ" എന്ന മന്ത്രം ചൊല്ലുന്നു. "ബ്രധ്നഃ" എന്നു് പറയുന്നതു് യാഗമാണ്. ഈ മന്ത്രം യാഗത്തെ സ്തുതിക്കുന്നതാണ്. ഋത്വിക്കുകൾക്കു് കൊടുത്തതു് അവർക്കു തന്നെ കിട്ടുന്നു. യജമാനൻ പശുക്കളോടു് കൂടിയവനായി സന്തോഷിക്കയും ചെയ്യുന്നു. "ദദതോ മേമാക്ഷായി" എന്ന മന്ത്രം ചൊല്ലുന്നതു കൊണ്ടു് യജമാനൻെറ സമ്പത്തു ക്ഷയിക്കുന്നില്ല. "കുർവതോ മേ മോപദസത്" എന്ന മന്ത്രം ചൊല്ലുന്നതു കൊണ്ടു് യജമാനൻെറ സമ്പത്തു് വർദ്ധിക്കുന്നു.

ഇതിപ്രഥമോഽനുവാകഃ

അഥദ്വിതീയോഽനുവാകഃ (ബ്രാഹ്മണം)

(ഇഡാപ്രശംസ)

സംഹിതാ:-

സംശ്രവാഹസൗവർചനസസ്സൂമിഞ്ജ-
മൗപോദിതിമുവാചയത്സത്രിണാം ഹോതാഽഭൂഃ
കാമിഡാമുപാഹ്വഥാ ഇതിതാമുപാഹ്വ ഇതി
ഹോവാചയാപ്രാണേന ദേവാൻ ദാധാരവ്യാനേന
മനുഷ്യാനപാനേന പിതൄനിതിഛിനത്തി
സാനഛിനത്തീ 3 ഇതി ഛിനത്തീതിഹോവാച

3-ഛിനത്തി എന്നതു് മൂന്നുമാത്രയിൽ ചൊല്ലണം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശരീരംവാ അസ്യൈതദുപാഹ്വഥാഇതിഹോവാച
ഗൗർവൈഅസ്യൈശരീരംഗാംവാവതൗതത്പർയവദതാം
യായജ്ഞേദീയതേ സാപ്രാണേനദേവാൻദാധാര
യയാമനുഷ്യാ ജീവന്തിസാവ്യാനേനമനുഷ്യാൻ
യാം പിതൃഭ്യോഘ്നന്തിസാ ƒ പാനേനപിതൄൻയ
ഏവംവേദ പശുമാൻഭവത്യഥവൈഗാമുപാഹ്വ
ഇതിഹോവാചയാപ്രജാ: പ്രഭവന്തീഃ പ്രത്യാ–
ഭവതീത്യന്നംവാ അസ്യൈതത് ഉപാഹ്വഥാ
ഇതിഹോവാചൗഷധയോവാഅസ്യാഅന്ന–
മോഷധയോ വൈപ്രജാ പ്രഭവന്തീഃ പ്രത്യാ
ഭവന്തിയ ഏവം വേദാന്നാദോഭവത്യഥവൈ
താമുപാഹ്വ ഇതിഹോവാചയാപ്രജാ
പരാഭവന്തീരനുഗൃഹ്ണാതി പ്രത്യാഭവന്തീർ–
ഗൃഹ്ണാതീതി പ്രതിഷ്ഠാംവാ അസ്യൈതദുപാ–
ഹ്വഥാഇതിഹോവാചേയംവാ അസ്യൈ
പ്രതിഷ്ഠാ-ഇയം വൈ പ്രജാഃ പരാഭവന്തീ–
രനുഗൃഹ്ണാതി പ്രത്യാഭവന്തീർഗൃഹ്ണാതി
യഏവംവേദ പ്രത്യേവതിഷ്ഠത്യഥവൈ–
താമുപാഹ്വഇതിഹോവാചയസ്യൈ
നിക്രമണേഘൃതം പ്രജാഃ സംജീവന്തീഃ
പിബന്തീതിഛരിനത്തിസാനഛരിനത്തീ (3)
ഇതിനഛരിനത്തീതിഹോവാചപ്രത്യു
ജനയതീത്യേഷവാ ഇഡാമുപാഹ്വഥാഇതി
ഹോവാചവൃഷ്ടിർവാ ഇഡാവൃഷ്ട്യൈവൈ
നിക്രമണേഘൃതം പ്രജാഃ സംജീവന്തീഃ പിബന്തി
യഏവം വേദപ്രൈവജായതേ ƒ ന്നാദോഭവതി ॥

അർത്ഥം

സുവർചനൻെറ പുത്രനായ സംശ്രവസ്സ് ഉപോദിതൻെറ പുത്രനായതുമിഞ്ജനോട് ചോദിച്ചപോലും —"നിങ്ങൾ ഹോതാവായിരുന്നപ്പോൾ ഏതു തരത്തിലുള്ള ഇഡയെ ആണ് വിളിച്ചതു്" എന്നു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

"യാതൊന്നാണോ തൻെറ പ്രാണനാൽ ദേവന്മാരെയും വ്യാനവായുവിനാൽ മനുഷ്യരേയും അപാന വായുവിനാൽ പിതൃക്കളേയും ധരിക്കുന്നതു് ആ ഇഡയെ ഞാൻ വിളിച്ചു" എന്നു് മറുപടിപറഞ്ഞു.

"ആ ഇഡ പ്രതിഗ്രഹം സ്വീകരിക്കുന്ന ആളിനെ നശിപ്പിക്കുന്നോ നശിപ്പിക്കുന്നില്ലയോ" എന്നു് വീണ്ടും ചോദിച്ചു.

"പ്രതിഗ്രഹം വാങ്ങിക്കുന്ന ആളിനെ നശിപ്പിക്കുന്നു" എന്നു് മറുപടി പറഞ്ഞു.

"യാതൊന്നിനെയാണോ നീ വിളിച്ചതു് അതു് ഇഡാ ദേവതയുടെ ശരീരം മാത്രമാണു്" എന്നു് പറഞ്ഞു.

പശുതന്നെയാണു് ഇഡാ ദേവതയുടെ ശരീരം. പശുവിനെപ്പററിത്തന്നെയാണു് അവർ രണ്ടു പേരും സംഭാഷണം നടത്തിക്കൊണ്ടിരുന്നതു്.

യാഗത്തിൽ ദക്ഷിണയായി നൽകപ്പെടുന്ന പശു തൻെറ പ്രാണവായുവിനാൽ ദേവന്മാരെ ധരിച്ചു (രക്ഷിച്ചു) യാഗത്തിൽ പശുവിനെ ദക്ഷിണയായി നൽകുന്നതു നിമിത്തം ദേവന്മാർ സന്തുഷ്ടരാകുന്നു. അവർ പശുവിൻെറ പാൽ കറന്നു് കുടിക്കുകയോ അതിനെ കൊല്ലുകയോ ചെയ്യുന്നില്ല. യാതൊരു പശുവിനെക്കൊണ്ടു് മനുഷ്യർ ഉപജീവനം നടത്തുന്നുവോ അതു് തൻെറ വ്യാനവായുവിനാൽ മനുഷ്യരെ രക്ഷിക്കുന്നു (ആളുകരം പാൽ കറന്നു് കുടിക്കുന്നു). യാതൊരു പശുവിനെയാണോ പിതൃക്കളുടെ പ്രീതിക്കുവേണ്ടി കൊല്ലുന്നതു് അതും തൻെറ അപാനവായുവിനാൽ പിതൃക്കളെ രക്ഷിക്കുന്നു (അഷ്ടകാശ്രാദ്ധത്തിനു് പശുക്കളെകൊല്ലുന്നു) യാതൊരുത്തനാണോ ഇതറിയുന്നതു് അവൻ പശുക്കളോടു് കൂടിയവനായിത്തീരും.

തുമിഞ്ജൻ വീണ്ടും പറഞ്ഞു—"അല്ലെങ്കിൽ യാതൊരു ഇഡയാണോ പ്രഭുത്വത്തോടുകൂടിയിരിക്കുന്ന ജനങ്ങൾക്കു് അനുകൂലമായിരിക്കുന്നതു് അതിനെ ഞാൻ വിളിക്കുന്നു" എന്നു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

"അതു് പ്രധാനമായ ഇഡയുടെ അന്നം മാത്രമാണു്" എന്നു് സംശ്രവസ്സു് പറഞ്ഞു.

"ഇഡയുടെ അന്നം ഓഷധികളാണു് ഓഷധികൾ പ്രഭുത്വമുള്ളവരുടെ സമീപത്തിലെത്തുന്നു" എന്നു് തുമിഞ്ജൻ പറഞ്ഞു. യാതൊരുത്തനാണോ ഇതു് അറിയുന്നതു് അവനു് ഭക്ഷണപദാർത്ഥങ്ങൾ ലഭിക്കുന്നു.

"അല്ലെങ്കിൽ യാതൊരു ഇഡയാണോ രോഗാദികളാൽ പീഡിതരായ ജനങ്ങളെ അനുഗ്രഹിക്കുകയും അവർക്കു വേണ്ടതു നൽകി പ്രജകളെ സ്വീകരിക്കുകയും ചെയ്യുന്നതു് ആ ഇഡയെ ഞാൻ വിളിക്കുന്നു" എന്നു് തുമിഞ്ജൻ വീണ്ടും പറഞ്ഞു.

"യാതൊന്നിനെയാണോ നീ വിളിക്കുന്നതു് അതു് പ്രധാനമായ ഇഡയുടെ വാസസ്ഥാനമാണു്" എന്നു് സംശ്രവസ്സു് പറഞ്ഞു.

"ഈ ഭൂമിയിൽ തന്നെയാണു് ഇഡ സ്ഥിതി ചെയ്യുന്നതു്. രോഗാദികളാൽ പീഡിതരായ ജനങ്ങളെ അനുഗ്രഹിക്കുകയും അവർക്കു വേണ്ടതു നൽകി അവരെ സ്വീകരിക്കുകയും ചെയ്യുന്നതു് ഈ ഭൂമിതന്നെയാണു്" എന്നു് തുമിഞ്ജൻ പറഞ്ഞു. ഇതറിയുന്നവനു് തീർച്ചയായും പ്രതിഷ്ഠ ലഭിക്കുന്നു.

"യാതൊന്നാണോ ജീവിക്കാൻ ആഗ്രഹിക്കുന്ന ജനങ്ങൾക്കു് കുടിക്കാൻ ഉപകരിക്കുന്നതായി മഴവെള്ളമായി ഭൂമിയിൽ വീഴുന്നതു് അതിനെ ഞാൻ വിളിക്കുന്നു" എന്നു് തുമിഞ്ജൻ പറഞ്ഞു.

"വൃഷ്ടി രൂപത്തിലുള്ള ഇഡ ഹിംസിക്കുന്നോ ഹിംസിക്കുന്നില്ലയോ" എന്നു് സംശ്രവസ്സു് ചോദിച്ചു.

തുമിഞ്ജൻ പറഞ്ഞു— "വൃഷ്ടിരൂപത്തിലുള്ള ഇഡ ഒന്നിനേയും നശിപ്പിക്കുന്നില്ല. എന്നാൽ സസ്യാദികളെ പ്രകർഷേണ വർദ്ധിപ്പിക്കുന്നു" എന്നു്

"വൃഷ്ടിരൂപത്തിലുള്ള ഇഡയെത്തന്നെയാണു് നീ വിളിച്ചതു്" എന്നു് സംശ്രവസ്സു് പറഞ്ഞു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വൃഷ്ടി തന്നെയാണ് ഇഡ. മഴ ഭൂമിയിൽ വീഴുമ്പോൾ ജീവിക്കാനാഗ്രഹിക്കുന്ന ജനങ്ങൾ വെള്ളം കുടിക്കുന്നു. ഇതറിയുന്നവൻ സന്താനങ്ങളോട് കൂടിയവനായിതീരും.

ഇതി ദ്വിതീയോ ƒനുവാകഃ

അഥതൃതീയോƒനുവാകഃ (ബ്രാഹ്മണം)

(ഈ അനുവാകത്തിൽ അന്വാഹാർയവും ഒന്നാം കാണ്ഡം ആറാം പ്രപാഠകത്തിൽ മൂന്നാം അനുവാകത്തിൽ "പ്രജാപതേ ഭാഗോƒസി" എന്നു തുടങ്ങുന്ന മന്ത്രത്തിൻെറ ബ്രാഹ്മണവും വിവരിക്കുന്നു.)

സംഹിതാ

പരോക്ഷം വാ അന്യേ ദേവാ ഇജ്യന്തേ
പ്രത്യക്ഷമന്യേയദ്യ ജതേ യ ഏവ ദേവാഃ പരോക്ഷ-
മിജ്യന്തേ താനേവതദ്യജതി യ ദന്വാഹാർയമാഹ-
ര ത്യേതേ വൈ ദേവാഃ പ്രത്യക്ഷം യദ് ബ്രാഹ്മണാ-
സ്താനേവ തേന പ്രീണാത്യഥോ ദക്ഷിണൈ വാസ്യൈ-
ഷാƒഥോ യജ്ഞ സ്യൈവ ഛിദ്രമപി ദധാതി യദ്വൈ
യജ്ഞസ്യക്രൂരം യദ്വിലിഷ്ടം തദന്വാഹാർയേണ
അന്വാ ഹരതി തദന്വാ ഹാർസ്യാന്വാഹാർയത്വം
ദേവ ദൂതാ വാ ഏതേ യദൃത്വിജോ യദന്വാഹാർയ-
മാഹരതി ദേവ ദൂതാനേവ പ്രീണാതി പ്രജാപതി-
ർദേവേഭ്യോ യജ്ഞാൻ വ്യാദി ശത്സ രിരിചാനോƒമന്യത
സ ഏത മന്വാഹാർയ മഭക്തമ പശ്യത്ത മാത്മ-
ന്ന ധത്ത സവാ ഏഷ പ്രാജാപത്യോ യദന്വാ-
ഹാർയോ യസ്യൈവം വിദുഷോƒന്വാഹാർയ
ആ ഹ്രിയതേ സാക്ഷാ ദേവ പ്രജാപതി മൃധ്നോ-
ത്യ പരിമിതോ നിരുപ്യോƒ പരിമിതഃ പ്രജാ-
പതിഃ പ്രജാപതേ രാപ്ത്യൈ ദേവാ വൈ
യദ്യജ്ഞേƒ കുർവത തദസുരാ അ കുർവത തേ ദേവാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏതം പ്രാജാപത്യമനവാഹാർയമപശ്യത്താമനവാ-
ഹരന്ത തതോ ദേവാ അഭവൻ പരാസുരായ സ്യൈവം
വിദുഷോഽനവാഹാർയ ആഹ്രിയതേ ഭവത്യാത്മനാ
പരാഽസ്യഭ്രാതൃവ്യോ ഭവതി യജ്ഞേനവാ ഇഷ്ടീ
പക്വേന പൂർതീയസ്യൈവം വിദുഷോഽനവാഹാർയ
ആഹ്രിയതേസതോവേഷ്ടാപൂർതീ പ്രജാപതേർ-
ഭാഗോഽസി ഇത്യാഹ പ്രജാപതിമേവഭാഗധേയേന
സമർധയത്യൂർജസ്വാൻ പയസ്വാ നിത്യാഹോർജമേ-
വാസ്മിൻ പയോദധാതി പ്രാണാപാനൗമേപാഹി
സമാനവ്യാനൗ മേ പാഹിത്യാഹാശിഷമേവൈതാ-
ശാസ്തേഽക്ഷിതോഽസ്യക്ഷിത്യൈ ത്വാ മാമേക്ഷേഷ്ഠാ
അമുത്രാമുഷ്മിംല്ലോക ഇത്യാഹ ക്ഷീയതേവാ
അമുഷ്മിൻല്ലോകേഽന്നമിത പ്രദാനം ഹ്യമുഷ്മിംല്ലോകേ
പ്രജാ ഉപജീവന്തി യദേവാഭിമൃശത്യക്ഷിതി-
മേവൈനദ്ഗമയതിനാസ്യാമുഷ്മിൻല്ലോകേഽന്നം
ക്ഷീയതേ ।।

അത്ഥം

ഇന്ദ്രാദിദേവന്മാർ പരോക്ഷമായി യാഗം ചെയ്ത സന്തോഷിപ്പിക്കപ്പെടുന്നു. ഇന്ദ്രാദിദേവന്മാരെ പ്രീതിപ്പെടുത്താനുള്ള യാഗങ്ങരം നടത്തുമ്പോരം ആ ദേവന്മാരെ പ്രത്യക്ഷമായി യജമാനന് കാണാൻ സാധിക്കുന്നില്ല. ഋത്വിക്കുകരം മുതലായവർ പ്രത്യക്ഷമായീ ആരാധിക്കപ്പെടുന്നു. അവക്ക ദക്ഷിണ മുതലായവ നൽകി സന്തോഷിപ്പിക്കുമ്പോരം യജമാനന് അവരെ പ്രത്യക്ഷമായി കാണാൻ കഴിയുന്നു. യാതൊരു ദേവന്മാരാണോ അപ്രത്യക്ഷരായി തന്നെ യാഗം ചെയ്ത് ആരാധിക്കപ്പെടുന്നത് ആ ദേവന്മാരെത്തന്നെയാണ്. ഋത്വിക്കുകരംക്ക് ദാനം ദക്ഷിണ മുതലായവ നൽകുന്നതു കൊണ്ട് ആരാധിക്കുന്നത്.

പാകം ചെയ്ത അന്നം ഋത്വിക്കുകരംക്ക് കൊടുക്കുന്നു. ഋത്വിക്കുകളായ ബ്രാഹ്മണർ പ്രത്യക്ഷത്തിൽ കാണപ്പെടുന്ന ദേവന്മാരാണ്. ഋത്വിക്കുകരംക്ക. അന്നം കൊടുക്കുന്നതുകൊണ്ട് ഏതു ദേവന്മാരെ പ്രതീപ്പെടുത്താനാണോ ആഗ്രഹിച്ചത് ആ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദേവന്മാർ പ്രീതരാകുന്നു പക്വമായ അന്നം ഋത്വിക്കുകൾക്കു് കൊടുക്കുന്നതു് യാഗത്തിന്റെ ദക്ഷിണ തന്നെയാണു്. അതു കൊണ്ടു് യാഗത്തിന്റെ ന്യൂനതകളെല്ലാം ഇല്ലാതെയാകുന്നു.

യാഗത്തിനു് വിധിച്ചതിൽ കൂടുതലായി അനുഷ്ഠിച്ചു് പോയതു കൊണ്ടും വിട്ടുപോയതു കൊണ്ടും ഉണ്ടാകുന്ന ന്യൂനതകൾ ഋത്വിക്കുകൾക്കു് പക്വമായ അന്നം കൊടുക്കുന്നതു കൊണ്ടു് യജമാനനു് അനുകൂലമായ്തീരുന്നു. അതു കൊണ്ടാണു് പക്വമായ അന്നം ദാനം ചെയ്യുന്നതിനു് അന്വാഹാർയം എന്നു് നാമം നൽകിയതു്. (അന്വ ആഹരതി ഇതി അന്വാഹാർയഃ എന്നു് വിഗ്രഹം) എന്തു കൊണ്ടെന്നാൽ ഈ ഋത്വിക്കുകൾ ദേവന്മാരുടെ ദൂതന്മാരാണു്. പക്വമായ അന്നം ഋത്വിക്കുകൾക്കു് കൊടുക്കുന്നതു കൊണ്ടു് ദേവ ദൂതന്മാരെത്തന്നെ സന്തോഷിപ്പിക്കുന്നു.

ബ്രഹ്മാവു് ദേവന്മാർക്കു് യാഗങ്ങൾ എല്ലാം ഭാഗിച്ചു കൊടുത്തു. തനിക്കു് യാതൊരു ഭാഗവും ഇല്ലെന്നു് അദ്ദേഹം മനസ്സിലാക്കി. പക്വമായ അന്നം ദാനം ചെയ്യുക എന്നതു് ദേവന്മാർക്കു് ഭാഗിച്ചുകൊടുത്തില്ല. എന്നു് മനസ്സിലാക്കി അതു തന്റെ ഭാഗമായി സ്വീകരിച്ചു. അപ്രകാരം വിഭജിക്കപ്പെട്ട അന്വാഹാർയം പ്രജാപതിയെ സംബന്ധിച്ചതാണു്. ഇപ്രകാരം വിദ്വാനായ യാതൊരുത്തൻ ഋത്വിക്കുകൾക്കു് അന്വാഹാർയം നൽകുന്നുവോ അവൻ പ്രജാപതിയെ സന്തോഷിപ്പിക്കുന്നു. പ്രജാപതിയെ പ്രാപിക്കുന്നതിനു് വേണ്ടി വളരെ അധികം അന്നദാനം ചെയ്യണം. എന്തെന്നാൽ പ്രജാപതി എല്ലാ ദേവന്മാരെക്കാളും ശ്രേഷ്ഠനാണു്.

ദേവന്മാർ യാഗത്തിൽ അനുഷ്ഠിച്ചതു് എല്ലാം അസുരന്മാരും അനുഷ്ഠിച്ചു. ദേവന്മാർ പ്രജാപതിയെ സംബന്ധിച്ച അന്വാഹാർയം മനസ്സിലാക്കി. അതുകൊണ്ടു് ദേവന്മാരായിതീർന്നു. അസുരന്മാർ ഋത്വിക്കുകൾക്കു് അന്വാഹാർയം നൽകാത്തതു കൊണ്ടു് തോൽക്കുകയും ചെയ്തു. വിദ്വാനായ യാതൊരുത്തൻ ഋത്വിക്കുകൾക്കു് അന്വാഹാർയം നൽകുന്നുവോ അവൻ തന്റെ ശത്രുക്കളെ തോൽപിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യാഗം നടത്തുന്നതു നിമിത്തം ഇഷ്ടമായ കാർയ്യങ്ങളും സാധിക്കുന്നു. പക്വമായ അന്നം ഋത്വിക്കുകൾക്കു് കൊടുക്കുന്നതുകൊണ്ടു് കുളം കിണറ് നല്ല ഗൃഹം മുതലായവലഭിക്കുന്നു. ഇതറിയുന്ന ആരാണോ ഋത്വിക്കുകൾക്കു് പക്വമായ അന്നം ദാനം ചെയ്യുന്നതു് അവന്നു് ഇഷ്ടമായ കാർയ്യങ്ങളും സാധിക്കുകയും കുളം കിണറ് നല്ല ഗൃഹം മുതലായവ സ്വാധീനമാകുകയും ചെയ്യുന്നു.

"പ്രജാപതേർഭാഗോ ƒ സി" എന്ന മന്ത്രം ചൊല്ലുന്നതുകൊണ്ടു് പ്രജാപതിക്കുള്ള ഭാഗം നൽകി അദ്ദേഹത്തെ സന്തോഷിപ്പിക്കുന്നു. "ഊർജസ്വാൻ പയസ്വാൻ" എന്ന മന്ത്രം ചൊല്ലുന്നതുകൊണ്ടു് യജമാനന്നു് ബലവും ക്ഷീരാദിസമ്പത്തും തീർയ്യയായും ലഭിക്കുന്നു. "പ്രാണാപാനൗമേപാഹി സമാനവ്യാനൗമേപാഹി" എന്ന മന്ത്രം ചൊല്ലുന്നതു തന്റെ പ്രാണാപാനാദികളെ രക്ഷിക്കാനുള്ള പ്രാർത്ഥനയാണു്. "അക്ഷിതോസ്യക്ഷി ത്യൈമാമേക്ഷേഷ്ഠാഃ" എന്ന മന്ത്രം ചൊല്ലുന്നു. സ്വപുണ്യകർമ്മം കൊണ്ടു് മനുഷ്യലോകത്തിൽ സമ്പാദിച്ചതായ അന്നം സ്വർഗ്ഗത്തിൽ ക്രമേണ ക്ഷയിച്ചുപോകുന്നു. ഈ ലോകത്തിൽ മററുള്ളവർക്കു് ദാനം ചെയ്യുന്ന അന്നമാണു് ജനങ്ങൾ സ്വർഗ്ഗത്തിൽ അനുഭവിക്കുന്നതു്. അക്ഷിതോ ƒ സി ഇത്യാദിമന്ത്രം ചൊല്ലുകയാണെങ്കിൽ യജമാനന്റെ സ്വകർമ്മാർജ്ജിതമായ അന്നം ക്ഷയിക്കാതെയിരിക്കും. ആ യജമാനന്നു് സ്വർഗ്ഗത്തിൽ അന്നം ക്ഷയിക്കുന്നില്ല.

ഇതിതൃതീയോ ƒ നുവാകഃ

അഥചതുർത്ഥോ ƒ നുവാകഃ(ബ്രാഹ്മണം)

(ഈ അനുവാകത്തിൽ ഒന്നാം കാണ്ഡം ആറാം പ്രപാഠകം നാലാമത്തെ അനുവാകത്തിലുള്ള മന്ത്രങ്ങളുടെ ബ്രാഹ്മണം പറയുന്നു.)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സംഹിതാ:-

ബർഹിഷോ *f* ഹം ദേവയജ്യയാ പ്രജാവാൻ
ഭൂയാസമിത്യാഹ ബർഹിഷാവൈ പ്രജാപതിഃ പ്രജാ
അസൃജത തേനൈവ പ്രജാഃ സൃജതേ നരാശംസ-
സ്യാഹം ദേവയജ്യയാ പശുമാൻ ഭൂയാസമിത്യാഹ
നരാശംസേന വൈപ്രജാപതിഃ പശൂനസൃജത
തേനൈവ പശൂൻ സൃജതേ *f* ഗ്നേഃ സ്വിഷ്ടകൃതോ *f* ഹം
ദേവയജ്യയാ *ff* യുഷ്മാൻ യജ്ഞേന പ്രതിഷ്ഠാംഗമേയ-
മിത്യാഹാ *ff* യുരേവാ *ff* ത്മൻധത്തേ പ്രതിയജ്ഞേന
തിഷ്ഠതിദർശപൂർണമാസയോർവൈദേവാ ഉജ്ജിതി-
മന്വജയൻ ദർശപൂർണമാസാഭ്യാമസുരാനപാനുദന്താ-
ഗ്നേരഹമുജ്ജിതിമന്വജേഷമിത്യാഹദർശപൂർണ-
മാസയോരേവദേവതാനാം യജമാന ഉജ്ജിതി-
മന്വജ്ജയതിദർശപൂർണമാസാഭ്യാം ഭ്രാതൃവ്യാനപ-
നുദതേവാജവതീഭ്യാം വ്യൂഹത്യന്നംവൈവാജോ *f* ന്ന
മേവാവരുന്ധേദ്വാഭ്യാം പ്രതിഷ്ഠിത്യൈയോവൈ
യജ്ഞസ്യദ്വൗദോഹൗവിദ്വാൻയജത ഉഭയത ഏവ
യജ്ഞംദുഹേപുരസ്താച്ചോപരിഷ്ടാച്ചൈഷവാ
അന്യോയജ്ഞസ്യദോഹ ഇഡായാമന്യോയർഹി
ഹോതായജമാനസ്യനാമഗൃഹ്ണീയാത്തർഹിബ്രൂയാ-
ദേമാഅഗ്മന്നാശിഷോദോഹകാമാ ഇതിസംസ്തുതാ
ഏവദേവതാദുഹേ *f* ഥോഉഭയത ഏവ
യജ്ഞംദുഹേപുരസ്താച്ചോപരിഷ്ടാച്ചരോഹിതേന
ത്വാഗ്നിർദേവതാംഗമയത്വിത്യാ ഹൈതേവൈ
ദേവാശ്വാഃ യജമാനഃ പ്രസ്തരോയദേതൈഃ
പ്രസ്തരം പ്രഹരതിദേവാശ്വൈരേവയജമാനം
സുവർഗം ലോകംഗമയതി വിതേമുഞ്ചാമിരശനാ
വിരശ്മീനി ത്യാഹൈഷ വാ അഗ്നേ ർവിമോക-
സ്തേനൈവൈനം വിമുഞ്ചതി വിഷ്ണോഃ ശംയോരഹം
ദേവ യജ്യയാ യജ്ഞേന പ്രതിഷ്ഠാംഗമേയമിത്യാഹ
യജ്ഞോ വൈവിഷ്ണുർയജ്ഞ ഏവാന്തതഃ പ്രതി-
തിഷ്ഠതി സോമസ്യാഹം ദേവ യജ്യയാ സുരേതാഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രേതോധിഷീയേത്യാഹ സോമോ വൈ രേതോധാ
സ്തേനൈവ രേത ആത്മൻ ധത്തേ ത്വഷ്ടുരഹം ദേവ
യജ്യയാ പശൂനാം രൂപം പുഷേയ മിത്യാഹ ത്വഷ്ടാവൈ
പശൂനാം മിഥുനാനാം രൂപ കൃത്തേ നൈവ
പശൂനാം രൂപമാത്മൻ ധത്തേ ദേവാനാം പത്നീ-
രഗ്നിർഗൃഹപതി ർയജ്ഞസ്യ മിഥുനം തയോരഹം
ദേവ യജ്യയാ മിഥുനേന പ്രഭൂയാസമിത്യാ ഹൈ-
തസ്മാദ്വൈ മിഥുനാത്പ്രജാപതി ർമിഥുനേന
പ്രാജായത തസ്മാദേവ യജമാനോ മിഥുനേന
പ്രജായതേ വേദോഽസി വിത്തിരസി വിദേയേത്യാഹ
വേദേന വൈ ദേവാ അസുരാണാം വിത്തം വേദ്യ-
മവിന്ദന്ത തദ്വേദസ്യ വേദത്വം യദ്യദ് ഭ്രാതൃവ്യസ്യാ-
ഭിധ്യായേത് തസ്യനാമ ഗൃഹ്ണീയാത്ത ദേവാസ്യ
സർവ്വം വൃങ്ക്തേ ഘൃതവന്തം കലായിനം രായ-
സ്പോഷം സഹസ്രിണം വേദോ ദദാതു വാജിന-
മിത്യാഹ പ്രസഹസ്രം പശൂനാപേ്നാത്യാഽസ്യ
പ്രജായാം വാജീ ജായതേ യ ഏവം വേദ ||

അർത്ഥം

"ബർഹിഷോഽഹം ദേവ യജ്യയാ പ്രജാവാൻ ഭൂയാസം" എന്ന മന്ത്രം ചൊല്ലുന്നു. ബ്രഹ്മാവു് യാഗം നടത്തിയതു കൊണ്ടാണു് പ്രജകളെ സൃഷ്ടിക്കാൻ ശക്തൻ ആയതു്. "ബർഹിഷോഽഹം ഇത്യാദി മന്ത്രം ചൊല്ലുന്നതു കൊണ്ടു് യജമാനനു് സന്താനങ്ങൾ ഉണ്ടാകുന്നു. "നരാശംസ സ്യാഹം ദേവ യജ്യയാ പശുമാൻ ഭൂയാസം"എന്നമന്ത്രം ചൊല്ലുന്നു. നരാശംസകൊണ്ടു് മാത്രമാണു് ബ്രഹ്മാവു് പശുക്കളെ സൃഷ്ടിച്ചതു്. നരാശംസസ്യ ഇത്യാദി മന്ത്രം ചൊല്ലുന്നതുകൊണ്ടു് യജമാനനു് പശുക്കൾ ലഭിക്കുന്നു. "അഗ്നേഃ സ്വിഷ്ടകൃതോഽഹം ദേവയജ്യയാ ആയുഷ്മാൻ യജ്ഞേന പ്രതിഷ്ഠാം ഗമേയം" എന്ന മന്ത്രം ചൊല്ലുന്നു. ഈ മന്ത്രം ചൊല്ലുന്നതുകൊണ്ടു് യജമാനനു് ദീർഘായുസ്സ് ലഭിക്കുന്നു. യാഗം നടത്തിയതുകൊണ്ടു് പ്രതിഷ്ഠയും ലഭിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

"ദർശപൂർണമാസയോർവൈ ദേവാ ഉജ്ജിതി മന്വദജയൻ ദശ്പൂർണമാസാഭ്യാം അസുരാനപാനുദന്താഗ്നേരഹമുജ്ജിതിമനൂജ്ജേഷം" എന്ന മന്ത്രം ചൊല്ലുന്നു. യജമാനൻ ദശ്പൂർണ മാസങ്ങരം നടത്തി ദേവന്മാരെ തൃപ്തിപ്പെടുത്തുന്നതുകൊണ്ടു് ഉത്കർഷം പ്രാപിക്കുന്നു. ദശ്പൂർണമാസങ്ങരം നടത്തുന്നതു കൊണ്ടു് ശത്രുക്കളെ ജയിക്കുന്നു.

"വാജസ്യമാപ്രസവേന" (1—6—4) എന്നു തുടങ്ങുന്ന രണ്ടുമന്ത്രം അധ്വർയുവിനെ തുടന്നു് യജമാനനും ചൊല്ലുന്നു. ആ മന്ത്രങ്ങരം ചൊല്ലിക്കൊണ്ടു് ഹോമിക്കാനുള്ള ധ്രുവം കൈമാറുകയും ചെയ്യുണം. (അധ്യർയു തൻെറ വലതുകയ്യിലുണ്ടായിരുന്നതു് ഇടത്തെ കയ്യിലും ഇടത്തെ കയ്യിലുണ്ടായിരുന്നതു് വലത്തു കയ്യിലും മാററുന്നു) "വാജഃ" എന്ന പദത്തിൻെറ അത്ഥം അന്നം എന്നാണു്. "വാജസ്യമാ" ഇത്യാദിമന്ത്രം ചൊല്ലുന്നതുകൊണ്ടു് യജമാനനു് ധാരാളം അന്നം ലഭിക്കുന്നു. രണ്ടു മന്ത്രം ചൊല്ലുന്നതു് യജമാനനു് പ്രതിഷ്ഠ ലഭീക്കുന്നതിനു് വേണ്ടിയാണു്.

യാഗത്തിൻെറ രണ്ടു് ദോഹനപ്രകാരങ്ങരം മനസ്സിലാക്കി യാഗം ചെയ്യുന്ന യജമാനൻ യാഗത്തെ രണ്ടുപ്രകാരത്തിൽ ദോഹനം ചെയ്യുന്നു. (യാഗത്തിൻെറ ഫലം ലഭിക്കുന്നു) ആദ്യവും ഒടുവിലും "ഏമാ അഗ്മൻ എന്നു് ആരംഭിക്കുന്ന മന്ത്രവും "സാമേസത്യാശീഃ" എന്ന മന്ത്രവും ചൊല്ലുന്നതാണു് യജ്ഞത്തിൻെറ ദോഹനം ("സാമേ സത്യാശീഃ എന്ന മന്ത്രം 1-6-3 ലും "ഏമാഅഗ്മൻ"എന്ന മന്ത്രം 1-6-4 ലും വ്യാഖ്യാനിച്ചിട്ടുണ്ടു്.)

ഹോതാവു് യജമാനൻെറ പേരു് കൂടിച്ചേത്തു് സൂക്തവാകം ജപിക്കുമ്പോരം യജമാനൻ "ഏമാഅഗ്മന്നാശിഷഃ" എന്ന മന്ത്രം ചൊല്ലണം. ദേവതകരം സ്തുതിക്കപ്പെട്ടതിനു് ശേഷം മാത്രമാണു് യാഗത്തിൻെറ ഫലം ദോഹനം ചെയ്യപ്പെടുന്നതു്. അതുകൊണ്ടു് ആദ്യവും ഒടുവിലും യജമാനൻ യാഗഫലം ദോഹനംചെയ്യുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

"രോഹിതേനത്വാഗ്നിർ ദേവതാംഗമയതു" എന്ന മന്ത്രം ചൊല്ലുന്നു. ഈ മന്ത്രങ്ങൾ ദേവാശ്വങ്ങൾ ആണ്. യജമാനൻ പ്രസ്തരസ്ഥാനീയനാണ്. ഈ മന്ത്രം ചൊല്ലിക്കൊണ്ടു് പ്രസ്തരം കൊണ്ടു പോകുന്നതുകൊണ്ടു് ദേവന്മാരുടെ കുതിരകളാൽതന്നെ യജമാനനെ സ്വർഗ്ഗലോകത്തിലേയ്ക്കു് കൊണ്ടു പോകുന്നു.

"വിതേമുഞ്ചാമിരശനാവിരശ്മീൻ" എന്ന മന്ത്രം ചൊല്ലുന്നു. ആരാധനയ്ക്കു്വേണ്ടി വേദിയിൽ ആവാഹിച്ച അഗ്നിയെ അവിടെ നിന്നു് വിടുർത്തുന്നതിനു് വേണ്ടിയാണു് ഈ മന്ത്രം ചൊല്ലുന്നതു്. ഈ മന്ത്രം ചൊല്ലിക്കൊണ്ടു്തന്നെ അഗ്നിയെ മോചിപ്പിക്കുന്നു. "വിഷ്ണോഃശംയോരഹം ദേവയജ്യയാ പ്രതിഷ്ഠാംഗമേയം" എന്ന മന്ത്രം ചൊല്ലുന്നു. യജ്ഞം എന്നു പറയുന്നതു് വിഷ്ണുവാണു്. യാഗത്തിന്റെ സമാപ്തിയിൽ യജ്ഞംതന്നെയാണു് പ്രതിഷ്ഠിതമായിത്തീരുന്നതു്. "സോമസ്യാഹം ദേവയജ്യയാ സുരേതാഃരേതോധിഷീയ" എന്ന മന്ത്രം ചൊല്ലുന്നു. സോമൻ എന്ന ദേവന്റെ അനുഗ്രഹത്താലാണു് രേതോധാരണത്തിനു് ശക്തനായിത്തീരുന്നതു്. ഈമന്ത്രം ചൊല്ലുന്നതുകൊണ്ടു് യജമാനൻ രേതോധാരണത്തിനു് ശക്തനായിത്തീരുന്നു. "ത്വഷ്ടുരഹം ദേവയജ്യയാ പശൂനാം രൂപം പുഷേയം" എന്ന മന്ത്രം ചൊല്ലുന്നു. ത്വഷ്ടാ എന്ന ദേവൻ ആണല്ലോ മിഥുനധർമ്മത്തോടു് കൂടിയ ജീവികൾക്കു് രൂപം നൽകുന്നതു്. ഈ മന്ത്രം ചൊല്ലുന്നതുകൊണ്ടു് യജമാനനു് പശുക്കളുടെ സമൃദ്ധി ഉണ്ടാകുന്നു. "ദേവാനാംപത്നീരഗ്നിർഗൃഹപതിർയജ്ഞസ്യമിഥുനം തയോരഹം ദേവയജ്യയാ മിഥുനേന പ്രഭൂയാസം" എന്ന മന്ത്രം ചൊല്ലുന്നു. ദാമ്പത്യബന്ധം കൊണ്ടുള്ള സ്ത്രീപുരുഷസംസർഗംകൊണ്ടു് ബ്രഹ്മാവു് ജനിച്ചു പോലും. അതുകൊണ്ടു് ഈ മന്ത്രം ചൊല്ലിയാൽ യജമാനനു് ഭാര്യാസംസർഗം നിമിത്തം സന്താനങ്ങൾ ഉണ്ടാകുന്നു. "വേദോ൨സിവിത്തിരസി വിദേയ" എന്ന മന്ത്രം ചൊല്ലുന്നു. അസുരന്മാരുടെ പൂർവ്വ സ്വത്തും അവർ സമ്പാദിച്ചതുമായ ധനം വേദത്താലണല്ലോ ദേവന്മാർ സമ്പാദിച്ചതു്. അതുതന്നെയാണു് വേദത്തിന്റെ വേദത്വം. (യാതൊന്നു കൊണ്ടാണോ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദേവന്മാക്കു് ധനം ലഭിച്ചതു് അതു് വേദം) ശത്രുവിൻെറ ഏതെല്ലാം ദ്രവ്യം യജമാനൻ തനിക്കു് കിട്ടണമെന്നാഗ്രഹിക്കുന്നുവോ ആ ദ്രവ്യങ്ങളുടെയെല്ലാം നാമം "വേദോfസിവിത്തിരസി" എന്ന മന്ത്രത്തോടു കൂട്ടിച്ചേർത്തു ചൊല്ലണം ശത്രുവിൻെറ വക എല്ലാ ദ്രവ്യവും യജമാനനു് കിട്ടുന്നു. "ഘൃതവന്തം കുലായിനം രായസ്പോഷം സഹസ്രിണം വേദോദദാതു വാജിനം" എന്ന മന്ത്രം ചൊല്ലുന്നു. ഈ മന്ത്രം രചാല്ലുന്നതുകൊണ്ടു് യജമാനനു് അനേകായിരം പശുക്കാം ലഭിക്കുന്നു. യാതൊരുത്തനാണോ ഇതറിയുന്നതു് അവൻെറ സന്താനങ്ങാംക്കു് ഭക്ഷണസാധനം സമൃദ്ധിയായി ലഭിക്കുന്നു.

ഇതിചതുർത്ഥോfനുവാകഃ

അഥപഞ്ചമോfനുവാകഃ (ബ്രാഹ്മണം)

(ഒന്നാം കാണ്ഡം ആറാം പ്രപാഠകം അഞ്ചാമത്തെ അനുവാകത്തിലുള്ള മന്ത്രങ്ങളുടെ ബ്രഹ്മാണം)

സംഹിതാ

ധ്രുവാം വൈരി ച്യമാനാം യജ്ഞോfനു–
രിച്യതേ യജ്ഞം യജമാനോ യജമാനം പ്രജാ
ധ്രുവാമാ പ്യായ മാനാം യജ്ഞോfന്വാ പ്യായതേ
യജ്ഞം യജമാനോ യജമാനം പ്രജാ ആപ്യായതാം
ധ്രുവാ ഘൃതേ നേത്യാഹ ധ്രുവാ മേവാ പ്യായയതി
താമാപ്യായ മാനം യജ്ഞോfന്വാപ്യായതേ യജ്ഞം
യജമാനോ യജമാനം പ്രജാഃ പ്രജാപതേർവിഭാ–
ന്നാമലോക സ്തസ്മിം സ്ത്വാ ദധാമിസഹ യജമാനേനേതി
ആഹായം വൈ പ്രജാപതേ ർവിഭാന്നാമ ലോകസ്ത–
സ്മിന്നേ വൈനം ദധാതി സഹ യജമാനേന രിച്യത
ഇവവാ ഏത ദ്യദ്യജതേ യദ്യ ജമാന ഭാഗം പ്രാശ്നാ–
ത്യാത്മാനമേവ പ്രീണാത്യേതാ വാനൈവ യജ്ഞോ
യാവാന്യ ജമാന ഭാഗോ യജ്ഞോ യജമാനോ യദ്യ–
ജമാന ഭാഗം പ്രാശ്നാതി യജ്ഞ ഏവ യജ്ഞം പ്രതി–

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഷ്ട്വാ പയത്യൈ തദ്വൈ സുയവസം സോദകം യദ്
ബർഹി ശ്ചാഽപശ്ചൈ തത് യജമാന സ്യായതനം
യദ്വേദിർയ ത്പൂർണ്ണ പാത്രമന്തർവേദി നിനയതി–
സ്വഏവാഽഽയതനേ സുയവസം സോദകം കരുതേ സദസി
സന്മേ ഭൂയാ ഇത്യാഹാഽഽപോ വൈ യജ്ഞ ആപോഽമൃതം
യജ്ഞമേ വാമൃതമാത്മൻ ധത്തേ സർവ്വാണി വൈ ഭൂതാനി
വ്രത മുപയന്ത മ നൂപയന്തി പ്രാച്യാം ദിശി ദേവാ
ഋത്വിജോ മാ ർജയന്താമി ത്യാഹൈഷ വൈ ദർശപൂർണ്ണ–
മാസയോ രവഭൃഥഃ യാന്യേ വൈനം ഭൂതാനി വ്രതമുപ–
യന്ത മന്വപ യന്തി തൈ രേവ സഹാവഭൃഥ മവൈതി
വിഷ്ണു മുഖാ വൈ ദേവാ ച്ഛന്ദോഭിരിമാൻ ലോകാനന–
പജയ്യ മഭ്യജയൻ യദ്വിഷ്ണു ക്രമാൻ ക്രമതേ വിഷ്ണു–
രേവ ഭൂത്വാ യജമാന ശ്ഛന്ദോഭിരിമാൻല്ലോ കാന നപ–
ജയ്യമജയൻ യദ്വിഷ്ണു ക്രമാൻ ക്രമതേ വിഷ്ണു രേവ
ഭൂത്വായജമാനച്ഛന്ദോഭിരിമാംല്ലോകാനനപജയ്യമഭി
ജയതിവിഷ്ണോഃ ക്രമോ ഽ സ്യഭിമാതിഹേത്യാഹഗായത്രീ
വൈപൃഥിവീത്രൈഷ്ടുഭമന്തരിക്ഷം ജാഗതീദ്യൗരാനുഷ്ടു–
ഭീർദിശച്ഛന്ദോഭിരേവേമാൻലോകാൻയഥാപൂർവ്വമഭി
ജയതി ॥

അർത്ഥം

ധ്രുവം (നെയ്യെടുത്ത് അഗ്നിയിൽ ഹോമിക്കാനുള്ള ഉപകരണം) ശൂന്യമാകുന്നതിനെ തുടർന്ന് യാഗവും ശൂന്യമായിത്തീരുന്നു. നിഷ്ഫലമാകുന്നു. അപ്രകാരം യാഗം നിഷ്ഫലമാകുന്നതിനെ തുടർന്ന് യജമാനന് യാഗഫലം സിദ്ധിക്കുന്നില്ല. യജമാനന് യാഗഫലം സിദ്ധിക്കാത്തതിനെത്തുടർന്ന് യജമാനന്റെ സന്തതികൾക്കും ശുഭം ഉണ്ടാകുന്നില്ല. നെയ് നിറഞ്ഞിരിക്കുന്ന ധ്രുവത്തെ തുടർന്ന് യാഗം പൂർണ്ണഫലത്തോടുകൂടിയതായിത്തീരുന്നു. സഫലമായ യാഗത്തെ തുടർന്ന് യജമാനന് മംഗളം ഉണ്ടാകുന്നു. യജമാനന് മംഗളം ഉണ്ടാകുന്നതിനെ തുടർന്ന് അവന്റെ സന്താനങ്ങൾക്കും മംഗളം ഉണ്ടാകുന്നു.

"ആപ്യായതാം ധ്രുവാഘൃതേന" എന്ന മന്ത്രം ചൊല്ലുന്നു. ഈ മന്ത്രം ചൊല്ലിയാണ് ധ്രുവം നെയ്യ് കൊണ്ട് നിറയ്ക്ക

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്നതു്. അതു നെയ്യ്കൊണ്ടു് നിറയ്ക്കുന്നതിനെ തുടൎന്നു് യാഗം സമൃദ്ധമായിത്തീരുന്നു. സമൃദ്ധമായ യാഗത്തെ തുടൎന്നു് യജമാനന്നു് അഭിവൃദ്ധി ഉണ്ടാകുന്നു. യജമാനനെ തുടൎന്നു് അവന്റെ സന്താനങ്ങൾക്കും അഭിവൃദ്ധി ഉണ്ടാകുന്നു.

"പ്രജാപതേർവിഭാന്നാമ ലോകസ്തസ്മിൻത്വാദധാമി സഹയജമാനേന" എന്ന മന്ത്രം ചൊല്ലുന്നു പ്രജാപതിയുടെ "വിഭാത്" എന്നു പേരുള്ളലോകം ഈ ഭൂമിയാണു്. വിഭാത് എന്നു പേരുള്ള ഭൂലോകത്തിൻതന്നെ യജമാനനോടുകൂടി യജമാന ഭാഗത്തേയും സ്ഥാപിക്കുന്നു.

യാഗം നടത്തുന്നതുകൊണ്ടു് നെയ്യ് മുതലായ അനേകം പദാർത്ഥങ്ങൾ നഷ്ടപ്പെടുന്നതുപോലെ തോന്നും. എന്നാൽ യജമാനന്നു് നീക്കിവെച്ചിട്ടുള്ള അംശം യജമാനൻ ഭക്ഷിക്കുകയാണെങ്കിൽ യജമാനന്നു് സന്തോഷം ഉണ്ടാകുന്നു. യാഗത്തിന്നു്വേണ്ടി ചിലവു് ചെയ്ത സമ്പത്തു് പ്രകാരാന്തരേണ യജമാനന്നു് ലഭിക്കും.

യാഗത്തിൽ യജമാനൻ ഭക്ഷിക്കേണ്ട അംശം എത്രയുണ്ടോ അതു മാത്രമാണു് യജ്ഞഭാഗം യജമാനൻ യാഗത്തിൽ ഭക്ഷിക്കേണ്ടഭാഗം ഭക്ഷിക്കുന്നതുകൊണ്ടു് യാഗം തന്നെ യാഗത്തെ പ്രതിഷ്ഠിക്കുന്നു.

വേദി, ദൎഭയുള്ളതുകൊണ്ടു് തൃണങ്ങളോടു് കൂടിയതും ജലപാത്രം വെച്ചിരിക്കുന്നതു കൊണ്ടു് ജലത്തോടുകൂടിയതുമായ യജമാനന്റെ ഗൃഹമാണു്. പൂർണ്ണപാത്രം വേദിക്കകത്തു് വെയ്ക്കുന്നതുകൊണ്ടു് യജമാനന്റെ ഗൃഹത്തിൽ പശുക്കൾക്കു് തിന്നാൻ ധാരാളം പുല്ലും വേണ്ടിടത്തോളം വെള്ളവും ഉണ്ടായിരിക്കും.

വെള്ളം യജ്ഞമാണല്ലോ (യാഗത്തിന്നു് ആവശ്യമായതുകൊണ്ടു്) വെള്ളം അമൃതമാണു് (ജീവിതത്തിന്നു് ആവശ്യമായതുകൊണ്ടു്) അതു കൊണ്ടു് ജലത്തെനോക്കി "സദസി സന്മേഭൂയാഃ" എന്ന മന്ത്രം ചൊല്ലുന്നതു നിമിത്തം യജ്ഞരൂപമായ അമൃതം യജമാനൻ തന്നിൽ സ്ഥാപിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എല്ലാ ഭൂതങ്ങളും (ദേവന്മാരും പിതൃക്കളും) യജമാനൻ യാഗത്തിനുള്ളവ്രതം ആരംഭിക്കുന്നതിനെ തുടന്ന് വ്രതം ആചരിച്ചുതുടങ്ങുന്നു. "പ്രാച്യാം ദിശിദേവാഋത്വിജഃ മാർജയന്താം" എന്ന മന്ത്രം ചൊല്ലുന്നു. ഈ മന്ത്രം ചൊല്ലുന്നതുകൊണ്ടു് ആരെല്ലാം വ്രതം അനുഷ്ഠിക്കുന്ന യജമാനനെ തുടന്ന് വ്രതം ആചരിക്കുന്നുവോ അവരോടുകൂടി യജമാനൻ ദശ്പൂണ്ണമാസങ്ങളുടെ അവഭൃഥസ്നാനം നടത്തുന്നു. (യാഗസമാപ്തിയിൽ ചെയ്യുന്നസ്നാനം)

വിഷ്ണുവിനെ നേതാവാക്കിയ ദേവന്മാർ ഛന്ദോദേവതകളുടെ സഹായത്തോടുകൂടി ഈ ലോകങ്ങളെ മററുള്ളവരാൽ കീഴടക്കാൻ കഴിയാത്തവിധം ജയിച്ചുപോലും. യജമാനൻ മന്ത്രം ചൊല്ലി ചുവടു് വെയ്ക്കുന്നതുകൊണ്ടു് വിഷ്ണുവായ്തന്നെതീന്ന് ഛന്ദോദേവതകളുടെ സഹായത്തോടുകൂടി ഈ ലോകങ്ങളെ അന്യരാൽ ജയിക്കപ്പെടാത്തവിധം ജയിക്കുന്നു.

"വിഷ്ണോഃ ക്രമോഽസ്യഭിമാതിഹാ" എന്ന മന്ത്രം ചൊല്ലുന്നു. ഗായത്രി പൃഥിവിയുടെ അധിദേവതയാണ് അന്തരിക്ഷം ത്രിഷ്ടുപ്പ് ഛന്ദസ്സിൻെറ ദേവതയുടെ അധീനതയിൽ ആകുന്നു. ദ്യോവിൻെറ ആധിപത്യം ജഗതീ ഛന്ദസ്സിൻെറ ദേവതയ്ക്കാണ്. ദിക്കുകൾ എല്ലാം അനുഷ്ടുപ്പ് ഛന്ദസ്സിൻെറ ദേവതയെ സംബന്ധിച്ചതാണ്. ഛന്ദോ ദേവതകളുടെ സഹായത്തോടുകൂടിത്തന്നെ ഈ ലോകങ്ങളെ പണ്ടു് വിഷ്ണു ജയിച്ചതു പോലെ യജമാനൻ ജയിച്ചു് കീഴടക്കുന്നു.

ഇതിപഞ്ചമോഽനുവാകഃ

അഥഷഷ്ഠോഽനുവാകഃ (ബ്രാഹ്മണം)

(ഒന്നാം കാണ്ഡം ആറാം പ്രപാഠകം ആറാമത്തെ അനുവാകത്തിലുള്ള മന്ത്രങ്ങളുടെ ബ്രാഹ്മണം)

സംഹിതാ

അഗന്മസുവഃ സുവരഗ ന്മേത്യാഹ സുവർഗമേവ ലോകമേതി സം ദൃശസ്തേ മാ ഛിത്സി യത്തേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തപസ്തസ്യൈ്മതേ മാ*ff* വൃക്ഷീത്യാഹ യഥായജു-
രേ വൈതത് സുഭ്രരസി ശ്രേഷ്ഠോരശ്മീനാമായുർധാ
അസ്യായുർമേ ധേഹീത്യാഹാ*ff*ശിഷമേ വൈതാ-
മാ ശാസ്തേ പ്രവാ ഏഷോ*f*സ്മാല്ലോ കാച്ച്യവതേ
യോ വിഷ്ണ ക്രമാൻ ക്രമതേ സുവർഗായ ഹിലോകായ
വിഷ്ണ ക്രമാഃ ക്രമ്യന്തേ ബ്രഹ്മവാദി നോവദന്തി
സത്വൈ വിഷ്ണ ക്രമാൻ ക്രമേത യ ഇമാൻ ല്ലോകാൻ
ഭ്രാതൃവ്യസ്യ സം വിദ്യ പുനരിമം ലോകം
പ്രത്യവരോ ഹേദിത്യേഷ വാ അസ്യ ലോകസ്യ
പ്രത്യവ രോഹോ യദാ ഹേ ദമഹമമും ഭ്രാതൃവ്യ-
മാഭ്യോ ദിഗ്ഭ്യേ*f*സ്യൈ ദിവ ഇതീമാനേവ
ലോകാൻ ഭ്രാതൃവ്യസ്യ സംവിദ്യ പുനരിമം ലോകം
പ്രത്യവരോഹതിസംജ്യോതിഷാ *f* ഭൂവമിത്യാഹാ-
സ്മിന്നേവ ലോകേ പ്രതിതിഷ്ഠത്യൈന്ദ്രീമാവൃത-
മന്വാവർത്ത ഇത്യാഹാസൗവാ ആദിത്യ ഇന്ദ്രസ്ത-
സ്യൈവാ *ff* വൃതമനപർയാവർത്തതേ ദക്ഷിണാ
പർയാവർത്തതേ സ്വമേവവീർയമനുപർയാവർത്തതേ
തസ്മാദ്ദക്ഷിണോദ്ധ ആത്മനോവീർയ്യാവത്തരോ *f* ഥോ
ആദിത്യ സ്യൈവാവൃതമനപർയ്യാവർത്തതേ
സമഹം പ്രജയാസംമയാ പ്രജേത്യാഹാ *ff* ശിഷം
ഏവൈതാമാശാസ്തേ സമിദ്ധോ അഗ്നേമേ
ദീദിഹിസമേദ്ധാതേ അഗ്നേ ദീദ്യാസമിത്യാഹ
യഥായജുരേവൈതത് വസുമാൻ യജ്ഞോവസീ-
യാൻ ഭൂയാസമിത്യാഹാ *ff* ശിഷമേവൈതാമാശാസ്തേ
ബഹൂവൈ ഗാർഹപത്യസ്യാന്തേമിശ്രമിവചർയത
ആഗ്നിപാവമാനീഭ്യാം ഗാർഹപത്യമുപതിഷ്ഠതേ
പുനാത്യേവാഗ്നിം പുനീത ആത്മാനം ദ്വാഭ്യാം
പ്രതിഷ്ഠിത്യാ അഗ്നേ ഗൃഹപത ഇത്യാഹ-
യഥായജുരേവൈതത്ശതംഹിമാഇത്യാഹ ശതം
ത്വാഹേമന്താനിന്ധിഷിയേതിവാവൈതദാഹ
പുത്രസ്യനാമഗൃഹ്ണാത്യന്നാദമേവൈനംകരോതി
താമാശിഷമാശാസേ തന്തവേജ്യോതിഷ്മതീ-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മിതിബ്രൂയാദ്യസ്യപുത്രോ ƒ ജാതഃ സ്യാത്തേജ
സ്വേ്യവാസ്യ ബ്രഹ്മവർചസീപുത്രോജായതേ
താമാശിഷമാശാസേ ƒ മുഷ്മൈജ്യോതിഷ്മതീമിതി
ബ്രൂയാദ്യസ്യപുത്രഃജാതഃ സ്യാത്തേജ ഏവാസ്മിൻ
ബ്രഹ്മവർചസംദധാതിയോവൈയജ്ഞം പ്രയുജ്യ
നവിമുഞ്ചത്യപ്രതിഷ്ഠാനോവൈസഭവതി
കസ്ത്വായുനക്തിസത്വാവിമുഞ്ചത്വിത്യാഹ പ്രജാ
പതിർവൈകഃ പ്രജാപതിനൈവേനം യുനക്തി
പ്രജാപതിനാവിമുഞ്ചതി പ്രതിഷ്ഠിത്യാ ഈശ്വരം
വൈവ്രതമവിസൃഷ്ടം പ്രദഹോ ƒ ഗ്നേ വ്രതപതേ
വ്രതമചാരിഷമിത്യാഹ വ്രതമേവവിസൃജതേ
ശാന്ത്യാ അപ്രദഹായ പരാങ്വാവയജ്ഞഏതി
നനിവർതതേ പുനർയോവൈ യജ്ഞസ്യപുനരാ—
ലംഭം വിദ്വാൻ യജതേ തമഭിനി വർതതേ യജ്ഞോ
ബഭൂവസ ആ ബഭൂവേത്യാ ഹൈഷ വൈ യജ്ഞസ്യ
പുനരാലം ഭസ്തേ നൈവേനം പുനരാലഭതേƒന—
വരുദ്ധാവാ ഏതസ്യ വിരാഡ് യ ആഹിതാഗ്നിഃ
സന്ന സഭഃ പശവഃ ഖല്വൈ ബ്രാഹ്മണസ്യ സഭേ—
ഷ്ട്വാ പ്രാങ്ങു ത്ക്രമ്യ ബ്രൂയാ ദ്ഗോമാം അഗ്നേƒവിമാം
അശ്വീ യജ്ഞ ഇത്യവ സഭാം രുന്ധേ പ്രസഹസ്രം
പശൂനാപേ്നാത്യാസ്യ പ്രജായാം വാജീ ജായതേ ॥

അൎത്ഥം

"അഗന്മ സുവഃ സുവരഗന്മ'' എന്ന മന്ത്രം ചൊല്ലുന്നതു കൊണ്ടു് യജമാനൻ സ്വൎഗ്ഗലോകത്തെ പ്രാപിക്കുന്നു. "സംദൃശ സ്തേമാ ഛിത്സിയത്തേതപ സ്തസൈ്മതേ മാവൃക്ഷി'' എന്ന മന്ത്രം ചൊല്ലുന്നതു പ്രാൎത്ഥനയാണു്. "സുഭ്രൂരസിശ്രേഷ്ഠോരശ്മിനാമായുർധാ അസ്യായുർമേ ധേഹി'' എന്ന മന്ത്രം ചൊല്ലുന്നതു് ആയുസ്സുണ്ടാകട്ടെ എന്നു് പ്രാൎത്ഥിക്കുകയാണു്. യാതൊരു യജമാനനാണോ വിഷ്ണുക്രമം ചെയ്യുന്നതു് (വിഷ്ണു ലോകത്രയം അടക്കിയതു പോലെ മന്ത്രം ചൊല്ലിക്കൊണ്ടു് ചുവടു് വെയ്ക്കുന്നതു്) അവൻ ഈ ഭൂലോകത്തിൽ നിന്നു് വേർ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പെട്ടു് പോകുന്നു. എന്തെന്നാൽ സ്വർഗലോകം കിട്ടാനാണല്ലോ വിഷ്ണുക്രമ മന്ത്രം ചൊല്ലി ചുവടു് വെയ്ക്കുന്നതു്. വേദാത്ഥം അറിയാവുന്നവർ ഇപ്രകാരം പറയുന്നു. യാതൊരുത്തനാണോ ഈ ലോകത്തിൽ തന്റെ ശത്രുവിന്റെ അധീനതയിലുള്ള ദ്രവ്യങ്ങൾ എല്ലാം ലഭിക്കുന്നതിനു് ഈ ഭൂമിയിൽ വന്നിട്ടു് വീണ്ടും സ്വർഗ്ഗലോകത്തിലേക്കു് പോകുന്നതു് അവനാണു് വിഷ്ണുക്രമം അനുസരിച്ചു് ചുവടു് വെയ്ക്കുന്നതു്. (വിഷ്ണുക്രമം നടത്തുന്നതു നിമിത്തം യജമാനനു് തന്റെ ശത്രുവിന്റെ അധീനതയിലുള്ള ദ്രവ്യങ്ങൾ എല്ലാം സ്വാധീനമാവുകയും മരണാനന്തരം സ്വർഗം ലഭിക്കുകയും ചെയ്യും)

“ഇദമഹമമും ഭ്രാതൃവ്യമാ ഭ്യോദിഗേഭ്യോഽസ്യൈദിവഃ” എന്ന മന്ത്രം ചൊല്ലുന്നതാണു് ഈ ലോകത്തിലേക്കു് മടങ്ങി വരുന്നതു്. തന്റെ ശത്രുവിന്റെ അധീനതയിലിരിക്കുന്ന ഈ ലോകത്തിലുള്ള ദ്രവ്യാദികൾ ലഭിക്കുന്നതിനു് ഈ ലോകത്തിലേക്കു് വരുന്നു. “സം ജ്യോതിഷാഽഭൂവം” എന്ന മന്ത്രം ചൊല്ലുന്നതു കൊണ്ടു് യജമാനനു് ഈ ഭലാകത്തിൽ പ്രതിഷ്ഠ ലഭിക്കുന്നു. “ഐന്ദ്രീമാവൃതമനപാവർതേ” എന്ന മന്ത്രം ചൊല്ലുന്നു. ഈ മന്ത്രത്തിൽ ഇന്ദ്ര എന്ന പദം കൊണ്ടു് പ്രത്യക്ഷത്തിൽ കാണുന്ന ആദിത്യനെയാണു് പറഞ്ഞിരിക്കുന്നതു്. ആ ആദിത്യന്റെ ആ വൃതത്തെ തുടന്നു് യജമാനനും പർയാവർതനം ചെയ്യുന്നു. പ്രദിക്ഷണമായി ചുററുന്ന തന്റെ ശക്തിയെ ആശ്രയിച്ചാണു് അപ്രകാരം ചുററുന്നതു്. അതു കൊണ്ടു് പുരുഷന്റെ വലതുഭാഗം ഇടതു ഭാഗത്തെക്കാൾ കൂടുതൽ ശക്തിയുള്ളതാണു് അതുകൊണ്ടു് സൂൎയ്യൻ ചുററുന്നതു പോലെ യജമാനനും പ്രദക്ഷിണം വെയ്ക്കുന്നു “സമിദ്ധോ അഗ്നേമേ ദീദിഹി സമേദ്ധാ തേ അഗ്നേ ദീദ്യാസം” എന്ന മന്ത്രം ചൊല്ലുന്നു. ഇതു തീച്ചയായും ചൊല്ലേണ്ട മന്ത്രമാണു്.

“വസുമാൻ യജ്ഞോ വസീയാൻ ഭൂയാസം” എന്ന മന്ത്രം ചൊല്ലുന്നതു കൊണ്ടു് ആ മന്ത്രത്തിൽ പറയുന്ന ആശിസ്സ് യജമാനനു് ഉണ്ടാകണമെന്നു് പ്രാത്ഥിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗാർഹപത്യാഗ്നിസദാ ഗൃഹത്തിനകത്തുവെച്ചിരിക്കുന്നതു നിമിത്തം അതിന്റെ സമീപത്തു വരുന്ന ചില പ്രാണികൾ നശിക്കാൻ ഇടയാകുന്നതു് യമമാനനു് പാപത്തിനു തുല്യമാണു്. അഗ്നിപാവമാന മന്ത്രങ്ങൾ ചൊല്ലുന്നതു കൊണ്ടു് അഗ്നിയെ പരിശുദ്ധമാക്കുന്നു. യജമാനനേയും പരിശുദ്ധൻ ആക്കുന്നു.

''അഗ്നേ ഗൃഹപതേ'' ഇത്യാദി മന്ത്രം ചൊല്ലുന്നു. ഈ മന്ത്രം അവശ്യം ചൊല്ലേണ്ടതാണു്. ''ശതം ഹിമാ'' എന്ന മന്ത്രമോ ''ശതം ഹേമന്താൻഇന്ധിഷീയ'' എന്ന മന്ത്രമോ ചൊല്ലുന്നു. മന്ത്രത്തിന്റെ കൂടെ പുത്രന്റെ പേരു് കൂട്ടിച്ചേർത്തു ചൊല്ലണം. മന്ത്രത്തിൽ പുത്രന്റെ പേരു് ചേർത്തു് ചൊല്ലിയാൽ ആ പുത്രനു് ഭക്ഷണപദാർത്ഥങ്ങൾ ധാരാളം ലഭിക്കും. മന്ത്രത്തിൽ പറഞ്ഞിട്ടുള്ള ആശിസ്സുകൾ മകനു് ഉണ്ടാകട്ടെ എന്നു് പ്രാർത്ഥിക്കുന്നു. പുത്രൻ ജനിച്ചിട്ടില്ലെങ്കിൽ ''തന്തവേ ജ്യോതിഷ്മതീം'' എണ മന്ത്രം ചൊല്ലണം അപ്രകാരം ചൊല്ലുന്ന യജമാനന്റെ പുത്രൻ തേജസ്സുള്ളവനും ബ്രഹ്മവർചസ്സോടു കൂടിയവനും ആയിത്തീരുന്നു. മന്ത്രത്തിൽ പറഞ്ഞിരിക്കുന്ന ആശിസ്സു് ജനിക്കാൻ പോകുന്ന സന്താനങ്ങൾക്കും ഉണ്ടാകട്ടെ എന്നു് ആശംസിക്കുന്നു. പുത്രൻ ഉള്ള യജമാനൻ പുത്രന്റെ പേരുകൂടി പറഞ്ഞു് ജ്യോതിഷ്മതീം എന്ന മന്ത്രം ചൊല്ലണം. ആ പുത്രനു് തേജസ്സും ബ്രഹ്മവർചസ്സും ഉണ്ടാകുന്നു.

യാഗം നടത്തിയതിനു് ശേഷം മന്ത്രപൂർവ്വകം യാഗത്തെ വിടുത്തുന്നില്ലെങ്കിൽ ആ യജമാനൻ പ്രതിഷ്ഠ ഇല്ലാത്തവനായിത്തീരുന്നു. ''കസ്ത്വായുനക്തി സത്വാവിമുഞ്ചതു'' എന്ന മന്ത്രം ചൊല്ലണം. ''കഃ'' എന്ന പദംകൊണ്ടു് പറഞ്ഞിരിക്കുന്നതു പ്രജാപതിയെ ആണു്. പ്രജാപതിയാൽ തന്നെയാണു് ഈ യാഗം ആരാധിക്കപ്പെടുന്നതു്. യജമാനനു് പ്രതിഷ്ഠ ലഭിക്കുന്നതിനു്വേണ്ടി പ്രജാപതി തന്നെയാഗത്തെ മോചിപ്പിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വീകരിച്ച വ്രതം മന്ത്രപൂർവ്വകം അവസാനിപ്പിച്ചില്ലെങ്കിൽ യജമാനനെ നശിപ്പിക്കാൻ അതു പര്യാപ്തമാണ്. ''അഗ്നേ വ്രതപതേ വ്രതമചാരിഷം'' എന്ന മന്ത്രം ചൊല്ലുന്നതു കൊണ്ടു് വ്രതം സമാപ്തിയാകുന്നു. യജമാനനു് ശാന്തി ഉണ്ടാകുന്നതിനും ദോഷം ഉണ്ടാകാതിരിക്കുന്നതിനും വേണ്ടിയാണ് വ്രതം വിസർജനം ചെയ്യുന്നതു്.

പരാങ് മുഖനായ യജമാനനെ യാഗം വിണ്ടും പ്രാപിക്കുന്നില്ല. യാഗത്തിന്റെ പുനരാലംഭനം മനസ്സിലാക്കി യാഗം നടത്തുന്ന യജമാനനെ യാഗം വീണ്ടും സമീപിക്കുന്നു. ''യജ്ഞോ ബഭൂവ പുനരാബഭൂവ'' എന്ന മന്ത്രം ചൊല്ലുന്നു. ഈ മന്ത്രം ചൊല്ലുന്നതാണ് യാഗത്തിന്റെ പുനരാലംഭം (യാഗം വീണ്ടും നടത്താൻ സാധിക്കുക.) യജ്ഞോ ബഭൂവ എന്ന മന്ത്രം ചൊല്ലുന്നതു കൊണ്ടു് യജമാനനു് വീണ്ടും യാഗം നടത്താൻ സാധിക്കുന്നു.

യാഗാദികൾ നടത്തുന്ന ഏങ്കിലും സഹായത്തിനു് ആളുകൾ ഇല്ലാത്ത യജമാനനു് സദസ്സ് സ്വാധീനമല്ലാതായിത്തീരുന്നു പശുക്കൾ അണല്ലോ ബ്രാഹ്മണന്റെ സദസ്സ്. യാഗം പൂത്തിയായതിനു് ശേഷം കിഴക്കോട്ടു് നടന്നു് ''ഗോമാനഗ്നേഽവിമാനശ്വീയജ്ഞഃ'' എന്ന മന്ത്രം ചൊല്ലണം. അപ്രകാരം ചൊല്ലിയാൽ യജമാനനു് സദസ്സ് ലഭിക്കുന്നു. (സഹായത്തിനു് ആളുകളെ കിട്ടും) അനേകായിരം പശുക്കളും ലഭിക്കും. അവന്റെ സന്താനങ്ങൾക്കു് സുഭിക്ഷമായ ഭക്ഷണവും ലഭിക്കും.

ഇതി ഷഷ്ഠോഽനുവാകഃ

അഥസപ്തമോ നുവാകഃ

സംഹിതാ:–

ദേവസവിതഃ പ്രസുവയജ്ഞം പ്രസുവ
യജ്ഞപതിംഭഗായദിവ്യോഗന്ധർവഃ । കേതപൂഃ
കേതംനഃപുനാതുവാചസ്പതിർവാചമദ്യസ്വദാതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നഃ । ഇന്ദ്രസ്യവജ്രോഽസിവാർത്രഘ്നസ്ത്വയാഽയം
വൃത്രംവധ്യാത് । വാജസ്യനുപ്രസവേമാതരം
മഹീമദിതിംനാമവചസാകരാമഹേ । യസ്യാമിദം
വിശ്വംഭുവനമാവിവേശതസ്യാംനോദേവഃ സവിതാ
ധർമസാവിഷത് । അപ്സുഅന്തരമൃതമപ്സുഭേഷ-
ജമപാമുത പ്രശസ്തിഷ്വശ്വാഭവഥവാജിനഃ ।
വായുർവാത്വാമനുർവാത്വാഗന്ധർവാഃ സപ്തവിംശതിഃ ।
തേഅഗ്രേഅശ്വമായുഞ്ജന്തേ അസ്മിഞ്ജവമാദധുഃ ।
അപാംനപാദാശുഹേമന്യഊർമിഃകകുദ്മാൻ
പ്രതൂർതിർവാജസാതമസ്തേനായംവാജംസേത് ।
വിഷ്ണോഃക്രമോഽസിവിഷ്ണോഃക്രാന്തമസി വിഷ്ണോർ-
വിക്രാന്തമസ്യങ് കൗന്യങ്കാവഭിതോരഥംയൗ
ധ്വാന്തംവാതാഗ്രമനുസംചരന്തൗദൂരേഹേതി-
രിന്ദ്രിയാവാൻപതത്രീതേനോഽഗ്നയഃപപ്രയഃപാരയന്തു ॥

പദം

ദേവ സവിതഃ പ്ര സുവ യജ്ഞം പ്ര സുവ
യജ്ഞപതിം ഭഗായ ദിവ്യഃ ഗന്ധർവഃ കേതപൂഃ
കേതം നഃ പുനാതു വാചസ്പതിഃ വാചം അദ്യ
സ്വദാതി നഃ ഇന്ദ്രസ്യ വജ്രഃ അസി വാർത്രഘ്നഃ
ത്വയാ അയം വൃത്രം വധ്യാത് വാജസ്യ നു
പ്രസവേ മാതരം മഹീം അദിതിം നാമ വചസാ
കരാമഹേ യസ്യാം ഇദം വിശ്വം ഭുവനം ആ
വിവേശ തസ്യാം നഃ ദേവഃ സവിതാ ധർമ
സാവിഷത് അപ്സു അന്തഃ അമൃതം അപ്സു
ഭേഷജം അപാം ഉത പ്രശസ്തിഷു അശ്വാഃ ഭവഥ
വാജിനഃ വായുഃ വാ ത്വാ മനുഃ വാ ത്വാ
ഗന്ധർവാഃ സപ്തവിംശതിഃ തേ അഗ്രേ അശ്വം ആ
യുഞ്ജന്തേ അസ്മിൻ ജവം ആ ദധുഃ അപാം
നപാത് ആശുഹേമൻ യഃ ഊർമിഃ കകുദ്മാൻ
പ്രതൂർതിഃ വാജസാതമഃ തേന അയം വാജം സേത്
വിഷ്ണോഃ ക്രമഃ അസി വിഷ്ണോഃ ക്രാന്തം അസി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിഷ്ണോഃ വിക്രാന്തം അസി അങ്ക്കൗ ന്യങ്ക്കൗ അഭിതഃ രഥം യൗ ധ്വാന്തം വാതാഗ്രം അനു സഞ്ചരന്തൗ ദൂരേഹേതിഃ ഇന്ദ്രിയാവാൻ പതത്രീ തേ നഃ അഗ്നയഃ പപ്രയഃ പാരയന്തു. ||

മന്ത്രവും വിനിയോഗവും അർത്ഥവും

(ഇതു മുതൽ ആറു് അനുവാകങ്ങളിൽ വാജപേയവിഷയമായ ആധ്വര്യവ മന്ത്രങ്ങൾ വർണ്ണിക്കപ്പെടുന്നു. ഈ അനുവാകത്തിൽ രഥ വിഷയമായ മന്ത്രമാണു് വർണ്ണിക്കുന്നതു്. വാജപേയയാഗത്തെപററി ബ്രാഹ്മണത്തിൽ ഒന്നാം കാണ്ഡം മൂന്നാം പ്രപാഠകം രണ്ടാമത്തെ അനുവാകത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.— "വാജപേയയാഗം നടത്തുന്നവനു് സ്വർഗ്ഗം ലഭിക്കുന്നു. തന്റെ സമൂഹത്തിൽ നേതാവാകുന്നു. എല്ലാവരും വാജപേയയാഗം നടത്തിയവനെ ബഹുമാനിക്കുന്നു. ഈ യാഗം നടത്തിയതു് നിമിത്തം ദേവന്മാക്കു് ധാരാളം ഭക്ഷ്യസാധനം ലഭിച്ചു" എന്നും വാജഃ പേയഃ യസ്മിൻയാഗേ സഃ വാജപേയഃ ഇവിടെ വാജഃ എന്ന പദത്തിനു് ദേവന്മാരുടെ അന്നമായ സോമരസം എന്നാണർത്ഥം. സോമരസം ഏതുയാഗത്തിൽ പാനം ചെയ്യപ്പെടുന്നുവോ അതു വാജപേയം)

1 ദേവ സവിത പ്രസുവ യജ്ഞം പ്രസുവ
യജ്ഞപതിം ഭഗായ ദിവ്യോ ഗന്ധർവഃ ।
കേതപൂഃ കേതംനഃ പുനാതു
വാചസ്പതിർവാചമദ്യസ്വദാതിനഃ ।

യാഗാരംഭത്തിൽ ഈ മന്ത്രം ചൊല്ലി ഹോമിക്കുന്നു.

ഹേ സവിതഃ ദേവ ! = അല്ലയോ സർവ്വപ്രേരകനായ ഈശ്വര ! യജ്ഞം പ്രസുവ = ഈ വാജപേയ യാഗം നടത്തിത്തന്നാലും. യജ്ഞപതിം = യജമാനനു്, ഭഗായ പ്രസുവ = യാഗം, നടത്തുന്നതിനു് വേണ്ട ധനം നൽ-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കിയാലും. കേതപൂഃ = ജനങ്ങളുടെ അറിവിനെ പരിശുദ്ധമാക്കുന്നവനും, ദിവ്യഃ = ആകാശത്തിൽ സഞ്ചരിക്കുന്നവനുമായ, ഗന്ധർവഃ = ആദിത്യൻ, നഃ = ഞങ്ങളുടെ, കേതം = വാജപേയ വിഷയമായ അറിവിനെ, പുനാതു = പരിശുദ്ധമാക്കട്ടെ. വാചസ്പതിഃ = ബൃഹസ്പതി, നഃ വാചം = വാജപേയ വിഷയമായി ഞങ്ങരം ചൊല്ലുന്ന മന്ത്രം, സ്വദാതി = ശരിയായവിധത്തിൽ ആക്കിത്തീർക്കട്ടെ. ഈ മന്ത്രത്തിൽ "സ്വാഹാ" എന്നു് കൂടിച്ചേർത്തു് ചൊല്ലി ഹോമം കഴിക്കണം.

2 ഇന്ദ്രസ്യവജ്രോ *f* സിവാർത്രഘ്നസ്ത്വയാ *f* യം
വൃത്രംവധ്യാത് ।

ഈ മന്ത്രം ചൊല്ലി രഥം താഴെകൊണ്ടുവരുന്നു.
ഹേരഥ! = അല്ലയോ രഥമേ ! നീ, വാർത്രഘ്നഃ = വൃത്രാസുരനെ കൊല്ലാൻ ശക്തിയുള്ള, ഇന്ദ്രസ്യ = ഇന്ദ്രന്റെ, വജ്രഃ അസി വജ്രായുധം ആകുന്നു. ത്വയാ = നിന്റെ സഹായത്തോടുകൂടി, അയം = ഈ യജമാനൻ, വൃത്രം = ശത്രുക്കളെ, വധ്യാത് = കൊല്ലട്ടെ.

3 വാജസ്യന്വ പ്രസവേ മാതരം മഹീ–
മദിതിം നാമ വചസാ കരാ മഹേ ।
യസ്യാമിദം വിശ്വം ഭുവന മാവിവേശ
തസ്യാം നോ ദേവസ്സവിതാ ധർമസാവിഷത് ।
ഈ മന്ത്രം ചൊല്ലി രഥം വേദിക്കകത്തു് കൊണ്ടുവരുന്നു.

വാജസ്യ പ്രസവേന = ഭക്ഷ്യധാന്യങ്ങളുടെ സമൃദ്ധിക്കു വേണ്ടി, മാതരം മഹീം = അവയുടെ ഉത്പത്തിക്കു കാരണമായ വേദി രൂപത്തിലുള്ള ഭൂമിയെ, വചസാ = മന്ത്രം കൊണ്ടു്, അദിതിം നാമ = അഖണ്ഡിതയാക്കി, കരാമഹേ = ചെയ്യുന്നു. യസ്യാം = യാതൊരു ഭൂമിയിൽ, ഇദം വിശ്വം ഭുവനം = എല്ലാ പ്രാണികളും, ആവിവേശ =

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രവേശിച്ചിരിക്കുന്നു. തസ്യാം = ആ ഭൂമിയിൽ, വഃ = ഞങ്ങളുടെ. ധർമ = ധാരണം, സവിതാദേവഃ = സവിതൃദേവൻ, സാവിഷത് = അനുവദിക്കട്ടെ.

4. അപ്സ്വന്തരമമൃത മപ്സു ഭേഷജമപാ-
മുത പ്രശസ്തി ഷ്വാഭവഥ വാജിനഃ ।

ഈ മന്ത്രം ചൊല്ലി കുതിരയെ കളിപ്പിക്കാൻ അതിൻെറ പുറത്തു വെള്ളം ഒഴിക്കുന്നു.

അപ്സു അന്തഃ = വെള്ളത്തിൽ, അമൃതം = അമൃതവും, അപ്സു = വെള്ളത്തിൽ, ഭേഷജം = മരുന്നും ഉണ്ട്. ഉത = കൂടാതെ, ഹേ വാജിനഃ അശ്വാഃ ! = അല്ലയോ കുതിരകളെ! യൂയം = നിങ്ങൾ, അപാം = ജലത്തിൻെറ, പ്രശസ്തിഷു ഭവഥ = പ്രധാന ഗുണങ്ങളിൽ ബന്ധപ്പെട്ടിരിക്കുന്നു. (നിങ്ങൾ ജലത്തിൻെറ ഗുണങ്ങൾ അനുഭവിക്കുന്നു)

5 വായുർവാ ത്വാ മനുർവാ ത്വാ ഗന്ധർവാസ്സപ്ത വിംശതിഃ ।
തേ അഗ്രേ അശ്വമായുഞ്ജന്തേ അസ്മിൻ ജയമാദധുഃ ।

ഈ മന്ത്രം ചൊല്ലി കുതിരയെ രഥത്തിൽ കെട്ടുന്നു.

വായുഃ വാ മനുഃ വാ = വയുവും മനുവും, ഗന്ധർവ്വാഃ സപ്ത വിംശതിഃ = ഗന്ധർവ്വന്മാരും എന്നിങ്ങനെ ഇരുപത്തിയേഴുപേർ, അഗ്രേ = എനിക്കു മുമ്പിൽ, അയുഞ്ജന്ത = കുതിരയെ രഥത്തിൽ കെട്ടി. തേ = അവർ, അസ്മിൻ = ഈ കുതിരയ്ക്കു്, ജയം ആദധുഃ = ജയം ഉണ്ടാക്കട്ടെ.

6 അപാം നപാദാശു ഹേമന്യ ഊർമിഃ
കകുദ്മാൻ പ്രതൂർതിർ വാജസാത മസ്റ്റേ നായം
വാജം സേത് ।

ഈ മന്ത്രം ചൊല്ലി കുതിരയെ തലോടുന്നു.

അപാം നപാത് = വെള്ളത്തെ കലുഷമാക്കാത്തതും, ആശുഹേമൻ = വേഗത്തിൽ പോകുന്നതുമായ, ഹേ അശ്വ!

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

= അല്ലയോ അശ്വമേ! നീ ഓടിക്കൊണ്ടിരിക്കുമ്പോൾ, കകുദ്മാൻ = മേൽപോട്ടു് പൊങ്ങിയിരിക്കുന്നതും, പ്രുർതിഃ = നിമജ്ജനം കൊണ്ടുണ്ടാകുന്ന ദോഷം ഇല്ലാതെയാക്കുന്നതും, വാജസാതയഃ = സസ്യസമ്പത്തോടുകൂടിയതുമായ, യഃ ഊർമിഃ = യാതൊരു ഊർമിയുണ്ടോ, തേന = അതു കൊണ്ടു്, അയം വാജം = ഞങ്ങളുടെ സസ്യത്തെ, സേത് = സമൃദ്ധമാക്കുക.

7. വിഷ്ണോഃ ക്രമോ ऽസി വിഷ്ണോഃ ക്രാന്തമസി
വിഷ്ണോ ർവിക്രാന്തമസി।

ഈ മന്ത്രം ചൊല്ലിക്കൊണ്ടു് യജമാനൻ രഥത്തിൻെറ അടുക്കൽ പോകുന്നു.

അല്ലയോ ഒന്നാമത്തെ ചുവടു് വെപ്പെ! നീ, വിഷ്ണോഃ ക്രമഃ അസി = വിഷ്ണുവിൻെറ ഒന്നാമത്തെ ചുവടു് വെയ്പ്പു് കൊണ്ടു് ജയിച്ച ഭൂമി ആകുന്നു. അല്ലയോ രണ്ടാമത്തെ ചുവടു് വെയ്പെ! നീ, വിഷ്ണോഃ = വിഷ്ണുവിൻെറ ക്രാന്തം അസി = രണ്ടാമത്തെ ചുവടു്വെയ്പ്പു് കൊണ്ടു് ജയിച്ച അന്തരിക്ഷമാകുന്നു. അല്ലയോ മൂന്നാമത്തെ ചുവടു്വെയ്പേ! നീ, വിഷ്ണോഃ = വിഷ്ണുവിൻെറ, വിക്രാന്തം അസി = മൂന്നാമത്തെ ചുവടു് വെയ്പുകൊണ്ടു് ജയിച്ച ഭൂമി ആകുന്നു.

8 അങ്കൗന്യങ്കാവഭിതോരഥംയൗ
ധ്വാന്തം വാതാഗ്രമനുസഞ്ചരന്തൗ।
ദൂരേഹേതിരിന്ദ്രിയാവാൻപതത്രീ
തേനോ ऽഗ്നയഃ പപ്രയഃ പാരയന്തു।

ഈ മന്ത്രം ചൊല്ലി രഥത്തിൻെറ രണ്ടു വശവും തൊടുന്നു— പപ്രയഃ = ആരാധകർക്കു് വേണ്ടതു നൽകുന്ന ദൂരേഹേതിഃ അഗ്നയഃ = ദൂരേഹേതി എന്നു പേരുള്ള അഗ്നി, രഥം അഭിതഃ = രഥത്തെ ആശ്രയിച്ചിരിക്കുന്നതും, അങ്കൗ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

= രഥത്തിൻെറ ഇരുവശങ്ങളിലും സ്ഥിതി ചെയ്യുന്നതും ആയ, നൃങ്കൗ = രണ്ടു ചക്രങ്ങളെ, ധ്വാന്തം = വലിയ ശബ്ദത്തോടുകൂടി, വാതാഗ്രം = കാററിനെപ്പോലെ വേഗത്തിൽ, അനുസഞ്ചരന്തൗ = ഓടിക്കയും ചെയ്തു്, പാരയന്തു = ഉദ്ദിഷ്ടസ്ഥാനത്തു എത്തിക്കട്ടെ.

ഇതിസപ്തമോ ഽനുവാകഃ

അഥ അഷ്ടമോ ഽനുവാകവുഃ

സംഹിതാഃ–

ദേവസ്യാഹം സവിതുഃ പ്രസവേ ബൃഹസ്പതിനാ
വാജജിതാവാജംജേഷം ദേവസ്യാഹംസവിതുഃ
പ്രസവേബൃഹസ്പതിനാവാജജിതാവർഷിഷ്ഠംനാകം
രുഹേയമിന്ദ്രായവാചംവദതേന്ദ്രം വാജംജാപ–
യതേന്ദ്രോവാജമജയിത് । അശ്വാജനിവാജിനീ
വാജേഷുവാജിനീവത്യശ്വാൻ സമത്സുവാജയ ।
അർവാസിസപ്തിരസി വാജ്യസി വാജിനോ
വാജം ധാവത മരുതാം പ്രസവേ ജയത
വിയോജനാ മിമീധ്വ മധ്വനഃ സ്കഭ്നീത
കാഷ്ഠാം ഗച്ഛത വാജേ വാജേഽവത
വാജിനോ നോ ധനേഷു വിപ്രാഅമൃതാ
ഋതജ്ഞാഃ । അസ്യമധ്വഃ പിബതമാദയധ്വം
തൃപ്താ യാതപഥിഭി ർദേവയാനൈഃ । തേനോ
അർവന്തോ ഹവന ശ്രുതോഹവം വിശ്വേ
ശൃണ്വന്തു വാജിനഃ । മിത ദ്രവഃ സഹസ്രസാ
മേധസാതാ സനിഷ്യവഃ മഹോ യേരത്നം
സമിഥേഷു ജഭ്രിരേ। ശം നോഭവന്തു
വാജിനോ ഹവേഷു । ദേവതാതാമിതദ്രവഃ
സ്വർകാഃ । ജംഭയന്തോഽഹിം വൃകം രക്ഷാംസി
സനേമ്യ സ്മദ്യുയവൻ അമീവാഃ। ഏഷസ്യ
വാജീ ക്ഷിപണിം തുരണ്യതി ഗ്രീവായാം
ബദ്ധോ അപികക്ഷ ആസനി । ക്രതും
ദധിക്ര അനു സന്തവീത്വത്പഥാമങ്കാം–

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്യനവാപനീഘണത് । ഉതസ്മാസ്യ ദ്രവത-
സ്തുരണ്യതഃ പർണം ന വേരനുവാതി പ്രഗർധിനഃ ।
ശ്യേന സ്യേവ ധ്രജതോ അങ്കസം പരി
ദധി ക്രാവ്ണഃ സഹോർജാ തരിത്രതഃ । ആമാ
വാജസ്യ പ്രസവോ ജഗമ്യാദാ ദ്യാവാ പൃഥിവീ
വിശ്വശംഭൂ। ആമാഗന്താം പിതരാമാതരാ
ചാ//മാസോമോ അമൃതത്വായഗമ്യാത് ।
വാജിനോവാജജിതോവാജം സരിഷ്യന്തോ
വാജം ജേഷ്യന്തോ ബൃഹസ്പതേ ഭാഗമവ-
ജിഘ്രത വാജിനോ വാജജിതോ വാജം
സിസൃവാം സോ വാജം ജിഗിവാം സോബൃഹ-
സ്പതേ ഭാഗേ നി മൃഡ്ഢ്വമിയം വഃ സാ
സത്യാസംധാഭൂദ്യാമിന്ദ്രേണസമധദ്ധ്വ-
മജീജിപതവനസ്പതയഇന്ദ്രം വാജം വിമുച്യധ്വം ॥

പദം

ദേവസ്യ അഹം സവിതുഃ പ്രസവേ ബൃഹസ്പ-
തിനാ വാജജിതാ വർഷിഷ്ഠം നാകം രുഹേയം
ഇന്ദ്രായ വാചം വദത ഇന്ദ്രം വാജം ജാപയത
ഇന്ദ്രഃ വാജം അജയിത് അശ്വാജനി വാജിനി
വാജേഷു വാജിനിവതി അശ്വാൻ സമത്സു വാജയ
അർവാ അസി സപ്തിഃ അസി വാജീ അസി
വാജിനഃ വാജം ധാവത മരുതാം പ്രസവേ ജയത
വി യോജനാ മിമീധ്വം അധ്വനഃ സ്കഭ്നീത
കാഷ്ഠാം ഗച്ഛത വാജേവാജേ അവത വാജിനഃ നഃ
ധനേഷു വിപ്രാഃ അമൃതാഃ ഋതജ്ഞാഃ അസ്യ മധ്വഃ
പിബത മാദയധ്വം തൃപ്താഃ യാത പഥിഭിഃ ദേവ-
യാനൈഃ തേ നഃ അർവന്തഃ ഹവനശ്രുതം ഹവം
വിശ്വേ ശൃണ്വന്തു വാജിനഃ മിതദ്രവഃ സഹസ്രസാ
മേധസാതാ സനിഷ്യവഃ മഹഃ യേ രത്നം സമി-
ഥേഷു ജഭ്രിരേ ശം നഃ ഭവന്തു വാജിനഃ ഹവേഷു
ദേവതാതാ മിതദ്രവഃ സ്വർക്കാഃ ജംഭയന്തഃ അഹിം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വൃകം രക്ഷാംസി സനേമി അസ്മദ് യുയുവൻ
അമീവാഃ ഏഷഃ സ്യഃ വാജീ ക്ഷിപണിം തുര–
ണ്യതി ഗ്രീവായാം ബദ്ധഃ അപികക്ഷഃ ആസനി
ക്രതും ദധിക്രാ അനു സംതവീത് പഥാം അങ്കാംസി
അനു ആ പനീഫണത്ത് ഉത സ്മ അസ്യ ദ്രവതഃ
തുരണ്യതഃ പർണം ന വേഃ അനു വാതി പ്രഗർ–
ധിനഃ ശ്യേനസ്യ ഇവ ധ്രജതഃ അങ്കസം പരി
ദധിക്രാവ്ണഃ സഹ ഊർജാ തരിത്രതഃ ആ മാ
വാജസ്യ പ്രസവഃ ജഗമ്യാത് ആ ദ്യാവാപൃഥിവീ
വിശ്വശംഭൂ ആ മാ ഗന്താ പിതരാ മാതരാ ച ആ മാ
സോമഃ അമൃതത്വായ ഗമ്യാത് വാജിനഃ വാജജിതഃ വാജം
സരിഷ്യന്തഃ വാജം ജേഷ്യന്തഃ ബൃഹസ്പതേഃ ഭാഗം
അവ ജിഘ്രത വാജിനഃ വാജജിതഃ വാജം സസൃവാംസഃ
വാജം ജിഗിവാംസഃ ബൃഹസ്പതേഃ ഭാഗേ നി
മൃഢ്വം ഇയം വഃ സാ സത്യാ സംധാ അഭൂത്
യാം ഇന്ദ്രേണ സം അധദ്ധ്വം അജീജിപത വനസ്–
പതയഃ ഇന്ദ്രം വാജം വി മുച്യധ്വം ॥

മന്ത്രവും വിനിയോഗവും അർത്ഥവും

ഈ അനുവാകത്തിൽ രഥധാവന മന്ത്രങ്ങൾ വർണിക്കപ്പെടുന്നു.

1 ദേവസ്യാഹം സവിതുഃ പ്രസവേ ബൃഹസ്പതിനാ
വാജ ജിതാ വാജം ജേഷം ।

ഈ മന്ത്രം ചൊല്ലി യജമാനൻ രഥത്തിൽ ആരോഹണം ചെയ്യുന്നു.

അഹം = ഞാൻ, സവിതുഃ ദേവസ്യ = സർവ്വ പ്രേരകനായ ഈശ്വരന്റെ, പ്രസവേ = പ്രേരണയാൽ, വാജജിതാ = വാജത്തെ ജയിച്ചതായ, ബൃഹസ്പതിനാ = ബൃഹസ്പതിയുടെ അനുഗ്രഹത്താൽ, വാജം ജേഷം = വാജത്തെ ജയിക്കാം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

2 ദേവസ്യാഹം സവിതുഃ പ്രസവേ ബൃഹസ്പതിനാ
വാജജിതാ വർഷിഷ്ഠം നാകം രുഹേയം ।
യജമാനൻ ഈ മന്ത്രം ചൊല്ലുന്ന അവസരത്തിൽ ബ്രഹ്മാവ് എന്ന പുരോഹിതൻ രഥത്തിൽ കയറുന്നു.

അഹം ഞാൻ, സവിതുഃ ദേവസ്യ = സർവ്വ പ്രേരകനായ ഈശ്വരന്റെ, പ്രസവേ = പ്രേരണയാൽ, വാജജിതാ = വാജത്തെ ജയിച്ച, ബൃഹസ്പതിനാ = ബൃഹസ്പതിയുടെ അനുഗ്രഹത്താൽ. വർഷിഷ്ഠം = അഭിലഷിക്കുന്ന കാര്യങ്ങൾ എല്ലാം സാധിക്കുന്ന, നാകം രുഹേയം = സ്വർഗ്ഗത്തിൽ കയറുന്നു.

3 ഇന്ദ്രായ വാചം വദതേന്ദ്രം വാജം ജാപയതേന്ദ്രോ
വാജ മജയീത് ।

ഈ മന്ത്രം ചൊല്ലിക്കൊണ്ടു് ദുന്ദുഭി മുതലായ വാദ്യശബ്ദങ്ങൾ മുഴക്കുന്നു.

ഇന്ദ്രായ = ഇന്ദ്രതുല്യനായ യജമാനനു്, വാചംവദത = ആശിസ്സുകൾ പറഞ്ഞാലും. ഇന്ദ്രം = ഇന്ദ്രതുല്യനായ യജമാനനു്, വാജം ജാപയത = അന്നവിഷയത്തിൽ ജയം നൽകിയാലും. ഇന്ദ്രഃ = ഇന്ദ്രതുല്യനായ യജമാനൻ, വാജം അജയിത് = ഭക്ഷ്യധാന്യങ്ങളെ ജയിക്കട്ടെ (ധാരാളം ഭക്ഷ്യധാന്യം സംഭരിക്കാൻ ശക്തൻ ആകട്ടെ.)

4 അശ്വാജനി വാജിനീവാജേഷ്വവാജിനീ-
വത്യശ്വാൻ സമത്സുവാജയ ।

ഈ മന്ത്രം ചൊല്ലി അധ്വര്യു ചാട്ട കയ്യിൽ എടുക്കുന്നു. അശ്വാജനി = കുതിരയെ ഓടിക്കുന്നതും, വാജിനീ = വേഗത്തിനു് കാരണമായതും, വാജിനീവതി = ജയം നൽകി ഭക്ഷ്യധാന്യം സമ്പാദിച്ചു തരുന്നതും ആയ, ഹേകശേ! = വാജേഷ്വസമത്സു = ഭക്ഷ്യധാന്യം ഉള്ള പ്രദേശങ്ങളിൽ, അശ്വാൻ = കുതിരകളെ, വാജയ = നയിക്കുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

5-7 അർവാ ƒസി, സപ്തിരസി, വാജ്യസി

ഈ മന്ത്രം ചൊല്ലി കുതിരകളെ ഓടിക്കുന്നു. വാജപേയ യാഗത്തിനുള്ള രഥത്തിൽ മൂന്നു് കുതിരകളെ കെട്ടിയിരിക്കും. വലതുവശത്തിലുള്ള കുതിരയെ ഓടിക്കാൻ ആദ്യത്തെ മന്ത്രവും മദ്ധ്യത്തിലുള്ള കുതിരയെ ഓടിക്കാൻ രണ്ടാമത്തെ മന്ത്രവും ഇടതുവശത്തുള്ള കുതിരയെ ഓടിക്കാൻ മൂന്നാമത്തെ മന്ത്രവും ചൊല്ലുന്നു. അർവാ സപ്തി വാജീ എന്നിവ കുതിരയുടെ ജാതിവിശേഷത്തെ കുറിക്കുന്ന വാക്കുകളാണു്.

അല്ലയോ അശ്വമേ ! അർവാ അസി = നീ അഗ്നിയെപ്പോലെ തേജസ്സുള്ളതു് ആകുന്നു.

സപ്തിഃ അസി = നീ വായുവിനെപ്പോലെ വേഗമുള്ളതാകുന്നു.

വാജീ അസി = നീ സൂർയ്യനെപ്പോലെ പ്രകാശിക്കുന്നതാകുന്നു.

8 വാജിനോവാജം ധാവത മരുതാം പ്രസവേജയത
വിയോജനാമിമീധ്വമധ്വനഃ സ്കഭ്നീതകാഷ്ഠാംഗച്ഛത ।

ഇതു മുതൽ നാലു മന്ത്രം രഥത്തിൽ കെട്ടിയ കുതിരകൾ ഓടിക്കൊണ്ടിരിക്കുമ്പോൾ ചൊല്ലാനുള്ളതാണു്.

ഹേവാജിനഃ ! = അല്ലയോ കുതിരകളെ ! വാജം ധാവത = അന്നം സമ്പാദിക്കുന്നതിനു് വേണ്ടി ഓട്ടവിൻ, മരുതാം പ്രസവേ = മരുത്തുകളുടെ പ്രേരണയിൽ, ജയത = ജയിക്കുവിൻ. വിയോജനാ = വളരെദൂരമുള്ളവഴി, മിമീധ്വം = വേഗം കൊണ്ടു് അല്പ ദൂരം ഉള്ളതാക്കി ചെയ്യുവിൻ. അധ്വനഃസ്കഭ്നീത = വേഗം നിമത്തം രഥം പോകുന്ന മാർഗത്തിനു് പീഡയുണ്ടാക്കുവിൻ. കാഷ്ഠാം ഗച്ഛത = ഉദ്ദിഷ്ടസ്ഥാനത്തു ചെന്നുചേരുവിൻ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

9 വാജേവാജേ ഽവതവാജിനേറനോധനേഷു
വിപ്രാഅമൃതാഋതജ്ഞാഃ ।
അസ്യമധ്വഃപിബതമാദയധ്വം
തൃപ്തായാതപഥിഭിർദേവയാനൈഃ ।

ഹേവാജിനഃ ! = അല്ലയോ കുതിരകളെ ! വാജേവാജേ = ഓരോ ഭക്ഷ്യധാന്യത്തിനു് വേണ്ടിയും, ധനേഷു = ധനത്തിനു് വേണ്ടിയും, അവത = ഞങ്ങളെ രക്ഷിക്കുക. വിപ്രാഃ = പരിശുദ്ധരായ നിങ്ങൾ, അമൃതാഃ = അമൃതിനു് തുല്യരാണു്. ഹേഋതജ്ഞാഃ = ലക്ഷ്യസ്ഥാനം അറിയാവുന്ന അശ്വാഭിമാനികളായ ദേവതകളെ ! അസ്യ മധ്വഃ = മധുസമാനമായ ഈ ധാന്യരസം, പിബത = പാനം ചെയ്യുക. മാദയധ്വം = ധാന്യരസം പാനം ചെയ്തു സന്തുഷ്ടരാകുവിൻ. തൃപ്താഃ = സതൃപ്തരായി, ദേവയാനൈഃ പഥിഭിഃ = ദേവന്മാർ സഞ്ചരിക്കുന്ന മാർഗ്ഗത്തിൽകൂടി, യാത = പോയാലും.

10 തേനോ ഽർവന്തോഹവനശ്രുതോ
ഹവംവിശ്വേശൃണ്വന്തുവാജിനഃ ।

അർവന്തഃ = വേഗത്തിൽ പോകുന്നവയും, ഹവനശ്രുതഃ = ഞങ്ങളുടെ ശബ്ദം കേൾക്കുന്നവയും, വാജിനഃ = ഭക്ഷ്യധാന്യമുള്ള സ്ഥലം ലക്ഷ്യമാക്കി പോകുന്നവയും ആയ, തേവിശ്വേ = എല്ലാ കുതിരകളും, നഃഹവം = ഞങ്ങളുടെ വാക്കു്, ശൃണ്വന്തു = കേൾക്കട്ടെ.

11 മിതദ്രവസ്സഹ സ്രസാ മേധസാതാ സനിഷ്യവഃ
മഹോ യോരത്നം സമിഥേഷ്വജ ഭ്രിരേ
ശം നോഭവന്തു വാജിനോ ഹവേഷു ।

മിതദ്രവഃ = ദീർഘമായ വഴി അല്പമായ ദൂരം പോലെ സുഖമായി വേഗത്തിൽ പോകുന്നവയും, സഹസ്രസാഃ = അനേക തരത്തിലുള്ള ഭക്ഷ്യധാന്യങ്ങൾ ഉണ്ടാക്കിത്തരുന്നവയും, മേധസാതാഃ = യാഗം അനുഷ്ഠിക്കാൻ സഹായി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്കുന്നവയും, സനിഷ്യവഃ = ഞങ്ങൾക്ക് ധനം ഉണ്ടാക്കി ത്തരുന്നവയും ആയ, യേ = ഈ അശ്വങ്ങൾ, മഹഃ രത്നം = വിലയേറിയ രത്നം, ജഭ്രിരേ = ശത്രുവിൽ നിന്നു് കൈക്കലാക്കി. തേ വാജിനഃ = ആ കുതിരകൾ, ഹവേഷു = യുദ്ധങ്ങളിൽ, നഃ = ഞങ്ങൾക്ക്, ശംഭവന്തു = സുഖം ഉണ്ടാക്കട്ടെ.

12 ദേവതാതാമിതദ്രവഃ സ്വർകാഃ ജംഭയന്തോഽഹിം
വൃകം രക്ഷാംസിസനേ മ്യസ്മ ദ്യുയുവൻ അമീവാഃ ।

ദേവതാതാഃ = ദേവന്മാരെ പൂജിക്കുന്നവയും, മിതദ്രവഃ = ദിർഘമായ ദൂരം അല്പ ദൂരം പോലെ വേഗത്തിലും ആയാസമില്ലാതെയും പോകുന്നവയും, സ്വർക്കാഃ = ആരാധനീയവുമയ കുതിരകൾ, അഹിം = സർപത്തെപ്പോലെയുള്ള ക്രൂര ജന്തുക്കളേയും, വൃകം = ചെന്നായെപ്പോലെയുള്ള ദുഷ്ട മൃഗങ്ങളേയും, രക്ഷാംസി = രാക്ഷസന്മാരെയും, ജംഭ-യന്തഃ = കൊല്ലുന്നവരായി, സനേമി = വേഗത്തിൽ, അമീവാഃ = രോഗങ്ങളെ, അസ്മദ് = ഞങ്ങളിൽ നിന്നു്, യുയുവൻ = മാററട്ടെ.

13 ഏഷസ്യവാജീക്ഷിപണീം തുരണ്യതി
ഗ്രീവാ യാം ബദ്ധോ അപികക്ഷ ആസനി

ക്രതും ദധിക്രാ അനു സന്തവീത്പഥാമങ്കാം സ്യന്വാ-
പനീഫണത് ।

ബോധായന സൂത്രമനുസരിച്ച് ഈ മന്ത്രവും രഥത്തിൽ ഇരുന്നു് ചൊല്ലാനുള്ളതാണ്.

ഏഷസ്യവാജീ = ഈ കുതിര, ക്ഷിപണിം = ചാട്ട-യെ, തുരണ്യതി = വേഗമുള്ളതാക്കുന്നു (വളരെ വേഗത്തിൽ പോകുന്നു) ഗ്രീവായാം = കഴുത്തിലും, അധികക്ഷേ = പാർശ്വത്തിലും, ബദ്ധഃആസനി = കെട്ടപ്പെട്ടിരിക്കുന്നു. ദധിക്രാ = വഴിയിൽ പ്രതിബന്ധമായിരിക്കുന്ന കല്ല് മുതലായവ കടന്നുകൊണ്ടു്, അനുക്രതും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സന്തനീത് = രഥത്തിൽ ഇരിക്കുന്നവരുടെ ആശയം മനസ്സിലാക്കി. പഥാം = വഴിയിലുള്ള, അങ്കാംസി = കുന്നുംകുഴികളും, അനവാപനീഥണത്ത് സമമാക്കി കൊണ്ടുപോകുന്നു.

14 ഉതസ്മാസ്യദ്രവതസ്തുരണ്യതഃ
പർണംനവേരനുവാതിപ്രഗർധിനഃ ।
ശ്യേനസ്യേവധ്രജതോഅങ്കസംപരി
ദധിക്രാവ്ണഃ സഹോർജാതരിത്രതഃ ।

രഥം ഉദ്ദിഷ്ടസ്ഥാനത്തു ചെന്നതിനുശേഷം മടങ്ങിവരുമ്പോൾ ചൊല്ലാനുള്ള മന്ത്രമാണ് ഇതു്.
ഉതസ്മ = കൂടാതെ, തുരണ്യതഃ വളരെ വേഗത്തിൽ, ദ്രവതഃ = ഓടികൊണ്ടിരിക്കുന്നതും, പ്രഗർധിനഃ = ലക്ഷ്യ സ്ഥാനത്തുചെന്നു് ചേരാൻ അത്യധികം ഉത്സാഹിക്കുന്നതും ആയ, അസ്യ = ഈ കുതിരയുടെ, അങ്കസം = അലങ്കാരങ്ങൾ, പരി = ശരീരത്തിലിരുന്നു്, വേഃ = പറന്നുകൊണ്ടിരിക്കുന്ന പക്ഷിയുടെ, പർണം = ചിറകുപോലെ, അനുവാതി = പോകുന്നു. ഈ കുതിരകൾ, ശ്യേനസ്യ ഇവ = ഗരുഡനെപ്പോലെ, ദധിക്രാവ്ണഃ = വഴിയിലുള്ള കല്ലുമുതലായവനോക്കുകയും, ഊർജാസഹ = ബലത്തോടുകൂടി, ധ്രജതഃ തരിത്രതഃ = രഥം വലിച്ചുകൊണ്ടുപോകയും ചെയ്യുന്നു.

15 ആമാവാജസ്യപ്രസവോജഗമ്യാ-
ദാദ്യാവാപൃഥിവിവിശ്വശംഭൂ ।
ആമാഗന്താപിതരാമാതരാ
ചാമാസോമോഅമൃതത്വായഗമ്യാത് ।

യാഗ ശാലയിൽ മടങ്ങി വന്നു് രഥത്തിൽ നിന്നിറങ്ങി കുതിരകളെ രഥത്തിൽ നിന്നു് അഴിച്ചു് വിട്ടതിനു് ശേഷം ഈ മന്ത്രം ചൊല്ലി ഹോമിക്കുന്നു.

വാജസ്യ പ്രസവഃ = ഭക്ഷ്യധാന്യങ്ങളുടെ ഉൽപത്തി, മാ ആ ജഗമ്യാത് = എനിക്കു് ഉണ്ടാകട്ടെ. വിശ്വശംഭൂ =

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലോകത്തിനു് നന്മയുണ്ടാക്കുന്ന' ദ്യാവാ പൃഥിവീ = ദ്യോവും പൃഥിവിയും, മാ ആഗന്താം = എൻെറ സമീപത്തു വരട്ടെ. സോമഃ = സോമനും, അമൃതത്വായ = എനിക്കു് അമൃതത്വം കിട്ടുന്നതിനു് വേണ്ടി, ആഗമ്യാത് = എൻെറ സമീപത്തിൽ വരട്ടെ.

16 വാജിനോ വാജ ജിതോ വാജം സരിഷ്യന്തോ
വാജം ജേഷ്യന്തോ ബൃഹസ്പതേ ഭാഗമവജിഘ്രത ।

ഈ മന്ത്രവും അടുത്ത മന്ത്രവും ചൊല്ലി നിവാരാന്നം കുതിരകളെക്കൊണ്ടു് മണപ്പിക്കുന്നു.

വാജ ജിതഃ = ഭക്ഷ്യപദാൎത്ഥങ്ങളെ ജയിക്കുന്നവയും, വാജം സരിഷ്യന്തഃ = ഭക്ഷ്യപദാൎത്ഥങ്ങരം സമ്പാദിക്കാൻ ഓടിക്കൊണ്ടിരിക്കുന്നവയും, വാജം ജേഷ്യന്തഃ = ജയിച്ചു് ഭക്ഷ്യചദാൎത്ഥങ്ങരം സ്വാധീനമാക്കുന്നവയും ആയ, ഹേ വാജിനഃ ! = അല്ലയോ കുതിരകളെ ! ബൃഹസ്പതേഃ ഭാഗം = ബൃഹസ്പതിക്കുള്ള ഭാഗം, അവ ജിഘ്രത = നിങ്ങരം മണപ്പിക്കുവിൻ.

17 വാജിനോ വാജ ജിതോ വാജം സസൃവാംസോ
വാജം ജിഗിവാം സഃ ബൃഹസ്പതേർഭാഗേ നിമൃഢ്വം ।

വാജ ജിതഃ = വാജത്തെ ജയിക്കുന്നതും. വാജം സസൃവാംസഃ = വാജത്തിനു് വേണ്ടി ഓടിയതും, വാജം ജിഗിവാംസഃ = വാജത്തെ ജയിച്ചതുമായ, ഹേ വാജിനഃ ! = അല്ലയോ കുതിരകളെ! നിമൃഢ്വം = നിങ്ങരം പരിശുദ്ധരായി തീരുവിൻ. ബൃഹസ്പതേഃ ഭാഗേ = ബൃഹസ്പതിയുടെ ഭാഗമായ ഈ നീവാരാന്നം, അവ ജിഘ്രത = മണപ്പിച്ചു നോക്കുവിൻ.

18 ഇയംവഃസത്യാസംധാ ƒ ഭൂദ്യാമിന്ദ്രേണസമധദ്ധ്വം ।

അശ്വങ്ങളെ അഴിച്ചു് വിട്ടതിനു് ശേഷം രഥത്തെ അഭിസംബോധനചെയ്തു ചൊല്ലാനുള്ള മന്ത്രമാണു് ഇതു്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹേ രഥാഃ ! = അല്ലയോ രഥങ്ങളെ ! വഃ = നിങ്ങളുടെ, ഇയംസംധാ = ഈ പ്രതിജ്ഞ, സാസത്യാ അഭൂത് = സത്യമായിത്തീൎന്നു. ഇന്ദ്രേണ = ഇന്ദ്രൻെറ അനുഗ്രഹത്താൽ, സമധദ്ധ്വം = നിങ്ങൾക്കു പ്രതിജ്ഞ ശരിയായി നിറവേററാൻ സാധിച്ചു.

19 അജീജിപതവനസ്പതയ ഇന്ദ്രം വാചം വിമുച്യധ്വം ।

ഈ മന്ത്രം ചൊല്ലി "ദുന്ദുഭി" എന്ന വാദ്യംകെട്ടിവെച്ചിരുന്ന സ്ഥലത്തു നിന്നും എടുത്തുമാററുന്നു.

ഹേവനസ്പതയഃ । = മരംകൊണ്ടു് ഉണ്ടാക്കപ്പെട്ട ദുന്ദുഭികളെ ! ഇന്ദ്രം = ഇന്ദ്രനു് തുല്യനായ യജമാനനെ വാജം അജീജപത = ഭക്ഷ്യധാന്യ ലാഭത്തിൽ നിങ്ങൾ ജയിപ്പിച്ചു. വിമുച്യധ്വം = ബന്ധനത്തിൽനിന്നു് മുക്തരാകുവിൻ.

ഇതിഅഷ്ടമോ ƒ നുവാകഃ

അഥനവമോƒനുവാകഃ

സംഹിതാ

ക്ഷത്രസ്യോൽബമസിക്ഷത്രസ്യയോനിരസി
ജായഏഹിസുവോരോഹാവ രോഹാവഹിസുവരഹം നാ-
വുഭയോഃ സുവോരോക്ഷ്യാമി വാജശ്ചപ്രസവശ്ചാപിജശ്ച
ക്രതുശ്ചസുവശ്ചമൂർധാച വ്യശ്നിയശ്ചാന്ത്യായനശ്ചാ-
ന്ത്യശ്ച ഭൗവനശ്ചഭുവനശ്ചാധിപതിശ്ച । ആയുർയജ്ഞേ-
നകൽപതാം വ്യാനോയജ്ഞേ നകൽപതാം ചക്ഷുർയ-
ജ്ഞേനകൽപതാം ശ്രോത്രം യജ്ഞേനകൽപതാം മനോ-
യജ്ഞേനകൽ പതാം വാഗ്യജ്ഞേ നകൽപതാമാത്മാ-
യജ്ഞേന കൽപതാം യജ്ഞോയജ്ഞേനകൽപതാം സുവർ
ദേവാം അഗന്മാമൃതാഅഭൂമ പ്രജാപതേഃപ്രജാഅഭൂമസമഹം
പ്രജയാ സംമയാ പ്രജാ സമഹം രായ സ്പോഷേണ
സം മയാരായ സ്പോഷോƒന്നായ ത്വാƒന്നാദ്യായ ത്വാ
വാജായത്വാ വാജജിത്യായൈ ത്വാƒമൃതമസി
പുഷ്ടിരസി പ്രജനനമസി ॥

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പദം

ക്ഷത്രസ്യ ഉൽബം അസി ക്ഷത്രസ്യ യോനിഃ അസി ജായേ ആ ഇഹി സുവഃ രോഹാവ രോഹാവ വി സുവഃ അഹം നൗ ഉഭയോഃ സുവഃ രോക്ഷ്യമി വാജഃ ച പ്രസവഃ ച അവിജഃ ച ക്രതുഃ ച സുവഃ ച മൂർധാ ച വ്യശ്നിയഃ ച ആന്ത്യായനഃ ച ഭൗവനഃ ച ഭുവനഃ ച അധിപതിഃ ച ആയുഃ യജ്ഞേന കൽപതാം പ്രാണഃ യജ്ഞേന കൽപതാം വ്യാനഃ യജ്ഞേന കൽപതാം ചക്ഷുഃ യജ്ഞേന കൽപതാം ശ്രോത്രം യജ്ഞേന കൽപതാം മനഃ യജ്ഞേന കൽപതാം വാക് യജ്ഞേന കൽപതാം ആത്മാ യജ്ഞേന കൽപതാം യജ്ഞഃ യജ്ഞേന കൽപതാം സുവഃ ദേവാഃ അഗന്മ അമൃതാഃ അഭൂമ പ്രജാപതേഃ പ്രജാഃ അഭൂമ സം അഹം പ്രജയാ സം മയാ പ്രജാ സം അഹം രായസ്പോഷേണ സം മയാ രായസ്പോഷഃ അന്നായ ത്വാ അന്നാ- ദ്യായ ത്വാ വാജായ ത്വാ വാജജിത്യായൈ ത്വാ അമൃതം അസി പുഷ്ടിഃ അസി പ്രജനനം അസി॥

മന്ത്രവും വിനിയോഗവും അർത്ഥവും

1 ക്ഷത്രസ്യോൽബമസി

യജമാനൻ ഈ മന്ത്രം ചൊല്ലി നെയ്യിൽ മുക്കിയ വസ്ത്രം ധരിക്കുന്നു.

നെയ്യിൽ മുക്കിയ വസ്ത്രമേ ! നീ, ക്ഷത്രസ്യ ഉൽബം അസി = രാജാവിനെപ്പോലെയുള്ള യജമാനന്റെ ശരീരം ആവ രണം ചെയ്യുന്നതാകുന്നു.

2 ക്ഷത്രസ്യ യോനിരസി

• യജമാനന്റെ പത്നി ഈ മന്ത്രം ചൊല്ലി ദർഭ കൊണ്ടുണ്ടാക്കിയ വസ്ത്രം ധരിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അല്ലയോ ദർഭകൊണ്ടുണ്ടാക്കിയ വസ്ത്രമേ ! നീ, ക്ഷത്രസ്യ = രാജ്ഞിയെപ്പോലെയുള്ള യജമാന പത്നിയുടെ, യോനിഃ അസി = തണുപ്പ് മാററുന്നതാകുന്നു.

3 ജായ ഏഹിസുവോരോഹാവ

ഈ മന്ത്രംയജമാനൻതന്റെ ഭാര്യയോട് ചൊല്ലുന്നതാണ്. ഹേജായേ ! = അല്ലയോ പത്നി ! ഏഹി = വന്നാലും, ദിവഃരോഹാവ = നമുക്കു സ്വർഗ്ഗത്തിൽ കയറാം.

4 രോഹാവഹിസുവഃ

ഈ മന്ത്രം യജമാനന്റെ പത്നിചൊല്ലാനുള്ളതാണ് സുവഃരോഹാവഹി = നമുക്കു സ്വർഗ്ഗത്തിൽ കയറാമല്ലോ.

5 അഹംനാവുഭയോസ്സുവോരോക്ഷ്യാമി.

ഈ മന്ത്രം യജമാനൻ തന്റെ ഭാര്യയോട് ചൊല്ലുന്നു അഹം = ഞാൻ, നൗ ഉഭയോഃ = നമ്മളു രണ്ടുപേ-രെയും, സുവഃ രോക്ഷ്യാമി = സ്വർഗ്ഗത്തിൽ കയററും

6-17 വാജശ്ചപ്രസവശ്ചാപിജശ്ചക്രതുശ്ചസുവശ്ച
മൂർധാചവ്യശ്നിയശ്ചാന്ത്യായനശ്ചാന്ത്യശ്ച
ഭൗവനശ്ചഭുവനശ്ചാധിപതിശ്ച।

ഈ മന്ത്രം ചൊല്ലി യജമാനൻ ആഹ വനീയാഗ്നിയിൽ ഹോമിക്കുന്ന അവസരത്തിൽ "വാജായ സ്വാഹാ"

"പ്രസവായ സ്വാഹാ" ഇത്യാദി സ്വാഹാ എന്ന പദം കൂട്ടിചേർത്ത് ചതുർത്ഥി വിഭക്തിയിൽ വേണം മന്ത്രങ്ങളു ചൊല്ലേണ്ടതു്.

വാജായ സ്വാഹാ = ഭക്ഷ്യധാന്യത്തിനായിക്കൊണ്ട് ഞാൻ ഹോമിക്കുന്നു. പ്രസവായ സ്വാഹാ = ഭക്ഷണ സാധനത്തിനായിക്കൊണ്ട് ഞാൻ ഹോമിക്കുന്നു. അപി ജായ സ്വാഹ = വീണ്ടും വീണ്ടും ഭക്ഷ്യധാന്യം ഉണ്ടാകുന്ന തിനു് വേണ്ടി ഞാൻ ഹോമം ചെയ്യുന്നു. സുവായ സ്വാഹാ = സ്വർഗത്തിനായിക്കൊണ്ട് ഞാൻ ഹോമം ചെയ്യുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മൂർധേ്ന സ്വാഹാ = സ്വർഗ ദേവതയ്ക്കായിക്കൊണ്ട് ഞാൻ ഹോമം ചെയ്യുന്നു. വ്യശ്നിയായ = അന്തരിക്ഷ ദേവതയ്ക്കായിക്കൊണ്ട് ഞാൻ ഹോമം ചെയ്യുന്നു. ആന്ത്യായനായ സ്വാഹാ = പ്രളയ ദേവതയ്ക്കായി കൊണ്ട് ഞാൻ ഹോമം ചെയ്യുന്നു. അന്ത്യായ സ്വാഹാ = സംഹാര ദേവതയ്ക്കായി കൊണ്ട് ഞാൻ ഹോമം ചെയ്യുന്നു. ഭൗവനായ സ്വാഹാ = ലോകങ്ങളുടെ ദേവതയ്ക്കായിക്കൊണ്ട് ഞാൻ ഹോമം ചെയ്യുന്നു. ഭുവനായ സ്വാഹാ = ലോകങ്ങൾക്ക് രൂപം നൽകുന്ന ദേവതയ്ക്കായിക്കൊണ്ട് ഞാൻ ഹോമം ചെയ്യുന്നു. അധിപതയേ സ്വാഹാ = പരമേശ്വരനായിക്കൊണ്ട് ഞാൻ ഹോമം ചെയ്യുന്നു.

18-27 ആയുർയജ്ഞേന കൽപതാം പ്രാണോ
യജ്ഞേന കൽപതാമപാനോ യജ്ഞേന
കൽപതാം വ്യാനോ യജ്ഞേന കൽപതാം
ച ക്ഷുർയജ്ഞേന കൽപതാം മനോയജ്ഞേന
കൽപതാം വാക് യജ്ഞേന കൽപതാമാത്മാ
യജ്ഞേന കൽപതാം യജ്ഞോ യജ്ഞേന കൽപതാം

ഈ മന്ത്രങ്ങൾ ചൊല്ലിക്കൊണ്ട് യജമാനൻ യൂപത്തിലുള്ള ഓരോ പടിയും കയറുന്നു.

ആയുഃ യജ്ഞേന കൽപതാം = ആയുസ്സ് യാഗത്തിൻെറ ഫലം പ്രാപിക്കട്ടെ.

പ്രാണഃ യജ്ഞേന കൽപതാം = എൻെറ പ്രാണവായു യാഗത്തിൻെറ ഫലം പ്രാപിക്കട്ടെ.

അപാനഃ യജ്ഞേന യൽപതാം = അപാന വായു യാഗത്തിൻെറ ഫലം പ്രാപിക്കട്ടെ.

വ്യാനഃ യജ്ഞേന കൽപതാം = വ്യാന വായു യാഗത്തിൻെറ ഫലം പ്രാപിക്കട്ടെ.

ചക്ഷുഃ യജ്ഞേന കൽപതാം = നേത്രം യാഗത്തിൻെറ ഫലം അനുഭവിക്കട്ടെ.

ശ്രോത്രം യജ്ഞേന കൽപതാം = ചെവി യാഗത്തിൻെറ ഫലം അനുഭവിക്കട്ടെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വാക്യജ്ഞേന കൽപതാം = മനസ്സ് യാഗത്തിൻെറ ഫലം അനുഭവിക്കട്ടെ.

ആത്മാ യജ്ഞേന കൽപതാം = ആത്മാവ് യാഗത്തിൻെറ ഫലം അനുഭവിക്കട്ടെ.

യജ്ഞഃ യജ്ഞേന കൽപതാം = യാഗം യാഗത്തിൻെറ ഫലം അനുഭവിക്കട്ടെ.

28 സുവർദേവാൻ അഗന്മാമൃതാ അഭൂമ പ്രജാപതേഃപ്രജാഅഭൂമ। യൂപത്തിൻെറ മുകളിൽ കയറിനിന്നശേഷം രണ്ട് കൈകളും മേൽപോട്ടു പൊക്കികൊണ്ട് യജമാനൻ ഈ മന്ത്രം ചൊല്ലുന്നു—

സുവഃ = സ്വർഗ്ഗത്തിലുള്ള, ദേവാൻ = ദേവന്മാരെ, അഗന്മ = ഞങ്ങൾ പ്രാപിച്ചിരിക്കുന്നു.

അമൃതാഃ അഭൂമ = ഞങ്ങൾ ദേവന്മാരായിതീൎന്നിരിക്കുന്നു. പ്രജാപതേഃ = പ്രജാപതിയുടെ, പ്രജാഃ അഭൂമ = പ്രജകളായിതീൎന്നിരിക്കുന്നു.

29 സമഹം പ്രജയാ സംമയാ പ്രജാ സമഹം
രായസ്പോഷേണ സംമയാരായസ്പോഷഃ ।

ഈ മന്ത്രം ചൊല്ലി യജമാനൻ തൻെറ ഗൃഹത്തെ നോക്കുന്നു. (ഇവിടെ "സം" എന്ന ഉപസർഗത്തിന്ന് യോജിച്ച ക്രിയകൂട്ടിച്ചേൎത്ത് അൎത്ഥം പറയേണ്ടതാണ്) അഹം = ഞാൻ, പ്രജയാ സംഗതഃ അസ്മി = സന്താനത്തോടുകൂടിയവനാകുന്നു. പ്രജാമയാസംഗതാ = സന്താനം എന്നോടു കൂടി ഇരിക്കുന്നു. അഹം = ഞാൻ രായസ്പോഷേണ സംഗമിഷ്യാമി = ധനസമ്പത്തിയോട് കൂടിയവനായിത്തീരണം. രായസ്പോഷഃ = ധനസംപത്തി, മയാ സംഗച്ഛതു = എന്നോടുകൂടിയതായി ഇരിക്കണം

30–33 അന്നായത്വാന്നാദ്യായത്വാവാജായത്വാ
വാജജിത്യായൈത്വാ ।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രധാനപ്പെട്ട നാലുഋത്വിക്കുകളും നാലുദിക്കിൽനിന്നു്. ആലിലയിൽ പൊതിഞ്ഞ മണ്ണു് യൂപത്തിൽ നിന്നിറങ്ങിവരുന്ന യജമാനൻെറ ശരീരത്തിൽ എറിയുന്ന അവസരത്തിൽ ചൊല്ലുന്ന മന്ത്രമാണു് ഇതു്.

''അന്നായത്വാ'' എന്ന മന്ത്രം ചൊല്ലി യജമാനൻെറ മുൻപിൽ കിഴക്കു്വശത്തു് നിന്നു് അധ്വർയുവും, ''അന്നാദ്യായത്വാ'' എന്ന മന്ത്രം ചൊല്ലി. വലതുവശത്തു് തെക്കുദിക്കിൽ നിന്നു് ബ്രഹ്മാവും, ''വാജായത്വാ'' എന്ന മന്ത്രം ചൊല്ലി പടിഞ്ഞാറ് നിന്നു് ഹോതാവും ''വാജജിത്യായൈത്വാ'' എന്ന മന്ത്രം ചൊല്ലി വടക്കുവശത്തു നിന്നു് ഉദ്ഗാതാവും എറിയുന്നു.

അന്നായ ത്വാ = അന്നത്തിനു് വേണ്ടി നിന്നെ എറിയുന്നു അന്നാദ്യായത്വാ = അന്നം ഭക്ഷിക്കുന്നവനുവേണ്ടി നിന്നെ എറിയുന്നു. വാജായത്വാ = വാജത്തിനു് വേണ്ടി നിന്നെ എറിയുന്നു. വാജജിത്യായൈത്വാ = വാജത്തെ ജയിക്കുന്നതിനു് വേണ്ടി നിന്നെ എറിയുന്നു [വാജം = രുചിയുള്ള പലഹാരങ്ങൾ, വാജജിതി = പലതരത്തിലുള്ള ഭക്ഷണസാധനം]

31-35 അമൃതമസി പുഷ്ടിരസി പ്രജനന മസി।

''യജമാനൻ അമൃതമസി'' എന്ന മന്ത്രം ചൊല്ലി യൂപത്തിൻെറ മുൻപിൽ വെച്ചിരിക്കുന്ന സ്വർണത്തിൽ വലതുകാലും ''പുഷ്ടിരസി പ്രജനനമസി'' എന്ന മന്ത്രം ചൊല്ലി ആട്ടിൻ തോലിൻ ഇടതു കാലും വെച്ചു് നിൽക്കുന്നു.

സ്വർണ്ണമേ! നീ അമൃതം അസി = അമൃതം ആകുന്നു. (ഒരിക്കലും നശിക്കാത്തതാകുന്നു.) അല്ലയോ ആട്ടിൻ തോലേ! നീ പുഷ്ടിഃ അസി = പുഷ്ടി ഉണ്ടാക്കുന്നതു് ആകുന്നു. പ്രജനനം അസി = നീ സന്താനങ്ങളെ ജനിപ്പിക്കുന്നതാകുന്നു.

ഇതിനവമോ ƒനുവാകഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഥദശമോഽനുവാകവ്യഃ

സംഹിതാഃ—

വാജസ്യേമം പ്രസവഃ സുഷുവേ അഗ്രേ
സോമം രാജാന മോഷധീഷ്വപ്സു। താ അസ്മഭ്യം
മധുമതിർഭവന്തു വയം രാഷ്ട്രേ ജാഗ്രിയാമ
പുരോഹിതാഃ । വാജ സ്യേദം പ്രസവ ആ ബഭ്രുവേമാ
ച വിശ്വാ ഭുവനാനി സർവ്വതഃ। സ വിരാജം
പർയേതി പ്രജാനൻ പ്രജാം പുഷ്ടിം വർധയമാനോ
അസ്മേ । വാജസ്യേമാം പ്രസവഃ ശിശ്രിയേ
ദിവമിമാചവിശ്വാഭുവനാനിസമ്രാട് ।
അദിത്സന്തം ദാപയതു പ്രജാനൻരയിം ചനഃ
സർവവീരാം നിയച്ഛതു । അഗ്നേഅച്ഛാവദേഹനഃ
പ്രതിനഃ സുമനാഭവ । പ്രണോയച്ഛഭുവസ്പതേ
ധനദാഅസിനസ്ത്വം । പ്രണോയച്ഛത്വർയമാ
പ്രഭഗഃ പ്രബൃഹസ്പതിഃ । പ്രദേവാഃ പ്രോത
സൂനൃതാപ്രവാഗ്ദേവീദദാതുനഃ । അർയമണം
ബൃഹസ്പതിമിന്ദ്രം ദാനായചോദയ । വാചം വിഷ്ണും
സരസ്വതീം സവിതാരം ചവാജിനം । സോമം
രാജാനം വരുണമഗ്നിമന്വാരഭാമഹേ । ആദിത്യാൻ
വിഷ്ണുംസൂർയംബ്രഹ്മാണംചബൃഹസ്പതിം। ദേവസ്യ
ത്വാസവിതുഃ പ്രസവേഽശ്വിനോർബാഹുഭ്യം പൂഷ്ണോ
ഹസ്താഭ്യാം സരസ്വത്യൈവാചോയന്തുർയന്ത്രേണാ-
ഗ്നേസ്ത്വാസാമ്രാജ്യേനാഭിനാഭിഷിഞ്ചാമീന്ദ്രസ്യ
ബൃഹസ്പതേസ്ത്വാസാമ്രാജ്യേനാഭിഷിഞ്ചാമി ॥

പദം

വാജസ്യ ഇമം പ്രസവഃ സുഷുവേ അഗ്രേ സോമം
രാജാനം ഓഷധീഷു അപ്സു താഃ അസ്മഭ്യം
മധുമതീഃ ഭവന്തു വയം രാഷ്ട്രേ ജാഗ്രിയാമ പുരോ-
ഹിതാഃ വാജസ്യ ഇദം പ്രസവഃ ആ ബഭ്രുവ ഇമാഃ
ച വിശ്വാ ഭുവനാനി സർവ്വതഃ സഃ വിരാജം
പരി ആ പ്രജാനൻ പ്രജാം പുഷ്ടിം വർധയമാനഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അസ്മേ വാജസ്യ ഇമാം പ്രസവഃ ശിശ്രിയേ ദിവം ഇമാഃ ച വിശ്വാ ഭുവനാനി സമ്രാഡ് അദിത്സന്തം ദാപയതു പ്രജാനൻ രയിം ച നഃ സർവവീരാം നി യച്ഛതു അഗ്നേ അച്ഛാ വദ ഇഹ നഃ പ്രതി നഃ സുമനാഃ ഭവ പ്ര നഃ യച്ഛ ഭുവഃ പതേ ധനദാഃ അസി നഃ ത്വം പ്ര നഃ യച്ഛതു അർയമാ പ്ര ഭഗഃ പ്ര ബൃഹസ്പതിഃ പ്ര ദേവാഃ പ്ര ഉത സൂനൃതാ പ്ര വാക് ദേവീ ദദാതു നഃ അർയമണം ബൃഹസ്പതിം ഇന്ദ്രം ദാനായ ചോദയ വാചം വിഷ്ണും സരസ്വതീം സവിതാരം ച വാജിനം സോമം രാജാനം വരുണം അഗ്നിം അന്വാരഭാമഹേ ദേവസ്യ ത്വാ സവിതുഃ പ്രസവേ അശ്വിനോഃ ബാഹുഭ്യാം പൂഷ്ണഃ ഹസ്താഭ്യാം സരസ്വത്യൈ വാചഃ യന്തുഃ യന്ത്രേണ അഗ്നേഃ ത്വാ സാമ്രാജ്യേന അഭി സിഞ്ചാമി ഇന്ദ്രസ്യ ബൃഹസ്പതേഃ ത്വാ സമ്രാജ്യേന അഭി സിഞ്ചാമി ॥

മന്ത്രവും വിനിയോഗവും അർത്ഥവും

1 വാജ സ്യേമം പ്രസവഃ സുഷുവേ അഗ്രേ
സോമം രാജാനമോ ഷധീഷ്വപ്സു ।
താ അസ്മഭ്യം മധുമ തീർഭവന്തു
വയം രാഷ്ട്രേ ജാഗ്രിയാമ പുരോഹിതാഃ ।

ഇതു മുതൽ ഏഴു മന്ത്രം അന്നം ഹോമം ചെയ്യുന്ന അവസരത്തിൽ ചൊല്ലാനുള്ളതാണ്.

വാജസ്യ പ്രസവഃ = ഭക്ഷണ പദാർത്ഥങ്ങരം സൃഷ്ടിച്ച പരമേശ്വരൻ, ഓഷധീഷു = ഓഷധികളിലും, അപ്സു = ജലത്തിലും, രാജാനം = സാരഭൂതവും ദീപ്തിയുള്ളതുമായ ഇമം സോമം = ഈ സോമലതയെ, അഗ്രേ = സൃഷ്ടിയുടെ ആരംഭത്തിൽ, സുഷുവേ = സൃഷ്ടിച്ചു. താഃ = ആ ഓഷധികളും ജലവും, അസ്മഭ്യം = ഞങ്ങരംക്കു്, മധുമതീഃ ഭവന്തു = മധുരമുള്ളതായിതീരട്ടെ. വയം = ഞങ്ങരം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാഷ്ട്ര = ഈ രാജ്യത്തിൽ, പുരോഹിതാഃ = യാഗാദികൾ നടത്തിക്കുന്നവരായി, ജാഗ്രിയാമ = ജാഗരൂകരായി ഭവിക്കട്ടെ.

2 വാജ സ്യേദം പ്രസവ ആ ബഭൂവേ-
മാ ച വിശ്വാ ഭുവനാനി സർവ്വതഃ ।
സവിരാജം പർയേതി പ്രജാനൻ
പ്രജാം പുഷ്ടിം വർധയ മാനോ അസ്മേ ।

വാജസ്യ പ്രസവഃ = പരമേശ്വരൻ, ഇദം = അനുഷ്ഠിക്കപ്പെടുന്ന ഈ കർമ്മവും, സർവ്വതഃ = എല്ലാ സ്ഥലത്തും കാണുന്ന, ഇമാഃ വിശ്വാ ഭുവനാനി = എല്ലാ ലോകങ്ങളേയും, ആ ബഭൂവ = സൃഷ്ടിച്ചു. സഃ = ആ പരമേശ്വരൻ, അസ്മേ = ഞങ്ങൾക്ക്, പ്രജാം സന്താനവും, പുഷ്ടിം ച = ഐശ്വര്യവും, വർധയമാനഃ = വർദ്ധിപ്പിക്കുന്നവനായി, പ്രജാനൻ = ഞങ്ങളുടെ ആഗ്രഹം അറിയുന്നവനായി, വിരാജം = ഹോമിക്കപ്പെടുന്ന ഈ അന്നത്തെ, പർയേതി = പ്രാപിക്കട്ടെ.

3 വാജസ്യേമാം പ്രസവഃ ശിശ്രിയേദിവ-
മിമാചവിശ്വാഭുവനാനിസമ്രാഡ് ।
അദിത്സന്തംദാപയതുപ്രജാനൻ
രയിംചനഃസർവ്വവീരാം പ്രയച്ഛതു ।

വാജസ്യ പ്രസവഃ = ഈശ്വരൻ, ഇമാംദിവം = ഈ സ്വർഗ്ഗത്തേയും, വിശ്വാനിഭുവനാനിച = എല്ലാലോകങ്ങളേയും, ശിശ്രിയേ = ആശ്രയിച്ചു. സമ്രാഡ് = എല്ലാ ലോകങ്ങൾക്കും രാജാവായ ഈശ്വരൻ, അദിത്സന്തം = യാഗം നടത്താൻ ആഗ്രഹിക്കാത്ത എന്നെ, പ്രജാനൻ = മനസ്സിലാക്കി, ദാപയതു = എന്നെക്കൊണ്ടു് ഹവിർദാനം ചെയ്യിക്കട്ടെ സർവ്വവീരാം = വീരന്മാരായ സന്താനങ്ങളേയും, രയിം ച = ധനവും, നഃ = ഞങ്ങൾക്ക്, യച്ഛതു = തരട്ടെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

4 അഗ്നാഅച്ഛാവദേഹ്നഃ പ്രതിനഃ സുമനാഭവ ।
പ്രണോയച്ഛഭുവസ്പതേ ധനദാഅസിനസ്ത്വം ।

ഹേ അഗ്നേ ! ഇഹ = ഈ കർമത്തിൽ, നഃ അച്ഛാ = ഞങ്ങൾക്ക് അഭിമുഖമായി, വദ = ഹിതം പറയുക. നഃ പ്രതി = ഞങ്ങളിൽ, സുമനാഃ ഭവ = കരുണയുള്ളവനായി ഭവിക്കുക. ഹേഭുവഃപതേ ! = ഭൂമിക്ക് അധിപതിയായ അല്ലയോ അഗ്നിദേവ! നഃ — ഞങ്ങൾക്ക്, പ്രയച്ഛ = ധനം തന്നാലും ത്വം = അങ്ങ്, നഃ = ഞങ്ങൾക്ക്, ധനദാ അസി = ധനം തരുന്നവൻ ആകുന്നു.

5 പ്രണോയച്ഛത്വർയമാ പ്രഭഗഃ പ്രബൃഹസ്പതിഃ ।
പ്രദേവാഃ പ്രോതസൂനൃതാപ്രവാഗ്ദേവീദദാതുനഃ ।

അർയമാ = അർയമാ എന്ന ദേവൻ, നഃ = ഞങ്ങൾക്ക്, പ്രയച്ഛതു = ധനം തരട്ടെ. ഭഗഃ = ഭഗൻഎന്നദേവൻ നഃ = ഞങ്ങൾക്ക്, പ്രയച്ഛതു = ധനം തരട്ടെ. ബൃഹസ്പതിഃ = ബൃഹസ്പതി, പ്രയച്ഛതു = ഞങ്ങൾക്ക് ധനം തരട്ടെ. ദേവാഃ = എല്ലാ ദേവന്മാരും, നഃ = ഞങ്ങൾക്ക്, പ്രയച്ഛതു = ധനം തരട്ടെ. സൂനൃതാ = പ്രിയവചനത്തിൻെറ ദേവതയും, നഃ പ്രയച്ഛതു = ഞങ്ങൾക്ക ധനം തരട്ടെ

6 അർയമണം ബൃഹസ്പതി മിന്ദ്രം ദാനായചോദയ ।
വാചം വിഷ്ണും സരസ്വതീം സവിതാരം ച വാജിനം

ഹേ ഈശ്വര! അർയമണം = അർയമാ എന്ന ദേവനേയും, ബൃഹസ്പതിം = ബൃഹസ്പതിയേയും, ഇന്ദ്രം = ഇന്ദ്രനേയും, വാചം = വാഗ്ദേവതയേയും, വിഷ്ണും = വിഷ്ണുവിനേയും, സരസ്വതീം = സരസ്വതിയേയും, സവിതാരം = സൂർയനേയും, വാജിനം = ഭക്ഷണ പദാർത്ഥങ്ങളുടെ അധിപനായ ദേവനേയും, = ദാനായ = ഞങ്ങൾക്ക ധനം തരുന്നതിന്, ചോദയ = പ്രേരിപ്പിച്ചാലും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

7 സോമം രാജാനം വരുണമഗ്നി മന്വാര ഭാമഹേ ।
ആദിത്യാൻ വിഷ്ണും സൂർയം ബ്രഹ്മാണം ച
ബൃഹസ്പതിം।

രാജാനം സോമം = രാജാവായ സോമനേയും, വരുണം = വരുണനേയും, അഗ്നിം = അഗ്നിയേയും, ആദിത്യാൻ = ആദിത്യന്മാരെയും, വിഷ്ണും = വിഷ്ണുവിനേയും, സൂർയം = സൂർയനേയും, ബ്രഹ്മാണം = ബ്രഹ്മാവിനേയും, ബൃഹസ്പതിം = ബൃഹസ്പതിയേയും, അന്വ = അനുകരിച്ച്, ആരഭാമഹേ = ഞങ്ങൾ യാഗം ആരംഭിക്കുന്നു.

8-10 ദേവസ്യ ത്വാ സവിതുഃ പ്രസവേഽശ്വിനോർബാഹുഭ്യാം
പൂഷ്ണോ ഹസ്താഭ്യാം സരസ്വത്യൈ വാചോ
യന്തുർയന്ത്രേണാഗ്നേ സ്ത്വാ സാമ്രാജ്യേനാഭി-
ഷിഞ്ചാമീന്ദ്രസ്യ ബൃഹസ്പതോ സ്ത്വാ സാമ്രാ-
ജ്യേനാഭിഷിഞ്ചാമി ॥

ഈ മന്ത്രം ചൊല്ലി, മാൻ തോല് വിരിച്ച് അതിൽ യജമാനനെ കിഴക്കോട്ട് ദർശനമാക്കി ഇരുത്തി മന്ത്രജലം ശിരസ്സിൽ ഒഴിക്കുന്നു.

സവിതുഃ ദേവസ്യ = സർവ്വപ്രേരകനായ ഈശ്വരന്റെ, പ്രസവേ = പ്രേരണയാൽ, അശ്വിനോഃ = അശ്വിനീദേവന്മാരുടെ ബാഹുഭ്യാം = കൈകളാലും, പൂഷ്ണഃ = പൂഷാഎന്ന, ദേവന്റെ, ഹസ്താഭ്യാം = ഹസ്തങ്ങളാലും, സരസ്വത്യൈ = സരസ്വതീദേവിയുടേയും, വാചഃ = വാഗ്ദേവതയുടേയും, യന്തുഃ = യന്താ എന്ന ദേവൻറേയും, യന്ത്രേണ ആജ്ഞയോടുകൂടി, അഗ്നേഃ സാമ്രാജ്യേന = അഗ്നിയുടെ സാമ്രാജ്യംകൊണ്ട്, ത്വാ അഭിഷിഞ്ചാമി = നിന്നെ അഭിഷേകം ചെയ്യുന്നു. ഇന്ദ്രസ്യസാമ്രാജ്യേന = ഇന്ദ്രന്റെ സാമ്രാജ്യം കൊണ്ട്, ത്വാ അഭിഷിഞ്ചാമി = നിന്നെഅഭിഷേകംചെയ്യുന്നു. ബൃഹസ്പതേഃസാമ്രാജ്യേന = ബൃഹസ്പതിയുടെസാമ്രാജ്യംകൊണ്ട്, ത്വാ അഭിഷിഞ്ചാമി = നിന്നെഅഭിഷേകം ചെയ്യുന്നു.

ഇതിദശമോഽനുവാകഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഥഏകാദശോഽനുവാകഃ

സംഹിതാ

അഗ്നിരേകാക്ഷരേണവാചമുദജയ-
ദശ്വിനൗദ്വ്യക്ഷരേണ പ്രാണാപാനാവുദജയതാം
വിഷ്ണുസ്ത്ര്യക്ഷരേണത്രീൻല്ലോകാനുദജയത്സോമ-
ശ്ചതുരക്ഷരേണചതുഷ്പദഃ പശൂനുദജയത്പൂഷാ
പഞ്ചാക്ഷരേണ പങ്ക്തിമുദജയദ്ധാതാഷഡക്ഷരേണ
ഷഡൃതൂനുദജയന്മരുതഃ സപ്താക്ഷരേണസപ്തപദാം
ശക്കരീമുദജയൻ ബൃഹസ്പതിരഷ്ടാക്ഷരേണഗായത്രീ-
മുദജയന്മിത്രോനവാക്ഷരേണത്രിവൃതംസ്തോമ-
മുദജയത് വരുണോദശാക്ഷരേണവിരാജ മുദജയദിന്ദ്ര
ഏകാദശാക്ഷരേണത്രിഷ്ടുഭമുദജയദ്വിശേദേവാ
ദ്വാദശാക്ഷരേണ ജഗതീമുദജയനവസവസ്ത്രയോദശാക്ഷ-
രേണത്രയോദശസ്തോമമുദജയൻരുദ്രാശ്ചതുർദശാ-
ക്ഷരേണചതുർദശംസ്തോമമുദജയന്നാദിത്യാഃപഞ്ച-
ദശാക്ഷരേണപഞ്ചദശംസ്തോമമുദജയന്നദിതിഃ
ഷോഡശാക്ഷരേണഷോഡശംസ്തോമമുദജയത്-
പ്രജാപതിഃ സപ്തദശാക്ഷരേണസപ്തദശംസ്തോമ-
മുദജയത് ॥

പദം

അഗ്നിഃ ഏകാക്ഷരേണ വാചം ഉദ് അജയത്
അശ്വിനൗ ദ്വ്യക്ഷരേണ പ്രാണാപാനൗ ഉദ് അജയതാം
വിഷ്ണുഃ ത്ര്യക്ഷരേണ ത്രീൻ ലോകാൻ ഉദ്
അജയത് സോമഃ ചതുരക്ഷരേണ ചതുഷ്പദഃ പശൂൻ
ഉദ് അജയത് പൂഷാ പഞ്ചാക്ഷരേണ പങ്ക്തിം
ഉദ് അജയത് ധാതാ ഷഡക്ഷരേണ ഷഡ് ഋതൂൻ
ഉദ് അജയത് മരുതഃ സപ്താക്ഷരേണ സപ്തപദാം
ശക്കരീം ഉദ് അജയത് ബൃഹസ്പതിഃ അഷ്ടാ-
ക്ഷരേണ ഗായത്രീം ഉദ് അജയത് മിത്രഃ നവാ-
ക്ഷരേണ ത്രിവൃതം സ്തോമം ഉദ് അജയത് വരുണഃ
ദശാക്ഷരേണ വിരാജം ഉദ് അജയത് ഇന്ദ്രഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏകാദശാക്ഷരേണ ത്രിഷ്ടുഭം ഉദ് അജയത് വിശേദേവാഃ ദ്വാദശാക്ഷരേണ ജഗതീം ഉദ് അജയൻ വസവഃ ത്രയോദശാക്ഷരേണ ത്രയോദശം സ്തോമം ഉദ് അജയൻ രുദ്രഃ ചതുർദശാക്ഷരേണ ചതുർദശം സ്തോമം ഉദ് അജയത് ആദിത്യാഃ പഞ്ചദശാക്ഷരേണ പഞ്ചദശം സ്തോമം ഉദ് അജയൻ അദിതിഃ ഷോഡശാക്ഷരേണ ഷോഡശം സ്തോമം ഉദ് അജയത് പ്രജാപതിഃ സപ്തദശാക്ഷരേണ സപ്തദശം സ്തോമം ഉദ് അജയത് ||

വിനിയോഗവും അർത്ഥവും

വിനിയോഗ സംഗ്രഹം അനുസരിച്ച് ഈ ഭാഗം 17 മന്ത്രമായി കണക്കാക്കിയിരിക്കയാണ്. അഭിഷേകാനന്തരം യജമാനന്റെ വിജയത്തിന് വേണ്ടി അധ്വര്യു ഈ മന്ത്രം ജപിക്കുന്നു. ഇവ "ഉജ്ജിതി" മന്ത്രങ്ങൾ എന്നാണ് അറിയപ്പെടുന്നത്

അഗ്നിഃ = അഗ്നി, ഏകാക്ഷരേണ = ഒരക്ഷരമുള്ള മന്ത്രം ജപിച്ച്, വാചം ഉദജയത് = വാക്കിനെ ജയിച്ചു. അശ്വിനൗ = അശ്വിനീദേവന്മാർ, ദ്വ്യക്ഷരേണ = രണ്ടക്ഷരമുള്ള മന്ത്രം ജപിച്ച്, പ്രാണാപാനൗ = പ്രാണാപാനങ്ങളെ, ഉദജയതാം = ജയിച്ചു, വിഷ്ണുഃ = വിഷ്ണു, ത്ര്യക്ഷരേണ = മൂന്നക്ഷരമുള്ള മന്ത്രം കൊണ്ട്, ത്രീൻലോകാൻ = മൂന്ന്ലോകങ്ങളേയും, ഉദജയത് = ജയിച്ചു.സോമഃ = സോമൻ,ചതുരക്ഷരേണ = നാലക്ഷരമുള്ള മന്ത്രംകൊണ്ട്, ചതുഷ്പദഃ പശൂൻ = നാലു കാലുള്ള മൃഗങ്ങളെ, ഉദജയത് = ജയിച്ചു. പൂഷാ = പൂഷാ എന്ന ദേവൻ, പഞ്ചാക്ഷരേണ = അഞ്ചക്ഷരമുള്ള മന്ത്രംകൊണ്ട്, പങ്ക്തിം ഉദജയത് = പങ്ക്തിയെ ജയിച്ചു. ധാതാ = ധാതാവ്, ഷഡക്ഷരേണ = ആറക്ഷരമുള്ള മന്ത്രംകൊണ്ട്, ഷഡ്ഋതൂൻ = ആറ് ഋതുക്കളെ, ഉദജയത് = ജയിച്ചു. മരുതഃ = മരുത്തുകൾ, സപ്താക്ഷരേണ = ഏഴക്ഷരമുള്ള മന്ത്രം കൊണ്ട്, സപ്തപദാം ശക്വരീം = ഏഴപദങ്ങളുള്ള ശക്വരിയെ, ഉദജയൻ =

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജയിച്ചു. ബൃഹസ്പതിഃ = ബൃഹസ്പതി, അഷ്ടാക്ഷരേണ = എട്ടക്ഷരമുള്ള മന്ത്രംകൊണ്ടു്, ഗായത്രീം = ഗായത്രിയെ, ഉദജയത് = ജയിച്ചു. മിത്രഃ = മിത്രൻ, നവാക്ഷരേണ = ഒൻപതക്ഷരമുള്ള മന്ത്രംകൊണ്ടു്, ത്രിവൃത്സ്തോമം = ത്രിവൃത്സ്തോമത്തെ, ഉദജയത് = ജയിച്ചു. വരുണഃ = വരുണൻ, ദശാക്ഷരേണ = പത്തക്ഷരമുള്ള മന്ത്രംകൊണ്ടു്, വിരാജം ഉദജയത് = വിരാഡിനെ ജയിച്ചു. ഇന്ദ്രഃ = ഇന്ദ്രൻ, ഏകാദശാക്ഷരേണ = പതിനൊന്നക്ഷരമുള്ള മന്ത്രംകൊണ്ടു്, ത്രിഷ്ടുഭം ഉദജയത് = ത്രിഷ്ടുഭത്തെ ജയിച്ചു വിശ്വേദേവാഃ = വിശ്വേദേവന്മാർ. ദ്വാദശാക്ഷരേണ = പന്ത്രണ്ടക്ഷരമുള്ള മന്ത്രം കൊണ്ടു്, ജഗതീം ഉദജയത് = ജഗതിയെ ജയിച്ചു. വസവഃ = വസുക്കൾ, ത്രയോദശാക്ഷരേണ = പതിമ്മൂന്നക്ഷരമുള്ള മന്ത്രം കൊണ്ടു്, ത്രയോദശംസ്തോമം = ത്രയോദശസ്തോമത്തെ, ഉദജയത് = ജയിച്ചു. രുദ്രാഃ = രുദ്രന്മാർ, ചതുർദശാക്ഷരേണ = പതിന്നാലക്ഷരമുള്ള മന്ത്രംകൊണ്ടു്, ചതുർദശം സ്തോമം ഉദജയൻ = ചതുർദശസ്തോമത്തെ ജയിച്ചു. ആദിത്യാഃ = ആദിത്യന്മാർ, പഞ്ചദശാക്ഷരേണ = പതിനഞ്ചു് അക്ഷരമുള്ള മന്ത്രം കൊണ്ടു് പഞ്ചദശംസ്തോമം = പഞ്ചദശസ്തോമത്തെ, ഉദജയത് = ജയിച്ചു. അദിതിഃ = അദിതി, ഷോഡശാക്ഷരേണ = പതിന്നാറക്ഷരമുള്ള മന്ത്രംകൊണ്ടു് ഷോഡശം സ്തോമം = ഷോഡ ശസ്തോമത്തെ, ഉദജയത് = ജയിച്ചു. പ്രജാപതിഃ = പ്രജാപതി, സപ്തദശാക്ഷരേണ = പതിനേഴക്ഷരമുള്ള മന്ത്രം കൊണ്ടു് സപ്തദശം സ്തോമം = സപ്തദശസ്തോമത്തെ, ഉദജയത് = ജയിച്ചു.

ഇതി ഏകാദശോ ഽനുവാകഃ

അഥ ദ്വാദശോഽനുവാകഃ

സംഹിതാ:—

ഉപയാമ ഗൃഹീതോഽസി നൃഷദം ത്വാ
ദ്രുഷദം ഭുവന സദമിന്ദ്രായ ജുഷ്ടം ഗൃഹ്ണാമ്യേഷ
തേ യോനിരിന്ദ്രായത്വോ പയാമ ഗൃഹീതോഽ—
സ്യപ്സുഷദം ത്വാ ഘൃത സദം വ്യോമസദമിന്ദ്രായ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജുഷ്ടം ഗൃഹ്ണാമ്യേഷ തേ യോനിരിന്ദ്രായ ത്വോപയാമ
ഗൃഹിതോഽസി പൃഥിവിഷദം ത്വാ ന്തരിക്ഷസദം നാക
സദമിന്ദ്രായ ജുഷ്ടം ഗൃഹ്ണാമ്യേഷ തേ യോനിരിന്ദ്രായ
ത്വാ । യേഗ്രഹാഃ പഞ്ച ജനീനാഃ യേഷാം തിസ്രഃ
പരമജാഃ । ദൈവ്യഃ കോശഃ സമുബ്ജിതഃ । തേഷാം
വിശിപ്രിയാണാ മിഷ മൂർജം സമഗ്ര ഭീമേഷതേ യോനി-
രിന്ദ്രായ ത്വാ । അപാം രസമുദ്വയ സം സൂർയ രശ്മിം
സമാഭൃതം। അപാം രസസ്യയോ രസ സ്തം വോ
ഗൃഹ്ണാമ്യുത്തമ മേഷതേ യോനിന്ദ്രായ ത്വാ । അയാ
വിഷ്ടാ ജനയൻ കർവരാണി സഹി ഘൃണിരുരുർവരായ
ഗാതുഃ । സ പ്രത്യു ദൈദ്ധരുണോ മധ്വോ അഗ്രം
സ്വായാം യത്തനുവാം തന്ദ മൈര യത । ഉപയാമ
ഗൃഹിതോഽസി പ്രജാപതയേ ത്വാ ജുഷ്ടം ഗൃഹ്ണാ-
മ്യേഷതേ യോനിഃ പ്രജാപതയേ ത്വാ ॥

പദം

ഉപയാമ ഗൃഹീതഃ അസി നൃഷദം ത്വാ ദ്രുഷദം ഭുവന-
സദം ഇന്ദ്രായ ജുഷ്ടം ഗൃഹ്ണാമി ഏഷഃ തേ
യോനിഃ ഇന്ദ്രായ ത്വാ ഉപയാമഗൃഹീതഃ അസി
അപ്സുഷദം ത്വാ ഘൃതസദം വ്യോമസദം ഇന്ദ്രായ
ജുഷ്ടം ഗൃഹ്ണാമി ഏഷഃ തേ യോനിഃ ഇന്ദ്രായ
ത്വാ ഉപയാമഗൃഹീതഃ അസി പൃഥിവിഷദം ത്വാ
അന്തരിക്ഷസദം നാകസദം ഇന്ദ്രായ ജുഷ്ടം ഗൃഹ്-
ണാമി ഏഷഃ തേ യോനിഃ ഇന്ദ്രായ ത്വാ യേ
ഗ്രഹാഃ പഞ്ച ജനീനാഃ യേഷാം തിസ്രഃ പരമജാഃ
ദൈവ്യഃ കോശഃ സമുബ്ജിതഃ തേഷാം വിശിപ്രിയാണം
ഇഷം ഊർജം സം അഗ്രഭീം ഏഷഃ തേ യോനിഃ ഇന്ദ്രായ
ത്വാ അപാം രസം ഉദ്വയസം സൂർയരശ്മിം സമാഭൃതം
അപാം രസസ്യ യഃ രസഃ തം വഃ ഗൃഹ്ണാമി
ഉത്തമം ഏഷഃ തേ യോനിഃ ഇന്ദ്രായ ത്വാ അയാ
വിഷ്ടാഃ ജനയൻ കർവരാണി സഃ ഹി ഘൃണിഃ
ഉരുഃ വരായ ഗാതുഃ സഃ പ്രതി ഉദ് ഐത് ധരുണഃ
മധ്വഃ അഗ്രം സ്വായാം യത് തനുവാം തന്തും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഐരയത ഉപയാമഗൃഹീതഃ അസി പ്രജാപതയേ ത്വാ ജുഷ്ടം ഗൃഹ്ണാമി ഏഷഃ തേ യോനിഃ പ്രജാപതയേ ത്വാ

മന്ത്രവും വിനിയോഗവും അർത്ഥവും

1 ഉപയാമ ഗൃഹീതോഽസി നൃഷദം ത്വാ ദ്രുഷദം
ഭുവന സദമിന്ദ്രായ ജുഷ്ടം ഗൃഹ്ണാ മ്യേഷതേ
യോനിരിന്ദ്രായ ത്വാ ।

ഇതുമുതൽ അഞ്ചു മന്ത്രം ഇന്ദ്രനെ ഉദ്ദേശിച്ച് അതിഗ്രാഹ്യം ഗ്രഹിക്കുന്ന അവസരത്തിൽ ചൊല്ലാനുള്ളതാണ്.

ഹേ അതിഗ്രാഹ്യ ! നീ, ഉപയാമ ഗൃഹീതഃ അസി = പാർത്ഥിവ പാത്രത്താൽ സ്വീകരിക്കപ്പെട്ടിരിക്കുന്നു. നൃഷദം = മനുഷ്യരിൽ സ്ഥിതിചെയ്യുന്നതും, ദ്രുഷദം = വൃക്ഷത്തിൽ സ്ഥിതിചെയ്യുന്നതും, ഭുവനസദം = ഭുവനത്തിൽസ്ഥിതിചെയ്യുന്നതും, ഇന്ദ്രായജുഷ്ടം = ഇന്ദ്രന് പ്രിയപ്പെട്ടതും ആയ, ത്വാ ഗൃഹ്ണാമി = നിന്നെ സ്വീകരിക്കുന്നു. ഏഷഃ തേ യോനിഃ = ഇത് നിൻെറ സ്ഥാനംആണ്. ഇന്ദ്രായ ത്വാ = ഇന്ദ്രന് വേണ്ടി നിന്നെ ഇവിടെ വെയ്ക്കുന്നു.

2 ഉപയാമ ഗൃഹീതോ ഽ സ്യപ്സുഷദംത്വാ
ഘൃതസദം വ്യോമസദമിന്ദ്രായജുഷ്ടം
ഗൃഹ്ണാമ്യേഷതേയോനിരിന്ദ്രായത്വാ ।

ഹേ അതിഗ്രാഹ്യ ! ത്വം = നീ, ഉപയാമഗൃഹീതഃ അസി = പാർത്ഥിവ പാത്രത്തിൽ സ്വീകരിക്കപ്പെട്ടിരിക്കുന്നു. അപ്സുഷദം = ജലത്തിൽ സ്ഥിതിചെയ്യുന്നതും, ഘൃതസദം = നെയ്യിൽസ്ഥിതിചെയ്യുന്നതും, വ്യോമസദം = ആകാശത്തിൽ സ്ഥിതിചെയ്യുന്നതും, ഇന്ദ്രായ = ഇന്ദ്രന്, ജുഷ്ടം = പ്രിയപ്പെട്ടതും ആയ, ത്വാ = നിന്നെ, ഗൃഹ്ണാമി = സ്വീകരിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏഷഃ തേയോനിഃ = ഇതു നിൻെറ സ്ഥാനമാകുന്നു. ഇന്ദ്രായത്വാ = ഇന്ദ്രനു് വേണ്ടി നിന്നെ ഇവിടെവെയ്ക്കുന്നു.

3 ഉപയാമഗൃഹീതോ ƒ സിപൃഥിവിഷദംത്വാ-
ന്തരിക്ഷസദം നാകസദമിന്ദ്രായജുഷ്ടം
ഗൃഹ്ണാമ്യേഷതേയോനിരിന്ദ്രായത്വാ !

ഹേ അതിഗ്രാഹ്യ ! ത്വം ഉപയാമഗൃഹീതഃ അസി = പാൎത്ഥിവപാത്രത്തിൽ സ്വീകരിക്കപ്പെട്ടിരിക്കുന്നു. പൃഥിവിഷദം = പൃഥിവിയിൽ സ്ഥിതിചെയ്യുന്നതും, നാകസദം = സ്വൎഗ്ഗത്തിൽ സ്ഥിതിചെയ്യുന്നതും, ഇന്ദ്രായജുഷ്ടം = ഇന്ദ്രനു് പ്രിയപ്പെട്ടതുമായ, ത്വാ = നിന്നെ, ഗൃഹ്ണാമി = സ്വീകരിക്കുന്നു. ഏഷഃ തേയോനിഃ ഇതു് നിൻെറ സ്ഥാനമാണു്. ഇന്ദ്രായ ത്വാ = ഇന്ദ്രനു് വേണ്ടി നിന്നെ ഇവിടെവെയ്ക്കുന്നു.

4 യേഗ്രഹാപഞ്ചജനീനാഃ യേഷാം തിസ്രഃ
പരമജാഃ ദൈവ്യഃ കോശഃ സമുബ്ജിതഃ ।
തേഷാം വിശി പ്രിയാണാമിഷമൂൎജം
സമഗ്രഭീമേഷതേയോനിരിന്ദ്രായത്വാ ।

യേഗ്രഹാഃ = യാതൊരു അതിഗ്രാഹ്യങ്ങരം, പഞ്ചജനിനാഃ = ദേവമനുഷ്യ അസുരരക്ഷോ ഗന്ധൎവന്മാൎക്കു ഹിതമായിട്ടുള്ളതാകുന്നു, യേഷാം = യാതൊരു അതിഗ്രാഹ്യങ്ങരംക്കു്, തിസ്രഃ പരമജാഃ = ആഗ്നേയ ഐന്ദ്ര സൗൎയ്യരൂപത്തിലുള്ള മൂന്നു് പ്രകൃതികരം ഉണ്ടു്, യേഷാം = യാതൊരു അതിഗ്രാഹ്യങ്ങളുടെ പ്രഭാവത്തിൽ, ദൈവ്യഃ കോശഃ = ആകാശത്തിലുണ്ടാകുന്ന മേഘം, സമുബ്ജിതഃ = മഴപെയ്യുന്നതിനു് ആഭിമുഖ്യത്തോടുകൂടിയിരിക്കുന്നു, തേഷാം = അപ്രകാരമുള്ള, വിശിപ്രിയാണാം = വിവിധ തരത്തിലുള്ള അഗ്രഭാഗങ്ങളോടുകൂടിയ പാത്രങ്ങരം നിറയ്ക്കുന്നതിനു് വേണ്ടി, ഇഷം = അന്നത്തേയും, ഊൎജം = ബലപ്രദമായ സോമരസത്തേയും, സം അഗ്രഭീം = ഞാൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

എടുക്കുന്നു. ഏഷഃ തേയോനീഃ = ഇതു നിന്റെ സ്ഥാനം ആകുന്നു. ഇന്ദ്രായത്വാ = ഇന്ദ്രന് വേണ്ടി നിന്നെ ഇവിടെ വെയ്ക്കുന്നു.

5 അപാംരസമുദ്വയസം സൂര്യരശ്മിം
സമാഭൃതം । അപാംരസസ്യയോരസ-
സ്തംവോഗൃഹ്ണാമ്യുത്തമമേഷതേയോനിരിന്ദ്രായത്വാ ।

അപാംരസം — ജലത്തിന്റെ സാരാംശമായതും, ഉദ്വയസം = അന്നാദികൾക്ക് ഉൽപത്തിസ്ഥാനമായതും, സൂര്യരശ്മിം = സൂര്യരശ്മികളാൽ വർദ്ധിച്ചതും, സമാഭൃതം = സ്വർഗ്ഗത്തിൽനിന്ന് കൊണ്ടുവരപ്പെട്ടതും. യഃ അപാം രസസ്യ രസഃ = സോമലതയുടെ രസമായി പരിണമിച്ചതും, ഉത്തമം = ഉത്തമവുമായ, ത്വാ = നിന്നെ, ഇന്ദ്രായ ഗൃഹ്ണാമി = ഇന്ദ്രന് വേണ്ടി എടുക്കുന്നു. ഏഷഃ തേ യോനിഃ = ഇതു് നിന്റെ സ്ഥാനമാണ്. ഇന്ദ്രായ ത്വാ = ഇന്ദ്രന് വേണ്ടി നിന്നെ ഇവിടെ വെയ്ക്കുന്നു.

6 അയാവിഷ്ഠാ ജനയൻ കർവരാണി സഹി
ഘൃണിരുതർവരായ ഗാതുഃ। സ പ്രത്യുദൈ-
ദ്വരുണോ മധ്വോ അഗ്രം സ്വായാം യത്തന്വാം
തന്വൈമൈരയത । ഉപയാമ ഗൃഹീതോഽസി
പ്രജാപതയേ ത്വാ ജുഷ്ടം ഗൃഹ്ണാമ്യേഷതേ
യോനിഃ പ്രജാപതയേ ത്വാ ॥

ഈ മന്ത്രം ചൊല്ലി പ്രജാപതിക്ക് വേണ്ടിയുള്ള സോമരസം എടുക്കുന്നു.

അയാ = ഈ പ്രജാപതി എന്ന ദേവത, വിഷ്ഠാ = ഈ യാഗ സ്ഥലത്തിൽ സ്ഥിതനായി, കർവരാണി = ഈ കർമ്മങ്ങൾ ജനയൻ = ചെയ്യിച്ചുകൊണ്ടിരിക്കുന്നു. സഃ = ആ പ്രജാപതി ആകട്ടെ, ഘൃണിഃ = പ്രകാശകനായിത്തീർന്ന്, വരായ = ശ്രേഷ്ഠമായ കർമ്മഫലത്തിന്,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉരുഃ ഗാതുഃ = വിസ്തീർണ്ണമായ മാർഗമാകുന്നു. സഃ = ആ പ്രജാപതി, മധ്വഃ = കർമ്മഫലത്തിന്റെ, ധരുണഃ = ധാരയിതാവായി, അഗ്രം പ്രതി ഉദൈത് = = ഞങ്ങളുടെ സമീപത്തിൽ എത്തട്ടെ. യദ് = എന്തു കൊണ്ടെന്നാൽ, സ്വായാം തന്വാം = സ്വകീയയമായ ശരീരത്തിൽ, തന്വം ഐരയത് = ഞങ്ങളുടെ ശരീരം പ്രാപിക്കുന്നു. ഉപയാമ ഗൃഹീതഃ അസി = നീ പാർത്ഥിവ പാത്രത്തിൽ സ്വീകരിക്കപ്പെട്ടിരിക്കുന്നു. പ്രജാപതേഃ = പ്രജാപതിക്ക്, ജുഷ്ടം = പ്രിയപ്പെട്ട, ത്വാ = നിന്നെ, പ്രജാപതയേ = പ്രജാപതിക്ക് വേണ്ടി, ഗൃഹ്ണാമി = ഞാൻ സ്വീകരിക്കുന്നു. ഏഷഃ തേ യോനിഃ = ഇതു നിന്റെ സ്ഥാനമാണ്. പ്രജാപതയേ ത്വാ = പ്രജാപതിക്കു വേണ്ടി നിന്നെ ഇവിടെ വെയ്ക്കുന്നു.

ഇതിദ്വാദശോഽനുവാകഃ

അഥത്രയോദശോഽനുവാകഃ

സംഹിതാ

അന്വഹമാസാ അന്വിദ്വനാന്യന്വോഷധീരനു പർവതാസഃ ॥ അന്വിന്ദ്രം രോദസീ വാവശാനേ അന്വാപോ അജിഹത ജായമാനം । അനുതേദായി മഹ ഇന്ദ്രിയായ സത്രാതേ വിശ്വമനുവൃത്രഹത്യേ। അനുക്ഷത്ര മനുസഹോ യജത്രേന്ദ്ര ദേവേഭിരനുതേനൃഷഹ്യേ । ഇന്ദ്രാണീമാസു നാരിഷു സുപത്നിമഹമശ്രവം । നഹ്യസ്യാ അപരം ചനജരസാമരതേപതിഃ । നാഹമിന്ദ്രാണിരാരണ സഖ്യുർവൃഷാകപേർഋതേ । യസ്യേദമപ്യംഹവിഃ പ്രിയംദേവേഷുഗച്ഛതി । യോജാത ഏവ പ്രഥമോ മനസ്വാൻ ദേവോ ദേവാൻ ക്രതുനാപർയ ഭൂഷത് । യസ്യശുഷ്മാ ദ്രോദസി അഭ്യസേതാം നൃമ്ണസ്യ മഹ്നാസ ജനാസ ഇന്ദ്രഃ ആതേ മഹ ഇന്ദ്രോ, ത്യുഗ്ര സമന്യവോയത്സമരന്തസേനാഃ । പതാതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദിദ്യുന്നർയസ്യ ബാഹ്വോർമാതേമനോ വിഷുദ്രിയഗ് വീചാരീത് । മാനോമർധീരാഭരാ ദധിതന്നഃ പ്രദാ–ശുഷേദാതവേ ഭൂരിയത്തേ । നവ്യേദേഷ്ണേശസ്തേ അസ്മിന്ത ഉക്ഥേപ്ര ബ്രവാമവയമിന്ദ്രസ്തുവന്തഃ । ആത്തു ഭരമാകിരേതത്പരിഷ്ഠാദ്വിദ്മാഹിത്വാവസുപതിം വസൂനാം । ഇന്ദ്രയത്തേമാഹിനം ദത്രമസ്ത്യ– സ്മഭ്യം തദ്ധര്യശ്വ പ്രയന്ധി । പ്രദാതാരം ഹവാമഹ ഇന്ദ്രമാഹവിഷാവയം । ഉഭാഹി ഹസ്താവസുനാ പൃണസ്വാ ƒ ƒ പ്രയച്ഛ ദക്ഷിണാ– ദോതസവ്യാത് । പ്രദാതാവജ്രീവൃഷഭസ്തുരാഷാഡ് ശുഷ്മീരാജാ വൃത്രഹാ സോമ പാവാ । അസ്മിൻ യജ്ഞേ ബർഹിഷ്യാ നിഷദ്യാഥാ ഭവയജമാനായ ശംയോഃ। ഇന്ദ്രഃ സുത്രാമാ സ്വവാം അവോഭിഃ സുമൃഡീ കോ ഭവതു വിശ്വവേദാഃ। ബാധതാം ദ്വേഷോ അഭയം കൃണോതു സുവീർയ സ്യപത യഃ സ്യാമ । തസ്യവഃയം സുമ തൗ യജ്ഞിയ സ്യാപിഭദ്രേ സൗമനസേ സ്യാമ! സ സുത്രാമാ സ്വവാം ഇന്ദ്രോ അസ്മേ ആരാച്ചിദ് ദ്വേഷഃ സനുത ർയുയോതു । രേവതീർനഃ സധമാദ ഇന്ദ്രേ സന്തുതു വിവാജാഃ । ക്ഷുമന്തോ യാഭിർമദേമ! പ്രോഷ്വസ്മൈ പുരോ– രഥമിന്ദ്രായശുഷ മർചത അഭീകേചിദ്ദ ലോക കൃത്സംഗേ സമത്സു വൃത്രഹാ । അസ്മാകം ബോധി ചോദിതാ ന ഭന്തോമന്യകേഷാം । ജ്യാകാ അധി ധന്വസു ॥

പദം

അനു അഹ മാസാഃ അനു ഇത് വനാനി അനു ഓഷധീഃ അനു പർവതാസഃ അനു ഇന്ദ്രം രോദസീ വാവശാനേ അനു ആപഃ അജിഹത ജായമാനം അനു തേ ദായി മഹ ഇന്ദ്രിയായ സത്രാ തേ വിശ്വം അനു വൃത്രഹത്യേ അനു ക്ഷത്രം അനു സഹഃ യജത്രാ ഇന്ദ്ര ദേവേഭിഃ അനു തേ നൃഷഹ്യേ ഇന്ദ്രാണീം ആസു നാരീഷു സുപത്നീം അഹം അശ്രവം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന ഹി അസ്യാഃ അപരം ചന ജരസാ മരതേ പതിഃ ന അഹം ഇന്ദ്രാണി രാരണ സഖ്യുഃ വൃഷാ- കപേഃ ഋതേ യസ്യ ഇദം അപ്യം ഹവിഃ പ്രിയം ദേവേഷു ഗച്ഛതി യഃ ജാതഃ ഏവ പ്രഥമഃ മന- സ്വാൻ ദേവഃ ദേവാൻ ക്രതുനാ പരി അഭൂഷത് യസ്യ ശുഷ്മാത് രോദസീ അഭി അസേതാം നൃമ്ണസ്യ മഹ്നാ സഃ ജനാസഃ ഇന്ദ്രഃ ആ തേ മഹഃ ഇന്ദ്ര ഊതി ഉഗ്ര സമന്യവഃ യത് സം അരന്ത സേനാഃ പതാതി ദിദ്യുത് നര്യസ്യ ബാഹ്വോഃ മാ തേ മനഃ വിഷ്വദ്രിയക് വി ചാരിത് മാ നഃ മർധിഃ ആ ഭര ദധി തത് നഃ പ്ര ദാശുഷേ ദാതവേ ഭൂരി യത് തേ നവ്യേ ദേഷ്ണേ ശസ്യേ അസ്മിൻ തേ ഉക്ഥേ പ്ര ബ്രവാമ വയം ഇന്ദ്ര സ്തുവന്തഃ ആ തു ഭര മാകിഃ ഏതത് പരി സ്ഥാത് വിദ്മ ഹി ത്വാ വസുപതിം വസൂനാം ഇന്ദ്ര യത് തേ മാഹിനം ദത്രം അസ്തി അസ്മഭ്യം തത് ഹര്യശ്വ പ്ര യന്ധി പ്രദാതാരം ഹവാമഹേ ഇന്ദ്രം ആ ഹവിഷാ വയം ഉഭാ ഹി ഹസ്തൗ വസുനാ പൃണസ്വ ആ പ്ര യച്ഛ ദക്ഷിണാത് ആ ഉത സവ്യാത് പ്രദാതാ വജ്രീ വൃഷഭഃ തുരാഷാട് ശുഷ്മീ രാജാ വൃത്രഹാ സോമപാവാ അസ്മിൻ യജ്ഞേ ബർഹിഷി ആ നിഷദ്യ അഥ ഭവ യജമാനായ ശം യോഃ ഇന്ദ്രഃ സുത്രാമാ സ്വവാൻ അവോഭിഃ സുമൃഡീകഃ ഭവതു വിശ്വവേദാഃ ബാധതാം ദ്വേഷഃ അഭയം കൃണോതു സുവീര്യസ്യ പതയഃ സ്യാമ തസ്യ വയം സുമതൗ യജ്ഞിയസ്യ അപി ഭദ്രേ സൗമനസേ സ്യാമ സഃ സുത്രാമാ സ്വവാൻ ഇന്ദ്രഃ അസ്മേ ആരാത് ചിത് ദ്വേഷഃ സനുതഃ യുയോതു രേവതീഃ നഃ സധമാദഃ ഇന്ദ്രേ സന്തു തുവി വാജാഃ ക്ഷുമന്തഃ യാഭിഃ മദേമ പ്രോ സു അസ്മൈ പുരോരഥം ഇന്ദ്രായ ശൂഷം അർചത അഭീകേ ചിത് ഉ ലോകകൃത് സങ്ഗേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സമത്സു വൃത്രഹാ അസ്മാകം ബോധി ചോദിതാ
നഭന്താം അന്യകേഷാം ജ്യാകാഃ അധി ധന്വസു ॥

മന്ത്രവും വിനിയോഗവും അർത്ഥവും

1 അനുഹമാസാ അനുവിദ്വനാന്യോഷധീരനു
പർവതാ സഃ । അനുവിന്ദ്രം രോദ സീവാവശാനേ
അനുവാ പോ ജിഹത ജായമാനം ।

ഗ്രാമത്തിൻെറ അധിപതിയാകാൻ ആഗ്രഹിക്കുന്നവൻ പതിനൊന്നു് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സ് ഹോമിക്കുന്നതിനുള്ള പുരോഽനുവാക്യാ മന്ത്രമാണു് ഇതു്''

ജായമാനാഃ = സംഭവിക്കാൻ പോകുന്ന, മാസാഃ അഹഃ = ചൈത്രാദിമാസങ്ങളും, ഇന്ദ്രം = ഇന്ദ്രനെ, അനു അജിഹത = അനുഗ്രഹിക്കാൻ വന്നിരിക്കയാണു്. വനാനി ഇദ് = വനങ്ങളും, ഇന്ദ്രം = ഇന്ദ്രനെ, അനു അജിഹത = അനുഗ്രഹിക്കാൻ വന്നിരിക്കയാണു്. ഓഷധീഃ = ഓഷധികളും, ഇന്ദ്രം = ഇന്ദ്രനെ, അനു അജിഹത = അനുഗ്രഹിക്കാൻ വന്നിരിക്കയാണു്. വാവശാനേ = ഞങ്ങളിൽ താത്പർയമുള്ള, രോദസീ = ദ്യാവാപൃഥിവികളും, ഇന്ദ്രം = ഇന്ദ്രനെ, അനു അജിഹത = അനുഗ്രഹിക്കാൻ വന്നിരിക്കയാണു്. ആപഃ = ജലവും, ഇന്ദ്രം = ഇന്ദ്രനെ, അനു അജിഹത = അനുഗ്രഹിക്കാൻ വന്നിരിക്കയാണു്. (''അഹാ'' ''ഇദ്'' ഇവ സമുച്ചയാർത്ഥത്തിലുള്ള അവ്യയങ്ങളാണ്.)

2 അരേതേദായി മഹ ഇന്ദ്രിയായ സത്രാതേ
വിശ്വമനു വൃത്രഹത്യേ। അനുക്ഷത്ര മനുസഹോ
യജത്രേന്ദ്ര ദേ വേഭിരനുതേ നൃഷഹ്യേ ।
ഇതു് ഇതിനു് മുകളിൽ പറഞ്ഞ യാഗത്തിൻെറ യാജ്യാമന്ത്രമാണു്.

ഹേ യജത്ര ഇന്ദ്ര! = യാഗാർഹനായ അല്ലയോ ഇന്ദ്ര! മഹതേ = എല്ലാ ദേവന്മാരെക്കാളും ശ്രേഷ്ഠനായ അങ്ങേക്കു്,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വൃത്രഹത്യേ അന്ന = വൃത്രാസുരനെ കൊല്ലുന്നതിന്ന്, ഇന്ദ്രിയായ = ബലം ഉണ്ടാകുന്നതിന്ന് വേണ്ടിയും, ക്ഷത്രം അന്ന = അങ്ങയുടെ ക്ഷത്രിയത്വത്തെ ആദരിച്ചും സഹഃ അന്ന = അങ്ങയുടെ ബലത്തെ ആശ്രയിച്ചും, നൃഷഹ്യേ = ശത്രുക്കളെ തിരസ്, കരിക്കുന്നതിന്ന് വേണ്ടിയും, ദേവേഭിഃ = ദേവന്മാരാൽ, സത്രാ = യാഗങ്ങളിൽ, വിശ്വം = എല്ലാ = ഹവിസ്സും, തേ അന്നദായി = അങ്ങേയ്ക്ക് നൽകപ്പെടുന്നു.

3 ഇന്ദ്രാണീമാസുനാരീഷ്വസുപത്നീമഹമശ്രവം ।
നഹ്യസ്യാ അപരം ചന ജരസാമരതേപതിഃ ।

സൈന്യത്തെ കാര്യക്ഷമമാക്കി തന്റെ അധീനതയിൽ ഉറപ്പിക്കുന്നതിന്ന് ഇന്ദ്രാണിയെ ഉദ്ദേശിച്ച് നടത്തുന്ന യാഗത്തിന്റെ പുരോ/നുവാക്യയാണ് ഇത്.
ആസുനാരീഷു = ദേവസ്ത്രീകളിൽ, ഇന്ദ്രാണീം = ഇന്ദ്രാണിയെ സുപത്നീം = പതിവ്രതയായി, അഹം = ഞാൻ, അശ്രവം = കേട്ടിട്ടുണ്ട്. അപരംചന = മറെറാരു കാര്യം കൂടിയുണ്ട്. അസ്യാഃ = ഇന്ദ്രാണിയുടെ, പതിഃ ഭത്താവു്, ജരസാ നഹിമരതേ = വാർദ്ധക്യം പ്രാപിച്ച് മരിക്കുകയില്ല.

4 അഹമിന്ദ്രാണി രാരണസഖ്യുർവൃഷാകപേർല്ലുതേ ।
യസ്യേദമപ്യംഹവിഃ പ്രിയംദേവേഷുഗച്ഛതി ।

ഇതു് ഇതിന്ന് മുൻപിൽ പറഞ്ഞ യാഗത്തിന്റെ യാജ്യാ മന്ത്രമാകുന്നു്.

ഹേ ഇന്ദ്രാണി ! = അല്ലയോ ഇന്ദ്രാണി । സഖ്യുഃ വൃഷാകപേഃ ഋതേ = നിന്റെ പതിയായ ഇന്ദ്രനെ അല്ലാതെ മറെറാരു ദേവനെ, അഹം നരരാണ = ഞാൻ കീർത്തിക്കുകയില്ല. യസ്യ അപ്യംഹവിഃ = ജലത്തിൽ നിന്നു് ഉണ്ടാകുന്ന എന്റെ ഈ ഹവിസ്സ്, പ്രിയം ദേവേഷു ഗച്ഛതി = ദേവന്മാർക്ക് ഇഷ്ടപ്പെട്ടതായി അവരുടെ സമീപത്തിൽ എത്തുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

5 യോജാത ഏവ പ്രഥമോ മനസ്വാൻ ദേവോ
ദേവാൻ ക്രതുനാപർയഭൂഷത് । യസ്യശുഷ്മാത്
രോദസി അഭ്യസേതാം നൃമ്ണസ്യമഹ്നാസജനാസഇന്ദ്രഃ ।
യുദ്ധം ജയിച്ച രാജാവു് ഇന്ദ്ര പ്രീതിക്കായി നടത്തേണ്ട യാഗത്തിൻെറ പുരോനുവാക്യാമന്ത്രമാണു് ഇതു്.

യഃ ദേവഃ = യാതൊരു ഇന്ദ്രൻ, ജാതഃ ഏവ = ജനിച്ച ഉടൻ തന്നെ, പ്രഥമഃ = ദേവന്മാരിൽ പ്രധാനിയും, മനസ്വാൻ = ധീരനുമായി, ക്രതുനാ = വൃത്രവധാദി കർമ്മങ്ങളെക്കൊണ്ടു്, ദേവാൻ = ദേവന്മാരെ, പരി അഭൂഷത് = അതിക്രമിച്ചുവോ, യസ്യശുഷ്മാത് = യാതൊരു ഇന്ദ്രൻെറ ബലത്താൽ, രോദസീ = ദ്യാവാ പൃഥിവികൾ, അഭ്യസേതാം = ഭയപ്പെട്ടുവോ, സഃ = ആ ഇന്ദ്രൻ, നൃമ്ണസ്യ = തൻെറ ബലത്തിൻെറ, മഹ്നാ = മഹത്വത്താൽ, ഹേ ജനാസഃ ! = അല്ലയോ ജനങ്ങളെ, യുഷ്മാൻ അവതു = നിങ്ങളെ രക്ഷിക്കട്ടെ.

(അഭ്യസേതാം—"ഭ്യസഭയേ" എന്ന ധാതുവിൻെറ രൂപം)

6 ആതേ മഹ ഇന്ദ്രോത്യുഗ്രസമന്യവോ
യത്സമരന്തസേനാഃ। പതാതിദിദ്യുന്നർയസ്യ
ബാഹ്വോർ മാതേമനോവിഷ്വദ്രിയഗ്വിചാരീത് ।

ഇതു് ഇതിനു മുൻപു് പറഞ്ഞ യാഗത്തിൻെറ യാജ്യാ മന്ത്രമാണു്.

ഹേ ഉഗ്ര ഇന്ദ്ര ! = അല്ലയോ ഉഗ്രനായ ഇന്ദ്ര ! ആ തേ ഊതീ = നിന്നാൽ ചെയ്യപ്പെടുന്ന രക്ഷ, മഹഃ = വളരെ അധികമാണു്. യത് = എന്തുകൊണ്ടെന്നാൽ, സേനാഃ = ഞങ്ങളുടെ സൈന്യങ്ങൾ, സമന്യവഃ = ശത്രു സൈന്യങ്ങളുടെ നേക്കു് വലിയ കോപത്തോടുകൂടി, സമരമന്ത = ശത്രു സൈന്യത്തെ വകവെയ്ക്കാതെ നല്ല പോലെ രമിച്ചു. നർയസ്യ = മനുഷ്യർക്കു ഹിതം ചെയ്യുന്ന.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തേ = അങ്ങയുടെ, ബാഹ്ഹ്വോഃ = കയ്യിൽ ഇരിക്കുന്ന ആയുധങ്ങളുടെ, ദിപ്തീഃ = പ്രകാശം, പതാതി = സർവ്വത്ര വ്യാപിക്കുന്നു. തേ മനഃ = അങ്ങയുടെ മനസ്സ്, വിഷ്വദ്രി-യഗ് = ബഹു മുഖമായി, മാവിചാരീത് = സഞ്ചരിക്കരുത്.

[ദ്രവ്യഹാനി മുതലായവ നിമിത്തം അസ്വസ്ഥ ചിത്തരായിത്തീരുന്നവർ ഈ യാഗം നടത്തുകയാണെങ്കിൽ അവരുടെ മനസ്സിന് സ്വസ്ഥത ലഭിക്കും]

7. മാനോ മർധിരാദരാദധി തന്ന പ്രദാ ശ്രുഷേ
ദാതവേ ഭൂരിയത്തേ। നവ്യേ ദേഷ്ണേ ശസ്തേ
അസ്മിന്ന ഉക്ഥേ പ്ര ബ്രവാമ വയമിന്ദ്രസ്തുവന്തഃ ।

തന്റെ പ്രജകൾ ദാനം ചെയ്യാൻ ആഗ്രഹമുള്ളവരായിരിക്കണമെന്ന് വിചാരിക്കുന്ന രാജാവ് ഇന്ദ്രനെ ഉദ്ദേശിച്ച് പതിനൊന്ന് കപാലത്തിൽ പുരോഡാശം പാകം ചെയ്ത് യാഗം നടത്തണം അതിനുള്ള പുരോऽനുവാക്യാ മന്ത്രമാണ് ഇത്.

ഹേ ഇന്ദ്ര! = അല്ലയോ ഇന്ദ്ര ! നഃ = ഞങ്ങളേയും ഞങ്ങളുടെ പ്രജകളേയും, ! മാമർധിഃ = കലഹ പ്രിയരാക്കരുത്. പ്രദാശ്രുഷേ = ന്യായമായ വിധത്തിൽ യാഗം നടത്തുന്ന യജമാനന്, ദാതവേ = കൊടുക്കുന്നതിന്, തേ = അങ്ങേയ്ക്ക്, യദ്ഭൂരി = യാതൊരു ധനം ഉണ്ടോ, തദ് = അത്, ആഭര = കൊണ്ടു വരിക. ദധി = ആ ധനം ഞങ്ങൾക്ക് തരിക. ഹേ ഇന്ദ്ര ! = അല്ലയോ ഇന്ദ്ര ! നവ്യേ = പുതിയ, ദേഷ്ണേ = ദാന രൂപത്തിലുള്ള, ശസ്തേ = പ്രശസ്തമായ. അസ്മിൻ = ഈ കർമ്മത്തിൽ, തേ = അങ്ങയുടെ, ഉക്ഥേ = ആയുധങ്ങളെ സ്തുതിക്കുന്നവരായി, വയം = ഞങ്ങൾ, പ്രബ്രവാമ = പ്രാർത്ഥിക്കുന്നു.

8 ആതൂഭരാമാകിരേത ത്പരിഷ്ഠാദവിദ്മാഹിതാ
വസുപതിം വസൂനാം । ഇന്ദ്രയത്തേ മാഹിനം
ദത്രമസ്ത്യ സ്മഭ്യം തദ്ധർയശ്വ പ്രയന്ധി ।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇതിനു് മുൻപു് പറഞ്ഞ യാഗത്തിന്റെ യാജ്യാ മന്ത്ര മാണു് ഇതു്.

ഹേ ഇന്ദ്ര! = അല്ലയോ ഇന്ദ്ര! ആതു ഭര = ധനം കൊണ്ടു വരിക. ഏതത് = അങ്ങു കൊണ്ടുവരുന്ന ധനം. മാകിഃ പരിസ്ഥാത് = മററുള്ള സ്ഥലത്തു പോകരുതു്, ത്വാ = അങ്ങയെ, വസൂനാം വസുപതിം = എല്ലാത്തരത്തിലുള്ള ധനത്തിന്റെ അധിപതിയായി, വിദ്മ = ഞങ്ങൾ അറി യുന്നു. ഹേ ഹർയശ്വ ഇന്ദ്ര! = ഹരി എന്നു പേരുള്ള അശ്വ ത്തോടുകൂടിയ അല്ലയോ ഇന്ദ്ര! മാഹിനം = മഹത്തും, ദത്രം = കൊടുക്കപ്പെടേണ്ടതുമായ, യത് = യാതൊരു ധനം, തേ = അങ്ങയ്ക്കു് ഉണ്ടോ, തത് = അതു്, അസ്മഭ്യം = ഞങ്ങൾക്കു്, പ്രയന്ധി = തന്നാലും.

9 പ്രദാതാരം ഹവാമഹ ഇന്ദ്രമാഹവിഷാവയം
ഉഭാ ഹിഹസ്താ വസുനാ പൃണസ്വ പ്രയച്ഛ
ദക്ഷിണാ ദോതസ വ്യാത്॥

കടം കൊടുത്ത പണം തിരിയെ കിട്ടാതെ വരുമ്പോൾ അതു് കിട്ടുന്നതിനു് വേണ്ടി ഇന്ദ്രനെ ഉദ്ദേശിച്ചു് ചെയ്യുന്ന യാഗത്തിന്റെ പുരോഽനുവാക്യാ മന്ത്രമാണു് ഇതു്.

പ്രദാതാരം = ധാരാളമായി സമ്പത്തു തരുന്ന, ഇന്ദ്രം = ഇന്ദ്രനെ, വയം = ഞങ്ങൾ, ഹവിഷാ = ഹവിസ്സോടുകൂടി, ആഹവാമഹേ = വിളിക്കുന്നു. ഉഭൗഹസ്തൗ = രണ്ടു കൈകളും, വസുനാ = ധനം കൊണ്ടു്, പൃണസ്വ = നിറയ്ക്കുക. ദക്ഷിണാത് ഉതസവ്യാനു് = വലതു കൈ കൊണ്ടും ഇടതു കൈകൊണ്ടും ആ പ്രയച്ഛ = ഞങ്ങൾ ക്കധനം തന്നാലും.

10 പ്രദാതാവജ്രീവൃഷഭസ്തുരാഷാട് ശുഷ്മീരാജാ
വൃത്രഹാസോമപാവാ । അസ്മിൻയജ്ഞേബർഹിഷ്യാ–
നിഷദ്യാഥാഭവയജമാനായശംയോഃ ।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇതു് മുൻപു് പറഞ്ഞയാഗത്തിൻെറ യാജ്യാമന്ത്രമാണു്. പ്രദാതാ = ദാനശീലനും, വജ്രീ = വജ്രായുധത്തോടു കൂടിയവനും, വൃഷഭഃ = അമിതമായ ധനം തരുന്നവനും, തുരാഷാട് = ശത്രുക്കളെ വേഗത്തിൽ തോൽപിക്കുന്നവനും. ശുഷ്മീ = ബലവാനും, രാജാ = ദീപ്തിയോടുകൂടിയവനും, വൃത്രഹാ = വൃത്രാസുരനെ കൊന്നവനും, സോമപാവാ = സോമത്തെ രക്ഷിക്കുന്നവനുമായ അല്ലയോ ഇന്ദ്ര ! അങ്ങ്, അസ്മിൻ യജ്ഞേ = ഈ യാഗത്തിൽ, ബർഹിഷി = വേദിയിൽ, നിഷദ്യ അഥ = ഇരുന്നതിനു് ശേഷം, യജമാനായ = യജമാനനു്, ശംയോഃ = സുഖകരനും അനിഷ്ടനാശകനുമായിഭവിക്കുക.

11 ഇന്ദ്രഃസുത്രാമാസ്വവാം അവോഭിഃ
സുമൃഡീകോഭവതുവിശ്വവേദാഃ ।
ബാധതാംദ്വേഷോഅഭയംകൃണോതു
സുവീർയസ്യപതയഃസ്യാമ ।

നഷ്ടപ്പെട്ടരാജ്യം വീണ്ടെടുക്കാൻ ആഗ്രഹിക്കുന്നവനോ രാജ്യം നഷ്ടപ്പെട്ടുപോകത്തക്കപരിതസ്ഥിതിയിൽ എത്തിയവനോ ആയരാജാവു് ഇന്ദ്രനെ ഉദ്ദേശിച്ചു് ചെയ്യേണ്ടയാഗത്തിൻെറ പുരോ f നുവാക്യാ മന്ത്രമാണു് ഇതു്, അയം ഇന്ദ്രഃ = ഈ ഇന്ദ്രൻ, സുത്രാമാ = നല്ലതുപോലെ രക്ഷിക്കുന്നവനും, സ്വവാൻ = ധനവാനും, അവേഭിഃ = ഭക്ഷണത്താൽ, സുമൃഡീകഃ = സുഖകരനും, വിശ്വവേദാഃ = ഞങ്ങൾ അനുഷ്ഠിക്കുന്ന കർമ്മങ്ങൾ എല്ലാം അറിയുന്നവനും ആയി, ഭവതു = ഭവിക്കട്ടെ. ബാധതാം = ഞങ്ങളെ ഉപദ്രവിക്കുന്നവരുടെ, ദ്വേഷഃ = ശത്രുവായ ഇന്ദ്രൻ, അഭയം കൃണോതു = ഞങ്ങൾക്കു് അഭയം തരട്ടെ. സുവീർയസ്യപതയഃ സ്യാമ = ഞങ്ങൾ നല്ല വീർയമുള്ളവരായിത്തീരട്ടെ.

12 തസ്യവയം സുമതൗ യജ്ഞിയ സ്യാപിഭദ്രേ
സൗമനസേ സ്യാമ! സസുത്രാമാസ്വവാം ഇന്ദ്രോ
അസ്മേ ആരാച്ചി ദ്വേഷഃ സനുത ർയുയോതു ।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇതു' മുൻപ്' പറഞ്ഞു യാഗത്തിൻെറ യാജ്യാമന്ത്രമാണ്. വയം = ഞങ്ങരം, യജ്ഞിയസ്യ = യാഗ സംബന്ധിയായ ഇന്ദ്രൻെറ, സുമതൗ സ്യാമ = അനുഗ്രഹബുദ്ധിയിൽ ആയിത്തീരട്ടെ. ഭദ്രേ = മംഗളത്തിലും, സൗമനസേ അപി = മനസ്സമാധാനത്തിലും, സ്യാമ = ആയിത്തിരട്ടെ. സുത്രാമാ = നല്ല പോലെ രക്ഷിക്കുന്നവനും, സ്വവാൻ = ധനവാനും ആയ, സഃ = ഇന്ദ്രൻ, സനുതഃ = ഹവിർദാനം ചെയ്യുന്ന, അസ്മേ = ഞങ്ങളുടെ, ദ്വേഷഃ = ശത്രുക്കളെ, ആരാത് വളരെ ദൂരെ, യുയോതു = ഭാററിനിറുത്തട്ടെ.

15 രേവതീർനഃ സധമാദ ഇന്ദ്രേ സന്തു
തുവിവാജാഃ। ക്ഷുമന്തോയാഭി ർമദേമ।

ന്യായമായ അവകാശക്രമം അനുസരിച്ച് തനിക്കു് ലഭിക്കേണ്ട രാജ്യം കിട്ടാൻ വിഷമിക്കുന്ന രാജകുമാരന്മാർ ഇന്ദ്രനെ ഉദ്ദേശിച്ച് ചെയ്യുന്ന യാഗത്തിൻെറ പുരോനുവാക്യാ മന്ത്രമാണ് ഇതു് ദേവന്മാരുടെ ആധിപത്യം ലഭിക്കുന്നതിനു് വേണ്ടി ഇന്ദ്രൻ ഈ യാഗം അനുഷ്ഠിച്ചു എന്നും പ്രജാപതി ഇന്ദ്രനു് ഈ മന്ത്രം ഉപദേശിച്ചു എന്നും ദ്വിതീയ കാണ്ഡം ദ്വിതീയ പ്രപാഠകത്തിൽ എട്ടാമത്തെ അനുവാകത്തിൽ പറഞ്ഞിരിക്കുന്നു.

രേവതീഃ = ധനവതികളും, സധമാദഃ = ഞങ്ങളോടുകൂടി സന്തോഷിച്ചിരിക്കുന്നതും, തുവിവാജഃ = വളരെ അന്നത്തോടുകൂടിയതുമായ അപ്പുകരം (ജലം) നഃ = ഞങ്ങളുടെ സ്വാമിയായ, ഇന്ദ്രേ സന്തു = ഇന്ദ്രനു് ലഭിക്കട്ടെ യാഭിഃ = യാതൊരു ജലത്താൽ, ക്ഷുമന്തഃ = ഇന്ദ്രനെ സ്തുതിച്ചുകൊണ്ടു്, മദേമ = ഞങ്ങരം സന്തോഷത്തോടുകൂടിയിരിക്കും.

14 പ്രോഷ്വസ്മൈപുരോരഥമിന്ദ്രായശൂഷമർചത
അഭികേചിദുലോകകൃത്സംഗേസമത്സുവൃത്രഹാ।
അസ്മാകം ബോധിചോദിതാനഭന്താ-
മന്യകേഷാംജ്യാകാഅധിധന്വസു।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇതിനു് മുൻപു് പറഞ്ഞ യാഗത്തിൻെറ യാജ്യാമന്ത്ര മാണു് ഇതു് അസ്മേ ഇന്ദ്രായ = ഈ ഇന്ദ്രൻെറ, പൂർവാരഥം = രഥത്തിൻെറ മുൻപിൽ, ശുഷം = ബല ത്തെ, പ്രസൂ = നല്ലപോലെ, അർചത = പൂജിച്ചാലും അയം വൃത്രഹാ = ഈ ഇന്ദ്രൻ, സമത്സു = എല്ലാ യുദ്ധങ്ങളിലും, സങ്ഗേ = ശത്രുക്കളുമായി ഏററുമുട്ടുമ്പോഴും, ചിദ്ഗഹന്തും = തന്നെ കൊല്ലാൻ ശത്രു ആഗ്രഹിക്കുന്ന അവസരത്തിലും, അഭീകേ = പേടി ഇല്ലാതെ, ലോക കൃത് = സ്ഥിരമായി നിൽക്കുന്നു. സഃ ഇന്ദ്രഃ = അപ്രകാരമുള്ള ഇന്ദ്രൻ, അസ്മാകം = ഞങ്ങളുടെ, ചോദിതാബോധി = പ്രേരകനായി ഭവിക്കട്ടെ. അന്യ- കേഷാം = ശത്രുക്കളുടെ, അധിധന്വസു = ധനുസ്സിലുള്ള, ജ്യാകാഃ = ഞാണുകൾ, നശന്താം = നശിച്ചുപോകട്ടെ.

ഇതിത്രയോദശോ ഽനുവാകഃ

സപ്തമഃ പ്രപാഠകഃ സമാപ്തഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രഥമകാണ്ഡേ അഷ്ടമഃ പ്രപാഠകഃ

പ്രഥമോഽനുവാകഃ (മന്ത്രബ്രാഹ്മണമിശ്രം)

സംഹിതാ

അനുമത്യൈ പുരോഡാശമഷ്ടാകപാലം നിർവപതി ധേനുർദക്ഷിണായേ പ്രത്യഞ്ചഃ ശമ്യായാ അവശീർയന്തേ തം നൈ ർഋത മേക കപാലം കൃഷ്ണം വാസ ഃ കൃഷ്ണതൂഷം ദക്ഷിണാ വീഹി സ്വാഹാ ऽऽ ഹുതിം ജുഷാണ ഏഷതേ നിർഋതേഭാഗോ ഭൂതേ ഹവിഷ്മത്യസി മുഞ്ചേ മമംഹസഃ സ്വാഹാ നമോ യ ഇദം ചകാരാഽഽദി ത്യംചരും നിർവപതി വരോദക്ഷിണാഽഽഗ്നാ-വൈഷ്ണവമേകാദശകപാലം വാമനോവഹീദക്ഷിണാഽഗ്നീ-ഷോമീയമേകാദശകപാലം ഹിരണ്യം ദക്ഷിണൈന്ദ്ര മേകാദശകപാല മൃഷഭോവഹീ ദക്ഷിണാ ऽऽ ഗ്നേയമഷ്ടാകപാലമൈന്ദ്രം ദധ്യൃഷഭോ വഹീ ദക്ഷിണൈന്ദ്രാഗ്നം ദ്വാദശകപാലം വൈശ്വദേവം ചരും പ്രഥമജോവത്സോദക്ഷിണാ സൗമ്യം ശ്യാമാകം ചരും വാസോദക്ഷിണാ സരസ്വത്യൈചരും സരസ്വതേചരും മിഥുനൗഗാവൗദക്ഷിണാ ॥

[ഈ അനുവാകത്തിൽ "വീഹിസ്വാഹാ" എന്നതു മുതൽ മൂന്നു മന്ത്രവും ശേഷം ബ്രാഹ്മണവുമാണ്. ആദ്യം മന്ത്ര ഭാഗത്തിന്റെ പദവും വിനിയോഗവും അർത്ഥവും പറയുന്നു]

പദം

വി ഇഹി സ്വാഹാ ആഹുതിം ജുഷാണഃ ഏഷഃ തേ നിർഋതേ ഭാഗഃ ഭൂതേ ഹവിഷ്മതീ അസി മുഞ്ച ഇമം അംഹസഃ സ്വാഹാ നമഃ യഃ ഇദം ചകാര ।

1 വീഹിസ്വാഹാ ऽ ഹുതിം ജുഷാണഃ

ഈ മന്ത്രം ചൊല്ലി ഗാർഹപത്യാഗ്നിയിൽ ഹോമിക്കുന്നു. ഹേ ഗാർഹപത്യ ! സ്വാഹാ ജുഷാണഃ = ഞങ്ങളാൽ ചെയ്യപ്പെടുന്ന ആഹുതി സ്വീകരിക്കുന്നവനായി, വിഇഹി = ദക്ഷിണ ദിക്കിലേക്കു് പോവുക.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

2 ഏഷതേ നിർഋതേ ഭാഗോ ഭൂതേ ഹവിഷ്മത്യസി
മുഞ്ചേ മമം ഹസഃ സ്വാഹാ ।

ഈ മന്ത്രം ചൊല്ലി തെക്കു വശത്തുള്ള വാതിലിൽ കൂടി വെളിയിൽ ചെന്നു് നിരർതി ദേവതയെ ഉദ്ദേശിച്ചു ഹോമം കഴിക്കുന്നു.

നിർഋതേ! = ഹേ നിരർതി ദേവതേ! ഏഷഃ = ഇതു്, തേ ഭാഗഃ = അങ്ങയ്ക്കുള്ള ഭാഗമാണു്. ഹേ ഭൂതേ! അല്ലയോ ദേവതേ । ഹവിഷ്മതീ അസി = അങ്ങു് ഹവിർഭാഗം ലഭിച്ച ദേവതയായിരിക്കുന്നു. ഇമം = ഈ യജമാനനെ, അംഹസഃ = പാപത്തിൽ നിന്നു്, മുഞ്ച = മോചിപ്പിക്കുക. സ്വാഹാ = ഞാൻ ഹോമം ചെയ്യുന്നു.

3 സ്വാഹാ നമോ യ ഇദം ചകാര
തിരിയെ വന്നു് ഈ മന്ത്രം ചൊല്ലി വീണ്ടുംഗാർഹപത്യാഗ്നിയിൽ ഹോമിക്കുന്നു.

യഃ = യാതൊരു അഗ്നിയാണോ, ഇദം ചകാര = ഈ കർമ്മം അനുഷ്ഠിച്ചതു്, തസ്മൈ = ആ ഗാർഹപത്യാഗ്നിക്കു്, സ്വാഹാ = ഹവിസ്സു് ഹോമിക്കുന്നു. നമഃ = നമസ്കാരവും ചെയ്യുന്നു.

ബ്രാഹ്മണ ഭാഗത്തിൻെറ അർത്ഥം

അനുമതി എന്ന ദേവതയ്ക്കു് എട്ടുപാത്രത്തിൽ പാകം ചെയ്ത പുരോഡാശം സമർപ്പിക്കുന്നു ആ യാഗം നടത്തുന്നതിനു് ഒരു പശു ദക്ഷിണയായി നൽകണം. ഈ യാഗ കർമ്മത്തിനു് മാവു് അരയ്ക്കുമ്പോൾ പടിഞ്ഞാറ് ഭാഗത്തു് തറയിൽ വീഴുന്ന അംശം ഒരു പാത്രത്തിൽ പ്രത്യേകം പാകപ്പെടുത്തി നിരർതിദേവതയ്ക്കു് സമർപ്പിക്കുന്നു. കറുത്ത വസ്ത്രം ഇതിനു് ദക്ഷിണയായി നൽകണം.

അദിതിദേവതയെ ഉദ്ദേശിച്ചു് ഹവിസ്സു് ഉണ്ടാക്കിസമർപ്പിക്കുന്നു. അതിനു്ദക്ഷിണായായിഒരുനല്ലകാളയെനൽകണം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഗ്നിയേയും വിഷ്ണുവിനേയും പ്രീതിപ്പെടുത്തുന്നതിന് പതിനൊന്ന് പാത്രങ്ങളിൽ ഹവിസ്സ് പാകം ചെയ്ത സമർപ്പിക്കുന്നു. പൊക്കം കുറഞ്ഞതും ഭാരം വഹിക്കാൻ ശക്തിയുള്ളതും ആയ ഒരു കാളയാണ് അതിന് ദക്ഷിണയായി നൽകേണ്ടത് അഗ്നിയേയും സോമനേയും പ്രീതിപ്പെടുത്തുന്നതിന് പതിനൊന്ന് പാത്രങ്ങളിൽ പാകം ചെയ്തഹവിസ്സ് സമർപ്പിക്കുന്നു. സ്വർണ്ണമാണ് അതിന് ദക്ഷിണയായി നൽ-കേണ്ടത്. ഇന്ദ്രനെ പ്രീതിപ്പെടുത്തുന്നതിന്വേണ്ടി പതിനൊന്നു പാത്രങ്ങളിൽ പാകം ചെയ്തഹവിസ്സ് സമർപ്പിക്കുന്നു ഭാരം വഹിക്കാൻ കഴിവുള്ള ഒരു കാളയാണ് അതിന് ദക്ഷിണയായി നൽകേണ്ടത് അഗ്നിയേയും ഇന്ദ്രനേയും പ്രീതിപ്പെടുത്തുന്നതിന്വേണ്ടി എട്ടു പാത്രങ്ങളിൽ പാകംചെയ്ത ഹവിസ്സും തയിരും സമർപ്പിക്കുന്നു. ഭാരം വഹിക്കാൻ കഴിവുള്ള കാളയാണ് ഈ യാഗത്തിന് ദക്ഷിണയായി നൽകേണ്ടത് ഇന്ദ്രാഗ്നികളെ പ്രീതിപ്പെടുത്തുന്നതിന്, പന്ത്രണ്ട് പാത്രങ്ങളിൽ പാകം ചെയ്തതും, വിശ്വദേവസംബന്ധിയുമായ ഹവിസ്സ്, സമർപ്പിക്കുന്നു. ആദ്യത്തെ പ്രസവത്തിലുള്ള കാളക്കുട്ടിയാണ്, ഈ യാഗത്തിന് ദക്ഷിണയായി നൽകേണ്ടത്. സോമദേവതയെ പ്രീതിപ്പെടുത്തുന്നതിന്, ശ്യാമാക ധാന്യംപാകംചെയ്തഹവിസ്സ്, സമർപ്പിക്കുന്നു. ഈ യാഗത്തിന് വസ്ത്രമാണ്ദക്ഷിണയായിനൽകേണ്ടത്. സരസ്വതിയെ തൃപ്തിപ്പെടുത്തുന്നതിനും, സരസ്വാൻ എന്ന ദേവനെ തൃപ്തിപ്പെടുത്തുന്നതിനുംഹവിസ്സ് തയാറാക്കി സമർപ്പിക്കുന്നു. ഒരു കാളയും ഒരു പശുവും ആണ്, ഇതിന് ദക്ഷിണയായി നൽകേണ്ടത്.

ഇതിപ്രഥമോऽനുവാകഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഥദ്വിതീയോഽനുവാകഃ (ബ്രാഹ്മണം)

സംഹിതാ

ആഗ്നേയമഷ്ടാകപാലം നിർവപതി
സൗമ്യംചരും സാവിത്രം ദ്വാദശകപാലം സാരസ്വതും
ചരുംപൗഷ്ണംചരും മാരുതം സപ്തകപാലം വൈശ്വ-
ദേവീമാമിക്ഷാം ദ്യാവാപൃഥിവ്യമേകകപാലം ||

(ചാതുർമാസ്യത്തിൽ ആദ്യമായി അനുഷ്ഠിക്കേണ്ട യാഗങ്ങളാണ് ഈ അനുവാകത്തിൽ പറയുന്നത്)

അർത്ഥം

അഗ്നി ദേവതയെ ഉദ്ദേശിച്ച എട്ടുപാത്രങ്ങളിൽ പാകം ചെയ്ത ഹവിസ്സ് സമർപ്പിക്കുന്നു. സോമദേവതയെ ഉദ്ദേശിച്ച ഹവിസ്സ് തയ്യാറാക്കി സമർപ്പിക്കുന്നു. സവിതൃദേവതയെ ഉദ്ദേശിച്ച് പന്ത്രണ്ട് പാത്രങ്ങളിൽ പാകം ചെയ്ത ഹവിസ്സ് സമർപ്പിക്കുന്നു. സരസ്വതീ ദേവിയെ ഉദ്ദേശിച്ച് ഹവിസ്സ് തയ്യാറാക്കി സമർപ്പിക്കുന്നു. പൂഷാ എന്ന ദേവനെ ഉദ്ദേശിച്ച് ഹവിസ്സ് തയ്യാറാക്കി സമർപ്പിക്കുന്നു. മരുത്തുകളെ ഉദ്ദേശിച്ച് ഏഴുപാത്രത്തിൽ പാകം ചെയ്ത ഹവിസ്സ് സമർപ്പിക്കുന്നു. വിശ്വേദേവന്മാരെ ഉദ്ദേശിച്ച് ആമിക്ഷതയാറാക്കി സമർപ്പിക്കുന്നു (ചൂടുള്ള പാലിൽ തൈരു ചേർത്തതിനു ആമിക്ഷ എന്നു പറയുന്നു) ദ്യാവാ പൃഥിവികളെ ഉദ്ദേശിച്ച് ഒരു പാത്രത്തിൽ പാകം ചെയ്ത ഹവിസ്സ് സമർപ്പിക്കുന്നു.

ഇതിദ്വിതീയോമോഽനുവാകഃ

അഥതൃതീയോഽനുവാകഃ (മന്ത്ര ബ്രാഹ്മണ മിശ്രം)

സംഹിതാ

ഐന്ദ്രാഗ്നമേകാദശ കപാലം മാരുതീമാമിക്ഷാം
വാരുണീ മാമിക്ഷാം കായമേക കപാലം
പ്രഘാസ്യാൻ ഹവാ മഹേ മരുതോ യജ്ഞ വാഹസഃ
കരംഭേണ സജോഷസഃ| മോ ഷൂ ണ ഇന്ദ്ര പൃത്സു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദേവാസ്ഥ സ്മതേ ശ്രുഷ്മി ന്നവയാ। മഹീഹ്യസ്യ
മിഢുഷോയവ്യാ। ഹവിഷ്മതോ മരുതോ വന്ദതേഗീഃ।
യദ്ഗ്രാമേ യദരണ്യേ യത്സഭായാം യദിന്ദ്രിയേ।
യച്ഛൂദ്രേ യദർയ ഏന ശ്ച കൃമാവയം। യദേ–
കസ്യാധി ധർമണിതസ്യാ വയജനമസി സ്വാഹാ।
അക്രൻ കർമ കർമകൃതഃ സഹ വാചാ മയോ ഭുവാ।
ദേവേഭ്യഃ കർമ കൃത്വാഽസ്തം പ്രേത സുദാനവഃ ॥

(ഐന്ദ്രാഗ്നം എന്നതു മുതൽ കായ മേക കപാലം എന്നതു വരെ ബ്രാഹ്മണം ശേഷം മന്ത്രം)

ബ്രാഹ്മണ ഭാഗത്തിൻെറ അർത്ഥം

ഇന്ദ്രനേയും അഗ്നിയേയും പ്രീണിപ്പിക്കുന്നതിനു് പതിനൊന്നു് പാത്രങ്ങളിൽ പാകം ചെയ്ത ഹവിസ്സു് സമർപ്പിക്കുന്നു. മരുത്തുകളെ പ്രീണിപ്പിക്കുന്നതിനു് ആമിക്ഷ തയാറാക്കി സമർപ്പിക്കുന്നു. വരുണനെ പ്രീണിപ്പിക്കുന്നതീനു് ആമിക്ഷ തയാറാക്കി സമർപ്പിക്കുന്നു. പ്രജാപതിയെ പ്രീണിപ്പിക്കാൻ ഒരു പാത്രത്തിൽ പാകം ചെയ്ത ഹവിസ്സു് സമർപ്പിക്കുന്നു.

മന്ത്രഭാഗത്തിൻെറ പദച്ഛേദം

പ്രഘാസ്യാൻ ഹവാമഹേ മരുതഃ യജ്ഞവാഹസഃ
കരംഭേണ സജോഷസഃ മോ സു നഃ ഇന്ദ്ര
വൃത്സു ദേവ അസ്ഥ സ്മ തേ ശുഷ്മിൻ അവയാ
മഹീ ഹി അസ്യ മീഢുഷഃ യവ്യാ ഹവിഷ്മതഃ
മരുതഃ വന്ദതേ ഗീഃ യദ് ഗ്രാമേ യദ് അരണ്യേ
യത് സഭായാം യദ് ഇന്ദ്രിയേ യദ് ശൂദ്രേ
യദ് അർയേ ഏനഃ ചകൃമ വയം യദ് ഏകസ്യ
അധി ധർമണി തസ്യ അവയജനം അസി സ്വാഹാ
അക്രൻ കർമ കർമകൃതഃ സഹ വാചാ മയോഭുവഃ
ദേവേഭ്യഃ കർമ കൃത്വാ അസ്തം പ്ര ഇത സുദാനവഃ ॥

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മന്ത്രവും വിനിയോഗവും അർത്ഥവും

പ്രഘാസ്യാൻഹവാമഹേമരുതോ
യജ്ഞവാഹസഃകരംഭേണസജോഷസഃ ।

ഈ മന്ത്രം ചൊല്ലി പ്രതിപ്രസ്ഥാതാ യജമാനൻെറ പത്നിയെ യാഗവേദിയിൽ ആനയിക്കുന്നു.

വരുണ പ്രഘാസ്യാൻ = വരുണപാശം നിമിത്തം ഉണ്ടാകുന്ന പീഡയെ നശിപ്പിക്കുന്നവരും യജ്ഞവാഹസഃ = യജ്ഞത്തെ വഹിക്കുന്നവരും കരംഭേണ = തൈരും നെയ്യും ചേർത്തു കുഴച്ചമാവു് ഹോമിച്ചതുകൊണ്ടു്, സജോഷസഃ = സമാന പ്രീതിയോടുകൂടിയവരും ആയ, മരുതഃ = മരുത്തുകളെ, ഹവാമഹേ = ഞങ്ങൾ ആഹ്വാനംചെയ്യുന്നു.

2 മോഷുണ ഇന്ദ്രപൃത്സുദേവാസ്തുസ്മതേ
ശുഷ്മിന്നവയാമഹീഹ്യസ്യമീഢുഷോയവ്യാ ।
ഹവിഷ്മതോമരുതോവന്ദതേഗീഃ ।

കരംഭപാത്രം മുറത്തിൽവെച്ച്അതു് യജമാനൻ ശിരസ്സിൽ ധരിച്ചുകൊണ്ടു് പത്നിയോടുകൂടി ഉത്തര വേദിയുടെ വടക്കു ഭാഗത്തു് പടിഞ്ഞാറു് നോക്കി നിന്നുകൊണ്ടു് ഇതു മുതൽ മൂന്നു മന്ത്രം ജപിക്കുന്നു.

ഹേ ഇന്ദ്ര! ദേവ = അല്ലയോ ദേവേന്ദ്ര! നഃ = ഞങ്ങളെ പൃത്സുമോ = യുദ്ധത്തിൽ പ്രവർത്തിപ്പിക്കരുതു്. ഹേ ശുഷ്മിൻ! = അല്ലയോ ബലവാനായ ഇന്ദ്ര! തേ = അങ്ങയുടെ പ്രസാദത്താൽ, അവയാ = അനിഷ്ടനാശം, അസ്തുസ്മ = ഉണ്ടാകട്ടെ. ഹി = എന്തുകൊണ്ടെന്നാൽ, മീഢുഷഃ = വൃഷ്ടിസേചന സമർത്ഥനായ, അസ്യ = ഇന്ദ്രൻെറ പ്രസാദത്താൽ, മഹീ = ഞങ്ങളുടെ ഭൂമി, യവ്യാ = ധാന്യം വിളയുന്നതിനു് യോഗ്യമായിത്തത്തീരും. ഗീഃ സ്തോത്രരൂപത്തിലുള്ള ഞങ്ങളുടെവാക്കു്, ഹവിഷ്മതഃ = ഹവിസ്സു് സമർപ്പിക്കപ്പെടുന്ന, മരുതഃ = മരുത്തുകളെ, വന്ദതേ = നമസ്കരിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

3 യദ്ഗ്രാമേയദരണ്യേയത്സഭായാം യദിന്ദ്രിയേ
യദ്ശൂദ്രേയദര്യഏനശ്ചകൃമാവയം । യദേകസ്യാ-
ധിധർമ്മണിതസ്യാവയജനമസിസ്വാഹാ ।

ഈ മന്ത്രവും അടുത്ത മന്ത്രവും യജമാനൻ ജപിക്കുന്നു.

ഹേകരംഭ ! = അല്പയോ കരംഭഭോജനമേ ! ത്വം = നീ ഏകസ്യ = ദമ്പതികളിൽ ആരെങ്കിലും ഒരാളോ അവരുടെ ദാസന്മാരിൽ ആരെങ്കിലുമോ, ധർമണി അധി = ധർമ്മ വിഷയത്തിലും, ഗ്രാമേ = ഗ്രാമവിഷയമായും. യദ്ഏനഃ = യാതൊരു പാപം, ചകൃമ = ചെയ്തിട്ടുണ്ടോ, അരണ്യേ = അരണ്യ വിഷയമായും യദ് ഏനഃ = യാതൊരു പാപം, ചകൃമ = ചെയ്തിട്ടുണ്ടോ, സഭായാം = സദസ്സിൽ, യദ്ഏനഃ = യാതൊരു പാപം, ചകൃമ = ചെയ്തിട്ടുണ്ടോ, ഇന്ദ്രിയേ = ഇന്ദ്രിയവിഷയമായി, യദ് ഏനഃ ചകൃമ = യാതൊരു പാപം ചെയ്തിട്ടുണ്ടോ, ശൂദ്രേ = ശൂദ്രവിഷയമായി, യദ്ഏനഃ ചകൃമ = യാതൊരു പാപം ചെയ്തിട്ടുണ്ടോ, അർയേ = ക്ഷത്രിയവിഷയമായി, യദ്ഏനഃ ചകൃമ = യാതൊരു പാപം ചെയ്തിട്ടുണ്ടോ, തസ്യ അവയജനം അസി = ആ പാപം നശിപ്പിക്കാൻ ശക്തിയുള്ളതാകുന്നു. സ്വാഹാ = ദേവതാ പ്രീതിക്കു് വേണ്ടി ഹോമിക്കുന്നു.

4 അക്രൻകർമകർമകൃതഃ സഹവാചാമയോഭുവാ
ദേവേഭ്യഃ കർമകൃത്വാസ്തം പ്രേതസുദാനവഃ ।

കർമകൃതഃ = യാഗകർമ്മത്തിൽ ഉൾപ്പെട്ടിരിക്കുന്ന എല്ലാവരും, മയോഭുവഃ = സുഖം ലഭിക്കുന്നതിനു്വേണ്ടിയുള്ള, വാചാസഹ = മന്ത്രോച്ചാരണത്തോടുകൂടി, കർമ അക്രൻ = ഇതുവരെയുള്ള യാഗകർമ്മം നിർവഹിച്ചു. ഹേസുദാനവഃ ! = ദേവന്മാർക്കു് ഹവിസ്സു് ദാനം ചെയ്യുന്ന പുരോഹിതന്മാരെ ! ദേവേഭ്യഃ = ദേവതോദ്ദേശകമായ, കർമകൃത്വാ = ഈ യാഗകർമ്മം നിർവഹിച്ചിട്ടു്, അസ്തം പ്രഇത = സ്വഗൃഹത്തിലേയ്ക്കു് പോവുക.

ഇതിതൃതീയോഽനുവാകഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഥചതുർത്ഥോ(ന്നുവാകഃ (മന്ത്രബ്രാഹ്മണമിശ്രം)

സംഹിതാ:-

അഗ്നയേ ƒ നീകവതേപുരോഡാശമഷ്ടാ-
കപാലം നിർവപതിസാകംസൂർയേണോദ്യതാമരുദ്ഭ്യഃ
സാംതപനേഭ്യോമദ്ധ്യംദിനേചരുംമരുദ്ഭ്യോ
ഗൃഹമേധിഭ്യഃസർവ്വാസാംദുഗ്ധേസായംചരും
പൂർണാദർവീപരാപത സുപൂർണാപുനരാപത ।
വസ്നേവവിക്രീണാവഹാ ഇഷമൂർജം ശതക്രതോ ।
ദേഹിമേദദാമിതേനിമേധേഹിനിതേദധേ ।
നിഹാരമിന്നിമേഹരാ നിഹാരം നിഹാരാമിതേ।
മരുദ്ഭ്യഃക്രീഡിഭ്യഃ പുരോഡാശംസപ്തകപാലം
നിർവപതി സാകം സൂർയ്യേണോദ്യതാഗ്നേയമഷ്ടാ-
കപാലം നിർവതി സൗമ്യം ചരും സാവിത്രം ദ്വാദശ-
കപാലം സാരസ്വതം ചരും പൗഷ്ണം ചരുമൈന്ദ്രാഗ്ന മേകാ
ദശ കപാല മൈന്ദ്രം ചരും വൈശ്വ കർമണ മേക-
കപാലം ॥

(അനുവാകത്തിൻെറ ആരംഭം മുതൽ ''സായം ചരും'' എന്ന തുവരെയും ''മരുദ്ഭ്യഃ ക്രീഡിഭ്യഃ'' എന്നതു മുതൽ അനുവാകത്തിൻെറ അവസാനം വരെയും ബ്രാഹ്മണം ''പൂർണാദർവി'' എന്നതു മുതൽ ''നിഹരാമിതേ'' എന്നതുവരെ മന്ത്രം) ബ്രാഹ്മണ ഭാഗത്തിൻെറ അത്ഥം

സൈന്യങ്ങളോടുകൂടിയ അഗ്നിക്കായിക്കൊണ്ടു് സൂര്യോദയത്തിൽ എട്ടുപാത്രങ്ങളിൽ പാകം ചെയ്ത പുരോഡാശം സമപ്പിക്കുന്നു. അനിഷ്ട നിവാരണം ചെയ്യുന്ന മരുത്തുകൾക്കായിക്കൊണ്ടു് മദ്ധ്യാഹ്നത്തിൽ ഹവിസ്സു് തയാറാക്കി സമപ്പിക്കുന്നു. ഗൃഹത്തേയും യാഗത്തേയും രക്ഷിക്കുന്ന മരുത്തുകളെ ഉദ്ദേശിച്ച് സായം കാലത്തിൽ യജമാനൻെറ വകയായ എല്ലാ പശുക്കളുടേയും പാലിൽ ഹവിസ്സു് തയാറാക്കി സമപ്പിക്കുന്നു. (''സാകമേധം'' എന്ന ഒരു യാഗം വിധിക്കുന്നുണ്ടു്. രണ്ടു് ദിവസം കൊണ്ടു നടത്തേണ്ട യാഗമാണു്. അതിൽ ആദ്യം ദിവസം നടത്തേണ്ട കർമങ്ങളാണു് ഇവിടെ വിവരിച്ചതു്. രണ്ടാമത്തെ ദിവസം അനുഷ്ഠിക്കേണ്ട കമ്മങ്ങൾ താഴെ പറയുന്നു.)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്രീഡാസക്തരായ മരുത്തുകൾക്കു് ഏഴുപാത്രത്തിൽ പാകം ചെയ്ത പുരോഡാശം സൂര്യോദയ സമയത്തിൽ സമർപ്പിക്കുന്നു. അഗ്നിക്കു് എട്ടുപാത്രത്തിൽ പാകം ചെയ്ത പുരോഡാശം സമർപ്പിക്കുന്നു. സോമ ദേവതയ്ക്കു് ഹവിസ്സു് തയാറാക്കി സമർപ്പിക്കുന്നു.

സവിതൃദേവതയ്ക്കു് പന്ത്രണ്ടു് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സു് സമർപ്പിക്കുന്നു. സോമദേവതക്കു് ഹവിസ്സു് തയാറാക്കി സമർപ്പിക്കുന്നു. സവിതൃദേവനു് പന്ത്രണ്ടു് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സു് സമർപ്പിക്കുന്നു. സരസ്വതീദേവിക്കു് ഹവിസ്സു് തയാറാക്കി സമർപ്പിക്കുന്നു. പൂഷാ എന്ന ദേവതയ്ക്കു് ഹവിസ്സു് തയാറാക്കി സമർപ്പിക്കുന്നു. ഇന്ദ്രാഗ്നികളെ ഉദ്ദേശിച്ചു് പതിനൊന്നു് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സു് സമർപ്പിക്കുന്നു. വിശ്വകർമാവിനെ ഉദ്ദേശിച്ചു് ഒരു പാത്രത്തിൽ പാകം ചെയ്ത ഹവിസ്സു് സമർപ്പിക്കുന്നു.

മന്ത്രം

1–2 പൂർണാദർവീപരാപതസുപൂർണാപുനരാപത ।
വസ്നേവവിക്രീണാവഹാഇഷമൂർജം ശതക്രതോ ।
ദേഹിമേദദാമിതേ നിമേധേഹിനിതേദധേ ।
നിഹാരമിത്നിമേഹരാനിഹാരം നിഹരാമിതേ ।

പദച്ഛേദം

പൂർണാ ദർവീ പരാ പത സുപൂർണാ പുനഃ ആ പത വസ്നാ ഇവ വി ക്രീണാവഹൈ ഇഷം ഊർജം ശതക്രതോ ദേഹി മേ ദദാമി തേ നി മേ ധേഹി നി തേ ദധേ നിഹാരം ഇത് നി മേ ഹര നിഹാരം നി ഹരാമി തേ ।

വിനിയോഗവും അർത്ഥവും

ഈമന്ത്രങ്ങൾചൊല്ലി ഗാർഹപത്യാഗ്നിയിൽ ഹോമിക്കുന്നു ഹേദർവി! = അല്ലയോ ദർവി ! (തവിപോലെയുള്ള ഒരു ഉപകരണം) പൂർണാ = ഹോമദ്രവ്യംകൊണ്ടു് നിറഞ്ഞ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രിക്കുന്നു. ത്വം = നീ. പരാപത = ഇന്ദ്രന്റെ സമീപത്തിൽ ചെല്ലുക സുപൂർണ്ണാ = ഇന്ദ്രന്റെ പ്രസാദത്താൽ പരിപൂർണ്ണയായ നീ, പുനഃ = വീണ്ടും, ആപത = ഞങ്ങളുടെ അടുക്കൽവരിക. ശതക്രതോ ! അല്ലയോ ദേവേന്ദ്ര ! വസ്നാ ഇവ = ലോകത്തിൽ പണം കൊടുത്തുസാധനങ്ങരം വാങ്ങിക്കുന്നതുപോലെ, ആവാം = നാം രണ്ടുപേരും, ഇഷം ഊർജം = അന്നവും ബലവും, വിക്രീണാവഹൈ = വിലയ്ക്കുവാങ്ങിക്കാം.

ഹേ ഇന്ദ്ര ! തേ = അങ്ങയ്ക്കു്, ദദാമി = ഞാൻ ഹവിസ്സു് തരുന്നു. മേദേഹി = എന്റെ ആഗ്രഹങ്ങരം സാധിച്ചു തന്നാലും. മേ = എനിക്കു് തരുന്ന സമ്പത്തു്, നിധേഹി = എന്റെ സമീപത്തിൽ ഉറപ്പിച്ചാലും. തേ നിദധേ = ഞാനും യാഗാദികരം നടത്തി ഹവിസ്സു് മുതലായവ അങ്ങയുടെ സമീപത്തിൽ ഉറപ്പിക്കുന്നു. നിഹാരംഇത് = പല പ്രാവശ്യം, മേ നിഹര = എന്റെ സമീപത്തിൽ സമ്പത്തുകൊണ്ടുവന്നു് ഉറപ്പിക്കുക. തേ നിഹരാമി = ഞാനും യാഗാദികരം നടത്തി ഹവിസ്സു. മുതലായവ അങ്ങയുടെ അടുക്കൽ എത്തിച്ചുതരുന്നുണ്ടു്.

ഇതിചതുർത്ഥോ ഽനുവാകഃ

അഥപഞ്ചമോഽനുവാകഃ (മന്ത്രബ്രാഹ്മണമിശ്രം)

സംഹിതാ:—

സോമായപിതൃമതേപുരോഡാശംഷട്കപാലം
നിർവപതിപിതൃഭ്യോബർഹിഷദ്ഭ്യോധാനാഃപിതൃഭ്യോഽ
ഗ്നിഷ്വാത്തേഭ്യോഽഭിവാന്യായൈദുഗ്ധേമന്ഥമേതത്തേ-
തതയേചത്വാമനേുതത്തേപിതാമഹപ്രപിതാമഹയേച
ത്വാമനുത്രപിതരോയഥാഭാഗം മന്ദധ്വം സുസംദൃശംത്വാ-
വയംമഘവൻമന്ദിഷീമഹി। പ്രനൂനംപൂർണബന്ധുരഃ
സ്തുതോയാസിവശാം അനു। യോജാന്വിന്ദ്രതേഹരീ
അക്ഷന്നമീ മദന്ത ഹ്യവ പ്രിയാ അധൂഷത। അസ്തോഷത
സ്വഭാനവോ വിപ്രാ നവിഷ്ഠയാമതീ। യോജാന്വിന്ദ്രതേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹരീ । അക്ഷൻ പിതരോfമീമദന്ത പിതരോfതീതൃപന്ത പിതരോfമീമൃജന്ത പരേത പിതരഃ സോമ്യാ ഗംഭിരൈഃ പഥിഭിഃ പൂർവൈ്യഃ। അഥാ പിതൄൻ സുവിദത്രാം അപീത യമേന യേ സധമാദം മദന്തി । മനോ ന്വാ ഹുവാ മഹേ നാരാശം സേനസ്തോ മേന പിതൄണാം ച മന്മഭിഃ। ആന ഏതു മനഃ പുനഃ ക്രത്വേ ദക്ഷായ ജീവസേ। ജ്യോക് ച സൂർയം ദൃശേ। പുനർനഃ പിതരോ മനോദദാതു ദൈവ്യോ ജനഃ । ജീവം വ്രാതം സചേമഹി । യദന്തരിക്ഷം പൃഥി വീമുതദ്യാം യ ന്മാതരം പിതരം വാ ജിഹിംസിമ । അഗ്നിർമാ തസ്മാദേന സോഗാർഹപത്യഃ പ്ര മുഞ്ചതു ദുരിതാ യാനി ച കൃമ കരോതു മാമനേനസം ॥

(സോമായ പിതൃമതേ എന്നതു മുതൽ ദൃഗേദ്ധ മന്ഥം എന്ന തുവരെ ബ്രഹ്മണം ശേഷം മന്ത്രം)

ബ്രഹ്മണ ഭാഗത്തിൻെറ അത്ഥം

പിതൃക്കളുടെ സ്വാമിയായ സോമ ദേവനു് ആറു പാത്രത്തിൽ പാകം ചെയ്ത പുരോഡാശം സമപ്പിക്കുന്നു. യജ്ഞ ഭാഗാർഹരായ പിതൃക്കാംക്കു് അരിയോ വറുത്ത ഗോതമ്പോ സമപ്പിക്കുന്നു. യജ്ഞ ഭാഗം ഇല്ലാത്ത പിതൃക്കാംക്കു് കുട്ടി മരിച്ച പശുവിൻെറ പാലിൽ ചേത്ത ധാന്യ മാവു് സമപ്പിക്കുന്നു.

മന്ത്രഭാഗത്തിൻെറ പദച്ഛേദം

ഏതത് തേ തത യേ ച ത്വാം അനു ഏതത് തേ പിതാമഹ പ്രപിതാമഹ യേ ച ത്വാം അനു അത്ര പിതരഃ യഥാഭാഗം മന്ദധ്വം സുസംദൃശം ത്വാ വയം മഘവൻ മന്ദിഷീമഹി പ്ര നൂനം പൂർണബന്ധുരഃ സ്തുതഃ യാനി വശാൻ അനു യോജാ നു ഇന്ദ്ര തേ ഹരീ അക്ഷൻ അമീമദന്ത ഹി അവ പ്രിയാഃ അധൂഷത അസ്തോഷത സ്വഭാനവഃ വിപ്രാഃ നവിഷ്ഠയാ മതീ യോജാ നു ഇന്ദ്ര തേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹരീ അക്ഷൻ പിതരഃ അമീമദന്ത പിതരഃ അതീതൃപന്ത പിതരഃ അമീമൃജന്ത പിതരഃ പരാ ഇത പിതരഃ സോമ്യാഃ ഗംഭീരൈഃ പഥിഭിഃ പൂർവ്വൈഃ അഥ പിതൃൻ സുവിദത്രാൻ അപി ഇത യമേന യേ സധമാദം മദന്തി മനഃ ന ആ ഹുവാമഹേ നാരാശംസേന സ്തോമേന പിതൃണാം ച മന്മഭിഃ ആ നഃ ഏതു മനഃ പുനഃ ക്രത്വേ ദക്ഷായ ജീവസേ ജ്യോക് ച സൂർയം ദൃശേ പുനഃ നഃ പിതരഃ മനഃ ദദാതു ദൈവ്യഃ ജനഃ ജീവം വ്രാതം സചേമഹി യദ് അന്തരീക്ഷം പൃഥിവീം ഉത ദ്യാം യദ് മാതരം പിതരം വാ ജിഹിംസിമ അഗ്നിഃ മാ തസ്മാദ് ഏനസഃ ഗാർഹപത്യഃ പ്ര മുഞ്ചതു ദുരിതാ യാനി ചകൃമ കരോതു മാം അനേനസം ॥

മന്ത്രവും വിനിയോഗവും അർത്ഥവും

1–3 ഏതത്തേതതയേചത്വാമന്വേതത്തേപിതാമഹ
പ്രപിതാമഹയേചത്വാമനു ।

ഹവിസ്സ് കൊണ്ടു് പിണ്ഡം ഉണ്ടാക്കി ഈ മന്ത്രം ചൊല്ലി പിതൃക്കൾക്കു് സമർപ്പിക്കുന്നു.

ഹേതത ! = അല്ലയോ പിതാവെ ! തേ = അങ്ങയ്ക്കു്, ഏതത് = ഈ പിണ്ഡം ദത്തമായി. യേചത്വാം അനു = ആരെല്ലാം അങ്ങയെ അനുവർത്തിക്കുന്നുവോ അവർക്കും ഈ പിണ്ഡം ദത്തമായി. ഹേപിതാമഹ ! = അല്ലയോ പിതാമഹ ! തേ = അങ്ങയ്ക്കു്, ഏതത് = ഈ പിണ്ഡം ദത്തമായി. യേചത്വാം അനു = അങ്ങയെ അനുവർത്തിക്കുന്നവരായി ആരെല്ലാം ഉണ്ടോ അവർക്കും ഈ പിണ്ഡം ദത്തമായി. പ്രപിതാമഹ ! = അല്ലയോ പ്രപിതാമഹ ! തേ ഏതത് = അങ്ങയ്ക്കു് ഈ പിണ്ഡംദത്തമായി. യേചത്വാം അനു = അങ്ങയെ അനുവർത്തിക്കുന്ന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വരായി ആരെല്ലാം ഉണ്ടോ അവക്കും ഈ പിണ്ഡം ദത്തമായി.

4 അത്രപിതരോയഥാഭാഗം മന്ദധ്വം ।

എഴുന്നേററ് ഈ മന്ത്രം ചൊല്ലിക്കൊണ്ട് വടക്കോട്ട് പോകുന്നു.

അത്ര = ഈ പിണ്ഡത്തിൽ, പിതരഃ = പിതൃക്കാം, യഥാഭാഗം = അവരവരുടെ ഭാഗത്തെ ആശ്രയിച്ച്, മന്ദധ്വം = സന്തോഷിക്കട്ടെ.

5 സുസംദൃശം ത്വാ മഘവൻ മന്ദിഷീമഹി
പ്രനൂനം പൂർണ ബന്ധുരഃ । സ്തുതോയാനി
വശാം അനു യോജാന്വിന്ദ്രതേ ഹരീ ।

ഇത് ആ ഹവനീയാഗ്നിയുടെ ഉപസ്ഥാന മന്ത്രം ആണ്.

ഹേ മഘവൻ! = അല്ലയോ ഇന്ദ്ര! സുസംദൃശം = കടാക്ഷ വീക്ഷണങ്ങളോടുകൂടി ഞങ്ങളെ നോക്കുന്ന, ത്വാ = അങ്ങയെ, മന്ദിഷിമഹി = ഞങ്ങാം സന്തോഷിപ്പിക്കുന്നു. പൂർണ ബന്ധുരഃ = ഞങ്ങളാൽ സമപ്പിക്കപ്പെടുന്ന ഹവിർഭാഗത്താൽ പൂർണമായ രഥത്തോടുകൂടിയവനും, സ്തുതഃ = ഞങ്ങളാൽ സ്തുതിക്കപ്പെട്ടവനും ആയ, ത്വം അങ്ങ്, വശാൻ അനു = ഇഷ്ടമായ സ്ഥലത്തെ ലക്ഷ്യമാക്കി, നൂനം = തീച്ചയായും, പ്രയാഹി = പോകും. ഹേ ഇന്ദ്ര! അല്ലയോ ഇന്ദ്ര! തേഹരീ = അങ്ങയുടെ കുതിരകാം, യോജാനു = രഥത്തിൽ യോജിപ്പിക്കപ്പെട്ടുവല്ലോ.

6 അക്ഷന്നമീമദന്ത ഹവ്യ പ്രിയാഃ അധൂഷത
അസ്തോഷത സ്വഭാന വോ വിപ്രാനവിഷ്ഠയാ
മതീയോ ജാന്വിന്ദ്രതേ ഹരീ ।

ഈ മന്ത്രം ചൊല്ലി ഗാർഹപത്യാഗ്നിയെ ഉപസ്ഥാനം ചെയ്യുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അക്ഷൻ = ഹവിസ്സ് ഭക്ഷിച്ച പിതൃക്കൾ, അമീമദന്ത = വളരെ സന്തോഷിച്ചു. ഹി = എന്തു കൊണ്ടെന്നാൽ പ്രിയാ തന്വഃ = പ്രിയപ്പെട്ടതായ ശരീരം, അവ അധൂഷത = ചലിപ്പിച്ചു. (ശിരഃ കമ്പനാദികൾ കൊണ്ടു് അവരുടെ സന്തോഷം അറിയിച്ചു.) സ്വഭാനവഃ = സ്വകീയമായ തേജസ്സു കൊണ്ടു് പ്രകാശിക്കുന്ന. വിപ്രാഃ = ബ്രാഹ്മണ തുല്യരായ അവർ, നവിഷ്ഠയാ = വളരെ നൂതനമായ, മതി = ആശയങ്ങളാൽ, അസ്തോഷത = സ്തുതിച്ചു. ഹേ ഇന്ദ്ര ! തേ ഹരീ = അങ്ങയുടെ കുതിരകളെ, യോജാന = രഥത്തിൽ യോജിപ്പിച്ചുവല്ലോ.

7 അക്ഷൻ പിതരോ ƒമീമദന്ത പിതരോƒതീതൃപന്ത
പിതരോƒമീമൃജന്തപിതരഃ

അക്ഷൻ പിതരഃ = ഹവിസ്സ് ഭക്ഷിച്ച് സന്തൃപ്തരായ പിതൃക്കൾ, അമീമദന്ത = വളരെ സന്തോഷിച്ചു. പിതരഃ = പിതൃക്കൾ, അതീതൃപന്ത = അത്യധികം സന്തൃപ്തരായി. പിതരഃ = പിതൃക്കൾ, അമീമൃജന്ത = ഞങ്ങളെ അത്യധികം പരിശുദ്ധരാക്കി.

8 പരേത പിതരഃ സൗമ്യാഗംഭീരരൈഃ
പഥിഭിഃ പൂർവ്വൈഃ । അഥാ പിതൄൻസുവിദത്രാം
അപീത യമേന യേ സധമാദംമദന്തി ।

ഈ മന്ത്രം ചൊല്ലി പിതൃക്കളെ ആവാഹിച്ചു് പൂജിച്ച സ്ഥാനത്തുനിന്നും സ്വസ്ഥാനങ്ങളിലേക്കു് പോകാൻ പ്രാർത്ഥിക്കുന്നു.

ഹേ സോമ്യാഃ പിതരഃ ! = സൗമ്യശീലരായ അല്ലയോ പിതൃക്കളെ! ഗംഭീരൈഃ = സുലഭമായ ഭക്ഷ്യപാനീയങ്ങളോടുകൂടിയതും, പൂർവ്വൈഃ = നേരത്തെ തന്നെ നിർമ്മിക്കപ്പെട്ടതും ആയ, പഥിഭിഃ = മാർഗ്ഗങ്ങളിൽ കൂടി, പരാഇത = മടങ്ങിപ്പോവുക. അഥാ = അനന്തരം, യമേനസാകം = യമനോടുകൂടി, യേ = യാതൊരു പിതൃക്കളാണോ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സധമാദം = ഒരേ സ്ഥലത്തു ഇരുന്നുകൊണ്ടു്, മദന്തി = സന്തോഷിക്കുന്നതു്, താൻ, = അപ്രകാരം ഉള്ളവരും, സുവിദത്രാൻ = അവിടെയുള്ള വൃത്താന്തങ്ങളും നല്ല പോലെ അറിയുന്നവരും ആയ, പിതൃൻ അപി = പിതൃക്കളുടെ അടുക്കൽ, ഇത = നിങ്ങൾ ചെന്നു് ചേരുവിൻ.

9 മനോന്വാഹ്വാമഹേ നാരാ ശംസേന
സ്തോമേന പിതൃണാം ച മന്മഭിഃ ।
ഇതുമുതൽ മൂന്നു മന്ത്രം ചൊല്ലി പിതൃക്കളെ ഉപസ്ഥാനം ചെയ്യുന്നു.

നാരാശംസേന = മനുഷ്യ പ്രശംസായോഗ്യമായ, സ്തോമേന = വാക്യസമൂഹംകൊണ്ടു്. പിതൃണാം ച = പിതൃക്കൾക്കും, മന്മഭിഃ = ആലോചനാർഹമായ വാക്യങ്ങളാൽ, മനഃ = പിതൃയജ്ഞാനുഷ്ഠാന രൂപമായിരിക്കുന്ന വിചാരത്തെ, നു = വേഗത്തിൽ, ആഹ്വാമഹേ = വിളിക്കുന്നു.

10 ആന ഏതുമനഃ പുനഃ, ക്രത്വേദക്ഷായ ജീവസേ
ജ്യോക്ചസൂർയംദൃശേ ।

ക്രത്വേ = കർമാനുഷ്ഠാനത്തിനു് വേണ്ട, ദക്ഷായ = സാമർത്ഥ്യത്തിനു് വേണ്ടി, ജീവസേ = ജീവിക്കുന്നതിനും. ജ്യോക് = ചിരകാലം, സൂർയം = സൂർയനെ ദൃശേച = കാണുന്നതിനും വേണ്ടി, മനഃ = മനസ്സു്, പുനഃ = വീണ്ടും, നഃ ഏതു = ഞങ്ങളെ പ്രാപിക്കട്ടെ.

11 പുനർനഃ പിതരോമനോദദാതു ദൈവ്യോജനഃ
ജീവം വ്രാതംസചേമഹി ।

ഹേപിതരഃ ! = അല്ലയോ പിതൃക്കളെ ! ദൈവ്യഃ ജനഃ = ദേവസംബന്ധിയായ ആളുകൾ, നഃ = ഞങ്ങൾക്കു്, മനഃ = കർമാനുഷ്ഠാനപരമായ മനസ്സു്, പുനഃദദാതു = വീണ്ടും തരട്ടെ. വ്രാതംജീവം = ദീർഘായുസ്സു് സചേമഹി = ഞങ്ങൾ ആശ്രയിക്കട്ടെ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

12 യദന്തരീക്ഷം പൃഥിവീമുതദ്യാംയന്മാതരം
പിതരംവാജിഹിംസിമ । അഗ്നിർമാതസ്മാ–
ദേനസോഗാർഹപത്യഃ പ്രമുഞ്ചതുദുരിതാ
യാനിചകൃമകരോതുമാമനേനസം ।

ഈ മന്ത്രം ചൊല്ലി ഗാർഹപത്യാഗ്നിയെ ഉപസ്ഥാനം ചെയ്യുന്നു.

അന്തരിക്ഷം = അന്തരിക്ഷത്തേയും, പൃഥിവീം = ഭൂമിയേയും, ഉതദ്യാം = സ്വർഗത്തേയും, യത്ജിഹിംസിമ = ഹിംസിക്കാൻ ഉള്ളയാതൊരു ആഗ്രഹമുണ്ടായോ, തസ്മാദ്ഏനസഃ = ആപാപത്തിൽനിന്നു്, ഗാർഹ്യപത്യഃ അഗ്നിഃ = ഗാർഹപത്യാഗ്നി, മാ = എന്നെ, പ്രമുഞ്ചതു = മോചിപ്പിക്കട്ടെ. യാനിദുരിതാ = മററെന്തെങ്കിലും പാപം, ചകൃമ = ചെയ്തിട്ടുണ്ടെങ്കിൽ അതിൽനിന്നും, ഗാർഹപത്യഃ അഗ്നിഃ = ഗാർഹപത്യാഗ്നി, മാപ്രമുഞ്ചതു = എന്നെ മോചിപ്പിക്കട്ടെ. മാം = എന്നെ, അനേനസംകരോതു = പാപം ഇല്ലാത്തവനാക്കട്ടെ

ഇതിപഞ്ചമോഽനുവാകഃ

അഥഷഷ്ഠോഽനുവാകഃ (മന്ത്രബ്രാഹ്മണമിശ്രം)

സംഹിതാ

പ്രതിപുരുഷമേകകപാലാന്നിർവപത്യേക–
മതിരിക്തംയാവന്തോഗൃഹ്യാസ്മസ്തേഭ്യഃകമകരംപശൂനാം
ശർമാസിശർമയജമാനസ്യശർമമേയച്ഛൈകഏവ
രുദ്രോനദ്വിതീയായതസ്ഥആഖുസ്തേരുദ്രപശുസ്തം
ജുഷസ്വൈഷതേരുദ്രഭാഗഃ സഹസ്വസ്രാംബികയാ
തംജുഷസ്വഭേഷജം ഗവേഽശ്വായപുരുഷായഭേ–
ഷജമഥോഅസ്മഭ്യം ഭേഷജം സുഭേഷജം യഥാഽസതി ।
സുഗംമേഷായമേഷ്യാ അവാംബരുദ്രമദിമഹ്യവ
ദേവംത്ര്യംബകം । യഥാനഃ ശ്രേയസഃ കരദ്യഥാനോ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വസ്യസഃ കരദ്യഥാനഃ പശുമതഃ കരദ്യഥാനോവ്യവ-
സായയാത്" । ത്ര്യംബകംയജാമഹേ സുഗന്ധിംപുഷ്ടി-
വർധനം । ഉർവാരുകമിവബന്ധനാന്മൃത്യോർമുക്ഷീയമാഽ
മൃതാത് । ഏഷതേരുദ്രഭാഗസ്തം ജുഷസ്വതേനാ-
വസേനപരോമൂജവതോഽതീഹ്യവതതധന്വാ
പിനാകഹസ്തഃകൃത്തിവാസാഃ ॥

"പ്രതിപുരുഷം ഏകകപാലം നിർവപതിഏകം അതി
രിക്തം" എന്ന വാക്യം മാത്രം ബ്രാഹ്മണവും ശേഷം
മന്ത്രവും ആണ്. ബ്രാഹ്മണഭാഗത്തിൻെറ അർത്ഥം—

യജമാനൻെറ ഗൃഹത്തിൽ യജമാനൻ ഉൾപ്പെടെ എത്ര
ആളുകൾ ഉണ്ടോ അത്രയും ആളുകൾക്ക് ഓരോരുത്തർക്കു
ഒരു പാത്രം എന്ന കണക്കിൽ എത്ര പാത്രം വേണമോ
അത്രയും പാത്രങ്ങളിൽ പുരോഡാശം തയാറാക്കി (രുദ്രന്)
സമർപ്പിക്കുന്നു. അതു കൂടാതെ ഒരു പാത്രത്തിൽ പ്രത്യേക
മായും പുരോഡാശം തയാറാക്കി സമർപ്പിക്കുന്നു.

മന്ത്രഭാഗത്തിൻെറ പദച്ഛേദം

യാവന്തഃ ഗൃഹ്യാഃ സ്മഃ തേഭ്യഃ കം അകരം
പശൂനാം ശർമ അസി ശർമ യജമാനസ്യ ശർമ
മേ യച്ഛ ഏകഃ ഏവ രുദ്രഃ ന ദ്വിതീയായ
തസ്ഥേ ആഖുഃ തേ രുദ്ര പശുഃ തം ജുഷസ്വ
ഏഷഃ തേ രുദ്ര ഭാഗഃ സഹ സ്വസ്രാ അംബികയാ
ജുഷസ്വ ഭേഷജം ഗവേ അശ്വായ പുരുഷായ ഭേഷജം
അഥോ അസ്മഭ്യം ഭേഷജം സുഭേഷജം യഥാ
അസതി സുഗം മേഷായ മേഷ്യൈ അവ അംബ
രുദ്രം അദിമഹി അവ ദേവം ത്ര്യംബകം യഥാ നഃ
ശ്രേയസഃ കരത് യഥാ നഃ വസ്യസഃ കരത്
യഥാ നഃ പശുമതഃ കരത് യഥഃ നഃ വ്യവസായ-
യാത് ത്ര്യംബകം യജാമഹേ സുഗന്ധിം പുഷ്ടിവർ-
ധനം ഉർവാരുകം ഇവ ബന്ധനാത് മൃത്യോഃ
മുക്ഷീയ മാ അമൃതാത് ഏഷഃ തേ രുദ്ര ഭാഗഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തം ജുഷസ്വ തേന അവസേന പരഃ മൂജവതഃ അതി ഇഹി അവതതധന്വാ പിനാകഹസ്തഃ കൃത്തിവാസാഃ ॥

മന്ത്രവും വിനിയോഗവും അർത്ഥവും

1 യാവന്തോ ഗൃഹ്യാസ്മസ്തേഭ്യഃ കമകരം
ഹവിസ്സ് തയാറാക്കിക്കൊണ്ടിരിക്കുമ്പോൾ യജമാനൻ ഈ മന്ത്രം ജപിക്കുന്നു.

ഗൃഹ്യാഃ യാവന്തഃ സ്മഃ = എന്റെ ഗൃഹത്തിൽ ഞങ്ങൾ എത്ര പേരുണ്ടോ, തേഭ്യഃ = അവർക്കെല്ലാം, കം അകരം = സുഖം ഉണ്ടാകാൻ വേണ്ടതു ഞാൻ ചെയ്തു.

2 പശൂനാം ശർമാസി ശർമ യജമാനസ്യ ശർമ മേയച്ഛ
തൃണാദികൾ കൊണ്ടു് നിർമ്മിച്ച ഒരു പാത്രത്തിൽ (ഒരു വട്ടിയിൽ) ഈ മന്ത്രം ചൊല്ലിപുരോഡാശം ഇടുന്നു.

അല്ലയോപാത്രമേ ! നീ, പശൂനാം = പശുക്കൾക്ക്, ശർമഅസി = സുഖം ഉണ്ടാക്കുന്നതാകുന്നു. യജമാനസ്യ = യജമാനനു്, ശർമയച്ഛ = സുഖം നൽകുക. മേ = എനിക്കു് (പുരോഹിതനു്) ശർമ = സുഖം, യച്ഛ = നൽകുക.

3 ഏകഏവരുദ്രോനദ്വിതീയായതസ്ഥേ ।
ഈ മന്ത്രം ചൊല്ലി ദക്ഷിണാഗ്നിയിൽ നിന്നു് ഒരു കൊള്ളി എടുത്തുകൊണ്ടു് വടക്കു കിഴക്കുദിക്കിലേയ്ക്കു് പോകുന്നു.

ഏക ഏവരുദ്രഃ = ഒരു രുദ്രൻ മാത്രമാണുള്ളതു് ദ്വി- തീയഃനതസ്ഥേ = രണ്ടാമതൊരു രുദ്രനില്ല.

4 ആഖുസ്തേരുദ്രപശുസ്തംജുഷസ്വ ।

ഈ മന്ത്രം ചൊല്ലി രുദ്രനു് തയാറാക്കിയ ഹവിസ്സിൽ ഒരു പാത്രത്തിലുള്ള ഹവിസ്സ് സമർപ്പിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹേരുദ്ര ! = അല്ലയോരുദ്ര ! ആഖുഃ – എലി, തേ പശുഃ = അങ്ങയ്ക്കു് ഇഷ്ടപ്പെട്ട പശുവാണു്. തം ജുഷസ്വ = അതു് സ്വീകരിച്ചാലും.

5 ഏഷതേ രുദ്രഭാഗഃ സഹ സ്വസ്രാംബികയാജുഷസ്വ ।

ഈ മന്ത്രം ചൊല്ലി എല്ലാപാത്രങ്ങളിൽനിന്നു് കുറെ പുരോഡാശം എടുത്തു അഗ്നിയിൽ ഹോമിക്കുന്നു, ഹേരുദ്ര ! അല്ലയോരുദ്ര ! ഏഷഃ തേ ഭാഗഃ = ഇതു് അങ്ങയ്ക്കുള്ളഭാഗം ആണു്. സ്വസ്രാഅംബികയാ സഹ = സഹോദരിയെപ്പോലെ പ്രിയപ്പെട്ട അംബികയോടുകൂടി തം ജുഷസ്വ = ആഹവിർഭാഗം ആസ്വദിച്ചാലും. സ്വാഹാ = അഗ്നിയിൽ ഹോമിക്കുന്നു.

6 ഭേഷജം ഗവേശ്വായപുരുഷായ ഭേഷജ-
മഥോഅസ്മഭ്യം ഭേഷജം । സുഭേഷജം
യഥാ *f* സതി സുഗംമേഷായമേഷ്യൈ ।

ഈ മന്ത്രങ്ങൾ ചൊല്ലി അഗ്നിയെ പരിഷേചനം ചെയ്യുന്നു. ഹേ രുദ്ര! = അല്ലയോ രുദ്ര! ഗവേ = ഞങ്ങളുടെ പശുക്കൾക്കും, അശ്വായ = കുതിരകൾക്കും, പുരുഷായ = ആളുകൾക്കും, ഭേഷജം = ആരോഗ്യം നൽകിയാലും. അഥ = അനന്തരം, അസ്മഭ്യം = ഞങ്ങൾക്കും. ഭേഷജം = ആരോഗ്യം നൽകിയാലും യഥാ സുഭേഷജം അസതി തഥാ = രോഗോപശമനത്തിനു് മരുന്നു് ആവശ്യരില്ലാത്ത വിധത്തിൽ, കുരു = ചെയ്താലും. മേഷായ മേഷ്യൈ = ആണാടിനും പെണ്ണാടിനും, സുഗം = സുഖമായി സഞ്ചരിക്കത്തക്കവിധം ആരോഗ്യം നൽകിയാലും.

8 അവാം ബ രുദ്രമദിമഹ്യവ ദേവം ത്ര്യംമ്പകം
യഥാ നഃ ശ്രേയസഃ കരദ്യഥാ നോ വസ്യസഃ കര-
ദ്യഥാ നഃ പശുമതഃ കരദ്യഥാനോവ്യവസായയാത് ।
ഈ മന്ത്രം യജമാനൻ ജപിക്കുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹേ അംബ ! = ഹേ പാർവതി ! ത്ര്യംബകം = മൂന്നു നേത്രങ്ങൾ ഉള്ളവനും, ദേവം = ദേവനും ആയ, രുദ്രം = രുദ്രനെ ഉദ്ദേശിച്ച്, അവ അദിമഹി = ഞങ്ങൾ പുരോഡാശം സമർപ്പിച്ചു. അസൗ രുദ്രഃ = ഈ രുദ്രൻ, നഃ = ഞങ്ങളെ, ശ്രേയസഃ യഥാ കരത് = ശ്രേയസ്സോടുകൂടിയവരാകുന്നതിനു് വേണ്ടിയും, നഃ = ഞങ്ങളെ, വസ്യസഃ യഥാ കരത് = സമ്പത്തുള്ളവരാകുന്നതിനു് വേണ്ടിയും, നഃ = ഞങ്ങളെ, പശുമതഃ യഥാ കരത് = ഗവാശ്വാദികളോടുകൂടിയവരാകുന്നതിനു് വേണ്ടിയും, നഃ = ഞങ്ങളെ യഥാ വ്യവസായയാത് = ശാസ്ത്രാർത്ഥ നിശ്ചയത്തിൽ ശക്തരാകുന്നതിനു് വേണ്ടിയും (ഞങ്ങൾ രുദ്രനു് പുരോഡാശം സമർപ്പിച്ചു.)

9 ത്ര്യംബകം യജാമഹേ സുഗന്ധിം പുഷ്ടിവർധനം
ഉർവാരുകമിവബന്ധനാത്മൃത്യോർമുക്ഷീയമാഽമൃതാത്।

ഈ മന്ത്രം ചൊല്ലി യജമാനൻ അഗ്നിയെ പ്രദക്ഷിണം വെയ്ക്കുന്നു.

സുഗന്ധിം = പുണ്യഗന്ധത്തോടുകൂടിയവനും, പുഷ്ടിവർധനം = ശരീര സന്താനധനാദികളെ വർദ്ധിപ്പിക്കുന്നവനും ആയ, ത്ര്യംബകം = ശിവനെ, യജാമഹേ = ഞങ്ങൾ പൂജിക്കുന്നു. ഉർവാരുകം = വൃക്ഷലതാദികളിലുള്ള ഫലം ബന്ധനാത് ഇവ = ഞെട്ടിൽനിന്നു് വേർപെടുന്നതുപോലെ, മൃത്യോഃ മുക്ഷീയ = ഞാൻ മൃത്യുവിൽനിന്നു് മുക്തനാകട്ടെ. അമൃതാത് = സ്വർഗ്ഗത്തിൽ നിന്നു്; അല്ലെങ്കിൽ ചിരജീവിതത്തിൽ നിന്നു്, മാമുക്ഷീയ = മോചനം ഉണ്ടാകരുതു്.

10 ഏഷതേ രുദ്രഭാഗസ്തം ജുഷസ്വ തേനാവസേന
പരോമൂജവതോഽതീഹി।

ഈ മന്ത്രം ചൊല്ലി വൃക്ഷാഗ്രത്തിൽ വീഴത്തക്കവിധം പുരോഡാശം ഉരുട്ടി മേൽപോട്ടെറിയുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹേരുദ്ര ! = അല്പയോരുദ്ര ! ഏഷഃ ഭാഗഃ = വൃക്ഷാഗ്രങ്ങളിൽ തങ്ങന്നതായ ഈ ഭാഗം, തേ = അങ്ങയ്ക്കു് ഉള്ളതാണ്. തം ജുഷസ്വ = അതു് സ്വീകരിച്ചാലും അവസേന = പാഥേയ രൂപത്തിലുള്ള, തേന = ഈ ഭാഗം കൊണ്ടു്, മുജവതഃ = മുജവാൻ എന്നറിയുന്ന പർവ്വതത്തിൻെറ, പരഃ = മറുഭാഗത്തിലേയ്ക്കു്, അതീഹി = പോയാലും.

11 അവതതധന്വാപിനാകഹസ്തഃകൃത്തിവാസാഃ

ഈ മന്ത്രം ജപിച്ചുകൊണ്ടു് പ്രാണായാമം ചെയ്യുന്നു. പിനാകഹസ്തഃ = പിനാകം എന്ന വില്ലു് കയ്യിൽ ധരിച്ചവനും, കൃത്തിവാസാഃ = ആനത്തോലു് വസ്ത്രമായി ധരിച്ചിരിക്കുന്നവനും ആയശിവൻ, ഞങ്ങളുടെ ശത്രുക്കളെ കൊല്ലുന്നതിനു് വേണ്ടി, അവതതധന്വാഭവതു = വില്ലു് വളക്കട്ടെ.

ഇതിഷഷ്ഠോ ഽനുവാകഃ

അഥസപ്തമോ ഽനുവാകഃ (മന്ത്രബ്രാഹ്മണമിശ്രം)

സംഹിതാ

ഐന്ദ്രാഗ്നം ദ്വാദശകപാലം വൈശ്വദേവം ചരു
മിന്ദ്രായ ശുനാസീരായപുരോഡാശം ദ്വാദശകപാലം വായവ്യം പയഃസൗര്യമേകകപാലം ദ്വാദശഗവം സീരം ദക്ഷിണാ ഽഽഗ്നേയമഷ്ടാകപാലം നിർവപതി രൗദ്രം ഗാവീധുകം ചരുമൈന്ദ്രം ദധിവാരുണം യവമയം ചരും വഹിനിധേനുർദ്ദ

ക്ഷിണായേദേവാഃപുരഃസദോ ഽഗ്നിനേത്രാ ദക്ഷിണ സദോ യമനേത്രാഃപശ്ചാത്സദഃസവിതൃനേത്രാഉത്തരസദോവരുണ നേത്രാ ഉപരിഷദോ ബൃഹസ്പതി നേത്രാ രക്ഷോ ഹണ സ്തേനഃ പാന്തു തേനോ ഽവന്തു തേഭ്യോ നമസ്തേഭ്യഃ സ്വാഹാ സമൂഢം രക്ഷഃ സംദഗ്ധം രക്ഷഃ ഇദമഹം രക്ഷോ ഽഭിസംദഹാമ്യഗ്നയേ രക്ഷോഘ്നേ സ്വാഹാ യമായ സവിത്രേ വരുണായ ബൃഹസ്പതയേ ദുവസ്വതേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രക്ഷോഘ്നേ സ്വാഹാ പ്രഷ്ഠിവാഹീരഥോ ദക്ഷിണാ ദേവസ്യത്വാസവിതുഃ പ്രസവേ/ശ്വിനോർബാഹുഭ്യാം പൂഷ്ണോ ഹസ്താഭ്യാം രക്ഷസോവധം ജുഹോമി ഹതം രക്ഷോ/വധിഷ്മരക്ഷോ യദ്വസ്തേ തദ്ദക്ഷിണാ ||

അനുവാകത്തിൻെറ ആരംഭം മുതൽ "വഹിനിധേനുർദ്ദ-ക്ഷിണാ" എന്നതുവരെയും "പ്രഷ്ഠിവാഹിരഥോദക്ഷിണാ' "യദ്വസ്തേതദക്ഷിണാ" എന്ന വാക്യങ്ങളും ബ്രാഹ്മണമാണ്. ശേഷം മന്ത്രഭാഗം)

ആദിത്യനോട്ടുകൂടിയിരിക്കുന്ന ഇന്ദ്രന് പന്ത്രണ്ടു് പാത്രത്തിൽ തയാറാക്കിയ പുരോഡാശം സമർപ്പിക്കുന്നു. ഇന്ദ്രാഗ്നികൾക്ക് പന്ത്രണ്ടു് പാത്രത്തിൽ പാകംചെയ്ത ഹവിസ്സ് സമർപ്പിക്കുന്നു. വിശ്വേദേവന്മാർക്ക് ഹവിസ്സ് പാകം ചെയ്ത് സമർപ്പിക്കുന്നു. വായുവിന് പാല് സമർപ്പിക്കുന്നു. സൂർയനു് ഒരു പാത്രത്തിൽ പാകം ചെയ്ത പുരോഡാശം സമർപ്പിക്കുന്നു. പന്ത്രണ്ടു് കാളകളാൽ വഹിക്കപ്പെടുന്ന കലപ്പയാണ് ഈ യാഗത്തിനുള്ള ദക്ഷിണ.

അഗ്നിദേവതയെഉദ്ദേശിച്ച് എട്ടുപാത്രത്തിൽ പാകംചെയ്ത ഹവിസ്സ് സമർപ്പിക്കുന്നു. രുദ്രന് അരണ്യത്തിലുണ്ടാകുന്ന ധാന്യംകൊണ്ടു് പാകം ചെയ്ത ഹവിസ്സ് സമർപ്പിക്കുന്നു. ഇന്ദ്രനു് ദധിരൂപമായ ഹവിസ്സ് തയാറാക്കുന്നു. വരുണനു് യവംകൊണ്ടു് പാകംചെയ്ത ഹവിസ്സ് തയാറാക്കുന്നു. ഭാരം വഹിക്കാൻ ശക്തിയുള്ള പശുവിനെയാണു. ഈ യാഗത്തിനു് ദക്ഷിണയായി നൽകേണ്ടതു. (ഈ യാഗത്തിനു് ഇന്ദ്രതുരീയം എന്നു് നാമം അസുരന്മാരെ ജയിക്കുന്നതിനു്വേണ്ടി അഗ്നി മൂന്നു രൂപം സ്വീകരിച്ചു അതുകൊണ്ടു് ഇന്ദ്രൻ നാലാമതായി തുരീയൻ എന്ന പദത്തിനു് നാലാമത്തേവൻ എന്നർത്ഥം ഇന്ദ്രൻ തുരീയനായി ത്തീരുന്നതു ഇന്ദ്രതുരീയം-ഈ യാഗം നിമിത്തം യുദ്ധത്തിൽ ജയംലഭിക്കും)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മന്ത്രഭാഗത്തിന്റെ പദച്ഛേദം-

യേ ദേവാഃ പുരഃസദഃ അഗ്നിനേത്രാഃ ദക്ഷിണ-സദഃ യമനേത്രാഃ പശ്ചാത്സദഃ സവിതൃനേത്രാഃ ഉത്തരസദഃ വരുണനേത്രാഃ ഉപരിഷദഃ ബൃഹസ്പ-തിനേത്രാഃ രക്ഷോഹണഃ തേ നഃ പാന്തു തേ നഃ അവന്തു തേഭ്യഃ നമഃ തേഭ്യഃ സ്വാഹാ സമൂഢം രക്ഷഃ സംദഗ്ധം രക്ഷഃ ഇദം അഹം രക്ഷഃ അഭി സം ദധാമി ദേവസ്യ ത്വാ സവിതുഃ പ്രസവേ അശ്വിനോഃ ബാഹുഭ്യാം പൂഷ്ണഃ ഹസ്താഭ്യാം രക്ഷസഃ വധം ജുഹോമി ഹതം രക്ഷഃ അവധിഷ്മ രക്ഷഃ

മന്ത്രവും വിനിയോഗവും അർത്ഥവും

1–5 യേദേവാഃ പുരസ്സദോ ƒ ഗ്നിനേത്രാഃ ദക്ഷിണസദോ
യമനേത്രാഃപശ്ചാത്സദഃസവിതൃനേത്രാ
ഉത്തരസദോവരുണനേത്രാഃ ഉപരിഷദോ
ബൃഹസ്പതിനേത്രാരക്ഷോഹണസ്തേനഃപാന്തു
തേനോ ƒ വന്തുതേഭ്യോനമസ്തേഭ്യഃസ്വാഹാ

ഇന്ദ്രതുരീയം അനുഷ്ഠിച്ചതിന് ശേഷം ഈ മന്ത്രങ്ങൾ ചൊല്ലി അഗ്നിയിൽ നെയ്യ് ഹോമിക്കുന്നു.

(യേദേവാഃ എന്ന് ആദ്യവും തേനഃ പാന്തുതേനോ ƒവന്തു തേഭ്യോനമസ്തേഭ്യഃ സ്വാഹാ എന്ന് ഒടുവിലും എല്ലാമന്ത്ര ങ്ങളിലും ആവർത്തിച്ചുചൊല്ലണം)

പുരഃ സദഃ = കിഴക്കുദിക്കിൽ സ്ഥിതിചെയ്യുന്ന, അഗ്നി-നേത്രാഃ = അഗ്നിമുതലായ, യേ ദേവാഃ = യാതൊരു ദേവന്മാർ, രക്ഷോഹണഃ = രക്ഷസ്സുകളെ നശിപ്പിക്കുന്ന വരായിട്ടുണ്ടോ, തേ = ആ ദേവന്മാർ, നഃ പാന്തു = ഞങ്ങളെ രക്ഷിക്കട്ടെ. തേ നഃ അവന്തു = അവർ ഞങ്ങളെ രക്ഷിക്കട്ടെ. തേഭ്യഃ നമഃ = ആ ദേവന്മാർക്ക് നമസ്കാരം. തേഭ്യ; സ്വാഹാ = ആ ദേവന്മാരെ ഉദ്ദേശിച്ച്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹോമം ചെയ്യുന്നു. (ഇവിടെ ഒരേ അർത്ഥത്തിൽ ''പാന്തു'' ''അവന്തു'' എന്നു് രണ്ടുപ്രാവശ്യം പറഞ്ഞിരിക്കുന്നു ഇതിൽ ആദ്യത്തേതു് ആപത്തുകളിൽ നിന്നു് രക്ഷിക്കട്ടെ എന്നും രണ്ടാമത്തേതു് ശരിയായ കർമ്മാനുഷ്ഠാനത്തിനുണ്ടാകാവുന്ന വിഘ്നങ്ങരം മാററി രക്ഷിക്കട്ടെ എന്നും ആണു് ഉദ്ദേശം.)

ദക്ഷിണസദഃ = ദക്ഷിണദിക്കിൽ സ്ഥിതിചെയ്യുന്ന, യമനേത്രാഃ = യമൻമുതലായ, യേ ദേവാഃ രക്ഷോഹണഃ തേനഃ പാന്തു, തേനഃ അവന്തു, തേഭ്യഃ നമഃ, തേഭ്യഃ സ്വാഹാ.

പശ്ചാത്സദഃ = പടിഞ്ഞാറ് സ്ഥിതിചെയ്യുന്നവരും, സവിതൃ നേത്രാഃ = സവിതാ തുടങ്ങിയവരുമായ, യേ ദേവാഃ രക്ഷോഹണഃ തേനഃ പാന്തു, തേനഃ അവന്തു, തേഭ്യഃ നമ:, തേഭ്യഃ സ്വാഹാ.

ഉത്തരസദഃ = വടക്കുദിക്കിൽ സ്ഥിതിചെയ്യുന്നവരും വരുണനേത്രാഃ = വരുണൻ മുതലായ, യേദേവാഃ രക്ഷോ ഹണഃ തേനഃ പാന്തു, തേനഃ അവന്തു, തേഭ്യഃ നമഃ തേഭ്യഃ സ്വാഹാ.

ഉപരിഷദഃ = ഊർദ്ധ്വലോകത്തിൽ സ്ഥിതിചെയ്യുന്നവരും, ബൃഹസ്പതിനേത്രാഃ = ബൃഹസ്പതി തുടങ്ങിയവരുമായ, യേ ദേവാഃ രക്ഷോ ഹണഃ തേ നഃ പാന്തു തേനഃ അവന്തു, തേഭ്യഃ നമഃ, തേഭ്യഃ സ്വാഹാ.
(ഈ മന്ത്രം ചൊല്ലി നെയ്യ് ഹോമിക്കുന്നതുനിമിത്തം യജമാനൻ രക്ഷസ്സുകളെ മാററി നിറുത്തുന്നു)

സമൂഢംരക്ഷഃ സംദഗ്ദ്ധം രക്ഷഃ ഇദമഹം
രക്ഷോ ƒ ഭിസംദധാമി ।

ഈ മന്ത്രം അഞ്ചു പ്രാവശ്യം ചൊല്ലി അഗ്നിയിൽ നെയ്യ് ഹോമിക്കുന്നു.

രക്ഷഃ = രക്ഷസ്സുകളെ, സമൂഢം = നശിപ്പിക്കുന്നതിനുവേണ്ടി രക്ഷഃ = രക്ഷസ്സുകരം, സംദഗ്ദ്ധം =

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദഹിപ്പിക്കപ്പെട്ട ഇദം = ഇപ്പോഠം, അഹം = ഞാൻ, രക്ഷഃ അഭിസംദധാമി = രക്ഷസ്സുകളുടെ അനുചരന്മാരെക്കൂടെ ദഹിപ്പിക്കുന്നു. (ഈ മന്ത്രം ജപിച്ചാൽ രക്ഷസ്സുകഠം ദഹിച്ചുപോകും)

7–11 അഗ്നയേരക്ഷോഘ്നേസ്വാഹായമായ
സവിത്രേവരുണായബൃഹസ്പതയേ
ദുവസ്വതേരക്ഷോഘ്നേസ്വാഹാ ।

ഈ മന്ത്രങ്ങഠം ചൊല്ലി അഗ്നിയിൽ ഹോമിക്കുന്നു. ("രക്ഷോഘ്നേ എന്നും സ്വാഹാ എന്നും എല്ലാ മന്ത്രങ്ങളിലും ചേർത്ത് ചൊല്ലണം)

രക്ഷോഘ്നേ = രക്ഷസ്സുകളെ നശിപ്പിക്കുന്ന, അഗ്നയേ = അഗ്നിയെ ഉദ്ദേശിച്ച്, സ്വാഹാ = ഞാൻ ഹോമം കഴിക്കുന്നു.

രക്ഷോഘ്നേ = രക്ഷസ്സുകളെ നശിപ്പിക്കുന്ന, യമായ = യമനെ ഉദ്ദേശിച്ച്, സ്വാഹാ = ഞാൻ ഹോമം കഴിക്കുന്നു.

രക്ഷോഘ്നേ = രക്ഷസ്സുകളെ നശിപ്പിക്കുന്ന, സവിത്രേ = സവിതാവിനെ ഉദ്ദേശിച്ച്, സ്വാഹാ = ഞാൻ ഹോമം കഴിക്കുന്നു.

രക്ഷോഘ്നേ = രക്ഷസ്സുകളെ നശിപ്പിക്കുന്ന, വരുണായ = വരുണനെ ഉദ്ദേശിച്ച്, സ്വാഹാ = ഞാൻ ഹോമം കഴിക്കുന്നു

ദുവസ്വതേ = പരിചരണത്തിനു അർഹനും, രക്ഷോഘ്നേ = രക്ഷസ്സുകളെ നശിപ്പിക്കുന്നവനും ആയ, ബൃഹസ്പതയേ = ബൃഹസ്പതിയെ ഉദ്ദേശിച്ച്, സ്വാഹാ = ഞാൻ ഹോമം കഴിക്കുന്നു. (ഈ യാഗത്തിനു മൂന്നു ചക്രം ഉള്ളതും മൂന്നു കുതിരകളാൽ നയിക്കപ്പെടുന്നതും ആയ രഥമാണു ദക്ഷിണയായി നൽകേണ്ടതു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

12 ദേവസ്യ ത്വാ സവീതുഃ പ്രസവേ∫ശ്വിനോർബാഹുഭ്യാം
പൂഷ്ണോ ഹസ്താഭ്യാം രക്ഷ സോവധംജ്ജുഹോമി
ഈ മന്ത്രംചൊല്ലി ഹോമിക്കുന്നു.

സവിതുഃ ദേവസ്യ = സർവ്വ പ്രേരകനായ ദേവൻെറ, പ്രസവേ = പ്രേരണയാൽ, അശ്വിനോഃ ബാഹുഭ്യാം = അശ്വിനിദേവന്മാരുടെ ബാഹുക്കളാലും, പൂഷ്ണഃ ഹസ്താഭ്യാം = പൂഷാ എന്ന ദേവൻെറ കൈകളാലും, രക്ഷസഃ വധം = രക്ഷസ്സുകളെ വധിക്കുന്നതിനു് വേണ്ടി, ജുഹോമി = ഞാൻ ഹോമിക്കുന്നു.

13 ഹതംരക്ഷഃ
ഈ മന്ത്രം ചൊല്ലി ധ്രുവം താഴെ വെയ്ക്കുന്നു
രക്ഷഃ ഹതം = രക്ഷസ്സുകൾ കൊല്ലപ്പെട്ടു.

14 രക്ഷഃ അവധിഷ്മ
ഈ മന്ത്രം ചൊല്ലി ഉപസ്ഥാനം ചെയ്യുന്നു.
രക്ഷഃ അവധിഷ്മ = ശേഷിച്ച രക്ഷസ്സുകളേയും ഞങ്ങൾ നശിപ്പിക്കട്ടെ.

യദ്വസ്ത്രേ തദ്ദക്ഷിണാ

യാഗാവസരത്തിൽ യജമാനൻ ധരിച്ചിരുന്ന വസ്ത്രമാണു് ഈ യാഗത്തിനു് ദക്ഷിണയായി നൽകേണ്ടതു്.

[ഈ അനുവാകത്തിൽ പറഞ്ഞ കർമ്മങ്ങൾ എല്ലാം ഒരു ദിവസം കൊണ്ടു് ചെയ്തു് തീർക്കേണ്ടവയാണു്,]

ഇതിസപ്തമോ∫നുവാകഃ

അഥഅഷ്ടമോ∫നുവാകഃ (ബ്രാഹ്മണം)

സംഹിതാ

ധാത്രേപുരോഡാശം ദ്വാദശകപാലം
നിർവപത്യനുമത്യൈചരുംരാകായൈചരും
സിനീവാല്യൈചരും കുഹ്വൈചരും മിഥുനൗ
ഗാവൗദക്ഷിണാ∫∫ഗ്നാ വൈഷ്ണവമേകാദശകപാലം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിർവപത്യൈന്ദ്രാ വൈഷ്ണവമേകാദശകപാലം
വൈഷ്ണവം ത്രികപാലം വാമനോവഹി
ദക്ഷിണാ ƒ ഗ്നിഷോമീയമേകാദശകപാലം
നിർവപതീന്ദ്രാസോമീയമേകാദശകപാലം
സൗമ്യംചരും ബഭ്രൂർദക്ഷിണാ സോമാപൗഷ്ണം
ചരും നിർവപത്യൈന്ദ്രാപൗഷ്ണംചരും പൗഷ്ണം
ചരും ശ്യാമോദക്ഷിണാ വൈശ്വാനരംദ്വാദശ-
കപാലം നിർവപതിഹിരണ്യം ദക്ഷിണാ വാരുണം
യവമയം ചരുമശ്വോദക്ഷിണാ ||

അർത്ഥം

ബ്രഹ്മാവിന്ന് പന്ത്രണ്ട് പാത്രത്തിൽ പാകം ചെയ്ത പുരോഡാശം സമർപ്പിക്കുന്നു. അനുമതിക്ക് പന്ത്രണ്ട് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സ് സമർപ്പിക്കുന്നു. രാകയെ ഉദ്ദേശിച്ച് പന്ത്രണ്ട് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സ് സമർപ്പിക്കുന്നു. സിനീവാലിക്ക് പന്ത്രണ്ട് പാത്രത്തിൽ പാകംചെയ്ത ഹവി-സ്സ് സമർപ്പിക്കുന്നു. ഒരു കാളയും ഒരു പശുവും ഈ കർമ്മത്തിനുള്ള ദക്ഷിണയാണ്. (ഈ അഞ്ചു ഹവിസ്സിനും "ദേവികാ" എന്ന നാമം ഈ കർമ്മം അനുഷ്ഠിച്ചാൽ ഒരു വർഷത്തിനകം സന്താനലാഭം ഉണ്ടാകും)

അഗ്നിയേയും വിഷ്ണുവിനേയും ഉദ്ദേശിച്ച് പതിനൊന്ന് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സ് സമർപ്പിക്കുന്നു. ഇന്ദ്രനേയും വിഷ്ണുവിനേയും ഉദ്ദേിച്ച് പതിനൊന്ന് പാത്രത്തിൽപാകം ചെയ്തഹവിസ്സ് സമർപ്പിക്കുന്നു. വിഷ്ണുവിനെ ഉദ്ദേശിച്ച് മൂന്നുപാത്രത്തിൽ പാകംചെയ്ത ഹവിസ്സ് സമർപ്പിക്കുന്നു. പൊക്കം കുറഞ്ഞതും ഭാരംവഹിക്കാൻ കഴിവുള്ളതുമായ കാളയാണ് ഇതിന്ന് ദക്ഷിണയായി നൽകേണ്ടതു്.

അഗ്നിയേയും സോമനേയും ഉദ്ദേശിച്ച് പതിനൊന്ന് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സ് സമർപ്പിക്കുന്നു. ഇന്ദ്രനേയും സോമനേയും ഉദ്ദേശിച്ച് പതിനൊന്ന് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സ് സമർപ്പിക്കുന്നു. സോമനെ ഉദ്ദേശിച്ച് ഒരു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പാത്രത്തിൽ പാകം ചെയ്ത ഹവിസ്സ് സമർപ്പിക്കുന്നു. കപിലവർണത്തിലുള്ള ഒരു കാളയാണ് ഇതിന് ദക്ഷിണയായി നൽകേണ്ടതു്.

സോമനേയും പൂഷാ എന്ന ദേവനേയും ഉദ്ദേശിച്ച് ഒരു പാത്രത്തിൽ പാകം ചെയ്ത ഹവിസ്സ് സമർപ്പിക്കുന്നു. ഇന്ദ്രനേയും പൂഷാ എന്ന ദേവനേയും ഉദ്ദേശിച്ച് ഒരു പാത്രത്തിൽ പാകം ചെയ്ത ഹവിസ്സ് സമർപ്പിക്കുന്നു. പൂഷാ എന്ന ദേവനെ ഉദ്ദേശിച്ച് ഒരു പാത്രത്തിൽ പാകം ചെയ്ത ഹവിസ്സ് സമർപ്പിക്കുന്നു. കറുത്ത കാള ആണ് ഇതിന് ദക്ഷിണയായി നൽകേണ്ടതു്.

വൈശ്വാനരൻ എന്ന അഗ്നിയെ ഉദ്ദേശിച്ച് പന്ത്രണ്ട് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സ് സമർപ്പിക്കുന്നു. സ്വർണ്ണമാണ് ഇതിന് ദക്ഷിണയായി നൽകേണ്ടതു്.

വരുണനെ ഉദ്ദേശിച്ച് യവം കൊണ്ട് ഉണ്ടാക്കിയ ഹവിസ്സ് സമർപ്പിക്കുന്നു. കുതിരയാണ് ഇതിന് ദക്ഷിണയായി നൽകേണ്ടതു്.

ഇതിഅഷ്ടമോ ഽനുവാകഃ

അഥനവമോഽനുവാകഃ (മന്ത്രബ്രാഹ്മണമിശ്രം)

സംഹിതാ

ബാർഹസ്പത്യം ചരും നിർവപതി ബ്രഹ്മണോ
ഗൃഹേ ശിതി പൃഷ്ഠോ ദക്ഷിണൈന്ദ്ര മേകാദശ
കപാലം രാജന്യസ്യ ഗൃഹ ഋഷഭോ ദക്ഷിണാഽഽദി-
ത്യം ചരും മഹി ഷ്യൈഗൃഹേ ധേനുർ ദക്ഷിണാ
നൈർഋതം ചരും പരിവൃക്ത്യൈ ഗൃഹേകൃഷ്ണാനാം
വ്രീഹീണാം നഖനിർഭിന്നം കൃഷ്ണാകൂടാ ദക്ഷിണാഽഗ്നേയ-
മഷ്ടാ കപാലം സേനാന്യോ ഗൃഹേ ഹിരണ്യം ദക്ഷിണാ
വാരുണം ദശ കപാലം സൂതസ്യ ഗൃഹേ മഹാനിരഷ്ടോ
ദക്ഷിണാ മാരുതം സപ്ത കപാലം ഗ്രാമണ്യോ ഗൃഹേ
പൃശ്നിർദക്ഷിണാ സാവിത്രം ദ്വാദശ കപാലം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്ഷത്തുർഗൃഹ ഉപധ്വസ്തോ ദക്ഷിണാffശ്വിനം
ദ്വികപാലം സംഗ്രഹിതുർഗൃഹേ സവാത്യൗ ദക്ഷിണാ
പൗഷ്ണം ചരും ഭാഗ ദുഘസ്യ ഗൃഹേ ശ്യാമോ ദക്ഷിണാ
രൗദ്രം ഗാവീധുകം ചരു മക്ഷാവാ പസ്യ ഗൃഹേ ശബല
ഉദ്വാരോ ദക്ഷിണേന്ദ്രായ സുത്രാമേ്ണ പുരോഡാശ–
മേകാദശ കപാലം പ്രതി നിർവപതീന്ദ്രായാം ഹോ–
മുചേfയം നോ രാജാ വൃത്രഹാ രാജാഭൂത്വാ വൃത്രം
വധ്യാ മൈത്രാ ബാർഹസ്പത്യം ഭവതി ശ്വേതായൈ
ശ്വേതവ ത്സായൈ ദുഗേ്ദ്ധ സ്വയം മൂർതേസ്വയം മഥിത–
ആജ്യ ആശ്വത്ഥേ പാത്രേ ചതുഃ സ്രക്തൗ സ്വയമവ–
പന്നായൈ ശാഖായൈ കർണാം ശ്ച ാകന്നാംശ്ചതണ്ഡു–
ലാൻവി ചിനുയാദ്യേ കർണാഃ സപയസി ബാർഹസ്–
പത്യോ യേf കർണാഃ സ ആജ്യേ മൈത്രഃ സ്വയം കൃതാ
വേദി ർഭവതി സ്വയംദിനം ബർഹിഃ സ്വയം കൃത
ഇധ്മഃ സൈവ ശ്വേതാ ശ്വേത വത്സാ ദക്ഷിണാ ।

(ഈ അനുവാകത്തിൽ ഒരു മന്ത്രവും ശേഷം ബ്രഹ്മണവും ആണ്.

ബ്രാഹ്മണ ഭാഗത്തിൻെറ അത്ഥം

ബ്രഹ്മാ എന്നറിയപ്പെടുന്ന പുരോഹിതൻെറ ഗൃഹത്തിൽ ബൃഹസ്പതിയെ ഉദ്ദേശിച്ച് ഹവിസ്സ് തയാറാക്കി സമപ്പി ക്കുന്നു. പൃഷ്ഠ ഭാഗത്തിൽ വെളുത്ത നിറമുള്ള കാളയെ ഈ യാഗ ത്തിൽ ദക്ഷിണയായി നൽകണം.

ക്ഷത്രിയൻെറ ഗൃഹത്തിൽ ഇന്ദ്രനെ ഉദ്ദേശിച്ച് പതി നൊന്നു പാത്രത്തിൽ പാകം ചെയ്ത ഹവിസ്സ് സമപ്പിക്കുന്നു. ഇതിനു് ഒരു കാളയാണ് ദക്ഷിണയായി നൽകേണ്ടതു്.

രാജ്ഞിയുടെ ഗൃഹത്തിൽആദിത്യനെ ഉദ്ദേശിച്ച് ഹവിസ്സ് തയാറാക്കി സമപ്പിക്കുന്നു. ഇതിനു് ഒരു പശുവിനെയാണ് ദക്ഷിണയായി നൽകേണ്ടതു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാജാവിൻെറ പ്രീതിക്കു് പാത്രമാകാത്ത രാജഭാര്യയുടെ ഗൃഹത്തിൽ നിരർതിയെ ഉദ്ദേശിച്ച് കറുത്ത ധാന്യങ്ങ നഖം കൊണ്ടു് തൊലികളഞ്ഞ അരികൊണ്ടു് ഉണ്ടാക്കിയ ഹവിസ്സ് സമപ്പിക്കുന്നു. കൊമ്പു് ഒടിഞ്ഞ ഒരു കറുത്ത പശുവിനെയാണു് ഇതിനു് ദക്ഷിണയായി നൽകേണ്ടതു്.

സേനാനായകൻെറ ഗൃഹത്തിൽ അഗ്നിയെ ഉദ്ദേശിച്ച് എട്ടു് പാത്രത്തിൽ പാകം ചെയ്ത ഹവിസ്സ് സമപ്പിക്കുന്നു, ഇതിനു് സ്വർണ്ണമാണു് ദക്ഷിണയായി നൽകേണ്ടതു്.

തേരാളിയുടെ ഗൃഹത്തിൽ വരുണനെ ഉദ്ദേശിച്ചു് പത്തു പാത്രത്തിൽ പാകം ചെയ്ത ഹവിസ്സ് സമപ്പിക്കുന്നു. സന്താനോൽപാദനശക്തി ഇല്ലാത്ത ഒരു കാള ഇതിനു് ദക്ഷിണയായി നൽകണം.

ഗ്രാമപ്രധാനിയുടെ ഗൃഹത്തിൽ വായുവിനെ ഉദ്ദേശിച്ച് ഏഴുപാത്രത്തിൽ പാകം ചെയ്ത ഹവിസ്സ് സമപ്പിക്കുന്നു. വെളുത്ത പശുവിനെയാണു് ഇതിനു് ദക്ഷിണിയായി നൽകേണ്ടതു്.

അന്തഃപുരാദ്ധ്യക്ഷൻെറ ഗൃഹത്തിൽ സവിതൃ ദേവനെ ഉദ്ദേശിച്ച് പന്ത്രണ്ടു് പാത്രത്തിൽ പാകം ചെയ്ത ഹവീസ്സ് സമപ്പിക്കുന്നു. പല നിറങ്ങളും ഉള്ള ഒരു കാള ഇതിനു് ദക്ഷിണയായി നൽകണം.

കോശാദ്ധ്യക്ഷൻെറ ഗൃഹത്തിൽ അശ്വിനീ ദേവന്മാരെ ഉദ്ദേശിച്ച രണ്ടു പാത്രത്തിൽ പാകം ചെയ്ത ഹവിസ്സ് സമർപ്പിക്കുന്നു. ഒരേ പശുവിൻെറ സന്താനങ്ങളായ രണ്ടു് കാളക്കുട്ടികള ഇതിനു് ദക്ഷിണയായി നൽകണം.

രാജാവിനു് കൊടുക്കേണ്ട കരം പിരിക്കുന്ന ആളിൻെറ വീട്ടിൽ പൂഷാ എന്ന ദേവനെ ഉദ്ദേശിച്ച്ഹവിസ്സ് തയാറാക്കി സമപ്പിക്കുന്നു. കറുത്തകാളയാണു് ഇതീനു് ദക്ഷിണയായി നൽകേണ്ടതു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദ്യൂതകാരൻെറ ഗൃഹത്തിൽ രുദ്രനെ ഉദ്ദേശിച്ച് കാട്ടുഗോതമ്പ് കൊണ്ടുണ്ടാക്കിയ ഹവിസ്സ് സമർപ്പിക്കുന്നു പല നിറങ്ങളോടുകൂടിയതും നീളമുള്ള വാലുള്ളതുമായ ഒരു കാളയാണ് ഇതിന് ദക്ഷിണയായി നൽകേണ്ടതു്.

(ഈ യാഗങ്ങൾ എല്ലാം രാജാവു് ഓരോരുത്തരുടേയും ഗൃഹങ്ങളിൽ ചെന്നു് നടത്തേണ്ടതാണ് ഇവ അനുക്രമമായി തന്നെ നടത്തണം ഒരു ദിവസം ഒരു യാഗം വേണം നടത്തേണ്ടതു്)

ഭരണത്തിൽ സാമർത്ഥ്യമുള്ള ഇന്ദ്രനെ ഉദ്ദേശിച്ച് പതിനൊന്നു് പാത്രത്തിൽ പാകം ചെയ്ത പുരോഡാശം സമർപ്പിക്കുന്നു. പാപത്തിൽ നിന്നു് മോചിപ്പിക്കുന്ന ഇന്ദ്രനെ ഉദ്ദേശിച്ച് പതിനൊന്നു് പാത്രത്തിൽ പാകംചെയ്ത പുരോഡാശം രണ്ടാമതും സമർപ്പിക്കുന്നു. (ഇതുരണ്ടും മുകളിൽ പറഞ്ഞ യാഗങ്ങൾ എല്ലാം നടത്തിയതിനു് ശേഷം രാജാവു് തൻെറ ഗൃഹത്തിൽവെച്ച് നടത്തേണ്ടതാണ്)

വെളുത്തതും വെളുത്ത കുട്ടിയോടുകൂടിയതുമായ പശുവിൻെറ പാലിൽ ആലിൻെറ ശാഖകൊണ്ടു് നിർമ്മിച്ച ചതുരാകൃതിയിലുള്ള പാത്രത്തിൽ തൈരു് യോജിപ്പിക്കാതെതന്നെ തയിരായിത്തീർന്നതയിരിലും സ്വയം മഥിതമായ നെയ്യിലും, മിത്രനേയും ബൃഹസ്പതിയേയും ഉദ്ദേശിച്ച് ഹവിസ്സ്തയാറാകുന്നു. അരിമുറിഞ്ഞതും മുറിയാത്തതും വേർതിരിച്ചെടുക്കുന്നു മുറിഞ്ഞ അരി പാലിൽപാകം ചെയ്തതു് ബൃഹസ്പതിക്കു് വേണ്ടിയുള്ളതാണ്. മുറിയാത്ത അരിനെയ്യിൽ പാകംചെയ്തതു് മിത്രനുള്ളതാണ്. ഈ യാഗത്തിനുള്ള വേദി ശസ്ത്രേനിയമമോ മന്ത്രോച്ചാരണമോ ഇല്ലാതെ സ്വയം നിർമ്മിക്കപ്പെട്ടതാണ്. ദർഭയും മന്ത്രോച്ചാരണം ഇല്ലാതെ തന്നെ മുറിച്ച് എടുക്കേണ്ടതാണ്. ഹോമത്തിനു് ആവശ്യം ഉള്ള വിറകും മന്ത്രോച്ചാരണം ഇല്ലാതെതന്നെ ശേഖരിക്കേണ്ടതാണ്. വെളുത്തതും വെളുത്ത കുട്ടിയോടുകൂടിയതുമായ ആ പശുവിനെത്തന്നെയാണ് (ഏതു പശുവിൻെറ പാൽ ആണോ യാഗത്തിനു് ഉപയോഗിച്ചതു് ആ പശു) ഈ യാഗത്തിനു് ദക്ഷിണയായി നൽകേണ്ടതു്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മന്ത്രം 1

അയം നോ രാജാവൃവൃത്രഹാഭ്രതാവൃത്രംവധ്യാത്

ഇതിന്ന് മുൻപിൽ ഈ അനുവാകത്തിൽ പറഞ്ഞ എല്ലാ യാഗങ്ങളിലും ഹവിസ്സ് ഹോമിച്ചതിന്ന് ശേഷം അധ്വർയ്യു ഓരോ സ്ഥലത്തും ഈ മന്ത്രം മൂന്ന് പ്രാവശ്യം ജപിക്കണം.

അർത്ഥം

നഃ = ഞങ്ങളുടെ, അയം രാജാ = ഈ രാജാവ്, വൃത്രഹാ രാജാ ഭ്രതാ = ഇന്ദ്രന്ന് തുല്യനായ രാജാവായിത്തീൎന്ന്, വൃത്രം വധ്യാത് = ശത്രുക്കളെ കൊല്ലട്ടെ.

ഇതിനവമോഽനുവാകഃ

അഥദശമോഽനുവാകഃ (മന്ത്രബ്രാഹ്മണമിശ്രം)

സംഹിതാ

അഗ്നയേ ഗൃഹപതയേ പുരോഡാശമഷ്ടാകപാലം
നിർവപതി കൃഷ്ണാനാം വ്രീഹീണാം സോമായ
വനസ്പതയേ ശ്യാമാകം ചരും സവിത്രേ
സത്യപ്രസവായ പുരോഡാശം ദ്വാദശകപാല-
മാശുനാം വ്രീഹീണാം രുദ്രായ പശുപതയേ
ഗാവീധുകം ചരും ബൃഹസ്പതയേ വാചസ്പതയേ
നൈവാരം ചരുമിന്ദ്രായ ജ്യേഷ്ഠായ പുരോഡാശ-
മേകാദശകപാലം മഹാവ്രീഹീണാം മിത്രായ
സത്യായാഽബാനാം ചരുംവരുണായ ധർമപതയേ
യവമയംചരും സവിതാത്വാപ്രസവാനാം സുവതാ-
മഗ്നിർഗൃഹപതീനാം സോമോവനസ്പതീനാംരുദ്രഃ
പശുനാം ബൃഹസ്പതിർവാചാമിന്ദ്രോജ്യേഷ്ഠാനാം
മിത്രഃസത്യാനാം വരുണോധർമപതീനാംയേദേവാ
ദേവസുവഃസ്ഥതഇമമാമുഷ്യായണമനമിത്രായ
സുവധ്വം മഹതേക്ഷത്രായമഹതആധിപത്യായ
മഹതേജാനരാജ്യായൈഷവോഭരതാരാജാ
സോമോഽസ്മാകംബ്രാഹ്മണാനാം രാജാ പ്രതിത്യന്നാമ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാജ്യമധായിസ്വാം തന്ദവംവരുണോഅശിശ്രേ-
ച്ഛരൂചേർമിത്രസ്യവ്രത്യാഅഭ്രമാമന്മഹിമഹത
ഋതസ്യനാമസർവേവ്രാതാ വരുണസ്യാഭ്രുവൻവി
മിത്രഏവൈരരാതിമതാരീദസൂഷ്ദന്തയജ്ഞിയാ
ഋതേനവ്യത്രിതോജരിമാണംന ആനഡ്വിഷ്ണോഃ
ക്രമോƒസിവിഷ്ണോഃക്രാന്തമസിവിഷ്ണോർവിക്രാന്തമസി॥
(അനുവാകത്തിൻെറ ആരംഭം മുതൽ "യവമയംചരും"
എന്നതുവരെ ബ്രാഹ്മണം അതിനു് ശേഷം മന്ത്രം)

ബ്രാഹ്മണ ഭാഗത്തിൻെ അത്ഥം

(പുരോഹിതൻ സ്വഗൃഹത്തിൽ നടത്തേണ്ട ചിലയാഗങ്ങളാണു് ഇവിടെ വിവരിക്കുന്നതു്)

ഗൃഹപതിയായ അഗ്നിക്കു് കറുത്ത ധാന്യംകൊണ്ടു് എട്ടു പാത്രത്തിൽ പാകം ചെയ്ത പുരോഡാശം സമപ്പിക്കുന്നു. വനങ്ങളുടെ അധിപതിയായ സോമനു് ശ്യാമാക ധാന്യംകൊണ്ടു് ഉണ്ടാക്കിയ ഹവിസ്സു് സമപ്പിക്കുന്നു. യജമാനൻെറ അഭിലാഷം സഫലമാക്കുന്നസവിതൃദേവനു് വേഗത്തിൽ വിളയുന്ന ധാന്യം കൊണ്ടു് പന്ത്രണ്ടു പാത്രത്തിൽ പാകം ചെയ്ത പുരോഡാശം സമപ്പിക്കുന്നു പശുപതിയായ രുദ്രനു് ഗാവീധുകം കൊണ്ടുണ്ടാക്കിയ ഹവിസ്സു് സമപ്പിക്കുന്നു. വാക്പതിയായ ബൃഹസ്പതിക്കു് നീവാരംകൊണ്ടു് ഉണ്ടാക്കിയ ഹവിസ്സു് സമപ്പിക്കുന്നു. ശ്രേഷ്ഠനായ ഇന്ദ്രനു് വലിയ ധാന്യങ്ങാം പതിനൊന്നു് പാത്രത്തിൽ പാകം ചെയ്ത പുരോഡാശം സമപ്പിക്കുന്നു. സത്യരൂപനായ മിത്രനു് അംബ എന്ന ധാന്യം കൊണ്ടു് ഉണ്ടാക്കിയ ഹവിസ്സു് സമപ്പിക്കുന്നു. ധർമത്തിൻെറ അധിപതിയായ വരുണനു് യവം കൊണ്ടു് ഉണ്ടാക്കിയ ഹവിസ്സു് സമപ്പിക്കുന്നു.

മന്ത്രഭാഗത്തിൻെറ പദച്ഛേദം

സവിതാ ത്വാ പ്രസവാനാം സുവതാം അഗ്നിഃ ഗൃഹപതീനാം സോമഃ വനസ്പതീനാം രുദ്രഃ പശൂനാം ബൃഹസ്പതിഃ വാചാം ഇന്ദ്രഃ ജ്യേഷ്ഠാനാം മിത്രഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സത്യാനാം വരുണഃ ധർമപതീനാം യേ ദേവാഃ ദേവസുവഃ സ്ഥ തേ ഇമം ആമുഷ്യായണം അനമിത്രായ സുവധ്വം മഹതേ ക്ഷത്രായ മഹതേ ആധിപത്യായ മഹതേ ജാനരാജ്യായ ഏഷഃ വഃ ഭരതാഃ രാജാ സോമഃ അസ്മാകം ബ്രാഹ്മണാനാം രാജാ പ്രതി ത്വത് നാമ രാജ്യം അധായി സ്വാം തനുവം വരുണഃ അശിശ്രേത് ശുചേഃ മിത്രസ്യ വ്രത്യാഃ അഭൂമ അമന്മഹി മഹതഃ ഋതസ്യ നാമ സർവ്വേ വ്രാതാഃ വരുണസ്യ അഭൂവൻ വി മിത്രഃ ഏവൈഃ അരാതിം അതാരീത് അസൂഷുദന്ത യജ്ഞിയാഃ ഋതേന വി ഉ ത്രിതഃ ജരിമാണം നഃ ആനട് വിഷ്ണോഃ ക്രമഃ അസി വിഷ്ണോഃ ക്രാന്തം അസി വിഷ്ണോഃ വിക്രാന്തം അസി ||

മന്ത്രവും വിനിയോഗവും അർത്ഥവും

1 സവിതാ ത്വാ പ്രസവാനാം സുവതാമഗ്നി ർഗൃഹപതീനാം
സോമോ വനസ്പതിനാം രുദ്രഃ പശൂനാം ബൃഹസ്പതി-
ർവാചാമിന്ദ്രോ ജ്യേഷ്ഠാനാം മിത്രഃസത്യാനാം
വരുണോധർമപതീനാം യേദേവാ ദേവസുവഃ
സ്ഥ ത ഇമ മാമുഷ്യാ യണ മനമിത്രായ
സുവധ്വം മഹതേ ക്ഷത്രായ മഹത ആധിപത്യായ
മഹതേ ജാനരാജ്യായ |

ഈ മന്ത്രം ചൊല്ലി ബ്രഹ്മാ എന്ന പുരോഹിതൻ യജമാനന്റെ ഹസ്തം ഗ്രഹിക്കുന്നു.

ഹേ യജമാന ! സവിതാ = സവിതൃദേവൻ, ത്വാ = നിന്നെ, പ്രസവാനാം = ഐശ്വര്യകരങ്ങളായ പ്രവൃത്തി ചെയ്യുന്നതിന്, സുവതാം = അനുമതിനൽകട്ടെ അഗ്നിഃ അഗ്നിഭഗവാൻ, ത്വാ = നിന്നെ, ഗൃഹപതീനാം സുവതു = ഗൃഹപതിയാകാൻ അനുവദിക്കട്ടെ. സോമഃ = സോമൻ, ത്വാ = നിന്നെ, വനസ്പതീനാം സുവത = വനങ്ങളുടെ അധിപതിയാകാൻ അനുവദിക്കട്ടെ. രുദ്രഃ = രുദ്രൻ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്വാ = നിന്നെ, പശൂനാം സുവതു = പശുക്കളുടെ അധീപതിയാകാൻ അനുവദിക്കട്ടെ. ബൃഹസ്പതിഃ = ബൃഹസ്പതി, ത്വാ = നിന്നെ വാചാം = സുവതു = വാക്കുകളുടെ അധിപതിയാകാൻ അനുവദിക്കട്ടെ. ഇന്ദ്രഃ = ഇന്ദ്രൻ, ത്വാ = നിന്നെ, ജ്യേഷ്ഠാനാം സുവതു = ശ്രേഷ്ഠരായ ആളുകളുടെ അധിപതി ആകാൻ അനുവദിക്കട്ടെ മിത്രഃ = മിത്രൻ, ത്വാ = നിന്നെ, സത്യാനാം സുവതു = സത്യത്തിൻെറ അധിപതി ആകാൻ അനുവദിക്കട്ടെ. വരുണഃ = വരുണൻ, ത്വാ നിന്നെ, ധർമപതീനാം = സുവതു = ധർമപതി ആകാൻ അനുവദിക്കട്ടെ. ദേവസുവഃ = യജമാനനെ യാഗത്തിനു് പ്രേരിപ്പിക്കുന്ന, യേ ദേവാഃ സ്ഥ = യാതൊരു ദേവന്മാരുണ്ടോ തേ, യൂയം = ആ ദേവന്മാരായ നിങ്ങൾ, ഇമം ആമുഷ്യായണം = ഈ യജമാനനെ, അനമിത്രായ സുവധ്വം = ശത്രുക്കൾ ഇല്ലാത്തവനാക്കുവിൻ, മഹതേക്ഷത്രായ = വലിയ രാജ്യാധിപത്യത്തിനും, മഹതേ ആധിപത്യായ = വലിയ ആധിപത്യത്തിനും, മഹതേജാനരാജ്യായ = വലിയ സാമ്രാജ്യാധിപത്യത്തിനും, സുവധ്വം = അർഹതയുള്ളവനാക്കുവിൻ.

2 ഏഷവോഭരതാരാജാ

ഈ മന്ത്രം പുരോഹിതൻ സദസ്യരെ നോക്കിചൊല്ലുന്നു. ഹേ ഭരതാഃ ! = അല്ലയോജനങ്ങളെ ! ഏഷഃ = ഈ യജമാനൻ, വഃരാജാ = നിങ്ങളുടെ രാജാവാകുന്നു.

3 സോമോ ƒസ്മാകം ബ്രാഹ്മണാനാം രാജാ

ഈ മന്ത്രം ബ്രഹ്മാ എന്നറിയപ്പെടുന്ന പുരോഹിതൻ ചൊല്ലുന്നു.

ബ്രാഹ്മണാനാം അസ്മാകം = ബ്രാഹ്മണരായ ഞങ്ങളുടെ, രാജാ = രാജാവു്, സോമഃ = സോമനാണു്.

4-5 പ്രതിത്വന്നാമരാജ്യമധായി സ്വാംതനുവം
വരുണോഅശിശ്രേച്ഛൂചേർമിത്രസ്യപ്രത്യാ
അഭൂമമന്മഹിമഹതശ്ശ്തസ്യനാമസർവ്വേ
വ്രാതാവരുണസ്യാഭൂവൻ വിമിത്രഏവൈ-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രരാതിമതാരിദസൂഷദന്തയജ്ഞിയാ
ഋതേനവ്യൂത്രിതോജരിമാണംനആനട്.

ഈ മന്ത്രം ചൊല്ലി യജമാനൻ മുഖം തുടസ്സുന്നു.

ത്യദ്രാജ്യം നാമ = മഹത്തായ ആധിപത്യത്തോടുകൂടിയ ആ വലിയ സാമ്രിജ്യം യജമാനനു് അധീനമാകത്തക്ക വിധത്തിൽ, പ്രതി അധായി = വരുണനാൽ പ്രതിഷ്ഠിക്കപ്പെട്ടു. വരുണഃ = വരുണൻ, സ്വാംതന്വം = തന്റെ ശരീരത്തെ, അശിശ്രേത് = ആശ്രയിച്ചു. വയം അപി = ഞങ്ങളും, ശുചേഃ = ശുചിയായ, മിത്രസ്യ = മിത്രന്റെ ആജ്ഞയാൽ, വ്രത്യാഃ അഭൂമ = കർമ്മാനുഷ്ഠാനത്തിനു് അർഹരായിത്തീരട്ടെ, വയം = ഞങ്ങൾ, മഹതഃ ഋതസ്യ = വലിയയാഗം, നാമ അമന്മഹി = നടത്തണമെന്നു് ആഗ്രഹിക്കാൻ ഇടയാകട്ടെ. സർവ്വേ = എല്ലാ ഋത്വിക്കുകളും, വരുണസ്യ = വരുണന്റെ അനുജ്ഞയാൽ, വ്രാതാഃ ഭൂവൻ = യാഗാദികർമ്മങ്ങൾക്കു് അർഹരായിത്തീരട്ടെ. മിത്രഃ = മിത്രൻ, ഏവൈഃ = ഞങ്ങളുടെ, വൈരിണം = ശത്രുക്കളെ, അതാരീത് = കീഴടക്കട്ടെ. യജ്ഞിയാഃ = ഋത്വിക്കുകൾ, ഋതേന = യാഗത്താൽ, അസൂഷുദന്ത = രക്ഷിക്കപ്പെട്ടവരാണു്. ത്രിതഃ = അഗ്നി, നഃ = ഞങ്ങൾക്കു്, ജരിമാണം = ജരകൊണ്ടു് ഉണ്ടാകാവുന്ന ബലക്ഷയത്തെ. വ്യൂആനട് ഇല്ലാതാക്കി ഞങ്ങൾക്കു് ദീർഘായുസ്സ് നൽകട്ടെ.

6–8 വിഷ്ണോഃ ക്രമോഽസി വിഷ്ണോഃ ക്രാന്തമസി
വിഷ്ണോർ വിക്രാന്തമസീ

ഈ മന്ത്രം ചൊല്ലിക്കൊണ്ടു് കിഴക്കോട്ടു് മൂന്നു ചുവടു് നടക്കുന്നു.

വിഷ്ണോഃ ക്രമഃ അസി = നീ വിഷ്ണുവിന്റെ ആദ്യത്തെ ചുവടു് വെയ്പാകുന്നു. വിഷ്ണോഃ ക്രാന്തം അസി = നീ വിഷ്ണുവിന്റെ രണ്ടാമത്തെ ചുവടു് വെയ്പാകുന്നു. വിഷ്ണോഃ വിക്രാന്തം അസി = നീ വിഷ്ണുവിന്റെ മൂന്നാമത്തെ ചുവടു് വെയ്പാകുന്നു.

ഇതിദശമമാഽനുവാകഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഥഏകാദശോ ƒനുവാകഃ (മന്ത്രം)

സംഹിതാ

അർഥേതഃ സ്ഥാപാംപതിര സി വൃഷാസ്യൂർമി
ർവൃഷസേനോƒസി വ്രജ ക്ഷിതഃ സ്ഥമരുതാമോജഃസ്ഥ
സൂർയവർചസഃ സ്ഥ സൂർയത്വചസഃസ്ഥ മാന്ദാഃ സ്ഥ
വാശാഃ സ്ഥ ശക്കരിഃ സ്ഥ വിശ്വഭൃതഃ സ്ഥ
ജനഭൃതഃ സ്ഥാഗ്നേസ്തേജസ്യാഃ സ്ഥാപാ-
മോഷധീനാം രസഃ സ്ഥാപോ ദേവീ ർമധു-
മതീര ഗൃഹ്ണ ന്നൂ ർജസ്വതീ രാജ സൂയായ ചിതാനാഃ ।
യാഭിർമിത്രാ വരുണാ വഭ്യഷിഞ്ചൻ യാഭിരിന്ദ്ര-
മനയന്നത്യരാതീഃ। രാഷ്ട്രം ദത്ത
സ്വാഹാ । രാഷ്ട്രദാഃ സ്ഥ രാഷ്ട്ര മമുഷ്മൈ ദത്ത ॥

പദച്ഛേദം

അർഥേതഃ സ്ഥ അപാം പതിഃ അസി വൃഷാ
അസി ഊർമിഃ വൃഷസേനഃ അസി വ്രജക്ഷിതഃ
സ്ഥ മരുതാം ഓജഃ സ്ഥ സൂർയവർചസഃ
സ്ഥ മാന്ദാഃ സ്ഥ വാശാഃ സ്ഥ ശക്കരീഃ സ്ഥ
വിശ്വഭൃതഃ സ്ഥ ജനഭൃതഃ അഗ്നേഃ തേജസ്യാഃ
സ്ഥ അപാം ഓഷധീനാം രസഃ സ്ഥ ആപഃ
ദേവീഃ മധുമതീഃ അഗൃഹ്ണൻ ഊർജസ്വതീഃ രാജ-
സൂയായ ചിതാനാഃ യാഭിഃ മിത്രാവരുണൗ അഭി
അഷിഞ്ചൻ യാഭിഃ ഇന്ദ്രം അനയൻ അതി അരാതീഃ
രാഷ്ട്രദാഃ സ്ഥ രാഷ്ട്രം അമുഷ്മൈ ദത്ത ॥

വിനിയോഗം

അഭിഷേകത്തിനു് ജലം സ്വീകരിക്കുമ്പോഴും ഹോമം കഴിക്കാനും ഈ മന്ത്രം ചൊല്ലുന്നു. അഭിഷേകത്തിനു് പല തരത്തിലുള്ള ജലാശയങ്ങളിൽ നിന്നു് ജലം സ്വീകരിക്കുന്നു. ജലം എടുത്തതിനു് ശേഷം അതേ മന്ത്രം ചൊല്ലി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹോമം കഴിക്കുന്ന ഹോമം കഴിക്കുമ്പോൾ "സ്വാഹാ" എന്നു കൂടി ചേർക്കണം.

അർത്ഥം

1 ഹേ സരസ്വത്യഃ ആപഃ! = അല്ലയോ സരസ്വതി നദിയിലുള്ള ജലമെ! യൂയം = നിങ്ങൾ, അർഥേതഃ സ്ഥ = പ്രയോജനം ഉദ്ദേശിച്ച് ഗമിക്കുന്നവരാകുന്നു.

2 അല്ലയോ സമുദ്രമേ! ത്വം അപാം പതിഃ അസി = നീ ജലത്തിന്റെ അധിപതിയാകുന്നു.

3 ഹേ പ്രതീപോർമി ! ത്വം = നീ, വൃഷാ = എല്ലാ പദാർത്ഥങ്ങളേയും നനയ്ക്കുന്ന, ഊർമിഃ അസി = തരംഗമാകുന്നു (പ്രതിപോർമി = വക്രഗതിയിലുള്ള തിരമാല)

4 ഹേ അനപീപോർമി ! ത്വം = നീ, വൃഷസേനഃ അസി = ജല രൂപമായ സേനയോടുകൂടിയവനാകുന്നു (അനപീപോർമി = നേരെയുള്ള തിരമാല)

5 അല്ലയോ കൂപജലമേ ! യൂയം = നിങ്ങൾ, വ്രജക്ഷിതഃ സ്ഥ = കിണററിൽ വസിക്കുന്നവരാകുന്നു.

6 വായുപ്രതിഹതമായ ജലമെ ! യൂയം = നിങ്ങൾ മരുതാം = വായുവിന്റെ, ഓജഃസ്ഥ = ബലംആകുന്നു.

7 വേനൽക്കാലത്തിലുണ്ടാകുന്ന മഴവെള്ളമെ ! യൂയം = നിങ്ങൾ, സൂർയവർചസഃസ്ഥ = സൂർയനെപ്പോലെ തേജസ്സ് ഉള്ളവരാകുന്നു.

8 സൂര്യ്യബിംബത്തിന്റെ ഛായ കാണുന്ന ജലാശയത്തിലുള്ള ജലമെ ! യൂയം = നിങ്ങൾ, സൂർയത്വചസഃസ്ഥ = സൂർയ്യന്റെ പ്രതിബിംബം ധരിക്കുന്നവരാകുന്നു.

9 പ്രവാഹം ഇല്ലാത്തജലാശയത്തിലെ ജലമെ ! യൂയം = നിങ്ങൾ, മാന്ദാഃസ്ഥ = ഗതിമാന്ദ്യം ഉള്ളവരാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

10 അല്ലയോ ഹിമജലമെ ! യൂയം = നിങ്ങൾ, വാശാഃസ്ഥ = ഞങ്ങൾക്കുവശവർത്തികളായി ഭവിക്കുക.

11 ഹേഗവോൽബജലമെ ! യൂയം = നിങ്ങൾ, ശക്വരീഃസ്ഥ =ഗർഭരക്ഷണത്തിന് ശക്തിയുള്ളവരായിഭവിക്കുക.

12 ക്ഷീരത്തിലുള്ള ജലമെ ! യൂയം = നിങ്ങൾ, വിശ്വഭൃതഃസ്ഥ = ലോകത്തെ രക്ഷിക്കുന്നവരാകുന്നു.

13 ദധിയിലുള്ള ജലമെ ! യൂയം = നിങ്ങൾ, ജനഭൃതഃസ്ഥ = ജനങ്ങളെ രക്ഷിക്കുന്നവരാകുന്നു.

14 നെയ്യിലുള്ള ജലമെ ! യൂയം = നിങ്ങൾ, അഗ്നേഃ = അഗ്നിയുടെ, തേജസ്യാഃസ്ഥ = തേജസ്സായിത്തിരുന്നവരാണ്.

15 മധുവിലുള്ള ജലമെ ! യൂയം = നിങ്ങൾ, അപാം = ജലത്തിൻേറയും, ഓഷധീനാം = ഓഷധികളുടേയും, രസഃസ്ഥ = രസം ആകുന്നു.

(ഈ പതിനഞ്ചു മന്ത്രങ്ങളിൽ എല്ലാ മന്ത്രങ്ങളുടെ ഒടുവിലും|| ആപോദേവീർമധുമതീരഗൃഹ്ണൻ

ഉർജസ്വതീഃ രാജസൂയായചിതാനാഃ |
യാഭിർമിത്രാവരുണാവഭ്യഷിഞ്ചൻ
യാഭിരിന്ദ്രമനയന്നത്യരാതീഃ |

രാഷ്ട്രദാഃസ്ഥരാഷ്ട്രമമുഷ്മൈ ദത്ത |'' എന്ന മന്ത്രഭാഗം ചേർക്കണം.[ഇതിൻെറ അർത്ഥം

രാജസൂയായ = രാജസൂയയാഗത്തിന് വേണ്ടി, ചിതാനാഃ = ആലോചിച്ച് കൊണ്ടിരിക്കുന്ന ഋത്വിക്കുകൾ, ദേവിഃ = പ്രകാശമുള്ളതും, മധുമതീഃ = മധുരരസമുള്ളതും, ഉർജസ്വതിഃ = ബലപ്രദവുമായ, ആപഃ = ജലം, ആഗൃഹ്ണൻ = സ്വീകരിച്ചു. യാഭിഃ = യാതൊരു ജലത്താൽ, മിത്രാവരുണൗ = മിത്രാവരുണന്മാരെ, അഭ്യഷിഞ്ചൻ =

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഭിഷേകം ചെയ്തുവോ, യാഭിഃ = യാതൊരു ജലത്താൽ, ഇന്ദ്രം = ഇന്ദ്രനെ, അത്യരാതീഃ അനയത് = ശത്രുക്കളെ ജയിക്കുന്നവനാക്കിയോ അപ്രകാരമുള്ള ജലം സ്വീകരിച്ചു. ഹേ ആപഃ ! അല്ലയോ ജലമെ ! യൂയം = നിങ്ങൾ, രാഷ്ട്രദാഃ സ്ഥ = യജമാനന്ന് രാജ്യം നൽകാൻ സമർത്ഥരാണ്. രാഷ്ട്രം ദത്ത = യജമാനന്ന് രാജ്യത്തിൻെറ ആധിപത്യം നൽകിയാലും. സ്വാഹാ = ഞാൻ ഹോമിക്കുന്നു. (മാറോ മന്ത്രവും ചൊല്ലി ജലം പാത്രത്തിൽ എടുക്കുകയും വീണ്ടും മന്ത്രം ആവർത്തിച്ച് ചൊല്ലി ജലാശയത്തിൽ നെയ് ഹോമിക്കുകയും ചെയ്യുന്നു.)

ഇതി ഏകാദശോഽനുവാകഃ

അഥദ്വാദശോഽനുവാകഃ (മന്ത്രം)

സംഹിതാ

ദേവീരാപഃ സം മധുമതീർമധുമതീഭിഃ സൃജ്യധ്വം
മഹിവർചഃ ക്ഷത്രിയായ വന്വാനാഅനാധൃഷ്ടാഃ
സീദതോർജസ്വതീർമഹിവർചഃ ക്ഷത്രിയായ ദധതീ-
ര നിഭൃഷ്ടമസി വാചോ ബന്ധുസ്ത പോജാഃ സോമസ്യ
ദാത്രമസി ശുക്രാവഃ ശുക്രേണോത്പുനാമി ചന്ദ്രാ-
ശ്ചന്ദ്രേണാ മൃതാ അമൃതേന സ്വാഹാ രാജ സൂയായ
ചിതാനാഃ। സധ മാദോദ്യുമ്നി നീരുർജ ഏതാ
അനിഭൃഷ്ടാ അപസ്യുവോ വസാനഃ । പസ്ത്യാസു
ചക്രേ വരുണഃ സധ സ്ഥ മപാം ശിശുഃ മാതൃ-
ത മാസ്വന്തഃ । ക്ഷത്രസ്യോൽ ബമസി ക്ഷത്രസ്യ
യോനിരസ്യാ വിന്നോ അഗ്നി ർഗൃഹപതീരാവിന്ന ഇന്ദ്രോ
വൃദ്ധ ശ്രവാ ആവിന്നഃ പൂഷാ വിശ്വവേദാ ആവി ന്നൗ
മിത്രാവരുണാ വൃതാ വൃധാവാ വിന്നേദ്യാവാ പൃഥിവീ
ധൃത വ്രതേ ആവിന്നാദേ വ്യദിതി ർവിശ്വരൂപ്യാ-
വിന്നോഽയമാസാവാ മുഷ്യായണോഽസ്യാം വിശ്യ-
സ്മിൻ രാഷ്ട്രേ മഹതേ ക്ഷത്രായ മഹത ആധിപത്യായ
മഹതേ ജാനരാജ്യായൈഷവോ ഭരതാ രാജാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സോമോഽസ്മാകം ബ്രാഹ്മണാനാം രാജേന്ദ്രസ്യ
വജ്രോഽസി വാർത്രഘ്നസ്ത്വയാഽയം വൃത്രം വധ്യാ-
ച്ഛത്രു ബാധനാഃ സ്ഥ പാതമാ പ്രത്യഞ്ചം പാത
മാതിർയഞ്ച മന്വഞ്ചം മാപാത ദിഗ്ഭ്യോമാപാത
വിശ്വാഭ്യോ മാനാഷ്ട്രാഭ്യഃ പാത ഹിരണ്യ വർണാ-
വുഷസാം വിരോകേഽയഃ സ്ഥൂ ണാവുദിതൗ സൂർയ-
സ്യാഽഽരോഹതം വരുണ മിത്രഗർതം തത ശ്ച ക്ഷാഥാ
മദിതിം ദിതിംച ॥

പദച്ഛേദം

ദേവീഃ ആപഃ സം മധുമതീഭിഃ സൃജ്യധ്വം മഹി
വർചഃ ക്ഷത്രിയായ വന്വാനാഃ അനാധൃഷ്ടാഃ സീദത
ഊർജസ്വതീഃ മഹി വർചഃ ക്ഷത്രിയായ ദധതീഃ അനി-
ഭൃഷ്ടം അസി വാചഃ ബന്ധുഃ തപോജാഃ സോമസ്യ
ദാത്രം അസി ശുക്രാഃ വഃ ശുക്രേണ ഉത് പുനാമി
ചന്ദ്രാഃ ചന്ദ്രേണ അമൃതാഃ അമൃതേന സ്വാഹാ
രാജസൂയായ ചിതാനാഃ സധമാദഃ ദ്യുമ്നിനീഃ
ഊർജഃ ഏതാഃ അനിഭൃഷ്ടാഃ അപസ്യുവഃ വസാനഃ
പസ്ത്യാസു ചക്രേ വരുണഃ സധസ്ഥം അപാം
ശിശ്രുഃ മാതൃതമാസു അന്തഃ ക്ഷത്രസ്യ ഉൽബം
അസി ക്ഷത്രസ്യ യോനിഃ അസി ആവിന്നഃ
അഗ്നിഃ ഗൃഹപതിഃ ആവിന്നഃ ഇന്ദ്രഃ വൃദ്ധശ്രവാഃ
ആവിന്നഃ പൂഷാ വിശ്വവേദാഃ ആവിന്നൗ മിത്രാവ-
രുണൗ ഋതാവൃധൗ ആവിന്നേ ദ്യാവാപൃഥിവി ധൃത-
വ്രതേ ആവിന്നാ ദേവീ അദിതിഃ വിശ്വരൂപാ
ആവിന്നഃ അയം അസൗ ആമുഷ്യായണഃ അസ്യാം
വിശി അസ്മിൻ രാഷ്ട്രേ മഹതേ ക്ഷത്രായ
മഹതേ ആധിപത്യായ മഹതേ ജാനരാജ്യായ ഏഷഃ
വഃ ഭരതാഃ രാജാ സോമഃ അസ്മാകം ബ്രാഹ്മ-
ണാനാം രാജാ ഇന്ദ്രസ്യ വജ്രഃ അസി ത്വയാ
അയം വൃത്രം വധ്യാത് ശത്രുബാധനാഃ സ്ഥ പാത
മാ പ്രത്യഞ്ചം പാത മാ തിർയഞ്ചം അന്വഞ്ചം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാ പാത ദിഗ്ഭ്യഃ മാ പാത വിശ്വാഭ്യഃ മാ നാഷ്ട്രാഭ്യഃ പാത ഹിരണ്യവർണൗ ഉഷസാം വിരോകേ അയഃ സ്ഥൂണൗ ഉദിതൗ സൂർയസ്യ ആ രോഹതം വരുണ മിത്ര ഗർതം തതഃ ചക്ഷാഥാം അദിതിം ദിതിം ച ॥

മന്ത്രവും വിനിയോഗവും അർത്ഥവും

1 ദേവീരാപഃസംമധുമതീർമധുമതീഭിഃസൃജ്യധ്വം
മഹിവർചഃക്ഷത്രിയായവന്വാനാഃ ।

ആററുവഞ്ചികൊണ്ടു് കുടത്തിൻെറ ആകൃതിയിൽ ഉണ്ടാക്കിയ ഒരു പാത്രത്തിൽ അഭിഷകത്തിനു് എടുത്തുവെച്ചിരിക്കുന്ന വെള്ളം ഈ മന്ത്രം ചൊല്ലി ഒഴിക്കുന്നു.

ദേവീഃ ആപഃ ! = പ്രകാശമുള്ള അല്ലയോ ജലമേ ! മധുമതീഃ = രധുരരസമുള്ള നിങ്ങൾ, ക്ഷത്രിയായ = രാജാവിനു്, മഹിവർചഃ = വലിയ തേജസ്സു്, വന്വാനാഃ ഉണ്ടാക്കുന്നവരായി, മധുമതീഭിഃ സഹ = മധുരരസമുള്ള ജലവുമായി, സംസൃജ്യധ്വം = യോജിച്ചാലും.

2 അനാധൃഷ്ടാഃ സീദതോർജസ്വതീർമഹിവർചഃ
ക്ഷത്രിയായദ ധതീഃ ।

അഭിഷേകത്തിനുള്ള ജലം ഈ മന്ത്രം ചൊല്ലി നേതാവു് ബ്രാഹ്മണാച്ഛംസീ എന്നീ ഋത്വിക്കുകൾ ഇരിക്കുന്ന സ്ഥലത്തിനു് മദ്ധ്യേവയ്ക്കുന്നു.

ഹേ ആപഃ ! = അല്ലയോ ജലമെ ! നിങ്ങൾ ക്ഷത്രിയായ രാജാവിനു്, മഹിവർചഃ = വലിയ തേജസ്സു്, ദധതീഃ = ഉണ്ടാക്കിക്കൊടുക്കുന്നവരായും, അനാധൃഷ്ടാഃ = മററുള്ളവരാൽ തിരസ്കരിക്കപ്പെടാത്തവരായും, ഊർജസ്വതീഃ = ബലത്തോടുകൂടിയവരായും, സിദത = സ്ഥിതിചെയ്യുക.

3 അനിഭൃഷ്ടമസിവാചോബന്ധുസ്തപോജാ
സോമസ്യദാത്രമസി ।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈ മന്ത്രംചൊല്ലി അഭിഷേകത്തിന്ന് തയാറാക്കിവെച്ചിരിക്കുന്ന ജലത്തിൽ സ്വർണ്ണം ഇടുന്നു.

ഹേ ഹിരണ്യ ! ത്വം = നീ, അനിഭൃഷ്ടം അസി = അഗ്നിയിൽ ഇട്ടാലും ദഹിക്കുന്നില്ല. വാചഃ ബന്ധുഃ അസി = നീ വാക്കിന്ന് ബന്ധു ആകുന്നു. തപോജാ അസി = അഗ്നിയിൽ നിന്നുണ്ടായതാകുന്നു. സോമസ്യ ദാത്രം അസി = സോമലത വാങ്ങിക്കാനുള്ള ദ്രവ്യം ആകുന്നു.

4 ശുക്രാവഃ ശുക്രേണോ ത്പുനാമിചന്ദ്രാശ്ചന്ദ്രേണ
അമൃതാ അമൃതേന സ്വാഹാ രാജ സൂയായ ചിതാനാഃ।

അഭിഷേകത്തിനുള്ള ജലത്തെ അഭിസംബോധന ചെയ്തു കൊണ്ട് ഈ മന്ത്രം ചൊല്ലുന്നു.

ഹേ ആപഃ! = അല്ലയോ ജലമെ! ശുക്രാഃ വഃ = പ്രകാശമുള്ള നിങ്ങളെ, ശുക്രേണ ഉത്പുനാമി = ചന്ദ്രാഃ = = ആഹ്ളാദകാരികളായ നിങ്ങളെ, ചന്ദ്രേണ ഉത്പുനാമി = ആഹ്ളദകരമായ സ്വർണ്ണം കൊണ്ട് പരിശുദ്ധമാക്കുന്നു. അമൃതാഃ = അമൃതതുല്യമായ നിങ്ങളെ, അമൃതേന = അമൃതതുല്യമായ സ്വർണം കൊണ്ട്, ഉത്പുനാമി = പരിശുദ്ധമാക്കുന്നു. സ്വാഹാരാജ സൂയായ = സ്വാഹാ മന്ത്രോച്ചാരണത്തോടുകൂടിയ രാജസൂയ യാഗത്തിന്ന്, ചിതാനാഃ = സംഭരിക്കപ്പെട്ടവരാണ് നിങ്ങൾ.

5 സധമാദോദ്യു മ്നിനീ ഊർജ ഏതാ അനിഭൃഷ്ടാ
അപസ്യുവോ വസാനാഃ। പസ്ത്യാസുചക്രേ വരുണഃ
സധ സ്ഥമപാം ശിശുഃ മാതൃതമാ സ്വന്തഃ ।

ഈ മന്ത്രം ചൊല്ലി പലാശം ഔദുംബരം അശ്വത്ഥം ന്യഗ്രോധം ഇവയുടെ തടി കൊണ്ടുണ്ടാക്കിയ പാത്രങ്ങളിൽ വെള്ളം നിറയ്ക്കുന്നു.

അപാം ശിശുഃ ജലത്തിന്റെ പുത്രനായ, വരുണഃ = വരുണൻ, മാതൃതമാസു = അമ്മയെപ്പോലെ അത്യധികം സ്നേഹമുള്ള, പസ്ത്യാസു = ഗൃഹസ്ഥാനീയമായ അപ്പുകളിൽ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സധമാദഃ = വരുണനോട് കൂടീ ഇരുന്നു കൊണ്ടു് വരുണനെസന്തോഷിപ്പിക്കുന്നതും, ദ്യുമ്നിനീഃ = പ്രകാശമുള്ളതും, ഊർജഃ = ബലത്തിനു് ഹേതുവും, അനിഭൃഷ്ടാഃ = ഭർജനക്രിയയ്ക്കു് യോഗ്യവും, അപസ്യുവഃ = കർമ്മങ്ങളെ ആഗ്രഹിക്കുന്നതും ആയ, ഏതാഃ ആപഃ = ഈ അപ്പുകളെ, വസാനഃ = മറച്ചു കൊണ്ടു്, അപ്സു അന്തഃ = ജലത്തിൻെറ അന്തർഭാഗത്തിൽ, സധസ്ഥം ചക്രേ = സ്ഥിതി ചെയ്തു.

6 ക്ഷത്രസ്യോൽബമസി
ഈ മന്ത്രം ചൊല്ലി യജമാനൻ നെയ്യിൽ മുക്കിയവസ്ത്രം ധരിക്കുന്നു.

ത്വം = നീ, ക്ഷത്രസ്യ = ക്ഷത്രിയ ജാതിയുടെ, ഉൽബം അസി = ഉൽബം ആകുന്നു.

7 ക്ഷത്രസ്യയോനിരസി
ഈ മന്ത്രം ചൊല്ലി യജമാനൻ വെളുത്തതലപ്പാവു് ധരിക്കുന്നു.

ക്ഷത്രസ്യയോനിഃ അസി = നീക്ഷത്രിയജാതിയുടെ ഉത്പത്തിസ്ഥാനം ആകുന്നു.

8–14 ആവിന്നോ അഗ്നിർഗൃഹപതിരാവിന്നഇന്ദ്രോ
വൃദ്ധശ്രവാആവിന്നഃ പൂഷാവിശ്വവേദാ
ആവിന്നൗമിത്രാവരുണാവൃതാവൃധാവാവിന്നേ
ദ്യാവാപൃഥിവീധൃതവ്രതേ ആവിന്നാദേവ്യ–
ദിതിർവിശ്വരൂപ്യാവിന്നോ ƒ യമസാവാമുഷ്യായണോƒ
സ്യാംവിശ്യസ്മിൻരാഷ്ട്രേമഹതേക്ഷത്രായ
മഹതആധിപത്യായമഹതേജാനരാജ്യായ ।

ഈ മന്ത്രം ചൊല്ലികൊണ്ടു് യജമാനൻ ആഗ്നീധ്രശാല–യിൽനിന്നു് വെളിയിൽവരുന്നു.

അഗ്നിഃ = അഗ്നി, ഈ കർമ്മം കൊണ്ടു്, ഗൃഹപതിഃ ആവിന്നഃ = ഗൃഹപതിയായിത്തിന്നു, ഇന്ദ്രഃ = ഇന്ദ്രൻ, വൃദ്ധശ്രവാഃ = വലിയകീർത്തിയുള്ളവൻ, ആപന്നഃ =

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആയിത്തീന്നു. പൂഷാ = പൂഷാഎന്നദേവൻ, വിശ്വവേദാഃ ആപന്നഃഃ = എല്ലാം അറിയുന്നവനായിത്തീന്നു. മിത്രാ വരുണൗ = മിത്രാവരുണന്മാർ,ഋതാവൃധൗആപന്നൗ = സത്യ വചനവൃദ്ധിയെ പ്രാപിച്ചു ദ്യാവാപൃഥിവീ = ദ്യോവും പൃഥിവിയും, ധൃതവ്രതേ ആവിന്നേ = വ്രതധാരണത്തെ പ്രാപിച്ചു. ദേവീ അദിതിഃ = ദേവമാതാവായ അദി തിദേവി, വിശ്വരൂപീ ആവിന്നാ = സർവ്വദേവ ശരീ രത്തോടുകൂടിയവളായിത്തീന്നു. അയം അസൗആമുഷ്യായ ണഃ = യജമാനനായഈ ഞാൻ,അസ്യാംവിശി = ഈ പ്രജാ സമൂഹത്തിൽ, മഹതേ ക്ഷത്രായ = മഹത്തായ രാജത്വ ത്തിനും, മഹതേജാന രാജ്യായ = വളരെ അധികം പ്രജ കളുടെ രാജാവായിത്തീരുന്നതിനും, ആവിന്നഃ = ശക്ത നാകട്ടെ.

15 ഏഷവോ ഭരതാ രാജാ

ഈ മന്ത്രം പുരോഹിതൻ ചൊല്ലുന്നു.

ഭരതാഃ ! അല്ലയോ പ്രജകളെ ! ഏഷഃ ഇദ്ദേഹം, വഃ = നിങ്ങളുടെ, രാജാ = രാജാവാണ്.

16 സോമോfസ്മാകം ബ്രാഹ്മണാനാം രാജാ

ബ്രഹ്മാ എന്ന ഋത്വിക്കു് ഈ മന്ത്രം ചൊല്ലുന്നു.

സോമഃ = സോമൻ ആണ്. ബ്രാഹ്മണാനാം അസ്മാകം = ബ്രാഹ്മണരായ ഞങ്ങളുടെ, രാജാ = രാജാവു്.

17 ഇന്ദ്രസ്യവജ്രോ/സിതവയായം വൃത്രംവധ്യാത്

ഈ മന്ത്രം ചൊല്ലി യജമാനൻെറ കയ്യിൽ ഒരു വില്ല് കൊടുക്കുന്നു.

ഹേ ധനുഃ ; = അല്ലയോ ധനുസ്സേ ! ത്വം = നീ. ഇന്ദ്രസ്യ = ഇന്ദ്രൻെറ, വജ്രഃഅസി = വജ്രായുധംപോലെ ശക്തിയുള്ളതു് ആകുന്നു. ത്വയാ = നിന്നാൽ, അയം = ഈ യജമാനൻ, വൃത്രം = ശത്രുവിനെ, വധ്യാത് = കൊല്ലട്ടെ.

18 ശത്രുബാധനാഃ സ്ഥ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈ മന്ത്രം ചൊല്ലി യജമാനന്റെ കയ്യിൽ മൂന്ന് ബാണം കൊടുക്കുന്നു.

അല്ലയോ ബാണങ്ങളെ ! യൂയം = നിങ്ങൾ, ശത്രുബാധനാഃസ്ഥ = ശത്രുക്കളെ ഉപദ്രവിക്കുന്നവരാകുന്നു.

19 പാതമാ പ്രത്യഞ്ചം പാതമാതിർയഞ്ചമനവഞ്ചം
മാപാതദിഗേഭ്യാമാപാത വിശ്വാഭ്യോമാ നാഷ്ട്രാഭ്യഃ പാതി।
യജമാനൻ ഈ മന്ത്രം ചൊല്ലി ധനർ ബാണങ്ങളോട് പ്രാർത്ഥിക്കുന്നു.

മാ = എന്നെ, പ്രത്യഞ്ചം = അഭിമുഖമായി വരുന്ന ബാണങ്ങളിൽ നിന്നു്, പാത = രക്ഷിക്കുക. തിർയഞ്ചം = രണ്ടു വശങ്ങളിൽ നിന്നു്, വരുന്ന ബാണങ്ങളീൽ നിന്നു്, മാം പാത = എന്നെ രക്ഷിക്കുക. അനവഞ്ചം = പുറകിൽ നിന്നു് വരുന്ന ബാണങ്ങളിൽ നിന്നു്, മാം പാത = എന്നെ രക്ഷിക്കുക. വിശ്വാഭ്യഃ ദിഗ്ഭ്യഃ = എല്ലാ ദിക്കുകളിൽ നിന്നു്, മാം പാത = എന്നെ രക്ഷിക്കുക. നാഷ്ട്രാഭ്യഃ = എല്ലാവിധത്തിലും ഉണ്ടാകാവുന്ന പീഡകളിൽ നിന്നു്, മാം പാത = എന്നെ രക്ഷിക്കുക.

20 ഹിരണ്യവർണാ വുഷസാം വിരോകേƒയഃ സ്ഥൂണാ-
വുദിതൗ സൂർയസ്യരോഹതം വരുണ മിത്രഗർതം
തതശ്ചക്ഷാഥാ മദിനിം ദിതിതംച ।

ഈ മന്ത്രം ചൊല്ലി ധനർബാണങ്ങളോടുകൂടിയിരിക്കുന്ന യജമാന ഹസ്തങ്ങളെ അഭിമന്ത്രണം ചെയ്യുന്നു.

ഹിരണ്യ വർണൗ = സ്വർണത്തിന്റെ നിറത്തിൽ പ്രകാശിക്കുന്നതും, അയഃ സ്ഥൂണൗ = ലോഹസ്തംഭം പോലെ ദൃഢവും, ആയ, ഹേ വരുണ! = വരുണ തുല്യമായ വാമഹസ്തമെ! ഹേ മിത്ര! = മിത്രനു് തുല്യമായ ദക്ഷിണ ഹസ്തമെ! ഉഷസാം വിരോകേ = വിശിഷ്ടമായ പ്രകാശത്തോടു കൂടിയ. സൂർയസ്യ ഉദിതൗ = സൂർയോദയ സമയത്തിൽ, ഗർതം ആരോഹതം = ഗർതസദൃശമായ രഥത്തിന്റെ ഉപ-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രിഭാഗത്തിൽ കയറിയാലും. തതഃ = അനന്തരം, അദിതിം = യാതൊരു നാശവും ഉണ്ടാകാത്ത സ്വ സൈന്യത്തേയും, ദിതിം ച = നാശം ഉണ്ടായ ശത്രുസൈന്യത്തേയും ചക്ഷാഥാം = നോക്കിയാലും.

ഇതിദ്വാദശോ*f*നുവാകഃ

അഥത്രയോദശോ*f*നുവാകഃ (മന്ത്രം)

സംഹിതാ

സമിധ മാഥിഷ്ഠ ഗായത്രീ ത്വാ ഛന്ദ സാമവത്തു
ത്രിവൃത്സ്തോമോ രഥം തരം സാമാഗ്നിർദേവതാ
ബ്രഹ്മദ്രവിണമുഗ്രാമതിഷ്ഠത്രിഷ്ടുപ്ത്വാ
ഛന്ദസാമവത്തു പഞ്ചദശഃസ്തോമോ ബൃഹത്സാമേന്ദ്രോ
ദേവതാക്ഷത്രം ദ്രവിണം വിരാജമാതിഷ്ഠ
ജഗതീത്വാഛന്ദസാമവത്തു സപ്തദശഃസ്തോമോ
വൈരൂപംസാമമരുതോ ദേവതാവിഡ്ദ്രവിണ-
മുദീചിമാതിഷ്ഠാനുഷ്ടുപ്ത്വാഛന്ദസാമവ-
ത്വേകവിംശഃ സ്തോമോ വൈരാജം സാമമിത്രാവരുണൗ
ദേവതാ ബലം ദ്രവിണമൂർധ്വാമാതിഷ്ഠപംങ്ക്തി-
സ്ത്വാഛന്ദസാമവത്തുത്രിണവസ്ത്രയസ്ത്രിംശൗ
സ്തോമൗശാക്കരരൈവതേസാമനീബൃഹസ്പതിർ
ദേവതാവർചോദ്രവിണമീദൃങ്ചാന്യാദൃങ-
ച്ചൈതാദൃങ്ചപ്രതിദൃങ്ചമിതശ്ച സംമിതശ്ച
സഭരാഃ ।ശുക്രജ്യോതിശ്ചചിത്രജ്യോതിശ്ച
സത്യജ്യോതിശ്ചജ്യോതിഷ്മാംശ്ചസത്യശ്ചർതപാശ്ച
അത്യംഹാഃ । അഗ്നയേസ്വാഹാസോമായസ്വാഹാ
സവിത്രേസ്വാഹാസരസ്വത്യൈസ്വാഹാപൂഷ്ണേ
സ്വാഹാബൃഹസ്പതയേസ്വാഹേന്ദ്രായസ്വാഹാ
ഘോഷായസ്വാഹാശ്ലോകായസ്വാഹാംശായ
സ്വാഹാഭഗായസ്വാഹാക്ഷേത്രസ്യപതയേസ്വാഹാ
പൃഥിവ്യൈസ്വാഹാ*f*ന്തരിക്ഷായസ്വാഹാദിവേസ്വാഹാ
സൂർയായസ്വാഹാ *f* ന്തരിക്ഷായസ്വാഹാദിവേസ്വാഹാ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സൂർയായസ്വാഹാ ചന്ദ്രമസേ സ്വാഹാ നക്ഷത്രേഭ്യഃ സ്വാഹാദ്ഭ്യഃസ്വാഹൗഷധീഭ്യഃ സ്വാഹാവനസ്പതിഭ്യഃ സ്വാഹാചരാചരേഭ്യഃസ്വാഹാപരിപ്ലവേഭ്യഃ സ്വാഹാ സരീസൃപേഭ്യഃസ്വാഹാ ॥

പദച്ഛേദം

സമിധം ആ തിഷ്ഠ ഗായത്രി ത്വാ ഛന്ദസാം അവതു ത്രിവൃത് സ്തോമഃ രഥംതരം സാമ അഗ്നിഃ ദേവതാ ബ്രഹ്മ ദ്രവിണം ഉഗ്രാം ആ തിഷ്ഠ ത്രിഷ്ടുപ് ത്വാ ഛന്ദസാം അവതു പഞ്ചദശഃ സ്തോമഃ ബൃഹത് സാമ ഇന്ദ്രഃ ദേവതാ ക്ഷത്രം ദ്രവിണം വിരാജം ആ തിഷ്ഠ ജഗതീ ത്വാ ഛന്ദസാം അവതു സപ്ത-ദശഃ സ്തോമഃ വൈരൂപം സാമ മരുതഃ ദേവതാ വിഡ് ദ്രവിണം ഉദീചീം ആ തിഷ്ഠ അനുഷ്ടുപ് ത്വാ ഛന്ദസാം അവതു ഏകവിംശഃ സ്തോമഃ വൈരാജം സാമ മിത്രാവരുണൗ ദേവതാ ബലം ദ്രവിണം ഊർധ്വാം ആതിഷ്ഠ പങ്ക്തിഃ ത്വാ ഛന്ദസാം അവതു ത്രിണവസ്ത്രയസ്ത്രിംശൗ സ്തോമൗ ശാക്കരരൈവതേ സാമനീ ബൃഹസ്പതിഃ ദേവതാ വർചഃ ദ്രവിണം ഈദൃക് ച അന്യാദൃക് ച ഏതാദൃക് ച പ്രതി-ദൃക് ച മിതഃ ച സംമിതഃ ച സഭരാഃ ശുക്രജ്യോതിഃ ച ചിത്രജ്യോതിഃ ച സത്യജ്യോതിഃ ച ജ്യോതിഷ്മാൻ ച സത്യഃ ച ഋതപാഃ ച അത്യംഹാഃ അഗ്നയേ സ്വാഹാ സോമായ സ്വാഹാ സവിത്രേ സ്വാഹാ സരസ്വത്യൈ സ്വാഹാ പൂഷ്ണേ സ്വാഹാ ബൃഹസ്പതയേ സ്വാഹാ ഇന്ദ്രായ സ്വാഹാ ഘോഷായ സ്വാഹാ ശ്ലോകായ സ്വാഹാ അംശായ സ്വാഹാ ഭഗായ സ്വാഹാ ക്ഷേത്രസ്യ പതയേ സ്വാഹാ പൃഥിവ്യൈ സ്വാഹാ അന്തരീക്ഷായ സ്വാഹാ ദിവേ സ്വാഹാ സൂർയായ സ്വാഹാ ചന്ദ്ര-മസേ സ്വാഹാ നക്ഷത്രേഭ്യഃ സ്വാഹാ അദ്ഭ്യഃ സ്വാഹാ ഓഷധീഭ്യഃ സ്വാഹാ വനസ്പതിഭ്യഃ സ്വാഹാ ചരാചരേഭ്യഃ സ്വാഹാ പരിപ്ലവേഭ്യഃ സ്വാഹാ സരീസൃപേഭ്യഃ സ്വാഹാ ॥

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മന്ത്രവും വിനിയോഗവും അർത്ഥവും

1 സമിധമാതിഷ്ഠഗായത്രീത്വാ ഛന്ദസാമവതുത്രിവൃത്
സ്തോമോരഥന്തരംസാമാഗ്നിർദേവതാബ്രഹ്മദ്രവിണം ।

ഈ അനുവാകത്തിൽയജമാനനായ രാജാവിനെദിഗ്വിജയത്തിനു് വേണ്ടി പ്രസ്ഥാനംചെയ്യിക്കാനുള്ളമന്ത്രങ്ങാംവർണ്ണിക്കുന്നു.

ആദ്യത്തെ മന്ത്രം ചൊല്ലി കിഴക്കുദിക്കിലേക്കു് പ്രസ്ഥാനം ചെയ്യിക്കുന്നു.

അല്ലയോ യജമാനനായ രാജാവെ ! സമിധം ആതിഷ്ഠ = കിഴക്കുദിക്കിനെ ആക്രമിച്ചു് നിൽക്കുക. ഛന്ദസാം ഗായത്രീ = ഛന്ദസ്സുകളുടെ മദ്ധ്യത്തിലുള്ള ഗായത്രി, ത്വാ അവതു = നിന്നെ രക്ഷിക്കട്ടെ. ത്രിവൃത് സ്തോമഃ = ത്രിവൃത് സ്തോമം, അവതു നിന്നെ രക്ഷിക്കട്ടെ. രഥം തരം സാമ = രഥന്തരം എന്ന സാമഗാനം. അവതു = നിന്നെ രക്ഷിക്കട്ടെ. അഗ്നിഃ ദേവതാ = അഗ്നിദേവൻ, അവതു = നിന്നെ രക്ഷിക്കട്ടെ. ബ്രഹ്മ = ബ്രാഹ്മണർ, ദ്രവിണം അവതു = നിൻെറ ധനം രക്ഷിക്കട്ടെ.

[ത്രിവൃത് സ്തോമം സാമവേദബ്രാഹ്മണത്തിലുള്ള ഒരു സൂക്തം ആണു്. രഥന്തരം സാമഗാനത്തിലുള്ള ഒരു പ്രകാരഭേദമാണു്. സമിധ്യതേ അസ്യാം ആദിത്യഃ എന്ന അർത്ഥത്തിലാണു്. സമിധം എന്ന പദത്തിനു് കിഴക്കു് എന്നു് അർത്ഥം പറഞ്ഞതു്].

2 ഉഗ്രാമാതിഷ്ഠത്രിഷ്ടുപ്ത്വാഛന്ദസാമവതു പഞ്ചദശസ്തോമോബൃഹത്സാമേന്ദ്രോദേവതാക്ഷത്രംദ്രവിണം

ഈ മന്ത്രം ചൊല്ലി യജമാനനായ രാജാവിനെ ദക്ഷിണദിക്കിലേക്കു് പ്രസ്ഥാനം ചെയ്യിക്കുന്നു.

ഉഗ്രാം അതിഷ്ഠ = ദക്ഷിണദിക്കിനെ ആക്രമിച്ചുനിൽക്കുക. ഛന്ദസാംത്രിഷ്ടുപ് = ത്രിഷ്ടുപ് എന്ന ഛന്ദസ്സ്,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്വാ അവതു = നിന്നെ രക്ഷിക്കട്ടെ. പഞ്ചദശസ്തോമഃ = പഞ്ചദശസ്തോമം, അവതു = നിന്നെ രക്ഷിക്കട്ടെ. ബൃഹത്സാമ അവതു = ബൃഹിത്സാമം നിന്നെ രക്ഷിക്കട്ടെ. ഇന്ദ്രഃ ദേവതാ = ഇന്ദ്രൻ എന്ന ദേവത, അവതു = നിന്നെ രക്ഷിക്കട്ടെ. ക്ഷത്രഃ = ക്ഷത്രിയർ, ദ്രവിണം അവതു = നിൻെറ ധനം രക്ഷിക്കട്ടെ.

പഞ്ചദശസ്തോമം ഒരു സൂക്തമാണ്. ബൃഹത്സാമ സാമഗാനത്തിലുള്ള ഒരു പ്രകാരഭേദമാണ്. യമനാൽ അധിഷ്ഠിതമായതു കൊണ്ടു് ദക്ഷിണ ദിക്കിനെ "ഉഗ്രാ" എന്നു പറഞ്ഞു)

3 വിരാജമതിഷ്ഠ ജഗതീ ത്വാഛന്ദസാമവതു സപ്തദശ-
സ്തോമോ വൈരൂപം സാമ മരുതോ ദേവതാ
വിഡ്ദ്രവിണം

ഈ മന്ത്രം ചൊല്ലി യജമാനനായ രാജാവിനെ പശ്ചിമ ദിക്കിലേക്കു് പ്രസ്ഥാനം ചെയ്യിക്കുന്നു.

വിരാജം അതിഷ്ഠ = പശ്ചിമ ദിക്കിനെ ആക്രമിച്ചു നിൽക്കുക. ഛന്ദസാം ജഗതീ = ജഗതീ എന്ന ഛന്ദസ്സ്, ത്വാ അവതു = നിന്നെ രക്ഷിക്കട്ടെ. സപ്തദശസ്തോമഃ = സപ്തദശസ്തോമം, ത്വാ അവതു = നിന്നെ രക്ഷിക്കട്ടെ. വൈരൂപം സാമ = വൈരൂപം എന്ന സാമഗാനം, ത്വാ അവതു = നിന്നെ രക്ഷിക്കട്ടെ. വിഡ് = വൈശ്യർ ദ്രവീണം അവതു = നിൻെറ ധനം രക്ഷിക്കട്ടെ.

[സപ്തദശ സ്തോമം ഒരു സൂക്തമാണ്, വൈരൂപം സാമഗാനത്തിലുള്ള ഒരു രീതിയാണ്. വിശേഷണ രാജതേ ഇതി വിരാട്. വളരെ ശോഭിക്കുന്ന ദിക്കു് എന്ന അർത്ഥത്തിൽ വിരാട് എന്നു് പറഞ്ഞിരിക്കുന്നു.)

4 ഉദീചീ മാതിഷ്ഠാനുഷ്ടുപ്പ് ത്വാ ഛന്ദസാ-
മവത്വേക വിംശസ്തോ മോ വൈരാജം സാമ
മിത്രാ വരുണൗ ദേവതാ ബലം ദ്രവിണം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈ മന്ത്രം ചൊല്ലി യജമാനനായ രാജാവിനെ ഉത്തര ദിക്കിലേക്കു് പ്രസ്ഥാനം ചെയ്യിക്കുന്നു.

ഉദിചീം ആതിഷ്ഠ = ഉത്തര ദിക്കിനെ ആക്രമിച്ചു നിൽക്കുക. ഛന്ദസാം അനുഷ്ടുപ്പ് = അനുഷ്ടുപ്പ് ഛന്ദസ്സ്, ത്വാ അവതു = നിന്നെ രക്ഷിക്കട്ടെ. ഏകവിംശഃ സ്തോമഃ = ഏകവിംശസ്തോമം ത്വാ അവതു = നിന്നെ രക്ഷിക്കട്ടെ. വൈരാജം സാമ = വൈരാജം എന്ന സാമം, ത്വാ അവതു = നിന്നെ രക്ഷിക്കട്ടെ. മിത്രാവരുണൗ ദേവതാ = മിത്രാവരുണന്മാർ ത്വാ അവതു = നിന്നെ രക്ഷിക്കട്ടെ, ബലം = സൈന്യം, ദ്രവിണം അവതു = നിന്റെ ധനം രക്ഷിക്കട്ടെ.

(ഏക വിംശസ്തോമം ഒരു സൂക്തമാണ്, വൈരാജം സാമ ഗാനത്തിനുള്ള ഒരു രീതിയാണ്.)

5 ഊർധ്വാ മാതിഷ്ഠ പങ്ക്തി സ്ത്വാ ഛന്ദസാമവതു
ത്രിണവത്രയ സ്ത്രിം ശൗസ്തോമൗ ശാക്കര രൈവതേ
സാമനീ ബൃഹസ്പതി ർദേവതാ വർചോ ദ്രവിണം ।

ഊർധ്വാം ആതിഷ്ഠ = ഊർധ്വ ദിക്കിനെ ആക്രമിച്ചു നിൽക്കുക. ഛന്ദസാം പങ്ക്തിഃ = പങ്ക്തി എന്ന ഛന്ദസ്സ് ത്വാ അവതു = നിന്നെ രക്ഷിക്കട്ടെ. ത്രിണവത്രയ സ്ത്രിംശൗ സ്തോമൗ = ത്രിണവസ്തോമവും ത്രയ സ്ത്രിംശ സ്തോമവും, ത്വാ അവതു = നിന്നെ രക്ഷിക്കട്ടെ. ശാക്കര രൈവതേ സാമനീ = ശാക്കരം രൈവതം എന്നീ സാമങ്ങൾ, ത്വാ അവതു = നിന്നെ രക്ഷിക്കട്ടെ. ബൃഹസ്പതിഃ = ബൃഹസ്പതി, ത്വാ അവതു = നിന്നെ രക്ഷിക്കട്ടെ. വർചഃ = നിന്റെ ശരീരബലം, ദ്രവിണം അവതു = നിന്റെ ധനം രക്ഷിക്കട്ടെ.

6–19 ഈ ദൃക് ചാന്യാദൃക് ചൈതാ ദൃക് ച പ്രതിദൃങ് ച
മിതശ്ച സമിത ശ്ച സഭരാഃ। ശുക്ര ജ്യോതി ശ്ച ചിത്ര-
ജ്യോതിശ്ച സത്യജ്യോതിശ്ച ജോതിഷ്മാംശ്ച സത്യ-
ശ്ചർത പാശ്ചാത്യം ഹാഃ ।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈ മന്ത്രം ചൊല്ലി മരുത്തുകളെ ഉദ്ദേശിച്ച് ഇരുപത്തി ഒന്നു് പാത്രത്തിൽ ഹവിസ്സു് തയാറാക്കുന്നു.

ഈ ദൃക് അന്യാദൃക് മുതലായവ മരുത്തുകളുടെ പേരാണു് അതാതു ദേവതകളെ ഉദ്ദേശിച്ച് തയാറാക്കുന്ന ഹവിസ്സിനെ അതാതു ദേവതകളുടെ പേരു് കൊണ്ടു് സംബോധന ചെയ്യുന്നു. ഹേ കപാലമേ! നീ ഇദൃക് ആകുന്നു.

നീ അന്യാദൃക് ആകുന്നു. ഇത്യാദി അർത്ഥം. ഈ ദൃക് മുതലായഏഴെണ്ണം ഒരുഗണം. ശുക്രജ്യോതി മുതലായ ഏഴെണ്ണം മറെറാരുഗണം ഇവിടെ "ധുനിശ്ചധ്വാന്ത ശ്ചധ്വനശ്ചധ്വനയശ്ചനിലിമ്പശ്ച വിലിസശ്ച വിക്ഷിപഃ" എന്നു് ഏഴെണ്ണംചേന്ന ഒരു ഗണംകൂടി ചേക്കാനുണ്ടു്.

20-43 അഗ്നയേസ്വാഹാസോമായസ്വാഹാസവിത്രേ
സ്വാഹാസരസ്വത്യൈസ്വാഹാപൂഷ്ണേസ്വാഹാ
ബൃഹസ്പതയേസ്വാഹേന്ദ്രായസ്വാഹാഘോഷായ
സ്വാഹാശ്ലോകായസ്വാഹാംശായസ്വാഹാ
ഭഗായസ്വാഹാക്ഷേത്രസ്യപതയേസ്വാഹാ
പൃഥിവ്യൈസ്വാഹാന്തരിക്ഷായസ്വാഹാദിവേ
സ്വാഹാസൂർയായസ്വാഹാചന്ദ്രമസേസ്വാഹാ
നക്ഷത്രേഭ്യഃസ്വാഹാദ്ഭ്യഃ സ്വാഹൗഷധീഭ്യഃ
സ്വാഹാവനസ്പതിഭ്യഃ സ്വാഹാചരാചരേഭ്യഃ
സ്വാഹാപരിപ്ലവേഭ്യഃസ്വാഹാസരീസൃപേഭ്യഃ സ്വാഹാ।

"അഗ്നയേസ്വാഹാ" എന്ന മന്ത്രം മുതൽ "ബൃഹസ്പതയേസ്വാഹാ" എന്നതു വരെയുള്ള 12 മന്ത്രം ചൊല്ലി അഭിഷേകത്തിനു് മുൻപും "ഇന്ദ്രായസ്വാഹാ" എന്ന മന്ത്രം മുതൽ 12 മന്ത്രം ചൊല്ലി അഭിഷേകത്തിനു് ശേഷവും അഗ്നിയിൽ ഹോമിക്കുന്നു. അഗ്നയേസ്വാഹാ = അഗ്നിക്കായിക്കൊണ്ടു് ഞാൻ ഹോമിക്കുന്നു. സോമായസ്വാഹാ = സോമനായികൊണ്ടു് ഞാൻ ഹോമിക്കുന്നു. സവിത്രേസ്വാഹാ = സവിതൃദേവനായിക്കൊ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ണ്ടു് ഞാൻ ഹോമിക്കുന്നു. സരസ്വത്യൈസ്വാഹാ = സരസ്വതിക്കായിക്കൊണ്ടു് ഞാൻ ഹോമിക്കുന്നു. പൂഷ്ണേ സ്വാഹാ = പൂഷാവിനായിക്കൊണ്ടു് ഞാൻ ഹോമി– ക്കുന്നു. ബൃഹസ്പതയേസ്വാഹാ = ബൃഹസ്പതി– ക്കായിക്കൊണ്ടു്ഞാൻഹോമിക്കുന്നു. ഘോഷായസ്വാഹാ = ഘോഷൻ എന്ന ദേവനായിക്കൊണ്ടു് ഞാൻ ഹോമിക്കുന്നു. ശ്ലോകായ സ്വാഹാ = ശ്ലോകൻ എന്ന ദേവനായിക്കൊണ്ടു് ഞാൻ ഹോമിക്കുന്നു. അംശായ സ്വാഹാ = അംശൻ എന്ന ദേവനായിക്കൊണ്ടു് ഞാൻ ഹോമിക്കുന്നു. ഭഗായ സ്വാഹാ = ഭഗാൻ എന്ന ദേവനായിക്കൊണ്ടു് ഞാൻ ഹോമിക്കുന്നു. ക്ഷേത്രസ്യപതയേ സ്വാഹാ = ക്ഷേത്രപതി ക്കായീക്കൊണ്ടു് ഹോമിക്കുന്നു. പൃഥിവ്യൈ സ്വാഹാ = പൃഥിവിക്കായിക്കൊണ്ടു് ഹോമിക്കുന്നു. അന്തരിക്ഷായ സ്വാഹാ = അന്തരിക്ഷത്തിനായിക്കൊണ്ടു് ഞാൻ ഹോ മിക്കുന്നു. ദിവേസ്വാഹാ = ദ്യോവിനായിക്കൊണ്ടു് ഞാൻ ഹോമിക്കുന്നു. സൂർയായ സ്വാഹാ = സൂർയനായി ച്ചൊണ്ടു് ഞാൻ ഹോമിക്കുന്നു. ചന്ദ്രമസേസ്വാഹാ = ചന്ദ്രനായിക്കൊണ്ടു് ഞാൻ ഹോമിക്കുന്നു. നക്ഷത്രേഭ്യഃ സ്വാഹാ = നക്ഷത്രങ്ങൾക്കായിക്കൊണ്ടു് ഞാൻ ഹോമി ക്കുന്നു. അദ്ഭ്യഃ സ്വാഹാ = അപ്പുകൾക്കായിക്കൊണ്ടു് ഞാൻ ഹോമിക്കുന്നു. ഓഷധീഭ്യഃ സ്വാഹാ = ഓഷധി കൾക്കായിക്കൊണ്ടു് ഞാൻഹോമിക്കുന്നു. വനസ്പതിഭ്യഃ സ്വാഹാ = വനസ്പതികൾക്കായിക്കൊണ്ടു് ഞാൻ ഹോ മിക്കുന്നു. ചരാചരേഭ്യഃ സ്വാഹാ = ചരാചരങ്ങൾക്കായി ക്കൊണ്ടു് ഞാൻ ഹോമിക്കുന്നു. പരിപ്ലവേഭ്യഃ സ്വാഹാ = പരിപ്ലവങ്ങൾക്കായിക്കൊണ്ടു് ഞാൻ ഹോമിക്കുന്നു. സരീസൃപേഭ്യഃ സ്വാഹാ = സരീസൃപങ്ങൾക്കായി ക്കൊണ്ടു് ഞാൻ ഹോമിക്കുന്നു.

ഇതിത്രയോദശോഽനുവാകഃ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഥചതുർദശോ ƒനുവാകഃ (മന്ത്രം)

സംഹിതാ

സോമസ്യ ത്വിഷിരസിതവ വേവമേത്വിഷിർഭൂയാ
ദമൃതമസിമൃത്യോർമാപാഹി ദിദ്യോന്മാപാഹ്യവേ
ഷ്ടാദന്ദശൂകാ നിരസ്തം നമുചേഃ ശിരഃ ।
സോമോ രാജാ വരുണോ ദേവാ ധർമസുവശ്ചയേ ।
തേ തേ വാചം സുവന്താം തേ തേ പ്രാണം സുവന്താം
തേ തേ ചക്ഷുഃ സുവന്താം തേ തേ ശ്രോത്രം സുവന്താം
സോമസ്യത്വാദ്യുമ്നേനാഭിഷിഞ്ചാമ്യഗ്നേഃ തേജസാ
സൂർയസ്യ വർചസേന്ദ്രസ്യേന്ദ്രിയേണ മിത്രാ വരുണയോ-
ർവീർയേണ മരുതാ മോജസാ ക്ഷത്രാണാം ക്ഷത്ര-
പതിരസ്യതിദിവസ്പാഹി സമാവ വൃത്രന്നധരാ-
ഗ്ഗദി ചീര ഹിംബുധ്നിയമനുസം ചരന്തീസ്താഃ
പർവതസ്യ വൃഷഭസ്യ പൃഷ്ഠേനാവശ്ചരന്തി
സ്വസി ച ഇയാനാഃ। രുദ്രയന്തേ ക്രയീപരം
നാമ തസ്മൈ ഹുതമസിയ മേഷ്ഠ മസി ।
പ്രജാപതേ നത്വ ദേതാന്യന്യോ വിശ്വാജാതാനി
പരിതാ ബഭൂവ। യത്കാമസ്തേ ജുഹുമസ്തന്നോ
അസ്തു വയം സ്യാമപതയോ രയീണം ॥

പദച്ഛേദം

സോമസ്യ ത്വിഷിഃ ആസി തവ ഇവ മേ ത്വിഷിഃ ഭൂയാത് അമൃത്യം അസി മൃത്യോഃ മാ പാഹി ദിദ്യോത് മാ പാഹി അവേഷ്ടാഃ ദന്ദശൂകാഃ നിരസ്തം നമുചേഃ ശിരഃ സോമഃ രാജാ വരുണഃ ദേവാഃ ധർമസുവഃ ച യേ തേ തേ വാചം സുവന്താം തേ തേ പ്രാണം സുവന്താം തേ തേ ശ്രോത്രം സുവന്താം സോമസ്യ ത്വാ ദ്യുമ്നേന അഭി സിഞ്ചാമി അഗ്നേഃ തേജസാ സൂർയസ്യ വർചസാ ഇന്ദ്രസ്യ ഇന്ദ്രിയേണ മിത്രാവരുണയോഃ വീർയേണ മരുതാം ഓജസാ ക്ഷത്രാണാം ക്ഷത്രപതിഃ അസി അതി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദിവഃ പാഹി സം ആ അവൃത്രൻ അധരാക് ഉദിചീഃ അഹിം ബുധ്നിയം അനു സം ചരന്തീഃ താഃ പർവതസ്യ വൃഷഭസ്യ പൃഷ്ഠേ നാവഃ ചരന്തി സ്വസിചഃ ഇയാനാഃ രുദ്ര യത് തേ ക്രയീ പരം നാമ തസ്മൈ ഹുതം അസി യമേഷ്ടം അസി പ്രജാപതേ ന ത്വത് ഏതാനി അന്യഃ വിശ്വാഃ ജാതാനി പരി താ ബഭൂവ യത്കമാഃ തേ ജുഹുമഃ തത് നഃ അസ്തു വയം സ്യാമ പതയഃ രയീണാം ॥

മന്ത്രവും വിനിയോഗവും അർത്ഥവും

1 സോമസ്യ ത്വിഷിരസിതവേവ മേത്വിഷി ർഭൂയാത് ।

ഖദിരവൃക്ഷത്തിന്റെയോ ഉദുംബരവൃക്ഷത്തിന്റെയോ പലകയിൽ ശാർദ്ദൂലചർമംവിരിച്ചതിനു് ശേഷം ഈ മന്ത്രം ചൊല്ലുന്നു.

ഹേശാർദ്ദൂലചർമമെ ! നീ, സോമസ്യ = സോമന്റെ, ത്വിഷിഃ അസി = പ്രകാശം പോലെയുള്ള പ്രകാശത്തോടുകൂടിയതാകുന്നു. തവ ഇവ = നിനക്കു ഉള്ളതു പോലെ, ത്വിഷിഃ = കാന്തി, മേഭൂയാത് = എനിയ്ക്കു് ഉണ്ടാകട്ടെ.

2 അമൃതമസിമൃത്യോർമാപാഹി

ശാർദ്ദൂലചർമത്തിന്റെ മുകളിൽ സ്വർണ്ണം വെച്ചിട്ടു് ഈ മന്ത്രം ചൊല്ലുന്നു.

അല്ലയോ സ്വർണമെ ! നീ, അമൃതം അസി = അമൃതം ആകുന്നു. മൃത്യോഃ മൃത്യുവിൽനിന്നു്, മാ = എന്നെ, പാഹി = രക്ഷിച്ചാലും.

3 ദിദ്യോന്മാപാഹി.

നൂറു് ദ്വാരമുള്ള ഒരു സ്വർണപ്പാത്രം രാജാവിന്റെ ശിരസ്സിൽവെച്ചിട്ടു് ഈ മന്ത്രം ചൊല്ലുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹേദിദ്യോത് ! = അല്ലയോ പ്രകാശമേറിയ പാത്രമെ! മാ = എന്നെ, പാഹി = രക്ഷിച്ചാലും.

4 അവേഷ്ടാദന്ദശൂകാഃ

ഈ മന്ത്രം ചൊല്ലി യജമാനന്റെ വലതുവശത്തിരിക്കുന്നനപുംസകനെ ലോഹനിർമ്മിതമായ ഒരു കമ്പികൊണ്ട് കുത്തുന്നു.

ദന്ദശൂകാഃ = സർപ്പങ്ങൾ, അവേഷ്ടാഃ = നശിപ്പിക്കപ്പെട്ടിരിക്കുന്നു.

5 നിരസ്തംനമുചേഃശിരഃ

ഈ മന്ത്രം ചൊല്ലി യജമാനനായ രാജാവ് ഒരു ചെമ്പ് പാത്രം ഇടതുകാലുകൊണ്ട് തട്ടിയെറിയുന്നു.

നമുചേഃ ശിരഃ = നമുചിയുടെ ശിരസ്സ്, നിരസ്തം = നിരസിക്കപ്പെട്ടിരിക്കുന്നു.

6 സോമോരാജാവരുണോ ദേവാധർമ്മസുവശ്ചയേ ।
തേ തേ വാചം സുവന്താം തേ തേ പ്രാണ ംസുവന്താം
തേ തേ ചക്ഷുഃ സുവന്താം തേ തേ ശ്രോത്രം സുവന്താം ।

അഭിഷേകത്തിനു് മുൻപ് ഈ മന്ത്രം ചൊല്ലുന്നു.

രാജാസോമഃ = രാജാവായ സോമനും, രാജാ വരുണഃ = രാജാവായ വരുണനും, ധർമ്മസുവഃ = ധർമ്മം അനുഷ്ഠിക്കാൻ അനുവദിക്കുന്ന, യേദേവാഃ = യാതൊരു ദേവന്മാരുണ്ടോ, തേ = അവരും, തേ = നിനക്കു്, വാചം സുവന്താം = വാക്സാമർത്ഥ്യം നൽകട്ടെ. തേ = ആ ദേവന്മാർ, തേ = നിന്റെ പ്രാണം സുവന്താം = പ്രാണനെ രക്ഷിക്കട്ടെ. തേ = ആ ദേവന്മാർ, തേ = നിന്റെ, ശ്രോത്രം സുവന്താം = ശ്രോത്രങ്ങളെ രക്ഷിക്കട്ടെ.

7 സോമസ്യ ത്വാ ദ്യുമേ്നനാഭിഷീ ഞ്ചാമ്യഗ്നേ-
സ്തേജസാ സൂർയസ്യ വർചേസേ ന്ദ്രീയേണ
മിത്രാ വരുണയോ ർവീർയേണ മരുതാ മോജസാ ।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഈ മന്ത്രം ചൊല്ലി മന്ത്രജലം രാജാവിൻെറ ശിരസ്സിൽ ഒഴിക്കുന്നു.

സോമസ്യ = സോമൻെറ, ദ്യുമ്നേന = ദീപ്തിയോടുകൂടി ത്വാ = നിന്നെ, അഭിഷിഞ്ചാമി = അഭിഷേകം ചെയ്യുന്നു. അഗ്നേഃ = അഗ്നിയുടെ, തേജസ്സു കൊണ്ട്, ത്വാ അഭിഷിഞ്ചാമി = നിന്നെ അഭിഷേകം ചെയ്യുന്നു. സൂർയസ്യ = സൂർയൻെറ, വർചസാ = ബലം കൊണ്ട്, ത്വാ അഭിഷിഞ്ചാമി = നിന്നെഅഭിഷേകംചെയ്യുന്നു. ഇന്ദ്രസ്യ = ഇന്ദ്രൻെറ ഇന്ദ്രിയേണ = ഇന്ദ്രിയ ശക്തി കൊണ്ട്, ത്വാ അഭിഷിഞ്ചാമി = നിന്നെ അഭിഷേകം ചെയ്യുന്നു. മിത്രാവരുണയോഃ = മിത്രാവരുണന്മാരുടെ, വീർയേണ = വീർയം കൊണ്ട്, ത്വാ അഭിഷിഞ്ചാമി = നിന്നെ അഭിഷേകം ചെയ്യുന്നു. മരുതാം = മരുത്തുകളുടെ, ഓജസാ = ഓജസ്സ് കൊണ്ട്, ത്വാ അഭിഷിഞ്ചാമി = നിന്നെ അഭിഷേകം ചെയ്യുന്നു.

8 ക്ഷത്രാണാം ക്ഷത്രപതി രസി

അഭിഷിക്തനായ യജമാനനെ ഈ മന്ത്രം ച്ചൊല്ലി അഭിമന്ത്രണം ചെയ്യുന്നു.

ഹേ യജമാന! നീ, ക്ഷത്രാ ണാം = ക്ഷത്രിയരായ എല്ലാ രാജാക്കന്മാരുടേയും, ക്ഷത്രപതിഃ അസി = അധിപതി ആകുന്നു.

9 അതിദിവസ്പാഹി

അഭിഷേകാവസരത്തിൽ ധരിച്ചിരുന്ന വസ്ത്രങ്ങളും ഈ മന്ത്രം ചൊല്ലി മാററുന്നു.

